# മലയാളിയുടെ സാംസ്കാരികപരിണാമവും *മാതൃഭൂമി* ആഴ്ചപ്പതിപ്പും – ഒരു പ്രമേയാധിഷ്ഠിതവിശകലനം

(സംശോധിതപ്പതിപ്പ്)

കോഴിക്കോട് സർവ്വകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം

**ചന്ദ്രശേഖരൻ എൻ. പി.**

മാർഗ്ഗനിർദ്ദേശകൻ
**ഡോ. സി. ആർ. രാജഗോപാലൻ**

ഗവേഷണകേന്ദ്രം
മലയാളവിഭാഗം
**ശ്രീ കേരളവർമ്മ കോളേജ്**
തൃശ്ശൂർ

മാർച്ച്, 2017

# The Cultural Transformation of the Malayalee Community and the *Mathrubhumi* Illustrated Weekly – A Thematic Analysis

(Revised Copy)

Thesis Submitted to the University of Calicut
for the Degree of
Doctor of Philosophy in Malayalam

**Chandrasekharan N. P.**

Supervising Teacher
**Dr. C. R. Rajagopalan**

Research Centre
Department of Malayalam
**Sree Kerala Varma College**
Thrissur

**March, 2017**

**ഡോ. സി. ആർ. രാജഗോപാലൻ**
സൂപ്പർവൈസിംഗ് ടീച്ചർ
പ്രൊഫസർ
മലയാളം വിഭാഗം
കാര്യവട്ടം ക്യാമ്പസ്
കേരള സർവ്വകലാശാല
തിരുവനന്തപുരം

**സാക്ഷ്യപത്രം**

എന്റെ കീഴിൽ **'മലയാളിയുടെ സാംസ്കാരികപരിണാമവും *മാതൃഭൂമി* ആഴ്ചപ്പതിപ്പും – ഒരു പ്രമേയാധിഷ്ഠിതവിശകലനം'** എന്ന വിഷയത്തിൽ ഗവേഷണം പൂർത്തിയാക്കിയ ചന്ദ്രശേഖരൻ എൻ. പി.യുടെ പ്രബന്ധം മൂല്യനിർണ്ണയം ചെയ്ത എജ്യൂഡിക്കേറ്റേഴ്സിന്റെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി തെറ്റുകൾ തിരുത്തിയ സംശോധിതപ്പതിപ്പാണ് ഇതെന്ന് സാക്ഷ്യപ്പെടുത്തുന്നു.

തിരുവനന്തപുരം

10.3.2017 **ഡോ. സി. ആർ. രാജഗോപാലൻ**

**ചന്ദ്രശേഖരൻ എൻ. പി.**
ഗവേഷകൻ
ശ്രീ കേരളവർമ്മ കോളേജ്
തൃശ്ശൂർ

## സത്യപ്രസ്താവന

പരീക്ഷകരുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി സമർപ്പിക്കുന്ന പ്രബന്ധമാണിതെന്ന് ഇതിനാൽ ബോധിപ്പിക്കുന്നു.

തൃശ്ശൂർ
10.03.2017

**ചന്ദ്രശേഖരൻ എൻ. പി.**

## സത്യവാചകം

ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഫെല്ലോഷിപ്പിനോ അതുപോലുള്ള മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി എഴുതിയതല്ലെന്ന് ഇതിനാൽ ബോധിപ്പിക്കുന്നു.

തൃശ്ശൂർ

01.07.2016

**ചന്ദ്രശേഖരൻ എൻ. പി.**

## സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന **മലയാളിയുടെ സാംസ്കാരികപരിണാമവും *മാതൃഭൂമി* ആഴ്ചപ്പതിപ്പും – ഒരു പ്രമേയാധിഷ്ഠിതവിശകലനം** എന്ന പ്രബന്ധം ചന്ദ്രശേഖരൻ എൻ. പി. എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

തിരുവനന്തപുരം

01.07.2016 **ഡോ. സി. ആർ. രാജഗോപാലൻ**

## കടപ്പാട്

മാധ്യമപഠനങ്ങളിലേയ്ക്കു നയിച്ചത് ഡോ. ടി. എം. തോമസ് ഐസക്കാണ്. ഗവേഷണത്തിനു പ്രേരിപ്പിച്ചതും മാർഗ്ഗനിർദ്ദേശകനായതും ഡോ. സി. ആർ. രാജഗോപാലനും. ഇരുവരെയും ആദരപൂർവ്വം പ്രണമിക്കട്ടെ.

ഈ പഠനത്തിനുമാത്രമായി ഒരഭിമുഖം അനുവദിച്ചു, ഡോ. കെ. എൻ. പണിക്കർ. ജോലിചെയ്തുകൊണ്ടുതന്നെ പാർട് ടൈം ഗവേഷണം നടത്താനുള്ള അനുമതി നല്കിയത് കൈരളി ടി. വി. മാനേജിംഗ് ഡയറക്ടർ ശ്രീ. ജോൺ ബ്രിട്ടാസ്. ഇരുവർക്കും നന്ദി.

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, കേരള സർവ്വകലാശാലാ ലൈബ്രറി, ശ്രീ ചിത്തിരതിരുനാൾ ഗ്രന്ഥശാല, അപ്പൻ തമ്പുരാൻ സ്മാരക ലൈബ്രറി, കേരള സാഹിത്യ അക്കാദമി ലൈബ്രറി, കേരള മീഡിയ അക്കാദമി ലൈബ്രറി, കൈരളി ടി. വി. ലൈബ്രറി എന്നിവയോടും അവിടങ്ങളിലെ ഗ്രന്ഥശാലാപ്രവർത്തകരോടും ഉള്ള കടപ്പാടും ഇവിടെ രേഖപ്പെടുത്തട്ടെ.

**ചന്ദ്രശേഖരൻ എൻ. പി.**

**ഉള്ളടക്കം**

**ആമുഖം** (പേജ് 1-25)

**അദ്ധ്യായം 1 – സംസ്കാരം, പ്രത്യയശാസ്ത്രം** (27-76)

1.1 സാംസ്കാരികപഠനങ്ങൾക്ക് ഒരാമുഖം

1.1.1. സംസ്കാരം: അർത്ഥം, അർത്ഥാന്തരങ്ങൾ

1.1.2. പ്രത്യയശാസ്ത്രം: നിത്യപരിണാമിയായ പരികല്പന

1.2 മാധ്യമപഠനങ്ങൾക്ക് ഒരാമുഖം

1.2.1. ബഹുജനമാധ്യമം: പ്രത്യയശാസ്ത്രോപകരണം

1.2.2. ആനുകാലികം: പ്രത്യയശാസ്ത്രപ്രരൂപം

1.3 സാംസ്കാരികപഠനങ്ങളുടെ രാഷ്ട്രീയം

**അദ്ധ്യായം 2 – ആദ്യകാല ആനുകാലികങ്ങൾ** (77-129)

2.1 ആനുകാലികചരിത്രം: കാഴ്ചയും കാഴ്ചപ്പാടുകളും

2.1.1. ആനുകാലികങ്ങളിലെ കാനോനികത: ലിഖിതചരിത്രത്തിൽ

2.1.2. ആനുകാലികങ്ങളിലെ കാനോനികത: പൊതുമണ്ഡലത്തിൽ

2.1.3. പ്രശ്നവത്കരണത്തിന് ഒരാമുഖം

2.2 ആനുകാലികചരിത്രം: ഒരു മാധ്യമപാഠവിശകലനം

2.2.1. 1930: ആനുകാലികങ്ങളിലെ സാഹിത്യത

2.2.2. 1930: ലാക്ഷണികവായനയുടെ ഉപലബ്ധികൾ

2.2.3. 1930: സാമൂഹികതയുടെ സാന്നിദ്ധ്യം

2.2.4. 1930: സാഹിത്യതയുടെ പുനരാവർത്തനം

2.3 ആദ്യകാല ആനുകാലികങ്ങൾ: അറിവുകൾ, അപനിർമ്മിതികൾ

2.4 ആദ്യകാല ആനുകാലികങ്ങൾ: ചരിത്രത്തിൽ, ചരിത്രവത്കരണത്തിൽ

2.5 ആദ്യകാല ആനുകാലികങ്ങൾ: പ്രതീതി, പ്രത്യയശാസ്ത്രം

**അദ്ധ്യായം 3 – ആദ്യകാല*മാതൃഭൂമി*** **(131-177)**

3.1 ആദ്യകാല*മാതൃഭൂമി*: പ്രതിപാദനവിശകലനത്തിന് ഒരാമുഖം

3.1.1. പ്രാരംഭകാല*മാതൃഭൂമി*: 1932

3.1.2. പ്രാരംഭകാല*മാതൃഭൂമി*: തനിമ

3.1.3. ആദ്യകാല*മാതൃഭൂമി*: 1940-കൾ

3.1.4. ആദ്യകാല*മാതൃഭൂമി*: 1950-കൾ

3.1.5. ആദ്യകാല *മാതൃഭൂമി*: പ്രത്യക്ഷങ്ങൾ, പ്രവണതകൾ

3.2 ആദ്യകാല*മാതൃഭൂമി*: അറിവുകൾക്ക് ഒരാമുഖം

3.2.1. പ്രശ്നപഠനം 1: ഗാന്ധിജിയുടെ നിരാഹാരം

3.2.1.1. പ്രാരംഭകാല*മാതൃഭൂമി*: പരസ്യങ്ങളുടെ പഠനം

3.2.1.2. പ്രാരംഭകാല*മാതൃഭൂമി*: പ്രൊഫഷനലിസം

3.2.2. പ്രശ്നപഠനം 2: ബീനാ ദാസ്

3.2.3. പ്രശ്നപഠനം 3: പുന്നപ്ര-വയലാർ

3.3 ആദ്യകാല*മാതൃഭൂമി*: അറിവുകൾ, അടയാളപ്പെടുത്തലുകൾ

**അദ്ധ്യായം 4 – മധ്യകാല*മാതൃഭൂമി*** **(179-222)**

4.1 മധ്യകാല*മാതൃഭൂമി*: വിശകലനത്തിന് ഒരാമുഖം

4.1.1. മധ്യകാല*മാതൃഭൂമി*:1960-കൾ

4.1.2. മധ്യകാല*മാതൃഭൂമി*:1970-കൾ

4.1.3. മധ്യകാല*മാതൃഭൂമി*:1980-കൾ

4.1.4. മധ്യകാല*മാതൃഭൂമി*:1990-കൾ

4.2 മധ്യകാല*മാതൃഭൂമി*: മനസ്സിലാക്കലിന് ഒരാമുഖം

4.2.1 പ്രശ്നപഠനം 1: അടിയന്തരാവസ്ഥ

4.2.1.1. അടിയന്തരാവസ്ഥയും *മലയാളനാ*ടും

4.2.1.2. അടിയന്തരാവസ്ഥ: *മാതൃഭൂമി*യും *മലയാളനാ*ടും

4.2.2 പ്രശ്നപഠനം 2: മണ്ഡൽ സമരം

4.2.3 പ്രശ്നപഠനം 3: ബാബറി മസ്ജിദ്

4.3 മധ്യകാല*മാതൃഭൂമി*: മനസ്സിലാക്കലുകൾ, മനനങ്ങൾ

**അദ്ധ്യായം 5 – നവകാല*മാതൃഭൂമി*** **(223-269)**

5.1 നവകാല*മാതൃഭൂമി*: നോട്ടങ്ങൾ, നോട്ടപ്പാടുകൾ

5.1.1. നവകാല*മാതൃഭൂമി*: 2000-ങ്ങൾ

5.1.2. നവകാല*മാതൃഭൂമി*: 2010-കൾ

5.2 നവകാല*മാതൃഭൂമി*: നവവായനയുടെ നാന്ദി

5.2.1. പ്രശ്നപഠനം 1: മുത്തങ്ങ സമരം

5.2.2. പ്രശ്നപഠനം 2: ചുംബനസമരം

5.2.3. പ്രശ്നപഠനം 3: *ചെമ്മീൻ* സുവർണ്ണ ജൂബിലി

5.3 നവകാല*മാതൃഭൂമി*: നിലകൾ, നിലപാടുകൾ

5.4 കണ്ടെത്തലുകൾ: ഒരു പുനർവായന

**ഉപദർശനങ്ങൾ** **(271-279)**

**ഉറവിടസൂചി** **(281-293)**

**പദസൂചി** **(295-298)**

**അനുബന്ധം** **(299-319)**

അനുബന്ധം 1 അഭിമുഖം: ഡോ. കെ. എൻ. പണിക്കർ

അനുബന്ധം 2 മലയാളത്തിലെ ആദ്യകാല സാഹിത്യ ആനുകാലികങ്ങൾ

അനുബന്ധം 3 ഫോട്ടോകൾ

# പട്ടികകൾ


| | | പേജ് |
|---|---|---|
| പട്ടിക 2.1 | വിശകലനം: സച്ചിദാനന്ദന്റെ *മാതൃഭൂമി* പരാമർശം | 82 |
| പട്ടിക 2.2 | താരതമ്യം: *ഭാഷാപോഷിണി-മംഗളോദയം* (1105-1106) | 86 |
| പട്ടിക 2.3 | താരതമ്യം: *ഭാഷാപോഷിണി* 1106 | 98 |
| പട്ടിക 2.4 | താരതമ്യം: ആദ്യകാല *ഭാഷാപോഷിണി-മംഗളോദയ*ങ്ങൾ | 103 |
| പട്ടിക 2.5 | താരതമ്യം: ആദ്യകാല ആനുകാലികങ്ങൾ | 106 |
| പട്ടിക 3.1 | താരതമ്യം: പ്രാരംഭകാല *ഭാഷാപോഷിണി-മംഗളോദയം-മാതൃഭൂമി*കൾ | 135 |
| പട്ടിക 3.2 | താരതമ്യം: *ഭാഷാപോഷിണി-മംഗളോദയം-മാതൃഭൂമി*കൾ (1930-32) | 136 |
| പട്ടിക 3.3 | താരതമ്യം: *മാതൃഭൂമി* 1930- കൾ - 1950- കൾ | 139 |
| പട്ടിക 3.4 | താരത്യമം: ആനുകാലികങ്ങളിലെ പരസ്യ ങ്ങൾ (1930-32) | 147 |
| പട്ടിക 4.1 | താരതമ്യം: മധ്യകാല *മാതൃഭൂമി* (1980-കൾ - 1900-ങ്ങൾ ) | 183 |
| പട്ടിക 4.2 | താരതമ്യം: പ്രാരംഭകാല – ആദ്യകാല – മധ്യകാല *മാതൃഭൂമി*കൾ | 184 |
| പട്ടിക 4.3 | താരതമ്യം: അടിയന്തരാവസ്ഥ *മാതൃഭൂമി*യും *മലയാളനാ*ടും | 193 |
| പട്ടിക 4.4 | മണ്ഡൽ സമര പ്രതിഫലനം: *മാതൃഭൂമി* ലക്കം 34, 38, 42 | 197 |
| പട്ടിക 4.5 | മണ്ഡൽ *മാതൃഭൂമി*: സവർണ്ണ – അവർണ്ണ പക്ഷനില | 198 |
| പട്ടിക 4.6 | മണ്ഡൽ സമരപൂർവ്വ *മാതൃഭൂമി* ( ’90 ജൂൺ - ജൂലൈ) | 199 |
| പട്ടിക 4.7 | മണ്ഡൽ സമരാനന്തര *മാതൃഭൂമി* ( ’90 ഡിസംബർ - ’91 ജനുവരി) | 202 |
| പട്ടിക 4.8 | മണ്ഡൽ മസ്ജിദ് *മാതൃഭൂമി*കൾ : (’90 ഒക്ടോ. – ഡിസം. : ’93 ജനു.) | 207 |
| പട്ടിക 5.1 | താരതമ്യം: *മാതൃഭൂമി* ആഴ്ചപ്പതിപ്പ് 1932 – 2010- കൾ | 228 |
| പട്ടിക 5.2 | താരതമ്യം: *ഭാഷാപോഷിണി- മാതൃഭൂമി* | 230 |
| പട്ടിക 5.3 | *മാതൃഭൂമി*: മുത്തങ്ങ പ്രതികരണം (2003 മാർച്ച് 9 – ഏപ്രിൽ 2) | 232 |
| പട്ടിക 5.4 | മണ്ഡൽ - മസ്ജിദ് – മുത്തങ്ങ *മാതൃഭൂമി* പ്രതികരണങ്ങൾ | 234 |
| പട്ടിക 5.5 | *മാതൃഭൂമി*: ചുംബനസമരവേളയിലെ പ്രതികരണം | 239 |
| പട്ടിക 5.6 | *മാതൃഭൂമി*: വിവിധ സന്ദർഭങ്ങളിലെ പ്രതികരണം (1990-2014) | 240 |
| പട്ടിക 5.7 | 1966-ൽ *മാതൃഭൂമി ചെമ്മീ*ന് നല്കിയ പരിഗണന: സൂചിക | 248 |
| പട്ടിക 5.8 | *മാതൃഭൂമി*: *ചെമ്മീൻ* അടയാളപ്പെടുത്തൽ താരതമ്യം 1966 – 2015 | 253 |

# ആമുഖം

*മാതൃഭൂമി* പത്രം[1] തുടങ്ങിയത് 1923-ലാണ്.[2] ആഴ്ചപ്പതിപ്പ്[3] 1932-ലും.[4] എൺപത്തിനാലു കൊല്ലത്തെ ചരിത്രമുള്ള *മാതൃഭൂമി* ആഴ്ചപ്പതിപ്പിനെ മലയാളിയുടെ സാംസ്കാരികപരിണാമം പശ്ചാത്തലമാക്കി വായനയ്ക്കു വിധേയമാക്കുകയാണ് ഈ ഗവേഷണം. ആഴ്ചപ്പതിപ്പിന്റെ ഉള്ളടക്കം വിശകലനംചെയ്തുകൊണ്ടാണ് പഠനം നിർവ്വഹിക്കുന്നത്. അവലംബിക്കുന്ന വിശകലനരീതികളിൽ പ്രമുഖം പ്രമേയാധിഷ്ഠിതവിശകലനവും.

## ഗവേഷണപ്രശ്നം

'സംസ്കാരവും ആനുകാലികങ്ങളും തമ്മിലുള്ള ബന്ധമെന്ത്?' എന്നതാണ് പഠനപ്രശ്നം. 'ആനുകാലികങ്ങൾക്കു സംസ്കാരത്തിലുള്ള ഇടമെന്ത്?' എന്ന് തത്വാത്മകമായി വാക്യവത്കരിക്കാവുന്ന ഈ ചോദ്യം, പ്രായോഗപരമായി മാറ്റിയെഴുതിയാൽ 'ആനുകാലികങ്ങൾ സംസ്കാരത്തിന് എന്തു സംഭാവന നൽകുന്നു?' എന്നതുതന്നെ. 'ആനുകാലികങ്ങളെ എങ്ങനെ സാംസ്കാരികമായി വ്യാഖ്യാനിക്കാം?' എന്ന് സംസ്കാരത്തിന്റെ വശത്തുനിന്നും 'ആനുകാലികങ്ങളിൽ സംസ്കാരം എങ്ങനെ ഇടംപിടിക്കുന്നു?' എന്ന് ആനുകാലികത്തിന്റെ പക്ഷത്തുനിന്നുമുള്ള രൂപാന്തരീകരണങ്ങളും ഇതേ ചോദ്യത്തിനു നൽകാം.

## പഠനലക്ഷ്യം

*മാതൃഭൂമി* ആഴ്ചപ്പതിപ്പിനെ സാംസ്കാരികമായി വ്യാഖ്യാനിക്കുക എന്നതാണ് പഠനലക്ഷ്യം. ആ വ്യാഖ്യാനം നിറവേറ്റിക്കൊണ്ടാണ് പഠനം, ഗവേഷണപ്രശ്നത്തെ അഭിമുഖീകരിക്കുക.

## പൂർവ്വധാരണകൾ

രണ്ടു പൂർവ്വധാരണകൾ - തത്വശാസ്ത്രപരവും രാഷ്ട്രീയവുമായ രണ്ടു പരികല്പനകൾ - മുന്നിൽ വച്ചാണ് അന്വേഷണം ആരംഭിക്കുന്നത്:

1. 'സംസ്കാരം' എന്ന് പരക്കേ വ്യവഹരിക്കപ്പെടുന്ന 'ഉന്നതസംസ്കാരം' 'പ്രത്യയശാസ്ത്രം'തന്നെ; 'സാംസ്കാരികപരിണാമം' എന്ന് പൊതുബോധം ഉറപ്പിക്കുന്നത് പ്രത്യയശാസ്ത്രത്തിലെ പരിണതികളും.
2. 'ആനുകാലിക'ങ്ങളും അവയുൾപ്പെടുന്ന 'ബഹുജനമാധ്യമ'ങ്ങളും 'പ്രത്യയശാസ്ത്രപ്രരൂപ'ങ്ങളാണ്.

**രീതിശാസ്ത്രം**

"സാമ്പത്തികാസ്തിത്വ"ത്തിന്റെ അടിത്തറയും "സാസ്കാരിക സ്ഥാപനങ്ങ"ളുടെ മേല്പുരയും തമ്മിലുള്ള "ബന്ധ"ത്തെ "കേന്ദ്രവിഷയമാക്കു"ന്ന മാർക്സിസ്റ്റ് സാംസ്കാരികവിശലനപദ്ധതിയുടെ കാഴ്ചപ്പാടിലാണ് "സംസ്കാരം", "സാംസ്കാരികപരിണാമം" എന്നീ പരികല്പനകളെ ഇവിടെ സമീപിക്കുന്നത്.[5] ഇക്കാര്യത്തിൽ മാത്രമല്ല, ഈ പഠനത്തിലാകെത്തന്നെയും പിന്തുടരുന്ന മൂലസമീപനവും മാർക്സിസ്റ്റ് സാംസ്കാരികപരിപ്രേക്ഷ്യംതന്നെ. വിശദാംശങ്ങളിലേയ്ക്കും സൂക്ഷ്മതലങ്ങളിലേയ്ക്കും പോയാൽ, കാൾ മാർക്സും ഫ്രെഡറിക് ഏംഗൽസും മുന്നോട്ടുവച്ച സാമൂഹികവികാസവീക്ഷണമനുസരിച്ചും അതിന് അന്തോണിയോ ഗ്രാംഷി നല്കിയ ദാർശനിക വിപുലീകരണങ്ങൾ പിൻതുടർന്നും 'പ്രത്യയശാസ്ത്രം' എന്ന പരികല്പനയ്ക്ക് ലൂയി അൽത്തൂസർ നൽകിയ താത്വികവ്യാഖ്യാനങ്ങളുൾക്കൊണ്ടും സാംസ്കാരികപഠനങ്ങൾ എന്ന പഠനശാഖയുടെ (അതിലെ, അടിസ്ഥാനപരമായി മാർക്സിസ്റ്റ് സാംസ്കാരിക വിശകലനപദ്ധതി പിൻതുടരുന്ന മുഖ്യധാരയുടെ) കാഴ്ചപ്പാട് (വിശേഷിച്ച് ചരിത്രപരമായ ഭൗതികവാദത്തെ സാംസ്കാരികമേഖലയിൽ പ്രയോഗിക്കുന്ന സാംസ്കാരികഭൗതികവാദം) പിൻപറ്റിയുമാണ് ഈ ഗവേഷണം വിഭാവനം ചെയ്യുന്നതും മുന്നോട്ടു കൊണ്ടുപോകുന്നതും ഇതിലുയർന്നു വരുന്ന നിഗമനങ്ങൾ തത്വവത്കരിക്കുന്നതും.

## എന്തുകൊണ്ട് സാംസ്കാരികപഠനങ്ങൾ?

മാർക്സിസം 'മാർക്സിസാനന്തരലോക'ത്തിൽ എടുത്തണിഞ്ഞ പ്രച്ഛന്നവേഷമായി സാംസ്കാരികപഠനങ്ങളെ ചിലരെങ്കിലും വിശേഷിപ്പിക്കുന്നുണ്ട്. "മാർക്സിസത്തെ രക്ഷിക്കാനുണ്ടായ ഒരു സൈദ്ധാന്തിക സംരംഭ"മാണ് സാംസ്കാരികപഠനങ്ങളെന്നുവരെ അവർ നിരീക്ഷിക്കും.[6] സാംസ്കാരികപഠനങ്ങളോടുള്ള എതിർപ്പിൽ നിന്നാണ് ആ വാദമുയരുന്നതെങ്കിലും ആ പഠനശാഖയുടെ "രാഷ്ട്രീയസത്തയുടെ പരോക്ഷാംഗീകാരം"കൂടിയായി ആ പരാമർശത്തെക്കാണുന്ന ചിന്തകരുമുണ്ട്.[7] ഗ്രാംഷിയൻ ചിന്തയാണ് അന്തിമമായി സാംസ്കാരികപഠനങ്ങളുടെ രാഷ്ട്രീയസത്ത നിർണ്ണയിച്ചത്. "സാമ്രാജ്യത്വകാലഘട്ടത്തിലെ മാർക്സിസമാണ് ലെനിനിസമെന്നും ഫാഷിസ്റ്റ് കാലഘട്ടത്തിലെ മാർക്സിസമാണ് ഗ്രാംഷിയൻ ചിന്ത" എന്നുമുള്ള താത്വികവ്യാഖാനവുമുണ്ട്.[8] പിൽക്കാലമുതലാളിത്തത്തിന്റെയും നവമുതലാളിത്തത്തിന്റെയുമൊക്കെയായി അടയാളപ്പെടുത്തപ്പെടുന്ന കാലഘട്ടമാണിത്. സംസ്കാരവും പ്രത്യയശാസ്ത്രവും ഏറ്റവും പ്രഭാവപൂർണ്ണമായ ഭൌതികശക്തിയായി മാറിയിരിക്കുന്നു. അതോടൊപ്പം, ഈ കാലത്തിനുചേർന്ന മാർക്സിയൻ വ്യാഖ്യാനമെന്ന നിലയിൽ ഗ്രാംഷിയൻ ചിന്തയും അതിന്റെ പ്രയോഗമെന്ന പദവിയിൽ സാംസ്കാരികപഠനങ്ങളും നോക്കിക്കാണപ്പെടുന്നുമുണ്ട്.[9] അങ്ങനെയൊരു അക്കാദമിക-രാഷ്ട്രീയഭൂമികയിലത്രേ, സാംസ്കാരികപഠനങ്ങളുടെ കാഴ്ചപ്പാടിനെ തത്വചിന്താപരമായും രീതിപദ്ധതിയെ പ്രയുക്തിപരമായും ഈ ഗവേഷണം പിന്തുടരുന്നത്. ഭാഷയും സാഹിത്യവും കലയും ആചാരാനുഷ്ഠാനങ്ങളും മാത്രമായി സംസ്കാരത്തെക്കാണുന്ന സാമ്പ്രദായിക സാംസ്കാരിക സമീപനമല്ല സാംസ്കാരികപഠനങ്ങളുടേത്.[10] പ്രായോഗികമായി, "ജീവിതശൈലി, ഭക്ഷണം, വസ്ത്രം, പാർപ്പിടം, നിത്യോപയോഗവസ്തുക്കൾ എന്നിവയെല്ലാം

സംസ്കാരത്തിൽപ്പെട്ട"മെന്ന വേറിട്ടൊരു ചിന്തയാണത്.[11] താത്വികമായാകട്ടെ, ഉന്നതസംസ്കാരമെന്നതു പ്രത്യയശാസ്ത്രംതന്നെയാണെന്ന വീക്ഷണവും.[12] പുതിയ ലോകത്ത്, ഈ കാഴ്ചപ്പാടു കൂടുതൽ പ്രസക്തമാണ് എന്ന നിലപാടും അക്കാദമിക് മേഖലയിലുണ്ട്.[13]

**എന്തുകൊണ്ട് സംസ്കാരപഠനമല്ല?**

സാംസ്കാരികപഠനങ്ങളിൽപ്പെടുമെങ്കിലും സംസ്കാരപഠനമായല്ല ഈ അന്വേഷണം സ്വയം സ്ഥാനപ്പെടുത്തുന്നത്: *മാതൃഭൂമി* ആഴ്ചപ്പതിപ്പിനെ സാംസ്കാരികമായി പഠിക്കുന്നതിനാൽ ഈ പഠനം സാംസ്കാരിക-പഠനങ്ങളിൽപ്പെടും; കേരളത്തിന്റെ സംസ്കാരത്തെയോ മലയാളികളുടെ സാംസ്കാരികപരിണാമത്തെയോ പഠിക്കുകയല്ല എന്നതുകൊണ്ട് സംസ്കാര-പഠനമാവുകയുമില്ല.

**എന്തുകൊണ്ട് ആനുകാലികപഠനങ്ങൾ?**

ആനുകാലികപ്രസിദ്ധീകരണങ്ങളെയാണ് ആനുകാലികങ്ങൾ എന്നു വിളിക്കുന്നത്.[14] അവയുടെ വായന ഇന്ന് അനന്യതയുള്ള ഒരന്വേഷണശാഖയാണ്.[15] ബഹുജനമാധ്യമങ്ങളിൽ[16] ദിനപത്രങ്ങൾക്കു പോലുമില്ലാത്ത സ്ഥാനം ആനുകാലികങ്ങൾക്കുണ്ട്. ദിനപത്രങ്ങളേക്കാൾ ആയുസ്സുണ്ട്, സൂക്ഷിക്കാൻ എളുപ്പമാണ് എന്നിങ്ങനെയുള്ള പ്രായോഗിക പ്രാധാന്യം കൊണ്ടുമാത്രമല്ലത്. ആശയപ്രചാരണത്തിൽ കൂടിയ പങ്കു വഹിക്കുന്നു, സുചിന്തിതമായ ഉള്ളടക്കം നൽകാൻ കഴിയുന്നു എന്നിങ്ങനെയുള്ള ആശയപരമായ പ്രാമാണ്യവും ആനുകാലികങ്ങൾക്കുണ്ട്. അതുകൊണ്ടുതന്നെ ആശയപരമായ അന്തഃസത്തയുള്ള വിമർശപഠനത്തിന്റെ കണ്ണിൽ ആനുകാലികപഠനങ്ങൾക്കു വലിയ പ്രാധാന്യവുമുണ്ട്.

ആനുകാലികങ്ങളെ പല രീതിമാർഗ്ഗത്തിലൂടെയും പഠിക്കാം. അവയെയത്രയും സാംസ്കാരികപഠനങ്ങളുടെ ഭാഗമായ

ആനുകാലികപഠനങ്ങളെന്ന അനുശീലനശാഖയിൽപ്പെടുത്താനാകില്ല. ആനുകാലികപഠനങ്ങൾ, മാധ്യമപഠനങ്ങളെന്ന ജ്ഞാനശാഖയുടെ ഭാഗമായും മാധ്യമപഠനങ്ങൾ സാംസ്കാരികപഠനങ്ങളെന്ന പഠനത്തുറയുടെ ഘടകമായും മാറിക്കഴിഞ്ഞു. ഈ ജ്ഞാനമേഖലകളുടെ പഠിപ്പിക്കലുകൾ പിൻതുടർന്നുകൊണ്ട് ആനുകാലികങ്ങളെക്കുറിച്ച് നടത്തുന്ന പഠനങ്ങളേ ആനുകാലികപഠനങ്ങളെന്ന വിശേഷണത്തിനർഹമാകൂ. ഈ കാഴ്ചപ്പാടോടെ, മലയാളത്തിലെ ആനുകാലികങ്ങളെ വിമർശവിശകലനത്തിനു വിധേയമാക്കി ഒരു സാംസ്കാരികപഠനം നിർവഹിക്കാനായാൽ, അത് ഒരേ സമയം ആനുകാലികപഠനങ്ങളിലും മാധ്യമപഠനങ്ങളിലും സാംസ്കാരികപഠനങ്ങളിലും ഇടംപിടിക്കും; അതിന് അക്കാദമിക് മൂല്യമേറും. ഈ സാഹചര്യത്തിലാണ്, ഈ പഠനം ഈവിധം വിഭാവനം ചെയ്യപ്പെട്ടത്.

**എന്തുകൊണ്ട് ഒറ്റയാനുകാലികം?**

സംസ്കാരവും ആനുകാലികങ്ങളുമായുള്ള ബന്ധം നിർണ്ണയിക്കാൻ സാംസ്കാരികപഠനങ്ങളുടെ അനുശാസനങ്ങൾ പിൻതുടർന്നുകൊണ്ടു നടക്കുന്ന ഒരു പഠനത്തിൽ, മലയാളഭാഷയിൽ ഇതുവരെയുണ്ടായ എല്ലാ ആനുകാലികങ്ങളും (മുഖ്യധാര/പാർശ്വധാര, അക്കാദമികം/ജനപ്രിയം, സർവ്വവിഷയകം/ഏകവിഷയകം, വലുത്/ചെറുത്, ദീർഘകാലം നിലനിന്നത്/അല്പായുസ്സായത്, വിലയ്ക്കുവില്ക്കുന്നത്/സൗജന്യ -സ്വകാര്യ വിതരണത്തിനുള്ളത്, അച്ചടി/കൈയെഴുത്ത്, ശ്രാവ്യം/ദൃശ്യം, നവം/പരമ്പരാഗതം എന്നിങ്ങനെയുള്ള ഒരു തരംതിരിവുംകൂടാതെ) പഠന-യോഗ്യമാണ്. അവയും സംസ്കാരവും സാംസ്കാരികപരിണാമവും തമ്മിൽ എന്ത് എന്നു കണ്ടെത്തി അവയെ സാംസ്കാരികമായി വ്യാഖ്യാനിക്കാൻ വെവ്വേറെയുള്ള ഏകാഗ്രപഠനങ്ങൾ വേണം. സ്ഥൂലപഠനത്തിലൂടെ എന്നതിനേക്കാൾ, സൂക്ഷ്മപഠനങ്ങളിലൂടെയാണ് സാംസ്കാരികഗവേഷണം മുന്നോട്ടുനീങ്ങേണ്ടത്.

“സൂക്ഷ്മതലത്തിൽ നടത്തുന്ന പഠനങ്ങൾ നല്കുന്ന വെളിച്ച”ത്തിന് “സ്ഥൂലതലത്തിലെ പഠനങ്ങൾ നല്കുന്ന സാമാന്യവത്കരണങ്ങളേക്കാൾ” വിലയുണ്ടെന്നും വിലയിരുത്തപ്പെടുന്നു.[17] അങ്ങനെയുള്ള ഒരു സൂക്ഷ്മപഠനമായി, ഈ ഗവേഷണം സ്വയം സ്ഥാനപ്പെടുത്തുന്നു. സൂക്ഷ്മ പഠനസമ്പ്രദായമനുസരിച്ചാണ്, ഒരേയൊരു ആനുകാലികത്തെ ആധാരപഠനവസ്തുവാക്കുന്ന രീതി ഇവിടെ പിൻതുടരുന്നത്.

**എന്തുകൊണ്ട് *മാതൃഭൂമി*?**

അങ്ങനെ, ഈ അന്വേഷണത്തിന്റെ അടിസ്ഥാനപഠനസാമഗ്രിയായി *മാതൃഭൂമി* ആഴ്ചപ്പതിപ്പിനെ നിശ്ചയിക്കുന്നു. *മാതൃഭൂമി*യുടെ സവിശേഷതകൾ സുവിദിതമാണ്. മലയാളത്തിലെ മുൻനിര ആനുകാലികമാണത്.[18] മലയാളത്തിലെ സാഹിത്യ-സാംസ്കാരിക ആനുകാലികങ്ങളിൽ ഒന്നാം-നിരയിൽത്തന്നെ നിലയുറപ്പിക്കുന്ന പ്രസിദ്ധീകരണവും.[19] മലയാളിയുടെ സംസ്കാരത്തിൽ *മാതൃഭൂമി*ക്കു വലിയ സ്വാധീനമാണുള്ളതെന്ന വളരെ ശക്തമായ പൊതുബോധം നിലനിൽക്കുന്നുണ്ട്. *മാതൃഭൂമി*യിലെഴുതിയാലേ ഒരാൾ മലയാളത്തിൽ സാഹിത്യകാരി/സാഹിത്യകാരൻ ആകൂ എന്ന വിശ്വാസം പ്രചരിക്കുംവിധം പ്രബലവുമാണ് പൊതുബോധ്യം.[20]

ഇവയിൽനിന്നു സിദ്ധിക്കുന്നതൊന്നുമാത്രം: മലയാളഭാഷയിലെ ആനുകാലികങ്ങൾക്കിടയിൽ കാനോനികപദവി നേടിയ പ്രസിദ്ധീകരണമാണ് *മാതൃഭൂമി*. സാംസ്കാരികപഠനങ്ങൾ എപ്പോഴും നിലകൊള്ളുന്നത്, ഉന്നതസംസ്കാരത്തിൽ നിന്ന് ആദരവുകിട്ടാത്ത ജനപ്രിയ സംസ്കാരത്തിനൊപ്പമാണ്. എങ്കിലും, കാനോനികപദവിയുള്ള ആഖ്യാനങ്ങളുടെ വിമൃഷ്ടിക്ക് എല്ലാക്കാലത്തും സാംസ്കാരികപഠനങ്ങളിൽ സ്ഥാനമുണ്ടായിരുന്നുതാനും (അതിലൂടെ സാധിക്കുക, ഉന്നതസംസ്കാരത്തിന്റെ നിരൈതിഹ്യവത്കരണവും നിർനിഗൂഢവത്കരണവും ആണല്ലോ). ഈ

പശ്ചാത്തലത്തിലുംകൂടിയാണ്, മൂലപഠനവസ്തുവായി *മാതൃഭൂമി* ആഴ്ചപ്പതിപ്പ് തെരഞ്ഞെടുക്കപ്പെട്ടത് - അതിലൂടെ, കേരളീയർ തലമുറകളായി കൈമാറിവരുന്ന '*മാതൃഭൂമി* ഐതിഹ്യ'ങ്ങളെ[21] ('*മാതൃഭൂമി* അപവാദ'ങ്ങളെപ്പോലും)[22] ചരിത്രപരമായും സാംസ്കാരികമായും പ്രത്യയശാസ്ത്രപരമായും സമീപിക്കാനുള്ള താക്കോലുകൾ കണ്ടെത്താനുള്ള ശ്രമംകൂടിയാകും ഈ ഗവേഷണം എന്ന ബോധ്യത്തോടെ.

**എന്തുകൊണ്ട് ഘട്ടവിഭജനം?**

*മാതൃഭൂമി* ആഴ്ചപ്പതിപ്പ് ആരംഭിച്ച 1932 മുതൽ 2015 വരെയുള്ള കാലത്തെ മൂന്ന് ഘട്ടങ്ങളായിത്തിരിച്ചാണ് ഈ പ്രബന്ധത്തിൽ രേഖപ്പെടുന്നത്:

1) 1930-കൾ മുതൽ 50-കൾ ഉൾപ്പെടെയുള്ള ആദ്യകാല*മാതൃഭൂമി*യുടെ ഘട്ടം.
2) 1960-കൾ മുതൽ 90-കൾ ഉൾപ്പെടെയുള്ള മധ്യകാല*മാതൃഭൂമി*യുടെ ഘട്ടം.
3) 2000-ങ്ങളും 2010-കളും ഉൾപ്പെട്ട നവകാല*മാതൃഭൂമി*യുടെ ഘട്ടം.

*മാതൃഭൂമി*യുടെ വിചാരമാതൃകാവ്യതിയാനങ്ങൾ അനുസരിച്ചാണ് ഈ വിഭജനം. നവ അക്കാദമികമേഖലയിൽ വിമർശിക്കപ്പെടുന്ന ഘട്ടവാദത്തിന്റെ മറ്റൊരു രംഗത്തുള്ള പുനരുജ്ജീവനമല്ല ഇത്. പഠനപരമായ ഒരനിവാര്യത ഇതിനുപിന്നിലുണ്ട്. *മാതൃഭൂമി*യെ സാംസ്കാരികമായി വിലയിരുത്തുമ്പോൾ ആ ആനുകാലികം കാഴ്ചവയ്ക്കുന്ന സാംസ്കാരികപരിണാമഘട്ടങ്ങൾ എന്ന നിലയ്ക്ക് ഇതാവശ്യവുമാണ്. അങ്ങനെ ഘട്ടം തിരിച്ചു കാണുമ്പോൾ മാത്രമാണ് ഈ പഠനം ലക്ഷ്യവേധിയാകുന്നത്.

ചരിത്രം രേഖീയമല്ലെന്ന മിഷേൽ ഫൂക്കോയുടെ സങ്കല്പനം വർത്തമാനകാലധൈഷണികലോകത്തിനു മുന്നിലുണ്ട്.[23] അതേസമയംതന്നെ, ചരിത്രത്തിലെ ഘട്ടവിഭജനങ്ങൾ മേല്ക്കോയ്മയുള്ള പ്രത്യയശാസ്ത്രം മുൻനിർത്തിയാണെന്ന ഫൂക്കോൾഡിയൻ ചിന്ത[24]തന്നെയാണ് ഈ ഗവേഷണത്തിൽ ഈ വിഭജനം സ്വീകരിക്കുന്നതിനു പരോക്ഷമായി

പ്രചോദനമായതും.[25] കാരണം, ഓരോ ചരിത്രഘട്ടത്തിലെയും സംസ്കാരമായി കേളികേൾക്കപ്പെടുന്നത് അക്കാലത്തു മേൽക്കോയ്മ നേടിയ ആശയ-സംഹിതയാണ് - അക്കാലത്തെ പ്രത്യയശാസ്ത്രമാണ് – എന്നതാണ് ഈ പഠനത്തിലെ കാഴ്ചപ്പാട്. എല്ലാ കാലഘട്ടങ്ങളിലും എല്ലാ ചിന്താഗതിയും സമൂഹത്തിലുണ്ടാകാമെങ്കിലും ഓരോ കാലഘട്ടത്തിലും മേൽക്കൈയുള്ള ആശയസംഹിതയാണ് ആ കാലഘട്ടത്തിന്റെ പ്രത്യയശാസ്ത്രം എന്നതാണ് സമീപനം.[26] *മാതൃഭൂമി*യുടെ വിചാരമാതൃകാവ്യതിയാനങ്ങളും ആത്യന്തികമായി പ്രത്യയശാസ്ത്രത്തിന്റെ ലീലയായാണ് ഇവിടെ സ്ഥാനപ്പെടുത്തുന്നത്. അതിനാൽ, ഏതു ചരിത്ര/രാഷ്ട്രീയഘട്ടങ്ങളും എന്നതുപോലെ *മാതൃഭൂമി*യുടെ ജീവിതത്തിലുള്ളതായി ഈ ഗവേഷണം നിരീക്ഷിക്കുന്ന കാലഘട്ടവിഭജനങ്ങളും അന്തിമവിശകലനത്തിൽ പ്രത്യയശാസ്ത്രഘട്ടങ്ങൾതന്നെയാണ്.

**പഠനമാർഗ്ഗം**

*മാതൃഭൂമി* ആഴ്ചപ്പതിപ്പിന്റെ ജന്മദിനം 1932 ജനുവരി 18. അതുമുതൽ 2015 വരെയുള്ള ലക്കങ്ങളാണ് പഠനത്തിലുൾപ്പെടുത്തുന്നത് എന്നതിനാൽ പഠനീയമായകാലം ഏറെ നീണ്ടതായിമാറുന്നു. പ്രാഥമികപഠനസാമഗ്രിമാത്രം ആയിരക്കണക്കായ ലക്കങ്ങളും പതിനായിരക്കണക്കിനു താളുകളും വരും. ബൃഹത്തായ ഈ ആനുകാലികശേഖരം പഠിക്കുകയെന്ന ദൗത്യം, മാധ്യമങ്ങളുടെ ദീർഘകാലത്തെ ഉള്ളടക്കം വിശകലനംചെയ്തു സാംസ്കാരികവ്യാഖ്യാനം നിർവ്വഹിച്ച പൂർവ്വമാതൃകകളെ പിൻപറ്റി, പ്രാവർത്തികമാക്കുകയാണ് ഇവിടെച്ചെയ്യുന്നത്.

മാധ്യമങ്ങളുടെ ദശാബ്ദദീർഘങ്ങളായ ഉള്ളടക്കം പഠിക്കേണ്ടിവരുമ്പോൾ ആകസ്മികമാതൃകകളെ ആശ്രയിക്കുകയും പ്രത്യക്ഷങ്ങളിൽ നിന്ന് പ്രവണതകളെ അധ്യാലേഖനം ചെയ്യുകയുമാണ് മാധ്യമപഠനങ്ങളിലെ രീതി (പുതിയകാലഗവേഷണങ്ങളുടെ പൊതുരീതിയുമാണത്).

റെയ്മൺഡ് വില്യംസിന്റെ ടെലിവിഷൻ പഠനമാണ്, മാധ്യമപഠനങ്ങളിൽ, ഈ രീതിയുടെ വിഖ്യാതമാതൃക.[27] 1973 മാർച്ച് മൂന്നുമുതൽ ഒമ്പതുവരെയുള്ള ഒരാഴ്ചക്കാലത്ത് അമേരിക്കയിലെ രണ്ടും ബ്രിട്ടനിലെ മൂന്നും ടെലിവിഷൻ ചാനലുകൾ സംപ്രേഷണംചെയ്ത ഉള്ളടക്കം നിരീക്ഷിച്ചു വിശകലനംചെയ്ത്, ടെലിവിഷൻ എന്ന ബഹുജനമാധ്യമത്തെയാകെത്തന്നെ സാംസ്കാരികമായി വ്യാഖ്യാനിക്കുകയായിരുന്നു വില്യംസ്. നാലു പതിറ്റാണ്ടു പിന്നിട്ടിട്ടും “മാധ്യമപഠനങ്ങളിലെ വിശിഷ്ടരചന” എന്ന ഖ്യാതിയോടെ നിലകൊള്ളുന്ന ആ പുസ്തകം, ആകസ്മികമാതൃകാപഠനരീതിയുടെ സാധ്യതകളുടെകൂടി വിളംബരമാണ്.[28] “ടെലിവിഷൻ പഠനങ്ങളുടെ സ്ഥാപകപാഠം” എന്ന നിലയ്ക്കും ആ ഗ്രന്ഥം അംഗീകരിക്കപ്പെട്ടു.[29] “ടെലിവിഷന്റെ മാത്രമല്ല, സമകാലമാധ്യമങ്ങളുടെതന്നെ മാർക്സിയൻ പഠനങ്ങളുടെ മാനിഫെസ്റ്റോ”യാണ് ആ കൃതിയെന്ന് പുതിയ നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽപ്പോലും വിലയിരുത്തപ്പെടുന്നുണ്ട്.[30]

പില്ക്കാലത്ത്, മാധ്യമങ്ങളുടെ ദീർഘകാലത്തെ ഉള്ളടക്കത്തെ വിശകലനം ചെയ്യുന്നതിലുണ്ടായ മികച്ച മാതൃക എഡ്വേർഡ് എസ്. ഹെർമനും നോം ചോംസ്കിയും ചേർന്ന് 1988-ൽ അമേരിക്കൻ ഐക്യനാടുകളിലെ ബഹുജനമാധ്യമങ്ങളെക്കുറിച്ചു നടത്തിയ പഠനമാണ്.[31] “ജനങ്ങളെ അന്ധരാക്കിയവർ സ്വന്തം അന്ധതയുടെ പേരിൽ വിമർശിക്കപ്പെടുന്നു” എന്നാണ് ഈ പുസ്തകത്തെപ്പറ്റി ജോൺ മിൽറ്റൺ പറഞ്ഞത്.[32] ഇതിൽ, അമേരിക്കയുടെ സംഭവബഹുലമായ രണ്ടു പതിറ്റാണ്ടുകളിലെ മാധ്യമങ്ങളുടെ ഉള്ളടക്കമാണ് പഠനവിഷയം.[33] പിന്നീട്, പത്തുകൊല്ലത്തെ മാധ്യമങ്ങൾകൂടി പഠിച്ച് മുൻനിഗമനങ്ങൾ പുതുക്കുകയും ചെയ്തു. അതോടെ, മൂന്നു പതിറ്റാണ്ടു മുൻനിർത്തിയുള്ള മാധ്യമപഠനങ്ങളായി ഗ്രന്ഥം മാറി. ഹെർമനും ചോംസ്കിയും

ആ വൻദൗത്യം നിറവേറ്റിയത് തെരഞ്ഞെടുത്ത വാർത്താസന്ദർഭങ്ങളിലെ ഉള്ളടക്കങ്ങൾ താരതമ്യപ്പെടുത്തുക എന്ന രീതിശാസ്ത്രമുപയോഗിച്ചാണ്.

ഇന്ത്യയിലേയ്ക്കു വന്നാൽ, റോബിൻ ജെഫ്രി 2000-ൽ നടത്തിയ പഠനമാണ് ഈ പഠനധാരയിലെ മികച്ച മാതൃക.[34] ഇന്ത്യൻ ജനാധിപത്യത്തിൽ ദിനപത്രങ്ങൾ വഹിച്ച പങ്കു വിലയിരുത്താനായി, ഇരുപത്തിരണ്ടു കൊല്ലത്തെ ഭാഷാപത്രങ്ങളുടെയാകെ ഉള്ളടക്കം പഠിക്കുകയെന്ന വെല്ലുവിളി, ആകസ്മികമാതൃകകളുടെയും തെരഞ്ഞെടുത്ത സന്ദർഭങ്ങളുടെയും പഠനത്തിലൂടെയാണ് ജെഫ്രിയും നേരിട്ടത്.

ഇക്കാരണങ്ങളാൽ, *മാതൃഭൂമി* ആഴ്ചപ്പതിപ്പിന്റെ എട്ടു പതിറ്റാണ്ടിലേറെക്കാലത്തെ ലക്കങ്ങൾ പഠിക്കാൻ ഈ ഗവേഷണവും ആ മാർഗ്ഗങ്ങൾ ആശ്രയിക്കുന്നു:

1. ആകസ്മികമാതൃകകളുടെയും നിശ്ചിതചരിത്രഘട്ടങ്ങളുടെയും തെരഞ്ഞെടുപ്പ്.
2. അവയുടെ വിശകലനം.

**വിശകലനരീതികൾ**

മാധ്യമ ഉള്ളടക്കങ്ങളെ പലമട്ടിൽ പഠിക്കാം. പ്രതിപാദനാത്മകവും പ്രതിപാദ്യാധിഷ്ഠിതവുമായ വിശകലനരീതികൾ ഒരേ സമയം ഇവിടെ ഉപയോഗിക്കുന്നുണ്ട്. ആദ്യത്തേത് സ്ഥൂലതലവിശകലനത്തിന്റെയും രണ്ടാമത്തേത് സൂക്ഷ്മതലവിശകലനത്തിന്റെയും സാധ്യതകൾ തുറക്കുന്നു. സ്ഥൂലതലവിശകലനത്തിലെ പ്രത്യക്ഷങ്ങളെ സൂക്ഷ്മതലവിശകലനംകൊണ്ട് എതിർപരിശോധന നടത്തേണ്ടത് ഇത്തരം പഠനങ്ങളിൽ ആവശ്യമാണ്.

'പ്രമേയം' എന്ന സങ്കല്പത്തിന്റെ വിപുലീകരണം ഈ പഠനത്തിന്റെ കാഴ്ചപ്പാടിൽ സന്നിഹിതമാകുന്നുമുണ്ട്. മാധ്യമവസ്തുവിലെ വിഷയം മാത്രമല്ല പ്രമേയം; മാധ്യമവസ്തുവിന്റെ വിന്യാസത്തിനുമുണ്ട് 'പ്രമേയത' അഥവാ,

അർത്ഥംപകരൽശേഷി. മാധ്യമവസ്തു മുഖലേഖനമാണോ, പുറന്താൾതന്നെ അതിന്റെ അറിയിപ്പായി വിന്യസിക്കപ്പെട്ടിട്ടുണ്ടോ, അത് മുഖലേഖന-പദവിയില്ലാതെ പുറന്താളിൽ പരാമർശിക്കപ്പെടുന്ന ഇനമാണോ, അത് വിഷയവിവരങ്ങളിൽ എങ്ങനെ സ്ഥാനപ്പെടുന്നു, അതിന് ഉൾത്താളുകളിൽ എത്രമാത്രം മുൻഗണന/പിൻഗണന കിട്ടുന്നു, അത് എങ്ങനെ വർണ്ണാലംകൃതിക്കു വിധേയമാകുന്നു, അതിന് ഫോട്ടോകളുടെയും ചിത്രീകരണങ്ങളുടെയും ആലേഖിതശീർഷകങ്ങളുടെയും വിപുലീകൃതാമുഖങ്ങളുടെയും പ്രദർശന-ക്കളങ്ങളുടെയും പിൻതുണ എത്രമാത്രമുണ്ട്, അതിന് സ്വതന്ത്രയിനപദവിയുണ്ടോ, അത് വായനക്കാരുടെ കത്തുകളിലാണോ പെടുത്തിയിരിക്കുന്നത്, അതിന് എതിരിനങ്ങളില്ലാത്ത ഏകപക്ഷീയസാന്നിദ്ധ്യമാണോ കിട്ടിയിരിക്കുന്നത്, അതിനെ അപേക്ഷിച്ച് എതിരിനങ്ങൾക്ക് എത്രകണ്ട് പ്രാതിനിധ്യം കിട്ടി, അതിന് എത്ര അച്ചടിയിടം ലഭിച്ചു എന്നിങ്ങനെയുള്ള ഘടകങ്ങൾക്കെല്ലാം 'പ്രമേയ'പദവിയുണ്ട് (ആ മാനങ്ങളൊക്കെ ആ ഇനം ഉല്പാദിപ്പിക്കുന്ന അർത്ഥങ്ങളിലേയ്ക്ക് സംഭാവനചെയ്യുന്നുണ്ട് എന്നതുകൊണ്ട്). അത്തരം മാനങ്ങളെല്ലാം ഉൾക്കൊള്ളുന്ന ആനുകാലിക ഉള്ളടക്കവിശകലനമാണ് ഈ പഠനം പ്രാവർത്തികമാക്കുന്നത്. ആ അർത്ഥത്തിലാണ് 'പ്രമേയാധിഷ്ഠിത' വിശകലനത്തിലൂടെ സാധിതമാകുന്ന ഒന്നായി ഈ പഠനം ശീർഷകത്തിൽത്തന്നെ സ്വയം വിശേഷിപ്പിക്കുന്നത്. ഇവിടെ, പ്രമേയമെന്ന വാക്കിന്റെ നിഘണ്ടുനിഷ്ഠമായ അർത്ഥത്തെയല്ല (പുതിയ ജ്ഞാന-പരിസരത്തിലെ മൂല്യവർദ്ധിതാർത്ഥത്തെയാണ്) പിൻതുടരുന്നത്. ഇവിടെ, ഉള്ളടക്കവിശകലനം പാഠനിഷ്ഠപഠനവും ചിഹ്നാധിഷ്ഠിതപഠനവും പ്രതീകോപയുക്തപഠനവുമാണ്. അതിനെ പ്രമേയാധിഷ്ഠിതവിശകലനമെന്നു വിളിക്കുന്നതോ, പ്രമേയത്തിന്റെ പരിമിതാർത്ഥത്തിന്റെ അപനിർമ്മിതിക്കും നവീനാർത്ഥത്തിന്റെ വിളംബരത്തിനും വേണ്ടിയും.

ശീർഷകം വ്യക്തമാക്കുന്നതുപോലെ അടിസ്ഥാനപരമായി വിശകലനനിഷ്ഠമാണ് ഈ അന്വേഷണം. വിശകലനം നിശ്ചയമായും വിമർശാത്മകവുമാണ്. എപ്പോഴും, മറഞ്ഞിരിക്കുന്നതാണ് പ്രത്യയശാസ്ത്രം. അതു മായയാണ്. മാർക്സിയൻ രീതിയിൽ നിർവ്വഹിക്കുന്ന പ്രത്യയശാസ്ത്ര-വിമർശത്തിന്റെ ലക്ഷ്യമോ, മിഥ്യകൾക്കപ്പുറം മറഞ്ഞുകിടക്കുന്നതിനെ വെളിപ്പെടുത്തലും. അതിനാൽ, ഈ അന്വേഷണം വിശകലനത്തിലൂടെ വിമർശത്തിലേയ്ക്കും വിമർശത്തിലൂടെ പ്രത്യയശാസ്ത്രത്തിന്റെ അനാവരണത്തിലേയ്ക്കും നീങ്ങുന്നു; അക്കാദമിക് ലോകത്ത് ഏറെ വിമർശിക്കപ്പെട്ട യാന്ത്രികമായ പ്രത്യയശാസ്ത്രവിമർശത്തിന്റെ അന്ധതയിലേയ്ക്കു പോകാതെതന്നെ അതു നിറവേറ്റുക എന്ന അന്വേഷണപരമായ അപായസാധ്യതയേറ്റെടുത്തുകൊണ്ട്. .

**പഠനസാമഗ്രികൾ**

മുഖ്യപഠനവസ്തു *മാതൃഭൂമി* ആഴ്ചപ്പതിപ്പാണെങ്കിലും *ഭാഷാപോഷിണി*, *കേസരി*, *മംഗളോദയം*, *പ്രഭാതം* (കൊല്ലം), *ധർമ്മദേശം*, *മലയാളരാജ്യം*, *കൈരളി*, *മലയാളനാട്* എന്നീ ആനുകാലികങ്ങളും താരതമ്യാവശ്യത്തിനെടുക്കുന്നുണ്ട്. സഹപാഠങ്ങൾ എന്ന സ്ഥാനമാണ് അവയ്ക്കു പഠനത്തിലുള്ളത്. ഗവേഷണസഹായികളായ അടിസ്ഥാന-ഗ്രന്ഥങ്ങൾക്കു പുറമേ, ഡോ. കെ. എൻ. പണിക്കർ ഈ ഗവേഷണത്തിനുമാത്രമായി നൽകിയ അഭിമുഖവും ഈ പഠനത്തിന് ഉപയുക്തമായി.[35]

**പൂർവ്വപഠനങ്ങൾ**

മലയാളത്തിലെ ആനുകാലികങ്ങളെക്കുറിച്ച് പൊതുവേയും മലയാളികളുടെ സംസ്കാരത്തെക്കുറിച്ച് ആനുകാലികാധിഷ്ഠിതമായി വിശേഷിച്ചും നടന്ന പഠനങ്ങളെല്ലാം, അനിവാര്യമായും ഈ അന്വേഷണത്തിന്റെ മുൻഗാമികളാണ്.

അവയെ അങ്ങനെതന്നെ പ്രതിഷ്ഠിക്കുകയും ഉപജീവിക്കുകയും ചെയ്യുന്നു. ഒപ്പം, രണ്ടു കാരണങ്ങളാൽ, ഈ പഠനം അവയിൽനിന്നു വ്യതിചലിക്കുന്നുമുണ്ട്:

1. ആനുകാലികങ്ങളെ ചരിത്രപുനഃസൃഷ്ടിക്കുള്ള അഭിനിവേശത്തോടെ വായിച്ചെടുക്കുകയാണ് കേരളത്തിലെ ആനുകാലികവായനകൾ പൊതുവേ ചെയ്തത്. ഏതൊരു ജനപദത്തിന്റെ ചരിത്രത്തിലും പ്രധാനവും പ്രസക്തവുമാണ് ആ സമീപനം. ആ ഗവേഷണസരണി മുന്നോട്ടുപോയി, അമേരിക്കയിൽ ഫ്രാങ്ക് ലൂതർ മോട്ട് നടത്തിയതുപോലെ, ആനുകാലികങ്ങളെ മുഴുവൻ ഉൾക്കൊള്ളുന്ന ബൃഹദ്പഠനങ്ങൾ മലയാളത്തിലും ഉണ്ടാകേണ്ടതുമാണ്.[36] എന്നാൽ, അതല്ല, ഈ പഠനത്തിന്റെ വഴി. "ഭൂതകാലത്തെക്കുറിച്ച് ഏതു കാലത്തുമുണ്ടാകുന്ന ഏതു പരാമർശവും വർത്തമാനകാലത്തിന്റെ വ്യവഹാരത്തിലാണ് രൂപമെടുക്കുന്നത്" എന്ന കാഴ്ചപ്പാടാണ് ഇന്നുള്ളത്.[37] ഇതു പ്രകാരം പഴയ ഭൂതകാലവായനകൾ പുതുക്കപ്പെടേണ്ടതുമുണ്ട്. ആ വഴിക്കുള്ള ശ്രമമാണ് ഈ പഠനം.
2. തന്നെയുമല്ല, അതിനു സമാന്തരമായി, വായനയെന്ന പ്രക്രിയയ്ക്ക് ഘടനാവാദാനന്തരകാലത്തുണ്ടായ പരികല്പനാവ്യതിയാനങ്ങൾ ഉൾക്കൊള്ളുന്ന ആനുകാലികവായനകളും ഇവിടെയുണ്ടാകേണ്ടതുണ്ട്. 'ആനുകാലികചരിത്ര'മെന്ന[38] സവിശേഷവും അന്തർവിഷയിയും ആയ ഒരു സൂക്ഷ്മപഠനസ്ഥലിയായി ആ അന്വേഷണത്തുറ വികസിക്കേണ്ടതുമാണ്. ഒപ്പം, കേരളത്തിലെ ആനുകാലിക-വായനകൾ അതത് ആനുകാലികങ്ങളുടെ വായനകളായി, (ഏറിയാൽ, അതതു കാലത്തിലെ ഇതരവായനവസ്തുക്കളെക്കൂടി ഉൾക്കൊണ്ടുള്ള വായനയായും) നിലകൊള്ളുകയാണ്. ഇതരകാലങ്ങളിലേയ്ക്കു പടരുന്ന വായനകൂടി ആനുകാലികവായനകളിൽ നടക്കേണ്ടതുണ്ട്.

നവചരിത്രവാദത്തിൽനിന്നു സാംസ്കാരികപഠനങ്ങൾ വഴിപിരിയുന്ന ഒരിടം അതാണ്.[39] സാംസ്കാരികപഠനങ്ങളുടെ ആ പാരമ്പര്യം ഉൾക്കൊണ്ട്, ആനുകാലിക ഉള്ളടക്കങ്ങളുടെ കാലത്തെ അതിഗമിച്ചുള്ള വായനകൂടി ഈ പഠനം ഉദ്ദേശിക്കുന്നുണ്ട്. ആ വഴികളിലാണ് ഈ പഠനം വ്യാപരിക്കുന്നത്.

മേല്പറഞ്ഞ രണ്ടു കാരണങ്ങളാൽ, ഈ ഗവേഷണം മലയാളത്തിലെ പൂർവ്വപഠനങ്ങളെ ആശ്രയിച്ചുകൊണ്ടുതന്നെ അവയിൽനിന്നു വഴിപിരിയുകയും ലോകത്തെമ്പാടുമുണ്ടായിട്ടുള്ള ബഹുജനമാധ്യമങ്ങളുടെ സാംസ്കാരിക-വായനകളെ താക്കോൽപ്പാഠങ്ങളായി മുന്നിൽക്കാണുകയും ചെയ്യുന്നു.

**ഗവേഷണഗതി**

ആദ്യം, *മാതൃഭൂമി* ആഴ്ചപ്പതിപ്പ് രംഗപ്രവേശവേളയിൽ കേരളക്കരയിൽ വഹിച്ച സാംസ്കാരികപങ്ക്, ആകസ്മികമാതൃകാ ഉള്ളടക്കങ്ങൾ വിശകലനംചെയ്തു കണ്ടെത്തുന്നു. ആ പൈതൃകത്തിന് പിൽക്കാലത്ത് എന്തുമാറ്റം സംഭവിച്ചെന്ന് ഓരോ പതിറ്റാണ്ടിലെയും മാതൃകാലക്കങ്ങളുടെ വിശകലനത്തിലൂടെ നിരീക്ഷിക്കുകയാണ് പിന്നീടു ചെയ്യുന്നത്. സമാന്തരമായി, വിവിധചരിത്രസന്ദർഭങ്ങൾ ആഴ്ചപ്പതിപ്പിൽ എങ്ങനെ അങ്കിതമായി എന്നറിയാനുള്ള ദൃഷ്ടാന്തപഠനങ്ങൾ നടത്തി സ്ഥൂലപഠനത്തിലെ നിഗമനങ്ങളെ എതിർപരിശോധനയ്ക്കും വിധേയമാക്കുന്നു. അതിനുപിന്നാലേ, പഠനഫലങ്ങളുടെ വിമർശവിശകലനത്തിലൂടെ നിഗമനങ്ങളിലേയ്ക്ക്. ഒടുവിൽ, സാംസ്കാരികപഠനങ്ങളുടെ അനുശീലനങ്ങൾ പിൻതുടർന്ന് നിഗമനങ്ങളുടെ തത്വവത്കരണവും.

അങ്ങനെയാണ്, *മാതൃഭൂമി* ആഴ്ചപ്പതിപ്പിലൂടെ മലയാളത്തിലെ ആനുകാലികങ്ങളെ (അതുവഴി ആനുകാലികങ്ങളെന്ന ബഹുജനമാധ്യമ-

ശാഖയെത്തന്നെ) പ്രത്യയശാസ്ത്രീകരിക്കുന്ന ഒന്നായി ഈ പഠനം മാറുന്നത്.

**പ്രബന്ധഗാത്രം**

ആമുഖവും അഞ്ച് അദ്ധ്യായങ്ങളും ഉപദർശനങ്ങളും ചേർന്നതാണ് ഗവേഷണപ്രബന്ധം.

ഒന്നാം അദ്ധ്യായത്തിന്റെ ഒന്നാം ഭാഗത്ത് സാംസ്കാരികപഠനങ്ങളെയും മാധ്യമപഠനങ്ങളെയും വിശദീകരിക്കുന്നു. അതിലൂടെ സംസ്കാരമെന്ന പരികല്പനയെ സൈദ്ധാന്തികമായി പിൻപറ്റുകയാണ്. എന്താണ് സംസ്കാരമെന്നു നിർണ്ണയിക്കുകയും സംസ്കാരമെന്ന സൈദ്ധാന്തിക-സംജ്ഞയെ ഏതർത്ഥത്തിലാണ് ഈ ഗവേഷണത്തിൽ മനസ്സിലാക്കുന്നതും പിൻതുടരുന്നതും എന്ന് വ്യക്തമാക്കുകയും ചെയ്യുന്നു. സംസ്കാരമെന്നത് മനുഷ്യരുടെ എല്ലാ ഭൗതിക–ആശയവൃത്തികളുമാണ്, ഉന്നതസംസ്കാരം പ്രത്യയശാസ്ത്രമാണ്, എന്നുള്ള താത്വികവ്യാഖ്യാനമാണ് ഇതിലൂടെ കടഞ്ഞെടുക്കപ്പെടുന്നത്. ഒന്നാം അദ്ധ്യായത്തിന്റെ രണ്ടാം ഭാഗത്ത് ആനുകാലികങ്ങളുടെ – ആനുകാലികങ്ങളുൾപ്പെടുന്ന ബഹുജനമാധ്യമങ്ങളുടെയും – സാംസ്കാരികവ്യാഖ്യാനം മാധ്യമപഠനങ്ങളുടെ പറഞ്ഞുവയ്ക്കലുകളെ പിൻതുടർന്നുകൊണ്ട്, സാക്ഷാത്കരിക്കുന്നു. സംസ്കാരത്തിൽ ആനുകാലികങ്ങളുടെ പങ്കെന്ത്, എന്ന ചോദ്യത്തിന്റെ തത്വപരമായ ഉത്തരമാണ് അതിലൂടെ ലഭിക്കുന്നത്. ഈ അന്വേഷണത്തിലെ തത്വശാസ്ത്രപരവും രാഷ്ട്രീയവുമായ പൂർവ്വധാരണകളാണ് ഈ അദ്ധ്യായത്തിലൂടെ പ്രതിഷ്ഠിക്കപ്പെടുന്നത്.

രണ്ടാം അദ്ധ്യായം മലയാളത്തിലെ ആദ്യകാല ആനുകാലികങ്ങളുടെ സാംസ്കാരികമായ വിലയിരുത്തലാണ്. ആദ്യകാല ആനുകാലികങ്ങൾക്കൊപ്പം രംഗത്തുവരികയും *മാതൃഭൂമി* രംഗപ്രവേശം ചെയ്യുമ്പോഴും തുടരുകയും അക്കാലത്ത് ആനുകാലികലോകം അടക്കിവാഴുകയും ചെയ്തിരുന്ന ഒന്നാംനിര മാസികകളായ

*ഭാഷാപോഷിണി*, *മംഗളോദയം* എന്നിവയെ പഠിച്ച് ഇതു നിർവഹിക്കുന്നു. ഈ അദ്ധ്യായത്തിലൂടെ *മാതൃഭൂമി*യുടെ സ്വത്വാന്വേഷണത്തിനുള്ള പശ്ചാത്തലമാണ് ഒരുങ്ങുന്നത്.

മൂന്നാം അദ്ധ്യായത്തിൽ, *മാതൃഭൂമി* ആഴ്ചപ്പതിപ്പിന്റെ പ്രാരംഭകാലതനിമ ഉള്ളടക്കവിശകലനത്തിലൂടെ കണ്ടെത്തുന്നു. പിന്നെപ്പഠിക്കുന്നത് ആദ്യകാല*മാതൃഭൂമി* എങ്ങനെ പ്രാരംഭകാല*മാതൃഭൂമി*യുടെ പൈതൃകം പിന്തുടർന്നു എന്നതാണ്. പിന്നാലേ,

1. ഗാന്ധിജിയുടെ നിരാഹാരസമരം,
2. കൽക്കത്താ ഗവർണർ വധശ്രമം,
3. പുന്നപ്ര-വയലാർ സമരം

എന്നീ ചരിത്രഘട്ടങ്ങളിലെ *മാതൃഭൂമി*യുടെ ഉള്ളടക്കം പഠനവിധേയമാകും. ഒടുവിൽ, സ്വന്തം പൈതൃകം പിൻതുടരുന്നതിൽ ഈ കാലഘട്ടത്തിലും ഈ ചരിത്രഘട്ടങ്ങളിലും *മാതൃഭൂമി* ആഴ്ചപ്പതിപ്പു പുലർത്തിയ തുടർച്ച/വളർച്ച/ഇടർച്ച പഠിച്ച് ഉത്ഭവിക്കുന്ന നിഗമനങ്ങളെ തത്വവത്കരിക്കുന്നു. ആ രീതിയിൽ ഈ അദ്ധ്യായത്തിൽ നിർണ്ണയിക്കുന്നത് ആദ്യകാല*മാതൃഭൂമി*യുടെ പ്രത്യയശാസ്ത്രമാണ്.

നാലാം അദ്ധ്യായത്തിന്റെ തുടക്കം, മധ്യകാല*മാതൃഭൂമി* ആഴ്ചപ്പതിപ്പിനെ പഠിക്കുന്നു. ഈ കാലഘട്ടത്തിലെ മാതൃകാസന്ദർഭങ്ങൾ

1. അടിയന്തരാവസ്ഥ,
2. മണ്ഡൽ പ്രക്ഷോഭം,
3. ബാബറി മസ്ജിദ് തകർക്കൽ

എന്നിവയാണ്. ഇവിടെയും, ആഴ്ചപ്പതിപ്പിന്റെ പ്രതികരണങ്ങൾ പരിശോധിക്കുകയും അതിനെ പൈതൃകം, പൈതൃകത്തുടർച്ച/വളർച്ച/ഇടർച്ച എന്നിവയുമായി താരതമ്യപ്പെടുത്തുകയും പ്രത്യക്ഷങ്ങളെ പ്രത്യയശാസ്ത്ര-

പരമായി വിലയിരുത്തുകയും ചെയ്യും. അതിലൂടെ, ആ ചരിത്രഘട്ടത്തിലെ *മാതൃഭൂമി*യുടെ പ്രത്യയശാസ്ത്രവായന പൂർണ്ണമാകുന്നു.

അഞ്ചാം അദ്ധ്യായത്തിലെ പഠനവിഷയം നവകാല*മാതൃഭൂമി*. ഇക്കാലത്തെ മാതൃകാചരിത്രസംഭവങ്ങൾ:

1. മുത്തങ്ങ സമരം,
2. ചുംബനസമരം,
3. *ചെമ്മീൻ* സിനിമാ സുവർണ്ണ ജൂബിലി.

ഇവയും, മുൻരീതിയിൽ അപഗ്രഥിച്ച് ആഴ്ചപ്പതിപ്പിന്റെ പ്രതികരണ-വ്യതിയാനങ്ങളെ പ്രത്യയശാസ്ത്രപരമായി വിലയിരുത്തുന്നു. അതോടെ പൂർത്തിയാകുന്നതോ, പുതിയകാല*മാതൃഭൂമി*യുടെ പ്രത്യയശാസ്ത്രപരമായ വായനയും.

തുടർന്നുവരുന്ന ഉപദർശനങ്ങൾ, രണ്ടുമുതൽ അഞ്ചുവരെയുള്ള അധ്യായങ്ങളിലെ പ്രധാന നിഗമനങ്ങൾ ക്രോഡീകരിക്കപ്പെട്ടതാണ്. പിന്നാലെയുള്ള ഉറവിടസൂചി, പദസൂചി, അനുബന്ധം എന്നിവയോടെ പ്രബന്ധം പൂർണ്ണമാകുകയും ചെയ്യുന്നു.

**പരിമിതികൾ**

തീർച്ചയായും, ഈ പഠനത്തിനു പരിമിതികളുണ്ട്. *മാതൃഭൂമി* ആഴ്ചപ്പതിപ്പിന്റെ സാംസ്കാരികസ്ഥലികളിൽ ഒതുങ്ങിയാണ് പഠനം. അന്വേഷണത്തിന്റെ ശക്തി എന്നതുപോലെ പോരായ്മയുമാണത്. ഇതര ആനുകാലികങ്ങളും പ്രസക്തംതന്നെ. തന്നെയുമല്ല, ആകസ്മിക-മാതൃകാലക്കങ്ങളിലേയ്ക്കും നിശ്ചിതചരിത്രസന്ദർഭങ്ങളിലേയ്ക്കും ചുരുങ്ങേണ്ടി-വന്നിട്ടുമുണ്ട്. കൂടുതൽ ലക്കങ്ങൾ പഠിക്കേണ്ടതാണ്; കൂടുതൽ സന്ദർഭങ്ങളിലേയ്ക്കു പോകേണ്ടതുമുണ്ട്. എന്നാൽ, സൂക്ഷ്മപഠനങ്ങൾക്കു സഹജമാണ്, അങ്ങനെയുള്ള പരിമിതികൾ. അതിലൂടെ വന്നുകൂടുന്ന വിടവുകൾ

സൂക്ഷ്മപഠനങ്ങളുടെ അനിവാര്യതയുമാണ്. അതേസമയം, ഒരുപാടു സൂക്ഷ്മപഠനങ്ങൾക്കുള്ള വാതിലുകളായി മാറുന്നതിനാൽ അത്തരം വിടവുകൾ ഏതൊരു പഠനത്തിന്റെയും പരോക്ഷനേട്ടങ്ങൾതന്നെയാണെന്ന് പുതിയകാലത്തെ ഗവേഷണകാഴ്ചപ്പാട് ഓർമ്മിപ്പിക്കുന്നുമുണ്ട്. അങ്ങനെ, അനിവാര്യമായ പരിമിതികൾ ഒപ്പമുണ്ടെങ്കിലും ആനുകാലികങ്ങളെ പൊതുവിലും, *മാതൃഭൂമി* ആഴ്ചപ്പതിപ്പിനെ വിശേഷിച്ചും, പ്രത്യയശാസ്ത്രീകരിക്കുന്ന ഈ പഠനം അക്കാരണംകൊണ്ടുതന്നെ പ്രസക്തമാണ് എന്ന് ഉറപ്പിക്കുകയും ചെയ്യുന്നു.

## പിൻകുറിപ്പുകൾ

---

[1]*മാതൃഭൂമി* പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനി ലിമിറ്റഡിന്റെ പ്രസിദ്ധീകരണം. RNI Reg. No. 35999/80 (*മാതൃഭൂമി* ദിനപത്രം, 8 ജൂൺ 2016. 18).

[2]"(1923) മാർച്ച് പതിനാറാം തിയ്യതി... ഫോർമാൻ... മെഷീൻ കൈകൊണ്ടു തിരിക്കാൻ തുടങ്ങി... അച്ചടിച്ച പത്രം മടക്കി ആദ്യത്തെ പ്രതി... പത്രാധിപർ കേശവമേനോന്റെ കൈയിൽക്കൊടുത്തു... *മാതൃഭൂമി* പിറന്നു." (മേനോൻ, വി. ആർ. *മാതൃഭൂമിയുടെ ചരിത്രം*. ഒന്നാം വാല്യം. രണ്ടാം എഡിഷൻ. കോഴിക്കോട്: *മാതൃഭൂമി* 1998 56-57)

[3]"*The Mathrubhumi Illustrated Weekly*, Registration No. 3054". (*Press in India – 2013 – 14*. 58th Annual Report of News Papers for India, Ministry of Information & Broadcasting, Government of India 473).

[4]"1932 ജനവരി (ഗ്രന്ഥപാഠം) പതിനെട്ടാം തിയ്യതി തിങ്കളാഴ്ച. അന്നാണ്... *മാതൃഭൂമി* ആഴ്ചപ്പതിപ്പിന്റെ ആദ്യലക്കം പുറത്തിറങ്ങിയത്." (മേനോൻ 363)

[5]"സാമ്പത്തികാസ്തിത്വത്തിന്റെ അടിത്തറയും സാംസ്കാരികസ്ഥാപനങ്ങളുടെ മേൽത്തറയും തമ്മിലുള്ള ബന്ധത്തെയാണ് മാർക്സിയൻ സാംസ്കാരികാപഗ്രഥനം കേന്ദ്രവിഷയമായി കണക്കാക്കുന്നത്." (രാജേന്ദ്രൻ, സി. *സൌന്ദര്യശാസ്ത്രം*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2000: 81)

[6]"ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഒരു ആഗോളസാംസ്കാരിക-രാഷ്ട്രീയശക്തി എന്ന നിലയ്ക്ക് ഉണ്ടായ തിരിച്ചടിയിൽനിന്ന് മാർക്സിസത്തെ രക്ഷിക്കാൻ ഉണ്ടായ സൈദ്ധാന്തികസംരംഭം." (Sim, Stuart. *Post-Marxism: An Intellectual History*. London: Routledge 2000 1)

[7] രവീന്ദ്രൻ, പി. പി. *സംസ്കാരപഠനം: ഒരു ആമുഖം*. കോട്ടയം: ഡി. സി. 2002 11

[8]"പത്തൊൻപതാം നൂറ്റാണ്ടിലെ മുതലാളിത്തവ്യവസ്ഥയിലെ ആന്തരികവൈരുദ്ധ്യങ്ങളെയും അതിനോടുള്ള തൊഴിലാളിവർഗ്ഗത്തിന്റെ നിലപാടുകളെയുമാണ് മാർക്സും ഏംഗൽസും വിശദീകരിച്ചത്. മുതലാളിത്തത്തിന്റെ വികസിതരൂപമായ സാമ്രാജ്യത്വകാലഘട്ടത്തിലെ സവിശേഷതകളും

തൊഴിലാളിവർഗ്ഗത്തിന്റെ ഉത്തരവാദിത്വവുമാണ് ലെനിൻ വിശദീകരിച്ചത്. സാമ്രാജ്യത്വകാലഘട്ടത്തിലെ മാർക്സിസമാണ് ലെനിനിസം. ഫാഷിസ്റ്റ്കാലഘട്ടത്തിലെ മാർക്സിസമാണ് ഗ്രാംഷിയൻ ചിന്ത." (കാർത്തികേയൻ നായർ, വി. 'മുഖവുര'. *ജയിൽക്കുറിപ്പുകൾ ചരിത്രം, സമൂഹം, ദർശനം*. തിരുവനന്തപുരം: മൈത്രി 2007 24)

[9]"മേല്പുരഘടകങ്ങൾക്കു പ്രാധാന്യം നല്കുന്ന, അവയുടെ ക്രിയാത്മകത്വത്തിൽ ഊന്നുന്ന, പക്ഷേ, അതേസമയംതന്നെ മേല്പുരയും അടിത്തറയും തമ്മിലുള്ള ജൈവബന്ധം തിരിച്ചറിയുന്ന ഒരു സൈദ്ധാന്തികചട്ടക്കൂട് ഗ്രാംഷി വിഭാവനം ചെയ്യുന്നു. ഇരുപതാംനൂറ്റാണ്ടിലുണ്ടായ സാങ്കേതിക-വൈഷണികവികാസങ്ങളെ അഭിസംബോധനചെയ്യാൻ, ബൂർഷ്വാ പ്രത്യയശാസ്ത്രത്തെ നേരിടാൻ, ഈ ചട്ടക്കൂടിനു കഴിയുമെന്നതാണ് ഇതിന്റെ കാലികപ്രാധാന്യം." (പണിക്കർ, കെ. എൻ. 'അന്തോണിയോ ഗ്രാംഷി: ഒരാമുഖം' ibid 21)

[10]"ജീവിതത്തിന്റെ സർവ്വമേഖലകളെയും ഉൾക്കൊള്ളുന്ന പദമാണത് (സാംസ്കാരികപഠനങ്ങൾ). വിജ്ഞാനപ്രവർത്തനമുൾപ്പെടെ എല്ലാറ്റിനെയും മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധമായിക്കാണുകയാണതിൽ." (മലയാളപഠനസംഘത്തിനുവേണ്ടി ദിലീപ് കുമാർ കെ. വി. മുതലായവർ. 'ആമുഖം'. *സംസ്കാരപഠനം ചരിത്രം, സിദ്ധാന്തം, പ്രയോഗം*. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം 2011 10)

[11]ഗണേഷ്, കെ. എൻ. *കേരളസമൂഹപഠനങ്ങൾ*. രണ്ടാം പതിപ്പ്. പത്തനംതിട്ട: പ്രസക്തി 2002 25

[12]"We can mean by it (ideology), first, the general material process of production of ideas, beliefs and values in social life. Such a definition is... close to the broader meaning of the term 'culture'. Ideology, or culture, would here denote the whole complex of signifying practices and symbolic processes in a particular society, it would allude to the way individuals lived their social practices, rather than to those practices themselves, which would be the preserve of politics, economics, kinship theory and so on." (Eagleton, Terry. *Ideology: An Introduction*. London: Verso 1991 28)

[13]"ജീവിതം ഒരർത്ഥത്തിൽ ഒരു വ്യക്തിക്ക് അവനവന്റെ സ്വയം തിരിച്ചറിവിനുള്ള അവസരമാണ് നൽകുന്നത്. ആ തിരിച്ചറിവിലൂടെ മുന്നോട്ടുപോകുന്നതാണ് ഒരു വ്യക്തിയുടെ സ്വത്വം. ഈ തിരിച്ചറിവ് എങ്ങനെയാണ് വളർന്നുവരുന്നത് എന്നതാണ് സംസ്കാരം... ഇത് വാസ്തവത്തിൽ

പ്രത്യയശാസ്ത്രത്തിന് കൂടുതൽ ശക്തി സിദ്ധിച്ച കാലമാണ്. എല്ലാ കാലങ്ങളിലും പ്രത്യയശാസ്ത്രം സമൂഹത്തിൽ സജീവമാണ്. പക്ഷേ, ഇന്ന് കേരളത്തിൽ, ഇന്ത്യയിൽത്തന്നെ, അത് ശക്തമായി നമ്മുടെ ജീവിതത്തെ സ്വാധീനിച്ചുകൊണ്ടിരിക്കുകയാണ്... പ്രത്യയശാസ്ത്രത്തിന്റെ ഒരു അതിപ്രസരമുള്ള കാലഘട്ടമാണിത്. സംസ്കാരം, പ്രത്യയശാസ്ത്രത്തിന്റെ സ്വാധീനം വളരെയധികമുള്ള മേഖലയാണ്. അതുകൊണ്ട് സംസ്കാരത്തെപ്പറ്റിപ്പറിക്കാതെ, സാംസ്കാരികപ്രശ്നങ്ങളെപ്പറ്റി മനസ്സിലാക്കാതെ, വാസ്തവത്തിൽ ഇന്നു സമൂഹത്തെ മനസ്സിലാക്കാൻ സാധിക്കുകയില്ല. അത് ഒരു ദേശീയമായ പ്രശ്നമല്ല, അന്തർദ്ദേശീയമായ പ്രശ്നമാണ്." (പണിക്കർ, കെ. എൻ. 'അഭിമുഖം'. അനുബന്ധം 1 287)

[14]"A magazine is generally recognized by its colour cover and its stapled or stitched pages… Magazines are published at regular intervals and contain articles by more than one person. Magazines publish weekly, monthly and sometimes daily." (Bowker, Julian. *Looking At Media Studies*. UK: Hodder & Stoughton 2003 179)

[15]"Within or alongside the larger field of print culture, a new area of scholarship is emerging in the humanities and the more humanistic social sciences: periodical studies" (Latham, Sean and Scholes, Robert. *The Rise of Periodical Studies*. USA: PMLA 517)

[16]"Media (radio, television, newspapers, periodicals, Web sites) that reach large audiences." (Danesi, Marcel. *Dictionary of Media and Communications*. USA: M. E. Sharpe 2009 188)

[17]"ചിലപ്പോൾ സൂക്ഷ്മതലത്തിൽ നടത്തുന്ന പഠനങ്ങൾ നല്കുന്ന വെളിച്ചം സ്ഥൂലതലത്തിൽ പ്രകടമാകുന്ന സാമാന്യവത്കരണങ്ങൾക്കു വിരുദ്ധമായിപ്പോലുംവരാം. അങ്ങനെ വന്നാൽ, അന്വേഷണങ്ങൾക്ക് പുതിയ ദിശാബോധവും മാനവും നല്കാൻ അതിടയാക്കും. ഇവിടെയാണ്, സൂക്ഷ്മതലപഠനങ്ങളുടെ പ്രസക്തി." (ശ്രീകുമാർ, പി. എൻ. *കണ്ണടകളും കാഴ്ചകളും*. തിരുവനന്തപുരം: സെഡ് ലൈബ്രറി 2005 21)

[18]"*The Mathrubumi Illustrated Weekly*, Claimed circulation 46,548". (*Press in India – 2013 – 14* 473).

[19]"*മാധ്യമം ആഴ്ചപ്പതിപ്പ്* (പ്രചാരം 49,356), *മാതൃഭൂമി ആഴ്ചപ്പതിപ്പ്* (46,548), *കലാകൗമുദി വാരിക* (18,103), *സമകാലികമലയാളം* വാരിക (10,649)". (ibid 473, 474, 552, 553).

[20]"എന്റെ തലമുറയുടെ ഭാഗധേയം കരുപ്പിടിപ്പിക്കുന്നതിൽ '*മാതൃഭൂമി* ആഴ്ചപ്പതിപ്പ് വഹിച്ച പങ്കു ചെറുതല്ല. 'ആഴ്ചപ്പതിപ്പ്' എന്നു പറഞ്ഞാൽ '*മാതൃഭൂമി* എന്നായിരുന്നു അന്നർത്ഥം... ഈ കാലത്തും മലയാളത്തിലെ സാഹിത്യമുഖ്യധാരയെ നിർവ്വചിക്കുന്നത് *മാതൃഭൂമി*തന്നെ."(സച്ചിദാനന്ദൻ. 'ആഴ്ചപ്പതിപ്പെന്നാൽ *മാതൃഭൂമി*. *മാതൃഭൂമി* ദിനപത്രം. 6 ജനുവരി 2014 12).

[21]"എൻ. വി.ക്കു പിറകേ വന്ന എം. ടി. വാസുദേവൻ നായരുടെ കാലം ആഴ്ചപ്പതിപ്പിന്റെ സുവർണ്ണ കാലമായിരുന്നു.". (സച്ചിദാനന്ദൻ. ibid)

[22](1)"കുഞ്ഞുണ്ണിയുടെ കവിതകൾ *മാതൃഭൂമി* ആഴ്ചപ്പതിപ്പ് ബാലപംക്തിയിൽ കുട്ടികൾക്കുള്ള കവിതകൾ എന്ന നിലയ്ക്കേ പ്രസിദ്ധീകരിച്ചുള്ളൂ. പൊതു പേജുകളിലേയ്ക്കു നൽകിയ കവിതകൾ പത്രാധിപർ എൻ. വി. കൃഷ്ണവാരിയർ സ്ഥിരമായി നിരാകരിച്ചു. കുഞ്ഞുണ്ണിക്കവിതകൾ എന്ന പേര് അവയ്ക്കു നൽകിയതും അവ *ജനയുഗം വാരിക*യിൽ പംക്തിയായി പ്രസിദ്ധീകരിച്ചതും കാമ്പിശ്ശേരി കരുണാകരനാണ്. മലയാളത്തിൽ ആധുനികതയുടെ ഒരു ചിനപ്പു പൊട്ടുന്നത് കുഞ്ഞുണ്ണിയുടെ പൂമരത്തിലാണെന്നത് മിക്കവരുടെയും കണ്ണിൽപ്പെട്ടില്ല... വല്ലവർക്കുമല്ല, *മാതൃഭൂമി*ക്കു തന്നെയും അതു തിരിച്ചറിയാനായില്ല." (കാരശ്ശേരി, എം. എൻ. 'അവതാരിക', *കുഞ്ഞുണ്ണിക്കൃതികൾ*, ഒന്നാം വാല്യം, കോട്ടയം: ഡി. സി. 2006 11)

(2)"2003 മുതൽ *മാതൃഭൂമി* ആഴ്ചപ്പതിപ്പിൽ ഞാൻ എഴുതിയിട്ടില്ല. ഒരു കാലത്ത് കഥയ്ക്ക് ഏറ്റവും വലിയ സ്ഥാനം നല്കിയിരുന്ന ആഴ്ചപ്പതിപ്പ് ആ നിലപാടിൽ നിന്നു മാറിയതായിത്തോന്നിയപ്പോൾ ഞാൻ വേറെ മേച്ചിൽപ്പുറങ്ങൾ അന്വേഷിച്ചുവെന്നതാണ് സത്യം." (പത്മനാഭൻ, ടി. 'പ്രകാശം പരത്തിയ ബന്ധം'. *മാതൃഭൂമി* ദിനപത്രം. 6 ജനുവരി 2014 12)

(3)"എന്റെ ആദ്യ കവിതകൾ പ്രസിദ്ധീകരിക്കുന്നത് ലിറ്റിൽ മാഗസിനുകളിൽ - *സമീക്ഷ*, *അന്വേഷണം* മുതലായവയിൽ - ആണ്". (സച്ചിദാനന്ദൻ. 'ആഴ്ചപ്പതിപ്പെന്നാൽ *മാതൃഭൂമി*. *മാതൃഭൂമി* ദിനപത്രം. 6 ജനുവരി 2014 12)

[23]"In fact, in its traditional form, history proper was concerned to define relations... between facts and events... hence the possibility of revealing series with widely spaced intervals formed by rare repitative events." (Foucault, Michel. *Archaeology of Knowledge*. London: Rautledge 2002 8)

[24]"The appearance of long periods in the history is not a return to the philosophers of history, to the great ages of the world, or to the periodization dictated by the rise and fall of civilization; it is the effect of the methodologically concerted development of series." (ibid 8-9)

[25]"Foucault's genealogical and archeological analyses of discourses involve a non-linear… historical account of those discourses or institutions that have formed our ideas… revealing how dominant power structures maintain their superiority over the margins through the creation of particular discourses." (Rajitha Venugopal. Krishnanand, A… *What About Theory?*. Kalyany Vallath Ed. Thiruvananthapuram: TES 2011 115)

[26]"ഒരു വ്യവസ്ഥയിലും അതിന്റേതു മാത്രമായ ആശയങ്ങൾ നിലനിൽക്കുന്നില്ല. ഇന്നത്തെ കേരളസമൂഹത്തിൽ, അത്യാധുനികന്മാരുണ്ട്, ആധുനികന്മാരുണ്ട്, ഫ്യൂഡൽ സ്വഭാവമുള്ളവരുണ്ട്, ഈ വിവിധവിഭാഗത്തിൽപ്പെട്ടവർ തമ്മിലുള്ള സംഘർഷമാണ് വാസ്തവത്തിൽ കേരളത്തിന്റെ സ്വഭാവത്തെ അടയാളപ്പെടുത്തുന്നത്. അതിൽ, ആർക്ക് മേൽക്കൈ കിട്ടുന്നുവോ അതനുസരിച്ചായിരിക്കും സ്വഭാവനിർണ്ണയം. ഇന്നത്തെ സംസ്കാരത്തെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നത് ഏറ്റവും മുകളിലുള്ള ഒരു ചെറിയ ശതമാനത്തിന്റെ സംസ്കാരമാണ്." (പണിക്കർ. അനു.1 285)

[27]Williams, Raymond. *Television: Technology and Cultural Form.* First Indian Reprint. London: Routledge 2004.

[28]"This book is a classic because it inaugurated ways of thinking about a new technology – television – as part of everyday material culture which are even more pertinent to us now as we enter the digital age." (Brunsdon, Charlotte. 'Opening Sentences' ibid)

[29] "The founding text of television studies. A true classic; always worth consulting for its style, scope, and insights." (Gripsrud, Jostein. 'Opening Sentences' ibid)

[30]"ടെലിവിഷന്റെ മാത്രമല്ല, സമകാലമാധ്യമങ്ങളുടെതന്നെ മാർക്സിയൻ പഠനങ്ങളുടെ മാനിഫെസ്റ്റോയാണ് റെയ്മണ്ട് വില്യംസിന്റെ ഈ ഗ്രന്ഥം... മാധ്യമപഠനരംഗത്തെ... കമ്യൂണിസ്റ്റ്

മാനിഫെസ്റ്റോയാണ് (ഈ) കൃതി... നവമാർക്സിയൻ, ബ്രിട്ടീഷ് സാംസ്കാരികപഠനസമീപനങ്ങളിലാണ് വില്യംസിന്റെ ഗ്രന്ഥം രചിക്കപ്പെട്ടിരിക്കുന്നത്... വില്യംസ് നടത്തിയ നിരീക്ഷണങ്ങളിൽപ്പലതും ഇന്നും പ്രസക്തമാണ്." (ഷാജി ജേക്കബ്. 'മാധ്യമപഠനത്തിന്റെ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ'. *മീഡിയ.* ഒക്ടോബർ 2014 42-45)

[31]Herman, S. Edward and Chomsky, Noam. *Manufacturing consent: The Political Economy of the Mass Media*. London: Vintage 1994.

[32]"They who have put out the people's eyes, reproach them of their blindness." (Milton John. 'Opening Sentences' ibid vii)

[33]Tables 2 – 1 (P 40 – 41), 2 – 3 (P 84), 3 - 1 (P 132 – 133), 3 – 2 (P 134 - 135), 3 – 3 (Herman, S. Edward and Chomsky, Noam. ibid 135 – 136)

[34]ജെഫ്രി, റോബിൻ. *ഇന്ത്യയിലെ പത്രവിപ്ലവം: മുതലാളിത്തം, രാഷ്ട്രീയം, ഭാരതീയ ഭാഷാ പത്രങ്ങൾ, 1977 – 99.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2004.

[35]അനുബന്ധം1 282

[36]*A History of American Magazines* എന്ന അദ്ദേഹത്തിന്റെ രചന 1939-ൽ ചരിത്രത്തിനുള്ള പുലിറ്റ്സർ സമ്മാനം നേടി (en.wikipedia.org/wiki/Frank_Luther_Mott)

[37]"Any reference of any time to the past is formed within a discourse of the present." (Rajeevan, B. 'Cultural Formation of Kerala'. *Essays on the Cultural Formation of Kerala: Literature, Art, Architecture, Music, Theatre, and Cinema*. Vol. IV, Part II. Thiruvananthapuram: Kerala State Gazetteer 1999 1)

[38]History of the book, ആദികാലം മുതലുള്ള പാഠങ്ങളുടെ പ്രസാധനവും വിതരണവും, പ്രചാരണവും പഠിക്കുന്ന ജ്ഞാനശാഖ. en.wikipedia.org/wiki/History_of_the_book

[39]"The new historicist situates the literary text in the political situation of its own day, while the cultural materialist situates it within that of ours." (Barry, Peter. *Beginning Theory: An Introduction to Literary and Cultural Theory*. Third Ed. New Delhi: Viva 2012 179)

# അദ്ധ്യായം 1

# സംസ്കാരം, പ്രത്യയശാസ്ത്രം

*മാതൃഭൂമി*യെ സാംസ്കാരികമായി പഠിക്കുന്നതിന്റെ താത്വികവും പ്രായോഗികവുമായ മുഖവുരയാണ് ഈ അദ്ധ്യായം. ഈ പ്രതിപാദനം രണ്ടു പടവുകളിലൂടെ മുന്നോട്ടുനീങ്ങും:

1. എന്താണ് സാംസ്കാരികപഠനങ്ങൾ എന്ന അന്വേഷണം,
2. എന്താണ് മാധ്യമപഠനങ്ങൾ എന്ന വിശദീകരണം.

## 1.1. സാംസ്കാരികപഠനങ്ങൾക്ക് ഒരാമുഖം

ഇംഗ്ലീഷിലെ കൾച്ചറൽ സ്റ്റഡീസ് എന്ന വാക്കിന് സാംസ്കാരികപഠനങ്ങൾ എന്നാണ് മലയാളത്തിലെ പൊതുപ്രയോഗം. സംസ്കാരപഠനം,[1] സാംസ്കാരികപഠനം[2] എന്നീ പാഠാന്തരങ്ങളുമുണ്ട്. പക്ഷേ, അംഗീകൃതരൂപം സാംസ്കാരികപഠനങ്ങൾ എന്നതുതന്നെ.[3] 'സംസ്കാര'പഠനമല്ല 'സാംസ്കാരിക'പഠനങ്ങൾ. സാംസ്കാരികപഠനങ്ങൾ ഉരുത്തിരിയുംമുമ്പേയുണ്ട്, സംസ്കാരപഠനം: കലയെക്കുറിച്ചുള്ള പഠനം, സാഹിത്യസംബന്ധിയായ പഠനം, പാരമ്പര്യത്തെപ്പറ്റിയുള്ള പഠനം, ആചാരങ്ങളെക്കുറിച്ചുള്ള പഠനം, അനുഷ്ഠാനങ്ങളെക്കുറിച്ചുള്ള പഠനം, ആഘോഷങ്ങളെക്കുറിച്ചുള്ള പഠനം എന്നിങ്ങനെയൊക്കെ. മലയാളത്തിലെ 'സംസ്കാരപഠനങ്ങൾ' എന്ന പുസ്തകംതന്നെ ഏറ്റവും നല്ല ഉദാഹരണം. പി. കെ. പരമേശ്വരൻ നായർ സ്മാരക ട്രസ്റ്റിന്റെ വേദികളിൽ അവതരിപ്പിച്ച വിദ്വത്പ്രബന്ധങ്ങളുടെ സമാഹാരമാണ് ആ ബൃഹദ്ഗ്രന്ഥം.[4] അതിലെ ഉള്ളടക്കത്തിന്റെ വിഷയപരമായ വൈവിദ്ധ്യം അത്ഭുതകരമാണ്.[5] അതുമാത്രം മതി, സംസ്കാരപഠനമേഖലയുടെ വൈപുല്യം വെളിപ്പെടാൻ.

സംസ്കാരത്തെക്കുറിച്ചുള്ള ഏതു പഠനവും സംസ്കാരപഠനമാകും; അത് ഏതു കാലത്തു നടക്കുന്നതാകട്ടെ, ഏതു രീതിയിൽ നടക്കുന്നതുമാകട്ടെ.[6] എന്നാൽ, സാംസ്കാരികപഠനങ്ങൾ എന്ന പഠനപദ്ധതി പിൻതുടർന്ന്,

സാംസ്കാരികമായി നടത്തുന്ന പഠനമേ സാംസ്കാരികപഠനങ്ങളുടെ പരിവൃത്തത്തിൽ വരൂ.[7] കൾച്ചറൽ സ്റ്റഡീസ് എന്ന സമസ്തപദത്തിൽ ഘടകപദങ്ങൾ രണ്ടാണ് - 'കൾച്ചറ'ലും 'സ്റ്റഡീ'സും. 'കൾച്ചറൽ' എന്ന വിശേഷണത്തിനും[8] 'സ്റ്റഡീസ്' എന്ന വിശേഷ്യത്തിനും[9] സവിശേഷ വിവക്ഷകളുണ്ട്. സംസ്കാരത്തെക്കുറിച്ച് പല കാലത്ത്, പല അനുഭവമണ്ഡലങ്ങളിൽ, പല പഠനപ്രതലങ്ങളിൽ പിറന്നുവീണ വിശദീകരണങ്ങളുടെ പ്രശ്നവത്കരണത്തിന്റെ സന്തതിയായാണ്, സാംസ്കാരികപഠനങ്ങൾ സ്വയം കാണുന്നത്. സാംസ്കാരികപഠനങ്ങൾ വേറിട്ടൊരു പഠനപദ്ധതിതന്നെയാണ്. എല്ലാ പഠനങ്ങളുടെയും വിച്ഛേദനം കുറിച്ചുകൊണ്ട് നിലവിൽ വന്നതായി സ്വയം വിലയിരുത്തുന്ന പഠനസമ്പ്രദായം. അതുകൊണ്ടുതന്നെ, സംസ്കാരപഠനങ്ങൾ സാംസ്കാരികപഠനങ്ങളിൽ ഉൾക്കൊള്ളുകപോലുമില്ല. സംസ്കാര-പഠനങ്ങൾക്കാകട്ടെ, തീർച്ചയായും, ചില സാംസ്കാരികപഠനങ്ങളെ സ്വന്തം പരിധിയിലുൾക്കൊള്ളാൻ കഴിയും. പക്ഷേ, എല്ലാ സാംസ്കാരിക-പഠനങ്ങളെയും ഒരിക്കലും അതിനു കൂടെക്കൂട്ടാനാകില്ലതന്നെ. ചുരുക്കത്തിൽ, Study of Culture അല്ല Cultural Studies എന്ന വിവക്ഷതന്നെയാണ് കൾച്ചറൽ സ്റ്റഡീസ് എന്ന് ഇംഗ്ലീഷിലും സാംസ്കാരികപഠനങ്ങൾ എന്നു മലയാളത്തിലുമുള്ള ആ പദചേരുവ പേറുന്നത്. ലളിതമായ ഒരു നിർവചനനിർമ്മിതിയിലേയ്ക്കു പോയാൽ, **'സാംസ്കാരികമായി പഠിക്കുക'** എന്നതാണ് സാംസ്കാരികപഠനങ്ങൾ എന്ന പ്രയോഗത്തിന്റെ മർമ്മം.

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആറാം ദശകത്തിലാണ് സാംസ്കാരിക-പഠനങ്ങളുടെ ഉത്ഭവം. റിച്ചാർഡ് ഹോഗാർട്ടിന്റെ *സാക്ഷരതയുടെ ഉപയോഗം* (1957),[10] റെയ്മൺഡ് വില്യംസിന്റെ *സംസ്കാരവും സമൂഹവും* (1958)[11] എന്നീ ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തോടെ അതു സാന്നിദ്ധ്യമറിയിച്ചു.[12] 1968-ൽ സ്ഥാപിച്ച ബ്രിട്ടനിലെ ബർമിംഗ്ഹാം സെന്റർ ഫോർ കണ്ടംപററി

സ്റ്റഡീസിൽ (സി.സി.സി.എസ്.) ഇടം കിട്ടിയതോടെ അതിന് അക്കാദമികമായ അംഗീകാരവും കൈവന്നു.[13] സ്റ്റുവർട്ട് ഹാൾ, ഇ. പി. തോംസൺ തുടങ്ങിയ ചിന്തകരുടെ സംഭാവനകൾ കൂടിച്ചേർന്നപ്പോൾ സാംസ്കാരികപഠനങ്ങൾക്ക് മാനങ്ങളേറി.[14] ഈ പുരാവൃത്തം മുൻനിർത്തി, ബ്രിട്ടനിൽ 1960-കളിലാണ് സാംസ്കാരികപഠനങ്ങൾ തുടങ്ങിയതെന്നു പറയാം. പക്ഷേ, സാങ്കേതികാർത്ഥത്തിൽ മാത്രമുള്ള പ്രസ്താവമാകും അത്.

കൃത്യമായിപ്പറഞ്ഞാൽ, ഫ്രാങ്ക്ഫർട്ട് സ്കൂൾ എന്ന ചിന്താകേന്ദ്രം യാഥാർത്ഥ്യമായതോടെ - ഫ്രാങ്ക്ഫർട്ടിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ റിസർച്ചിന്റെ ഡയറക്ടറായി മാക്സ് ഹൊർഖീമർ എത്തിയതു മുതലേ - അനൌപചാരികമായി സമാരംഭിക്കുന്നുണ്ട് സാംസ്കാരികപഠനങ്ങൾ.[15] തിയഡോർ അഡോണോ, ഹെർബർട് മാർക്യൂസ്, വാൾടർ ബൻയാമിൻ എന്നിവർ പിറക്കാനിരിക്കുന്ന സാംസ്കാരികപഠനങ്ങൾക്ക് ഇവിടെനിന്ന് മുൻകൂർസംഭാവനകൾ നല്കി.[16] സൂക്ഷ്മാർത്ഥത്തിൽ സമകാല സംസ്കാരത്തെക്കുറിച്ചുള്ള അന്വേഷണംതന്നെയായിരുന്നു ഫ്രാങ്ക്ഫർട് സ്കൂളിന്റെ ദൌത്യം. മാർക്സിസത്തിന്റെ (അതുവരെ ചരിത്രത്തിനു പരിചയമുള്ള) പ്രയോഗവിധങ്ങളെ മറികടക്കുന്ന സൈദ്ധാന്തിക-പ്രയോഗമായിരുന്നു ഈ നിരയിലെ ധിഷണാശാലികൾക്ക് പഠനവും പഠിപ്പിക്കലും. ഹൊർഖീമറും അഡോണോയും ചേർന്നെഴുതിയ *ജ്ഞാനോദയത്തിന്റെ വൈരുദ്ധ്യം* 1944-ൽ പുറത്തുവന്നു.[17] സാംസ്കാരികപഠനങ്ങൾക്ക് ഫ്രാങ്ക്ഫർട്ട് സ്കൂളിൽനിന്നുണ്ടായ ഏറ്റവും വലിയ സംഭാവനയുമായി അത്. “വാസ്തവത്തിൽ ഫ്രാങ്ക്ഫർട് ചിന്തകർ സംസ്കാരവിചാരമേഖലയ്ക്കു നല്കിയ വലിയ സംഭാവന... സംസ്കാരവ്യവസായത്തെക്കുറിച്ചുള്ള... വിശദീകരണങ്ങളാണ്.”[18]

ഇതിനുപിന്നാലേയാണ്, ബർമിങ്ഹാം സ്കൂളിന്റെ രംഗപ്രവേശം. ഹൊഗ്ഗാർട്ടിന്റെ *സാക്ഷരതയുടെ ഉപയോഗങ്ങളി*ൽ, ബ്രിട്ടീഷ് തൊഴിലാളി

വർഗ്ഗത്തിന്റെ ബഹുജനസംസ്കാരമായിരുന്നു പ്രതിപാദ്യം. മേധാവിത്വ-സംസ്കാരത്തിനിടെ മിക്കപ്പോഴും ഞെരുങ്ങിപ്പോകുന്ന ചെറു-സംസ്കാരങ്ങളാണ് ഹൊഗ്ഗാർട്ടിനെ ചിന്തിപ്പിച്ചത്. സാമൂഹികശാസ്ത്രത്തെ സാഹിത്യവിമർശവുമായി കൂട്ടിയിണക്കിയ ഈ രചന, പിന്നീട് സാംസ്കാരികപഠനങ്ങളുടെ മാതൃകാഗ്രന്ഥമായി. ഇതിനും പിന്നാലേയാണ്, വില്യംസിന്റെ *സംസ്കാരവും സമൂഹവും* വന്നത്; 1780 മുതൽ 1950 വരെയുള്ള സംസ്കാരത്തെക്കുറിച്ചുള്ള സങ്കല്പനങ്ങളുടെ ആലേഖനവുമായി.[19] സംസ്കാരത്തെ, 'ചലിപ്പിക്കുന്ന'താക്കി മാറ്റി വില്യംസ്.[20] 1960-ൽ *ന്യൂ ലെഫ്റ്റ് റിവ്യൂ* തുടങ്ങി. സ്ഥാപകപത്രാധിപർ ഹാൾ തന്നെ. മുതലാളിത്തത്തെയും ഉപഭോക്തൃസംസ്കാരത്തെയും ജനപ്രിയ-സംസ്കാരത്തെയും കുറിച്ചുള്ള ചിന്തകൾ വായനക്കാരിലെത്തിച്ച് സാംസ്കാരികപഠനങ്ങളുടെ മുഖപത്രമായിമാറി *ന്യൂ ലെഫ്റ്റ് റിവ്യൂ*.[21]

ചുരുക്കമിതാണ്:

1. 1964-ൽ സി.സി.സി.എസ്. തുടങ്ങുംമുമ്പേ സാംസ്കാരികപഠനങ്ങൾക്ക് ചരിത്രമുണ്ട്;
2. ആ ചരിത്രത്തിൽ ഫ്രാങ്ക്ഫർട്ട് സ്കൂളും ഹൊഗ്ഗാർട്ടും വില്യംസും *ന്യൂ ലെഫ്റ്റ് റിവ്യൂ*വുമുണ്ട്.

എന്നാൽ, സി.സി.സി.എസ്. തുടങ്ങിയതോടെയാണ് സാംസ്കാരിക-പഠനങ്ങൾ അക്കാദമിക് പഠനശാഖയായി മാറിയത് എന്നതു നിസ്തർക്കമാണ്. സി.സി.സി.എസ്സിന്റെ സ്ഥാപകനും നാമകർത്താവും ഹൊഗ്ഗാർട്ടായിരുന്നു. സഹായിയും പില്ക്കാലനായകനുമായത് ഹാളും. അക്കാദമികചരിത്രത്തിന് സി.സി.സി.എസ്. നല്കിയ വലിയ സംഭാവന അന്തർവിഷയീപഠനങ്ങൾക്കു തുടക്കമിട്ടതാണ്. അതോടെ, സാമ്പ്രദായിക അക്കാദമിക് വിദ്യാഭ്യാസത്തിന്റെ അനുശീലനപദ്ധതികൾ അതിഗമിക്കപ്പെട്ടു. ഓരോ പഠനശാഖയുടെയും അതിരുകൾ

ഇതരജ്ഞാനശാഖകളുടെ അറിവുകളുടെ പ്രയോഗത്തിൽ അസംഗതമായി. ഇംഗ്ലീഷ് പഠനത്തെ സി.സി.സി.എസ്. മാറ്റിമറിച്ചു. ഭാഷ പഠിപ്പിക്കാനായി സാഹിത്യം പഠിപ്പിക്കുന്നതിലെ ഉന്നതസംസ്കാരവിവക്ഷകളെ പ്രശ്നവത്കരിച്ചുകൊണ്ട് സാംസ്കാരികപഠനങ്ങൾ മുന്നോട്ടു വന്നപ്പോഴുണ്ടായ ഏറ്റവും വലിയ അക്കാദമിക് വ്യതിയാനം അതുകൂടിയായിരുന്നു.[22]

അറുപതുകളുടെ രണ്ടാം പകുതിയിൽ അൽത്തൂസറിന്റെ രംഗപ്രവേശവും നടന്നു. 1965-ൽ *മാർക്സിനുവേണ്ടി*, *മൂലധനം വായിക്കുമ്പോൾ* എന്നീ രചനകൾ പുറത്തിറങ്ങി. മാർക്സിനെയും അദ്ദേഹത്തിന്റെ രചനകളെയും മനസ്സിലാക്കുന്നതിൽ ബുദ്ധിജീവികളും അദ്ധ്യാപകരും എന്തുകൊണ്ടു പരാജയപ്പെടുന്നുവെന്ന ചോദ്യം ചോദിച്ചുകൊണ്ട് *മൂലധന*ത്തിന്റെ പുതിയ വായന മറ്റൊരു ചിന്തകനായ ബാലിബറുമൊത്ത് അൽത്തൂസർ നിർവഹിച്ചപ്പോൾ, മാനവരാശി വായനയുടെ പുതിയൊരു രീതിമാർഗ്ഗം കണ്ടെത്തി. അൽത്തൂസറിന്റെ *പ്രത്യയശാസ്ത്രത്തെക്കുറിച്ചുള്ള കുറിപ്പുകൾ* 1971-ൽ പുറത്തുവന്നപ്പോൾ, സാംസ്കാരികവിശകലനങ്ങൾക്ക് ഒരു പുതിയമാനംകൂടി കൈവന്നു.[23]

1947-ൽ ഇറ്റലിയിൽ പുറത്തുവന്ന ഗ്രാംഷിയുടെ *ജയിൽക്കുറിപ്പുകൾ* 1957-ൽ സംക്ഷിപ്തമായി ഇംഗ്ലീഷിൽ വന്നു. കൂടുതൽ വലിയ പതിപ്പ് 1971-ലും.[24] അതോടെ, സി.സി.സി.എസ്സിന്റെ ചിന്തകനായും സാംസ്കാരിക-പഠനങ്ങളുടെ ആചാര്യനായും ഗ്രാംഷി മാറി.[25] മേല്ക്കോയ്മയെക്കുറിച്ചുള്ള ഗ്രാംഷിയുടെ സങ്കല്പനം സാംസ്കാരികപഠനങ്ങളുടെ “ചിന്തകൾക്കു വ്യക്തത നല്കി”.[26]

എഴുപതുകളുടെ തുടക്കത്തിൽ സി.സി.സി.എസ്സിലേയ്ക്കും സാംസ്കാരികപഠനങ്ങളിലേയ്ക്കും ഫെമിനിസ്റ്റ് ചിന്തകരും എത്തി. സാംസ്കാരികപഠനങ്ങളുടെ ജ്ഞാനസ്ഥലികളിലേയ്ക്കു ലിംഗപദവികൂടി

കടന്നുവന്നു. 2002-ൽ സർവ്വകലാശാല സി.സി.സി.എസ്. അടച്ചുപൂട്ടി. അപ്പോഴേയ്ക്കും സാംസ്കാരികപഠനങ്ങളെ ധൈഷണികലോകം ഏറ്റെടുത്തിരുന്നു.[27]

എന്നാൽ, സാംസ്കാരികപഠനങ്ങളുടെ മുൻഗാമിയായ സംസ്കാര-സിദ്ധാന്തത്തിന് കൂടുതൽ പ്രാചീനതയുണ്ടെന്ന് ടെറി ഈഗിൾടൺ നിരീക്ഷിക്കുന്നുണ്ട്. "നമുക്കു പരിചിതമായവിധം സാംസ്കാരികപഠനങ്ങൾ ആകൃതിപ്പെടുന്നത് 1965 മുതൽ 1980 വരെയുള്ള ഒരു അസാധാരണമായ ഒന്നരപ്പതിറ്റാണ്ടിലാണെന്നത് ശരിതന്നെയെങ്കിലും, ചരിത്രപരമായ വസ്തുനിഷ്ഠതയോടെ കൃത്യമായിപ്പറഞ്ഞാൽ പ്ലാറ്റോയുടെ ചിന്തയിൽ മുതൽ കാലൂന്നിനില്ക്കുകയാണ് അതിന്റെ മൂലരൂപമായ സംസ്കാരസിദ്ധാന്തം" എന്ന് അദ്ദേഹം പറയുന്നു.[28] സൂക്ഷ്മമായി നോക്കിയാൽ, തത്വചിന്തയുടെ ആദികാലത്തേയ്ക്കു നീളുന്ന വേരുകളുമുണ്ട് സാംസ്കാരികപഠനങ്ങൾക്ക്.

1. ഒരുവശത്ത്, വൈരുധ്യാത്മകചിന്തയുടെ സൂക്ഷ്മവും സയുക്തികവുമായ വളർച്ചയാണ് ആ ജ്ഞാനശാഖ.[29] വൈരുധ്യാത്മകചിന്ത ആദ്യമായി ഉപയോഗിച്ചത് മാർക്സോ ഹെഗൽ പോലുമോ അല്ല. അതിന് പാർമെനിഡസ്, സേനോ, സോക്രട്ടീസ് എന്നീ പ്രാക്തനഗ്രീക്ക് ചിന്തകരോളം പഴക്കം ദർശിക്കാം.[30] വൈരുദ്ധ്യചിന്തയിലെ 'അറിയുക' എന്ന പ്രക്രിയയുടെ വൈരുദ്ധ്യാത്മകഗതിയിലും 'വിഷയി'യും 'വിഷയ'വും തമ്മിലുള്ള ബന്ധത്തിലുമാണ് സാംസ്കാരിക-പഠനങ്ങളുടെ തായ് വേരുള്ളത്.[31] വൈരുദ്ധ്യാത്മക നിലപാടിന്റെ തത്വശാസ്ത്രപരമായ വികാസസംക്രമടിയാണ് സാംസ്കാരിക-പഠനങ്ങൾ.

2. മറുവശത്ത്, കേവലവൈരുദ്ധ്യാത്മകയിൽനിന്ന് മുന്നോട്ടു പോയതിന്റെ രാഷ്ട്രീയമായ ചരിത്രംകൂടിയുണ്ട് സാംസ്കാരിക-പഠനങ്ങൾക്ക്.

സാംസ്കാരികപഠനങ്ങളുടെ തത്വശാസ്ത്രചരിത്രത്തിലെ സ്ഥാനം വേറിട്ടുതന്നെ കാണണം. പ്രാചീനതയിൽ വേരുകളുണ്ടെങ്കിലും ചിന്താപരമായ ഒരു വിച്ഛേദത്തിന്റെ കരുത്തോടെയാണ് സാംസ്കാരിക-പഠനങ്ങൾ എന്ന ജ്ഞാനശാഖ ഉരുവംകൊണ്ടത് എന്നതു വസ്തുതയാണ്. അതുകൊണ്ടുതന്നെ ഏതൊരു ചിന്താപദ്ധതിയെയുംപോലെ പ്രത്യക്ഷങ്ങൾ മാത്രം ഉൾക്കൊണ്ട ഒരു നാൾവഴിയിൽ നിഷ്ഠമല്ല സാംസ്കാരിക-പഠനങ്ങളുടെ ആമുഖം.

'വായന' എന്ന സങ്കല്പത്തിന് ഹാൾ നല്കിയ സംഭാവനയാണ് ഒരു ഘട്ടത്തിൽ സാംസ്കാരികപഠനങ്ങളെ വൻതോതിൽ മാറ്റിമറിച്ചത്.[32] 'അർത്ഥ'ത്തെ ഒരു സാമൂഹികോല്പാദനമായും ഒരു പ്രയോഗമായും ഹാൾ വ്യാഖ്യാനിച്ചത് സാംസ്കാരികപഠനങ്ങളുടെ കാഴ്ചപ്പാടിന്റെ കേന്ദ്രമായി മാറി. 'വായന'യെക്കുറിച്ച് ഹാൾ അവതരിപ്പിച്ച സമീപനം ഗ്രന്ഥവായനയ്ക്കു മാത്രമല്ല, ലോകത്തെയാകെ മനസ്സിലാക്കുന്നതിനു തന്നെയുള്ള കരുവായി. അത്, സാംസ്കാരികപഠനങ്ങളുടെ സമീപനത്തിലേയ്ക്ക് ഉൾച്ചേർന്നു.[33] സാംസ്കാരികപഠനങ്ങളുടെ കേന്ദ്രസമീപനത്തെ വില്യംസ് 'സാംസ്കാരികഭൗതികവാദം' എന്നാണ് വിളിച്ചത്. അത്, അങ്ങനെതന്നെ തുടരുകയുമാണ്. വില്യംസിന് 'ചരിത്രപരമായ ഭൗതികവാദ'ത്തിന്റെ സംസ്കാരത്തിലെ പ്രയോഗമായിരുന്നു സാംസ്കാരികഭൗതികവാദം.[34]

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനപാദത്തിൽ, വിശേഷിച്ചും അവസാനദശകത്തിൽ, ഏറ്റവും ശ്രദ്ധപിടിച്ചുപറ്റിയ അക്കാദമികപഠനമേഖലകളിലൊന്നായി സാംസ്കാരികപഠനങ്ങൾ

ഉയർന്നുവന്നു.[35] ഇന്ന് അത് “ഒരു സവിശേഷസമീപനം” എന്നതിനേക്കാൾ സ്വയം “ഒരു പഠനമേഖല”യായി “മാറിക്കഴിഞ്ഞിരിക്കുന്നു” എന്നു കരുതുന്നവർ ഏറെയുണ്ട്.[36] എന്നാൽ, ഒരു പഠനത്തുറയുടെ അടവല്ല, പഠനത്തുറയല്ലാത്തതിന്റെ അതിരുകളില്ലായ്മയാണ് അതിന്റെ കരുത്തെന്നു വിശ്വസിക്കുന്നവരുമുണ്ട്.[37]

എന്തിനേയും സാംസ്കാരികമായി മനസ്സിലാക്കാം; ആ മനസ്സിലാക്കലാണ് സാംസ്കാരികപഠനങ്ങൾ. ഏതിനെയും സാംസ്കാരികമായി വിശദീകരിക്കാം; ആ വിശദീകരണമാണ് സാംസ്കാരികപഠനങ്ങൾ. ഏതിന്റെയും സാംസ്കാരികമായ വേരുകൾ തിരഞ്ഞുപോകാം; ആ തിരയലാണ് സാംസ്കാരികപഠനങ്ങൾ. ഏതിനെയും സാംസ്കാരികമായി അപനിർമ്മിതിയും ചെയ്യാം; ആ അപനിർമ്മിതി തന്നെയാണ് സാംസ്കാരികപഠനങ്ങൾ.[38] പോരാ, സാംസ്കാരികമായേ എന്തിനേയും ഏതിനേയും സാംസ്കാരികപഠനങ്ങൾ സമീപിക്കൂ. അറിയുന്നതും കാണുന്നതും അനുഭവിക്കുന്നതും ആയ എല്ലാം സാംസ്കാരിക-പഠനങ്ങൾക്ക് സാംസ്കാരികമായ തീർപ്പുകളാണ്. അല്ലെങ്കിൽ, സാംസ്കാരികമായ നിർമിതികളേ ഉള്ളൂ. അതുമല്ലെങ്കിൽ, സാംസ്കാരികമായ കൃതികളോ പാഠങ്ങളോ അല്ലാത്ത ഒന്നും നിലവിലില്ല.[39] മനുഷ്യൻ കാണുന്നത് ‘ഉള്ള’തിനെയല്ല; ‘അർത്ഥ’ത്തെയാണ്. ആ അർത്ഥമാകട്ടെ മനുഷ്യന്റെതന്നെ ‘നിർമ്മിതി’യുമാണ്. ആ സമീപനമാണ് സാംസ്കാരികപഠനങ്ങൾ. ഇതിനെ മറ്റൊരു തരത്തിലും പറയാം: എന്തിനെയെങ്കിലും സാംസ്കാരികമായി വിശദീകരിക്കുക എന്നാൽ, അത് എങ്ങനെയാണ് നിർമിതമായത് എന്ന് വിശദീകരിക്കലാണ്. എന്തിനെയെങ്കിലും അങ്ങനെ പഠിക്കുന്നതാണ് സാംസ്കാരികപഠനങ്ങൾ. അതുകൊണ്ട്, സംസ്കാരസമ്പന്നം എന്ന് ആരിൽനിന്നെങ്കിലും

പ്രമാണപത്രം നേടിയവ മാത്രമല്ല എന്തും സാംസ്കാരികപഠനങ്ങൾക്കു വിഷയമാകാം.

### 1.1.1. സംസ്കാരം: അർത്ഥം, അർത്ഥാന്തരങ്ങൾ

സംസ്കാരം എന്ന വാക്കിന് സാംസ്കാരികപഠനങ്ങൾ നല്കിയ അർത്ഥവികാസം വളരെ വലുതാണ്. ആ അർത്ഥപരിണാമചരിത്രം സാംസ്കാരികപഠനങ്ങളിലെ മാത്രമല്ല സാമൂഹികശാസ്ത്രത്തിലെയാകെ സവിശേഷാദ്ധ്യായവുമാണ്.

"'ഒരു നിശ്ചിതവിഭാഗം ജനങ്ങൾ പിൻതുടരുന്ന കല, വിശ്വാസം, ഭാഷ, സ്ഥാപനങ്ങൾ, ആചാരങ്ങൾ തുടങ്ങിയവ"യാണ് സംസ്കാരം എന്നു വ്യവഹാരഭാഷ പറയും.[40] എന്നാൽ, എന്നും ആ അർത്ഥമായിരുന്നില്ല ആ വാക്കിന്. ഏതു വാക്കിനും അർത്ഥമാറ്റത്തിന്റെ പഴമ കാണും. അർത്ഥം മാറാത്ത വാക്കുകൾ ഉണ്ടാകില്ലതന്നെ. പക്ഷേ, അതല്ല, സംസ്കാരത്തിന്റെ കഥ. ഒന്നോ രണ്ടോ അർത്ഥമാറ്റങ്ങളിലൂടെ കടന്നുവന്ന വാക്കേയല്ലത്. നേരിയ അർത്ഥാന്തരങ്ങളിലൂടെയുമായിരുന്നില്ല ആ യാത്ര. സംസ്കാരം എന്ന വാക്കിന്റെ വിചിത്രഗതിയും വിശേഷവിധിയും വില്യംസ് തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.[41]

കൾച്ചർ എന്ന ഇംഗ്ലീഷ് വാക്കിന് ഒരു കാലത്ത് സംസ്കാരം എന്ന് അർത്ഥമില്ലായിരുന്നു.[42] വിളക്കൃഷിയെന്നോ കന്നുകാലിക്കൃഷിയെന്നോ മാത്രമേ ആ പദംകൊണ്ടു വിവക്ഷിച്ചിരുന്നുള്ളൂ. "പതിനെട്ടാം നൂറ്റാണ്ടോടുകൂടി" കൾച്ചറിന്റെ അർത്ഥത്തിലൊരു മഹാവികാസമുണ്ടായി. "മാനവരാശിയുടെ ആത്മീയവും ധാർമ്മികവുമായ പുരോഗതി"യുമായി ആ വാക്കു "ബന്ധിത"മായി. പത്തൊമ്പതാം നൂറ്റാണ്ടോടുകൂടി യൂറോപ്പിൽ, ഉപരിവർഗ്ഗങ്ങളുടെ ശീലങ്ങൾ, ആചാരങ്ങൾ, അഭിരുചികൾ എന്നീ അർത്ഥങ്ങളും കൾച്ചറിനുണ്ടായി.[43]

കൾച്ചർ എന്ന വാക്കിന്റെ അർത്ഥത്തിൽ ഇന്ത്യയും കേരളവും ഇന്നും അവിടെത്തന്നെയാണ്. കൾച്ചറിന്റെ സംസ്കാരം എന്ന സംസ്കൃത-മലയാള പരിഭാഷയും പത്തൊമ്പതാം നൂറ്റാണ്ടിലെ യൂറോപ്പിന്റെ സങ്കല്പത്തിൽ നിഷ്പാദിപ്പിച്ചതാണ്.[44] കേരളത്തിൽ, പണ്ഡിതർക്കിടയിൽ-പ്പോലും ആ ധാരണ പ്രബലം.[45] നമ്മുടെ പൊതുബോധത്തിലും സംസ്കാരത്തിന്റെ അർത്ഥം മേല്പറഞ്ഞതുതന്നെ. അതാണ്, 'സംസ്കാരമില്ലാത്തവൾ/വൻ' എന്ന മലയാളശൈലിക്കുപിന്നിലും. പക്ഷേ, തീർത്തും വ്യതിരിക്തവും നിയതവും ശാസ്ത്രീയവുമായ മറ്റൊരർത്ഥമാണ് വിദ്വദ്മണ്ഡലത്തിൽ ഇന്നു സംസ്കാരത്തിനുള്ളത്. "എന്തും സംസ്കാരത്തിന്റെ ഭാഗമാവും – ഭക്ഷണം, ഭാഷ, വീട്, വസ്ത്രധാരണം".[46]

സംസ്കാരം എന്ന പരികല്പന ഇത്തരത്തിലുള്ള ഒരു ധാരണയിലേയ്ക്കു വളർന്നതിനു പിന്നിൽ സാംസ്കാരികപഠനങ്ങളുടെ സാന്നിദ്ധ്യമാണുള്ളത്. സാംസ്കാരികസിദ്ധാന്തങ്ങളുടെ വികാസംതന്നെ കുലീനാശയങ്ങളെ നിരാകരിച്ചുകൊണ്ടാണ്. "മധ്യവർഗ്ഗത്തിന്റെ വിമൂഷ്ടി"യായാണ് സംസ്കാരം എന്ന സങ്കല്പം വളർന്നുവരുന്നത്, "അനുബന്ധമായല്ല" എന്ന് ഈഗിൾടൺ നിരീക്ഷിക്കുന്നുണ്ട്.[47] പൊതുചിന്തകളിൽ, സംസ്കാരം മുതലാളിത്തത്തിന്റെ മൂല്യങ്ങൾക്കുള്ള വാക്കാകാം; പക്ഷേ, സംസ്കാരചിന്തകളിലത്, "മുതലാളിത്തത്തിന്റെ വിപരീതമാ"ണ് [48].

"സംസ്കാരം സാധാരണമാണ്" എന്ന വില്യംസിന്റെ വാക്കുകൾ ഏറെ പ്രസിദ്ധം. "അവിശിഷ്ടമായതാണ് സംസ്കാരം" എന്നും ആ നിർവ്വചനത്തെ മലയാളത്തിലാക്കാം.[49] വിശിഷ്ടമായതാണ് സംസ്കാരം എന്ന സങ്കല്പത്തിനെതിരായ സാംസ്കാരികപഠനങ്ങളുടെ പ്രഖ്യാപനമായി അതുമാറി. ആ കാഴ്ചപ്പാടിലാണ്, സംസ്കാരം സ്വാഭാവികമല്ലെന്ന സാംസ്കാരികപഠനങ്ങളുടെ പഠിപ്പിക്കൽ. ആ ആശയപരിസരത്തിലാണ്,

സംസ്കാരമെന്നു പൊതുവേ വിശ്വസിക്കപ്പെടുന്നതും വിവരിക്കപ്പെടുന്നതുമല്ല സംസ്കാരമെന്നും യഥാർത്ഥസംസ്കാരമെന്നത് എല്ലാ സാധാരണ സാമൂഹികവ്യവഹാരങ്ങളുമാണെന്നും സാംസ്കാരിക പഠനങ്ങൾക്കു വിശദീകരിക്കാനാവുന്നത്. ആ സങ്കല്പനത്തിന്റെ തത്വശാസ്ത്രപരവും[50] സൗന്ദര്യശാസ്ത്രപരവും[51] സാമൂഹികവും[52] സാമ്പത്തികവും[53] രാഷ്ട്രീയവുമായ[54] വികാസങ്ങളാണ് പില്ക്കാലത്ത് സാംസ്കാരികപഠനങ്ങൾ കണ്ടെടുത്ത മാനങ്ങൾ മുഴുവനും.

### 1.1.2. പ്രത്യയശാസ്ത്രം: നിത്യപരിണാമിയായ പരികല്പന

ഇംഗ്ലീഷിലെ 'ഐഡിയോളജി' എന്ന വാക്കിന്റെ പരിഭാഷയായാണ്, പ്രത്യയശാസ്ത്രമെന്ന സംസ്കൃത-മലയാളം പ്രയോഗം കേരളം കണ്ടെടുത്തത്. സാംസ്കാരികപഠനങ്ങളിൽ വൻസ്വാധീനം ചെലുത്തുന്നു പ്രത്യയശാസ്ത്രമെന്ന സംവർഗ്ഗം. ഘടനാവാദാനന്തരചിന്തകരുടെ പുതിയ പരികല്പനകളുടെ പിന്നിലും പ്രത്യയശാസ്ത്രമെന്ന സങ്കല്പനത്തിന്റെ സ്വാധീനമുണ്ട്. സംസ്കാരംപോലെതന്നെ, മുൻകാലചിന്തകരിൽനിന്ന് സാംസ്കാരികപഠനങ്ങളുടെ പ്രയോക്താക്കൾ കണ്ടെടുക്കുകയായിരുന്നു പ്രത്യയശാസ്ത്രം എന്ന വാക്കും. സ്വന്തം ചിന്തയിലൂടെയും പ്രയോഗത്തിലൂടെയും ആ പരികല്പനയ്ക്ക് സാംസ്കാരികപഠനങ്ങൾ അർത്ഥവും അർത്ഥാന്തരങ്ങളും നല്കുകയും ചെയ്തു.

ഐഡിയോളജി ചർച്ച ചെയ്യാൻ വേണ്ടിമാത്രം ഒരു ഗ്രന്ഥമെഴുതി ടെറി ഈഗിൾടൺ: *പ്രത്യയശാസ്ത്രം: ഒരാമുഖം*. ഐഡിയോളജി എന്ന, വിവിധ ചിന്തകർ പലപാടു ചർച്ചചെയ്ത് സമഗ്രവും അതേ സമയം സങ്കീർണ്ണവുമാക്കിയ, ഈ പരികല്പനയെ പല മട്ടിൽ പ്രതിപാദിക്കുന്നുണ്ട് ഈഗിൾടൺ:

1. സാമൂഹികജീവിതത്തിലെ അർത്ഥങ്ങൾ, ചിഹ്നങ്ങൾ, മൂല്യങ്ങൾ എന്നിവയുടെ ഉല്പാദനത്തിന്റെ പ്രക്രിയ

2. ഒരു സാമൂഹികസംഘത്തിന്റെയോ വർഗ്ഗത്തിന്റെയോ ആശയങ്ങളുടെ ഗാത്രം
3. മേധാവിത്വമുള്ള രാഷ്ട്രീയശക്തിയെ നീതിമത്കരിക്കാൻ സഹായിക്കുന്ന ആശയങ്ങൾ
4. മേധാവിത്വമുള്ള രാഷ്ട്രീയാധികാരത്തെ നീതിമത്കരിക്കാൻ സഹായിക്കുന്ന വ്യാജാശയങ്ങൾ
5. ഘടനാപരമായി വളച്ചൊടിക്കപ്പെട്ട ആശയസംവേദനം
6. പ്രജകൾക്ക് ഒരു പദവി വാഗ്ദാനം ചെയ്യുന്നത്
7. സാമൂഹികതാത്പര്യങ്ങളാൽ പ്രചോദിതമായ ചിന്താപദ്ധതി
8. സ്വത്വചിന്ത
9. സാമൂഹികമായി ആവശ്യമായ വ്യവഹാരത്തിന്റെയും അധികാരത്തിന്റെയും സംയോഗം
10. ബോധയുക്തരായ സാമൂഹികകർത്താക്കൾ, അവരുടെ ലോകത്തെ അനുഭവിക്കുന്നതായ മാധ്യമം
11. പ്രവർത്തനോന്മുഖമായ വിശ്വാസസംഹിത
12. ഭാഷാപരവും പ്രാതിഭാസികവുമായ യാഥാർത്ഥ്യത്തിന്റെ ചിന്താക്കുഴപ്പം
13. ചിഹ്നശാസ്ത്രപരമായ പരിസമാപ്തി
14. വ്യക്തികൾ അവരുടെ ബന്ധങ്ങൾ ഒരു സാമൂഹിക സംവിധാനത്തിലേയ്ക്ക് ഉപേക്ഷിക്കുന്ന ഒരു അനിവാര്യമാധ്യമം
15. സാമൂഹികജീവിതം സ്വാഭാവികയാഥാർത്ഥ്യമാക്കി മാറ്റുന്ന പ്രക്രിയ [55]

ഐഡിയോളജി എന്ന പരികല്പന കൈവരിച്ച വിശാലതയും മാനങ്ങളും വ്യക്തമാകാൻ ഈ പരാമർശങ്ങൾ ധാരാളമാണ്.

*താക്കോൽവാക്കു*കളിൽ വില്യംസ് ഈ പദം ചർച്ചചെയ്യുന്നുണ്ട്. പതിനെട്ടാം നൂറ്റാണ്ടിന്റെ ഒടുവിൽ, “1796-ൽത്തന്നെ” ഐഡിയോളജി എന്ന

വാക്ക് "ഇംഗ്ലീഷിൽ വരുന്നു"ണ്ട്. ഫ്രഞ്ചിലെ "ഐഡിയോലോജിക് എന്ന വാക്കിന്റെ പരിഭാഷ"യായി.

ഫ്രഞ്ച് വിപ്ലവകാലത്താണ് ആ വാക്ക് ആന്റോയ്ൻ ഡേസി എന്ന ദാർശനികൻ സൃഷ്ടിക്കുന്നത്, ആശയശാസ്ത്രം എന്ന അർത്ഥത്തിൽ. ജനാധിപത്യവാദികളെ ആക്രമിക്കാനായി പിന്നീട് "നെപ്പോളിയൻ ബോണപ്പാർട്ട് ഈ വാക്കിന്റെ അർത്ഥം മാറ്റി" പ്രയോഗിച്ചു. "ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പ്രവണത"യെയാണ് നെപ്പോളിയൻ പ്രത്യയശാസ്ത്രമെന്നു പറഞ്ഞത്. ഡേസിയെയും മറ്റും "പ്രത്യയശാസ്ത്രക്കാർ എന്ന് നെപ്പോളിയൻ കുറ്റപ്പെടുത്തി".[56]

പ്രത്യയശാസ്ത്രത്തിന്റെ ഈ "പരിഹാസാർത്ഥം പത്തൊമ്പതാം നൂറ്റാണ്ടു മുഴുവൻ നിലനിന്നു" എന്നാണ് വില്യംസ് പറയുന്നത്. വിപ്ലവകാരികളെ കുറ്റപ്പെടുത്താൻ ഐഡിയോളജിസ്റ്റ് എന്ന വാക്ക് രാഷ്ട്രീയമണ്ഡലത്തിൽ ഉപയോഗിച്ചു. ആ അർത്ഥം ഇന്നുമുണ്ട്. 'പ്രത്യയശാസ്ത്രക്കണ്ണിലൂടെ കാര്യങ്ങൾ കാണുന്നു' എന്നത് ഇന്നും ഒരു ശകാരമായി ഉപയോഗിക്കപ്പെടുന്നു. "മാർക്സും ഏംഗൽസു"മാണ് ഐഡിയോളജിക്ക് "പുതിയ അർത്ഥം" പകരുന്നത്. "മേധാവിത്വമുള്ള ഭൗതികബന്ധങ്ങളുടെ ആശയപരമായ പ്രകടനമല്ലാതെ മറ്റൊന്നുമല്ല ഐഡിയോളജി" എന്ന് അവർ *ജർമ്മൻ ഐഡിയോളജി*യിൽ വ്യക്തമാക്കി. "മേൽക്കോയ്മയുള്ള ഭൗതികബന്ധങ്ങൾ"തന്നെയാണ്, "ആശയങ്ങ"ളായി "ഉൾക്കൊള്ള"പ്പെടുന്നത്. "നിർമ്മിതയാഥാർത്ഥ്യം യാഥാർത്ഥ്യത്തിന്റെ തലതിരിഞ്ഞ പ്രതിനിധാനമാണ്" എന്നും അവർ പറഞ്ഞു. ഇവിടെയാണ് ഐഡിയോളജിയുടെ ഇന്നും പ്രസക്തമായ രാഷ്ട്രീയവ്യാഖ്യാനം പിറക്കുന്നത്.[57]

മാർക്സ് ഈ സങ്കല്പനം *ഹെഗലിന്റെ ദർശനത്തിന്റെ വിമർശത്തിനൊരു സംഭാവന*യിൽ വികസിപ്പിക്കുന്നുണ്ട്:

1. സമൂഹത്തെ ഭരിക്കുന്ന വർഗ്ഗം, അഥവാ ഉത്പാദനോപകരണങ്ങളുടെ ഉടമവർഗം, ആശയപരമായി സമൂഹത്തിൽ ആധിപത്യം പുലർത്തുന്നു.
2. സമൂഹത്തിൽ പ്രബലമായ ആശയലോകം തലകീഴായ ബോധമാണ് ഉല്പാദിപ്പിക്കുന്നത്.
3. ചിന്തകർ പൊതുവേ അധീശപ്രത്യയശാസ്ത്രത്തിന്റെ പ്രയോക്താക്കളായിരിക്കും.[58]

നെപ്പോളിയനാണ് ചരിത്രത്തിലാദ്യമായി പ്രത്യയശാസ്ത്രത്തെ പരിഹസിച്ചത്. അതുകൊണ്ട്, പ്രത്യയശാസ്ത്രം തലതിരിഞ്ഞ അവബോധമാണെന്ന പുതിയ സങ്കല്പത്തിലൂടെ മാർക്സ് പ്രത്യയശാസ്ത്രത്തിന്റെ പരിഹാസാർത്ഥത്തിലേയ്ക്കു മടങ്ങിപ്പോയി എന്ന വിലയിരുത്തലുണ്ട്.[59] എന്നാൽ, മാർക്സും ഏംഗൽസും നല്കിയ ഈ വ്യാഖ്യാനമാണ് ഐഡിയോളജിയെ തത്വചിന്തകരുടെയും രാഷ്ട്രീയ-മനീഷികളുടെയും സാമൂഹികശാസ്ത്രപടുക്കളുടെയും ആകർഷണ-കേന്ദ്രമാക്കിയത്.

പ്രത്യയശാസ്ത്രം മൂന്ന് അർത്ഥത്തിൽ ഉപയോഗിക്കുന്നുണ്ടെന്ന് വില്യംസ് നിരീക്ഷിക്കുന്നു:

1. ഒരു പ്രത്യേക വർഗ്ഗത്തിന്റെയോ വിഭാഗത്തിന്റെയോ വിശ്വാസങ്ങളുടെ വ്യവസ്ഥ.
2. ശരിയായതോ ശാസ്ത്രീയമായതോ ആയ അറിവിനു വിരുദ്ധമായി, തെറ്റായ ബോധമോ കപടവിശ്വാസമോ ഉണ്ടാക്കുന്ന മിഥ്യാധാരണകളുടെ വ്യവസ്ഥ.
3. ഒരു സമൂഹത്തിൽ നിലനില്ക്കുന്ന അർത്ഥോത്പാദനത്തിന്റെയും ആശയരൂപീകരണത്തിന്റെയും പൊതുസ്വഭാവം.

മാർക്സിന്റെയും ഏംഗൽസിന്റെയും നിഗമനങ്ങളെ ഗ്രാംഷിയും അൽത്തുസറുമാണ് പിന്നീട് വികസിപ്പിക്കുന്നത്. ക്ലാസിക്കൽ മാർക്സിയൻ

ചിന്തയിൽ ജനങ്ങളുടെ വ്യാജാവബോധമാണ് – യാഥാർത്ഥ്യത്തെക്കുറിച്ചുള്ള തലതിരിഞ്ഞ ആശയമാണ് – പ്രത്യയശാസ്ത്രം. ഗ്രാംഷിയൻ ചിന്തയിൽ ഇത് സാമാന്യബോധമാണ്. “തത്വചിന്തയുടെ നാട്ടാചാരരൂപമാണ് സാമാന്യബോധം. അധീശവർഗ്ഗത്തിന്റെ ലോകാവബോധം പൊതുസമ്മതി കൈവരിക്കുമ്പോഴാണ് സാമാന്യബോധമായി മാറുന്നത്.”[60] പ്രത്യയശാസ്ത്രം ഒരു ഭൗതികശക്തിയായി പ്രവർത്തിക്കുന്നു എന്നാണ് അൽത്തൂസറിന്റെ മുഖ്യനിഗമനം. ‘പ്രത്യയശാസ്ത്രോപകരണങ്ങൾ’ എന്ന സങ്കല്പവും അദ്ദേഹം സൃഷ്ടിച്ചു. ഭരണകൂടപ്രത്യയശാസ്ത്രോപകരണങ്ങൾ പ്രവർത്തിക്കുന്നതിലൂടെയാണ് ഭരണകൂടം പ്രത്യയശാസ്ത്രപരമായ മേധാവിത്വം ഉറപ്പിക്കുന്നത്. വിദ്യാഭ്യാസസ്ഥാപനങ്ങൾ, കോടതികൾ, കുടുംബം, രാഷ്ട്രീയപാർട്ടികൾ, മാധ്യമങ്ങൾ എന്നിവയൊക്കെ പ്രത്യയശാസ്ത്രോപകരണങ്ങളാണ്. ഓരോ സ്ഥാപനവും വ്യത്യസ്തമായ രീതിയിൽ പ്രത്യയശാസ്ത്രം വിതരണം ചെയ്യുന്നു. ഇത് പ്രത്യയശാസ്ത്രാധീശത്വം ഉറപ്പാക്കുന്നു. പ്രത്യയശാസ്ത്രസ്ഥാപനങ്ങൾ ഭൗതികയാഥാർത്ഥ്യമാണ്. അവയിലൂടെ പ്രചരിക്കുന്ന മാധ്യമ ഉള്ളടക്കങ്ങൾപോലുള്ളവ നമ്മളെ ‘നിർണ്ണയി’ക്കുന്നു. നിശ്ചിതരീതിയിൽ പ്രവർത്തിക്കുന്ന വ്യക്തിയായി പരിവർത്തിക്കപ്പെടുമ്പോഴാണ് ഒരാൾ ‘കർത്താ’വായി മാറുന്നത്. മുതലാളിത്തത്തിനകത്ത് പ്രവർത്തിക്കേണ്ട വ്യക്തിയായി ഓരോരുത്തരും മാറേണ്ടത് ഉത്പാദനവ്യവസ്ഥയ്ക്ക് ആവശ്യമാണ്. വ്യവസ്ഥയ്ക്കൊത്ത് വ്യക്തികളെ കർത്താക്കളാക്കി മാറ്റേണ്ടത് പ്രത്യയശാസ്ത്രോപകരണങ്ങളുടെ ജോലിയാണ്. അത് അവ ചെയ്തുകൊണ്ടിരിക്കും. പ്രത്യയശാസ്ത്രത്തിനകത്താണ് നമ്മൾ ജനിച്ചു വീഴുന്നത്. ജനിച്ച പാടേ അതു നമ്മളെ കർത്താക്കളാക്കിത്തുടങ്ങുന്നു. മകളോ, മകനോ, ഭാര്യയോ, ഭർത്താവോ ഒക്കെയായി മാറ്റുന്നു.

കർത്താവായി മാറുന്നത് പ്രത്യയശാസ്ത്രോപകരണങ്ങൾ വഴിയാണ്. അത് എപ്പോഴും നടന്നുകൊണ്ടിരിക്കും.

പ്രത്യയശാസ്ത്രം എന്ന പരികല്പന മാർക്സിൽ തുടങ്ങുന്നതോ മാർക്സിൽ അവസാനിക്കുന്നതോ അല്ലെന്ന് വില്യംസ് പറയുന്നുണ്ട്. എല്ലാ മാർക്സിയൻ സംവാദങ്ങളിലും അതിന് ഇടമുണ്ട്. എന്നാൽ, പുതിയകാലത്ത്, എല്ലാ സാമൂഹികശാസ്ത്ര-മാനവികവിഷയചർച്ചയിലും പ്രത്യയശാസ്ത്രത്തിനു സ്ഥാനമുണ്ട്. പുതിയ സാഹചര്യത്തിൽ, പ്രത്യയശാസ്ത്രത്തിന്റെ പ്രാധാന്യം കൂടിയിട്ടേയുള്ളൂ. "സാംസ്കാരികപഠനങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട സങ്കല്പനവിഭാഗമാ"ണ് പ്രത്യയശാസ്ത്രമെന്ന് വിലയിരുത്തുന്ന ഗ്രെയ്മി ടേണറെപ്പോലുള്ളവരെ അക്കാദമിക് രംഗത്തുകാണാം.[61] വിവിധ ആശയപരിസരങ്ങളിലെ ഉപയോഗം മൂലം പ്രത്യയശാസ്ത്രത്തെക്കുറിച്ചുള്ള സങ്കല്പനങ്ങളിൽ അനുശീലനപദ്ധതികളുടെയും നിലപാടുകളുടെയും കൂടിക്കുഴയൽ സംഭവിച്ചിട്ടുണ്ട്. അതുകൊണ്ട്, സാമൂഹികശാസ്ത്രത്തിൽ ഇന്നുപയോഗിക്കപ്പെടുന്ന സങ്കല്പനങ്ങളിൽ ഏറ്റവും ദുർഗ്രഹമായത് എന്നാണ് ഡേവിഡ് മക് ലെല്ലൻ പ്രത്യയശാസ്ത്രത്തെ വിശേഷിപ്പിക്കുന്നത്.[62] എന്തായാലും, മാർക്സും ഏംഗൽസും നല്കിയ അർത്ഥപരിവർത്തനത്തിനുശേഷം, ഐഡിയോളജിക്ക് അക്കാദമിക് തലത്തിൽ അർത്ഥശോഷണം വന്നിട്ടില്ല; ഗ്രാംഷിയുടെ 'ഹെജിമണി' മുതൽ അൽത്തുസറിന്റെയും സിസെക്കിന്റെയും 'ഐഡിയോളജി'യടക്കം ഫൂക്കോയുടെ 'പവർ' വരെ അതിന്റെ അർത്ഥവികാസങ്ങളേ ആകുന്നുള്ളൂ.[63] പക്ഷേ, വ്യത്യസ്തമായ ഊന്നലുകളോടെയും പേരുകളോടെയും ഈ സംജ്ഞ ചർച്ചാകേന്ദ്രമാകുമ്പോഴും "മാർക്സ്മുതൽ ഇപ്പോൾ ജീവിച്ചിരിക്കുന്ന ഇടതുപക്ഷചിന്തകർവരെ സമൂഹത്തെ ഭരിക്കുന്ന ആശയലോകം എന്ന പരികല്പന സൂചിപ്പിക്കാനാണ് പ്രത്യയശാസ്ത്രം എന്ന വാക്കു പ്രയോഗിച്ചുവരുന്നത്"എന്ന വസ്തുത അവശേഷിക്കും.[64]

"പ്രത്യയശാസ്ത്രം, സംസ്കാരം എന്ന സങ്കല്പനവുമായി ഇടകലർന്നവരു"മെന്ന് ജോൺ സ്റ്റോറി വിലയിരുത്തുന്നു.[65] ബ്രിട്ടീഷ് സാംസ്കാരികപഠിതാക്കളാണ് പ്രത്യയശാസ്ത്രം എന്ന പരികല്പനയെ കൂടുതൽ ഉപജീവിച്ചതെന്നും പറയാറുണ്ട്. "ബ്രിട്ടീഷ് സാംസ്കാരികപഠനങ്ങളെ... **പ്രത്യയശാസ്ത്രപഠനങ്ങൾ** എന്നു വിശേഷിപ്പിക്കാ"മെന്നു വിലയിരുത്തിയിട്ടുപോലുമുണ്ട് ജെയ്ംസ് കാരേ.[66] ഒരു വശത്ത്, ആ വിശേഷണം "തികച്ചും എളുപ്പത്തിനുവേണ്ടി"യാണെന്ന് അദ്ദേഹം സമ്മതിക്കും. പക്ഷേ, ഒപ്പം തന്നെ, സാംസ്കാരികപഠനങ്ങളുടെ ബ്രിട്ടീഷ്ധാരയ്ക്ക് "ഒരുപക്ഷേ കൂടുതൽ കൃത്യമായ" വിശേഷണം "പ്രത്യയശാസ്ത്രപഠനങ്ങൾ" എന്നാണെന്നും വാദിക്കും. "പ്രത്യയശാസ്ത്രം തന്നെയാണ് സംസ്കാരം" എന്ന ഏറ്റവും ആധികാരികമായ ശബ്ദം ഈഗിൾടണിന്റേതാണ്.[67]

## 1.2. മാധ്യമപഠനങ്ങൾക്ക് ഒരാമുഖം

മാധ്യമപഠനങ്ങളും ഏറെ തെറ്റിദ്ധരിക്കപ്പെടുന്ന മേഖലയാണ്. മാധ്യമപ്രവർത്തനപഠനമായി പൊതുസമൂഹം മാധ്യമപഠനങ്ങളെ തെറ്റായി മനസ്സിലാക്കാറുണ്ട്. ജേർണലിസം എന്ന് ഇംഗ്ലീഷിൽ അറിയപ്പെടുന്നത് നേരത്തേ പത്രപ്രവർത്തനം എന്നു വിളിക്കപ്പെട്ടിരുന്ന ഇപ്പോൾ മാധ്യമപ്രവർത്തനം എന്നു വിളിക്കപ്പെടുന്ന മേഖലയാണ്. ആ വൃത്തി പഠിപ്പിക്കുന്ന മേഖലയാണ് പത്രപ്രവർത്തനപഠനം അഥവാ മാധ്യമ-പ്രവർത്തനപഠനം. എന്നാൽ, ബഹുജനമാധ്യമങ്ങളെക്കുറിച്ച് അക്കാദമിക് പഠനം നടക്കുന്ന മേഖലയാണ് മാധ്യമപഠനങ്ങളുടേത്. ബഹുജന-മാധ്യമങ്ങളെന്നത് നിയതമായ അർത്ഥമുള്ള പ്രയോഗമാണ്. പത്രവും റേഡിയോവും ടെലിവിഷനും മാത്രമല്ല മൊബൈൽ ഫോൺ വരെ ഉൾക്കൊള്ളുന്ന വിശാലമേഖലയാണത്. അവയെക്കുറിച്ചുള്ള വിമർശനാത്മക-പഠനമാണ് മാധ്യമപഠനങ്ങൾ. സാംസ്കാരികപഠനങ്ങളുടെ പരിവൃത്തിയിൽ

വരുന്നതും ആ ജ്ഞാനശാഖയുടെ പഠിപ്പിക്കലുകൾ പിന്തുടരുന്നതുമാണ് ഈ ശാഖയിലെ രാഷ്ട്രീയോന്മുഖധാര.

മനുഷ്യൻ അനുഭവിക്കുന്ന എല്ലാത്തിനെയും സാംസ്കാരികമായും പ്രത്യയശാസ്ത്രപരമായും വ്യാഖ്യാനിക്കുന്ന സാംസ്കാരികപഠനങ്ങളുടെ കാഴ്ചപ്പാടിന്റെ മാധ്യമമേഖലയിലെ പ്രയോഗമാണ് മാധ്യമപഠനങ്ങൾ. പുതിയ കാലത്ത് എന്നത്തെയുംകാൾ പ്രസക്തമാണ് ആ പ്രയോഗം. കാരണം, "ഇക്കാലം മുമ്പൊരുകാലത്തും ലോകം കണ്ടിട്ടില്ലാത്തത്ര തീവ്രമായ മാധ്യമീകരണത്തിന്റേ"താണ്. അതിനെക്കുറിച്ചുള്ള ആശങ്ക മാധ്യമചിന്തകളെ ചൂഴ്ന്നുനില്ക്കുന്നു.[68] ഇപ്പോൾ മാധ്യമപഠനങ്ങൾക്ക് വലിയ രാഷ്ട്രീയ-സാംഗത്യമുണ്ട്: "ആധുനികവും ആധുനികാനന്തരവുമായ സംസ്കാര-വ്യവസ്ഥകളിൽ അധികാരത്തിന്റെ പ്രയോഗം നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ട മേഖലകളിലൊന്നാണ് ബഹുജനമാധ്യമങ്ങൾ".[69]

ഇത് പുതിയ കാലത്തെ സ്ഥിതി. എന്നാൽ ബഹുജനമാധ്യമങ്ങൾ രൂപംകൊണ്ടുവന്ന ഒരു ചെറിയ കാലഘട്ടത്തിലൊഴികേ എല്ലായ്പ്പോഴും ചിന്തകർ അവയെ ആശങ്കയോടെ നോക്കിക്കണ്ടിട്ടുണ്ട്. മാധ്യമങ്ങളെ പഠിക്കുന്ന സമ്പ്രദായം അവ ശക്തമായതിനു സമാന്തരമായി ഉണ്ടാകുന്നുമുണ്ട്. ആദ്യഘട്ടത്തിൽ മാധ്യമങ്ങളുടെ കടമയിലൂന്നിയായിരുന്നു പഠനങ്ങൾ മുന്നോട്ടുപോയത്. പിന്നീടാണ് മാധ്യമങ്ങളെ വിമർശിക്കുംവിധം മാധ്യമങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ മാറിമറിഞ്ഞത്.

മാധ്യമപഠനങ്ങൾ എന്നത് ബഹുജനമാധ്യമങ്ങളെ വിമർശിക്കുന്ന ഒരു ഇടതുപക്ഷചിന്താധാരയാണെന്ന് പരക്കേ ധാരണയുണ്ട്. എന്നാൽ, മാധ്യമപഠനങ്ങൾ എന്ന നിലയ്ക്ക് അടയാളപ്പെടുത്താനാകില്ലെങ്കിലും മാധ്യമവിമർശത്തിന് ഒരു ഇടതുപക്ഷേതരധാരയുമുണ്ട്. ആ ധാര ഒറ്റനോട്ടത്തിൽ ഇങ്ങനെയാണ്:

1. ഷിക്കാഗോ സ്കൂൾ എന്നറിയപ്പെടുന്ന ഷിക്കാഗോ സർവ്വകലാശാലയിലെ സാമൂഹികശാസ്ത്രവിഭാഗം 1920-കളിൽ മാധ്യമങ്ങളെക്കുറിച്ചുള്ള പഠനങ്ങളും സാമൂഹികശാസ്ത്ര പഠനത്തിന്റെ ഭാഗമായിക്കണ്ടിരുന്നു. ഇവിടത്തെ സാമൂഹിക-ശാസ്ത്രപഠനങ്ങൾ മാധ്യമങ്ങളുടെ ധർമ്മങ്ങളിൽ ഊന്നി. ഇത് ബഹുജനമാധ്യമങ്ങളെക്കുറിച്ചുള്ള സാമൂഹികശാസ്ത്ര പഠനങ്ങളുടെ ആരംഭമായി കണക്കാക്കപ്പെടുന്നു.
2. ഒന്നാം ലോകയുദ്ധകാലത്ത് മാധ്യമങ്ങൾ എങ്ങനെ പെരുമാറി എന്നു നിരീക്ഷിച്ചിടത്താണ് മാധ്യമങ്ങളെക്കുറിച്ചുമാത്രമായുള്ള പഠനങ്ങളുടെ തുടക്കം എന്നു കരുതപ്പെടുന്നു. ഷിക്കാഗോ സ്കൂളിലെ ഹാരോൾഡ് ലാസ് വെൽ *ലോകയുദ്ധത്തിലെ പ്രചാരണ സങ്കേതം* എന്ന പുസ്തകമെഴുതി. യുദ്ധത്തിൽ അമേരിക്ക പങ്കെടുക്കുന്നതിന് അനുകൂലമായി മാധ്യമങ്ങളെ ഉപയോഗിച്ച് ജനവികാരം തിരിക്കാൻ വേണ്ട പ്രചാരണ പ്രവർത്തനങ്ങൾക്ക് നിയുക്തമായ പൊതുജന സമ്പർക്ക-സമിതിയിലെ അംഗമായ എഡ്വേഡ് ബെർണയ്സ് *പ്രചാരണം* എന്ന പുസ്തകം എഴുതി. ഇതേ കമ്മിറ്റിയിൽ അംഗമായിരുന്ന വാൾട്ടർ ലിപ്മാൻ *പൊതുജനാഭിപ്രായം* എന്ന ഒരു പുസ്തകവും. ബഹുജനമാധ്യമങ്ങൾ 'പ്രചാരണം' നടത്തുന്നുണ്ട് എന്ന ഈ പുസ്തകങ്ങളിലെ (പരോക്ഷമായ) നിരീക്ഷണം പില്ക്കാല-മാധ്യമപഠനങ്ങൾ ഏറെ വിലമതിച്ച ഒന്നായി മാറി.
3. ന്യൂയോർക്കിലെ ന്യൂ സ്കൂൾ യുണിവേഴ്സിറ്റി 1920-കളിൽ ബഹുജന ആശയവിനിമയം പാഠ്യവിഷയമാക്കി. ഇതും മാധ്യമങ്ങളെക്കുറിച്ചുള്ള അക്കാദമിക് പഠനങ്ങളുടെ ആരംഭങ്ങളിൽ ഒന്നായിക്കരുതപ്പെടുന്നു.

4. അമേരിക്കൻ ഐക്യനാട്ടുകളിൽ 1937-ൽ രൂപംകൊണ്ട ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രൊപ്പഗാൻഡാ അനാലിസിസും ഈ ചരിത്രത്തിലുണ്ട്. മാധ്യമങ്ങൾ പ്രചാരവേല നടത്തുന്നു എന്ന് ആദ്യമായി പറഞ്ഞത് ഇവരാണ്. "പ്രചാരവേല വിമർശചിന്തയിൽ നിന്നു ജനത്തെ അകറ്റുന്നു. അതിനാൽ, മാധ്യമ ഉള്ളടക്കം മനസ്സിലാക്കാൻ ജനങ്ങളെ പഠിപ്പിക്കേണ്ടതു"ണ്ടെന്നും ഈ സംഘടന കരുതി. [70]
5. മാർഷൽ മക് ലൂഹന്റെ *മാധ്യമത്തെ മനസ്സിലാക്കൽ* എന്ന ഗ്രന്ഥവും ഈ ധാരയിൽ കാണേണ്ടതാണ്.[71] "കനേഡിയൻ മീഡിയാ സ്കൂളിൽ ഹാരോൾഡ് ഇന്നിസ് തുടങ്ങിവച്ച ലിബറൽ ജനാധിപത്യപരവും സങ്കേതബദ്ധവും നവവിമർശനപരവുമായ നിലപാടുകളിലാണ് മക് ലൂഹന്റെ ഗ്രന്ഥം ഭാവന ചെയ്യപ്പെട്ടത്".[72]

എന്നാൽ, ഒന്നാം ലോക യുദ്ധകാലത്ത് അധികാരത്തിന്റെ ഓരം പറ്റി നടന്ന മാധ്യമപഠനങ്ങളിൽനിന്നു പില്ക്കാലത്തു തഴച്ചുവന്ന നിഷേധത്തിന്റെ ചില്ലയല്ല മാധ്യമപഠനങ്ങൾ. സാംസ്കാരികപഠനങ്ങളുടെ കാര്യത്തിലെന്നപോലെ മാധ്യമപഠനങ്ങൾക്കും പ്രാചീനതയിലേയ്ക്കു നീളുന്ന തത്വചിന്തയുടെയും രാഷ്ട്രീയത്തിന്റെയും വേരുകളുണ്ട്. സാംസ്കാരികപഠനങ്ങളും മാധ്യമപഠനങ്ങളും ഒരേ രാഷ്ട്രീയ-ചിന്തയുടെതന്നെ നിഷ്പാദനങ്ങളുമാണ്. മാധ്യമപഠനങ്ങളുടെയും ഉറവിടം മാർക്സിയൻ ചിന്തയാണ്. മാർക്സിയൻ സാംസ്കാരികവിശകലനം അടിത്തറ-മേല്പുരസങ്കല്പനത്തിന്റെ യാന്ത്രികവ്യാഖ്യാനങ്ങളിൽനിന്നു വിടുതി തേടിയതിനെത്തുടർന്നുണ്ടായ മാറ്റമാണത്.[73] സാംസ്കാരികപഠനങ്ങൾക്ക് സംഭാവനനല്കിയ എല്ലാ സ്ഥാപനങ്ങളും സംരംഭങ്ങളും വ്യക്തിത്വങ്ങളും മാധ്യമപഠനങ്ങളെക്കൂടി വളർത്തുകയായിരുന്നു. മാധ്യമപഠനങ്ങളുടെ ആ ഇടതുപക്ഷധാരയുടെ വികാസം ഇങ്ങനെയാണ്:

1. മാർക്സിന്റെയും ഏംഗൽസിന്റെയും അടിത്തറ-മേല്പുര സങ്കല്പം,
2. ഗ്രാംഷിയുടെ മേല്ക്കോയ്മാസങ്കല്പനം,
3. അൽത്തുസറിന്റെ പ്രത്യയശാസ്ത്രപരികല്പന,
4. ഫ്രാങ്ക്ഫർട് സ്കൂളിന്റെ സംസ്കാരവ്യവസായസങ്കല്പനം,
5. ഹാബർമാസിന്റെ പൊതുമണ്ഡലസങ്കല്പനം, [74]
6. വില്യംസിന്റെ ടെലിവിഷൻ പഠനം.

ബെൻ ബാഗ്ഡികിയന്റെ മാധ്യമക്കുത്തക പഠനം,[75] നവോമി ക്ലെയിന്റെ കോർപ്പറേറ്റ് വൽകരണ പഠനം[76] എന്നിവ ഈ ധാരയിലെ പുതിയ നാഴികക്കല്ലുകളുമാണ്.[77]

ഈ രണ്ടു ധാരകളുടെയും തുടർച്ചയും ഇടതുപക്ഷോന്മുഖമാധ്യമ-നിലപാടുമായി കാണേണ്ടതാണ് ചോംസ്കിയുടെ സംഭാവനകൾ. ലിബറൽ ധാരയിൽനിന്നുകൊണ്ടുതന്നെ പഠനങ്ങൾക്കിടെ "ജനാധിപത്യസമൂഹം മുന്നോട്ടുപോകുന്നത് പൊതുസമ്മതിയിലൂടെയാണ് എന്ന അഭിപ്രായം" ലിപ്മാൻ മുന്നോട്ടു വച്ചിരുന്നു. ഈ ആശയമാണ് പിന്നീട് ഹെർമന്റെയും ചോംസ്കിയുടെയും മാധ്യമങ്ങളുടെ പ്രചാരണമാതൃക എന്ന സങ്കല്പത്തിനു വഴിവച്ചത്. "ജനാധിപത്യസമൂഹങ്ങൾ കണ്ടുപിടിക്കാൻ പ്രയാസമായ അഹിംസാത്മകമായ നിയന്ത്രണോപാധികൾ ജനങ്ങളെ അനുസരിപ്പിക്കാൻ ഉപയോഗിക്കുന്നു"വെന്ന് അവർ പറഞ്ഞു. മാധ്യമ ഉള്ളടക്കത്തെ സ്വാധീനിക്കുന്ന ഘടകങ്ങളിലൊന്ന് പ്രത്യയശാസ്ത്രമാണെന്ന നിരീക്ഷണവും അവരുടെ *സമ്മതിയുടെ നിർമ്മിതി*യെന്ന പുസ്തകം മുന്നോട്ടുവച്ചു.

ഈ ചിന്തകളുടെ സാകല്യമാണ് ഇന്നു മാധ്യമപഠനങ്ങൾ. ഇന്ന് മാധ്യമപഠനങ്ങളുടെ അടിസ്ഥാനധർമ്മം രണ്ടാണ്:

1. മാധ്യമങ്ങൾക്ക് മനുഷ്യജീവിതത്തിലുള്ള മേൽക്കോയ്മ മനസ്സിലാക്കുക,

2. മാധ്യമങ്ങളുടെ പ്രത്യയശാസ്ത്രത്തെ തുറന്നുകാണിക്കുക.

മാധ്യമങ്ങളുടെ മേൽക്കോയ്മ മാധ്യമപഠനങ്ങളിൽ ഏറെ ചർച്ച ചെയ്യപ്പെടുന്നു."ബഹുജനമാധ്യമങ്ങൾ, കുടുംബം, വിദ്യാഭ്യാസസമ്പ്രദായം, മതം എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾ ജനങ്ങളുടെ അവബോധവും അറിവും ഉണർത്തുന്നു. അതിനാൽ, അവ മേല്ക്കോയ്മ നിർമ്മിക്കാനും ചെലുത്താനും നിലനിർത്താനുമുള്ള കർതൃത്വങ്ങളായി മാറും".[78] മേല്ക്കോയ്മയെന്നത്, "മാധ്യമപ്രതിനിധാന"മടക്കമുള്ള ലോകത്തിന്റെ "ദൈനംദിന സാംസ്കാരികജീവിതത്തി"ലൂടെ ഭരണ-മനോഭാവങ്ങൾക്കായി ഒരു സമവായം ഉണ്ടാക്കിക്കൊണ്ട് "സമ്മതികൊണ്ടു ഭരിക്കാ"നുള്ള ഭരണവർഗ്ഗത്തിന്റെ "കഴിവാ"ണ്.[79]

പ്രത്യയശാസ്ത്ര ഉപകരണങ്ങൾ എന്ന മാധ്യമങ്ങളുടെ നിലയും ഏറെ ചർച്ച ചെയ്യപ്പെടുന്നു. ഇക്കാലത്ത് ഏറ്റവും ശക്തമായ പ്രത്യയ-ശാസ്ത്രോപാധി ബഹുജനമാധ്യമങ്ങളാണ്. മാധ്യമപഠനങ്ങളുടെ "അടിസ്ഥാനങ്ങളിലൊന്നാ"ണ് "പ്രതിനിധാന"മെന്ന് ബക്കിങ്ഹാം ചൂണ്ടിക്കാട്ടുന്നു. "ലോകത്തിലേയ്ക്കു തുറക്കുന്ന സുതാര്യജാലകമല്ല, ലോകത്തിന്റെ മാധ്യമീകൃതമായ കാഴ്ചയാണ്, മാധ്യമങ്ങൾ നമുക്കു വാദ്ഗാനം ചെയ്യുന്ന"ത്. "അവ യാഥാർത്ഥ്യത്തെ പ്രതിനിധാനം (represent) ചെയ്യുകയല്ല പുനരവതരണം (re-present) ചെയ്യുകയാണ്" എന്നും അദ്ദേഹം വിശദീകരിക്കുന്നു.[80]

ഇത് "വിവരയുഗമാണ്" എന്നത് വളരെയേറെ "വിശ്വാസ്യതയുള്ള ഐതിഹ്യം മാത്രമാ"ണെന്ന് പിൽഗർ വിശദീകരിക്കുന്നു. "യഥാർത്ഥത്തിൽ ഇതൊരു മാധ്യമയുഗ"മാണ്. ഇവിടെ "ഏറ്റവും എളുപ്പം കിട്ടുന്ന വിവരങ്ങൾ" നിരന്തരം "ആവർത്തിക്കപ്പെടുന്ന"വയും "രാഷ്ട്രീയമായി സുരക്ഷിത"വും "കാണാത്ത അതിരുകളാൽ നിയന്ത്രിതവു"മാണ്.[81]

അതിനാൽ, മാധ്യമപഠനങ്ങളെന്നത് മാധ്യമങ്ങളുടെ സാംസ്കാരിക-പഠനങ്ങളാണ്. മാധ്യമങ്ങളെ, മാധ്യമപാഠങ്ങളെ സാംസ്കാരികമായി വ്യാഖ്യാനിക്കലാണത്. മാധ്യമങ്ങളിലൂടെ വിനിമയം ചെയ്യപ്പെടുന്ന പ്രത്യയശാസ്ത്രത്തിന്റെ തുറന്നുകാട്ടലാണത്. അത്, മാധ്യമങ്ങളുടെ പ്രത്യയശാസ്ത്രവിമർശനംതന്നെ. ബഹുജനമാധ്യമങ്ങളുടെ പ്രത്യയ-ശാസ്ത്രീകരണംതന്നെയാണ് മാധ്യമപഠനങ്ങൾ.

### 1.2.1. ബഹുജനമാധ്യമം: പ്രത്യയശാസ്ത്രോപകരണം

ബഹുജനമാധ്യമം എന്ന വിളിപ്പേരുതന്നെ ആ സാമൂഹികസംഭ്രതിയോടൊപ്പമുള്ള പ്രത്യയശാസ്ത്രത്തിന്റെ സാന്നിദ്ധ്യത്തെ പരോക്ഷമായി ഓർമ്മിപ്പിക്കുന്നു. വലിയ സദസ്സിലേയ്ക്ക് എത്തുന്ന മാധ്യമമാണ് ബഹുജനമാധ്യമം.[82] ഒരു നിശ്ചിതകേന്ദ്രത്തിൽനിന്നു പുറപ്പെടുന്ന സന്ദേശങ്ങൾ ഒരു വൻസദസ്സിനു ലഭ്യമാവുകയും ആ സദസ്സ് ഒരു ഭാഷണസമൂഹം, ജനത, മുഴുവനാകുകയും ചെയ്യുമ്പോഴാണ് അതിനുപയോഗിക്കുന്ന മാധ്യമം ബഹുജനമാധ്യമമാകുന്നത്. ആൾക്കൂട്ടത്തിന്റെ മെരുക്കൽ അതിന്റെ സഹജദൗത്യമാണ്.

*ബഹുജനമാധ്യമങ്ങളുടെ സാമൂഹികശാസ്ത്രത്തിലേയ്ക്ക്* എന്ന പുസ്തകത്തിലൂടെ 1969-ൽ ഡെന്നിസ് മക് ക്വൈൽ മുന്നോട്ടുവച്ച ബഹുജനമാധ്യമങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടു:

1. ബഹുജനമാധ്യമങ്ങൾക്ക് സങ്കീർണ്ണമായ ഔപചാരികസംഘടന വേണം,
2. അവ വൻ സദസ്സിനെ ലക്ഷ്യംവയ്ക്കുന്നു,
3. അവ പൊതുജനത്തിന്റേതാണ്,
4. അവയുടെ ഉള്ളടക്കം എല്ലാവർക്കുമായി തുറന്നതാണ്,
5. അവയുടെ സദസ്സ് ഭിന്നജാതീയമായിരിക്കും,

6. അകലങ്ങളിൽ കഴിയുന്ന ഒറ്റപ്പെട്ടവരുമായി അവ ഒരേ സമയം ബന്ധം സ്ഥാപിക്കുന്നു,
7. മാധ്യമവ്യക്തിത്വങ്ങളും സദസ്സിലെവ്യക്തികളും തമ്മിലുള്ള ബന്ധം മാധ്യമീകൃതമാണ്/നേരിട്ടുള്ളതല്ല.
8. സദസ്യർ ബഹുജനസംസ്കാരത്തിന്റെ ഭാഗമാണ്.[83]

ബഹുജനസംസ്കാരത്തെക്കുറിച്ചുള്ള ചർച്ചയും ഇവിടെ പ്രസക്തമാണ്. നിയതാർത്ഥത്തിൽ വിവിധ സംസ്കാരങ്ങൾ, ഉപസംസ്കാരങ്ങൾ, പ്രതിസംസ്കാരങ്ങൾ, സമാന്തരസംസ്കാരങ്ങൾ എന്നിവ നിലനിൽക്കുകയും പരസ്പരം ഏറ്റുമുട്ടുകയും ചെയ്യുന്ന നഗരസമൂഹങ്ങളിലെ സംസ്കാരമാണ് ബഹുജനസംസ്കാരം. ബഹുജനസംസ്കാരം മറ്റു സംസ്കാരങ്ങളുടെ സൃഷ്ടിയും അവയ്ക്കുമേൽ ആധിപത്യം ചെലുത്തുന്നതുമാണ്.[84] അമേരിക്കയിലെ പോപ്പ് സംസ്കാരം ഇതിന് ഉദാഹരണമായി പറയും. ഉന്നതസംസ്കാരം ബഹുജനസംസ്കാരത്തെ അധമമായിക്കാണുന്നു. നമ്മുടെ നാട്ടിലും അങ്ങാടി/ചന്ത സംസ്കാരം, തെരുവു സംസ്കാരം, പൈങ്കിളി സംസ്കാരം, തറ ടിക്കറ്റ് സംസ്കാരം, ടി. വി. സീരിയൽ സംസ്കാരം എന്നൊക്കെ വ്യവഹരിക്കപ്പെടുന്നത് ബഹുജനസംസ്കാരമാണ്. അത് ഒരു പ്രത്യയശാസ്ത്രസൃഷ്ടികൂടിയായാണ് മാധ്യമപഠനങ്ങൾ കാണുന്നത്. അതിന്റെ സൃഷ്ടിയുടെ ഏറ്റവും വലിയ ഇടങ്ങളിലൊന്ന് ബഹുജനമാധ്യമങ്ങളുമാണ്.

നവസാമ്രാജ്യത്വത്തിന്റെ വാഹനങ്ങളായി മാധ്യങ്ങൾ പ്രവർത്തിക്കുന്നു എന്നാണ് കോർപ്പറേറ്റ് മാധ്യമങ്ങളുടെ കാലത്തെ രാഷ്ട്രീയനിരീക്ഷണം. “സാമ്രാജ്യത്വം മറ്റൊരു രാജ്യത്തിന്റെ രാഷ്ട്രീയവും സൈനികവുമായ അധിനിവേശമായിരുന്നെങ്കിൽ, സാമ്രാജ്യത്വാനന്തരത കായികമായ

അധിനിവേശത്തിലല്ല മാധ്യമ-സാംസ്കാരികസാമ്രാജ്യത്വവുമായാണ് ബന്ധപ്പെട്ടു നില്ക്കുന്ന"തെന്ന് ലോഗെ നിരീക്ഷിക്കുന്നു.[85]

ബഹുജനമാധ്യമങ്ങൾ വേരുറയ്ക്കുന്നതിനു സമാന്തരമായി ചിന്താലോകം അവയെ സംശയത്തോടെ വീക്ഷിച്ചെങ്കിൽ, അവ ശക്തമായതോടെ അവയുടെ സാമൂഹികപ്രഭാവത്തെക്കുറിച്ചു പഠിക്കാൻ മാധ്യമപഠനങ്ങൾ ഉയർന്നുവന്നുവെങ്കിൽ, ലോകം മാധ്യമീകരിക്കപ്പെട്ട ഇക്കാലത്ത് അവയെക്കുറിച്ചുള്ള പഠനം രാഷ്ട്രീയപ്രയോഗം തന്നെയാണ്.

### 1.2.2. ആനുകാലികം: പ്രത്യയശാസ്ത്രപ്രരൂപം

ആനുകാലികപ്രസിദ്ധീകരണങ്ങൾ എന്ന പേരും ആനുകാലികങ്ങൾ എന്ന ചുരുക്കപ്പേരും ഇക്കാലത്ത് മാഗസിനുകൾക്ക് ചാർത്തി-ക്കൊടുത്തിരിക്കയാണ്. എന്നാൽ, നിയതാർത്ഥത്തിൽ വർത്തമാന-പത്രങ്ങളടക്കം ആനുകാലികങ്ങളാണ്. മലയാളത്തിൽ ആനുകാലികം എന്ന പ്രയോഗം മാഗസിനുകളുടെ പരിഭാഷയായി മാറിയിരിക്കുന്നു. നാലു ഘടകങ്ങളാണ് മാഗസിനുകൾക്ക്:

1. വർത്തമാനപത്രങ്ങളോടുള്ള സാദൃശ്യം
2. എന്നാൽ ചെറിയ രൂപം
3. കൃത്യമായ ഇടവേളകളിലെ പ്രസിദ്ധീകരണം
4. ലേഖനങ്ങളോ കഥകളോ (അല്ലെങ്കിൽ രണ്ടുമോ) ചേർന്ന ഉള്ളടക്കം[86]

നിർവചനം ഇങ്ങനെയാണെങ്കിലും ചിത്രങ്ങളും ഫോട്ടോഗ്രാഫുകളും അച്ചടിക്കുന്നതും മാഗസിനുകളുടെ സവിശേഷതയായി എടുത്തു പറയുന്നു. സാക്ഷരത, വാങ്ങൽശേഷി എന്നീ മാനവശേഷീവികാസത്തിന്റെയും അച്ചടി, ഫോട്ടോഗ്രാഫി, ഗതാഗതം, തപാൽ എന്നീ സാങ്കേതിക-വികാസത്തിന്റെയും സംയുക്തസൃഷ്ടിയായി മാഗസിനുകളെ പറയാറുണ്ട്. അതിനാൽ, ചിത്രങ്ങളുടെയും ഫോട്ടോകളുടെയും സാന്നിദ്ധ്യം അതിന്റെ

സവിശേഷതതന്നെയായിരുന്നു. 'ഇലസ്ട്രേറ്റഡ് വീക്കിലി' എന്നാണ് പല മാഗസിനുകളും സ്വയം പരിചയപ്പെടുത്തിയിരുന്നത്. *മാതൃഭൂമി* ആഴ്ചപ്പതിപ്പിന്റെപോലും മുഴുവൻ പേര് '*മാതൃഭൂമി* സചിത്ര ആഴ്ചപ്പതിപ്പ്' എന്നാണ്. മാഗസിനുകളെക്കുറിച്ചുള്ള ആദിസങ്കല്പം അങ്ങനെയാണെങ്കിലും പിന്നീട് ലേഖനങ്ങൾ, ചിത്രീകരണങ്ങൾ തുടങ്ങി എല്ലായിനം എഴുത്തുകളുടെയും സാകല്യമായി അതുമാറി.

1663 മുതൽ 1688 വരെ പുറത്തിറങ്ങിയ *Erbauliche Monaths-Unterredungen* ജർമ്മൻ പ്രസിദ്ധീകരണമാണ് ആദ്യത്തെ ആനുകാലികം. *Edifying Monthly Discussions* എന്നാണ് ആ പ്രസിദ്ധീകരണത്തിന്റെ പേരിന്റെ ആംഗലേയതർജമ.[87] മലയാളത്തിൽ *ജ്ഞാനവർദ്ധിനി പ്രതിമാസ സംവാദം* എന്നു മൊഴിമാറ്റാം. Discussions, സംവാദം, എന്നാണ് Magazine, ആനുകാലികം എന്നല്ല ആദിയിൽ ഈ പ്രസിദ്ധീകരണശാഖ സ്വയം വിശേഷിപ്പിച്ചത് എന്നു ചുരുക്കം. വിജ്ഞാനവിനിമയവും സംവാദസ്വഭാവവും ആനുകാലികങ്ങളുടെ പൈതൃകത്തിൽ ഉൾച്ചേർന്നിരുന്നു. എന്നാലിന്ന് ആനുകാലികങ്ങളിൽ മാത്രമല്ല, മാധ്യമങ്ങളുടെ ഒരു രൂപത്തിലും യഥാർത്ഥസംവാദമില്ല എന്ന വിമർശമുണ്ട്.[88]

അമേരിക്കയിലും ഇംഗ്ലണ്ടിലും 1700-കളിൽ ലഘുലേഖകൾ ഇറങ്ങി. ആദ്യം ഇവ സാഹിത്യപ്രസിദ്ധീകരണങ്ങളായിരുന്നു. ഇത്തരം ലഘുലേഖകളിൽനിന്നും പുസ്തകങ്ങളിൽനിന്നും പകർത്തിയ ഉള്ളടക്കവുമായി 1731-ൽ പുറത്തുവന്ന *ജെന്റിൽമെൻസ് മാഗസിൻ* ആദ്യത്തെ ആനുകാലികങ്ങളിലൊന്നാണ്. സാഹിത്യ ഉള്ളടക്കത്തോടുള്ള താല്പര്യം ആനുകാലികങ്ങളുടെ ഉള്ളടക്കസങ്കല്പത്തിൽ ആദ്യം മുതലേ ഉൾച്ചേർന്നിരുന്നു.

അച്ചടിച്ച വാക്കിനെ ദേശീയതയുടെ വാസ്തുശില്പി എന്നാണ് മാർഷൽ മക് ലൂഹൻ വിളിച്ചത്. യന്ത്രവത്കരണത്തിന്റെ ആദിരൂപമായി അച്ചടിയെന്ന പ്രക്രിയയെ കാണാമെന്നും അദ്ദേഹം പറയുന്നു. പുസ്തകമാണ് മനുഷ്യചരിത്രത്തിലെ ആദ്യത്തെ പഠനയന്ത്രവും വാണിജ്യോത്പന്നവുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. പക്ഷേ, അച്ചടിയിനങ്ങളിലെ ജനകീയത ആനുകാലികങ്ങൾക്കുള്ളതാണ്. അച്ചടിമാധ്യമങ്ങൾക്കിടയിൽ താരതമ്യേന കൂടിയ ജനപ്രീതിയവകാശപ്പെടാൻ എന്തുകൊണ്ടും അവയ്ക്കു കഴിയും. അവയുടെ ആനുവാചകച്ചങ്ങാത്തഭാവം പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്:

1. ദിനവിശേഷങ്ങൾ അറിയിക്കാനുള്ളത് എന്ന നിസ്സാരതയില്ല ആനുകാലികങ്ങൾക്ക്.
2. പഠിപ്പിക്കാനുള്ളത് എന്ന പാഠപുസ്തകത്തിന്റെ ഗൗരവവും അവയ്ക്കില്ല.
3. ആനുകാലികം നിത്യാതിഥിയല്ല.
4. ആനുകാലികം അദ്ധ്യാപികയല്ല/അദ്ധ്യാപകനല്ല.
5. ആനുകാലികത്തിനുള്ളത് ആഴ്ചയറുതിക്ക് കളിക്കാനെത്തുന്ന കൂട്ടുകാരിയുടെ /കൂട്ടുകാരന്റെ ഭാവമാണ്.
6. അതിന്റെ മനഃശാസ്ത്രപരമായ ശക്തി, കൃത്യമായ ഇടവേളകളാണ്.[89]

വായനക്കാരെ തേടിയെത്തുന്നതുകൊണ്ട് ഒരു ഒളിച്ചുകളിസുഹൃത്തിന്റെ ഭാവവും അതിനു കല്പിക്കാം. വിവരങ്ങളറിയിക്കലും വിനോദിപ്പിക്കലും മറ്റെല്ലാ അച്ചടിബഹുജനമാധ്യമങ്ങളുടെയും രീതിയാണെങ്കിലും അവയിൽപ്പലതിനുമില്ലാത്ത ജനപ്രിയത ആനുകാലികത്തിനുണ്ട് എന്നാണ് ഈ നിരീക്ഷണങ്ങളുടെ നീക്കിബാക്കി. അതുകൊണ്ടുതന്നെ

ബഹുജനമാധ്യമങ്ങളിലെ ശക്തമായ ഒരു ആശയവിനിമയോപാധിയാണ് ആനുകാലികങ്ങൾ

ഈ സാഹചര്യത്തിലാണ് ആധുനികതയുടെയും ആധുനികതയുടെ പ്രത്യയശാസ്ത്രത്തിന്റെ സൃഷ്ടിയായ ദേശീയതയുടെയും നിർമ്മിതിയിൽ വലിയ സംഭാവന നൽകാൻ ആനുകാലികങ്ങൾക്കായത്. അച്ചടി മാധ്യമങ്ങളെ കേന്ദ്രീകരിച്ചു രൂപപ്പെട്ട സാസ്കാരികാനുഭവങ്ങളുടെയും രാഷ്ട്രീയമാറ്റങ്ങളുടെയും സൃഷ്ടിയാണ് ആധുനികതയെന്ന് ഇന്നിസ് പറഞ്ഞിട്ടുണ്ട്. വ്യക്തി, സമൂഹം, ദേശ-രാഷ്ട്രം എന്നീ തലങ്ങളിൽ സംഭവിച്ച നാനാവിധമായ മാറ്റങ്ങൾക്കു പിന്നിലുള്ള ഏറ്റവും വലിയ സ്വാധീനം അച്ചടിമുതലാളിത്തമാണെന്ന് ബനഡിറ്റ് ആൻഡേഴ്സണും പറഞ്ഞു.[90] ആനുകാലികങ്ങളുടെ ആ കരുത്ത് - പ്രത്യയശാസ്ത്രപ്രവാഹി എന്ന ശേഷി - തന്നെയാണ് അച്ചടിമാധ്യമങ്ങൾക്കിടെ അവയെ വേറിട്ടു നിർത്തുന്നത്. പുത്തൻ മാധ്യമങ്ങൾ എത്തിയ കാലത്തും ആനുകാലികങ്ങൾക്ക് അവയുടെ ഇടമുണ്ട്. എല്ലാ മാധ്യമങ്ങൾക്കുമെന്നപോലെ ആനുകാലികങ്ങൾക്കും നിരന്തരം മാറേണ്ടതുണ്ട്.[91] ആ മാറ്റം പുതിയ കാലത്തെ ആവശ്യങ്ങളെ നേരിടാൻ അവയെ ശക്തമാക്കുന്നു. ആനുകാലികങ്ങളുടെ മാറ്റങ്ങൾക്കു പിന്നിൽ എപ്പോഴും ഭൗതികകാരണങ്ങളായിരിക്കും. ആനുകാലികങ്ങളുടെ മാറ്റത്തിനു പിന്നിൽ പത്രാധിപരെയോ പത്രാധിപസമിതിയെയോ തിരയുന്നതു മൗഢ്യമാണ്. ആനുകാലികത്തിനു പിന്നിലെ സർവ്വാധികാരി പത്രാധിപരാണെന്നത് ഒരു കെട്ടുകഥമാത്രം. യുഗപ്രഭാവന്മാരായ പത്രാധിപന്മാർ ആനുകാലികങ്ങളെ നയിച്ച മുന്നനുഭവങ്ങളിൽനിന്നാണ് നമ്മുടെ ആനുകാലികചരിത്രത്തിലും പൊതുബോധത്തിലും ആ ഐതിഹ്യം വേരുറച്ചത്. പത്രങ്ങളും ആനുകാലികങ്ങളും അവയുടെ പത്രാധിപർരുടെ പേരിൽ അറിയപ്പെടുന്ന, പത്രാധിപർ പത്രങ്ങളുടെയും

ആനുകാലികങ്ങളുടെയും പേരിൽ അറിയപ്പെടുന്ന ഉദാഹരണങ്ങൾ നമുക്കു മുന്നിലുണ്ട്. അങ്ങനെയാണ് കെ. രാമകൃഷ്ണപിള്ളയ്ക്ക് ചരിത്രം *സ്വദേശാഭിമാനി* എന്ന ബിരുദം നല്കിയത്. അങ്ങനെയാണ് എ. ബാലകൃഷ്ണപിള്ളയെ കേസരിയെന്നു വിളിച്ചത്. *ഭാഷാപോഷിണി* കണ്ടത്തിൽ വർഗീസ് മാപ്പിളയുടെയും *മംഗളോദയം* മുണ്ടശ്ശേരിയുടെയും പേരിൽ അറിയപ്പെട്ടത്. *കൗമുദി* കെ. ബാലകൃഷ്ണന്റെയും *സമീക്ഷ* എം ഗോവിന്ദന്റെയും പേരുകളോടു ചേർത്ത് ഓർക്കപ്പെടുന്നതും അങ്ങനെതന്നെ. പക്ഷേ, ആ പത്രാധിപന്മാരെ നയിച്ച ആശയങ്ങളാണ് ആ പ്രസിദ്ധീകരണങ്ങളുടെ മൂല്യങ്ങളായി ആദരിക്കപ്പെട്ടത് എന്നതാണ് വസ്തുത. ആ ആശയങ്ങളാകട്ടെ ഒരു ജ്ഞാനസന്ദർഭത്തിന്റെ, ഒരു ചരിത്രകാലത്തിന്റെ, ഒരു ഭൗതികപരിതോവസ്ഥയുടെ ഉത്പ്പന്നങ്ങളായിരുന്നു. ആനുകാലികത്തിനുപിന്നിൽ ഒരു മനസ്സുണ്ടായിരിക്കണം എന്നത് വ്യക്തിസൂചകമല്ല, ആശയസൂചകമായി മനസ്സിലാക്കപ്പെടണം. "ആനുകാലികത്തിനു പിന്നിൽ ഒരാളുണ്ടായിരിക്കണം - രണ്ടാൾക്ക് ഉണ്ടായിരിക്കാനാവില്ല" എന്ന തിളക്കമുള്ള സങ്കല്പം കൊഴിഞ്ഞുവീണുകഴിഞ്ഞിരിക്കുന്നു. അത് ഇന്ന് നിയമപരമായ ഒരനിവാര്യതമാത്രം.[92] എഴുത്തുകാരോ, സാംസ്കാരിക-നായകരോ, ധൈഷണികവ്യക്തിത്വങ്ങളോ അല്ല ഇന്ന് ആനുകാലികങ്ങളെ നയിക്കുന്നത്. പത്രാധിപർ മരിച്ചിരിക്കുന്നു. നവമാധ്യമങ്ങളുടെ രീതിയിൽ ഉള്ളടക്കക്കാര്യസ്ഥർ ആനുകാലികങ്ങളെ നയിക്കാൻ വന്നു കഴിഞ്ഞിരിക്കുന്നു. പക്ഷേ, ആനുകാലികങ്ങളുടെ ഉള്ളടക്കം അവരുടെ വ്യക്തിപരമായ പരാജയമോ കഴിവുകേടോ അല്ല. അത് ഭൗതികതയുടെ പ്രതിഫലനമാണ്.

ആനുകാലികങ്ങളെ മാറ്റുന്ന എല്ലാ ഭൗതികകാര്യങ്ങളും സാംസ്കാരികകാര്യങ്ങളാണ്. അവയ്ക്ക് പ്രത്യയശാസ്ത്രപരമായ

ഉറവിടങ്ങളാണുള്ളത്. അതിനാൽ, ആനുകാലികങ്ങളുടെ മാറ്റങ്ങൾക്കു പിന്നിൽ പ്രത്യയശാസ്ത്രമാണുള്ളത്.

## 1.3. സാംസ്കാരികപഠനങ്ങളുടെ രാഷ്ട്രീയം

സാംസ്കാരികപഠനങ്ങൾ വഹിച്ച രണ്ടു ചരിത്രപരമായ പങ്കുകളെ പി.ഗോവിന്ദപ്പിള്ള അടയാളപ്പെടുത്തിയിട്ടുണ്ട്. അതിലൊന്നാണ് നേരത്തേ വിശദീകരിച്ചതാണ്:

1. “സംസ്കാരത്തിന്റെ ക്രിയാത്മക പങ്കി”നെ സാംസ്കാരിക പഠനങ്ങൾ “സമർത്ഥിച്ചു”.

സാംസ്കാരികപഠനങ്ങളുടെ മറ്റൊരു നേട്ടമായി അദ്ദേഹം രേഖപ്പെടുത്തിയത്,

2. “യാന്ത്രികാന്ധതയിൽനിന്ന് മാർക്സിസത്തെ വീണ്ടെടു”ത്തു

എന്നതാണ്.[93]

ഈ പശ്ചാത്തലത്തിൽ, മാർക്സിയൻ സാംസ്കാരികവീക്ഷണത്തിന്റെ സംഘർഷങ്ങളിലൂടെയുള്ള മുന്നോട്ടുപോക്കായും സാംസ്കാരിക പഠനങ്ങളുടെ വളർച്ചയെക്കാണാം.

മാർക്സും ഏംഗൽസും രൂപം കൊടുത്ത അടിത്തറ-മേല്പുര സങ്കല്പമാണ് മാർക്സിസത്തിന്റെ സാംസ്കാരികവീക്ഷണത്തിന്റെ അടിസ്ഥാനം. ഇത് സംസ്കാരത്തെ ഉപരിഘടനാപരമായിമാത്രം കാണുന്ന യാന്ത്രികതയിലേയ്ക്കു നയിച്ചു. അതിനെതിരേ ആദ്യം മാർക്സും അദ്ദേഹത്തിന്റെ മരണശേഷം ഏംഗൽസും മുന്നറിയിപ്പുകൾ നല്കിയിരുന്നു. എന്നാൽ, മാർക്സിസത്തിന്റെ സോവിയറ്റ് ധാരയിൽ സംസ്കാരത്തെ ഭൌതികാനുഭവങ്ങളുടെ പ്രതിഫലനായി വിശദീകരിക്കുവാൻ തുടങ്ങി. അത്, സാർവ്വദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലേയ്ക്കാകെ പടർന്നു; ഔദ്യോഗിക കമ്യൂണിസ്റ്റ് പാർട്ടികളുടെയെല്ലാം നിലപാടിൽ ഉൾച്ചേർന്നു. അതിൽനിന്ന്

മാർക്സിസത്തെ പുനരാനയിക്കാൻ സംസ്കാരികപഠനങ്ങൾക്കു കഴിഞ്ഞു എന്നാണ് വിലയിരുത്തൽ.

അടിത്തറ-മേല്പുര സങ്കല്പത്തെപ്പറ്റി പല ചർച്ചകളും നടന്നിട്ടുണ്ടെങ്കിലും സംസ്കാരവ്യവസായത്തെക്കുറിച്ചുള്ള സങ്കല്പത്തിലൂടെ ഫ്രാങ്ക്ഫർട്ട് ചിന്തകരാണ് ഇതിൽ വഴിത്തിരിവുണ്ടാക്കിയത്. ഫാസിസത്തിന് എങ്ങനെ ജനപ്രീതി നേടാനായി എന്നതാണ് അവരെ ചിന്തിപ്പിച്ചത്. സമൂഹത്തിന്റെ ആൾക്കൂട്ടവത്കരണത്തിലൂടെ ആധിപത്യപരമായ ഘടനകളുടെ പുനരുല്പാദനം ഉറപ്പുവരുത്താൻ ജനപ്രിയകലയ്ക്ക് കഴിയുമെന്ന് സംസ്കാരവ്യവസായസങ്കല്പം വിശദീകരിക്കുന്നു. ഇവിടെ കല ജനങ്ങളെ വഴി തെറ്റിക്കുന്നു. ജനപ്രിയകലാരൂപങ്ങളിലൂടെ ജനകീയാഖ്യാനങ്ങൾ വഴി കപടാവബോധം പ്രചരിപ്പിക്കുന്നു. കപടാവബോധം പ്രത്യയശാസ്ത്രംതന്നെ - നിലവിൽ മേല്ക്കോയ്മയുള്ള ആശയ-സംഹിത. അതിനുള്ള പ്രത്യയശാസ്ത്രപ്രരൂപങ്ങളായി കലായിനങ്ങൾ മാറുന്നു. ഫ്രാങ്ക്ഫർട്ട് സ്കൂളിന്റെ ഈ ചിന്ത വന്നതോടെ, പാർശ്വവത്കരിക്കപ്പെട്ടിരുന്ന സംസ്കാരമെന്ന മാർക്സിസ്റ്റ് പ്രമേയത്തിന് വീണ്ടും ശ്രദ്ധ കിട്ടി. അടിത്തറയായ സാമ്പത്തികഘടനയുടെ പ്രതിഫലനമാണ് മേല്പുരയായ സംസ്കാരം, സാമ്പത്തികഘടന മാറിയാൽ സംസ്കാരവും മാറും എന്ന ചിന്താഗതിയിൽനിന്ന് മാർക്സിസത്തെ ഫ്രാങ്ക്ഫർട്ട് ചിന്തകർ വീണ്ടും സംസ്കാരത്തിലേയ്ക്കു മടക്കിവിളിച്ചു.

സംസ്കാരം പ്രത്യയശാസ്ത്രമെന്ന നിലയിൽ പ്രവർത്തിക്കുന്നത് എങ്ങനെ എന്നന്വേഷിച്ച അൽത്തൂസറിന്റേതാണ് അടുത്ത മുഖ്യ-സംഭാവന. അസ്തിത്വവാദം, മാനവവാദം, ഹെഗേലിയൻ സ്വാധീനം എന്നിവയെല്ലാം മാർക്സിസ്റ്റ് ചിന്തയെ ബാധിച്ചുവെന്ന് അദ്ദേഹം പറഞ്ഞു.

മാർക്സിസം ചരിത്രപരമായ ഭൗതികവാദത്തിൽ കൃത്യമായി നിലയുറപ്പിക്കണമെന്നും. അടിത്തറ-മേല്പുര സങ്കല്പത്തെ അദ്ദേഹം പുതുക്കി. അൽത്തൂസറിൽ മേല്പുരയ്ക്ക് നിർണയശേഷിയുണ്ട്. അത് അടിത്തറയുടെ പ്രതിഫലനമല്ല. സാമ്പത്തികം, രാഷ്ട്രീയം, പ്രത്യയശാസ്ത്രപരം എന്നിങ്ങനെ മൂന്നു തരം പ്രക്രിയകൾ സാമൂഹികനിർമാണത്തിലുണ്ട്. ഓരോന്നിനും പ്രാമുഖ്യം വരുന്ന ഘട്ടങ്ങളുമുണ്ട്. സ്വന്തം ഘട്ടമെത്തുമ്പോൾ ആ ഘടകം പ്രധാനമാകും. മറ്റു ഘടകങ്ങളെ 'അതിനിർണയം' ചെയ്യും. ക്ലാസിക് മാർക്സിസ്റ്റ് സങ്കല്പത്തിൽ വ്യാജധാരണ - യാഥാർത്ഥ്യത്തിന്റെ കീഴ്മേൽ മറിഞ്ഞ തോന്നൽ - ആണ് പ്രത്യയശാസ്ത്രം. ആ നിലയിൽനിന്ന് യാഥാർത്ഥ്യത്തിന്റെ സ്വഭാവത്തെ നിർണ്ണയിക്കുന്ന വ്യവഹാരമായി പ്രത്യയശാസ്ത്രം അൽത്തൂസറിൽ മാറി. പ്രത്യയശാസ്ത്രത്തിന് ഭൗതികശക്തി കൈവന്നു.

ഗ്രാംഷിയാണ് സംസ്കാരചിന്തയെ സഫലമായി മുന്നോട്ടു-കൊണ്ടുപോയത്. സംസ്കാരം വർഗ്ഗപരമായ ആധിപത്യത്തിന്റെ ഉപകരണമായി പ്രവർത്തിക്കുന്നതെങ്ങനെ എന്ന ചോദ്യത്തിന് അതുവരെയില്ലാത്ത ഉത്തരം ഗ്രാംഷിക്കുണ്ടായിരുന്നു. മേൽക്കോയ്മ, സാമാന്യബോധം എന്നീ ഗ്രാംഷിയൻ പരികല്പനകൾ അങ്ങനെ വന്നു. മേൽക്കോയ്മയുള്ളത് അധീശവർഗ്ഗത്തിനാണ്. അധീശവർഗത്തിന് അങ്ങനെ തുടരാൻ 'രാഷ്ട്രീയസമൂഹ'ത്തിലും 'പൌരസമൂഹ'ത്തിലും ഒരേസമയം മേൽക്കോയ്മ വേണം. രാഷ്ട്രീയസമൂഹത്തിലെ മേൽക്കോയ്മ നിലനിർത്താൻ അധികാരിവർഗത്തിന് എളുപ്പം കഴിയും (ഭരണകൂടംതന്നെയാണ് രാഷ്ട്രീയസമൂഹം.)[94] പൌരസമൂഹത്തിലെ മേൽക്കോയ്മയ്ക്ക് അതു പോരാ.[95] അതിന് സാംസ്കാരികമായ മേൽക്കൈ വേണം. സ്വന്തം താല്പര്യങ്ങൾ സാമാന്യബോധമായി മാറ്റാൻ അധീശവർഗ്ഗത്തിനു കഴിയുന്നു. അധീശവർഗ്ഗത്തിന്റെ താല്പര്യങ്ങൾക്കു

പൊതുസമ്മതി കൈവരുമ്പോഴാണ് ആ മേൽക്കോയ്മ സംഭവിക്കുന്നത്. രാഷ്ട്രീയസമൂഹത്തിലെ മേൽക്കോയ്മ ഭരണകൂടം അടിച്ചേല്പിക്കുന്നതാണ്. എന്നാൽ, പൌരസമൂഹത്തിലെ മേൽക്കോയ്മയുടെ അടിസ്ഥാനം ആളുകളുടെ സാമാന്യബോധമാണ്. സാമാന്യബോധം മേധാവിവർഗ്ഗത്തിന്റെ താല്പര്യങ്ങളെ മുഴുവൻ സ്വാഭാവികമായി തോന്നിപ്പിക്കുന്നു; സഹനീയമാക്കി അനുഭവിപ്പിക്കുന്നു. സാംസ്കാരികമണ്ഡലത്തിലാണ് ഈ പ്രക്രിയ നടക്കുന്നത്. അവിടെ മേൽക്കോയ്മയ്ക്കായി നിരന്തരം ആശയപ്പോരാട്ടം നടക്കുന്നുണ്ട്. അവിടെ പരാജയപ്പെട്ടാൽ മേധാവിവർഗ്ഗം അധികാരഭ്രഷ്ടമാകും. പൌരസമൂഹത്തിൽ, സാംസ്കാരികമണ്ഡലത്തിൽ, മേൽക്കോയ്മ തകരുമ്പോഴാണ് രാഷ്ട്രീയസമൂഹത്തിൽ കടുത്ത ബലപ്രയോഗം – ഫാഷിസം – വരുന്നത്. ഗ്രാംഷിയുടെ ഈ ചിന്തയ്ക്കുമുന്നിൽ, വർഗസമരത്തിന്റെ കേന്ദ്രസ്ഥാനമാണ് സംസ്കാരം. സാമ്പത്തിക-നിർണയവാദത്തിനുള്ള മാർക്സിയൻ മറുപടിയായിമാറി അത്. ഫ്രാങ്ക്ഫർട്ട് സ്കൂളിന്റെപോലും ചിന്തയിൽ, (വ്യക്തിക്ക് കർതൃത്വമില്ല, കടുത്ത ആധിപത്യയാഥാർത്ഥ്യങ്ങൾക്കു കീഴിലാണ് അയാൾ എന്ന) ഒരു ദുരന്തബോധത്തിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു. ഗ്രാംഷിയുടെ ചിന്തയാണ് അത്തരം നിസ്സഹായചിന്തകളെ തള്ളിക്കളഞ്ഞ് ഒരു പോരാട്ടമായി സംസ്കാരത്തെ കണ്ടത്.

ഗ്രാംഷിയൻ ചിന്തകൂടി ഉൾക്കൊണ്ടാണ് 'ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്രോപകരണങ്ങൾ' എന്ന സങ്കല്പം അൽത്തൂസർ ആവിഷ്കരിച്ചത്. ഭരണകൂടത്തിന് രണ്ടിനം ഉപകരണങ്ങളുണ്ട്. കോടതിയും പട്ടാളവും ഒക്കെ ഉൾപ്പെട്ട മർദനപരമായ ഭരണകൂടോപകരണങ്ങളും കുടുംബം, വിദ്യാഭ്യാസം, മതം, മാധ്യമം എന്നിവ പോലെയുള്ള പ്രത്യയശാസ്ത്രപരമായ

ഭരണകൂടോപകരണങ്ങളും. ആദ്യത്തെയിനമാണ് ബലം പ്രയോഗിക്കുന്നവയോ, അതിനു വേണ്ടി സംവിധാനം ചെയ്യപ്പെട്ടവയോ ആയി ഭവിക്കുന്നത്. രണ്ടാമത്തെയിനം അനുശീലനത്തിലൂടെ ഉത്പാദനത്തിന്റെ (നിലവിലുള്ള വ്യവസ്ഥയുടെ) തുടർച്ച ഉറപ്പാക്കുന്നു. ഹിംസയല്ല, സമ്മതിയാണ് അവയുടെ വഴി.

ഗ്രാംഷിയുടെ ചിന്തകൾ സംസ്കാരത്തെയല്ല അഭിസംബോധന ചെയ്തത്. അത് സമ്പൂർണ്ണമായ രാഷ്ട്രീയപദ്ധതിതന്നെയാണ്. മാർക്സിയൻ ദർശനത്തിന്റെ പുതിയ വ്യാഖ്യാനമാണത്. മാർക്സിസത്തിന്റെ സാംസ്കാരികവീക്ഷണത്തിന്റെ അടിസ്ഥാനമായ അടിത്തറ-മേല്പുര സങ്കല്പം നീണ്ടകാലമായി ഒരു സന്ദിഗ്ധത നേരിടുകയായിരുന്നു. അതിന് മാർക്സിയൻ പരിഹാരം കണ്ടെത്തി എന്നതാണ് ഗ്രാംഷിയൻ ചിന്തയുടെ തത്വശാസ്ത്രപരമായ പ്രാധാന്യം (രാഷ്ട്രീയമായതും). അങ്ങനെയൊരു ചിന്ത മുന്നോട്ടുവച്ചതുകൊണ്ട് 'സാംസ്കാരികമാർക്സിസം' എന്നുവരെ ഗ്രാംഷിയുടെ ചിന്ത അറിയപ്പെടുന്നുമുണ്ട്. അതാണ്, അൽത്തൂസറിനടക്കം മാതൃകയായത്. അതുതന്നെയാണ് സാംസ്കാരികപഠനങ്ങൾ ഏറ്റുവാങ്ങിയത്. അങ്ങനെ ഒരു ഏറ്റുവാങ്ങലുണ്ടായതുകൊണ്ടാണ് സാംസ്കാരികപഠനങ്ങളുടെ ആന്തരസത്ത ഇടതുപക്ഷ രാഷ്ട്രീയത്തിന്റേതായി നിലനില്ക്കുന്നത്.[96] തിരിച്ച്, അത് മാർക്സിയൻ ചിന്തകൾക്കും നിർണ്ണായകമായ വഴിത്തിരിവായി. [97] അതാണ്, പി. ഗോവിന്ദപ്പിള്ള നിരീക്ഷിച്ചതും. ഗ്രാംഷിയൻ ചിന്തകളുടെ പ്രയോഗമാണ് സാംസ്കാരികപഠനങ്ങളുടെ ഏറ്റവും വലിയ ഒസ്യത്ത്. അതാണ് സാംസ്കാരികപഠനങ്ങളുടെ രാഷ്ട്രീയം.

## പിൻകുറിപ്പുകൾ

---

[1]*സംസ്കാരപഠനം: ചരിത്രം, സിദ്ധാന്തം, പ്രയോഗം* എന്ന പുസ്തകത്തലക്കെട്ട് (മലയാളപഠനസംഘം. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം 2011)

[2]"സാംസ്കാരികപഠനം: പുതുമ, പഴമ, പ്രസക്തി" എന്ന പി. ഗോവിന്ദപ്പിള്ളയുടെ ലേഖനത്തിന്റെ ശീർഷകം (ഗോവിന്ദപ്പിള്ള, പി. *സംസ്കാരപഠനം: ചരിത്രം, സിദ്ധാന്തം, പ്രയോഗം*. 2011 5)

[3]"ഇംഗ്ലീഷിൽ കൾച്ചറൽ സ്റ്റഡീസ് എന്നു പറഞ്ഞുവരുന്നതിനെയാണ് മലയാളത്തിൽ സാംസ്കാരികപഠനം എന്നു സാധാരണ വിവർത്തനം ചെയ്തുവരുന്നത്... കൾച്ചറൽ സ്റ്റഡീസ് എന്നു കേൾക്കുമ്പോൾ അത് ഒരു ബഹുവചനമാണെന്ന തെറ്റിദ്ധാരണ സ്വാഭാവികം. എന്നാൽ, അതു ബഹുവചനമല്ല. ഏകവചനമാണ്... മലയാളത്തിൽ സാസ്കാരികപഠനങ്ങൾ എന്നുപയോഗിക്കാതെ സംസ്കാരപഠനമെന്ന ഏകവചനം ഉപയോഗിക്കുന്നത് ആശയക്കുഴപ്പം ഒഴിവാക്കാൻ ഉതകുമെങ്കിലും ദുർഘടം അവിടംകൊണ്ടും അവസാനിക്കുന്നില്ല. സാംസ്കാരികപഠനമെന്നു പറഞ്ഞാൽ, സംസ്കാരത്തെക്കുറിച്ചുള്ള പഠനപദ്ധതിയാണെന്നു തോന്നാമെങ്കിലും അത് നിഷ്കൃഷ്ടമായ അർത്ഥമല്ല. സാംസ്കാരികഘടകങ്ങളെ മുൻനിർത്തി സാഹിത്യനിരൂപണവും കലാനിരൂപണവും നടത്തുന്ന പദ്ധതിയെയാണ് അർത്ഥമാക്കുന്നത്." (ഗോവിന്ദപ്പിള്ള. 20011 31)

[4]*കേരളസംസ്കാരപഠനങ്ങൾ*. എഡി. പത്മന രാമചന്ദ്രൻ നായർ. കോട്ടയം: കറന്റ് 2011

[5]'മലയാളഭാഷാപരിണാമം' – ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, 'തമിഴ്പൈതൃകം' – ഡോ. കെ. നാച്ചിമുത്തു, 'സംസ്കൃതപൈതൃകം '– ഡോ. എൻ. പി. ഉണ്ണി, 'മലയാളലിപിചരിത്രം' – ഡോ. എം. ആർ. രാഘവവാര്യർ, 'എഴുത്തും അച്ചടിവിദ്യയും' – ശ്രീ. എ. ബി. രഘുനാഥൻനായർ, 'ഹസ്തലിഖിതസംരക്ഷണം' – ഡോ. പി. വിശാലാക്ഷി, 'ശാസനപൈതൃകം' – ഡോ. പുതുശ്ശേരി രാമചന്ദ്രൻ, 'മലയാളസാഹിത്യം' – ഡോ. പി. സേതുനാഥൻ,' മലയാളവും വിദേശബന്ധങ്ങളും' – ഡോ. സ്കറിയ സക്കറിയ, 'വിവർത്തനത്തിന്റെ ചരിത്രം' – ശ്രീ. എം. പി. സദാശിവൻ, 'ഗ്രന്ഥാലയപാരമ്പര്യം' – ശ്രീ. പി. രാമാനുജൻനായർ, 'മലയാളവും ദേശീയോദ്ഗ്രഥനവും' – ഡോ. എ. എം. ഉണ്ണിക്കൃഷ്ണൻ, 'ദർശനപാരമ്പര്യം' – ഡോ. പൂജപ്പുര കൃഷ്ണൻനായർ, 'കേരളത്തിലെ ശാലകൾ' - ഡോ. ടി. പി. ശങ്കരൻകുട്ടിനായർ,' കേരളത്തിലെ ആദ്യത്തെ സർവ്വകലാശാല' – ഡോ. എ. സുകുമാരൻനായർ, 'ഹൈന്ദവപാരമ്പര്യം' – ഡോ. പൂജപ്പുര കൃഷ്ണൻനായർ, 'ജൈന-ബുദ്ധ-ജൂതപൈതൃകം' – ഡോ. എൻ. എം. നമ്പൂതിരി, 'ക്രൈസ്തവപൈതൃകം' – ഡോ. ഡി. ബാബു പോൾ,

'ഇസ്ലാമികപൈതൃകം' – പ്രൊഫ. ഹമീദ് ചേന്നമംഗലൂർ, 'സൗന്ദര്യദർശനം' – ശ്രീ. ആഷാമേനോൻ, 'ക്ലാസിക്.കലകൾ' - ശ്രീ. കാവാലം നാരായണപ്പണിക്കർ, 'അനുഷ്ഠാനകലകൾ' - ഡോ. എ. കെ. നമ്പ്യാർ, 'ശില്പകലാപാരമ്പര്യം' – ശ്രീ. വിജയകുമാർമേനോൻ, 'ചിത്രകലാപാരമ്പര്യം' – പ്രൊഫ. കാട്ടൂർ നാരായണപിള്ള, 'കേരളസംഗീതം' – ഡോ. കെ. ഓമനക്കുട്ടി, 'ചലച്ചിത്രസംഗീതം' – ശ്രീ. രവിമേനോൻ, 'ദൃശ്യകലകൾ' - ഡോ. കവടിയാർ രാമചന്ദ്രൻ, 'കേരളീയവാദ്യകലകൾ' - ശ്രീ. കെ. വി. രാജഗോപാലൻകിടാവ്, 'നാടൻകളികൾ', 'വിനോദങ്ങൾ' - ഡോ. അമ്പലപ്പുഴ ഗോപകുമാർ, 'ശാസ്ത്രവും ശാസ്ത്രസാഹിത്യവും' – ഡോ. സി. ജി. രാമചന്ദ്രൻനായർ,' ജ്യോതിശ്ശാസ്ത്രവും ജ്യോതിഷവും' – ഡോ. കെ. ജനാർദ്ദനക്കുറുപ്പ്, 'ആയുർവേദപൈതൃകം' – ഡോ. എൻ. എസ്. നാരായണൻനായർ, 'കാർഷികപാരമ്പര്യം' – ഡോ. ആർ. ഗോപീമണി, 'ഭൂമിശാസ്ത്രസവിശേഷതകൾ' - പ്രൊഫ. എസ്. മോഹൻകുമാർ, 'ക്ഷേത്രസങ്കല്പം' – ശ്രീ. കാണിപ്പയ്യൂർ കൃഷ്ണൻനമ്പൂതിരിപ്പാട്, 'വാസ്തുശാസ്ത്രം' – ഡോ. ആശാലത തമ്പുരാൻ, 'മന്ത്ര-തന്ത്രപൈതൃകം'– ഡോ. ബി. സി. ബാലകൃഷ്ണൻ, 'നാട്ടുവൈദ്യം' – ഡോ. എൻ. അജിത്കുമാർ, 'പുരാവസ്തുഗവേഷണം' – ഡോ. എസ്. ഹേമചന്ദ്രൻ, 'സമ്പദ്.വ്യവസ്ഥ' – പ്രൊഫ. കെ. അരവിന്ദാക്ഷൻ, 'നാണയം, അളവ്, തൂക്കം, സമയം' – ശ്രീ. പി. ഗോപകുമാർ, 'സ്ഥലനാമങ്ങൾ' - ഡോ. വിളക്കുടി രാജേന്ദ്രൻ,' രാഷ്ട്രീയപാരമ്പര്യം' – ഡോ. എം. ജി. എസ്. നാരായണൻ, 'സാമൂഹികപരിണാമം' – ഡോ. കെ. ജയപ്രസാദ്,' കേരളീയനവോത്ഥാനം' – പ്രൊഫ. സി. ഐ. ഐസക്, 'ദേശീയതയും കേരളവും' – ഡോ. എം. എൻ. കാരശ്ശേരി, 'നീതിന്യായപാരമ്പര്യം' – ജസ്റ്റിസ് കെ. പി. രാധാകൃഷ്ണമേനോൻ, 'നാട്ടുഭരണസമ്പ്രദായങ്ങൾ' - ഡോ. ബി. വി. ശശികുമാർ,' ഭരണനിർവഹണം' – ശ്രീ. സി. പി. നായർ ഐ. എ. എസ്. (റിട്ട.), 'കേരളവും സ്വാതന്ത്ര്യസമരവും' – ശ്രീ. മലയിൻകീഴ് ഗോപാലകൃഷ്ണൻ, 'സ്ത്രീത്വം: ഒരു ചരിത്രാന്വേഷണം' – ഡോ. പി. ഗീത, 'ആരാധനാലയങ്ങൾ' - ഡോ. എം. ജി. ശശിഭൂഷൺ, 'ആരാധനാസമ്പ്രദായങ്ങൾ' - ശ്രീ. മണ്ണടി ഹരി, 'ഗോത്രസംസ്കൃതി '– ഡോ. ടി. മാധവമേനോൻ ഐ. എ. എസ്. (റിട്ട.), 'നാടോടിപാരമ്പര്യം' – ഡോ. എം. വി. വിഷ്ണുനമ്പൂതിരി, 'നാട്ടറിവുകൾ' - ഡോ. സി. ആർ. രാജഗോപാലൻ, 'ഭക്ഷണം, വേഷം, ആചാരാനുഷ്ഠാനങ്ങൾ' - ഡോ. എൻ. അജിത്കുമാർ, 'വാണിജ്യം' – ഡോ. എം. ഗംഗാധരൻ, 'ഉത്സവാഘോഷങ്ങൾ' - ഡോ. എഴുമറ്റൂർ രാജരാജവർമ്മ,' ഗതാഗതചരിത്രം' – ഡോ. ടി. ജി. മാധവൻകുട്ടി, 'വർത്താവിനിമയപാരമ്പര്യം' – ശ്രീ. ജോസ് പനച്ചിപ്പുറം, 'കുലത്തൊഴിലും കുടിൽവ്യവസായവും' – ഡോ. കെ. പി. ദിലീപ്കുമാർ,' സൈനികപാരമ്പര്യം' – ഡോ. ജി. കൃഷ്ണൻനാടാർ, 'നാവികപാരമ്പര്യം' – ഡോ. കെ. കെ. എൻ. കുറുപ്പ്, 'കളരിപാരമ്പര്യം' - ഡോ. എ. കെ. വേണുഗോപാൽ, 'കായികവിനോദം' – ശ്രീ. യദുകുലകുമാർ, 'കേരളത്തിലെ കോട്ടകൾ' - ഡോ. എസ്. ഹേമചന്ദ്രൻ. (ibid)

[6]"സംസ്കാരത്തെക്കുറിച്ചുള്ള പഠനം... പുതിയതല്ല. കേരളസംസ്കാരമെന്ന പേരിൽത്തന്നെയുള്ള കോഴ്സുകൾ മലയാളത്തിന്റെയും ചരിത്രത്തിന്റെയും ഭാഗമായി നേരത്തേ മുതൽ ആരംഭിച്ചിട്ടുണ്ട്. സംഗീതം, നൃത്തം, ചിത്രകല തുടങ്ങിയവയ്ക്ക് പഠനവകുപ്പുകൾ പലയിടത്തുമുണ്ട്. കേരളകലാമണ്ഡലത്തെ സാംസ്കാരികസർവ്വകലാശാലയായി പ്രഖ്യാപിച്ചിരിക്കുന്നു. എന്നാൽ, ഈ വിഷയങ്ങൾ സൂചിപ്പിക്കുന്ന സംസ്കാരത്തേക്കാൾ ആഴവും വ്യാപ്തിയും സംസ്കാരപഠനം... എന്ന പുതിയ ഈ സമീപനത്തിനുണ്ട്." (മലയാളപഠനസംഘം. 'ആമുഖം'. *സംസ്കാരപഠനം*. പേജ് 10)

[7]സംസ്കാരപഠനമെന്ന കൂട്ടുവാക്കിന്റെ അർത്ഥധ്വനനശേഷി, എത്ര വിപുലീകരിച്ചാലും, സംസ്കാരത്തെക്കുറിച്ചുള്ള പഠനം എന്നിടത്തോളമേ വരൂ. എന്നാൽ, സാംസ്കാരികപഠനങ്ങൾ എന്ന പ്രയോഗത്തിന്റെ നില അതല്ല. സാംസ്കാരികഘടങ്ങളെ മുൻനിർത്തിയുള്ള സവിശേഷ പഠനപദ്ധതിതന്നെയാണത്.

[8]'കൾച്ചറൽ' എന്ന വിശേഷണപദം വഹിക്കുന്നത്, 'സംസ്കാരത്തെക്കുറിച്ചുള്ള' എന്ന പ്രാഥമികവും കേവലവുമായ വൈയാകരണാർത്ഥമല്ല; 'സാംസ്കാരികമായ' എന്ന സമാന്തരവും അസാധാരണവുമായ വ്യതിരിക്താർത്ഥമാണ്. എന്തിനെയെങ്കിലും സാംസ്കാരികമായി പഠിക്കുന്നതിനെയാണ് സാംസ്കാരികപഠനങ്ങൾ എന്ന പ്രയോഗംകൊണ്ടുദ്ദേശിക്കുന്നത് എന്ന ധാരണതന്നെയാണ് ആ അർത്ഥകല്പനയിൽ അങ്കിതമാകുന്നത്.

[9]1.'സ്റ്റഡീസ്' എന്ന, വിശേഷ്യമായി വരുന്ന വാഗംശം നിയതാർത്ഥത്തിലുള്ള ശാസ്ത്രീയപ്രയോഗമാണ് എന്ന് പി. ഗോവിന്ദപ്പിള്ള എടുത്തുപറയുന്നു. ഒരു മണ്ഡലത്തെക്കുറിച്ചുള്ള അക്കാദമിക് പഠനത്തിനാണ് 'പഠനങ്ങൾ' എന്നുപയോഗിക്കുന്നത്. ആ രീതിയിലുള്ള പരമ്പരാഗതപ്രയോഗമാണ് Social Studies എന്നത്. Film Studies മുതൽ Kerala Studies വരെ പുതിയ ഉദാഹരണങ്ങളും ആ മൂശയിൽ വാർക്കപ്പെട്ടവയായുണ്ട് (2011 31)

2.വ്യാകരണത്തെ വിച്ഛേദിക്കുന്ന പ്രയോഗംകൂടിയാണത്. 'പഠനങ്ങൾ' എന്ന വാക്കിലെ ബഹുവചനപ്രത്യയം ബഹുവചനവാചിയല്ല. ഏകവചനത്തെയാണത് സൂചിപ്പിക്കുന്നത് - ഒട്ടേറെ പഠനസരണികളുടെ ഏകോപിതരൂപമാണ് സാംസ്കാരികപഠനങ്ങൾ എന്ന നിലയ്ക്ക്.

[10]"ബ്രിട്ടനിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി സൗജന്യവും നിർബന്ധിതവുമായ പ്രാഥമികവിദ്യാഭ്യാസം നിയമാധിഷ്ഠിതമായി പ്രചാരത്തിൽ വന്നതോടെ തൊഴിലാളികളുടെ ഇടയിലെ സാക്ഷരത... ഏതെല്ലാം തരത്തിലുള്ള ഫലങ്ങളാണ് ഉളവാക്കിയത് എന്നതും പൊതുവേയുള്ള പുത്തൻ

മാധ്യമവിപ്ലവും ഇളക്കിവിട്ട പ്രതികരണങ്ങളും ആണ് ഹോഗാർട്ടിന്റെ കൃതിയിലെ വിഷയം." (ഗോവിന്ദപ്പിള്ള 2011 34)

[11]"വില്യംസിന്റെ ആദ്യം പ്രസിദ്ധീകരിച്ച പുസ്തകം റീഡിംഗ് ആൻഡ് ക്രിട്ടിസിസം ആണ്." (ഷീബ എം. കുര്യൻ. 12)

[12]"വില്യംസിന്റെ ഏറ്റവും പ്രശസ്തി നേടിയ രചന കൾച്ചർ ആൻഡ് സൊസൈറ്റി *1780- 1950* ആണ്." (ibid 39)

[13]"ബ്രിട്ടനിലെ ബർമിങ്ഹാം സർവകലാശാലയിൽ 1964-ൽ സ്ഥാപിക്കപ്പെട്ട സെന്റർ ഫോർ കണ്ടെമ്പററി കൾച്ചറൽ സ്റ്റഡീസ് ആണ് ഈ ധൈഷണികപദ്ധതിക്ക്... അസ്തിത്വം നല്കിയത്." (ഗോവിന്ദപ്പിള്ള. *സംസ്കാരപഠനങ്ങൾ.* 35)

[14]1."അൽത്തൂസറിന്റെ ഘടനാവാദത്തിൽനിന്നും ഗ്രാംഷിയുടെ ജൈവബുദ്ധിജീവി-സിദ്ധാന്തത്തിലേയ്ക്കു നീങ്ങുകയാണ് സ്റ്റുവർട്ട് ഹാൾ ചെയ്തത്" (സുനിൽ പി. ഇളയിടം. 2011 136).

2."ബ്രിട്ടീഷ് സംസ്കാരപഠനത്തിന് അടിത്തറയൊരുക്കിയ സാമഗ്രികളിലൊന്നായും അദ്ദേഹത്തിന്റെ (ഇ. പി. തോംസൺ) ഇംഗ്ലീഷ് തൊഴിലാളിവർഗ്ഗത്തിന്റെ രൂപീകരണം എന്ന കൃതി പരിഗണിക്കപ്പെട്ടു വരുന്നു... ഈ ഗ്രന്ഥത്തിനു മാർക്സിസ്റ്റ് സംസ്കാരപഠനമേഖലയിൽ കൈവന്ന സ്ഥാനത്തിനുകാരണം വർഗ്ഗം എന്ന പരികല്പനയെ അതു പുനർനിർവചിക്കുന്നു എന്നതിനാലാണ്." (ibid 132)

[15]1926-ൽ ഹൊർഖീമർ ഫ്രാങ്ക്ഫർട്ടിൽ ലെക്ചററായി. 1930-ൽ പ്രൊഫസറും. തുടർന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ റിസർച്ചിന്റെ ഡയറക്ടർ കാൾ ഗ്രൂൺബെർഗ് ഒഴിഞ്ഞതോടെ ആ സ്ഥാനത്തുമെത്തി. (Sica 542).

[16]"ജർമനിയിലെ ഫ്രാങ്ക്ഫർട്ട് നഗരത്തിൽ 1923-ൽ സ്ഥാപിതമായ സാമൂഹ്യഗവേഷണവിദ്യാപീഠവുമായി (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ റിസർച്ച്) ബന്ധപ്പെട്ടു പ്രവർത്തിച്ച അതിപ്രതിഭാശാലികളായ മനീഷിമാർ ആവിഷ്കരിച്ച ലപ സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയസിദ്ധാന്തങ്ങളിൽനിന്നും സാംസ്കാരികപഠനത്തിന് പല വിഭവങ്ങളും ലഭിച്ചിട്ടുണ്ട്." (ഗോവിന്ദപ്പിള്ള 2011 37)

[17]തത്വശാസ്ത്രത്തിലെയും ശാസ്ത്രത്തിലെയും അനുമാനവും (Reason) യുക്തിയും (Logic) ഉപയോഗിച്ച് എങ്ങനെയാണ് ബൌദ്ധികചരിത്രം ഒരുതരം സമൂഹത്തിലെ കുലീനമായ മനോനിയന്ത്രണരൂപം മെനഞ്ഞെടുത്തതെന്ന് ഹൊർഖീമറും അഡോർണോയും വിശദമാക്കി. എന്താണ് സംസ്കാരം എന്ന ചോദ്യം (നിത്യജീവിതത്തിൽ സംസ്കാരത്തിന്റെ സ്ഥാനമെന്തെന്ന ചോദ്യവും) അതുവരെ ഒരുകാലത്തും മുഴങ്ങിയിട്ടില്ലാത്ത വിധം ചരിത്രത്തിലുയർന്നു.

[18]"വാസ്തവത്തിൽ ഫ്രാങ്ക്ഫർട്ട് ചിന്തകർ സംസ്കാരവിചാരമേഖലയ്ക്കു നല്കിയ വലിയ സംഭാവന... സംസ്കാരവ്യവസായത്തെക്കുറിച്ചുള്ള... വിശദീകരണങ്ങളാണ്... സിനിമ, സംഗീതം, പത്രം, ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങൾ ആൾക്കൂട്ടകലയുടെ സ്വഭാവം കൈവരിക്കുന്നതായി അവർ കണ്ടെത്തി. " (സുനിൽ 2011 123)

[19]മനുഷ്യന്റെ പരിപൂർണ്ണതയുടെ അവസ്ഥ, കലയോടും സാഹിത്യത്തോടും ബന്ധപ്പെടുത്തിയ പരികല്പന, ജീവിതത്തിന്റെ എല്ലാ അവസ്ഥകളെക്കുറിച്ചുമുള്ള വിവരണം എന്നിങ്ങനെയാണ് അതുവരെ സംസ്കാരം നിർവചിക്കപ്പെട്ടത്.

[20]"ആ രചനയിലേയ്ക്കു തിരിഞ്ഞുനോക്കി 1983-ലെ പതിപ്പിൽ വില്യംസ് ഇങ്ങനെ നിരീക്ഷിക്കുന്നു: "ആ പുസ്തകം പുതിയ തരത്തിലുള്ള പ്രശ്നങ്ങളും ചോദ്യങ്ങളുമാണ് ഉന്നയിച്ചത്...വായനയുടെയും പുനർവായനയുടെയും പുസ്തകമാണത്." (ഷീബ 39)

[21]Lewis, Jeff. *Cultural Studies: The Basics*. London:Sage 2008 109-140

[22]"The most important and immediate reason for the explosion in cultural studies is the 'crisis' that has comeover the humanities in general and literary studies in particular... The crisis... is more pronounced in the case of literary studies. Consensus regarding the institutionalize teachg/studying of canonical literary texts has become difficult in the wake of post-structuralist decentring of the canon and the problematizing of the very category of literature." (Christopher, K. W. *Rethinking Cultural Studies*. Jaipur: Rawat 2005 11-12)

[23]പോക്കർ, പി. കെ.. 'അവസാനമില്ലാത്ത പ്രത്യയശാസ്ത്രം'. *പ്രത്യയശാസ്ത്രം*. ലൂയി അൽത്തുസർ. കോഴിക്കോട്: പ്രോഗ്രസ് 2010 5

[24]“1947ലാണ് ഗ്രാംഷിയുടെ ജയിൽക്കത്തുകളുടെ ഒരു സംഗൃഹീതപതിപ്പ് ഇറ്റലിയിൽ പ്രസിദ്ധീകരിച്ചത്. 1951 ആയപ്പോഴേയ്ക്കും അദ്ദേഹത്തിന്റെ ജയിൽക്കുറിപ്പുകളും മുൻകാലരചനകളും ഉൾപ്പെടെയുള്ള കൃതികൾ ആറു വലിയ വാല്യങ്ങളായി പ്രസിദ്ധീകരിക്കപ്പെട്ടു... ഇംഗ്ലീഷിൽ 1957-ലാണ്... ജയിൽക്കുറിപ്പുകളുടെ ഒരു സംഗ്രഹം പ്രസിദ്ധീകരിച്ചത്. കുറേക്കൂടി വിപുലമായ ജയിൽക്കുറിപ്പുകളിൽനിന്നു തെരഞ്ഞെടുത്ത ഭാഗങ്ങൾ... 1971-ൽ പ്രസിദ്ധീകരിച്ചു.” (ഇ. എം. എസ്, ഗോവിന്ദപ്പിള്ള, പി.. *ഗ്രാംഷിയൻ വിചാരവിപ്ലവം*. അഞ്ചാം പതിപ്പ്. തിരുവനന്തപുരം: ചിന്ത 2008 8)

[25]“ഫ്രാങ്ക്ഫർട്ട് സ്കൂളിന്റെ ഊർജസ്വലമായ പ്രവർത്തനകാലത്തും 1950-കളിലും 1960-കളിലും ബ്രിട്ടണിൽ ഹോഗാർട്ടും വില്യംസും തോംസണും ഹോളും മറ്റും സാംസ്കാരികപഠനങ്ങൾക്ക് അടിത്തറ പാകിയപ്പോഴും വേണ്ടത്ര അറിയപ്പെടാതിരുന്ന... ഗ്രാംഷി പില്ക്കാലത്ത് ഈ രീതിശാസ്ത്രത്തിന്റെയും സിദ്ധാന്തത്തിന്റെയും വികാസത്തിൽ വലിയ പങ്കുവഹിച്ചു.” (ibid 37)

[26]ഷീബ എം. കുര്യൻ *റെയ്മണ്ട് വില്യംസ്*. തിരുവനന്തപുരം: ചിന്ത 2012 121

[27]Lewis, Jeff. *Cultural Studies: The Basics*. London:Sage 2008 109-140

[28]Cultural theory must be able to give some account of its own historical rise, flourishing and fluttering. Strictly speaking, such theory goes back as far as Plato. In form of most familiar to us, however, it is rally a product of an extraordinary decade and a half, from about 1965 to 1980. (Eagleton 2004 23 – 24)

[29]“തന്റെ അവതരണത്തിലും അന്വേഷണത്തിലും മാർക്സ് അവലംബിക്കുന്നത് താർക്കിക (dialectical) രീതിയാണ്... സംവാദത്തില് വൈരുദ്ധ്യങ്ങൾ വളരുകയും അവയുടെ പരിഹാരത്തിലൂടെ സത്യത്തിലേയ്ക്കു നാം കൂടുതൽ അടുക്കുകയും ചെയ്യുന്നു. ഇതിനെ നമുക്കു താർക്കികപ്രക്രിയ എന്നുവിളിക്കാം. അതിന്റെ അടിസ്ഥാനപരമായ മൂന്നു ഘട്ടങ്ങളാണ് സമർഥനം (thesis), നിഷേധം (antithesis), സമന്വയം (synthesis) എന്നിവ. നേരായ എല്ലാ ചിന്തയിലും ഈ താർക്കികഗതി കണ്ടെത്താൻ കഴിയും... സംവാദത്തിലെ ഈ ത്രിമാനതാളക്രമത്തെ എല്ലാ ചിന്തയുടെയും യാഥാർത്ഥ്യത്തിന്റെയും ചാലകതത്ത്വമായി പ്രതിഷ്ഠിച്ച ആദ്യത്തെ ചിന്തകൻ ഹെഗൽ ആണ്. (സെബാസ്റ്റ്യൻ കാപ്പൻ. *മാർക്സിയൻ ദർശനം*. കോട്ടയം: എൻ. ബി. എസ്. 2012 13-14).

[30]ibid13.

[31]വൈരുദ്ധ്യചിന്തയിലെ അറിയുക എന്ന പ്രക്രിയയുടെ വൈരുദ്ധ്യാത്മകഗതിയും വിഷയിയും (Subject) വിഷയവും (Object) തമ്മിലുള്ള ബന്ധവും തത്വശാസ്ത്രപരമായി ഇങ്ങനെ വിശദീകരിക്കാം: ചെടിയിൽ നില്ക്കുന്ന പൂവ് (വിഷയം), അതിനെ കാണുന്നയാളിൽ (വിഷയി) നിന്നു വേറിട്ട നിലനില്പുള്ളതാണ് എന്ന് സാധാരണനോട്ടത്തിൽ തോന്നാം. എന്നാൽ, കാണി പൂവിനെപ്പറ്റി വിശദീകരിക്കേണ്ടിവന്നാൽ ഇന്ന നിറമുള്ള, ഇത്ര വലുപ്പമുള്ള, ഈ മട്ടിൽ ഇതളുകളുള്ള പൂവ് എന്നാണ് പറയേണ്ടിവരിക. വിശേഷണങ്ങളുടെ പട്ടികാവത്കരണമായാണ് പൂവിനെക്കുറിച്ചുള്ള ആഖ്യാനം യാഥാർത്ഥ്യമാവുക എന്നു സാരം. കാണി പറഞ്ഞതെല്ലാം പൂവിന്റെ ഗുണങ്ങളാണ്. പക്ഷേ, അവയത്രയും സാർവത്രിക ആശയങ്ങളുമാണ് (Universal Concept). പൂവിൽനിന്നു സ്വതന്ത്രമായി നില്ക്കുന്ന ആശയങ്ങൾ. ഈ പൂവിനെ മാത്രമല്ല മറ്റു പലതിനെയും വിശേഷിപ്പിക്കാനും അവ ഉപയോഗിക്കാം. അവയുള്ളത് പൂവിലല്ല. നമ്മുടെ അറിവിലാണ്. ചിന്തിക്കുന്ന മനുഷ്യന്റെ മനസ്സിൽ, മസ്തിഷ്കത്തിൽ, ബോധത്തിൽ. വിഷയിയിൽനിന്നു സ്വതന്ത്രമായി നില്ക്കുന്ന വിഷയം, വിഷയിയുടെ വർണ്ണനാവിഷയമായി മാറുമ്പോൾ വിഷയിയുടെതന്നെ ഭാഗമാണ് എന്നു തെളിയുന്നു. പുറത്തുള്ള പൂവല്ല, ആ പൂവിന് മനുഷ്യൻ നല്കുന്ന ഭാഷ്യമാണ് മനുഷ്യനെ സംബന്ധിച്ചിടത്തോളം ഉള്ളത്. വിഷയം വിഷയിതന്നെയായി മാറുന്നു. മനുഷ്യന്റെ ആശയനിർമ്മിതിയാണ് അയാളുടെ ലോകം. ഈ നിലപാടിന്റെ വികാസമായി സാംസ്കാരികപഠനങ്ങളെ വിശേഷിപ്പിക്കാം.

[32]"എഴുതിയതോ അച്ചടിച്ചതോ ആയ ഒരു പഠനത്തിൽ ഉപഗൂഹനം ചെയ്തിരിക്കുന്ന ഒന്നല്ല അർത്ഥമെന്നും അതു വായിച്ചെടുക്കുന്ന ആളുടെ രാഷ്ട്രീയ-സാമൂഹ്യപശ്ചാത്തലവും പരിശീലനവും അനുസരിച്ച് സൃഷ്ടിച്ചെടുക്കുന്ന ഒന്നാണെന്നും" അദ്ദേഹം നിരീക്ഷിച്ചു." (ഗോവിന്ദപ്പിള്ള. 2011 36).

[33]അർത്ഥം ഒരു സാമൂഹികോല്പാദനമാണ്, ഒരു പ്രയോഗം... ഭാഷയും പ്രതീകവത്കരണവുമാണ് അർത്ഥോത്പാദനത്തിന്റെ വഴികൾ (ഹാൾ 1980 67).

[34]സാംസ്കാരികപഠനങ്ങൾ റെയ്മൺഡ് വില്യംസ് സാംസ്കാരികഭൗതികവാദമെന്നു നാമകരണം ചെയ്ത ആശയപ്രസ്ഥാനത്തിന്റെ വർത്തമാനരൂപമാണ്... ഇടതുപക്ഷസാംസ്കാരികാവബോധവും മാർക്സിയൻ അപഗ്രഥനരീതിയും സൈദ്ധാന്തികമായി സംയോജിപ്പിക്കുന്ന സമ്പ്രദായം (സുകുമാരൻ, വി. *മാർക്സിയൻ സൗന്ദര്യശാസ്ത്രം* നവസിദ്ധാന്തങ്ങൾ. ചിന്ത, തിരുവനന്തപുരം. 2009 30).

[35]Miller and Brovit. *Contemporary Cultural Theory*. Delhi: Rawat 2003 1

[36]Gupta, Neelanjana. *Approaches in Literery Theory*. Delhi: Worldview 2004 1

[37]"വ്യവസ്ഥാപിതമായ പഠനസമ്പ്രദായങ്ങളുടെ പരമ്പരാഗതമായ അതിരുകൾ പരസ്പരം കൂടിക്കലരുകയും മാഞ്ഞുപോവുകയും ചെയ്യുന്ന ഇടമാണ് സാംസ്കാരികപഠനത്തിന്റെ ഇടം... നിലവിലുള്ള പഠനസമ്പ്രദായങ്ങളുടെ സുനിശ്ചിതമായ അതിരുകൾക്കു കുറുകേ രൂപപ്പെട്ട മണ്ഡലം." (മധു, ടി. വി. 2011 174-175)

[38]ഉണ്മകളെ അങ്ങനെ നിരൂപിക്കുമ്പോഴാണ്, മനസ്സിലാക്കുമ്പോഴാണ്, വിശദീകരിക്കുമ്പോഴാണ്, തിരയുമ്പോഴാണ്, അപനിർമ്മിക്കുമ്പോഴാണ് സാംസ്കാരികമായ നിരൂപിക്കലും മനസ്സിലാക്കലും വിശദീകരിക്കലും തിരയലും അപനിർമ്മിതിയും സംഭവിക്കുന്നത്. അങ്ങനെയാണ്, സാംസ്കാരികപഠനങ്ങൾ സാംസ്കാരികമായ വ്യാഖ്യാനിക്കലായി മാറുന്നത്.

[39]വരൾച്ചയെ ദൈവകോപമായിക്കാണാം, ഗ്രഹപ്പിഴയായിക്കാണാം, രാജാവിന്റെ തെറ്റുകളുടെ സൂചനയായിക്കാണാം, പ്രകൃതിപ്രതിഭാസമായിക്കാണാം, മനുഷ്യൻ ചെയ്ത പ്രകൃതിനാശത്തിന്റെ തിരിച്ചടിയായിക്കാണാം, ആസൂത്രണമികവിന്റെ അഭാവമായും കാണാം. അവയൊന്നുമല്ല വരൾച്ച. എങ്കിലും, ആ ആഖ്യാനങ്ങൾക്കു മുഴുവൻ അതതിന്റെ വ്യവഹാരപ്രതലങ്ങളിൽ വരൾച്ചയെ തൃപ്തികരമായി വിശദീകരിക്കാനാകും. വരൾച്ചയെന്ന പ്രത്യക്ഷത്തെക്കുറിച്ചുള്ള പ്രതിപാദനങ്ങൾ മാത്രമാണവ എന്നതാണ് യാഥാർത്ഥ്യം. വരൾച്ചയുടെ പ്രതീതിഭിന്നതകളായാണ് ഓരോ വരൾച്ചാഭാഷ്യവും അർത്ഥവത്താകുന്നത്. അവയിൽ ചിലതിന് ഒരേ സമയം നിലനില്ക്കാനാകും. ചിലതിനാകട്ടെ, മറ്റു ചിലതിന്റെ നിഷേധമായേ, അതിനെ എതിർത്തുകൊണ്ടുമാത്രമേ നിലനില്പുള്ളൂ. അവയും അവയുടെ അപരങ്ങളും ഏറ്റുമുട്ടുംഭാഷ്യങ്ങളാണ്.

[40]Danesi, Marcel. (2009) Dictionary of Media and Communications. U. S. A.: M. E. Sharpe 83

[41]"സംസ്കാരമെന്നത്, ഇംഗ്ലീഷ് ഭാഷയിലെ ഏറ്റവും സങ്കീർണ്ണമായ രണ്ടോ മൂന്നോ വാക്കുകളിലൊന്നാണ്. ഇതിന് ഭാഗികമായ ഒരു കാരണം, ഒട്ടേറെ യൂറോപ്യൻ ഭാഷകളിൽ അതിനുണ്ടായ ഗഹനമായ ചരിത്രവികാസമാണ്. എന്നാൽ, അത് ഇപ്പോൾ പല വ്യത്യസ്ത വൈജ്ഞാനികമേഖലകളിലും വ്യത്യസ്തവും വിരുദ്ധവുമായ ചിന്താപദ്ധതികളിലും സുപ്രധാനമായ സങ്കല്പങ്ങൾക്കായി ഉപയോഗിക്കാൻ തുടങ്ങി എന്നതാണ് പ്രധാനകാര്യം." (Williams, Raymond. *Television: Technology and Cultural Form.* First Indian Reprint. London: Routledge 2004 87)

[42]എന്തിനെയെങ്കിലും, വിശേഷിച്ച് കന്നുകാലികളെയോ വിളകളെയോ, പോറ്റുകയോ വളർത്തുകയോ ചെയ്യുക എന്നതായിരുന്നു കൾച്ചറിന്റെ ആദ്യത്തെ അർത്ഥം. അങ്ങനെയാണ് കൃഷിയുടെ ഇംഗ്ലീഷ് വാക്കായ Agriculture ഉണ്ടായത്. ലാറ്റിനിലെ അഗ്രികൾച്ചുറ (Agricultura) എന്ന വാക്കിൽനിന്നാണ്

മധ്യകാല ഇംഗ്ലീഷിൽ ആ പദമെത്തിയത്. 'വയൽ' എന്നർത്ഥമുള്ള 'ആഗർ' (Ager) 'വളർത്തൽ' എന്നർത്ഥമുള്ള 'കൾച്ചറ' (Cultura) എന്നീ വാക്കുകളുടെ ചേർപ്പായിരുന്നു അത്.

[43]ഇവിടെയാണ്, കൾച്ചറിന്റെ കൂടുതൽ പ്രചാരം കിട്ടിയ അർത്ഥത്തിന്റെ – കുലീനാർത്ഥത്തിന്റെ - പിറവി. ഉന്നതസംസ്കാരത്തെ (High Culture) മാത്രം സംസ്കാരമായിക്കാണുന്ന രീതിയും അതോടെ നിലവിൽവന്നു. സംസ്കാരം 'സമ്പൂർണ്ണതയുടെ പഠനമാണ്' എന്ന മാത്യൂ ആർനോൾഡിന്റെ (1822-88) വാക്കുകൾ ഇതിനു തെളിവാണ്. പിൽക്കാലത്ത്, ആ അർത്ഥങ്ങളിലാണ് സംസ്കാരം പരക്കെ മനസ്സിലാക്കപ്പെട്ടത് (Giles J and Middleton T. 10)

[44]മെച്ചപ്പെട്ടത്, മെച്ചപ്പെടുത്തിയത് എന്നൊക്കെയുള്ള വിവക്ഷയുണ്ട് സംസ്കാരം എന്ന പ്രയോഗത്തിൽ. ഒട്ടേറെ പ്രാകൃതങ്ങളും ഒരു സംസ്കൃതവുമാണ് സംസ്കൃതകാവ്യസന്ദർഭങ്ങളിൽ. ആ വ്യവഹാരസന്ദർഭം അപരിഷ്കൃതം/പരിഷ്കൃതം എന്നിങ്ങനെയുള്ള ഒരു വിപരീതകല്പനയിലൂടെ സംസ്കാരത്തിന്റെ കുലീനാർത്ഥത്തിന്റെ ഭാഷാപ്രയോഗം സാധ്യമാക്കുന്നു. അസംസ്കൃവസ്തുക്കൾ സംസ്കരിക്കുന്നു എന്നു പറയുമ്പോഴും, ജഡം സംസ്കരിക്കുന്നു എന്നു പറയുമ്പോഴും അസംസ്കൃതം/സംസ്കൃതം എന്ന ദ്വന്ദ്വസൂചനയിലൂടെ ഭാഷ ആ അർത്ഥകല്പനയെ പിൻപറ്റുന്നു.

[45]"സംസ്കാരം എന്ന പദത്തിന്റെ അർത്ഥവ്യാപ്തി നിർവചനാതീതമാണ്. സമുത്കൃഷ്ടമായ ആശയാദർശങ്ങൾ, വിശാലവീക്ഷണം, ചിന്താശക്തി, വിവേചനശക്തി, കുലീനത, അനുരഞ്ജനശീലം, പക്വത തുടങ്ങിയ സദ്ഗുണങ്ങളുള്ള വ്യക്തി സംസ്കാരസമ്പന്നനാണെന്നു കരുതാം. പൊതവേ, ഈ വിശിഷ്ടഗുണങ്ങൾകൊണ്ടനുഗൃഹീതമായ ജനതയും സംസ്കാരസമ്പന്നമാണെന്നു പറയാം." (രാമചന്ദ്രൻ നായർ, പന്മന. 'ആമുഖം'. *കേരളസംസ്കാരപഠനങ്ങൾ*. എഡി. പന്മന രാമചന്ദ്രൻ നായർ. കോട്ടയം: കറന്റ് 2011 5)

[46]വസന്തൻ, എസ്. കെ. 'പ്രസ്താവന'. *സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം*. ശുകപുരം:വള്ളത്തോൾ വിദ്യാപീഠം 20117

[47]Eagleton 2004, 24

[48]"Culture had traditionally signified almost the opposite of capitalism. The concept of culture grew up as a critique of middle-class society, not as an ally of it. Culture was about values rather than prices, the moral than material, the high minded rather than philistine." (Eagleton 2004: 24)

[49]രവീന്ദ്രൻ, പി. പി. *സംസ്കാരപഠനം ഒരു ആമുഖം*. കോട്ടയം: ഡി. സി. 2002 23

[50]സമൂഹത്തിൽ അർത്ഥങ്ങളെയും (Meanings) ആശയങ്ങളെയും (Ideas) സൃഷ്ടിക്കുന്ന രീതിയും (Mode) സൃഷ്ടിക്കപ്പെടുന്ന അർത്ഥങ്ങളിൽ ഏതിനാണ് മൂല്യം (Value) എന്നതിനെക്കുറിച്ചു നടക്കുന്ന വിലപേശലും (Negotiation) തന്നെയാണ് സംസ്കാരം.

[51]ജീവിതത്തെയും കലയെയും സംബന്ധിച്ച കുലീനേതരമായ കാഴ്ച്ചപ്പാടുകളാണ് അഭിരുചിയില്ലാത്തത്, ഉപയോഗമില്ലാത്തത് എന്നൊക്കെ മുദ്രകുത്തി മാറ്റി നിർത്തപ്പെടുന്നത്; വഷള് എന്ന പേരു പതിപ്പിച്ചുപോലും നിരാകരിക്കപ്പെടുന്നത്.

[52]ഒരു സമൂഹം കാണുന്നതും കേൾക്കുന്നതും അനുഭവിക്കുന്നതും മനസ്സിലാക്കുന്നതുമായ എല്ലാത്തിനും സമൂഹത്തിലെ അംഗങ്ങൾ പല തരം അർത്ഥങ്ങൾ നൽകുന്നുണ്ട്. അതിൽ ഏത് അർത്ഥത്തിനാണ് വില എന്നതിനെപ്പറ്റി സമൂഹത്തിൽ എപ്പോഴും ഒരു പേശൽ നടക്കുന്നുമുണ്ട്. ഈ വിലപേശലിനെ നയിക്കുന്നത് കുലീനസംസ്കാരമാണ് (Elite Culture). അതിനാൽ, കുലീനസംസ്കാരമാണ് അർത്ഥനിർണ്ണയനത്തെ നയിക്കുന്നത് എന്നു പറയാം.

[53]സംസ്കാരം നിർമ്മിതമാണെന്ന് (Produced) സാംസ്കാരികപഠനങ്ങൾ പഠിപ്പിക്കുന്നു. ഒന്നുകൂടി വിശദമാക്കിയാൽ, സംസ്കാരം നിർമ്മിക്കപ്പെടുന്നതു മാത്രമല്ല വിപണനം ചെയ്യപ്പെടുന്നതും ഉപഭോഗം ചെയ്യപ്പെടുന്നതുമാണ്. അതുകൊണ്ടാണ്, സംസ്കാരത്തിലെ ചില ഘടകങ്ങൾക്ക് കൂടുതൽ പൊലിമയും പ്രാധാന്യവും കിട്ടുന്നത്.

[54]ഒരു സമൂഹത്തിൽ വ്യാപരിക്കുന്ന വിലയുള്ള അർത്ഥങ്ങളെ നിർണ്ണയിക്കുന്നത് അധികാരബന്ധങ്ങൾ (Power Relations) കൂടിയാണ്. ചില വസ്തുക്കളും വസ്തുതകളും ചിഹ്നങ്ങളും സൂചനകളും സങ്കല്പങ്ങളും ധാരണകളും ആശകളും ആശങ്കകളും സമൂഹത്തിൽ അർത്ഥവും വിലയും നേടുന്നത് എന്തുകൊണ്ടാണ് എന്ന ചോദ്യത്തിന്റെ ഉത്തരം ഇവിടെയാണ്. ഈ സാഹചര്യത്തിൽ സംസ്കാരം അധികാരസംബന്ധി (About power) കൂടിയാണ് എന്നും വരുന്നു.

[55]Eagleton 1991

[56]ibid 153

[57]ibid 155

[58]ibid 6

[59]Tucker, Robert. C *The Marx-Engels Reader*. Norton. 1978 3

[60]"അധീശവർഗ്ഗത്തിന്റെ കാഴ്ചപ്പാടുകളെ പൊതുസമൂഹത്തിന്റെ കാഴ്ചപ്പാടുകൾ തന്നെയാക്കിമാറ്റുന്നതിലൂടെയാണ് വർഗ്ഗാധിപത്യം ഉറപ്പു വരുത്താൻ മേധാവിവർഗ്ഗത്തിനു കഴിയുന്നത്." (സുനിൽ പി. ഇളയിടം 2011 126)

[61]Turner, Graeme. *British Cultural Studies: An Introduction. 3rd Edn*. London: Routledge, 2003 182

[62]രവീന്ദ്രൻ, പി. പി. 2002 39

[63]"Foucault's concept of power has much in common with Althusser's 'ideology' and Grasci's 'hegemony' because it rules by consent... Foucault's 'power', just like 'ideology and 'hegemony', derives its strength from the fact that the subjects deeply believe in wht it tells them, for it gives a sense of belonging and contributes to their well-being." (Rajitha Venugopal and others. *What About Theory?*. Thiruvannathapuram: TES 2011 115

[64]"പ്രത്യയശാസ്ത്രം എന്ന വാക്ക് മാർക്സിസ്റ്റുകൾ ഉപയോഗിക്കുന്നത് മുഖ്യമായും 'ഐഡിയോളജി' (ideology) എന്ന ഇംഗ്ലീഷ് പദത്തിനു സമാനമായിട്ടാണ്. അതായത്, മാർക്സ് മുതൽ ഇപ്പോൾ ജീവിച്ചിരിക്കുന്ന ഇടതുപക്ഷ ചിന്തകർ വരെ സമൂഹത്തെ ഭരിക്കുന്ന ആശയലോകം (ruling ideas) എന്ന പരികല്പന ദ്യോതിപ്പിക്കാനാണ് പ്രത്യയശാസ്ത്രം എന്ന വാക്ക് ഉപയോഗിച്ചു വരുന്നത്" (പോക്കർ, പി. കെ.. 'അവസാനമില്ലാത്ത പ്രത്യയശാസ്ത്രം'. *പ്രത്യയശാസ്ത്രം*. ലൂയി അൽത്തൂസർ. വിവർത്തനം പി. പി. സത്യൻ. എഡിറ്റർ ഡോ. പി. കെ. പോക്കർ. കോഴിക്കോട്: പ്രോഗ്രസ് 2010 6)

[65]Storey 2

[66]Carey 65

[67]"We can mean by it (ideology), first, the general material process of production of ideas, beliefs and values in social life. Such a definition is... close to the broader meaning of the term 'culture'. Ideology, or culture, would here denote the whole complex of signifying practices and symbolic processes in a particular society, it would allude to the way individuals lived their social practices, rather than to those practices themselves, which would be the preserve of politics, economics, kinship theory and so on." (Eagleton 1991: 28)

[68]"നമ്മുടെ നിലനില്പിന്റെ ഏതാണ്ടെല്ലാ നിമിഷങ്ങളിലേയ്ക്കും മാധ്യമങ്ങൾ കടന്നുകയറുന്നു എന്ന നിരീക്ഷണത്തിൽനിന്നാണ് മാധ്യമപഠനങ്ങൾ ആരംഭിക്കുന്നതെന്ന് മാധ്യമപഠനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. മാധ്യമീകരണത്തിൽനിന്ന് രക്ഷപ്പെടാവുന്ന ഒന്നും തന്നെ ഏതാണ്ട് ഇല്ലതന്നെ" (പ്രസ്സും വില്യംസും 2010 194)

[69]ഷാജി ജേക്കബ്. 'മാധ്യമങ്ങളുടെ സാംസ്കാരികരാഷ്ട്രീയം.' *സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം*. ശുകപുരം:വള്ളത്തോൾ വിദ്യാപീഠം 2011 360

[70]ഡോ. ടി. എം. തോമസ് ഐസക്കും എൻ. പി. ചന്ദ്രശേഖരനും ചേർന്നെഴുതിയ *വ്യാജസമ്മതിയുടെ നിർമ്മിതി മാധ്യമവിമർശനം 2000 – 2009* എന്ന പുസ്തകത്തിൽ മാധ്യമവിമർശത്തിലെ ലിബറൽ ചിന്താഗതിയെ പരിചയപ്പെടുത്തിയിട്ടുണ്ട്. പേജ് 40 -43

[71]"പലർക്കും മാധ്യമപഠനങ്ങളുടെ ബൈബിൾ ആണ് മക് ലൂഹന്റെ ഗ്രന്ഥം" (ഷാജി ജേക്കബ്. 'മാധ്യമപഠനത്തിന്റെ (കമ്യൂണിസ്റ്റ്) മാനിഫെസ്റ്റോ'. *മീഡിയ*. ഒക്ടോബർ 2014 പേജ് 42)

[72]ibid 42.

[73]"ഇരുപതാം നൂറ്റാണ്ടിൽ പാശ്ചാത്യ കലാ-സാഹിത്യ-മാധ്യമമണ്ഡലങ്ങളിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട സാംസ്കാരിക-രാഷ്ട്രീയവിമർശനപദ്ധതി മാർക്സിസമായിരുന്നു. മാർക്സിയൻ വിമർശനപദ്ധതികൾക്കനുകൂലവും പ്രതികൂലവുമായി നിലവിൽ വന്ന വാദങ്ങൾ അക്കാദമിക-അനക്കാദമികരംഗങ്ങളിൽ ഒരുപോലെ ശ്രദ്ധനേടി. മാർക്സിസ്റ്റ് വിശകലനരീതികൾതന്നെ ഒന്നോ രണ്ടോ ദശകം കൂടുമ്പോൾ അടിസ്ഥാനപരമായി പരിണമിക്കുകയും മറ്റെല്ലാ ആധുനികവിമർശനസമവാക്യങ്ങളിൽനിന്നും ഭിന്നമായി മുഴുവൻ സാംസ്കാരികതലങ്ങളെയും വ്യാഖ്യാനിക്കാനുള്ള സൈദ്ധാന്തികശേഷി നേടിയെടുക്കുകയും ചെയ്തു." (ഷാജി ജേക്കബ്. 'മാർക്സിസവും മാധ്യമപഠനവും'. *മീഡിയ*. ഏപ്രിൽ .2016)

[74]“ഹാബർമാസിന്റെ (1929-) നിരീക്ഷണങ്ങൾ മാധ്യമചിന്തകളെ സാരമായി സ്വാധീനിച്ചിട്ടുണ്ട്. ആധുനികയൂറോപ്പിന്റെ വളർച്ചയ്ക്ക് മൂന്നു ഘട്ടങ്ങളുണ്ടെന്ന് അദ്ദേഹം പറയുന്നു. ആദ്യത്തേത്, ഭൂപ്രഭുക്കളും മതാധ്യക്ഷരും നയിച്ച ഘട്ടം. രണ്ടാമത്തേത്, ജനാധിപത്യക്രമം വേരുറച്ച ഘട്ടം. മൂന്നാമത്തേത്, വ്യവസായങ്ങൾ നിലവിൽ വന്ന ഘട്ടം. ഇതിൽ, രണ്ടാം ഘട്ടത്തിൽ ജനാധിപത്യം വേരുറയ്ക്കുന്നതിൽ പത്രങ്ങൾ വലിയ പങ്കുവഹിച്ചുവെന്ന് അദ്ദേഹം നിരീക്ഷിച്ചു. ഈ ഘട്ടത്തിൽ, മാധ്യമങ്ങളിലൂടെ വിമർശനാത്മകമായ പൊതുജനാഭിപ്രായം പ്രചരിക്കുകയും ഒരു യഥാർത്ഥ പൊതുമണ്ഡലത്തെ സൃഷ്ടിക്കുകയും ചെയ്തു. കാപ്പിക്കടകൾ, ദിനപത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവയുടെ അടിത്തറയിലാണ് ഈ പൊതുമണ്ഡലമുണ്ടായത്. മൂന്നാം ഘട്ടത്തിൽ ഈ പൊതുമണ്ഡലം ദുർബ്ബലമാവുകയോ മരിക്കുകയോ ചെയ്തു. അവയ്ക്കു പകരം വരുന്നത് വ്യാപാരാധിഷ്ഠിതമായ വൻ പ്രചാരണം ലാക്കാക്കിയുള്ള പത്രമാധ്യമമാണ്.” (തോമസ് ഐസക്, ടി. എം., .ചന്ദ്രശേഖരൻ, എൻ. പി. *വ്യാജസമ്മതിയുടെ നിർമ്മിതി മാധ്യമവിമർശം 2000 – 2009*. തിരുവനന്തപുരം : ചിന്ത 2010 38-39)

[75]“മാധ്യമക്കുത്തക (Media Monopoly) എന്ന ബെൻ ബാഗഡിികിയെന്റെ (Ben Haig Bagdikian, 1920-) സുപ്രസിദ്ധഗ്രന്ഥത്തിന്റെ ആദ്യ പതിപ്പിറങ്ങിയത് 1983-ലാണ്. അമേരിക്കയിലെ... മാധ്യമമേഖലകളെ നിയന്ത്രിച്ചിരുന്ന 50 കുത്തകകളെക്കുറിച്ച് ആ പുസ്തകം... പ്രതിപാദിക്കുകയുണ്ടായി. തുടർന്നിറങ്ങിയ ഓരോ എഡിഷനിലും കുത്തകകളുടെ വലിപ്പം കൂടി; എണ്ണം കുറഞ്ഞു.” (ibid 20)

[76]“രണ്ടായിരാമാണ്ടിൽ നവോമി പ്രസിദ്ധീകരിച്ച *നോ ലോഗോ* (*No Logo*) എന്ന പുസ്തകം കോർപ്പറേറ്റ് ആഗോളവത്കരണവിരുദ്ധപ്രസ്ഥാനത്തിന്റെ മാനിഫെസ്റ്റോ ആയാണ് അറിയപ്പെടുന്നത്.” (ibid 25)

[77] ഡോ. ടി. എം. തോമസ് ഐസക്കും എൻ. പി. ചന്ദ്രശേഖരനും ചേർന്നെഴുതിയ *വ്യാജസമ്മതിയുടെ നിർമ്മിതി മാധ്യമവിമർശനം 2000 – 2009* എന്ന പുസ്തകത്തിൽ മാധ്യമവിമർശത്തിലെ ഇടതുപക്ഷ ചിന്താഗതിയെ പരിചയപ്പെടുത്തിയിട്ടുണ്ട്. (പേജ് 14 -39)

[78]Watson, J. and Hill, A. *A Dictionary of Communication and Media Studies*. London: Hodder Arnold. 2003 125

[79]Sarder, Z. and Van Loon, B. *Introducing Media Studies*. New York: Totum 2000

[80]"The notion of 'representation' is one of the founding principles of media education. The media do not offer us a transparent 'window' on the world, but a mediated version of the world. They don't just present reality, they re-present it." (Buckingham 2003 57)

[81]"One of the most persuasive myths is that we live in an 'information age'. We actually live in a media age, in which most of the available information is repetitive, politically safe and is limited by invisible boundaries." (Pilger 2001: 15)

[82]Danesi, Marcel. *Dictionary of Media and Communications*. U. S. A.: M. E. Sharpe 2009 188

[83]ibid 188

[84]ibid 187

[85]Whereas colonialism refers to political and military occupation of another nation, post colonialism can be understood as a more covert form of occupation that does not require physical invasion but is instead linked to processes of media and cultural imperialism. (Laughey 2007: 142)

[86]Danesi 181

[87]Danesi 181

[88]It is a sad irony that we have more media coverage than ever, but less understanding of real debate (Campbell 2007 xv)

[89]"A publication with its own distinctive title, containing articles, stories, or other short works usually written by different contributors, issued in soft cover more than once, usually at regular intervals without prior decision as to when the final issue will appear." (http://vlado.fmf.uni-lj.si/pub/networks/data/dic/odlis/odlis.pdf, 496).

[90]Anderson, Benedict. *Imagined Communities; Reflections's on the Originz and Spread of Nationalisms*, Verso. 1983

[91]"Like all parts of the Media, magazines having to change to adapt to changing consumer behaviour and the demands of advertisers." (Morrish, John and Bradshaw, Paul 5)

[92]"A magazine requires an individual vision and it needs some who will take responsibility – the blame, when things go wrong -and two people cannot share it."(Morrish, John and Bradshaw, Paul 5)

[93]"സംസ്കാരം സംബന്ധിച്ച മാർക്സിന്റെ കാഴ്ചപ്പാട് അടിത്തറയും മേല്പുരയും എന്ന വാസ്തു ശില്പരൂപകമായിട്ടാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. മനുഷ്യൻ വ്യക്തിയെന്ന നിലയിലും സാമൂഹികജീവിയെന്ന നിലയിലും ഉപജീവനത്തിനായി ഏർപ്പെടുന്ന ഉത്പാദനപ്രവൃത്തികളുടെ ഘടനയാണ് അടിത്തറ. അതിനനുസരിച്ച് നിയമം, മതം, ആചാരം, മൂല്യബോധം മുതലായവ ഉൾക്കൊള്ളുന്ന മേല്പുര രൂപംകൊള്ളുന്നു. മനുഷ്യപുരോഗതി ഉല്പാദനരീതികളിൽ വരുത്തുന്ന മാറ്റങ്ങൾ അനുസരിച്ച് മേല്പുരയും, അതായത് സംസ്കാരവും, മാറിക്കൊണ്ടിരിക്കുന്നു. ഈ രൂപകാലങ്കാരപ്രയോഗം ലളിതവും സുഗ്രാഹ്യവും ആണെങ്കിലും പില്ക്കാലത്ത് അത് യാന്ത്രികവും വരട്ടുതത്വവാദപരവും ആയ അന്ധതകൾക്ക് വഴിവച്ചു. ഈ അന്ധതകൾ തിരുത്താൻ ഏംഗൽസും മറ്റും ശ്രമിച്ചിട്ടുണ്ട്. എങ്കിലും, പല കാരണങ്ങളാൽ യാന്ത്രികസങ്കല്പങ്ങൾക്ക് മേല്ക്കോയ്മ ഏറെക്കുറെ തുടർന്നു. ഈ യാന്ത്രികാന്ധതയിൽനിന്ന് മാർക്സിസത്തെ ഏറെക്കുറെ വീണ്ടെടുത്ത് സംസ്കാരത്തിന്റെ ക്രിയാത്മക പങ്കിനെ സമർത്ഥിച്ചു എന്നതാണ് മേല്പറഞ്ഞ ചിന്തകരുടെ (വില്യംസ്, ഫ്രാങ്ക്ഫർട്ട് ചിന്തകർ, ഗ്രാംഷി, അൽത്തൂസർ എന്നിവരുടെ) പ്രധാനസംഭാവന. (ഗോവിന്ദപ്പിള്ള, പി. 'സാംസ്കാരികപഠനം: പുതുമ, പഴമ, പ്രസക്തി.' *സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം*. ശുകപുരം:വള്ളത്തോൾ വിദ്യാപീഠം 2011 38)

[94]"രാഷ്ട്രീയസമൂഹം തന്നെയാണ് സ്റ്റേറ്റ് അഥവാ ഭരണകൂടം... രാഷ്ട്രീയസമൂഹത്തെ നിലനിർത്തുന്ന മുഖ്യശക്തി ബലപ്രയോഗമാണ്.." (ഇ. എം. എസ്., ഗോവിന്ദപ്പിള്ള, പി. 2008 31-32)

[95]"പൌരസമൂഹത്തിന്റെ നിലനില്പിന് ആധാരം ബലപ്രയോഗമില്ലാതുള്ള നേതൃത്വശക്തിയാണ്, പ്രേരണാശക്തിയും പൊതുസമ്മതവുമാണ്." (ibid 32)

[96]"ഇടതുപക്ഷബൗദ്ധികരാഷ്ട്രീയപ്രയോഗങ്ങളുടെ ഒരു പാരസ്പര്യമാണ് സാംസ്കാരികപഠനങ്ങൾ. അതിന്റെ ഉദ്ദേശ്യകേന്ദ്രത്തിന് രണ്ടടരുകളുണ്ട്: (1) സംസ്കാരത്തിലൂടെ അധികാരവും

സാമൂഹികബന്ധങ്ങളും സൃഷ്ടിക്കപ്പെടുന്നതിന്റെയും ഘടനപ്പെടുന്നതിന്റെയും പരിപാലിക്കപ്പെടുന്നതിന്റെയും മാർഗ്ഗങ്ങളുടെ വിശദവും സ്ഥാനബദ്ധവുമായ വിശകലനങ്ങൾക്കു രൂപംകൊടുക്കുക. (2) ആ വിശകലനങ്ങൾ ബോധനവിദ്യയുടെയും പ്രകോപനത്തിന്റെയും രാഷ്ട്രീയ ഇടപെടലിന്റെയും ദൗത്യങ്ങൾക്കിണങ്ങിയ വിധം പൊതു ഇടങ്ങളിൽ പ്രചരിപ്പിക്കുക". (Roadman, G. B. *Why Cultural Studies*. U. K.: Wiley Blackwell 2015 39-40)

[97]"സംസ്കാരവിശകലനത്തെ പാശ്ചാത്യചിന്തയുടെ പാരമ്പര്യത്തിൽ ഉറപ്പിച്ചെടുക്കുന്നതിനും , ഒപ്പം തന്നെ മാർക്സിസ്റ്റ് പാരമ്പര്യത്തിന് സംസ്കാരവിമർശനത്തിന്റെ ദൃഢമായ അടിത്തറയൊരുക്കുന്നതിനും സാംസ്കാരികപഠനത്തിനു കഴിഞ്ഞതായിക്കാണാം. സംസ്കാരത്തെ ഉപരിഘടനാപ്രതിഭാസമായിക്കാണുന്ന ഔദ്യോഗികപാരമ്പര്യത്തിലേയ്ക്ക് ഇനിയൊരിക്കലും മടങ്ങിപ്പോകാനാകാത്തവിധം അത് മാർക്സിസ്റ്റ് ചിന്തയിൽ സ്വാധീനം ചെലുത്തി. സംസ്കാരപഠനത്തിനുശേഷം, സൈദ്ധാന്തികമായെങ്കിലും, മാർക്സിസത്തിന് പഴയതായിത്തന്നെ തുടരുക സാദ്ധ്യമല്ലാതായിരിക്കുന്നു. ഇനിയങ്ങോട്ടുള്ള മാർക്സിസ്റ്റ് ചിന്താചരിത്രത്തിനും ഈ പുതുവഴിയിലൂടെ സഞ്ചരിക്കേണ്ടി വരുമെന്നാണ് ഇപ്പോൾ കരുതുന്നത്." (സുനിൽ പി. ഇളയിടം. 'സംസ്കാരവിമർശനം: മാർക്സിസ്റ്റ് പാഠങ്ങൾ'. *സംസ്കാരപഠനം ചരിത്രം, സിദ്ധാന്തം, പ്രയോഗം*. മലയാളപഠനസംഘം. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം 2011 139)

# അദ്ധ്യായം 2

## ആദ്യകാല ആനുകാലികങ്ങൾ

### 2.1. ആനുകാലികചരിത്രം: കാഴ്ചയും കാഴ്ചപ്പാടുകളും

മലയാളത്തിലെ ആദ്യകാല ആനുകാലികങ്ങളെ സാംസ്കാരികമായി വ്യാഖ്യാനിക്കുകയാണ് ഈ അദ്ധ്യായത്തിന്റെ ലക്ഷ്യം. കേരളക്കരയിലെ ആദ്യകാല ആനുകാലികങ്ങൾ ആനുകാലികവായനകളിൽ എങ്ങനെ അടയാളപ്പെടുത്തപ്പെട്ടു, ആ കണ്ടെത്തലുകളിൽ പുനരവലോകനം ചെയ്യപ്പെടേണ്ട എന്തെങ്കിലുമുണ്ടോ എന്നിവ പരിശോധിക്കുന്നത് അനുബന്ധദൗത്യങ്ങളും. *മാതൃഭൂമി* ആഴ്ചപ്പതിപ്പിനെ സാംസ്കാരികമായി വായിക്കുംമുമ്പ് *ആ പ്രസിദ്ധീകരണം* രംഗപ്രവേശംചെയ്ത ആനുകാലികഭൂമികയിലെ സാംസ്കാരികവ്യവഹാരങ്ങളെയും സാമൂഹിക ബലതന്ത്രങ്ങളെയും മനസ്സിലാക്കാനും വിലയിരുത്തി മുന്നോട്ടുപോകാനും വേണ്ടിയാണ് ഈ അന്വേഷണത്തിൽ ഇങ്ങനെയൊരു പടവൊരുക്കിയിട്ടുള്ളത്.

### 2.1.1. ആനുകാലികങ്ങളിലെ കാനോനികത: ലിഖിതചരിത്രത്തിൽ

മലയാളത്തിലെ പത്ര-ആനുകാലികചരിത്രം തുടങ്ങുന്നത് മതപ്രചാരണ പ്രസിദ്ധീകരണങ്ങളിൽനിന്നാണ്.[1] പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയുടെ അവസാനത്തോടെയായിരുന്നു അത്. പിന്നീട്, വിദ്യാഭ്യാസ ആനുകാലികം,[2] വാർത്താ ആനുകാലികം (വാർത്താപത്രം),[3] സാമുദായിക ആനുകാലികം,[4] വൈജ്ഞാനിക ആനുകാലികം,[5] സർവ്വവിഷയ ആനുകാലികം,[6] സാമൂഹികപരിഷ്കരണ ആനുകാലികം,[7] വനിതാ ആനുകാലികം,[8] സാഹിത്യ ആനുകാലികം,[9] ആധ്യാത്മിക ആനുകാലികം,[10] രാഷ്ട്രീയ ആനുകാലികം[11] എന്നിവയൊക്കെ വളരെപ്പെട്ടെന്നുതന്നെ നമുക്കുണ്ടാകുന്നുണ്ട്.[12] അര നൂറ്റാണ്ടുകൊണ്ട് (പത്തൊമ്പതാം ശതകം പിൻവാങ്ങുമ്പോഴേയ്ക്കും) അത്രയും വൈവിദ്ധ്യവും ബഹുസ്വരതയും

കൈവരിച്ചു കഴിഞ്ഞു കേരളത്തിന്റെ ആനുകാലികമണ്ഡലം. നമ്മുടെ സാംസ്കാരികചരിത്രധാരയിൽ ഒരു വിച്ഛേദംതന്നെ കുറിച്ച ആ ആനുകാലികങ്ങൾക്ക് അവയുടേതായ സാമൂഹിക–സാംസ്കാരികപങ്കുണ്ട്. കേരളത്തിന്റെ ആനുകാലികചരിത്രം അവയെ വിശദമായും സമഗ്രമായും അടയാളപ്പെടുത്തിയിട്ടുമുണ്ട്.[13]

മലയാള ആനുകാലികങ്ങളെക്കുറിച്ച്, വിശേഷിച്ച് ആദ്യകാലത്തെ (അതായത് പത്തൊമ്പതാം നൂറ്റാണ്ടിലെ) ആനുകാലികങ്ങളെപ്പറ്റി, ആനുകാലികചരിത്രം പറയുന്നത് മുഖ്യമായും രണ്ടു കാര്യങ്ങളാണ്:

1. പത്രങ്ങളും ആനുകാലികങ്ങളും ഇവിടത്തെ ആധുനികതയുടെ വളർച്ചയ്ക്കു മികച്ച സംഭാവനകൾ നല്കി.[14]
2. ആനുകാലികങ്ങളുടെ സേവനം പരിഗണിച്ചാൽ സാഹിത്യ ആനുകാലികങ്ങൾ മികച്ചു നില്ക്കുന്നു.[15]

രണ്ടു കാര്യങ്ങളും പറഞ്ഞുവയ്ക്കുന്നുണ്ടെങ്കിലും ആനുകാലികചരിത്രം ചേർന്നുനില്ക്കുന്നതു സാഹിത്യ ആനുകാലികങ്ങളോടാണ്. സാംസ്കാരിക ചരിത്രത്തിൽ വാഴ്ത്തപ്പെടലുകൾ നേടിയതും സാഹിത്യ ആനുകാലികങ്ങൾ തന്നെ. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ പിന്നിട്ടപ്പോഴേയ്ക്കും "അഞ്ഞൂറോളം" സാഹിത്യമാസികകൾ കേരളത്തിൽ ജനിച്ചു എന്നാണ് കണക്ക്.[16] അവയുടെ രണ്ടു ദോഷങ്ങൾ പുതുപ്പള്ളി രാഘവൻ ഇങ്ങനെ വിലയിരുത്തുന്നു:

1. പലതും തുടങ്ങിമുടങ്ങിയവയും മുടങ്ങിത്തുടങ്ങിയവയും ആയിരുന്നു.
2. ദീർഘായുഃക്ഷാമം മിക്കവാറും എല്ലാത്തിനെയും അനുഗ്രഹിച്ചു.

അവയുടെ രണ്ടു നേട്ടങ്ങളെയും അദ്ദേഹം അടയാളപ്പെടുത്തിയിട്ടുണ്ട്:

1. ജനങ്ങൾക്കുവേണ്ടി ജനങ്ങളുടേതായ ഗദ്യത്തെ വളർത്തി.
2. ഭാഷയ്ക്ക് അനർഘങ്ങളായ സമ്പത്തുകൾ നേടിക്കൊടുത്തു.[17]

മാത്രവുമല്ല, ആദ്യകാലസാഹിത്യേതര ആനുകാലികങ്ങളുടെ സേവനം സാഹിത്യ ആനുകാലികങ്ങളുടെ സംഭാവനകളോളം വന്നില്ലെന്ന സൂചനവരെയുണ്ട് കേരളത്തിന്റെ ആനുകാലികചരിത്രത്തിൽ. ആദ്യകാല പത്ര-മാസികകളിൽ "അംഗുലീപരിമിതമായവ മാത്രമേ സാഹിത്യ പുരോഗതിക്കുവേണ്ടി പ്രവർത്തിച്ചുള്ളൂ" എന്ന് ഡോ. എൻ. സാം നിരീക്ഷിക്കുന്നു. മറ്റുള്ളവയുടെ ലക്ഷ്യം "സാമൂഹികോന്നമന"വും "വിദ്യാഭ്യാസപുരോഗതി"യും ആയിരുന്നെന്നും അദ്ദേഹം രേഖപ്പെടുത്തുന്നു.[18]

പത്തൊമ്പതാം നൂറ്റാണ്ടിലെ മുഴുവൻ ആനുകാലികങ്ങളിലുംനിന്ന് വിരലിലെണ്ണാവുന്ന സാഹിത്യ ആനുകാലികങ്ങളെ ആനുകാലികചരിത്രം വേർപെടുത്തിയെടുക്കുകയായിരുന്നു. അക്കാലത്തെ സാഹിത്യ ആനുകാലികങ്ങളായി അടയാളപ്പെടുത്തപ്പെടുന്നതു നാലെണ്ണമാണ്:

1. *വിദ്യാവിനോദിനി*, 1889 [19]
2. *ഭാഷാപോഷിണി*, 1892 [20]
3. *കവനോദയം*, 1894 [21]
4. *വിദ്യാവിലാസിനി*, 1899 [22]

ഇവ - ഈ നാലേ നാലെണ്ണം - മാത്രമേ "സാഹിത്യ പുരോഗതിക്കുവേണ്ടി പ്രവർത്തിച്ചിരുന്നുള്ളൂ" എന്നാണ് ആനുകാലിക ചരിത്രത്തിന്റെ ഖേദം. ഇവയല്ലാതെ നേരത്തേ കണ്ട മറ്റു പത്തു മേഖലകളിലായി പടർന്നു കിടക്കുന്ന സാഹിത്യേതര ആനുകാലികങ്ങൾ "സാമുദായികോന്നമനം" ലക്ഷ്യമാക്കിയും "വിദ്യാഭ്യാസപുരോഗതി" ലക്ഷ്യമാക്കിയും പ്രവർത്തിച്ചു എന്നതാണ് രണ്ടാമത്തെ ദുഃഖഹേതു. ആനുകാലികചരിത്രത്തിൽ, സാഹിത്യ ആനുകാലികങ്ങൾക്കു മാത്രം വേറിട്ട പദവി കിട്ടുകയായിരുന്നു എന്നാണ് ഇതു തെളിയിക്കുന്നത്.

ഇരുപതാം നൂറ്റാണ്ടോടെ അഞ്ഞൂറോളം സാഹിത്യമാസികകൾ ഇറങ്ങിയത് ആനുകാലികചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. "*കവനകൌമുദി*യെ

തുടർന്ന് സാഹിത്യമാസികകളുടെ ഒരു പ്രവാഹംതന്നെ ഇവിടെയുണ്ടാ"യതാണ് അതിനു കാരണമെന്നാണ് വിലയിരുത്തൽ.[23] മൊത്തം അഞ്ഞൂറോളം മാസികകൾ പിറന്നുവെങ്കിലും ആനുകാലിക വായനകൾ പേരെടുത്തു പറയുന്നവ അമ്പതോളം പോലുമില്ല.[24] പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ മികച്ച നേട്ടങ്ങൾ കൈവരിച്ച *വിദ്യാവിലാസിനി*, *വിദ്യാവിനോദിനി*, *ഭാഷാപോഷിണി*, ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ശ്രദ്ധേയമായ *മംഗളോദയം* എന്നിവ ഈ നിരയിലുണ്ട്.[25] ഇവയുടെ സാംസ്കാരികസംഭാവനകളുടെ തിളക്കത്തിലാണ് ആനുകാലികങ്ങൾക്കിടയിൽ സാഹിത്യ ആനുകാലികങ്ങളെ വേറിട്ടു പുകഴ്ത്തുന്ന വിധിതീർപ്പിലേയ്ക്ക് ആനുകാലികചരിത്രം എത്തുന്നത്. മൂന്നോ (*വിദ്യാവിലാസിനി*, *വിദ്യാവിനോദിനി*, *ഭാഷാപോഷിണി*) ഏറി വന്നാൽ നാലോ (*മംഗളോദയ*വും കൂടി) ആനുകാലികങ്ങളെ ഒരു തട്ടിലും മറ്റെല്ലാ ആനുകാലികങ്ങളെയും മറു തട്ടിലും വച്ചായിരുന്നു ആ വിലയിരുത്തൽ. ആനുകാലികചരിത്രരചനയുടെ ആ തുലാസാകട്ടെ എന്നിട്ടും സാഹിത്യ ആനുകാലികങ്ങളിലേയ്ക്കു ചാഞ്ഞുനിന്നു. ആദ്യകാല ആനുകാലികങ്ങളിൽ സാഹിത്യ ആനുകാലികങ്ങൾക്ക് കാനോനികപദവി[26] നല്കാൻ ആനുകാലികചരിത്രം തയ്യാറായി എന്നാണ് ഇക്കണ്ടതിന്റെ അർത്ഥം.

### 2.1.2. ആനുകാലികങ്ങളുടെ കാനോനികത: പൊതുമണ്ഡലത്തിൽ

ആനുകാലികചരിത്രത്തിൽ വാഴ്ത്തപ്പെടലുകൾക്ക് അർഹമായി എന്നതു മാത്രമല്ല സാഹിത്യ ആനുകാലികങ്ങളുടെ നേട്ടം. പില്ക്കാലത്ത്, മുഖ്യധാരാ ആനുകാലികങ്ങളായി മാറിയത് അവയിൽപ്പെട്ട രണ്ടെണ്ണമായിരുന്നു: *ഭാഷാപോഷിണി*യും *മംഗളോദയ*വും. സാഹിത്യ ആനുകാലികങ്ങൾക്ക് ആനുകാലികചരിത്രരചയിതാക്കൾ നല്കിയ കാനോനികപദവി പൊതുമണ്ഡലത്തിൽ നിന്നുകൂടി ലഭിച്ചു എന്നതാണ് അവയുടെ മുഖ്യധാരാപ്രവേശം തെളിയിക്കുന്നത്.

പൊതുമണ്ഡലത്തിൽ സാഹിത്യ ആനുകാലികങ്ങളുടെ കാനോനികവത്കരണം നടന്നിട്ടുണ്ട് എന്നതിന് ഇനിയും തെളിവുകളുണ്ട്. സാഹിത്യ ആനുകാലികമായി എണ്ണപ്പെടുന്ന *മാതൃഭൂമി* ആഴ്ചപ്പതിപ്പിനു കിട്ടുന്ന ആദരവുതന്നെ അതിൽ ഏറ്റവും പ്രധാനം. *മാതൃഭൂമി*യുടെ സവിശേഷതകൾ സച്ചിദാനന്ദൻ അടയാളപ്പെടുത്തുന്നത് ഇങ്ങനെ:

> "എന്റെ തലമുറയുടെ ഭാഗധേയം കരുപ്പിടിപ്പിക്കുന്നതിൽ ' *മാതൃഭൂമി* ' ആഴ്ചപ്പതിപ്പ് വഹിച്ച പങ്കു ചെറുതല്ല. ' ആഴ്ചപ്പതിപ്പ് ' എന്നു പറഞ്ഞാൽ *' മാതൃഭൂമി '* എന്നായിരുന്നു അന്നർത്ഥം. ഈ കാലത്തും മലയാളത്തിലെ സാഹിത്യമുഖ്യധാരയെ നിർവ്വചിക്കുന്നതു *മാതൃഭൂമി* തന്നെ." [27]

*മാതൃഭൂമി*യുടെ നവതിവേളയിൽ *മാതൃഭൂമി* ദിനപത്രത്തിൽത്തന്നെ എഴുതിയ ലേഖനത്തിലാണ് സച്ചിദാനന്ദന്റെ ഈ നിരീക്ഷണങ്ങൾ. ഈ മൂന്നു വാക്യങ്ങളിൽ, *മാതൃഭൂമി*യെക്കുറിച്ചുള്ള മലയാളിയുടെ വായനയിൽ അങ്കിതമായ മൂന്നു വസ്തുതകളെങ്കിലുമുണ്ട്:

1. സച്ചിദാനന്ദന്റെ തലമുറയുടെ ഭാഗധേയം കരുപ്പിടിപ്പിക്കുന്നതിൽ *മാതൃഭൂമി* ആഴ്ചപ്പതിപ്പ് ചെറുതല്ലാത്ത പങ്കുവഹിച്ചു.
2. അക്കാലത്ത് ആഴ്ചപ്പതിപ്പ് എന്നു പറഞ്ഞാൽ *മാതൃഭൂമി* എന്നായിരുന്നു അർത്ഥം.
3. ഇക്കാലത്തും മലയാളത്തിലെ സാഹിത്യമുഖ്യധാരയെ നിർവ്വചിക്കുന്നത് *മാതൃഭൂമി* തന്നെ.

ഈ പരാമർശത്തിന്റെ വിശകലനം പട്ടിക 2.1.-ൽ.

*മാതൃഭൂമി* കാനോനികപദവി ആസ്വദിക്കുന്നു എന്നാണ് സച്ചിദാനന്ദന്റെ പരാമർശത്തിന്റെ സാരസത്ത. കേരളത്തിലെ "സാഹിത്യമുഖ്യധാരയെ നിർവ്വചിക്കുന്ന" സാഹിത്യ ആനുകാലികമാണ് *മാതൃഭൂമി.* ഒപ്പം

അനുവാചകരുടെ "ഭാഗധേയം" തന്നെ "നിർണ്ണയിക്കുന്ന" പ്രഭാവം കൂടി അതു കൈയാളുന്നു. ആറു പതിറ്റാണ്ടു കാലമായി ഇതാണ് നില.

**വിശകലനം: സച്ചിദാനന്ദന്റെ *മാതൃഭൂമി* പരാമർശം**

| **പരാമർശം** | **സൂചന** |
|---|---|
| തന്റെ തലമുറയുടെ 'ഭാഗധേയം' കരുപ്പിടിപ്പിച്ചു | 'ഭാവുകത്വം' കരുപ്പിടിപ്പിക്കലിനേക്കാൾ കരുത്തുണ്ട് 'ഭാഗധേയം' നിർണ്ണയിക്കുന്ന ആനുകാലികത്തിന് |
| അക്കാലത്ത് ആഴ്ചപ്പതിപ്പ് എന്നാൽ *മാതൃഭൂമി*യാണ് | 'ആഴ്ചപ്പതിപ്പ് = *മാതൃഭൂമി*' എന്ന സമവാക്യം രൂപീകൃതമായ അവസ്ഥ കേരളത്തിലുണ്ട് |
| ഇക്കാലത്തെ സാഹിത്യമുഖ്യധാരയെ നിർവ്വചിക്കുന്നു | സാഹിത്യമുഖ്യധാരാനിർണ്ണയത്തിന്റെ കുത്തക ഒരു ആനുകാലികത്തിനുണ്ട് എന്ന നില കേരളത്തിലുണ്ട് |
| പരാമർശത്തിലെ<br>ഇക്കാല'ത്തും' എന്ന ഭാഗം | അക്കാലം (1960-കൾ) മുതൽ ഇക്കാലം (2010-കൾ) വരെ (ആറു പതിറ്റാണ്ട്) *മാതൃഭൂമി*യുടെ പ്രഭാവം തുടരുന്നു. |

പട്ടിക 2.1.

## 2.1.3. പ്രശ്നവത്കരണത്തിന് ഒരാമുഖം

സാഹിത്യ ആനുകാലികങ്ങൾക്ക് ആനുകാലികചരിത്രത്തിലും പൊതുമണ്ഡലത്തിലും കൈവന്ന കാനോനികത പ്രശ്നരഹിതമാണോ എന്നതാണ് ഇനി അന്വേഷിക്കാനുള്ളത്. ഇതു കണ്ടെത്താൻ തിരയാവുന്ന ഒരു കാര്യമുണ്ട് - ആനുകാലികങ്ങളുടെ മൂല്യം നിശ്ചയിക്കുന്നതിൽ പൊതുമണ്ഡലവും അക്കാദമിക് മണ്ഡലവും നിശ്ചയിച്ച മാനദണ്ഡങ്ങളിൽ

ഏതെങ്കിലും വിധത്തിലുള്ള പിളർപ്പ് പ്രത്യക്ഷമാകുന്നുണ്ടോ എന്നതാണത്. സാഹിത്യ ആനുകാലികങ്ങൾക്ക് ആനുകാലികചരിത്രത്തിലും പൊതുമണ്ഡലത്തിലും ലഭിക്കുന്ന പദവി കാനോനികതയുടേതാണെങ്കിൽ, അത് ചരിത്രരചനയെയും പൊതുബോധത്തെയും നിർണ്ണയിക്കുന്ന പ്രത്യയശാസ്ത്രത്തിന്റെ നിർമ്മിതിയാണെങ്കിൽ, അതിനെ പ്രശ്നവത്കരണത്തിലൂടെ കണ്ടെത്താനുള്ള വിടവുകൾ രചിതചരിത്രംതന്നെ മുന്നോട്ടുവയ്ക്കും. ആ നിർമ്മിതിയെ നിർണ്ണയിച്ച ദ്വന്ദ്വങ്ങളിലെ മർദ്ദിതമായ ഘടകവും മർദ്ദകമായ എതിർഘടകവും തമ്മിലുള്ള വൈരുദ്ധ്യം ആലേഖിത ചരിത്രത്തിൽത്തന്നെ എവിടെയെങ്കിലുമൊക്കെ വായിച്ചെടുക്കാനുണ്ടാകും.

### 2.2. ആനുകാലികചരിത്രം: ഒരു മാധ്യമപാഠവിശകലനം

*ഭാഷാപോഷിണി* മാസികയുടെ 1106 കന്നി ലക്കത്തിൽ [28] ഒരു കുറിപ്പു കാണാം. 'മാന്യലേഖകന്മാർക്ക്' എന്ന തലക്കെട്ടിൽ പ്രത്യക്ഷപ്പെട്ട, മാസികയിലേയ്ക്കു രചനകൾ അയയ്ക്കുന്നവർക്കായുള്ള, അറിയിപ്പാണത്. എങ്കിലും, വായനക്കാർക്കു മുഴുവൻ കാണാവുന്ന വിധം ഒരു പൊതു അറിയിപ്പായി മാസികത്താളിൽത്തന്നെ അത് അച്ചടിച്ചുവന്നു:

> "*ഭാഷാപോഷിണി*ക്കു സാഹിത്യ വിഷയകമായ ലേഖനങ്ങൾ മാത്രമേ സ്വീകാര്യമായിരിക്കു എന്നില്ല." [29]

സാഹിത്യ ആനുകാലികമാണ് *ഭാഷാപോഷിണി*.[30] അങ്ങനെയാണ് *ഭാഷാപോഷിണി*യെ ആനുകാലികചരിത്രം തിരിച്ചറിയുന്നത്. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി[31] മുതൽ, എം. ജയരാജ് [32] വരെ *ഭാഷാപോഷിണി*യെ അടയാളപ്പെടുത്തുന്നതും സാഹിത്യമാസിക എന്ന നിലയ്ക്കാണ്. തന്നെയുമല്ല, സാഹിത്യപോഷണത്തിൽ ചരിത്രം കുറിച്ച ആനുകാലികം എന്ന നിലയ്ക്കു കൂടിയാണ് *ഭാഷാപോഷിണി*യുടെ പ്രസിദ്ധി.[33] അങ്ങനെ സാംസ്കാരിക ചരിത്രത്തിൽ സാഹിത്യമാസികയായും മികച്ച പ്രസിദ്ധീകരണമായും ഇടമുള്ള ആ മുൻനിര ആനുകാലികം, പിറന്ന് 38 കൊല്ലത്തിനു ശേഷം,

സാഹിത്യമാസിക എന്ന സ്വന്തം വിഖ്യാതപൈതൃകം ഫലത്തിൽ നിഷേധിക്കുന്ന ഒരു അറിയിപ്പുമായി എന്തുകൊണ്ട് ഔദ്യോഗികമായിത്തന്നെ പരസ്യമായി രംഗത്തുവന്നു എന്നതു പഠനീയമാണ്. ഇനിപ്പറയുന്ന നാലു സാധ്യതകളാണ് അതിനു പിന്നിൽ ഉണ്ടാകാവുന്നത്:

1. *ഭാഷാപോഷിണി*യിലേയ്ക്ക് കൂടുതലും സാഹിത്യരചനകളാണ് അയച്ചു കിട്ടിയിരുന്നത്.
2. ഇതുമൂലം സാഹിത്യ ആനുകാലികത്തിന്റെ ഉള്ളടക്കത്തോടെ മാസികയ്ക്കു പുറത്തിറങ്ങേണ്ടി വന്നു.
3. മാസികാനടത്തിപ്പുകാർക്കുതന്നെ ഇതിൽ തൃപ്തിയില്ലായിരുന്നു.
4. കൂടുതൽ സാഹിത്യേതരരചനകൾ ഉൾക്കൊണ്ട്, മാസിക പുറത്തിറക്കണമെന്ന് അവർ ആഗ്രഹിച്ചു.

### 2.2.1. 1930: ആനുകാലികങ്ങളിലെ സാഹിത്യത

ഈ അറിയിപ്പു പ്രസിദ്ധീകരിച്ച കാലത്ത് *ഭാഷാപോഷിണി* സാഹിത്യയിനങ്ങൾക്ക് എത്രത്തോളം പരിഗണന നല്കി? ആ ചോദ്യം ഇവിടെ നിർണ്ണായകമാണ്. അതറിയാൻ *ഭാഷാപോഷിണി*യുടെ ശേഖരത്തിൽ നിന്നുള്ള പഠനവസ്തുവായി 1106 ചിങ്ങം ലക്കം എടുക്കുന്നു.[34] വിഭവങ്ങളിൽ ഒമ്പതെണ്ണം സാഹിത്യയിനങ്ങളാണ്.[35] രണ്ടെണ്ണം സാഹിത്യേതര വിഭവങ്ങളും.[36] ഈ ലക്കത്തിലെ സാഹിത്യ-സാഹിത്യേതരച്ചേരുവ ഇങ്ങനെയാണ്:

1. സാഹിത്യയിനങ്ങളുടെ അച്ചടിയിടം 77 ശതമാനം,
2. സാഹിത്യേതരയിനങ്ങൾക്കുള്ളത് 23 ശതമാനം സ്ഥലവും.

അക്കാലത്ത് *ഭാഷാപോഷിണി* സാഹിത്യത്തിന് വലിയ മുൻഗണന നല്കിയ മാസികതന്നെയായിരുന്നു എന്നാണ് ഇതിൽനിന്നു തെളിയുന്നത്. സാഹിത്യേതരയിനങ്ങൾക്കു നല്കിയതിന്റെ 3.35 മടങ്ങ് അച്ചടിയിടം അവർ സാഹിത്യയിനങ്ങൾക്ക് നല്കിയിരുന്നു.

### 2.2.2. 1930: ലാക്ഷണികവായനയുടെ ഉപലബ്ധികൾ

സാഹിത്യമാസികകൾ സാഹിത്യയിനങ്ങൾ മാത്രം അച്ചടിക്കുന്നതും അവയ്ക്കു മുൻതൂക്കം നല്കുന്നതുമൊക്കെ സ്വാഭാവികമാണ്. എന്നാൽ, ഒരു സാഹിത്യമാസികയ്ക്ക് സ്വന്തം ഉള്ളടക്കത്തിലെ സാഹിത്യയിനങ്ങളുടെ തോതു കൂടുതലായിപ്പോകുന്നുവെന്നു തോന്നുന്നത് അസ്വാഭാവികവും. അങ്ങനെ, തികച്ചും അസ്വാഭാവികമായ ഒരു പെരുമാറ്റമാണ് *ഭാഷാപോഷിണി*യിൽ നിന്നുണ്ടായത്.

അന്നുണ്ടായിരുന്ന ഇതര ആനുകാലികങ്ങളുടെ ഉള്ളടക്കം *ഭാഷാപോഷിണി*യിൽ സമ്മർദ്ദം ചെലുത്തിയോ എന്നാണ് ഇനി അന്വേഷിക്കാനുള്ളത്. അതിനായി അന്നത്തെ മറ്റൊരു പ്രമുഖ ആനുകാലികമായിരുന്ന *മംഗളോദയ*ത്തിലേയ്ക്കു പോകുന്നു.

സാഹിത്യമാസികയായ *ഭാഷാപോഷിണി*യോട് സാഹിത്യ-സാഹിത്യേതരച്ചേരുവയുടെ കാര്യത്തിൽ തീർച്ചയായും താരതമ്യപ്പെടുത്താവുന്ന സഹജീവിയാണ് *മംഗളോദയം*. കാരണം, *മംഗളോദയ*വും ചരിത്രത്തിലിടം പിടിച്ച സാഹിത്യമാസികയാണ്.[37] *ഭാഷാപോഷിണി*യെപ്പോലെ, സാഹിത്യമാസിക എന്ന നിലയ്ക്കുതന്നെയാണ് *മംഗളോദയ*വും സാംസ്കാരികചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ടിട്ടുള്ളത്. [38] "നാലു പതിറ്റാണ്ടുകാലം മലയാളഭാഷയ്ക്കും സാഹിത്യത്തിനും അതുല്യമായ നേട്ടങ്ങൾ സംഭാവനചെയ്ത" പ്രസിദ്ധീകരണമാണ് *മംഗളോദയ*മെന്ന് പുതുപ്പള്ളി രാഘവൻ വിലയിരുത്തുന്നു.[39]

*മംഗളോദയ*ത്തിന്റെ ശേഖരത്തിൽനിന്നുള്ള പാഠ്യവസ്തുവായി 1105 മിഥുനം[40] തെരഞ്ഞെടുക്കുന്നു. ഈ ലക്കത്തിൽ 12 എണ്ണം സാഹിത്യയിനങ്ങളാണ്.[41] സർഗ്ഗാത്മകത ഉപയുക്തമാക്കുന്ന എല്ലായിനങ്ങളും സാഹിത്യയിനങ്ങളായി എണ്ണി.[42] 13 സാഹിത്യേതരയിനങ്ങളുമുണ്ട്.[43]

പ്രതിപാദ്യവും പ്രതിപാദനരീതിയും ഒരുമിച്ച് പരിഗണിച്ചാണ് വിഭാഗനിർണ്ണനം നടത്തിയത്.[44] ഉള്ളടക്ക വിശകലനം ഇങ്ങനെയാണ്:

1. സാഹിത്യയിനങ്ങൾക്ക് 64 ശതമാനം ഇടം.
2. സാഹിത്യേതരയിനങ്ങൾക്ക് 36 ശതമാനവും.

**താരതമ്യം: *ഭാഷാപോഷിണി – മംഗളോദയം* (1105 -1106)**

| **ആനുകാലികം** | **സാഹിത്യയിനങ്ങൾ** | **സാഹിത്യേതരയിനങ്ങൾ** |
|---|---|---|
| *ഭാഷാപോഷിണി* | 77 % | 23 % |
| *മംഗളോദയം* | 64 % | 36 % |

പട്ടിക 2.2.

ഇരു പ്രസിദ്ധീകരണങ്ങളും സാഹിത്യവുമായി ബന്ധപ്പെട്ട ഇനങ്ങൾക്ക് വലിയ മുൻഗണന നൽകി. *ഭാഷാപോഷിണി* സാഹിത്യേതര ഉള്ളടക്കത്തിനു നല്കിയതിന്റെ 3.34 മടങ്ങ് അച്ചടിയിടം സാഹിത്യയിനങ്ങൾക്കു നീക്കിവച്ചപ്പോൾ, *മംഗളോദയം* സാഹിത്യവിഭവങ്ങൾക്ക് സാഹിത്യേതരയിനങ്ങളേക്കാൾ ഒന്നര മടങ്ങ് സ്ഥലം കൂടുതലായി അനുവദിച്ചു (പട്ടിക 2.2.).

ഈ സാഹചര്യത്തിൽ, *മംഗളോദയ*ത്തിന്റെ സാഹിത്യ-സാഹിത്യേതര അംശബന്ധവുമായി താരതമ്യപ്പെടുത്തിയിട്ടാവുമോ *ഭാഷാപോഷിണി*ക്ക് നേരത്തേ കണ്ട നിലപാടിലെത്തിയത് എന്ന ചോദ്യം പ്രസക്തമാണ്. *ഭാഷാപോഷിണി*യുടെയും *മംഗളോദയ*ത്തിലെയും ആകസ്മിക മാതൃകാലക്കങ്ങളിലെ സാഹിത്യ-സാഹിത്യേതര അംശബന്ധം യഥാക്രമം 77:23, 64:36 എന്നിങ്ങനെയിരിക്കെ, *ഭാഷാപോഷിണി*ക്ക് *മംഗളോദയ*ത്തിന്റെ വിഭവച്ചേരുവയിലേയ്ക്കെത്താൻ ഏറെയൊന്നും മാറേണ്ടതില്ല. ഒരു പത്രാധിപതീരുമാനമുണ്ടായാൽ, മാസികാ

സമിതിയംഗങ്ങളുടെ ജാഗ്രതകൊണ്ടുമാത്രം, വേണ്ടിവന്നാൽ ഒറ്റ ലക്കംകൊണ്ടുപോലും സാധിക്കുന്ന കാര്യമാണത്. എന്നിട്ടും, എന്തിന് *ഭാഷാപോഷിണി* നേരത്തേ കണ്ടതുപോലെ ഒരു അറിയിപ്പ് - അത് സാഹിത്യമാസിക എന്ന തങ്ങൾക്കു പതിച്ചുകിട്ടിയ ഖ്യാതിയെ പരോക്ഷമായി നിഷേധിക്കുന്നതായിട്ടുപോലും - അച്ചടിച്ചിറക്കാൻ ഇടവന്നു എന്നത് അന്വേഷിക്കേണ്ടതാണ്. താഴെപ്പറയുന്ന ഊഹങ്ങളിലേയ്ക്കാണ് ചെന്നെത്താവുന്നത്:

1. *ഭാഷാപോഷിണി*യുടെ ലക്ഷ്യം *മംഗളോദയ*ത്തിന്റെ ഉള്ളടക്കച്ചേരുവ സ്വാംശീകരിക്കലായിരുന്നിരിക്കില്ല. അവർക്കുണ്ടായിരുന്നത് സർവ്വവിഷയാനുകാലികം എന്ന ലക്ഷ്യമായിരിക്കാനേ വഴിയുള്ളൂ.
2. മുഖ്യധാരാ ആനുകാലികങ്ങൾ സർവ്വവിഷയികളാകേണ്ട കാലമായി എന്ന കാഴ്ചപ്പാടിലേയ്ക്ക് അവർ എത്തിയിരുന്നിരിക്കണം.
3. തങ്ങൾതന്നെയും (സാഹിത്യമാസിക എന്ന, ചരിത്രത്തിൽ ഇടംപിടിച്ച, പൈതൃകം വെടിഞ്ഞുപോലും) സർവ്വവിഷയ ആനുകാലികമാകേണ്ടതാണ് എന്ന തീർപ്പും അവർ കൈക്കൊണ്ടിരുന്നിരിക്കണം.

അങ്ങനെയാണെങ്കിൽത്തന്നെയും, കൂടുതൽ സാഹിത്യേതരയിനങ്ങൾ സ്വയം കണ്ടെത്തി ലക്ഷ്യം നേടലായിരുന്നു സ്വാഭാവികപരിഹാരം. അതിന്, മൂന്നു വഴികളെങ്കിലും *ഭാഷാപോഷിണി*ക്കു മുന്നിലുണ്ടായിരുന്നു:

1. പത്രാധിപസമിതിയംഗങ്ങൾതന്നെ എഴുതുക,
2. സാഹിത്യയിനങ്ങളുടെ സ്ഥിരം എഴുത്തുകാരെക്കൊണ്ട് സാഹിത്യേതരയിനങ്ങൾ എഴുതിക്കുക,
3. സാഹിത്യേതരവിഷയങ്ങളിൽ അറിവുള്ളവരിൽനിന്ന്, എഴുതാൻ കഴിവുള്ളവരെ പുതുതായിക്കണ്ടെത്തി എഴുതിക്കുക.

മാസികത്താളിലൂടെ ഒരറിയിപ്പുമായി പരസ്യമായി രംഗത്തിറങ്ങേണ്ട കാര്യം അപ്പോഴും ഉണ്ടായിരുന്നില്ല. എന്നിട്ടും, എന്തിനാണ്, *ഭാഷാപോഷിണി* അങ്ങനെ ചെയ്തത് എന്ന ചോദ്യം പിന്നെയും ബാക്കിയാണ്. അതിന് ഉത്തരം തേടുമ്പോൾ അഞ്ചു സാധ്യതകളാണ് പൊന്തിവരുന്നത്:

1. മാസികയുടെ സ്ഥിരം രചയിതാക്കളെമാത്രം നേരിട്ടറിയിച്ചാൽ പരിഹരിക്കാവുന്ന പ്രശ്നമായിരുന്നിരിക്കില്ല അത്.
2. ആനുകാലികങ്ങളുടെ ഉള്ളടക്കം സാഹിത്യാത്മകമായിരിക്കണം എന്ന പഴയ വഴക്കത്തിൽ മനസ്സുറച്ചവരായിരുന്നിരിക്കണം *ഭാഷാ പോഷിണി*യുടെ സ്ഥിരം എഴുത്തുകാർ.
3. പുതിയ എഴുത്തുകാരെ കണ്ടെത്തിമാത്രമേ, സാഹിത്യേതര രചനകൾ വേണ്ടത്ര തോതിൽ തയ്യാറാക്കാനാകുമായിരുന്നുള്ളൂ.
4. അറിയപ്പെടുന്ന എഴുത്തുകാരുടെ മണ്ഡലത്തിൽ അത്തരം എഴുത്തുകാർ ഉണ്ടായിരുന്നിരിക്കില്ല.
5. സാഹിത്യേതരവിഷയങ്ങളിലെ ജ്ഞാനികളിൽനിന്ന് എഴുത്തുകാരായി മാറാൻ ഇടയുള്ളവരെ കണ്ടെത്തുന്നതും ശ്രമകരമായിരുന്നിരിക്കണം.

അതിനാലാകണം, *ഭാഷാപോഷിണി* നടത്തിപ്പുകാർക്ക് അക്കാര്യം മാസികയിൽ അച്ചടിച്ച് എല്ലാ വായനക്കാരെയും അറിയിക്കേണ്ടി വന്നത്.

*ഭാഷാപോഷിണി*യുടെ അറിയിപ്പ് എന്ന മാധ്യമപാഠത്തിന്റെ ലാക്ഷണികമായ വായനയാണ് ഇവിടെ നടത്തിയത്.[45] ഇതിലൂടെ പുനർനിർമ്മിക്കപ്പെടുന്ന, *ഭാഷാപോഷിണി*യുടെ അറിയിപ്പിനു പിന്നിൽ ഒളിച്ചിരിക്കുന്ന - ആ അറിയിപ്പിനെ രൂപപ്പെടുത്തിയ - *ഭാഷാപോഷിണി*യുടെ 'മുൻധാരണ' ഇതാണ്: എല്ലാ സാമൂഹികസംഭൃതികളെയുംപോലെ എഴുത്തും എല്ലാ സാമൂഹിക കർതൃത്വങ്ങളെയുംപോലെ എഴുത്തുകാരും ഉള്ളതല്ല, ഉണ്ടാകുന്നതാണ്. ഒരു ചരിത്രഘട്ടത്തിലെ എഴുത്തുകാർ

സ്ഥലകാലങ്ങളുടെയും ആശയലോകത്തിന്റെയും ബലതന്ത്രത്തിലൂടെ ഉണ്ടാകുന്നു. 1930-കളുടെ തുടക്കത്തിൽ *ഭാഷാപോഷിണി*യെ വേദിയാക്കിയിരുന്ന എഴുത്തുകാരുടെ കാര്യത്തിലും ഇക്കാര്യത്തിൽ മാറ്റമില്ല. പുതിയ ചരിത്രഘട്ടത്തിന് പുതിയ എഴുത്തുവേണം; പുതിയ എഴുത്തുകാരും. അവർ, 'ഉണ്ടാവുക' എന്നതുപോലെ 'കണ്ടെടുക്ക'പ്പെടേണ്ടതുമുണ്ട്. പഴയ എഴുത്തുകാർ പുതിയ എഴുത്തിലേയ്ക്കു വരാനും പുതിയ എഴുത്തുകാരായി മാറാനും അതിനുതകുന്ന ചാലകബലങ്ങളുടെ സാന്നിദ്ധ്യവും സമ്മർദ്ദവും വേണം. അവയും 'ഉണ്ടാകു'ന്നതുപോലെ 'ഉണ്ടാക്ക'പ്പെടേണ്ടതും ഉണ്ട്. 1930-കളുടെ തുടക്കക്കാലത്തെ, എഴുത്ത് എന്ന സാമൂഹികപ്രതിഭാസത്തുറ നേരിട്ട ആ കാലികാവശ്യമാണ് *ഭാഷാപോഷിണി*യുടെ പരസ്യമായ അറിയിപ്പിൽ സന്നിഹിതമാകുന്നത്.

### 2.2.3. 1930: സാമൂഹികതയുടെ സാന്നിദ്ധ്യം

ഒരു സംശയം അപ്പോഴും അവശേഷിക്കും: അക്കാലത്തെ സാഹിത്യ ആനുകാലിക അന്തരീക്ഷത്തിൽ നിലവിലില്ലാത്ത ഒരു ഉള്ളടക്കത്തോട് സ്വീകരിച്ച് (സാഹിത്യമാസിക എന്ന പൈതൃകമുപേക്ഷിച്ച്) സർവ്വവിഷയ ആനുകാലികമായി മാറാൻ *ഭാഷാപോഷിണി* തീരുമാനിച്ചു. മംഗളോദയത്തിൽ അല്പം കൂടുതൽ സാഹിത്യേതരവിഭവങ്ങൾ ഉണ്ടായിരുന്നതുകൊണ്ടുമാത്രം അവർ അങ്ങനെ നിശ്ചയിക്കേണ്ടതില്ല. പിന്നെ, മറ്റെന്ത് പ്രേരണയാണ് *ഭാഷാപോഷിണി*ക്കു മുന്നിൽ എഴുന്നു വന്നത്?

എല്ലാ പ്രശ്നങ്ങളെയും ചരിത്രവത്കരിക്കാൻ അനുശാസിക്കുന്ന സാംസ്കാരികപഠനങ്ങൾക്കുമുമ്പിൽ അങ്ങനെ ഒരു ചോദ്യമുയർന്നാൽ, ആ കാലഘട്ടത്തിന്റെ ആശയമണ്ഡലത്തിലേയ്ക്കു പോവുകയേ നിവൃത്തിയുള്ളൂ. അക്കാലത്തെ ആശയസാകല്യത്തിൽനിന്ന് രാഷ്ട്രീയം മാത്രമെടുത്തു പരിശോധിക്കാനാണ് ഇവിടെ ഉദ്ദേശിക്കുന്നത് (എന്നും ആശയമണ്ഡലത്തിൽ നായകത്വം കൈയാളുന്നത്, രാഷ്ട്രീയമാണല്ലോ).

1930-കളിലെ രാഷ്ട്രീയസാഹചര്യം ഇങ്ങനെയായിരുന്നു: *ഭാഷാപോഷിണി*യുടെ ഉറവിടമായിരുന്ന തിരുവിതാംകൂർ ഒരു നാട്ടുരാജ്യമായിരുന്നു. ബ്രിട്ടീഷ് ചക്രവർത്തിക്കു കപ്പം കൊടുത്ത് അധികാരം നിലനിർത്തുന്ന രാജാവാണ് തിരുവിതാംകൂർ വാണിരുന്നത്.[46] ബ്രിട്ടീഷ് ഇന്ത്യയും നാട്ടുരാജ്യങ്ങളും ഉൾപ്പെട്ട രാഷ്ട്രീയ ഇന്ത്യ അതിതീവ്രമായ സംഘർഷത്തിൽ ഇളകിമറിയുന്ന കാലമായിരുന്നു 1930-കളുടെ തുടക്കം. ഒരു വർഷത്തിനകം ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടണമെന്ന് ആവശ്യപ്പെടുന്ന പൂർണ്ണ സ്വരാജ് പ്രമേയം ഇന്ത്യൻ നാഷനൽ കോൺഗ്രസിന്റെ ലാഹോർ സമ്മേളനം 1929 ഡിസംബറിൽ അംഗീകരിച്ചു. 1930 ജനുവരി 26 സ്വാതന്ത്ര്യദിനമായും കോൺഗ്രസ് പ്രഖ്യാപിച്ചു. നിയമലംഘനപ്രസ്ഥാനം തുടങ്ങുമെന്ന് അന്നത്തെ വൈസ്റോയ് ഇർവിൻ പ്രഭുവിനെ മഹാത്മാഗാന്ധി ഔപചാരികമായി അറിയിച്ചത് മാർച്ച് രണ്ടിനാണ്. മാർച്ച് 12-നാണ് ഗാന്ധിജി ദണ്ഡി യാത്ര തുടങ്ങിയത്.[47] ഏപ്രിൽ അഞ്ചിന് ദണ്ഡിയിൽ നിരോധനം ലംഘിച്ച് അദ്ദേഹവും അനുയായികളും ഉപ്പു കുറുക്കിയത് നിയമലംഘനപ്രസ്ഥാനത്തിന്റെ തുടക്കമായി.[48] മെയ് നാലിന് ഉപ്പു നികുതിക്കെതിരേ ദേശീയസമരവും തുടങ്ങി.

മറ്റൊരു വശത്ത്, സ്വാതന്ത്ര്യസമരത്തിലെ വിപ്ലവകാരികളുടെ പ്രവർത്തനമണ്ഡലം സംഭവഭരിതമായിരുന്നു. 1929 ഏപ്രിൽ എട്ടിനാണ് ഭഗത് സിംഗും ബടുകേശ്വർ ദത്തും സെൻട്രൽ അസംബ്ലിയിൽ ബോംബെറിഞ്ഞ് അറസ്റ്റ് വരിച്ചത്.[49] ഇന്ത്യൻ രാഷ്ട്രീയത്തടവുകാരോടുള്ള വിവേചനത്തിനെതിരെ ജയിലിൽ ഭഗത് സിംഗും സഹപ്രവർത്തകരും ജൂൺ 15-ന് നിരാഹാരം തുടങ്ങി.[50] 63 ദിവസത്തെ നിരാഹാരത്തിനൊടുവിൽ സെപ്തംബർ 13-ന് ജതീന്ദ്ര ദാസ് മരണം വരിച്ചു.[51] ഒത്തുതീർപ്പിനെ തുടർന്ന്, സമരം “അവസാനിപ്പിക്കുമ്പോൾ ഭഗത് സിംഗും ദത്തും 111 ദിവസം... നിരാഹാരമനുഷ്ഠിച്ചിരുന്നു.”[52]

ഇവിടെ പഠനത്തിനായി എടുത്ത *ഭാഷാപോഷിണി*യുടെയും *മംഗളോദയ*ത്തിന്റെയും ആകസ്മികമാതൃകാലക്കങ്ങൾ വായനക്കാരുടെ കൈയിലെത്തുമ്പോൾ (1930 ജൂൺ - ആഗസ്റ്റ്) നിയമലംഘനപ്രസ്ഥാനം രാജ്യമാകെ പടരുകയായിരുന്നു. 1930 മെയ് അഞ്ചിന് കോൺഗ്രസ് നിരോധിക്കപ്പെട്ടു. ഗാന്ധിജി അറസ്റ്റിലായി.[53] ഗുജറാത്തിലെ ധാരാസന ഉപ്പുശാലയിലേയ്ക്കു മാർച്ച് ചെയ്ത് കസ്തുർബ അറസ്റ്റ് വരിച്ചു. മെയ് ആറിന് മച്ചിലിപട്ടണത്ത് ത്രിവർണ്ണപതാക പറത്താനുള്ള ശ്രമത്തിനിടെ തോട്ട നരസയ്യ നായിഡു പോലീസിന്റെ അടിയേറ്റു മരിച്ചു. കോനേരു സെന്ററിലെ ഗോപുരത്തിലേയ്ക്ക്, ലാത്തിയടിയേറ്റ മുറിവുകളിൽനിന്നു ചോരയൊലിപ്പിച്ചുകൊണ്ട്, കൊടിയുമായി കയറുകയായിരുന്നു നായിഡു. പിറകേ കയറിയ പോലീസുകാരുടെ ലാത്തിയടികൾ ഏറ്റുവാങ്ങിക്കൊണ്ട് ആ സമരഭടൻ ഗോപുരമുകളിലെത്തുകയും കൊടിയുയർത്തുകയുമായിരുന്നു. അറിയപ്പെടുന്ന ഗുസ്തിക്കാരനായിട്ടും പോലീസുകാരെ തിരിച്ചാക്രമിച്ചില്ല. മുക്കാൽ മണിക്കൂർ നേരംകൊണ്ടാണ് പോലീസുകാർക്ക് നായിഡുവിനെ അടിച്ചുവീഴ്ത്താനായത്. നായിഡുവിന്റെ മരണത്തിനു പിന്നാലേ ഗാന്ധിജിതന്നെ അദ്ദേഹത്തെ 'പതാകാധീരൻ' എന്ന അപരനാമം നല്കി ആദരിച്ചു. സംഘർഷഭരിതമായ സമരം നയിക്കാൻ ഒരു സ്ത്രീയെ നിശ്ചയിച്ചു എന്ന വിവാദമുയർത്തിക്കൊണ്ട് മഹാത്മാഗാന്ധി ധാരാസന സമരനായികയായി സരോജിനി നായിഡുവിനെ നിയോഗിച്ചു.[54] മെയ് 21-ന് വളണ്ടിയർമാർ ഉപ്പുശാലയുടെ കമ്പിവേലി മറികടക്കാൻ ശ്രമിച്ചു. പോലീസ് ലാത്തിച്ചാർജ് നടത്തി. വളണ്ടിയർമാർ അഹിംസയാചരിച്ച് മർദ്ദനമേറ്റുവാങ്ങി.[55] ഇതേപ്പറ്റിയുള്ള അമേരിക്കൻ പത്രപ്രവർത്തകൻ വെബ് മില്ലറുടെ ദൃക് സാക്ഷി റിപ്പോർട്ട്[56] അന്താരാഷ്ട്ര ശ്രദ്ധ പിടിച്ചുപറ്റി.[57]

മറുവശത്ത്, ഭഗത് സിംഗിനും സഹപ്രവർത്തകർക്കുമെതിരായ ലാഹോർ ഗൂഢാലോചനക്കേസിന്റെ വിചാരണ നടക്കുകയായിരുന്നു.

മജിസ്ട്രേറ്റ് കോടതിയിൽനിന്ന് പ്രത്യേക ട്രൈബ്യൂണലിനു മുന്നിലേയ്ക്കു കേസ് മാറ്റുന്ന വൈസ്രോയിയുടെ ഓർഡിനൻസ് മെയ് ഒന്നിനു പുറത്തിറങ്ങി. ഇതോടെ അപ്പീൽ സാധ്യതകൾ പ്രിവി കൗൺസിലിനു മുമ്പിൽ മാത്രമായിച്ചുരുങ്ങി. ജൂലൈ 30-ന് പ്രതികൾക്കു കുറ്റപത്രം നൽകി. തങ്ങൾ പ്രതികളല്ലെന്നും ഇന്ത്യയുടെ അഭിമാനത്തിന്റെയും അന്തസ്സിന്റെയും വാദികളാണെന്നും പ്രതികളിലൊരാളായ ജെ. എൻ. സന്യാൽ വിളിച്ചുപറയുന്നതടക്കമുള്ള രംഗങ്ങൾക്ക് വിചാരണ സാക്ഷ്യം വഹിച്ചു.

ഇത്രയും രാഷ്ട്രീയതീക്ഷ്ണമായ ദിവസങ്ങളിൽ പുറത്തിറങ്ങിയ, *ഭാഷാപോഷിണി* ലക്കത്തിലെ ലേഖനങ്ങൾ ഇവയായിരുന്നു:

1. 'ഭാഷാവിഷയം'
2. 'ഭാരതീയവിദ്യാഭ്യാസം'
3. 'ആരാണ് കാമദേവൻ?'
4. 'തുളസീ ബായി'
5. 'ജ്ഞാനസംബന്ധർ'
6. 'സാഹിത്യരത്നമാല'

ശീർഷകങ്ങൾകൊണ്ടുതന്നെ സ്വയം സംസാരിക്കുന്ന ഇവയൊന്നുംതന്നെ രാഷ്ട്രീയവിഷയകമായിരുന്നില്ല.

വാർത്തകളും കുറിപ്പുകളും എന്ന പംക്തിയിലുള്ളവ:

1. 'യോഹന്നാന്റെ സുവിശേഷം എഴുതിയത് അപ്പസ്ഥലനല്ല' (ഗ്രന്ഥപാഠം)
2. 'ദാരിദ്ര്യംമൂലം ആത്മഹത്യ'
3. 'ധ്രുവസഞ്ചാരികളുടെ മൃതദേഹങ്ങൾ കിട്ടി'
4. 'ഖദർ നിർമ്മാണം കൂടി'
5. 'പരേതനായ ടി. ശങ്കരൻ തമ്പി അവർകൾ'
6. 'പ്രസവവേദന കുറയ്ക്കുന്നതിനുള്ള മരുന്ന്'

7. ‘ഇന്ത്യയിലെ സ്ഥിതി’
8. ‘സഹനസമരഗതി’
9. ‘പ്രസവിണികളുടെ മരണം’
10. ‘സ്വദേശ്യ പ്രദർശനം’,
11. ‘രണ്ടു പുസ്തകങ്ങൾ’,
12. ‘സംഭാഷണശക്തിയുള്ള ചലനദൃശ്യങ്ങൾ’,
13. ‘വിദേശസഞ്ചാരികൾ’,
14. ‘പാമ്പാടിയിലെ സിദ്ധൻ’

ഇവയിൽ, ‘ഖദർ നിർമ്മാണം കുടി’, ‘സ്വദേശ്യപ്രദർശനം’, ‘സഹനസമരഗതി’ എന്നീ മൂന്നിനങ്ങൾക്കാണ് രാഷ്ട്രീയപശ്ചാത്തലമുള്ളത്. ആദ്യത്തേത്, ദേശീയപ്രസ്ഥാനത്തിന് അനുകൂലമായ റിപ്പോർട്ടാണ്. രണ്ടാമത്തേതും, സ്വദേശിവസ്തുക്കളുടെ പ്രദർശനത്തിന്റെ റിപ്പോർട്ടായതിനാൽ ദേശീയ പ്രസ്ഥാനത്തിന് അനുകൂലമായ ഒരു പരോക്ഷവാർത്തയായി പരിഗണിക്കാം. മൂന്നാമത്തേത്, സഹനസമരം മിക്കവാറും മന്ദഗതിയിലായി എന്ന ഉള്ളടക്കമുള്ള വാർത്തയായതിനാൽ ദേശീയ പ്രസ്ഥാനത്തിന് എതിരും ആയിരുന്നു. ഈ ലക്കത്തിലെ സർഗ്ഗാത്മക ഇനങ്ങൾ ഇവയാണ്:

1. ‘ഈശ്വരപ്രാർത്ഥന’,
2. ‘ജനിവിയർ’,
3. ‘പ്രഭാതവാതം’,
4. ‘കുഞ്ചുക്കുറുപ്പിന്റെ നോവലെഴുത്ത്’

ഇവയിൽ ‘പ്രഭാതവാതം’ എന്ന കവിത ഒഴികേ മറ്റൊന്നും രാഷ്ട്രീയ വിഷയകമല്ല.[58]

*മംഗളോദയം* മാസികയിലെ ലേഖനങ്ങൾ:

1. ‘ദാമ്പത്യത്തിൽ സുഖമുണ്ടോ ഇല്ലയോ?’,
2. ‘ഭാരതീയയുവലോകം’,

3. ‘കർമ്മം’,
4. ‘ഗൃഹസ്ഥാശ്രമം’,
5. ‘വേദം ദൈവസൃഷ്ടമോ?’,
6. ‘വ്രതാനുഷ്ഠാനം’,
7. ‘ബങ്കിമ ചന്ദ്ര ചാറ്റർജി’ (ഗ്രന്ഥപാഠം),
8. ‘ഗലീലിയോ ഗാലിലി’ (ഗ്രന്ഥപാഠം),
9. ‘ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി അവർകളുടെ കവിതകൾ’

*മംഗളോദയം* കൊടുത്ത സർഗ്ഗാത്മകരചനകൾ:

1. ‘ഗുരുനാഥന്റെ തുവ്വൽ’ (ഗ്രന്ഥപാഠം),
2. ‘ദ്രാക്ഷാലഹരി’,
3. ‘കെണിയിൽപ്പെട്ട കിളിക്കുഞ്ഞ്’,
4. ‘വർഷക്കാലം’ (കവിതകൾ)
5. ‘ഒരു കത്ത്’,
6. ‘രാജാവും റാണിയും’,
7. ‘ഒരു പാരത്രിക വാർത്ത’,
8. ‘സ്വർണ്ണ ദണ്ഡ സൂത്രം’ (കഥകൾ)

ഇവയ്ക്കും അന്നത്തെ രാഷ്ട്രീയപശ്ചാത്തലവുമായി ബന്ധമില്ല. ‘ബങ്കിമ ചന്ദ്ര ചാറ്റർജി’ എന്ന ജീവചരിത്രലേഖനം മാത്രമാണ് ദേശീയപ്രസ്ഥാനത്തിന് പരോക്ഷപിന്തുണ നല്കുന്ന ഇനമായി മാറുന്നത്.

*ഭാഷാപോഷിണി*, സാഹിത്യമാസിക എന്ന പദവിയിൽനിന്നു കുതറിമാറാൻ എന്തുകൊണ്ട് ആലോചിച്ചു എന്ന വിഷയമാണ് ചർച്ച ചെയ്യുന്നത് എന്നതിനാൽ ആ മാസികയിലേയ്ക്കു തന്നെ മടങ്ങിവരാം.

തിരുവിതാംകൂറിൽ അന്നു പത്ര റഗുലേഷൻ നിയമമുണ്ടായിരുന്നു. 1926-ൽ റീജന്റ് സേതു ലക്ഷ്മീ ബായിയാണ് ആ നിയമം ഏർപ്പെടുത്തിയത്. ആ നിയമം നിലവിലുള്ളതുകൊണ്ടായിരിക്കാം *ഭാഷാപോഷിണി*യിൽ പ്രത്യക്ഷ

രാഷ്ട്രീയയിനങ്ങൾക്ക് കുറഞ്ഞ പ്രാതിനിധ്യമുണ്ടായത് എന്ന സംശയം സ്വാഭാവികമായുമുയരാം. എന്നാൽ, പ്രക്ഷോഭപത്രപ്രവർത്തകനായ എ. ബാലകൃഷ്ണ പിള്ളയുടെ *കേസരി*യെപ്പോലുള്ള പ്രസിദ്ധീകരണങ്ങൾ ആ സാഹചര്യത്തിലും വായനക്കാർക്കു രാഷ്ട്രീയയിനങ്ങൾ നല്കിയിരുന്നു.

ഉദാഹരണമായി ഭഗത് സിംഗ് തൂക്കിലേറ്റപ്പെട്ട സന്ദർഭമെടുക്കാം. 1931 മാർച്ച് 21-നാണ് ഭഗത് സിംഗിനെയും സുഖ് ദേവിനെയും രാജ് ഗുരുവിനെയും ബ്രിട്ടീഷ് അധികാരികൾ തൂക്കിലേറ്റിയത്.[59] ആ വാർത്ത *കേസരി*യിൽ[60] ഇങ്ങനെ വായിക്കാം:

> "ഭഗത്തു സിംഗിനേയും (ഗ്രന്ഥപാഠം) കൂട്ടുപ്രതികളേയും തൂക്കി (തലക്കെട്ട്). ഭഗത്തു സിംഗിന്റേയും കൂടെ മരണശിക്ഷ വിധിച്ചിട്ടുള്ള പ്രതികളുടേയും പേരിൽ കരുണയുണ്ടാകണമെന്നു പ്രാർത്ഥിച്ചു കൊടുത്തിട്ടുള്ള ഹർജി അവസാനമായി തള്ളിയതിനാൽ അവരെ തൂക്കിക്കൊന്നിരിക്കുന്നു."[61]

തൂക്കിക്കൊലയ്ക്കു പിന്നാലേ, ഈ വാർത്ത കൊടുത്ത *കേസരി* ഒപ്പം, തൂക്കിക്കൊലയ്ക്കെതിരായ പ്രതിഷേധത്തിന്റെ സംഘാടകനായി മാറിയതിനും മാസികയുടെ താളുകൾ സാക്ഷി:

> "ഭഗത് സിംഗിനു[62] നിത്യശാന്തി (തലക്കെട്ട്). ലാഹോർ ഗൂഢാലോചനക്കേസിൽ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ട സ്വരാജ്യഭക്തന്മാരായ 'ഭഗത് സിംഗ്, സുഖദേവ്, രാജഗുരു' എന്നിവരെ ഭാരതീയർ ഐക്യകണ്ഠ്യമായി പ്രതിഷേധിച്ചതിനെ വിഗണിച്ചു തൂക്കിക്കൊന്നതായി ഇവിടെ അറിവു കിട്ടിയിരിക്കുന്നതിനാൽ ഈ യുവധീരന്മാരുടെ ആത്മാവിനു നിത്യശാന്തിയെ പ്രാർത്ഥിക്കുന്നതിനായി ഇന്നു വൈകുന്നേരം --[63] മണിക്കു പുത്തൻ കച്ചേരി മൈതാനത്തു ഒരു യോഗം കൂട്ടുവാൻ

> നിശ്ചയിച്ചിരിക്കുന്നു. യോഗാനന്തരം കറുത്ത കൊടികളോടുകൂടി ഒരു ഘോഷയാത്ര നടത്തുവാനും ഉദ്ദേശിച്ചിട്ടുണ്ട്."[64]

അതേസമയം, *ഭാഷാപോഷിണി* ഭഗത് സിംഗിന്റെയും സഹപ്രവർത്തകരുടെയും തൂക്കിക്കൊല മാസികത്താളിൽ പകർത്തിയത് ഇങ്ങനെയാണ്:

> "ഭാരതമഹാജനസഭയുടെ നാല്പത്തിയഞ്ചാമത്തെ സമ്മേളനം കറാച്ചിയിൽ വച്ചു സർദാർ വല്ലാഭായി പട്ടേലിന്റെ (ഗ്രന്ഥപാഠം) അദ്ധ്യക്ഷതയിൽ മംഗളമായിത്തന്നെ കഴിഞ്ഞുകൂടുകയുണ്ടായി. ഭഗത് സിംഗ് മുതലായവരെ, തൂക്കിക്കൊന്നതു നിമിത്തമുണ്ടായ അസ്വസ്ഥതയും, ഇർവിൻ ഗാന്ധി സന്ധി മൂലം ഏതാണ്ട് പ്രശാന്തമായ ഭാരതരാഷ്ട്രീയാന്തരീക്ഷത്തെ പ്രക്ഷുബ്ദ്ധമാക്കുകയുണ്ടായല്ലോ. തന്നിമിത്തം മാഹാത്മജിയുടെ സ്വാധീനശക്തിക്കു അല്പമൊരുടവു തട്ടുകയും, കറാച്ചി കോൺഗ്രസിന്റെ പര്യവസാനം ശുഭമായിരിക്കുമോ എന്നു പലർക്കും ആശങ്കയുണ്ടാവുകയും ചെയ്തു. എന്നാൽ, അദ്ധ്യക്ഷന്റെ നയവും സാമർത്ഥ്യവുംകൊണ്ടു, നിനച്ചിരിയാത്ത വണ്ണം കോൺഗ്രസ് ആദ്യവസാനം മംഗളകരമായിത്തന്നെ തീർന്നു."[65]

ഭഗത് സിംഗ് വധം *ഭാഷാപോഷിണി* നല്കിയത്, 1106 മീനം[66] ലക്കത്തിൽ അച്ചടിച്ച കറാച്ചി കോൺഗ്രസ് വാർത്തയിലെ ഒരു പരോക്ഷപരാമർശം എന്ന നിലയ്ക്കാണ്. പത്ര റഗുലേഷന്റെ കീഴിൽനിന്നാണ് *കേസരിക്ക്* ഭഗത് സിംഗിന്റെ വധ വാർത്തയും അതിനെതിരായ പ്രതിഷേധത്തിന്റെ കാലേക്കൂട്ടിയുള്ള അറിയിപ്പും അച്ചടിക്കാനായത്. *ഭാഷാപോഷിണിയ്*ക്കാകട്ടെ ഭഗത് സിംഗിനെ തൂക്കിക്കൊന്ന വാർത്തപോലും പ്രത്യക്ഷമായി നല്കാനായില്ല.

1931-ൽ ഇന്ത്യയുടെ നില ഇതായിരുന്നു: സ്വാതന്ത്ര്യസമരത്തിന്റെ മുഖ്യധാരയിൽ ജനുവരി 25-ന് ഗാന്ധിജി ജയിൽ വിമുക്തനായി. മാർച്ച് അഞ്ചിന് ഗാന്ധി-ഇർവിൻ സന്ധി ഒപ്പു വച്ചു. സ്വാതന്ത്ര്യസമരത്തിന്റെ സായുധധാരയിൽ ഫെബ്രുവരി 27-ന് ചന്ദ്രശേഖർ ആസാദ് ബ്രിട്ടീഷ് പോലീസുമായി ഏറ്റുമുട്ടി മരണം വരിച്ചു. മാർച്ച് 23-ന് ഭഗത് സിംഗ്, രാജ് ഗുരു, സുഖ് ദേവ് എന്നിവരെ തൂക്കിക്കൊല്ലുകയും ചെയ്തു.

ഇതായിരുന്നു *ഭാഷാപോഷിണി* നേരിട്ട കാലം. ആ കാലത്തിന്റെ സമ്മർദ്ദത്തിനു കീഴിൽനിന്നാണ് *ഭാഷാപോഷിണി* സാഹിത്യ ആനുകാലികമെന്ന വിലാസം ഫലത്തിൽ നിരാകരിക്കുന്ന അറിയിപ്പ് മാസികത്താളിൽ കൊടുത്തത്.

**2.2.4. 1930: സാഹിത്യതയുടെ പുനരാവർത്തനം**

ഈ പഠനത്തിന്റെ ഈ ഘട്ടത്തിലെ പ്രശ്നപാഠമായ *ഭാഷാപോഷിണി* അറിയിപ്പ് അച്ചടിച്ചുവന്ന 1106 കന്നി ലക്കത്തിലെ ഉള്ളടക്കത്തിന്റെ വിശകലനവും ഇവിടെ പ്രസക്തമാണ്:

1. സാഹിത്യസംബന്ധിയായ ഉള്ളടക്കം 52 ശതമാനം. [67]
2. സാഹിത്യേതര ഉള്ളടക്കം 48ശതമാനം. [68]

സാഹിത്യയിനങ്ങൾക്കുള്ള പ്രാമുഖ്യം കുറയ്ക്കുക, സർവ്വവിഷയ ആനുകാലികമായി മാറുക എന്നീ നിശ്ചയങ്ങൾ, അതു പരോക്ഷമായി പ്രഖ്യാപിച്ച ലക്കത്തിൽപ്പോലും നടപ്പാക്കാൻ *ഭാഷാപോഷിണിക്ക്* കഴിഞ്ഞില്ല.

ഇനി അന്വേഷിക്കാവുന്നത്, 1106 കന്നി ലക്കത്തിലെ അറിയിപ്പ് ഒരല്പകാലത്തിനു ശേഷമെങ്കിലും നടപ്പാക്കാൻ *ഭാഷാപോഷിണിക്കു* കഴിഞ്ഞോ എന്ന കാര്യമാണ്. ഇക്കാര്യം പഠിക്കാൻ ആ പഞ്ചാംഗവർഷത്തിലെ (കൊല്ലവർഷം) അവസാനത്തെ ലക്കം, 1106

കർക്കടകം, 1931 ജൂലൈ – ആഗസ്റ്റ്, പഠന സാമഗ്രിയായി എടുക്കാം.[69] ഉള്ളടക്ക വിശകലനം ഇങ്ങനെയാണ്:

1. സാഹിത്യവിഷയകമായ ഉള്ളടക്കം 64 %.
2. സാഹിത്യേതര ഉള്ളടക്കം 36%.

അതായത് സാഹിത്യേതരവിഷയകമായ ഉള്ളടക്കത്തേക്കാൾ സാഹിത്യ വിഷയകമായ ഉള്ളടക്കത്തിന് 1.77 ഇടം കൂടുതൽ നൽകി ഈ ലക്കത്തിൽ *ഭാഷാപോഷിണി.* സാഹിത്യ ആനുകാലികമെന്ന വിലാസം കൈവെടിയണമെന്നും സർവ്വവിഷയ ആനുകാലികമായി സ്വയം മാറണമെന്നുള്ള ആന്തരികപ്രേരണ പരോക്ഷമായെങ്കിലും പരസ്യമായി പ്രഖ്യാപിച്ച് പത്തു മാസം കഴിഞ്ഞപ്പോൾ *ഭാഷാപോഷിണി*യുടെ ഉള്ളടക്കം കൂടുതൽ സാഹിത്യയിനങ്ങൾ ചേർന്നതായി മാറുകയാണുണ്ടായത് (പട്ടിക 2.3.).

**താരതമ്യം: *ഭാഷാപോഷിണി* 1106**

| ***ഭാഷാപോഷിണി*** | **സാഹിത്യയിനങ്ങൾ** | **സാഹിത്യേതരയിനങ്ങൾ** |
|---|---|---|
| ചിങ്ങം 1106 | 77 % | 23 % |
| കന്നി 1106 | 52 % | 48 % |
| കർക്കടകം 1106 | 64 % | 36 % |

പട്ടിക 2.3.

1106 കന്നിയിൽ എത്തിച്ചേർന്ന 52:48 എന്ന, സാഹിത്യത്തിന് വലിയ മേല്ക്കൈയില്ലാത്ത, നിലയിൽ നിന്ന് 1106 കർക്കടക മാസമായപ്പോഴേയ്ക്കും 64:36 എന്ന ചേരുവയിലേയ്ക്ക് കൂടുതൽ സാഹിത്യ നിഷ്ഠമായി *ഭാഷാപോഷിണി* മാറി. എന്നാൽ, 1106 ചിങ്ങത്തിലെ 77:23 എന്ന ചേരുവയിലേയ്ക്കു പോയതുമില്ല.

ഉള്ളടക്ക സംബന്ധിയായി 1106 കർക്കടത്തിൽ മറ്റൊരു അറിയിപ്പുകൂടി *ഭാഷാപോഷിണി* നല്കുന്നുണ്ട്:

> "*ഭാഷാപോഷിണി* പരിഷ്കരിക്കുന്നു (തലക്കെട്ട്). വികാരോത്തേജകങ്ങളായ ചെറുകഥകൾ, സഹൃദയ ഹൃദയാഹ്ലാദകങ്ങളായ കവിതകൾ, സാരഗർഭങ്ങളായ ലേഖനങ്ങൾ, വിജ്ഞാനപ്രദങ്ങളായ വിശേഷക്കുറിപ്പുകൾ, ചിരിച്ചു തലതല്ലുന്ന വിനോദങ്ങൾ, മുതലായവ അടുത്ത ലക്കം മുതൽ പ്രതീക്ഷിക്കുക." [70]

അപ്പോഴും, സാഹിത്യ ആനുകാലികം എന്നതല്ല സർവ്വവിഷയ ആനുകാലികം എന്നതാണ് *ഭാഷാപോഷിണി*യുടെ പ്രഖ്യാപനത്തിൽ നിഴലിക്കുന്ന നയം. 'സാരഗർഭങ്ങളായ ലേഖനങ്ങൾ, വിജ്ഞാനപ്രദങ്ങളായ വിശേഷക്കുറിപ്പുകൾ' എന്നിവ വരാൻ പോകുന്ന ഉള്ളടക്കത്തിലുണ്ട്. എന്നാൽ, സാഹിത്യേതരയിനങ്ങളുടെ അതിര് അവിടെ തീർന്നു. നാട്ടിലെ രാഷ്ട്രീയതീക്ഷ്ണമായ അന്തരീക്ഷത്തോടു പ്രതികരിക്കുന്ന നില അപ്പോഴും മാസിക കൈക്കൊണ്ടിരുന്നില്ല എന്നർത്ഥം.

## 2.3. ആദ്യകാല ആനുകാലികങ്ങൾ: അറിവുകൾ, അപനിർമ്മിതികൾ

സാഹിത്യ ആനുകാലികങ്ങൾക്ക് മുഖ്യധാരാ ആനുകാലികങ്ങളായി തുടരാനാവില്ല എന്ന സാമൂഹികയാഥാർത്ഥ്യമാണ് അന്നത്തെ സാഹിത്യ മാസികകളെ തുറിച്ചു നോക്കിയത്. സാഹിത്യകേന്ദ്രിതമായ ആനുകാലികരീതിവിദ്യ അസംഗതമാവുകയായിരുന്നു: 'സാഹിത്യത' എന്ന സാമൂഹികസ്ഥാപനത്തിന്റെ അസാംഗത്യംകൊണ്ടല്ല, 'സാഹിത്യേതരത' എന്ന പ്രത്യയശാസ്ത്രത്തുറയുടെ സാംഗത്യംകൊണ്ട്. സാഹിത്യേതരരംഗത്തെ സംഗതമാക്കുന്ന ചരിത്രകാലം ആ ഘട്ടത്തിനു ചേർന്ന സാഹിത്യവും, തീർച്ചയായും ആവശ്യപ്പെടുന്നുണ്ട്. അത്തരം സാഹിത്യത്തിന്റെ

വാഹനങ്ങളായി മാറിക്കൊണ്ട്, നേരിടുന്ന പ്രതിസന്ധി മറികടക്കാൻ *ഭാഷാപോഷിണി*ക്കു ശ്രമിച്ചുകൂടായിരുന്നോ എന്ന ചോദ്യമുണ്ട്.

മാതൃകാലക്കത്തിലെ ജി. ശങ്കരക്കുറുപ്പിന്റെ കവിത 'പ്രഭാതവാതം' തന്നെ അക്കാലം ആവശ്യപ്പെട്ടിരുന്ന രചനകൾ അന്നു പിറന്നിരുന്നു എന്നതിനു തെളിവുമാണ്. ഇങ്ങനെയൊരു രചന കൊടുത്തിട്ടുണ്ടെങ്കിലും അത്തരം കൃതികളുടെ സ്ഥിരം വേദിയായി മാസിക മാറ്റുക, ദേശീയപ്രസ്ഥാനത്തിന്റെ പ്രാദേശികപ്പതിപ്പായ നാട്ടുരാജ്യരാഷ്ട്രീയം വിഷയമാക്കുന്ന രചനകൾക്കായിക്കൂടി മാസികയുടെ താളുകൾ സമർപ്പിക്കുക എന്നിവയൊക്കെ മറ്റൊരു കാര്യമാണ്. അതിന് *ഭാഷാപോഷിണിക്ക്* സ്വന്തം ആശയസംഹിതയെത്തന്നെ നിഷേധിക്കുകയോ അതിഗമിക്കുകയോ ചെയ്യേണ്ടതുണ്ടായിരുന്നു. രാഷ്ട്രീയവാർത്തകൾ രാഷ്ട്രീയകാലം അവശ്യപ്പെടുംവിധം അച്ചടിച്ച് *കേസരി*യുടെ വഴിക്കു പോകുക എന്ന രാഷ്ട്രീയാപായസാധ്യത ഏറ്റെടുക്കാൻ *ഭാഷാപോഷിണി*ക്കു കഴിയുകയില്ലായിരുന്നു എന്നതു നേരത്തേ കണ്ടു. അതുപോലെ, പുതിയ കാലം ആവശ്യപ്പെടുന്ന പുതിയ സാഹിത്യത്തിന്റെ അരങ്ങായി മാറിക്കൊണ്ട് പുതിയ കാലത്തിനു ചേർന്ന സാഹിത്യമാസികയാകാനും അവർക്കു സാധിക്കില്ലായിരുന്നു.

നേരത്തേ, ഭാഷാപോഷണവും സാഹിത്യപോഷണവും സാക്ഷര സമൂഹത്തിലെ ക്രിയാത്മകതയായി നിലനിന്ന സാമൂഹികസാഹചര്യത്തിൽ സാഹിത്യമാസികകൾക്ക് മുഖ്യധാരാ ആനുകാലികങ്ങളായും മുൻനിര ആനുകാലികങ്ങളായും ഒരേ സമയം നിലനില്ക്കാമായിരുന്നു. ആ തിളക്കമുറ്റ സാമൂഹികപദവിയാണ് പ്രക്ഷുബ്ധമായ രാഷ്ട്രീയസാഹചര്യത്തിൽ സാഹിത്യമാസികകൾക്കു കൈമോശം വന്നത്. ഈ തിരിച്ചറിവായിരുന്നു *ഭാഷാപോഷിണി*യുടെ സ്വത്വപ്രതിസന്ധിക്കു പിന്നിൽ.

*ഭാഷാപോഷിണി*യുടെ മുന്നിലുണ്ടായിരുന്ന അതിജീവനമാർഗ്ഗം ഇവയായിരുന്നു:

1. കൂടുതൽ, സാഹിത്യേതരയിനങ്ങൾ
2. സാഹിത്യമാസികാഭാവത്തിന്റെ നിരാസം
3. സർവ്വവിഷയ ആനുകാലികത്തിലേയ്ക്കുള്ള ശൈലിമാറ്റം

അതിനായി, മലയാളഭാഷയിലെ എഴുത്തുകാരുടെ മണ്ഡലത്തെത്തന്നെ ഉടച്ചുവാർക്കുക, പുത്തൻ എഴുത്തുകാരെ കണ്ടെത്തുക, പഴയ എഴുത്തുകാരെ പുതിയ കാലത്തിലേയ്ക്ക് ആനയിക്കുക എന്നീ വഴികൾ അവർക്കു തുറക്കേണ്ടതുണ്ടായിരുന്നു. അതുതന്നെയാണ് ചർച്ചാവിഷയമായ മാധ്യമപാഠത്തിന്റെ അപനിർമ്മിതിയിലൂടെ വായിച്ചെടുക്കാവുന്നതും. ഈ നിലയിൽ അക്കാലത്തെ മലയാളത്തിലെ ആനുകാലികപ്രസിദ്ധീകരണങ്ങൾ നേരിട്ട ഒരു സംഘർഷത്തിന്റെ ബഹിർസ്ഫുരണമായി *ഭാഷാപോഷിണി*യിലെ അറിയിപ്പിനെക്കാണാം.

ഒപ്പം, ആ തീരുമാനം നടപ്പാക്കാൻ നടത്തിയ യത്നത്തിന്റെയും അതിൽ *ഭാഷാപോഷിണി* നേരിട്ട അന്തർസംഘർഷങ്ങളുടെയും ചിഹ്നങ്ങളും അക്കാലത്തെ ആനുകാലികലക്കങ്ങളിൽനിന്നു വായിച്ചെടുക്കാമെന്നും കണ്ടു. തീരുമാനം അക്ഷരാർത്ഥത്തിൽ നടപ്പാക്കാൻ കഴിയാത്തതും സാഹിത്യ ആനുകാലികമായിത്തന്നെ *ഭാഷാപോഷിണി*ക്കു തുടരേണ്ടി വന്നതും ആ തീരുമാനത്തിലെതന്നെ വൈരുദ്ധ്യങ്ങളുടെ ഫലമാണ്. മലയാളത്തിലെ ആനുകാലികങ്ങളുടെ പ്രത്യയശാസ്ത്രപ്രശ്നങ്ങളുടെരേഖയാണ് അവയുടെ സാഹിത്യ - സാഹിത്യേതര അംശബന്ധം എന്ന നിഗമനമാണ് ഇതിലൂടെ ഉണ്ടാകുന്നത്.

ഈ കാഴ്ചപ്പാട് പ്രശ്നവത്കരിക്കേണ്ടതുണ്ട്. സാഹിതീയതയായിരുന്നോ നമ്മുടെ ആനുകാലികങ്ങളുടെ ഏകാന്തപൈതൃകം, മറ്റെന്തെങ്കിലുമൊക്കെ നമ്മുടെ ആനുകാലികങ്ങളുടെ ജനിതകഭൂപടത്തിലുണ്ടെന്ന് നമ്മൾ

കണ്ടെത്തേണ്ടതുണ്ടോ, നമ്മുടെ ആനുകാലികങ്ങളുടെ വംശധാര പുനർനിർണ്ണയിക്കേണ്ടതുണ്ടോ എന്നിവയാണ് ആ പ്രശ്നവത്കരണത്തിനുള്ള താക്കോൽച്ചോദ്യങ്ങൾ.

പാഠമാതൃകകളായി എടുത്ത രണ്ടു പ്രസിദ്ധീകരണങ്ങളുടെയും പൈതൃകം സാഹിത്യ ആനുകാലികം എന്നതാണോ എന്നു പരിശോധിച്ചുതന്നെ ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താം. ഇവ കേവലസാഹിത്യ ആനുകാലികങ്ങളായി പുറത്തിറങ്ങുകയും അത്തരത്തിൽ തുടരുകയും അത്തരത്തിൽത്തന്നെ നിലനില്ക്കുകയും അത്തരത്തിൽമാത്രം അംഗീകാരം തേടിയവയുമാണോ, സാഹിത്യത്തിനും സാഹിത്യ സംബന്ധിയായ കാര്യങ്ങൾക്കും എത്രമാത്രം മുൻഗണന നല്കിക്കൊണ്ടാണ് ഇവ രംഗത്തുവന്നത് എന്നിവയാണ് ഇവിടെ അന്വേഷണപ്രശ്നങ്ങളാകുന്നത്.

ആദ്യകാല*ഭാഷാപോഷിണി*യുടെ ആകസ്മികമാതൃകാലക്കമായി 1072 കന്നി എടുക്കുന്നു.[71] ഉള്ളടക്കത്തിലുള്ളത് 13 ഇനങ്ങളാണ്.

1. സാഹിത്യയിനങ്ങൾക്കു നീക്കിവച്ച ഇടം 36 ശതമാനമാണ് .[72]
2. സാഹിത്യേതരയിനങ്ങൾക്ക് 64 ശതമാനം ഇടം കിട്ടി.[73]

ആദ്യകാല*മംഗളോദയ*ത്തിന്റെ സൂചകലക്കമായി 1084 വൃശ്ചികം എടുക്കുന്നു.[74] ഈ ലക്കത്തിൽ ഏഴിനങ്ങളുണ്ട്.[75]

1. സാഹിത്യ ഇനങ്ങളുടെ അച്ചടിയിടം രണ്ടു ശതമാനമാണ്.
2. സാഹിത്യേതര ഇനങ്ങളുടേത് 98 ശതമാനവും.

ആദ്യകാല*ഭാഷാപോഷിണി* സാഹിത്യയിനങ്ങളേക്കാൾ 1.77 മടങ്ങ് അച്ചടിയിടം സാഹിത്യേതരയിനങ്ങൾക്കു നല്കിയിരുന്നു. ആദ്യകാല *മംഗളോദയം*, ഏതാണ്ടു പൂർണ്ണമായിത്തന്നെ സാഹിത്യേതര ആനുകാലികമായിരുന്നു (പട്ടിക 2.4.).

### താരതമ്യം: ആദ്യകാല *ഭാഷാപോഷിണി – മംഗളോദയങ്ങൾ*

| **പ്രസിദ്ധീകരണം** | **സാഹിത്യ ഉള്ളടക്കം** | **സാഹിത്യേതര ഉള്ളടക്കം** | **കാലം** |
|---|---|---|---|
| *ഭാഷാപോഷിണി* | 36 % | 64 % | 1896 |
| *മംഗളോദയം* | 02 % | 98 % | 1908 |

പട്ടിക 2.4.

രണ്ടു കണ്ടെത്തലുകളാണ് പഠനത്തിന്റെ ഈ ഘട്ടത്തിൽ ഉണ്ടായിട്ടുള്ളത്. രണ്ടും കേരളത്തിലെ ആദ്യകാല ആനുകാലികങ്ങളെക്കുറിച്ച് ഇതഃപര്യന്തമുണ്ടായ ചരിത്രബോധ്യങ്ങളെ ചോദ്യം ചെയ്യുന്നവയുമാണ്:

1. സ്വന്തം ഉള്ളടക്കച്ചേരുവയിൽ രണ്ടു മുതൽ 36 വരെ ശതമാനം മാത്രം ഇടം സാഹിത്യയിനങ്ങൾക്കു നീക്കിവച്ച പ്രസിദ്ധീകരണങ്ങളെയാണ് കേരളം സാഹിത്യ ആനുകാലികങ്ങൾ എന്നു വിളിക്കുന്നത്.
2. ഉള്ളടക്കത്തിന്റെ 64 മുതൽ 98 വരെ ശതമാനം അച്ചടിയിടം സാഹിത്യേതരയിനങ്ങൾക്ക് വകയിരുത്തിക്കൊണ്ട് പുറത്തുവന്ന ആനുകാലികങ്ങളെയാണ് കേരളം സർവ്വവിഷയ ആനുകാലികങ്ങളായി തിരിച്ചറിയാത്തത്.

ഇനി അറിയാനുള്ളത്, ഈ പ്രസിദ്ധീകരണങ്ങൾ ആദ്യകാല ലക്കങ്ങളിൽ പുലർത്തിയ മുൻഗണനാതോത് യാദൃച്ഛികമോ ആകസ്മികമോ അനിച്ഛാപരമോ ആയിരുന്നോ എന്നതാണ്.

സ്വന്തം ഉള്ളടക്കച്ചേരുവയെക്കുറിച്ച് ആദ്യ ലക്കം *ഭാഷാപോഷിണി* പറയുന്നത് ഇങ്ങനെയാണ്:

> “ഭാഷാപോഷണത്തിനായിട്ടുള്ള ഒരു മാസികാപുസ്തകത്തിൽ സൂക്ഷ്മമായി വിചാരിച്ചാൽ ഗ്രാമ്യതാദിദോഷങ്ങൾ ഇല്ലാതെ

ഏതുതരം ഉപന്യാസങ്ങളും ചേരും എങ്കിലും കണ്ണിൽ കണ്ടതെല്ലാം ഇതിൽ ചേർക്കാമെന്നു വെച്ചിട്ടില്ലെന്നു മാത്രമല്ലാ എല്ലാ പുസ്തകത്തിലും ഇന്നിന്ന (ഗ്ര. പാ.) വകകൾ ഇത്രയിത്രമാത്രം അടങ്ങിയിരിക്കണം എന്നു ഞങ്ങൾ ഏകദേശം ഒന്നു കരുതീട്ടുമുണ്ട് (ഗ്ര. പാ.)."[76]

ആദ്യകാല *ഭാഷാപോഷിണി* 36 ശതമാനം മാത്രം സാഹിത്യ സംബന്ധിയായ ഉള്ളടക്കവുമായി പുറത്തിറങ്ങിയിരുന്നത് യാദൃച്ഛികമല്ല എന്നും അത് പത്രാധിപനിശ്ചയത്തിന്റെ ഭാഗമാണെന്നും വ്യക്തം. അങ്ങനെയാണെങ്കിൽ *ഭാഷാപോഷിണി*യുടെ ആ ഉള്ളടക്കച്ചേരുവ മാസികയുടെ സ്വത്വസങ്കല്പത്തിന്റെ ഉത്പന്നമാണ്. ഭാഷയുടെ ഐകരൂപ്യം, ഗദ്യപ്രചാരണം, നിഘണ്ടുനിർമ്മാണം, ശാസ്ത്രപ്രചാരണം എന്നിവയായിരുന്നു *ഭാഷാപോഷിണി*യുടെ പ്രഖ്യാപിതലക്ഷ്യങ്ങൾ. ഭാഷാപോഷണം എന്ന നിലയ്ക്കാണ് ആ പ്രസിദ്ധീകരണം പുതിയ പുസ്തകങ്ങളുടെ രചന, പഴയ ഗ്രന്ഥങ്ങളുടെ വീണ്ടെടുപ്പും പ്രകാശനവും, പ്രാചീനകൃതികളുടെ വിവർത്തനം, അർവാചീനകൃതികളുടെ വിവർത്തനം, സാഹിത്യചരിത്രരചന, നോവലും ചെറുകഥയും ഖണ്ഡകാവ്യവും നാടകവും നിരൂപണവുംപോലുള്ള പുതു സാഹിത്യരൂപങ്ങളുടെ പ്രചാരണം എന്നിവ ഏറ്റെടുത്തത്.

*മംഗളോദയ*ത്തിന്റെ നയപ്രഖ്യാപനം ഇങ്ങനെയാണ്:

"നമ്പൂതിരിമാരുടേയും മറ്റു ജാതി മലയാളികളുടേയും ആചാരങ്ങളെപ്പറ്റിയും തന്മൂലമായ ധർമ്മത്തേപ്പറ്റിയും ഇവയെല്ലാം അറിയിക്കുന്ന പൂർവ്വചരിത്രത്തെപ്പറ്റിയും അവരവരുടെ നിത്യവൃത്തിക്കുതകുന്ന ഗൃഹധർമ്മത്തേപ്പറ്റിയും അവശ്യം അറിഞ്ഞേ കഴിയൂ എന്നുള്ള രാജനീതിനിയമങ്ങളേപ്പറ്റിയും പലേ സംശയങ്ങൾക്കും

നിവൃത്തിവരുത്തിത്തരുന്നതും വിനോദകരവുമായ തത്വവാദങ്ങളേപ്പറ്റിയും മറ്റും പല ഉപന്യാസങ്ങളെക്കൊണ്ടും, ഹിന്തുക്കളുടേ ജ്ഞാനനിക്ഷേപത്തിനുതകുംവിധം ഈ 'മംഗളോദയം' ഞങ്ങൾ ആരംഭിച്ചിരിക്കുന്നു."[77]

ആദ്യകാല *മംഗളോദയ*ത്തിന്റെ ഉള്ളടക്കം സാഹിത്യോന്മുഖമാകാതിരുന്നതും യാദൃച്ഛികമല്ലെന്ന് ഇതിൽനിന്നു വ്യക്തം. നമ്പൂതിരി യോഗക്ഷേമ സഭയുടെ ആശയപ്രചാരണദൗത്യം ഏറ്റെടുത്ത് മുന്നോട്ടുപോകുമ്പോൾ, കേവലസാഹിത്യയിനങ്ങൾക്കും സാഹിത്യ സംബന്ധിയായ മററ് ഉള്ളടക്കത്തിനും നാമമാത്രമായ ഇടമേ *മംഗളോദയം* നല്കിയുള്ളൂ എന്ന നിലയ്ക്കുവേണം ഇതിനെ മനസ്സിലാക്കാൻ.

ആദ്യകാല *ഭാഷാപോഷിണി* സാഹിത്യ മാസികയല്ലായിരുന്നു എന്നതിന് ഒരു മറുവശവുമുണ്ട് - രാഷ്ട്രീയ ആനുകാലികമായ *കേസരി*യുടെ സാഹിത്യോന്മുഖത. ആദ്യകാല *കേസരി*യുടെ ഉള്ളടക്ക വിശകലനത്തിലൂടെ ഇത് കൃത്യമായിത്തന്നെ കണ്ടെത്താം. പഠനസാമഗ്രിയായി *കേസരി*യുടെ 1930-ലെ ലക്കങ്ങളിൽനിന്ന് സെപ്തംബർ 17 തെരഞ്ഞെടുക്കുന്നു.[78] ഈ ലക്കത്തിൽ 28 വിഭവങ്ങൾ.[79]

1. സാഹിത്യയിനങ്ങൾക്ക് 47 ശതമാനം ഇടം നീക്കിവച്ചു.
2. സാഹിത്യേതരയിനങ്ങൾക്ക് 53 ശതമാനവും.

ആദ്യകാല*ഭാഷാപോഷിണി* സാഹിത്യത്തിന് 36 ശതമാനം അച്ചടിയിടമാണ് നീക്കിവച്ചതെങ്കിൽ, ആദ്യകാല*കേസരി* സാഹിത്യത്തിനു നല്കിയത് 47 ശതമാനം സ്ഥലമാണ് (പട്ടിക 2.5.). രാഷ്ട്രീയ ആനുകാലികമായി അറിയപ്പെട്ടുമ്പോൾപ്പോലും *കേസരി* സൂക്ഷ്മാർത്ഥത്തിൽ സർവ്വവിഷയ ആനുകാലികമായിരുന്നു എന്നാണ് ഈ പ്രത്യക്ഷത്തിനർത്ഥം. മാനുഷ്യകത്തിന്റെ മുഖ്യമായ ആവിഷ്കരണോപാധികൾ എന്ന നിലയ്ക്കാണ് രാഷ്ട്രീയത്തിനെന്നപോലെ സാഹിത്യത്തിനും *കേസരി* ഇടം നല്കിയത്.

**താരതമ്യം: ആദ്യകാല ആനുകാലികങ്ങൾ**

| പ്രസിദ്ധീകരണം | കാലം | സാഹിത്യയിനങ്ങൾ | സാഹിത്യേതരയിനങ്ങൾ |
|---|---|---|---|
| *ഭാഷാപോഷിണി* | 1896 | 36 % | 64 % |
| *മംഗളോദയം* | 1908 | 02 % | 98 % |
| *കേസരി* | 1930 | 47 % | 53 % |

പട്ടിക 2.5.

ആദ്യകാല *ഭാഷാപോഷിണി*യും *മംഗളോദയ*വും സാഹിത്യ മാസികകളായിരുന്നില്ലെന്നും അവ സർവ്വവിഷയ ആനുകാലികങ്ങളായി പുറത്തിറങ്ങിയത് ഒരു ആശയനിർമ്മിതി എന്ന നിലയ്ക്കാണെന്നുമാണ് ഇവിടെ തെളിയുന്നത്. പില്ക്കാലത്ത് അവ പ്രായോഗികമായി സാഹിത്യ ആനുകാലികങ്ങളായി മാറി എന്നത് മറ്റൊരു കാര്യമാണ്. പക്ഷേ, അവയുടെ ജാതകം സാഹിത്യേതരതയുടേതാണ്; പൈതൃകം സർവ്വവിഷയതയുടേതാണ്.

നമ്മുടെ കാലത്ത് വിവരപെരുംപാതയായി മാറിയിരിക്കുന്നത് ഇന്റർനെറ്റാണ്. പക്ഷേ, പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമൊക്കെ ആ വൈജ്ഞാനികദൗത്യമേറ്റെടുത്തത് പത്രങ്ങളും മാസികകളും ആയിരുന്നു. നമ്മുടെ ആനുകാലികങ്ങളിലെ ആദ്യപ്രത്യക്ഷങ്ങളായ മതപരമായ ആനുകാലികങ്ങൾപോലും വിവരവിനിമയദൗത്യം നിറവേറ്റിയിട്ടുണ്ട്. ആദ്യകാല ആനുകാലികങ്ങളിലെ ഇതരരൂപങ്ങളായ രാഷ്ട്രീയ ആനുകാലികങ്ങൾ, വനിതാ ആനുകാലികങ്ങൾ തുടങ്ങിയവയും ആ ദൗത്യം ഏറ്റെടുത്തിരുന്നു. ശാസ്ത്ര ആനുകാലികങ്ങളുടെയും വിദ്യാഭ്യാസ ആനുകാലികങ്ങളുടെയും മുഖ്യദൗത്യംതന്നെയും അതായിരുന്നു.

സാഹിത്യത്തെപ്പോലും മനുഷ്യസർഗ്ഗാത്മകതയുടെ ഒരു തുറ എന്ന നിലയ്ക്കാണ് മലയാളത്തിലെ ആദ്യകാല ആനുകാലികങ്ങൾ സമീപിച്ചത്. മറു ഭാഷാ രചനകളെയും അവയിൽ ഉത്ഭവിക്കുന്ന പ്രവണതകളെയും പ്രസ്ഥാനങ്ങളെയും ആഗോളജ്ഞാനമേഖലയിലെ ചലനങ്ങൾ എന്ന നിലയ്ക്കാണ് അവ പകർത്തിയത്.

പിന്നെ, എന്തുകൊണ്ട് *ഭാഷാപോഷിണി*യും *മംഗളോദയ*വുമൊക്കെ സാഹിത്യ ആനുകാലികങ്ങളായി എണ്ണപ്പെട്ടു? പില്ക്കാലത്ത് അവ സാഹിത്യാനുകാലികങ്ങളായി മാറി എന്നതാണ് അതിന്റെ കാരണം. പില്ക്കാല*ഭാഷാപോഷിണി*യെത്തന്നെ പഠിച്ച് ഇക്കാര്യം കണ്ടെത്താം.

പില്ക്കാല*ഭാഷാപോഷിണി*യിൽനിന്ന് 1093 മേടം സൂചക ലക്കമായെടുക്കുന്നു.[80] ഈ ലക്കത്തിൽ 11 വിഭവങ്ങളുണ്ട്.[81]

1. സാഹിത്യയിനങ്ങൾക്ക് 65 ശതമാനം ഇടം,
2. സാഹിത്യേതരയിനങ്ങൾക്ക് 35 ശതമാനവും.

സാഹിത്യ ആനുകാലികങ്ങളെന്ന നിലയ്ക്ക് അവ നല്കിയ സേവനം അവയെ ചരിത്രത്തിൽ സാഹിത്യ ആനുകാലികങ്ങളായി അടയാളപ്പെടുത്തുംവിധം മിന്നുന്നതായിരുന്നു. സാഹിത്യയിനങ്ങളുടെ തോത് അവ ഉയർത്തി. ആനുകാലികത്തെത്തന്നെ ഒരു സാഹിത്യാത്മക ആവിഷ്കൃതിയായി കണ്ടതുകൊണ്ടാകാം, ആനുകാലികങ്ങളെ നയിക്കാൻ തുടർച്ചയായി സാഹിത്യമേഖലയിലെ വ്യക്തിത്വങ്ങൾ രംഗത്തെത്തി. ആനുകാലിക ഉള്ളടക്കങ്ങളിൽ അണിനിരന്നവരിൽ ഏറെപ്പേരും സാഹിത്യനായകരുമായി. അതുകൊണ്ട്, അവയെ സാഹിത്യ ആനുകാലികങ്ങളായി ധരിച്ചു.

അപ്പോൾപ്പോലും, ഉത്ഭവവേളയിലെ അവയുടെ സ്വത്വം സർവ്വവിഷയോന്മുഖതയായിരുന്നു എന്ന വാസ്തവം അസ്ഥിരപ്പെട്ടിരുന്നില്ല. എന്നിട്ടും, പില്ക്കാലസ്വഭാവം മുൻനിർത്തി ആനുകാലികചരിത്രവും

മലയാളിയുടെ പൊതുബോധവും *ഭാഷാപോഷിണി*യെയും *മംഗളോദയ*ത്തെയും സാഹിത്യ ആനുകാലികങ്ങളായി എണ്ണി. ആ കാഴ്ചപ്പാട് അവയുടെ പൂർവ്വകാല ചരിത്രത്തിലേയ്ക്കു കൂടി അതിവർത്തിപ്പിച്ചു. ആ കാഴ്ച പൊതുവത്കരിച്ച്, പിന്നാലേ, മുഖ്യ ആനുകാലികങ്ങളെ മുഴുവൻ ആ പ്രതീതിയുടെ അടിസ്ഥാനത്തിൽ വകയിരുത്തി. സാഹിത്യേതര ആനുകാലികങ്ങൾ എല്ലാം ചേർന്ന് അർപ്പിച്ച സാമൂഹികസേവനത്തേക്കാൾ പകിട്ട്, വിരലിലെണ്ണാവുന്ന സാഹിത്യ ആനുകാലികങ്ങളുടെ സംഭാവനയ്ക്കുണ്ടെന്ന് രേഖപ്പെടുത്തി. അങ്ങനെ 'ആനുകാലികം = സാഹിത്യാനുകാലികം' എന്ന സമവാക്യവും സൃഷ്ടിച്ചു.

ആ ധാരണയ്ക്ക് അഭിമുഖമായാണ് നേരത്തേ കണ്ട നിഗമനം വന്നു നില്ക്കുന്നത്:

1. 'സാഹിത്യപരത' എന്നതുപോലെയോ അതിലേറെയോ 'സാഹിത്യേതരത'യും മലയാളത്തിലെ മുഖ്യധാരാ ആനുകാലികങ്ങളുടെ പൈതൃകമാണ്.
2. **2.** കൂടുതൽ, കൃത്യമായി പറഞ്ഞാൽ, 'സർവ്വവിഷയത'യാണ് കേരളത്തിലെ ആനുകാലികങ്ങളുടെ ആദി പൈതൃകം.

### 2.4. ആദ്യകാല ആനുകാലികങ്ങൾ: ചരിത്രത്തിൽ ചരിത്രവത്കരണത്തിൽ

സാഹിത്യ ആനുകാലികങ്ങളെക്കുറിച്ചുള്ള മലയാളിയുടെ ആനുകാലിക ചരിത്രത്തിലെയും പൊതുബോധത്തിലെയും നിലപാടുകളിൽ എവിടെയൊക്കെയോ പിശകുകളുണ്ടെന്ന ധാരണ പുതിയതല്ല. അങ്ങനെ ഒരു സൂചന പ്രൊഫ. എസ്. ഗുപ്തൻ നായർ തരുന്നുണ്ട്. കേരളീയർ സാഹിത്യ ആനുകാലികങ്ങളായി കരുതുന്നവ നിയതാർത്ഥത്തിൽ സാഹിത്യ ആനുകാലികങ്ങളല്ലെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. മുഖ്യധാരാ ആനുകാലികങ്ങൾ (അവയ്ക്ക് സാഹിത്യപരമായ

ആധികാരികതയുണ്ടെങ്കിൽപ്പോലും) സാഹിത്യ ആനുകാലികങ്ങളാകില്ല എന്നും ഗുപ്തൻ നായർ ധ്വനിപ്പിക്കുന്നു:.

> "Time, Newsweek, New Statesman, Guardian, Spectator ഇവയൊന്നും സാഹിത്യവാരികകളല്ല. മിക്കതും ന്യൂസും വ്യൂസും കലർന്നതാണ്. ഒരു സാഹിത്യപംക്തി കാണുമെന്നുമാത്രം. അത് ഏറ്റവും ഉന്നതനിലവാരമുള്ളതുമായിരിക്കും. എന്നാൽ, ടൈംസ് ലിറ്റററി സപ്ലിമെന്റ് സാഹിത്യവാരികയാണ്. പുസ്തകനിരൂപണപ്രധാനമായ സാഹിത്യവാരിക എന്നു കൂട്ടിച്ചേർക്കാം. ഇതുതന്നെയാണ്, ന്യൂയോർക്ക് ടൈംസിന്റെ ബുക് റിവ്യൂ സപ്ലിമെന്റിന്റെയും സ്വഭാവം."[82]

മാത്രവുമല്ല, സാഹിത്യത എന്നു നമ്മുടെ ആനുകാലികങ്ങൾ വിശേഷിപ്പിക്കുന്ന സാഹിത്യതയല്ല മുഖ്യധാരാ ആനുകാലികം പിൻതുടരേണ്ടത് എന്നും ഗുപ്തൻ നായർ പറയുന്നു. നമ്മുടെ ശരാശരി ആനുകാലികത്തിന്റെ ഉള്ളടക്കവും,[83] ന്യൂ സ്റ്റേറ്റ്സ് മാന്റെ ഉള്ളടക്കവും[84] മുഖാമുഖം നിർത്തി ന്യൂ സ്റ്റേറ്റ്സ്മാനെ മാതൃകാ ആനുകാലികമായി നിർദ്ദേശിക്കുന്നുമുണ്ട് അദ്ദേഹം. ആധികാരികതയെ സംബന്ധിച്ച അദ്ദേഹത്തിന്റെ സൂചിതം യൂറോപ്പ് ആണെന്ന പ്രശ്നം ഈ നിരീക്ഷണത്തിന് ഉണ്ടെങ്കിലും, അദ്ദേഹത്തിന്റെ വിമർശത്തിനു വിഷയമാകുന്നത് ഇവിടത്തെ ജനപ്രിയ ആനുകാലികങ്ങളടക്കം മുന്നോട്ടുവയ്ക്കുന്ന ആനുകാലികരീതിമാതൃക കൂടിയാണെങ്കിലും, ആനുകാലികങ്ങളുടെ സാഹിത്യത/ആധികാരികത സംബന്ധിച്ച കേരളീയമായ കർതൃത്വ രൂപീകരണത്തെ അദ്ദേഹത്തിന്റെ നിരീക്ഷണം തീർച്ചയായും പ്രശ്നവത്കരിക്കുന്നുണ്ട്.

ഇതിനു സമാന്തരമായി, ആനുകാലികവായനയിൽ ഒരു സാഹിത്യ ആനുകാലികത്തിന്റെയെങ്കിലും പദവി ചോദ്യംചെയ്യപ്പെടുന്നുമുണ്ട്.

*വിദ്യാവിലാസിനി* സാഹിത്യ ആനുകാലികമല്ലെന്ന് നിരീക്ഷിക്കുന്നത് ഡോ. എൻ. സാം ആണ്.[85] *വിദ്യാവിലാസിനി* നല്കിയ "പ്രസ്താവനയിൽ ഒരിടത്തും ഭാഷാസാഹിത്യപോഷണം തങ്ങളുടെ ലക്ഷ്യ"മായി പറയുന്നില്ല, "അത്തരത്തിലുള്ള വിഷയങ്ങൾക്കു പ്രാധാന്യം നല്കും" എന്നു പരാമർശിക്കുന്നില്ല, "വിദ്യാഭ്യാസപുരോഗതിക്ക് ആവശ്യമായ വിഷയങ്ങൾ ഉൾപ്പെടുത്തും" എന്നു പറയുന്നു, "മാസിക അറിവു വർദ്ധിപ്പിക്കുന്നതിന് ഉപകാരപ്പെടണം" എന്ന് ആവർത്തിച്ചുറപ്പിക്കുന്നു, എന്നീ കാര്യങ്ങൾ മുൻവച്ചാണ് അദ്ദേഹത്തിന്റെ നിരീക്ഷണം. "രാഷ്ട്രീയചർച്ചകൾ പൂർണ്ണമായും ഒഴിവാക്കും" എന്ന മാസികയുടെ നിലപാട് ചൂണ്ടിക്കാട്ടി, "ഒരു വിദ്യാഭ്യാസമാസിക രാജാവിനെയോ ഉദ്യോഗസ്ഥരെയോ വിമർശിക്കുന്നതു സ്വാഭാവികമല്ലല്ലോ" എന്ന ചോദ്യവും അദ്ദേഹം ഉയർത്തുന്നു. മാസികയിൽ "ചില സാഹിത്യകൃതികൾ കാണുന്നുണ്ടല്ലോ" എന്ന ചോദ്യത്തിന് അത് "അറിവു വർദ്ധിപ്പിക്കുന്നതിന്റെ ഭാഗ"മായോ "വിനോദം പകരുന്നതിനു വേണ്ടി"യോ ആണെന്ന ഉത്തരവും അദ്ദേഹത്തിനുണ്ട്.[86] ഈ സാഹചര്യത്തിൽ *വിദ്യാവിലാസിനി* "വിദ്യാഭ്യാസ ആനുകാലികമാ"ണെന്ന സുപ്രധാനമായ വിധിനിർണ്ണയവും ഡോ. സാം നടത്തുന്നു.[87]

അങ്ങനെ, ധൈഷണികമണ്ഡലത്തിൽ ആനുകാലികങ്ങളെ സംബന്ധിച്ചുണ്ടായ വീണ്ടുവിചാരത്തിന്റെ ആ അവിചാരിതനിമിഷങ്ങളെ ആനുകാലികചരിത്രത്തിലെതന്നെ ഒരു നിർണ്ണായകനിലപാട് പ്രശ്നവത്കരിക്കും വിധം മുന്നോട്ടുകൊണ്ടുപോയിരിക്കുകയാണ് ഇവിടെ. ചരിത്രരചനയിൽ ഭൂതകാലത്തിന്റെ കണ്ടെത്തലും പകർത്തലുമല്ല നടക്കുന്നത്. ചരിത്രരചനയെ സമകാലീനസാഹചര്യം സ്വാധീനിക്കുമെന്നത് പ്രത്യയശാസ്ത്രപരമായ അനിവാര്യതയാണെന്ന് റൊമീല ഥാപ്പർ ചൂണ്ടിക്കാണിക്കുന്നു.[88] വർത്തമാനകാലത്തിന്റെ പ്രത്യയശാസ്ത്രത്താൽ നയിക്കപ്പെടുന്ന ഭൂതകാലനിർമ്മിതിയാണു ചരിത്രം. വർത്തമാനകാലത്തിനും

ഭാവികാലത്തിനും വേണ്ടിയുള്ള ആഖ്യാനമാണത്. അതുകൊണ്ട്, എല്ലാ ചരിത്രരചനയിലും പില്ക്കാലത്തിന്റെ കണ്ണിൽ പിഴവുകളാകാവുന്ന ചിലതു കടന്നുവരാം. കാരണം, “ചരിത്രം പ്രത്യയശാസ്ത്രനിർഭരമായ ഒരാഖ്യാനമാണ്”.[89] അതിനാൽ, എല്ലാ ചരിത്രവും പ്രശ്നവത്കരിക്കപ്പെടേണ്ടതുണ്ട്. ചരിത്രവിജ്ഞാനത്തിന്റെ പ്രത്യയശാസ്ത്ര നിഷ്ഠത ഏറെ ചർച്ച ചെയ്യപ്പെടുന്ന നമ്മുടേതുപോലൊരു ജ്ഞാനസന്ദർഭം അതാവശ്യപ്പെടുന്നു.

സാഹിത്യ ആനുകാലികങ്ങളുടെയും സാഹിത്യേതര ആനുകാലികങ്ങളുടെയും പൈതൃകമുള്ള കേരളത്തിൽ ആനുകാലികചരിത്ര രചനയ്ക്ക് പൊതുവേ രണ്ടിനത്തിൽ പ്രത്യയശാസ്ത്രപ്പിഴവുകൾ പ്രതീക്ഷിക്കാം:

1. സാഹിത്യതാനിർണ്ണയവാദം വഴിയുള്ള പിഴവ്.
2. സാമൂഹികതാനിർണ്ണയവാദം വഴിയുള്ള പിശക്.

ഒന്നുകിൽ, സാഹിത്യ ആനുകാലികങ്ങളുടെ സേവനത്തെ മാത്രം വിലമതിച്ച് അവയെ പുകഴ്ത്തുക. അല്ലെങ്കിൽ, സാമൂഹിക, സാമുദായിക, വിദ്യാഭ്യാസ, രാഷ്ട്രീയ / പ്രക്ഷോഭ ആനുകാലികങ്ങളുടെ സംഭാവനകളെ മാത്രം കണ്ട് അവയെ വാഴ്ത്തുക. രണ്ടു രീതിക്കും ഇവിടെ ഉദാഹരണങ്ങളുണ്ട്. പക്ഷേ, ആനുകാലികചരിത്രത്തിന്റെ മുഖ്യധാര ആദ്യത്തെ പിശകാണ് ചെയ്തത്. സാഹിത്യ ആനുകാലികങ്ങളുടെ കൂടുതൽ തിളക്കമുള്ള പ്രതിച്ഛായ ഇതിൽ ആദ്യത്തെ വ്യതിയാനത്തിന്റെ സൃഷ്ടിയാണ്. ഈ നിഗമനം, വിശകലനത്തിൽനിന്ന് തീർച്ചയായും വിമർശത്തിലേയ്ക്കു കടക്കുന്നുണ്ട്. വിശകലനമല്ല, വിമർശമാണ് മാർക്സിസ്റ്റ് ചിന്തയുടെ മൗലികതാല്പര്യം. നമ്മുടെ ആനുകാലികചരിത്രവും പ്രശ്നവത്കരിക്കപ്പെട്ടേ പറ്റൂ. ചരിത്രമെന്നത് ചോദ്യം ചെയ്യാനാവാത്ത വാസ്തവങ്ങളുടെ രേഖീയതയല്ല. ഭൂതകാലത്തെക്കുറിച്ചുള്ള ഒരു സവിശേഷ പില്ക്കാലഘട്ടത്തിന്റെ കാഴ്ചപ്പാടാണ്. കാലഘട്ടത്തിന്റെ

ധാരണകളും ആവശ്യങ്ങളും മാറുന്നതിനനുസരിച്ച് ചരിത്രബോധവും മാറ്റത്തിനു വിധേയമാകണം.

ഇനി, ആനുകാലികങ്ങളെ സംബന്ധിച്ച മലയാളികളുടെ പൊതു ബോധത്തിലെ പിഴവിനെപ്പറ്റി: ആനുകാലികചരിത്രമുഖ്യധാരയുടെ പിഴവാണ് മലയാളിയുടെ പൊതുബോധ്യവും പങ്കിട്ടത്. കേരളത്തിന്റെ പൊതുബോധ്യത്തിൽനിന്ന്, ഒരുകാലത്ത് *ഭാഷാപോഷിണി*ക്കും പിന്നെ ഒരുകാലത്ത് *മാതൃഭൂമി*ക്കുമാണ് കാനോനിക പദവി പതിച്ചുകിട്ടിയത്. ഇവ സാഹിത്യേതര സംഭാവനകളും നല്കിയ/നല്കുന്ന/ഇനിയും നല്കുമെന്നുറപ്പുള്ള ആനുകാലികങ്ങളാണെന്നതിൽ തർക്കമില്ല. പക്ഷേ, നല്ല ആനുകാലികങ്ങൾക്ക് മലയാളി തയ്യാറാക്കുന്ന പട്ടികയ്ക്കാധാരം ആനുകാലികത്തിന്റെ **സാഹിത്യപരമായ ആധികാരികത**യായിരുന്നു. ആനുകാലികത്തിന്റെ യോഗ്യതയായി മലയാളി കണ്ടത് അതിന്റെ **സാഹിത്യത** മാത്രമായിരുന്നു.

സർവ്വവിഷയതയാണ്, പിറവിയിലെ സ്വത്വമെങ്കിൽ, കേരളത്തിലെ ആദ്യകാല മുഖ്യധാരാ ആനുകാലികങ്ങൾ സാഹിത്യോന്മുഖത കൂട്ടിക്കൊണ്ട്, സാഹിത്യാനുകാലികത്തിന്റെ സ്വഭാവത്തിലേയ്ക്ക്, ചേരി മാറിയത് എന്തുകൊണ്ട് എന്ന ചോദ്യവും പ്രസക്തമാണ്. അത്, പ്രത്യയശാസ്ത്രപരമായി വായിക്കണം. ക്ലാസിക് ഘട്ടത്തിൽ സംസ്കാരം എന്ന പദത്തിന് രാഷ്ട്രീയേതരം എന്ന അർത്ഥമുണ്ടെന്ന് സാംസ്കാരിക പഠനങ്ങൾ നിരീക്ഷിക്കുന്നുണ്ട്. 'രാഷ്ട്രീയത്തിന് എതിര്' എന്ന അർത്ഥത്തിലാണ് ക്ലാസിക് കാലത്ത് 'സംസ്കാരം' കെട്ടിപ്പൊക്കിയത്.[90] രാഷ്ട്രീയം 'സംസ്കാരവിരുദ്ധ'മായി ചിത്രീകരിക്കപ്പെടുന്ന കാലമാണത്. 'രാഷ്ട്രീയേതരത' സംസ്കാരമായി, 'സംസ്കാരസമ്പന്നതയായി വായിക്കപ്പെടുകയും വാഴ്ത്തപ്പെടുകയും' ചെയ്യുന്ന കാലം. ക്ലാസിക് കാലം കഴിഞ്ഞാലും ആ മൂല്യം ജീവിക്കും. അരാഷ്ട്രീയതയുടെ രാഷ്ട്രീയമായി ഏതു

കാലത്തും അതു പ്രത്യക്ഷപ്പെടുകയും ചെയ്യും. സർവ്വവിഷയ ആനുകാലികങ്ങൾ ആ സ്വഭാവം കൈവെടിഞ്ഞ് സാഹിത്യ / സാംസ്കാരിക ആനുകാലികങ്ങളായി മാറുന്നത് ആ മൂല്യത്തിന്റെ സ്വാധീനംകൊണ്ടാണ്. അവയുടെ സാമൂഹിക / രാഷ്ട്രീയപരാങ്മുഖതയാണ് അതിനു പിന്നിൽ.

## 2.5. ആദ്യകാല ആനുകാലികങ്ങൾ: പ്രതീതി, പ്രത്യയശാസ്ത്രം

ചുരുക്കത്തിൽ, ആദ്യകാല മുഖ്യധാരാ ആനുകാലികങ്ങളെക്കുറിച്ചുള്ള പ്രത്യക്ഷങ്ങളുടെ പ്രത്യയശാസ്ത്രപരമായ വായന ഇങ്ങനെയാണ്: ആദ്യകാല മുഖ്യധാരാ ആനുകാലികങ്ങളുടെ പൈതൃകം സർവ്വവിഷയതയാണ്. അവ, പിന്നീട് സാഹിത്യ ആനുകാലികങ്ങളായി മാറി. ഈ രീതിമാതൃകാവ്യതിയാനം പ്രത്യയശാശ്ത്രപരമാണ്. അവയ്ക്ക് അവയോടൊപ്പം പിറന്ന ഒരു സ്വത്വമില്ല. അവയുടെ സ്വത്വം പരിണാമിയാണ്. പരിണാമക്ഷമതയാണ് അവയുടെ സത്ത. സ്ഥിരതയല്ല, ചരതയാണ് അവയുടെ തനിമ.

അതിനാൽ, ആദ്യകാല മുഖ്യധാരാ ആനുകാലികങ്ങൾ അവയുടെ ജീവിതകാലത്തിന്റെ ഒന്നാം ഘട്ടത്തിൽ, സർവ്വവിഷയ ആനുകാലികങ്ങളും രണ്ടാം ഘട്ടത്തിൽ, സർവ്വവിഷയവിമുക്ത-സാഹിത്യ ആനുകാലികങ്ങളും ഒപ്പംതന്നെ രാഷ്ട്രീയപരാങ്മുഖ ആനുകാലികങ്ങളും ആയിരുന്നു. അതുകൊണ്ട്, അന്തിമവിശകലനത്തിൽ, ആദ്യകാല മുഖ്യധാരാ ആനുകാലികങ്ങൾ പ്രത്യയശാസ്ത്ര ആനുകാലികങ്ങളായിരുന്നു.

## പിൻകുറിപ്പുകൾ

---

[1]ഒന്ന് - "നാട്ടുഭാഷാപത്രങ്ങൾ ആദ്യമായി ഇന്ത്യയിൽ ആരംഭിച്ചതു പാശ്ചാത്യ ക്രിസ്ത്യൻ മിഷനറിമാരായിരുന്നുവല്ലോ. അതാകട്ടെ, ക്രിസ്തുമതപ്രചാരണത്തിനുവേണ്ടിയുമായിരുന്നു. ആ പാരമ്പര്യത്തെ ഉൾക്കൊണ്ടുകൊണ്ട്, നല്ല പ്രചാരകരും സംഘാടകരുമായ മിഷണറിമാർ കേരളത്തിലും ക്രിസ്തുമതപ്രചാരണത്തിനായി ആദ്യമായി പത്രം ആരംഭിച്ചു." (രാഘവൻ, പുതുപ്പള്ളി. *കേരളപത്രപ്രവർത്തനചരിത്രം*. തൃശ്ശൂർ: 2008 26).

രണ്ട് – *മലയാളപഞ്ചാംഗം* (1846), *രാജ്യസമാചാരം* (1847), *പശ്ചിമോദയം* (1847), *ജ്ഞാനനിക്ഷേപം* (1848). (സാം, എൻ. *മലയാളപത്രപ്രവർത്തനം പത്തൊൻപതാം നൂറ്റാണ്ടിൽ*. കോട്ടയം: ഡി. സി. 2003 20 – 39).

[2]*വിദ്യാസംഗ്രഹം* (1864). "പൊതുവിദ്യാഭ്യാസവും വിജ്ഞാനവിതരണവും ലക്ഷ്യമാക്കിയിരുന്നതിനാൽ ഇതിനെ ആദ്യത്തെ വിദ്യാഭ്യാസമാസികയെന്നു വിളിക്കുന്നതിൽ തെറ്റില്ല." (ibid 36), *ഉപാദ്ധ്യായൻ* (1900). (ibid 73).

[3]"മലയാളത്തിലെ ആദ്യത്തെ വർത്തമാനപത്രം" ആയ *പശ്ചിമതാരക* (1865), *സന്ദിഷ്ടവാദി* (1867), *കേരളപതാക* (1870), *കേരളോപകാരി* (1874), *സത്യനാദകാഹളം* (1876), *കേരളപത്രിക* (1884), *കേരളസഞ്ചാരി* (1186) (ibid 40-50).

[4]*കേരളദീപിക* (1878) – മുസ്ലീം സമുദായപത്രിക (ibid 47), *നസ്രാണിദീപിക*, 1887. (ibid 53), *സാരസ്വത് യൂത്ത്*, 1891 (ibid 60), *സുജനാനന്ദിനി*, 1892 (ibid 60), *കുടുംബപ്രിയവാദിനി*, 1898 (ibid 70), *വിദ്യാവിലാസിനി* (കൊല്ലം) 1897 (ibid 67).

[5] *മലയാളമിത്രം* (1878) (ibid 47).

[6]*കേരളമിത്രം*, (1881). "കണ്ടത്തിൽ വറുഗീസു മാപ്പിളമായിരുന്നു *കേരളമിത്ര*ത്തിന്റെ പ്രഥമപത്രാധിപർ. ജാതിമതചിന്തകൾക്കതീതമായി സാഹിത്യം, രാഷ്ട്രീയം, സാമൂഹ്യപ്രശ്നങ്ങൾ എന്നിവയ്ക്ക് ഈ പത്രം മുൻതൂക്കം നല്കി." (ibid 47), *മലയാളമനോരമ*, (1890). (ibid 59).

[7] *മലയാളി*, 1886. (ibid 52).

[8] *കേരളീയസുഗുണബോധിനി*, (1886). (ibid 53).

[9]*വിദ്യാവിനോദിനി* (1889), (ibid 56). *ഭാഷാപോഷിണി*, (1892) (ibid 60). *കവനോദയം* (1894) (ibid 60). *വിദ്യാവിലാസിനി*, (1899) (ibid 71).

[10]*ആര്യസിദ്ധാന്തചന്ദ്രിക*, (1890). (ibid 57).

[11]*കേരളദർപ്പണം*, 1899 (ibid 73).

[12]"പത്തൊൻപതാം ശതകത്തിന്റെ അന്ത്യഘട്ടമായപ്പോഴേയ്ക്കു കേരളത്തിന്റെ തെക്കും വടക്കുമായി ഏതാണ്ടു മുപ്പതോളം ആനുകാലികപ്രസിദ്ധീകരണങ്ങളുണ്ടായി. ഇരുപതാം നൂറ്റാണ്ടിൽ ഇവിടെ പത്രങ്ങളുടെ ഒരു വേലിയേറ്റംതന്നെ സംഭവിച്ചു. പാശ്ചാത്യവിദ്യാഭ്യാസം വർദ്ധിച്ചുവന്നതിനനുസരിച്ചു വിവിധവിഷയകമായ ചിന്താപദ്ധതികളും അവയുടെയെല്ലാം പ്രകാശനരംഗമായ പത്രമാസികകളും ഉദയംചെയ്തു. വിദ്യാഭ്യാസപുരോഗതിക്കും വിജ്ഞാനവിതരണത്തിനും ചരിത്രത്തിനും മനശ്ശാസ്ത്രത്തിനും ധനതത്വശാസ്ത്രത്തിനും സ്ത്രീവിദ്യാഭ്യാസത്തിനുമൊക്കെ പ്രത്യേകം പ്രത്യേകം പത്രങ്ങളുണ്ടായി." (ibid 237).

[13]"കേരളചരിത്രത്തിന്റെ സുവർണ്ണഖനികളാണ് ഈ പത്രമാസികകൾ ഓരോന്നും. അവയുടെ ആഴങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലാതെ, അവയെ വിശദമായി പഠിക്കാതെ, എഴുതുന്ന കേരളീയരുടെ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക-സാഹിത്യചരിത്രം – കേരളചരിത്രം - ഒരിക്കലും പൂർണ്ണമായിരിക്കില്ല, തെറ്റുകുറ്റമറ്റതായിരിക്കില്ല…" (രാഘവൻ 2008 195).

[14]"കേരളത്തിന്റെ സാമൂഹിക-സാസ്കാരിക-രാഷ്ട്രീയരംഗങ്ങളിൽ നവോത്ഥാനത്തിന്റെ കാല(Age of Renaissance)മായിരുന്നു പത്തൊൻപതാം നൂറ്റാണ്ട്. പ്രസ്തുതനവോത്ഥാനപ്രക്രിയയിൽ നിർണ്ണായകമായ പങ്ക്" പത്രപ്രവർത്തനം വഹിച്ചു. (സാം 2003 231).

[15]"ഈ കാലഘട്ട(പത്തൊൻപതാം നൂറ്റാണ്ട്)ത്തിലുണ്ടായ പരിവർത്തനങ്ങളുടെ യഥാർത്ഥചിത്രം അന്നത്തെ ആനുകാലികപ്രസിദ്ധീകരണങ്ങളിൽ പ്രകടമായി നാം കാണുന്നു. പ്രത്യേകിച്ചും നമ്മുടെ ഭാഷാസാഹിത്യങ്ങളുടെ നവോത്ഥാനത്തിനു വഴിതെളിച്ച സംഗതികൾ പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിലുണ്ടായ സാഹിത്യാനുകാലികങ്ങളിൽ തെളിഞ്ഞുനില്ക്കുന്നു." (ibid 231).

[16]“സാഹിത്യമാസികകൾതന്നെ അഞ്ഞൂറോളം ഉണ്ടായിട്ടുണ്ട്... ഈ മാസികകൾ പലതും തുടങ്ങി മുടങ്ങിയവയും മുടങ്ങിത്തുടങ്ങിയവും അല്പായുസ്സുകളുമായിരിക്കാം. ദീർഘായുഃക്ഷാമം മിക്കവാറും എല്ലാറ്റിനെയും അനുഗ്രഹിച്ചിട്ടുമുണ്ടാകും.” (രാഘവൻ 2008 106).

[17]“ഇവ (സാഹിത്യമാസികകൾ) മലയാളഭാഷയ്ക്ക് അനർഘങ്ങളായ സമ്പത്തുകൾ നേടിക്കൊടുത്തവയാണ്; മലയാളത്തിന്, ജനങ്ങൾക്കുവേണ്ടി ജനങ്ങളുടേതായ ഗദ്യത്തെ വളർത്തി പരിപോഷിപ്പിച്ചത് ഈ പത്ര-മാസികകളാണ്.” (ibid 106).

[18]“ഈ കാലയളവിൽ അംഗുലീപരിമിതമായവ മാത്രമേ സാഹിത്യപുരോഗതിക്കുവേണ്ടി പ്രവർത്തിച്ചിരുന്നുള്ളൂ. അതിൽത്തന്നെ ദീർഘായുസ്സുണ്ടായിരുന്നവ മൂന്നുനാലെണ്ണം മാത്രം. ശേഷമുള്ളവയിൽ അധികവും സാമുദായികോന്നമനം ലക്ഷ്യമാക്കി സാമുദായികസംഘടനകൾ നടത്തിയിരുന്നവയും മറ്റു ചിലതു വിദ്യാഭ്യാസപുരോഗതി ലക്ഷ്യമാക്കിയവയുമായിരുന്നു.” (സാം. 2003 74).

[19](ibid 56).

[20](ibid 60).

[21](ibid 60).

[22](ibid 71).

[23]ജയരാജ്, എം.. *മലയാള അച്ചടിമാധ്യമം ഭൂതവും വർത്തമാനവും*. കോഴിക്കോട്: *മാതൃഭൂമി* 2013 97.

[24]*വിദ്യാവിലാസിനി* മുതലുള്ള പ്രധാന സാഹിത്യാനുകാലികങ്ങളുടെ പട്ടിക നിരത്തുന്നു മലയാള അച്ചടിമാധ്യമം ഭൂതവും വർത്തമാനവും എന്ന കൃതിയിൽ എം. ജയരാജ്. (അനുബന്ധം 2 289).

[25]അനു. 2. 289

[26]“Canon: A body of writing established as authentic.” (Cudon, J. A. *Dictionary of Literary Terms & Literary Theory*. New Delhi: 2010 108).

[27]സച്ചിദാനന്ദൻ. 2014: 12

[28]*ഭാഷാപോഷിണി*. കന്നി 1106. സെപ്റ്റംബർ - ഒക്ടോബർ 1930. പുസ്തകം 35, ലക്കം 2.

[29]*ഭാഷാപോഷിണി*. കന്നി 1106. സെപ്റ്റംബർ - ഒക്ടോബർ 1930. പേജ് 72.

[30]*ഭാഷാപോഷിണി*, 1892 ഏപ്രിലിൽ കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ പത്രാധിപത്വത്തിൽ തുടങ്ങി. 1891 ആഗസ്റ്റ് 29-ന് കോട്ടയത്ത്, കേരളത്തിലെ ആദ്യത്തെ സാഹിത്യസമാജമായി രൂപംകൊണ്ട 'കവിസമാജ'ത്തിന്റെയും അതിന്റെ പുതുക്കിയ രൂപമായ 'ഭാഷാപോഷിണിസഭ'യുടെയും ലക്ഷ്യങ്ങൾ മുൻവച്ചാണ് തുടക്കം. സഭയുടെ മുഖപത്രവുമായിരുന്നു. സി. പി. അച്യുതമേനോന്റെ നേതൃത്വത്തിൽ നടന്നുവന്ന *വിദ്യാവിനോദിനി* മാസികയുമായി 1895-ൽ ലയിച്ചു. 1897-ൽ വീണ്ടും സ്വതന്ത്രരൂപത്തിലേയ്ക്കു മാറി. 1938-ൽ തിരുവിതാംകൂർ ദിവാൻ സർ സി. പി. രാമസ്വാമി അയ്യർ *മലയാള മനോരമ* അടച്ചു മുദ്രവയ്ക്കുംവരെ, 46 കൊല്ലം തുടർച്ചയായി പ്രസിദ്ധീകരിച്ചു. (ഇപ്പോൾ പ്രചാരത്തിലുള്ള *ഭാഷാപോഷിണി* 1977-ൽ പുറത്തിറങ്ങിയതാണ്.)

[31]"വർഷങ്ങൾക്കു മുമ്പു മലയാളസാഹിത്യത്തിൽ ഉദിച്ചുയർന്ന ഒരു സാഹിത്യമാസിക എന്നതിലുപരി, ആ കാലഘട്ടത്തിൽ മലയാളസാഹിത്യത്തിന്റെ ഒരാവശ്യമായിരുന്നു, *ഭാഷാപോഷിണി*യുടെ പിറവി." - പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയെ ഉദ്ധരിച്ച്. (രാഘവൻ 95).

[32]*മലയാള അച്ചടിമാധ്യമം ഭൂതവും വർത്തമാനവും* എന്ന പുസ്തകത്തിൽ സാഹിത്യമാസികളുടെ ആരംഭം എന്ന അദ്ധ്യായത്തിൽ സാഹിത്യമാസികകളിൽപ്പെടുത്തിയാണ് എം. ജയരാജ് *ഭാഷാപോഷിണി*യെ പരാമർശിക്കുന്നത്. (ജയരാജ് 94).

[33]"മലയാളഭാഷയ്ക്കും സാഹിത്യത്തിനും അന്യാദൃശങ്ങളും അനർഘങ്ങളുമായ സംഭാവനകൾ കാഴ്ചവച്ച ഒരു സാഹിത്യമാസികയാണ് *ഭാഷാപോഷിണി* എന്നു കാണാൻ വിഷമമില്ല... മലയാളസാഹിത്യത്തിൽ ഇന്നുകാണുന്ന മിക്കവാറും എല്ലാ ശാഖകളെയും പോറ്റിപ്പുലർത്തി ഫലപുഷ്ടമാക്കിത്തീർക്കാൻ ഈ സഭയ്ക്കും മാസികയ്ക്കും കഴിഞ്ഞുവെന്നത് വലിയ വിജയംതന്നെ". (സാം 222).

[34]*ഭാഷാപോഷിണി* മാസിക, ചിങ്ങം 1106. ആഗസ്ത് – സെപ്റ്റംബർ. 1930. ലക്കം 1 പുസ്തകം 35.

[35] (1)' ഈശ്വരപ്രാർത്ഥന', കവിത, അച്യുതൻ നായർ,

(2)' ഭാഷാവിഷയം', ലേഖനം, വടക്കുംകൂർ രാജരാജവർമ്മരാജാ,

(3) 'ജനിവിയർ അഥവാ പ്രേമശക്തി', കവിത, നന്ത്യേലത്തു പത്മനാഭ മേനോൻ ബി. എ. ബി. എൽ.,

(4) 'ആരാണ കാമദേവൻ?', ലേഖനം, പറവൂർ കെ. ഗോപാലപിള്ള,

(5) 'തുളസീ ബായി', ലേഖനം, വിദ്വാൻ ഡി. നാരായണൻ ഉണ്ണി,

(6) 'ജ്ഞാനസംബന്ധർ', ലേഖനം, ചെന്നിത്തല കെ. കൃഷ്ണയ്യർ,

(7) 'പ്രഭാതവാതം', കവിത, ജി. ശങ്കരക്കുറുപ്പ്,

(8) 'സാഹിത്യരത്നമാല', ലേഖനം, ചുനക്കര രാമവാരിയർ,

(9)'കുഞ്ചുക്കുറുപ്പിന്റെ നോവലെഴുത്ത്', നാടകം, നമ്പ്യാരുവീട്ടിൽ നാരായണ മേനവൻ. (*ഭാഷാപോഷിണി* മാസിക, ചിങ്ങം 1106. ആഗസ്ത് – സെപ്റ്റംബർ. 1930).

[36] (1) 'ഭാരതീയവിദ്യാഭ്യാസം', ലേഖനം, വി. പി. രാമൻ മേനോൻ,

(2) 'വാർത്തകളും കുറിപ്പുകളും', വാർത്താപംക്തി. (*ഭാഷാപോഷിണി* മാസിക, ചിങ്ങം 1106. ആഗസ്ത് – സെപ്റ്റംബർ. 1930).

[37]*മംഗളോദയം*, 1908-ൽ തുടങ്ങി, ഇടവേളകളോടെയാണെങ്കിലും, 1971 വരെ പുറത്തിറങ്ങി. നവോത്ഥാനസംഘടനയായ നമ്പൂതിരിയോഗക്ഷേമസഭ രൂപംകൊണ്ടതിനു പിന്നാലേ, 1908-ൽ, സഭയുടെ പിൻബലത്തോടെയാണ് തുടക്കം.

[38]സി. പി. അച്യുതമോനോൻ, അപ്പൻ തമ്പുരാൻ എന്നിവർ പത്രാധിപന്മാരും ആറ്റൂർ കൃഷ്ണപ്പിഷാരോടി, ജി. ശങ്കരക്കുറുപ്പ്, പ്രൊ. ജോസഫ് മുണ്ടശ്ശേരി, കെ. കെ. രാജാ, ചങ്ങമ്പുഴ കൃഷ്ണപിള്ള എന്നിവർ പത്രാധിപസമിതിയംഗങ്ങളുമായിരുന്നു. അതുവഴി കൈവന്ന സാഹിത്യപരമായ ആധികാരികതയും *മംഗളോദയ*ത്തിനുണ്ടായിരുന്നു.

[39] രാഘവൻ 99

[40] *മംഗളോദയം* മാസിക, മിഥുനം 1105. ജൂൺ - ജൂലായ് 1930. പുസ്തകം 18, ലക്കം 11.

[41](1) 'ഗുരുനാഥന്റെ തുവ്വൽ' (ഗ്രന്ഥപാഠം), കവിത, വള്ളത്തോൾ,

(2) 'കവിത - ഒരു കത്ത്', ലേഖനം, പി. കേശവദേവ്,

(3) 'ദ്രാക്ഷാലഹരി', കവിത, ജി. ശങ്കരൻ,

(4) 'കെണിയിൽപ്പെട്ട കിളിക്കുഞ്ഞ്', കവിത, പള്ളത്തു രാമൻ,

(5) 'രാജാവും റാണിയും', ചെറുകഥ, ജോസെഫ് (ഗ്ര. പാ.) മുണ്ടശ്ശേരി ബി. എ.,

(6) 'മായാവിലാസം', പുസ്തകപരിചയം, കെ. പി. പി.,

(7) 'ഒരു പാരത്രികവാർത്ത', കഥ, കാവൾശേരി ബാലകൃഷ്ണൻ,

(8) 'ബങ്കിമചന്ദ്രചാറ്റർജി', ലേഖനം, മുല്ലമംഗലത്തു നീലകണ്ഠൻ ഭട്ടതിരിപ്പാട്,

(9) 'ഗലീലിയോ ഗാലിലി' (ഗ്ര. പാ.), ലേഖനം, വിദ്വാൻ വി. എം. ഗോവിന്ദ മേനോൻ കുമരനെല്ലൂർ,

(10) 'ഒറവങ്കര നീലകണ്ഠൻ ഭട്ടതിരി അവർകളുടെ കവിതകൾ', ലേഖനം, ടി. പി. രാമകൃഷ്ണപിള്ള,

(11) 'വർഷക്കാലം', കവിത, വിദ്വാൻ കുറുവാൻതൊടിയിൽ ശങ്കരനെഴുത്തച്ഛൻ,

(12) 'സ്വർണ്ണദണ്ഡസൂത്രം', കഥ, കെ. വി. എം. *മംഗളോദയം* മാസിക, മിഥുനം 1105. ജൂൺ - ജൂലായ് 1930.

[42] 'ബങ്കിമചന്ദ്രചാറ്റർജി', 'ഗലീലിയോ ഗാലിലി' എന്നിവ ലേഖനരൂപത്തിലുള്ള ജീവചരിത്രങ്ങൾ എന്ന നിലയ്ക്കാണ് സാഹിത്യകൃതികളായി പരിഗണിച്ചത്.

[43] (1) 'പ്രസ്താവന',

(2) 'ഉള്ളടക്കം',

(3 – 7) അഞ്ച് 'ഉദ്ധരണി'കൾ,

(8) 'ദാമ്പത്യത്തിൽ സുഖമുണ്ടോ ഇല്ലയോ?', ലേഖനം, വിദ്വാൻ സി. പി. കെ. ഇളയത്,

(9) 'ഭാരതീയയുവലോകം', ലേഖനം, പി. കെ.,

(10) 'കർമ്മം', ലേഖനം, അമ്പാടി നാരായണി പുതുവാൾസ്യാർ,

(11) 'ഗൃഹസ്ഥാശ്രമം', ലേഖനം, വി. കെ. നാരായണഭട്ടതിരി,

(12) 'വേദം ദൈവസൃഷ്ടമാണോ?', ലേഖനം, പുളിമാത്തു് രാഘവൻ നായർ,

(13) 'വ്രതാനുഷ്ഠാനം', ലേഖനം, വടക്കുംകൂർ രാജരാജവർമ്മരാജാ. *മംഗളോദയം* മാസിക, മിഥുനം 1105. ജൂൺ - ജൂലായ് 1930.

[44]ഉദ്ധരണികൾ ഉള്ളടക്കം പരിഗണിച്ച് സാഹിത്യേതരയിനങ്ങളായി എണ്ണിയിരിക്കുന്നു.

[45]"ഒരു പാഠം സ്വയം ഉൾപ്പൊരുത്തമുള്ളതായിച്ചമയുന്നത് അതിന്റെ ഉപരിതലത്തിൽനിന്നു ചില സംഗതികളെ ഒഴിവാക്കിക്കൊണ്ടാണ്. മനോവിശകലനത്തിന്റെ ഭാഷയിൽപ്പറഞ്ഞാൽ ഈ ഒഴിവാക്കൽ ദമനം (Repression) ആണ്... അമർച്ച ചെയ്യപ്പെടുന്നവ പൂർണ്ണമായും മാഞ്ഞുപോകുന്നില്ല. അവ പാഠത്തിൽ അവശേഷിപ്പിക്കുന്ന വിടവുകളും വിള്ളലുകളും പ്രധാനമാകുന്നു. ഈ ശേഷിപ്പുകളുടെ, വിള്ളലുകളുടെ, ലാക്ഷണികസൂചനകളെ പിൻതുടരുന്ന രീതിയായി വായന മാറുന്നു." (മധു, ടി. വി. 'മാർക്സ് വായനകളിൽ തെളിയുന്നതും മറയുന്നതും'. *മാർക്സ് വായനകൾ*, എഡി. ടി. വി. മധു. കോഴിക്കോട്: റാസ്ബെറി, 2015 24).

[46]"തിരുവിതാംകൂറും ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയും തമ്മിലുള്ള ഉടമ്പടി 1795-ൽ നിവലിവിൽ വന്നു. അതനുസരിച്ച് തിരുവിതാംകൂർ ബ്രിട്ടീഷ് മേല്ക്കോയ്മയെ അംഗീകരിച്ചു... 1805-ൽ ഒപ്പുവച്ച ഒരു പുതിയ ഉടമ്പടി പ്രകാരം തിരുവിതാംകൂർ ബ്രിട്ടീഷുകാരുടെ സംഖ്യകക്ഷിയാവുകയും രാജ്യത്തിന്റെ സംരക്ഷണച്ചുമതല ബ്രിട്ടീഷുകാർ ഏറ്റെടുക്കുകയും ചെയ്തു. തിരുവിതാംകൂർ പ്രതിവർഷം എട്ടു ലക്ഷം രൂപ കപ്പം കൊടുക്കേണ്ടിയിരുന്നു." (ശ്രീധരമേനോൻ, (പ്രൊഫ.) എ. *കേരളവും സ്വാതന്ത്ര്യസമരവും*. കോട്ടയം: ഡി. സി. 2012 22).

[47]"മാർച്ച് പന്ത്രണ്ടാം തിയതി സുപ്രഭാതത്തിൽ 79 സന്നദ്ധഭടന്മാരുമായി ഗാന്ധിജി... പര്യടനം സമാരംഭിച്ചു." (പരമേശ്വരൻ നായർ, പി. കെ.. *മഹാത്മാ ഗാന്ധി*. കോട്ടയം: എൻ. ബി. എസ്. 1949).

[48]"ഏപ്രിൽ അഞ്ചാം തിയതി ദണ്ഡി കടൽത്തീരത്തെത്തി". (ibid 120).

[49]"1929 ഏപ്രിൽ 8. ദൽഹിയിൽ കേന്ദ്ര (സെൻട്രൽ) അസംബ്ലി ആരംഭിക്കുന്നു... റൂളിംഗ് നടത്തുന്നതിനായി സ്പീക്കർ വിഠൽ ഭായ് പട്ടേൽ എഴുന്നേറ്റു... അസംബ്ലിക്കുള്ളിൽ രണ്ടു ബോംബുകൾ പൊട്ടി... സർദാർ ഭഗത് സിംഗ്. ബടുകേശ്വർ ദത്ത്. ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റവല്യൂഷനറി ആർമിയിലെ വീരഭടന്മാരായ ഇവരാണ് ബോംബെറിഞ്ഞത്. " (കൊടുങ്ങല്ലൂർ, കെ. എ.. *സ്വാതന്ത്ര്യത്തിന്റെ ബലിപീഠം*. കോഴിക്കോട്: പി. കെ. ബ്രദേഴ്സ്.1999 53-54).

[50]"ജയിലിൽ ഭയങ്കരദണ്ഡനങ്ങൾ. ഒന്നിനും കൊള്ളാത്ത ഭക്ഷണം. എഴുതാനും വായിക്കാനും സൗകര്യമില്ല. കുടുംബക്കാരെക്കാണാൻ അനുവാദമില്ല. ഭഗത് സിംഗും ദത്തും നിരാഹാരസമരത്തിനു നിർബന്ധിതരായി." (ibid 55)

[51]"യതീന്ദ്രദാസ് 63 ദിവസത്തെ നിരാഹാരത്തെത്തുടർന്ന്, 1929 സെപ്തംബർ 13-ന് രക്തസാക്ഷിയായി." (ibid 56)

[52]മുരളി, പിരപ്പൻകോട്. *ഭഗത് സിംഗിന്റെ കനൽവഴികൾ*. തിരുവനന്തപുരം: കേരള ഗ്രന്ഥശാലാ സഹകരണസംഘം 2009 75.

[53]"ഓഗസ്റ്റ് എട്ടാം തീയതി... മഹാത്മജിയെ അറസ്റ്റു ചെയ്തു." (നായർ, എൻ. പി. *ക്വിറ്റ് ഇന്ത്യാ സമരം*. കോട്ടയം: ഡി. സി.1993 32).

[54]"നേതൃത്വമേറ്റെടുക്കാൻ ഗാന്ധിജി അവരോട് (സരോജിനി നായിഡു) ആവശ്യപ്പെട്ടു. സരോജിനി ധർശന(ഗ്ര. പാ.)യിലേയ്ക്കു പോയി. ആ വലിയ സൈന്യത്തിന്റെ ആധിപത്യം അവർ ഏറ്റെടുത്തു." (സെൻഗുപ്ത, പത്മിനി. *സരോജിനി നായിഡു*. ന്യൂദൽഹി: സാഹിത്യ അക്കാദമി 1989 91-92).

[55]"സത്യാഗ്രഹസംഘത്തിന്റെ നേതൃത്വം വഹിച്ചത് ശ്രീമതി സരോജിനി നായിഡുവായിരുന്നു. അവരെയും അറസ്റ്റ് ചെയ്തെങ്കിലും, ഗാന്ധിജി ഉദ്ദേശിച്ചതനുസരിച്ച് ദർശനാ ഉപ്പളങ്ങളെ അനേകശതം ധർമ്മഭടന്മാർ അന്നു വൈകിട്ടുതന്നെ ആക്രമിച്ച് ഉപ്പുവാരി." (പരമേശ്വരൻ നായർ 1949 125).

[56]http://www.satyagrahafoundation.org/gandhis-salt-march-campaign-contemporary-dispatches-12/ Retrieved on 2.2.2015

[57]പരമേശ്വരൻ നായർ 125–127

[58]"ചരാചരങ്ങൾക്കറിയാം ഭവാന്റെ
ചാതുര്യമേറും സുകുമാരഭാഷ;
അല്ലായ്കിലാസേതുഹിമാചലാന്ത-
മാവിർഭവിക്കില്ലിതുപോലിളക്കം.
അകന്നു തൻ 'മാസ്മര'വിദ്യയാലി-
ങ്ങാലസ്യമുണ്ടാക്കിയൊരന്ധകാരം.
പുണ്യപ്പുളപ്പാർന്ന പുരാണദേശം
പകർന്നുവീണ്ടും പുതുപൊൽപ്രകാശം...
എറിഞ്ഞിടുന്നൂ നിജജീവിതങ്ങ-
ളെൻ നാട്ടിലെപ്പൂക്കൾ ഭവാന്റെ മുന്നിൽ...
ചുവന്നു, പച്ചച്ചു, വെളുത്തു മേലേ-
ച്ചുറ്റിപ്പറക്കുന്നു മുകിൽപ്പതാക
ഉന്മേഷദായിൻ, മമ ജന്മഭൂമി-
യുണർന്നു തച്ഛായയിൽ നിന്നിടാവൂ."

[59]മുരളി 2009 75

[60]*കേസരി*. 25 മാർച്ച് 1931.

[61]*കേസരി*. 25 മാർച്ച് 1931 4.

[62]‘ഭഗത്തു സിംഗ്’ എന്നും ‘ഭഗത് സിംഗ്’ എന്നുമുള്ള രണ്ടു രൂപങ്ങളും ഒരേ *കേസരി* ലക്കത്തിൽക്കാണുന്നു. (*കേസരി*. 25 മാർച്ച് 1931).

[63]തൃശ്ശൂർ അപ്പൻ തമ്പുരാൻ സ്മാരകത്തിൽ സൂക്ഷിച്ചിട്ടുള്ള *കേസരി*യുടെ ഫോട്ടോസ്റ്റാറ്റ് പകർപ്പിൽ സമയം അവ്യക്തമാണ്.

[64]*കേസരി*. 25 മാർച്ച് 1931 15.

[65]*ഭാഷാപോഷിണി* മീനം 1106. മാർച്ച് - ഏപ്രിൽ 1931 313.

[66]*ഭാഷാപോഷിണി* മീനം 1106. മാർച്ച് - ഏപ്രിൽ 1931.

[67]മാസികയിലെ 21 വിഭവങ്ങളിൽ 13 എണ്ണം സാഹിത്യയിനങ്ങളാണ്:

(1) ‘തിരുവിതാംകൂർ മഹാറാണി തിരുമനസ്സുകൊണ്ട്’, ഫോട്ടോ

(2) ‘ഈശ്വരപ്രാർത്ഥന’, കവിത, കെ. എൻ. എഴുത്തച്ഛൻ,

(3) ‘മന്ദഹാസം’, ഗദ്യകവിത, ഒരു യുവകവി,

(4) ‘ഗാരിബാൾഡി’, ലേഖനം, തത്തമംഗലം എം. നടേശമേനോൻ ബി. എ.,

(5) ‘കൊച്ചി രാജാവ്’, ഫോട്ടോ,

(6) ‘ഒരു പ്രഹസനചിത്രം’, കവിത, കെ. നീലകണ്ഠപിള്ള,

(7) ‘തിരുവിതാംകൂർ മഹാരാജാവ് തിരുമനസ്സുകൊണ്ട്’, ഫോട്ടോ,

(8) ‘പടപ്പാട്ട്’, കവിത, കാലടി കെ. പി. രാമൻപിള്ള,

(9) ‘ഒരു സാക്ഷിവിസ്താരം’, നാടകം, മേനാകയ്മൾ വാസുദേവനുണ്ണിത്താൻ,

(10) ‘സാഹിത്യരത്നമാല’, ലേഖനം, ചുനക്കര രാമവാരിയർ,

(11) ‘അന്യോന്യമുക്താലത’, പരിഭാഷ, വടക്കുംകൂർ രാജരാജവർമ്മരാജാ,

(12) ‘ശ്രീ ചൈതന്യാനന്ദന്റെ സത്യാഗ്രഹം’, ലേഖനം,

(13)’ കാവ്യം’, ലേഖനം, പി. കെ. പി.

ഫോട്ടോകൾ സർഗ്ഗാത്മകസൃഷ്ടികളെന്ന നിലയ്ക്ക് സാഹിത്യയിനങ്ങളായിക്കൂട്ടി. ഗാരിബാൾഡിയെക്കുറിച്ചുള്ള ലേഖനവും ചൈതന്യാനന്ദനെക്കുറിച്ചുള്ള കുറിപ്പും ജീവചരിത്രാത്മകമായതിനാൽ സാഹിത്യയിനങ്ങളായി കണക്കാക്കി. (*ഭാഷാപോഷിണി*. കന്നി 1106. സെപ്റ്റംബർ - ഒക്ടോബർ 1930).

[68]സാഹിത്യേതരയിനങ്ങൾ:

(1)‘തിരുവിതാംകൂർ മഹാറാണി തിരുമനസ്സുകൊണ്ട്’, ലേഖനം,

(2) 'കൊച്ചി രാജാവു തിരുമനസ്സുകൊണ്ട്', ലേഖനം,

(3) 'മതവിചാരം', ലേഖനം, എ. എൻ. പരമേശ്വരക്കുറുപ്പ്,

(4) 'സീതാരാമ ദേവന്റെ ശിലാലേഖനം', ലേഖനം, പറവൂർ കെ. എൻ. ഗോപാലപിള്ള ബി. എ.,

(5) 'മഹാകവി രവീന്ദ്രനാഥ ടാഗോറും വിദ്യാഭ്യാസവും', ലേഖനം, ഗുരുനാഥൻ,

(6) 'ഭയങ്കരമായ വിമാനയപകടം', വാർത്ത,

(7) 'റബറിന്റെ വീരനടനം', ലേഖനം,

(8) 'വാർത്തകളും കുറിപ്പുകളും'. (*ഭാഷാപോഷിണി*. കന്നി 1106. സെപ്തംബർ - ഒക്ടോബർ 1930).

[69]മാസികയിലെ 16 ഇനങ്ങളിൽ പന്ത്രണ്ടും സാഹിത്യയിനങ്ങളാണ്:

(1) 'ഈശ്വരപ്രാർത്ഥന', കവിത, വിദ്വാൻ പി. കെ. രാമൻ പിള്ള ചങ്ങനാശ്ശേരി,

(2) 'ഗദ്യവും പദ്യവും', ലേഖനം, മൂർക്കോത്തു കുമാരൻ,

(3) 'ഓണവിളക്ക്', കവിത, തൈക്കാട്ട് ചന്ദ്രശേഖരൻ,

(4) 'ത്യാഗികൾ', ലേഖനം, എ. കെ. പിള്ള,

(5) 'പ്രേമാഞ്ജലി', കവിത, പുഴങ്കരെ നാരായണ മേനോൻ,

(6) 'ശക്തൻ തമ്പുരാനെപ്പറ്റിയുള്ള ചില വാസ്തവകഥകൾ', ലേഖനം, ചരിത്രാന്വേഷി,

(7) 'സ്വതന്ത്രഭാരതം', കവിത, പി. കുഞ്ഞിരാമൻ നായർ,

(8) 'ഒരു തുള്ളി', കവിത, വെണ്ണിയിൽ പി. വാസുപിള്ള,

(9) 'ശ്രീ വേദാന്തദേശികൻ', ലേഖനം,

(10)'ഉള്ളൂരിന്റെ ചിത്രശാല', നിരൂപണം, പണ്ഡിതർ നമ്പ്യാരുവീട്ടിൽ നാരായണ മേനോൻ,

(11)'പീപ്പന്നിയും കുട്ടികളും', കവിത, പന്തളം കെ. പി. രാഘവപ്പണിക്കർ,

(12)'ജോസഫ് കോൺറാഡ്', ലേഖനം, എഴുതിയയാളിന്റെ പേരില്ല. (ഇവയിൽ 'ത്യാഗികൾ', 'ശക്തൻ തമ്പുരാൻ' എന്നിവ ഐതിഹ്യകഥകളായതിനാലും 'ശ്രീ വേദാന്തദേശികൻ', 'ജോസഫ് കോൺറാഡ്' എന്നിവ ജീവിതകഥയായതിനാലും സാഹിത്യയിനങ്ങളായി കണക്കാക്കുന്നു).

സാഹിത്യേതരയിനങ്ങൾ നാലെണ്ണം:

(1) 'ടൈഫോയ്ഡ് അഥവാ സന്നിപാതജ്വരം', ലേഖനം,

(2) 'നവരത്നങ്ങൾ', ലേഖനം, വട്ടോളി കൊച്ചുകൃഷ്ണൻ നായർ,

(3) 'ലോകാവസാനം', ലേഖനം,

(4) 'കുറിപ്പുകൾ', വാർത്തകൾ. (*ഭാഷാപോഷിണി*. കർക്കടകം 1106. ജൂലൈ – ആഗസ്റ്റ് 1931.)

[70]*ഭാഷാപോഷിണി*. കർക്കടകം 1106. ജൂലൈ – ആഗസ്റ്റ് 1931 479

[71]*ഭാഷാപോഷിണി*, കന്നി 1072. സെപ്തംബർ - ഒക്ടോബർ 1896. പുസ്തകം 1, ലക്കം 1.

[72]സാഹിത്യയിനങ്ങൾ ആറാണ്:

(1) 'മംഗളം', കവിത, കേരളവർമ്മ വലിയകോയിത്തമ്പുരാൻ,

(2) 'അന്യതാചിന്തിതം കാര്യം ദൈവമന്യത്ര ചിന്തയേൽ', കഥ, എം. കെ.,

(3) 'ശ്രീ മഹാറാണി', കവിത, കൊട്ടാരത്തിൽ ശങ്കുണ്ണി,

(4) 'ഒരു ഇംഗ്ലീഷ് കവി', ലേഖനം, എഴുതിയയാളിന്റെ പേരില്ല,

(5) 'തർജിമ', ലേഖനം, എഴുതിയയാളിന്റെ പേരില്ല,

(6) 'വഞ്ചീശമംഗളം', കവിത, കൊട്ടാരത്തിൽശങ്കുണ്ണി. (*ഭാഷാപോഷിണി*, കന്നി 1072. സെപ്റ്റംബർ - ഒക്ടോബർ 1896).

[73](1) 'പ്രസ്താവന', കെ. ഐ. വറുഗീസു മാപ്പിള,

(2) 'വൈദ്യം', ലേഖനം, അനന്തപുരത്തു മൂത്ത കോയിത്തമ്പുരാൻ,

(3) 'പാഠശാലാഭരണം', ലേഖനം, എസ്. സുബ്രഹ്മണ്യയ്യൻ,

(4) 'വേദാന്തസാരം', ലേഖനം, കെ. എം. സി.,

(5) 'ഡാഹോമി', ലേഖനം, കെ. എം. കെ.,

(6) 'വൈദ്യുതശക്തി', ലേഖനം, ടി. എൽ. ടി.,

(7) 'ആന', ലേഖനം, എഴുതിയയാളിന്റെ പേരില്ല. (*ഭാഷാപോഷിണി*, കന്നി 1072. സെപ്റ്റംബർ - ഒക്ടോബർ 1896).

[74]*മംഗളോദയം* . വൃശ്ചികം 1084. നവംബർ - ഡിസംബർ 1908. പുസ്തകം 1, ലക്കം 1.

[75]ഒരേയൊരു സാഹിത്യയിനമേ ഉള്ളൂ – ഒന്നാമിനമായി അച്ചടിച്ച കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ 'മംഗളം' എന്ന കവിത. ബാക്കി ആറിനങ്ങളും സാഹിത്യേതരയിനങ്ങളാണ്:

(1) 'പ്രസ്താവന',

(2) 'തൃശ്ശിവപേരൂർ യോഗിയാരവരോധം',

(3) 'മൂഢവിശ്വാസം', ലേഖനം, ആർ. വി.,

(4) 'ആലത്തൂർ ഗ്രാമയോഗവും പുതിയ മാതിരി പാഠശാലയും', ലേഖനം, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ,

(5) 'ആചാരം', ലേഖനം, ദേശമംഗലത്ത് വലിയ നാരായണൻ (അനുജൻ) നമ്പൂതിരിപ്പാട്,

(6) 'അറിയിപ്പ്'. (*മംഗളോദയം* . വൃശ്ചികം 1084. നവംബർ - ഡിസംബർ 1908).

[76]*ഭാഷാപോഷിണി*, കന്നി 1072. ജനുവരി – ഫെബ്രുവരി 1897.പുസ്തകം 1, ലക്കം 1. പേജ് 3.

[77]*മംഗളോദയം* . വൃശ്ചികം 1084. നവംബർ - ഡിസംബർ 1908. പുസ്തകം 1, ലക്കം 1. പേജ് 4.

[78]*കേസരി* വാരിക, 17 സെപ്തംബർ 1930. പുസ്തകം 1, ലക്കം 1.

[79]എട്ടെണ്ണമാണ് സാഹിത്യയിനങ്ങൾ:

(1) 'ഇന്നത്തെ സാഹിത്യനിരൂപണം', ലേഖനം, ജെ. ബി. പ്രീസ്റ്റ്.ലി,

(2) 'ഹാർലമിലെ ഒരു വ്യസനകരസംഭവം', ചെറുകഥ, ഒ. ഹെൻറി,

(3) 'സ്കൂളുകളും നാടകാഭിനയവും', കുറിപ്പ്,

(4) 'ശിശുക്കളുടെ ഹാസ്യരസം', കുറിപ്പ്,

(5) 'ഫലിതം',

(6) 'ഒരു സ്ത്രീയുടെ ജീവിതം', നോവൽ, മോപ്പസങ്ങ്,

(7) 'ജീവിതം സ്പൃഹണീയം', കവിത, പാട്ടത്തിൽ നാരായണൻ വൈദ്യൻ,

(8) 'ഫലിതം'.

സാഹിത്യേതരയിനങ്ങൾ:

(1) 'വിഷയവിവരം',

(2) 'പ്രസ്താവന',

(3) 'മുഹൂർത്തവും ആളും', മുഖപ്രസംഗം,

(4) 'മേല്ക്കോയ്മയുടെ കൈകടത്തൽ', കുറിപ്പ്,

(5) 'പകുതി ജീവനക്കാരും സെൻസസ് ജോലിയും', കുറിപ്പ്,

(6) 'വാർത്താസംഗ്രഹം',

(7) 'പ്രബോധകന്റെ ലൈസൻസ് റദ്ദ് ചെയ്ത ഗവർമ്മെന്റുത്തരവ്',

(8) 'ഉത്തരവിന്റെ നേർപ്പകർപ്പ്',

(9) 'പ്രസാധകന്റെ അപേക്ഷ',

(10)'കത്തിന്റെ നേർപ്പകർപ്പ്',

(11)'മഹദ് വാക്യങ്ങൾ',

(12)'നിർഭയത്വം', മഹാത്മാഗാന്ധി,

(13)'കോർട്ടലക്ഷ്യക്കേസുകൾ', കോടതി വാർത്ത

(14)'സിവിലാജ്ഞാലംഘനം', വാർത്ത,

(15)'വാരവൃത്താന്തസംഗ്രഹം'. (*കേസരി* വാരിക, 17 സെപ്തംബർ 1930)

[80] *ഭാഷാപോഷിണി* മാസിക. മേടം 1093. ഏപ്രിൽ-മെയ് 1918. പുസ്തകം 22,ലക്കം 9.

[81] ഏഴും സാഹിത്യയിനങ്ങളാണ്:

(1) 'ആത്മകീർത്തനം', കവിത, കുട്ടമത്തു കുന്നിയൂര് കഞ്ഞികൃഷ്ണകുറുപ്പ്,

(2) 'രസനിരൂപണം', ലേഖനം, എം. കെ. ഗുരുക്കൾ തലശ്ശേരി,

(3) 'നാടകങ്ങളിലെ പാത്രനിർമ്മാണം', ലേഖനം, എം. ആർ. ബി. വി.,

(4) 'ശ്രീഹർഷൻ', ലേഖനം, വടക്കുകൂർ രാജരാജവർമ്മരാജാ,

(5) 'അനുകരണീയമായ ഒര് (ഗ്ര. പാ.) ആദർശം', കവിത, ചെറുകോൽ സി. എൻ. കൃഷ്ണപിള്ള,

(6) 'ഗീതാഞ്ജലി', ഗദ്യകവിത, കെ. എം. നായർ,

(7) 'ആനന്ദഭൈരവി', കഥ, മാവേലിക്കര ചിത്രമെഴുത്തു കെ. എം. വറുഗീസ്.

നാലു സാഹിത്യേതരയിനങ്ങളുണ്ട്:

(1) 'ടാഗോറിന്റെ ഒരു കത്ത്', ലേഖനം, എ. ജെ. ഡേവിഡ് ബി. എ.,

(2) 'ശബ്ദഗ്രാഹി', ലേഖനം, പി. കൃഷ്ണപിള്ള ബി. എ.,

(3) 'പാമ്പുകളെപ്പറ്റിയുള്ള പുരാണങ്ങൾ', ലേഖനം, കെ. സുകുമാരൻ ബി. എ.,

(4) 'മെസ്മര ശാസ്ത്രം', ലേഖനം, കെ. ഐ. വി.

'ടാഗോറിന്റെ ഒരു കത്ത്' എന്ന ലേഖനം ദർശനസംബന്ധിയായതിനാലാണ് സാഹിത്യേതരയിനമായി പരിഗണിച്ചത്. (*ഭാഷാപോഷിണി* മാസിക. മേടം 1093. ഏപ്രിൽ-മെയ് 1918).

[82] ഗുപ്തൻ നായർ, എസ്. 'നമ്മുടെ വാരികകളും സാഹിത്യനിലവാരവും'. പത്രപ്രവർത്തനം ഭിന്നമുഖങ്ങൾ. കൊച്ചി: കേരള പ്രസ് അക്കാദമി 1987 11.

[83] "ഒരു ശരാശരിവാരികയുടെ ഉള്ളടക്കം വിവരിക്കാം:

കവർ,

| | |
|---|---|
| രണ്ടാം പേജ് | കത്തുകൾ, |
| ഒന്നാം പേജ് | ഒരു കവിത അല്ലെങ്കിൽ ചെറിയൊരു മുഖപ്രസംഗം, |
| രണ്ടാം പേജ് | ഒരു തൊഴിൽവിഭാഗത്തിന്റെ ജീവിതകഥ, വേശ്യകൾ, ആദിവാസികൾ, റബ്ബർ തോട്ടത്തിലെ മനുഷ്യർ, പാടത്തെ മനുഷ്യർ. |
| അഞ്ചാം പേജ് | നമുക്കു ചുറ്റും |

| | |
|---|---|
| പതിനൊന്നാം പേജ് | നോവൽ - ഖണ്ഡശ |
| പതിമൂന്നാം പേജ് | കവിത – വൃത്തമില്ലെന്ന് ശ്രദ്ധിക്കണം. |
| പതിനഞ്ചാം പേജ് | തിരിഞ്ഞുനോക്കുമ്പോൾ അഥവാ ആദ്യത്തെ നാളുകൾ (ആത്മകഥാപരം) |
| പതിനേഴാം പേജ് | എസ്. ഐ.യുടെ മരണം അഥവാ കോളേജ് കുമാരിയുടെ കൊലപാതകം |
| ഇരുപത്തിയൊന്നാം പേജ് | ചെറുകഥ |
| ഇരുപത്തിമൂന്നാം പേജ് | തുടർക്കഥ |
| ഇരുപത്തിയാറാം പേജ് | പുസ്തകങ്ങൾ (ശരിയായ ഒറ്റ റിവ്യൂ പോലുമില്ല, ചില്ലറ പരിചയപ്പെടുത്തൽ മാത്രം |
| ഇരുപത്തിയേഴാം പേജ് | തുടർക്കഥ. ഇതു മിക്കവാറും പ്രേതകഥയായിരിക്കും |
| ഇരുപത്തിയൊൻപതാം പേജ് | ഫലിതബിന്ദുക്കൾ, പലരും കൂടി സംഭാവന ചെയ്തത്. ഇടയ്ക്കിടെ കാർട്ടൂണുകൾ. ഉദാ:- മോനായി, റപ്പാ.യി, അമ്മയായി." (ibid 1987 12) |

| | |
|---|---|
| [84]"P.402 | Where Nyerere stands |
| ,, 403 | Notes – 7 – International Issues |
| ,, 405 | Finance – International tax-dodging |
| ,, 406 | The Birth of Robson's Law (On conducting union meetings) |
| ,, 408 | Middle East-Jordan Waits in the Wings |
| ,, 410 | Cambodia. Letting a nation die |
| ,, 413 | Education School Meals on the Skids |
| ,, 414 | Espionage – On Kim Philby's double spying |
| ,, 417 | Africa. The slow Revolutions in Angola & Mozambique |
| ,, 418 | Oilgate |
| ,, 419 | Tories pollute the waves (a strong criticism of the B. B. C. policy) |
| ,, 420 | Washngton Diary |
| ,, 421 | Letters to the Editor |
| ,, 422 | First perso (coloumn by Arthur Marshall) |
| ,, 423 | Books in general (Four political books reviewed bt Judith Hart) |
| ,, 424 | Obituary article on I. A. Richards (1893 – 1970) by L. C. Knights |
| ,, 425 | A poem by I. A. Richards & another by Vernon Scannell |

| | |
|---|---|
| ,, 426 | Book review – Four books on Architecture |
| ,, 427 | Book review – Priests and politics: a plea for Religious radicalism |
| ,, 428 | Book review |
| ,, 429 | Book review |
| ,, 430 | Arts and Entertainment column |
| ,, 431 | Television column |
| ,, 432 | Theatre column |
| ,, 433 | Opera column |
| ,, 434 | Ballet |
| ,, 435 | Chess |
| ,, 436 | Advertisement |
| ,, 444 | Advertisement" (ibid 13-14) |

[85]"മലയാളത്തിലെ ആദ്യത്തെ സാഹിത്യമാസിക ഈ *വിദ്യാവിലാസിനി*യാണെന്നാണ് എല്ലാ സാഹിത്യചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, ഒന്നാം ലക്കത്തിലെ 'നോട്ടീസും' '*വിദ്യാവിലാസിനി* എന്ന ശീർഷകത്തിലെ പ്രസ്താവനയും കുറിപ്പുകളും ഈ അഭിപ്രായത്തിന്റെ സാധുത ചോദ്യം ചെയ്യുന്ന തരത്തിൽ കാണപ്പെടുന്നു." (സാം 2003 84).

[86]സാം 2003 86

[87]"തിരുവിതാംകൂർ വിദ്യാഭ്യാസവകുപ്പിന്റെ ഒരു ഔദ്യോഗികപ്രസിദ്ധീകരണത്തിന്റെ മട്ടായിരുന്നു *വിദ്യാവിലാസിനിക്ക്*. പ്രസിദ്ധീകരണോദ്ദേശ്യം വിദ്യാഭ്യാസപ്രചാരണവും ബുദ്ധിവികാസവും സാന്മാർഗ്ഗികബോധം വളർത്തലും വിനോദം പകരലുമൊക്കെയായിരുന്നു. ഭാഷാസാഹിത്യപോഷണം അതിന്റെ ലക്ഷ്യമേ ആയിരുന്നില്ല. അതുകൊണ്ടുതന്നെ *വിദ്യാവിലാസിനി*യെ ഒരു സാഹിത്യമാസിക എന്നു വിളിക്കുന്നത് അനുചിതമാണ്. ഒരു വിദ്യാഭ്യാസമാസിക (Educational journal) "എന്നു വിളിക്കുകയാവും ഭംഗി." (ibid 85)

[88]"പഴയ കാലത്തിന്റെ തെളിവുകൾ കൈകാര്യം ചെയ്യുമ്പോൾ ഒരു ചരിത്രകാരനെ പലപ്പോഴും തന്റെ സമകാലീനസാഹചര്യം സ്വാധീനിക്കുന്നു. അതുകൊണ്ട് ചരിത്രവ്യാഖ്യാനം ഒരു ഇരുവഴിപ്രക്രിയയായി മാറുന്നു – വർത്തമാനകാലത്തെ ആവശ്യങ്ങളെ ഭൂതകാലത്തിൽ കണ്ടെത്താൻ ശ്രമിക്കുകയും ഭൂതകാലത്തിന്റെ ഛായ വാർത്തമാനകാലത്തിൽ പതിപ്പിക്കാൻ ശ്രമിക്കുകയും." (ഥാപ്പർ, റൊമീല. *ഭൂതകാലവും മുൻവിധികളും*. തിരുവനന്തപുരം: ചിന്ത 2007 10).

[89]സുനിൽ പി. ഇളയിടം. ചരിത്രം പാഠരൂപങ്ങളും പ്രത്യയശാസ്ത്രവും. കോഴിക്കോട്: *മാതൃഭൂമി* 2004 11

[90]Eagleton 40

# അദ്ധ്യായം 3

## ആദ്യകാല*മാതൃഭൂമി*

*മാതൃഭൂമി* ആഴ്ചപ്പതിപ്പ് ആദ്യപതിറ്റാണ്ടുകളിൽ പിൻതുടർന്ന തനിമകൾ കണ്ടെടുക്കുകയാണ് ഈ അദ്ധ്യായത്തിന്റെ ദൗത്യം. അദ്ധ്യായം മൂന്നു ഘട്ടങ്ങളിലൂടെ മുന്നോട്ടുപോകുന്നു.

1. ആഴ്ചപ്പതിപ്പിന്റെ പ്രാരംഭകാലസവിശേഷതകൾ നിർണ്ണയിക്കുക
2. ആ തനിമ, 1960 വരെയുള്ള ആദ്യപതിറ്റാണ്ടുകളിൽ ആഴ്ചപ്പതിപ്പ് എങ്ങനെ പിൻപറ്റിയെന്നു കണ്ടെടുക്കുക.
3. സ്വന്തം പൈതൃകം പിൻതുടരുന്നതിൽ ആഴ്ചപ്പതിപ്പ് പ്രദർശിപ്പിക്കുന്ന തുടർച്ച / വളർച്ച / ഇടർച്ച സാംസ്കാരികമായി വ്യാഖ്യാനിക്കുക.

### 3.1. ആദ്യകാല*മാതൃഭൂമി*: പ്രതിപാദനവിശകലനത്തിന് ഒരാമുഖം

ആദ്യകാല*മാതൃഭൂമി* ആഴ്ചപ്പതിപ്പിന്റെ തനിമ പലമട്ടിൽ കണ്ടെടുക്കാം. പ്രതിപാദനരീതിയുടെ വിശകലനത്തിലേയ്ക്കാണ് ആദ്യം പോകുന്നത്. സ്ഥൂലതലവിശകലനത്തിന്റെ ഈ പടവിൽ ആഴ്ചപ്പതിപ്പിന്റെ സാഹിത്യ-സാഹിത്യേതരമുൻഗണനയാണ് നിർണ്ണയിക്കുന്നത്.

കഴിഞ്ഞ അധ്യായത്തിൽ ആദ്യകാല ആനുകാലികങ്ങളുടെ തനിമ നിശ്ചയിച്ചപ്പോൾത്തന്നെ സാഹിത്യ-സാഹിത്യേതര അംശബന്ധത്തിന് മലയാളഭാഷാ ആനുകാലികങ്ങളിലുള്ള പ്രാധാന്യം ചരിത്രപരമായി പുനർനിർമിച്ചിരുന്നു. സാഹിത്യ-സാഹിത്യേതര മുൻഗണന മലയാള ഭാഷയിലെ ആനുകാലിക പ്രത്യയശാസ്ത്രത്തിന്റെ അളവുകോലാണെന്നാണ് കണ്ടത്. ആ കണ്ടെത്തലിന് സാംസ്കാരികപഠനങ്ങളുടെ നോട്ടപ്പാടിലുള്ള തത്വശാസ്ത്രപരവും സാമൂഹികവും ചരിത്രപരവും രാഷ്ട്രീയവുമായ മാനങ്ങൾകൂടി അടയാളപ്പെടുത്തിപ്പോകേണ്ടതുണ്ട്.

സാംസ്കാരികകലാനിർമ്മിതികളിലൂടെ വിനിമയം ചെയ്യപ്പെടുന്ന പ്രത്യയശാസ്ത്രം എന്നും സാംസ്കാരികപഠനങ്ങളുടെ മുഖ്യ അന്വേഷണക്ഷേത്രമാണ്. കേരളത്തിൽ ആനുകാലികങ്ങൾ ഉടലെടുത്ത പത്തൊമ്പതാം നൂറ്റാണ്ടിന്റെ പ്രത്യയശാസ്ത്രത്തെ സാംസ്കാരികപഠനങ്ങൾ അടയാളപ്പെടുത്തിയിട്ടുമുണ്ട്. ഇംഗ്ലീഷ് വിദ്യാഭ്യാസവും അതിലൂടെ ലഭിച്ച ഇംഗ്ലീഷ് മൂല്യങ്ങളുടെ സാമീപ്യവും ഇംഗ്ലീഷ് സാഹിത്യപരിചയവും ചേർന്നാണ് നമ്മുടെ നാട്ടിൽ ആ ചരിത്രഘട്ടത്തിന്റെ പ്രത്യയശാസ്ത്രം നിർണ്ണയിച്ചത്.[1] ഇംഗ്ലീഷ് അധികാരത്തിന്റെ പ്രത്യയശാസ്ത്രം കോളനികൾ ഉൾക്കൊണ്ടത് ഇംഗ്ലീഷ് ഭാഷയിലൂടെയും സാഹിത്യത്തിലൂടെയുമാണ്.[2]

കൊളോണിയൽ ദേശീയപ്രത്യയശാസ്ത്രം ഇന്ത്യയിലെത്തിച്ച യൂറോപ്യൻ ആധുനികതയിൽ ഉൾച്ചേർന്നിരുന്ന എല്ലാ ചാലകശക്തികളുടെയും കെട്ടഴിച്ചുവിടലായിവേണം മലയാളത്തിലെ ആദ്യകാലമുഖ്യധാരാ ആനുകാലികങ്ങളുടെ ആദിത്തനിമയായ സർവ്വവിഷയതയെക്കാണാൻ. ശാസ്ത്രബോധം, മതേതരത്വം, സമത്വം, അന്ധവിശ്വാസനിരാസം, നിയമബോധം, നാഗരികതാരാധന തുടങ്ങിയ മൂല്യങ്ങളുടെ നാട്ടുരാജ്യവാർപ്പുമാതൃകകളുമായാണ് ഇവിടെ ആദ്യകാല ആനുകാലികങ്ങൾ പിറന്നുവീണത്. ഭാഷാപരിഷ്കരണം, നിഘണ്ടുനിർമ്മാണം, വ്യാകരണനിർമ്മിതി, ഗദ്യപോഷണം, ഗ്രന്ഥപ്രസാധനം, ഗ്രന്ഥങ്ങളുടെ 'ശുദ്ധ'പാഠം കണ്ടെത്തൽ, പരിഭാഷ, പടിഞ്ഞാറൻ (ചെറുകഥ മുതൽ നോവൽ വരെയുള്ള) സാഹിത്യരൂപങ്ങളുടെ പ്രോത്സാഹനം എന്നിവയൊക്കെത്തന്നെ കൊളോണിയൽ ആധുനികതയുടെ പ്രത്യയശാസ്ത്രത്തിന്റെ ആവാഹനമായിരുന്നു. വൈവിദ്ധ്യങ്ങളുടെ, സൂക്ഷ്മാർത്ഥത്തിൽപ്പറഞ്ഞാൽ ഭാഷാഭേദങ്ങളുടെയും സൂക്ഷ്മപ്രാദേശികതയുടെയും, നിരാസമായി സ്വരൂപപ്പെടുന്ന ഒരു മാനകീകരണത്തിന്റെ പ്രത്യയശാസ്ത്രം ഇതിൽ കണ്ടെടുക്കാം. എന്നാൽ,

അത് പൊതുവായി പങ്കിടാനുള്ള  ഭാഷയും വ്യാകരണവും പദാവലിയും പാഠങ്ങളും സൃഷ്ടിക്കൽ മാത്രമായിരുന്നില്ല. സംസ്കൃതീകരണം - സംസ്കരിക്കൽ - തന്നെയായിരുന്നു അതിന്റെ മർമ്മം. 'സംസ്കാരം' എന്ന വാക്കിന് കൊളോണിയൽ ആധുനികത നല്കിയ അർത്ഥാവലിയുടെ ആവിഷ്കൃതിതന്നെയായിരുന്നു അത്.[3]

കൊളോണിയൽ ആധുനികത കെട്ടഴിച്ചുവിട്ട ശക്തികളിൽ പലതും അനിവാര്യമായും അതിന്റെ പ്രത്യയശാസ്ത്രത്തെത്തന്നെ പ്രശ്നവത്കരിക്കുന്നതുമായിരുന്നു. ആധുനികത കെട്ടഴിച്ചുവിട്ട ഏറ്റവും പ്രധാനപ്പെട്ട സാമൂഹികശക്തിയായിരുന്നു അക്കാലത്ത് ഇന്ത്യയിൽ ഉരുവംകൊണ്ട രാഷ്ട്രീയം. ഏതു പ്രത്യയശാസ്ത്രമാണോ അതിനെ കെട്ടഴിച്ചുവിട്ടത് അതേ പ്രത്യയശാസ്ത്രത്തിനുതന്നെ അതിനെ തളയ്ക്കാനുള്ള വഴികളും കണ്ടെത്തേണ്ടി വന്നു. ആദ്യകാല ആനുകാലികങ്ങളുടെ പൈതൃകമായ സർവ്വവിഷയത കൊളോണിയൽ ആധുനികതയുടെ മൂല്യങ്ങളുടെ കെട്ടഴിച്ചു വിടലായിരുന്നെങ്കിൽ, സാമൂഹികതയിൽ നിന്നുള്ള ആനുകാലികങ്ങളുടെ പിന്മാറ്റം - സാഹിത്യതയിലേയ്ക്കുള്ള മാറ്റം - അതേ സർവ്വവിഷയതയിലെ 'അപകടകര'മായ മൂല്യങ്ങളുടെ തളയ്ക്കലായിരുന്നു. ഇങ്ങനെ, സർവ്വവിഷയതയിൽ തുടങ്ങിയ നമ്മുടെ ആദ്യകാലമുഖ്യധാരാ ആനുകാലികങ്ങളുടെ സാഹിത്യതയിലേയ്ക്കുള്ള വ്യതിയാനം ആധുനികാനന്തരചിന്തകളുടെ പ്രതലത്തിലും പ്രകരണത്തിലും കൂടി വിശദീകരിക്കാവുന്നതാണ്.[4] ഈ കാഴ്ച്ചപ്പാടിൽ, മുഖ്യധാരാ ആനുകാലികങ്ങളുടെ സർവ്വവിഷയതാനിരാസം സംസ്കൃതീകരണം തന്നെയായിരുന്നു. അവയുടെ സാഹിത്യവത്കരണവും സംസ്കൃതീകരണം തന്നെ. ആനുകാലികപ്രത്യയശാസ്ത്രത്തിന്റെ സ്പർശ്യമായ മാനദണ്ഡങ്ങളിൽ ഏറ്റവും ശ്രദ്ധേയം സാഹിത്യ - സാഹിത്യേതര മുൻഗണനയാണ് എന്ന കഴിഞ്ഞ അദ്ധ്യായത്തിലെ നിഗമനം ഈ

തത്വവത്കരണത്തിന്റെകൂടി പിൻബലത്തോടെ കൂടുതൽ ദൃഢീകരിച്ച് ഈ പഠനം മുന്നോട്ടുപോവുകയാണ്.

### 3.1.1. പ്രാരംഭകാല*മാതൃഭൂമി*: 1932

*മാതൃഭൂമി* ആഴ്ചപ്പതിപ്പിന്റെ പ്രാരംഭകാലത്തുനിന്ന് മാതൃകാലക്കമായി 1932 മാർച്ച് 14 നിശ്ചയിക്കുന്നു. ഇത്, ആഴ്ചപ്പതിപ്പ് പ്രസിദ്ധീകരിച്ച വർഷം ഒമ്പതാം ലക്കമായി പുറത്തിറങ്ങി.[5] പ്രസിദ്ധീകരണവർഷമായതുകൊണ്ട്, 1932-ലെ ലക്കങ്ങൾ ആഴ്ചപ്പതിപ്പിന്റെ ഒന്നാം പുസ്തകമായാണ് വരേണ്ടത്. ആ കണക്കിന് 1932 ജനുവരി 18-ന് പുറത്തിറങ്ങിയ ആദ്യ *മാതൃഭൂമി* ആഴ്ചപ്പതിപ്പ് [6] ഒന്നാം പുസ്തകത്തിലെ ഒന്നാം ലക്കമാകേണ്ടിയിരുന്നു. എന്നാൽ, *മാതൃഭൂമി* ആഴ്ചപ്പതിപ്പ് പത്രത്തിന്റെ തുടർച്ചായിക്കണക്കാക്കി ഉദ്ഘാടനലക്കത്തിൽ 'പുസ്തകം ഒമ്പത്' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആ നിലയ്ക്ക് ഇവിടെ പഠനമാതൃകയായെടുക്കുന്ന ലക്കം 'പുസ്തകം ഒമ്പത്, ലക്കം ഒമ്പത്' ആണ്. ഒമ്പതുകൊല്ലം വർത്തമാനപത്രം പുറത്തിറക്കിയതിനു ശേഷമാണ് *മാതൃഭൂമി* പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനി ആഴ്ചപ്പതിപ്പിറക്കുന്നത്. പ്രസിദ്ധീകരണവേളയിലെ ബാലാരിഷ്ടതകൾ മാറാൻ സമയമായി. ആഴ്ചപ്പതിപ്പ് പുറത്തിറങ്ങിത്തുടങ്ങിയിട്ടു രണ്ടു മാസവുമായി. ഒരാഴ്ചപ്പതിപ്പ് ഭ്രമണപഥത്തിലെത്താൻ രണ്ടു മാസം ധാരാളമാണ്. അതിനാൽ, ആഴ്ചപ്പതിപ്പിന്റെ പ്രാരംഭകാലഘട്ടത്തിന്റെ മാതൃകാപതിപ്പാകാൻ ഈ ലക്കത്തിന് എന്തുകൊണ്ടും യോഗ്യതയുണ്ട്. ആകസ്മിക മാതൃകാലക്കമാണെങ്കിലും ഈ ധാരണയോടെയാണ് ഈ ലക്കത്തിന്റെ ഉള്ളടക്കവിശകലനത്തിലേയ്ക്കു കടക്കുന്നത്.

ഈ ലക്കത്തിലുള്ളത് 20 വിഭവങ്ങൾ. സാഹിത്യയിനങ്ങൾ ഒമ്പത്.[7] അവയിൽ മൂന്നിനങ്ങൾ സ്വാഭാവികമായും സാഹിത്യവിഭവങ്ങളായി എണ്ണപ്പെടുന്നവയാണ്.[8] സാഹിത്യവിഭവങ്ങളായി എണ്ണിയ ബാക്കി

ആറിനങ്ങൾ ഫോട്ടോഗ്രാഫുകളാണ്.[9] പതിനൊന്ന് സാഹിത്യേതര ഇനങ്ങളാണുള്ളത്.[10] ഈ തരംതിരിവനുസരിച്ച് ഈ ലക്കത്തിന്റെ ഉള്ളടക്കവിശകലനം ഇങ്ങനെ:

1. സാഹിത്യത്തിനും സാഹിത്യസംബന്ധിയായ കാര്യങ്ങൾക്കുമായി 18 ശതമാനം സ്ഥലം;
2. സാഹിത്യേതരവിഷയങ്ങൾക്ക് 82 ശതമാനവും.

### 3.1.2. പ്രാരംഭകാല *മാതൃഭൂമി*: തനിമ

ഇപ്പോൾ ലഭ്യമായ *മാതൃഭൂമി*യുടെ പ്രാരംഭകാലചിത്രവും നേരത്തേ കണ്ടെത്തിയ *ഭാഷാപോഷിണി*, *മംഗളോദയം* എന്നീ പ്രസിദ്ധീകരണങ്ങളുടെ പ്രാരംഭകാല ഉള്ളടക്കവിശകലനങ്ങളും തമ്മിലുള്ള താരതമ്യം ഇങ്ങനെയാണ്:

1. പ്രാരംഭകാല*ഭാഷാപോഷിണി* താരതമ്യേന കൂടുതൽ സാഹിത്യ വിഭവങ്ങൾക്ക് ഇടം നല്കി.
2. പ്രാരംഭകാല*മംഗളോദയം* സാഹിത്യേതരവിഭവങ്ങൾക്ക് ഏകപക്ഷീയ പ്രാമുഖ്യംതന്നെ അനുവദിച്ചു.
3. പ്രാരംഭകാല*മാതൃഭൂമി*യാകട്ടെ, ഒരേസമയം, സാഹിത്യേതര വിഭവങ്ങൾക്ക് വലിയ മുൻഗണനയും സാഹിത്യവിഭവങ്ങൾക്ക് മിതമായ പ്രാതിനിധ്യവും നല്കി. (പട്ടിക 3.1.)

**താരതമ്യം പ്രാരംഭകാല *ഭാഷാപോഷിണി-മംഗളോദയം-മാതൃഭൂമികൾ***

| ആനുകാലികം | കാലം | സാഹിത്യം | സാഹിത്യേതരം |
|---|---|---|---|
| *ഭാഷാപോഷിണി* | 1896 | 36 % | 64 % |
| *മംഗളോദയം* | 1908 | 02 % | 98 % |
| *മാതൃഭൂമി* | 1932 | 18 % | 82 % |

പട്ടിക 3.1.

പ്രാരംഭകാല*മാതൃഭൂമി*യുടെ ഉള്ളടക്ക വിശകലനവും 1932-ൽ *മാതൃഭൂമി* പുറത്തിറങ്ങുന്നതിന് തൊട്ടുമുമ്പുള്ള ഘട്ടത്തിലെ (1930-കളുടെ തുടക്കത്തിലെ) മലയാള ആനുകാലികങ്ങളുടെ ഉള്ളടക്കവിശകലനവുമായുള്ള താരതമ്യം ഇങ്ങനെയാണ്:

1) 1930-ൽ *ഭാഷാപോഷിണി*യും *മംഗളോദയ*വും തീവ്രമായ സാഹിത്യപക്ഷപാതം പുലർത്തിയാണ് പുറത്തിറങ്ങിയിരുന്നത്.
2) 1932-ൽ പുറത്തുവന്ന *മാതൃഭൂമി* അതിനു നേർവിപരീതമായ ഉള്ളടക്കച്ചേരുവ കാഴ്ചവച്ചു (പട്ടിക 3.2.)

**താരതമ്യം:*ഭാഷാപോഷിണി-മംഗളോദയം-മാതൃഭൂമി* കൾ** (1930-32)

| **ആനുകാലികം** | **കാലം** | **സാഹിത്യം** | **സാഹിത്യേതരം** |
|---|---|---|---|
| *ഭാഷാപോഷിണി* | 1930 | 77 % | 23 % |
| *മംഗളോദയം* | 1930 | 64 % | 36 % |
| *മാതൃഭൂമി* | 1932 | 18 % | 82 % |

പട്ടിക – 3.2.

സൂക്ഷ്മവിശകലനത്തിൽ, അക്കാലത്തെ ഒന്നാംനിര ആനുകാലികമായ *ഭാഷാപോഷിണി*യുടെ ഉള്ളടക്കച്ചേരുവയുടെ നേർ വിപരീതമായിരുന്നു *മാതൃഭൂമി* പിന്തുടർന്നതെന്നും കാണാം. സമകാല*ഭാഷാപോഷിണി*യുടെ 'സാംസ്കാരികവിലോമ'മായാണ് പ്രാരംഭകാല*മാതൃഭൂമി* പുറത്തുവന്നതെന്നു ചുരുക്കം.

### 3.1.3. ആദ്യകാല*മാതൃഭൂമി*: 1940-കൾ

*മാതൃഭൂമി*യുടെ 1940-കളിലെ പ്രവണതകൾ പഠിക്കാനുള്ള മാതൃകാലക്കമായി 1941 സെപ്തംബർ ഏഴ് എടുക്കുന്നു[11]. ആഴ്ചപ്പതിപ്പ് പ്രസിദ്ധീകരണമാരംഭിച്ചിട്ട് അപ്പോഴേയ്ക്ക് ഒമ്പതുവർഷം പിന്നിട്ടിട്ടുണ്ട്.

പ്രാരംഭകാലതനിമകൾ തുടരുന്നുണ്ടോ ഇല്ലയോ എന്നറിയാൻ മതിയായ അകലം, 1932-ഉം 1941-ഉം തമ്മിലുണ്ട്. ഈ ധാരണയോടെയാണ് ആകസ്മികമായി നിർണ്ണയിച്ച ഈ മാതൃകാലക്കത്തിന്റെ ഉള്ളടക്കപഠനത്തിലേയ്ക്കു നീങ്ങുന്നത്.

ഈ ലക്കത്തിലെ ഉള്ളടക്കത്തിലെ സാഹിത്യ-സാഹിത്യേതര തരംതിരിവ് ഇങ്ങനെയാണ്: സാഹിത്യയിനങ്ങൾ ഒമ്പത്.[12] ഇവയെ സാഹിത്യയിനങ്ങളായി നിശ്ചയിച്ച രീതി വിശദീകരിക്കേണ്ടതുണ്ട്.[13] 20 സാഹിത്യേതരയിനങ്ങളാണുള്ളത്.[14] സാഹിത്യേതരയിനങ്ങളുടെ നിർണ്ണയത്തിലും ചില കാര്യങ്ങൾ സവിശേഷമായി വിശദീകരിക്കേണ്ടതുണ്ട്.[15]

ഈ കാഴ്ച്ചപ്പാടിൽ, മാതൃകാലക്കത്തിന്റെ സാഹിത്യ-സാഹിത്യേതര മുൻഗണന ഇങ്ങനെയാണ്:

1. സാഹിത്യസംബന്ധിയായ ഉള്ളടക്കത്തിനു ലഭിച്ചത് 49% അച്ചടിയിടം.
2. സാഹിത്യേതരസ്വഭാവമുള്ള ഉള്ളടക്കത്തിന് 51% സ്ഥലവും.

### 3.1.4. ആദ്യകാല*മാതൃഭൂമി* : 1950കൾ

*മാതൃഭൂമി*യുടെ 1950-കളിലെ ശേഖരത്തിൽനിന്ന് മാതൃകാലക്കമായി 1950 ജനുവരി ഒന്ന് എടുക്കുന്നു.[16] *മാതൃഭൂമി*യുടെ ആദ്യകാലഘട്ടത്തിൽനിന്നെടുക്കുന്ന മൂന്നാമത്തെ ആകസ്മിക മാതൃകാലക്കമാണിത്. രണ്ടാം മാതൃകാലക്കം കഴിഞ്ഞ് ഒരു പതിറ്റാണ്ടു കൂടി പിന്നിട്ടിരിക്കുന്നു. ഉള്ളടക്കമുൻഗണനയിൽ മാറ്റങ്ങളുണ്ടെങ്കിലും ഇല്ലെങ്കിലും വ്യക്തമായി മനസ്സിലാക്കാനുള്ള കാലപരിധിതന്നെയാണിത് എന്ന ധാരണയോടെ മുന്നോട്ടുപോകുന്നു.

ഈ ലക്കത്തിൽ 20 ഇനങ്ങളാണുള്ളത്. സാഹിത്യയിനങ്ങൾ ഒമ്പത്.[17] സാഹിത്യയിനങ്ങളുടെ നിർണ്ണയരീതിയും വിശദീകരിച്ചുപോകേണ്ടതുണ്ട്. കേവലമായ പ്രതിഭാനിഷ്ഠതയ്ക്കപ്പുറം ചുറ്റുപാടുകളുമായി ബന്ധപ്പെടുത്തിയുള്ള ഭാവനാനിഷ്ഠത ആനുകാലിക ഉള്ളടക്കങ്ങളിൽ കലരുന്ന പ്രവണത ഇവിടെക്കാണുന്നുണ്ട്. അത്തരം വിഭവങ്ങളെ അക്കാരണം കൊണ്ടുതന്നെ സാഹിത്യയിനങ്ങളിൽപ്പെടുത്തി മുന്നോട്ടുപോകുന്നു.[18] സാഹിത്യേതരയിനങ്ങൾ 11 എണ്ണമുണ്ട്.[19] അവയുടെ തെരഞ്ഞെടുപ്പിന്റെ രീതി ഇങ്ങനെ ക്രോഡീകരിക്കാം.[20] *മാതൃഭൂമി*യിലെ 1950-കളിലെ മാതൃകാലക്കത്തിന്റെ ഉള്ളടക്ക വിശകലനം ഇങ്ങനെയാണ്:

1. സാഹിത്യയിനങ്ങൾക്ക് 55 ശതമാനം സ്ഥലം നീക്കിവച്ചിരിക്കുന്നു.
2. സാഹിത്യേതരയിനങ്ങൾക്ക് 45 ശതമാനവും

### 3.1.5. ആദ്യകാല*മാതൃഭൂമി*: പ്രത്യക്ഷങ്ങൾ, പ്രവണതകൾ

ഈ ഉള്ളടക്കവിശകലനം വെളിപ്പെടുത്തുന്ന ആദ്യകാല*മാതൃഭൂമി*യുടെ സവിശേഷതകൾ ഇവയാണ്:

1. പ്രാരംഭവേളയിൽ സാഹിത്യേതരയിനങ്ങൾക്ക് വലിയ മുൻഗണന നല്കിയ *മാതൃഭൂമി* പിന്നാലേ വന്ന പതിറ്റാണ്ടുകളിൽ ആ പ്രവണത നിലനിർത്തിയില്ല.
2. സമാന്തരമായി ഉള്ളടക്കത്തിൽ സാഹിത്യവിഭവങ്ങൾക്കുള്ള പ്രാധാന്യം ക്രമമായി കൂടിവരികയും ചെയ്യുന്നു. (പട്ടിക 3.3.).

ആദ്യകാല*മാതൃഭൂമി*യുടെ ഉള്ളടക്കവിശകലനത്തിലെ ഏറ്റവും ശ്രദ്ധേയമായ മറ്റൊരു ഉപലബ്ധി ഇതാണ്: 1930-കളിൽനിന്ന് 50-കളിൽ എത്തിയപ്പോഴേയ്ക്കും അച്ചടിയിടത്തിന്റെ കാര്യത്തിൽ സാഹിത്യേതരയിനങ്ങളേക്കാൾ സാഹിത്യയിനങ്ങൾക്കു മുൻതൂക്കമുള്ള ആനുകാലികമായി *മാതൃഭൂമി* മാറി. 1930-കളിൽ സാഹിത്യേതര

ആനുകാലികമായിത്തുടങ്ങിയ *മാതൃഭൂമി* 1950-കളിലെത്തിയപ്പോൾ സാഹിത്യ ആനുകാലികമായി എന്നർത്ഥം. ഇത്, ഉള്ളടക്കമുൻഗണനയിലെ ഒരു പരിണതി മാത്രമല്ല. കാരണം, രണ്ടു പതിറ്റാണ്ട് എന്നത് ഒരു ആനുകാലികത്തിന്റെ ചരിത്രത്തിൽ വളരെ ചെറിയ കാലമാണ്. അക്കാലംകൊണ്ട് ഉള്ളടക്കമുൻഗണനയിൽ ഇത്രയും വലിയ വ്യതിയാനമുണ്ടാവുക യാദൃച്ഛികമായി എഴുതിത്തള്ളാനാകില്ല. ആ ഉള്ളടക്കമുൻഗണനാമാറ്റംകൊണ്ട് ആ പ്രസിദ്ധീകരണം സാഹിത്യേതര ആനുകാലികത്തിൽനിന്ന് സാഹിത്യ ആനുകാലികത്തിലേയ്ക്ക് മാറി എന്നതാകട്ടെ കൂടുതൽ ശ്രദ്ധേയവുമാണ്. ആനുകാലിക സ്വഭാവസംബന്ധിയായ വൻ വ്യതിയാനമാണ് *മാതൃഭൂമി*യിൽ സംഭവിച്ചത്.

***താരതമ്യം:മാതൃഭൂമി*: 1930-കൾ – 1950-കൾ**

| **കാലം** | **സാഹിത്യം** | **സാഹിത്യേതരം** |
|---|---|---|
| 1930-കൾ | 18 % | 82 % |
| 1940-കൾ | 49 % | 51 % |
| 1950-കൾ | 55 % | 45 % |

പട്ടിക 3.3.

*മാതൃഭൂമി*യുടെ രംഗപ്രവേശവേളയിൽ നടത്തിപ്പുകാർക്ക് സ്വന്തം പ്രസിദ്ധീകരണത്തെക്കുറിച്ചുണ്ടായിരുന്ന ധാരണ ഇവിടെ പ്രസക്തമാണ്. ഒന്നാം ലക്കത്തിലെ 'പ്രതിവാരചിന്ത' എന്ന പംക്തിയിൽ ആഴ്ചപ്പതിപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിച്ചുകൊണ്ട് പത്രാധിപർ എഴുതിയത് ഇങ്ങനെ:

> "ഒരു വായനക്കാരന്റെ ജിജ്ഞാസകളെ നിറവേറ്റുന്നതിന്ന് ഒരു ദിനപത്രത്തിന്ന് സാദ്ധ്യമല്ല, അവയുടെ സർവ്വപ്രധാനമായ ഉദ്ദേശ്യം വാർത്താവിതരണമായതുകൊണ്ട്. ദിനപത്രങ്ങൾ

മുഖേന സാധ്യമല്ലാതെ വരുന്ന കാര്യങ്ങളുടെ നിർവ്വഹണത്തിന്നു പ്രത്യേകമായ ആഴ്ചപ്പതിപ്പുകൾകൂടി പ്രസിദ്ധീകരിക്കുന്ന സമ്പ്രദായം ഇതര ഭാഷകളിൽ സർവ്വസാധാരണമായിട്ടുണ്ട്."[21]

*മാതൃഭൂമി* ദിനപത്രത്തിന്റെ സാഹിത്യപ്പതിപ്പായല്ല *മാതൃഭൂമി* ആഴ്ചപ്പതിപ്പ് സ്വയം പ്രതിഷ്ഠിച്ചതെന്ന് ഇതിൽനിന്നു വ്യക്തം. "വായനക്കാരന്റെ ജിജ്ഞാസകളെ നിറവേറ്റ"ലാണ് ആഴ്ചപ്പതിപ്പിന്റെ ദൗത്യമായി പത്രാധിപർ മുന്നിൽവച്ചത്. ആ ജിജ്ഞാസയുടെ സ്വഭാവമെന്താണ്? "വാർത്താവിതരണം" "സർവ്വപ്രധാന"മായതിനാൽ ദിനപത്രങ്ങൾക്കു നിറവേറ്റാൻ സാധിക്കാത്ത ഒരു ദൗത്യം; ദൈനംദിനവാർത്തകളുടെ നിവേദനത്തിനിടെ പത്രത്തിന് നിറവേറ്റാൻ കഴിയാതെ പോകുന്ന ദൗത്യം. ആ ദൗത്യത്തിന്റെ ലക്ഷ്യത്തെ ദ്യോതിപ്പിക്കുന്നത് "ജിജ്ഞാസ" എന്ന വാക്കും. അറിയാനുള്ള ആഗ്രഹമാണത്. വാർത്തകളും അറിവുകൾതന്നെ. വാർത്തയ്ക്കപ്പുറമുള്ള അറിവുകളാണ് ഇവിടെ സൂചിതം. അതാണ് ആഴ്ചപ്പതിപ്പിന്റെ ലക്ഷ്യമായി പത്രാധിപർ കുറിച്ചത്. മലയാളക്കരയുടെ ആനുകാലികപൈതൃകം സർവവിഷയതയുടേതായിരിക്കേ, ആ പൈതൃകത്തോടെ പിറന്ന് സ്വന്തംകാലത്തെ വിവരപെരുമ്പാതയായി മാറിയ മുൻഗാമികളുടെ ഉദാഹരണങ്ങൾ മുന്നിലുണ്ടായിരിക്കെ, പ്രമുഖമായ മുഖ്യധാരാമാധ്യമങ്ങൾ ആ പാരമ്പര്യം കൈവെടിഞ്ഞിരിക്കേ, *മാതൃഭൂമി*പത്രാധിപരുടെ ലക്ഷ്യനിർണ്ണയം ചരിത്രപ്രധാനവും നിർണ്ണായകവുമാണ്. രണ്ടു തലത്തിൽ വ്യവഹരിക്കുന്നതാണ് ആ പ്രസ്താവന:

1. സർവ്വവിഷയത സ്വന്തം പാരമ്പര്യമായി നിശ്ചയിക്കുന്നു.
2. അതിനുള്ള ആഗ്രഹം, ജിജ്ഞാസ വായനക്കാരുടെ അവകാശമായി തിരിച്ചറിയുന്നു.

എന്നാൽ, 1973-ൽ പുറത്തിറങ്ങിയ *മാതൃഭൂമി*യുടെ ഔദ്യോഗികചരിത്രം – *മാതൃഭൂമിയുടെ ചരിത്രം* – *മാതൃഭൂമി* ആഴ്ചപ്പതിപ്പിനെ ചിത്രീകരിക്കുന്നത് "*മാതൃഭൂമി*യുടെ സേവനത്തിന്റെ സാംസ്കാരികവിഭാഗത്തെ പ്രതിനിധാനം ചെയ്തുകൊണ്ടാണ് *മാതൃഭൂമി* ആഴ്ചപ്പതിപ്പിന്റെ ആവിർഭാവം" എന്നാണ്.[22] 1932-ലെ *മാതൃഭൂമി*പത്രാധിപരുടെ നയപ്രഖ്യാപനത്തിലെ താക്കോൽപ്പദം 'ജിജ്ഞാസ' എന്നായിരുന്നെങ്കിൽ നാലു പതിറ്റാണ്ടു കഴിയുമ്പോൾ *മാതൃഭൂമി*ചരിത്രകാരന്റെ ചരിത്രാഖ്യാനത്തിൽ 'സാംസ്കാരികം' എന്ന വാക്കുകൊണ്ട് അതു പകരംവയ്ക്കപ്പെടുന്നു. 'ജിജ്ഞാസ --> സാംസ്കാരികം' എന്ന ഊന്നൽവ്യതിയാനമാണ് സംഭവിച്ചിരിക്കുന്നത്. ഈ കാലത്ത് സ്വന്തം ആനുകാലികസ്വത്വത്തെക്കുറിച്ച് *മാതൃഭൂമി* നടത്തിപ്പുകാർക്കുതന്നെയുണ്ടായ പരിഗണനാവ്യതിയാനത്തിന്റെ സൂത്രവാക്യംതന്നെയാണത്. 'ജിജ്ഞാസ' വർജ്യമായ ഒരു വാക്കല്ല. എന്നിട്ടും *മാതൃഭൂമി* ആഴ്ചപ്പതിപ്പിനെ ഉദയവേളയിൽ അടയാളപ്പെടുത്താൻ പത്രാധിപർതന്നെ ഉപയോഗിച്ച ആ പ്രയോഗത്തെ, അതേ ആനുകാലികത്തെ ചരിത്രത്തിൽ അടയാളപ്പെടുത്തുമ്പോൾ ഔദ്യോഗികചരിത്രകാരൻ ഒഴിവാക്കുന്നു. പകരം 'സാംസ്കാരികം' എന്ന വാക്കു കണ്ടെടുക്കുന്നു. 'സാംസ്കാരികം' വാഗർത്ഥപരമായി എന്തെങ്കിലും പ്രശ്നം ഉൾക്കൊള്ളുന്ന ഒരു പ്രയോഗമല്ല. പക്ഷേ, 'ജിജ്ഞാസ' ഒഴിവാക്കി പ്രതിഷ്ഠിക്കപ്പെടുമ്പോൾ 'സാംസ്കാരികത' ആർജിക്കുന്ന സാന്ദർഭികാർത്ഥം 'ജിജ്ഞാസ'യുടെ അപരം എന്നതാണ്. അതിനാൽ, ഈ പാഠതാരതമ്യത്തിൽ 'ജിജ്ഞാസ'യിൽനിന്ന് 'സാംസ്കാരിക'ത്തിലേയ്ക്ക് ഏറെ ദൂരമുണ്ട്. ഒന്ന് 'ജ്ഞാനപരത'യുടെയും മറ്റൊന്ന് 'ആഘോഷപരത'യുടെയും വാങ്മയങ്ങളായാണ് അതത് സന്ദർഭങ്ങളിൽ സ്ഥാനപ്പെടുന്നത്.

സർവ്വവിഷയത വെടിഞ്ഞ് സാഹിത്യത വരിച്ചതോടെ, സർവ്വവിഷയ*മാതൃഭൂമി* സാഹിത്യ*മാതൃഭൂമി*യായതോടെ, പൈതൃകത്തിന്റെ

നിരാസമാണ് സംഭവിച്ചത്. അപ്പോഴും, ഏത് ആനുകാലിക പരിപ്രേക്ഷ്യത്തിന്റെ വിപരീതമായാണോ തങ്ങൾ ആനുകാലിക മണ്ഡലത്തിലേയ്ക്കു പ്രവേശിച്ചത്, ആ സാഹിത്യ-സാഹിത്യേതര അംശബന്ധത്തിലേയ്ക്ക്- 1930-കളുടെ തുടക്കത്തിലെ *ഭാഷാപോഷിണി*യുടെ ഉള്ളടക്കച്ചേരുവയായ 77:23 എന്ന നിലയിലേയ്ക്ക് – *മാതൃഭൂമി* എത്തിയിരുന്നില്ല എന്നതും കാണാം. സാഹിത്യ ആനുകാലികമായി മാറിയിട്ടും 1950-കളിലെ *മാതൃഭൂമി* 1930-കളുടെ തുടക്കത്തിലെ *ഭാഷാപോഷിണി*യുടെ പുതിയകാല രൂപാന്തരീകരണമായില്ല, എന്നു ചുരുക്കം.

### 3.2. ആദ്യകാല*മാതൃഭൂമി*: അറിവുകൾക്ക് ഒരാമുഖം

സ്ഥൂലതലപ്രതിപാദനവിശകലനത്തിലൂടെ കണ്ടെത്തിയ *മാതൃഭൂമി* ആഴ്ചപ്പതിപ്പിന്റെ പ്രാരംഭകാല-ആദ്യകാലസവിശേഷതകളാണ് ഇപ്പോൾ മുന്നിലുള്ളത്. ഈ ഉപലബ്ധികളെ സൂക്ഷ്മതലവിശകലനംകൊണ്ട് എതിർപരിശോധന നടത്തുന്ന പ്രക്രിയയിലേയ്ക്കാണ് ഇനി പോകേണ്ടത്. തെരഞ്ഞെടുത്ത ചരിത്രസന്ദർഭങ്ങളുടെ ദൃഷ്ടാന്തപഠനമാണ് അതിനായി കൈക്കൊള്ളുന്നത്. പഠനകാലഘട്ടമായ 1932–60 കാലത്തെ ചില ചരിത്രഘട്ടങ്ങളോട് *മാതൃഭൂമി* ആഴ്ചപ്പതിപ്പ് കൈക്കൊണ്ട പത്രാധിപസമീപനമാണ് ഇവിടെ പരിശോധനയ്ക്കു വിധേയമാക്കുന്നത്.

സർവ്വവിഷയത ഉയർത്തിപ്പിടിച്ച് ആരംഭിച്ച ആദ്യകാല ആനുകാലികങ്ങൾ പില്ക്കാലത്ത് സാഹിത്യതയിലേയ്ക്കു മാറിയത്, ആശയപരമായി അവർക്കു പങ്കിടാൻ കഴിയാത്ത സമകാലികാവസ്ഥയിൽനിന്നുള്ള ഒളിച്ചുപോക്കായിരുന്നു എന്നാണ് കഴിഞ്ഞ അദ്ധ്യായത്തിൽക്കണ്ടത്. പ്രാരംഭകാല*മാതൃഭൂമി*യും ആദ്യകാല ആനുകാലികങ്ങൾക്കു പിന്നാലേ, അവയെപ്പോലെ പെരുമാറി എന്നാണ് ഈ അദ്ധ്യായത്തിന്റെ ആദ്യഭാഗത്ത്, സ്ഥൂലതലപഠനത്തിലൂടെ കണ്ടെത്തിയത്. ഈ ഘട്ടത്തിൽ ഉയർന്നുവരുന്ന ഈ ചോദ്യങ്ങൾ ഇവയാണ്.

1) തീവ്രസർവ്വവിഷയതയിൽ തുടങ്ങിയ *മാതൃഭൂമി*, സാഹിത്യതയിലേയ്ക്കു മാറിയത് സാമൂഹികതയിൽനിന്നുള്ള പിന്മാറ്റമായിരുന്നുവോ?
2) 1932-ൽ ഉയർത്തിപ്പിടിച്ച സാർവ്വവിഷയത പിന്നാലേവന്ന 1960 വരെയുള്ള കാലത്ത് എന്തുകൊണ്ട് *മാതൃഭൂമിക്ക്* ഉപേക്ഷിക്കേണ്ടി വന്നു?
3) *മാതൃഭൂമിക്ക്* ഒഴിവാക്കേണ്ട എന്തെങ്കിലും അക്കാലത്തെ സാമൂഹികതയിൽ - അതിന്റെ മർമ്മമായ രാഷ്ട്രീയത്തിൽ - ഉണ്ടായിരുന്നോ?

ഇവയ്ക്ക് ഉത്തരം തരാൻ കഴിവുള്ള പ്രശ്നസന്ദർഭങ്ങളാണ് ഇവിടെ തെരഞ്ഞെടുക്കുന്നത്.

### 3.2.1. പ്രശ്നപഠനം 1: ഗാന്ധിജിയുടെ നിരാഹാരം

ഒന്നാമത്തെ ദൃഷ്ടാന്തമായി 1932-ൽ ഗാന്ധിജി നടത്തിയ നിരാഹാരം എടുക്കുന്നു. ഈ സത്യാഗ്രഹം ഒരാഴ്ച നീണ്ടുനിന്നു. സെപ്തംബർ 20 മുതൽ 26 വരെ. അധഃകൃതർക്ക് സംവരണമണ്ഡലങ്ങൾ ഏർപ്പെടുത്തുന്നതിന് ബ്രിട്ടീഷ് ഭരണാധികാരികൾ കൊണ്ടുവന്ന കമ്യൂണൽ അവാർഡിനെതിരേയായിരുന്നു സമരം. ഗാന്ധിജി പൂണെയിൽ യാർവാദാ ജയിലിൽ കഴിയുമ്പോൾ സമരം തുടങ്ങി. അവാർഡിലെ വ്യവസ്ഥകൾ സർക്കാർ പിൻവലിച്ചതിനെത്തുടർന്നാണ് സമരം തീർന്നത്. [23]

മരണംവരെ നിരാഹാരം തുടങ്ങാൻ ഗാന്ധിജി തീരുമാനിച്ച വിവരം *മാതൃഭൂമി* ഒരു ലേഖനത്തിലൂടെ വായനക്കാരെ അറിയിക്കുന്നുണ്ട്:[24]

> "അധഃകൃതവർഗ്ഗക്കാരെ മറ്റുള്ളവരിൽനിന്നു വേർതിരിച്ചുനിർത്തി അവർക്കു പ്രത്യേകമായി പ്രാതിനിധ്യം നല്കിയതിനെ പ്രതിഷേധിപ്പാനായി ഗാന്ധിജി മരണംവരെ നിരാഹാരവ്രതം അനുഷ്ഠിപ്പാൻ തീർച്ചപ്പെടുത്തിയിരിക്കുന്നതായി അറിയുന്നു".[25]

ലേഖനത്തിന്റെ സ്ഥലവിന്യാസവിലയിരുത്തൽ ഇങ്ങനെയാണ്:

1. ലേഖനത്തിന്റെ ദൈർഘ്യം മൂന്നേ മുക്കാൽ പേജ്.[26]
2. മൊത്തം അച്ചടിയിടത്തിന്റെ 15.62% ഇതിനു നീക്കിവച്ചു.

ഗാന്ധിജിയുടെ നിരാഹാരപ്രഖ്യാപനത്തോട് *മാതൃഭൂമി*യുടെ പ്രതികരണം മികച്ചതായിരുന്നു എന്നാണ് ഒറ്റനോട്ടത്തിൽ വിലയിരുത്താവുന്നത്. ഇനം ലേഖനമായതും അതിന് സാമാന്യം ഇടമനുവദിച്ചതും അതിന്റെ സാക്ഷ്യങ്ങളാണ്.

ഗാന്ധിജിയുടെ നിരാഹാരത്തിന്റെ ചരിത്രപശ്ചാത്തലത്തിലേയ്ക്കു കടക്കേണ്ടത് ഇവിടെ ആവശ്യമാണ്. നിരാഹാരപ്രഖ്യാപനം ആകസ്മികമായിരുന്നില്ല. ആറുമാസത്തെയെങ്കിലും മുന്നൊരുക്കം അതിനുണ്ട്.[27] വൻസംഭവമായാണ് കോൺഗ്രസ് സമരം കൈകാര്യം ചെയ്തത്. സമരം പിൻവലിക്കുമ്പോൾ നാരങ്ങാനീരു നല്കാൻ രവീന്ദ്രനാഥ് ടാഗോർതന്നെ എത്തിയിരുന്നു. ആ സന്ദർഭത്തിലാണ് അദ്ദേഹം ഗാന്ധിജിയെ 'മഹാത്മാവ്' എന്ന് ആദ്യമായി വിളിച്ചത്.[28] ഗാന്ധിജിയുടെ സമരം, സാന്ദർഭികവിജയവും ദീർഘകാലനേട്ടവും സൃഷ്ടിച്ചുകൊണ്ടാണ് പര്യവസാനിച്ചതെന്ന് ദേശീയപ്രസ്ഥാനചരിത്രം പറയാറുമുണ്ട്.[29]

ദേശീയസ്വാതന്ത്ര്യസമരത്തിലെ പ്രധാനപ്പെട്ട ഒരു ഏടായിരുന്നിട്ടും, കാലേക്കൂട്ടി നിശ്ചയിക്കപ്പെട്ടതായിരുന്നിട്ടും, ഗാന്ധിജിയുടെ നിരാഹാരസമരത്തിന് *മാതൃഭൂമി* നല്കിയ പരിഗണനയ്ക്ക് ചില 'പരിമിതി'കളും ഉണ്ടായിരുന്നു.

1. ഉപവാസം ജനങ്ങളെ അറിയിച്ചുകൊണ്ടുള്ള ലേഖനം മുഖ്യയിനമായിരുന്നില്ല.
2. ഒന്നാമിനമായി ഇടംപിടിച്ചത് ഒരു കവിതയാണ്.[30]
3. രണ്ടാമത്തെ ഇനം ഗാന്ധിജിയെക്കുറിച്ചുള്ള ലേഖനമാണെങ്കിലും, രാഷ്ട്രീയേതരസ്വഭാവമുള്ള മൃദുവിഭവമാണ്.[31]

അന്നത്തെ ആനുകാലികങ്ങളുടെ പതിവു പിന്തുടർന്നുകൊണ്ടാണ് *മാതൃഭൂമി* ഒന്നാമിനമായി കവിത ഉൾക്കൊള്ളിച്ചത്. *ഭാഷാപോഷിണി* 'ഈശ്വരപ്രാർത്ഥന' എന്ന പൊതുശീർഷകത്തിൽ ആ സ്വഭാവത്തിലുള്ള കവിതകൾ ഒന്നാമിനമായി പ്രസിദ്ധീകരിച്ചുകൊണ്ടാണ് അക്കാലത്തു പുറത്തിറങ്ങിയിരുന്നത്.[32] പൊതുചടങ്ങുകൾ തുടങ്ങുമ്പോൾ പ്രാർത്ഥന നടത്തുന്ന സാമൂഹികവഴക്കം ആനുകാലികത്താളുകളിലേയ്ക്കു പരിവർത്തിപ്പിക്കുകയായിരുന്നു *ഭാഷാപോഷിണി*. *മംഗളോദയ*മാകട്ടെ മാസികയുടെ ആദ്യ പേജ്തന്നെ കവിതയ്ക്കു നീക്കിവച്ചെങ്കിലും ആദ്യകവിത പ്രാർത്ഥനയായിരുന്നില്ല. മുഖ്യധാരാകവിതകൾതന്നെ മാസികയുടെ തുടക്കത്തിൽ ഉപയോഗിക്കുക എന്ന മാറ്റം, *മംഗളോദയം* വരുത്തി.[33] അക്കാര്യത്തിൽ മലയാളത്തിലെ മുഖ്യധാരാ ആനുകാലികരീതിമാതൃകയുടെ 'രൂപം' തുടരുകയും 'ഉള്ളടക്കം' പുതുക്കുകയുമായിരുന്നു *മംഗളോദയം* ചെയ്തത്. *മാതൃഭൂമി*യും *മംഗളോദയ*ത്തിന്റെ പാതയിൽ നീങ്ങി. മുഖ്യധാരാകവിതകൾക്ക് ഒരു മുഴുവൻ പേജ്, ഒന്നാം പേജ്, നീക്കിവച്ചാണ് *മാതൃഭൂമി* പുറത്തിറങ്ങിയത്.[34] ഗാന്ധിജിയുടെ നിരാഹാരം വാർത്തയാക്കേണ്ടി വന്ന ലക്കത്തിലും ഈ വഴക്കമാണ് *മാതൃഭൂമി* തുടർന്നത്. ആ സമകാലികകീഴ്‌വഴക്കം, അതു മുൻനിർത്തി സ്വയം ഏർപ്പെടുത്തിയിരുന്ന ആനുകാലികസംവിധാനത്തിലെ രേഖീയത, മാറ്റിവയ്ക്കേണ്ട ഒരു സന്ദർഭമായി ഗാന്ധിജിയുടെ നിരാഹാരവേളയെ *മാതൃഭൂമി* കണ്ടില്ല.

രണ്ടാമിനമായി വരുന്ന, ഗാന്ധിജിയെക്കുറിച്ചുള്ള മൃദുവിഭവമായ ലേഖനം, നിരാഹാര തീരുമാനത്തിന്റെ പശ്ചാത്തലത്തിലല്ല പ്രസിദ്ധീകരിച്ചിരിക്കുന്നത്. അതിനാൽത്തന്നെ, നിരാഹാരമറിയിക്കുന്ന ലേഖനത്തിന്റെ ഉപവിഭവമായി അത് എണ്ണുന്നതും ശരിയല്ല.

ഈ പ്രത്യക്ഷങ്ങളിൽ കണ്ടെടുക്കാവുന്ന നിരീക്ഷണങ്ങൾ ഇവയാണ്:

1. ഗാന്ധിജിയുടെ നിരാഹാരസമരവേളയിൽ *മാതൃഭൂമി* ഒരു 'പ്രചാരണ'ത്തിലേയ്ക്ക് നീങ്ങി.
2. കൂടുതൽ അച്ചടിയിടമനുവദിച്ച് ആ പ്രശ്നത്തിന് ആ ആഴ്ചയിലെ 'വലിയ ഇനം' എന്ന സ്ഥാനം നല്കി.
3. എങ്കിലും, ലേഖനത്തിന് ലക്കത്തിലെ ഒന്നാമിനം എന്ന പദവി നല്കിയില്ല.
4. സ്വയം സ്വീകരിച്ച അനുക്രമണപദ്ധതിയനുസരിച്ച് ആ പരിഗണന ഒരു കവിതയ്ക്കു നല്കി.

ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ പ്രചാരണത്തിനായി സ്വയം സമർപ്പിച്ച *മാതൃഭൂമി* ആ പ്രസ്ഥാനത്തിന്റെ പരമോന്നതനേതാവിന്റെ മരണംവരെയുള്ള നിരാഹാരസമരപ്രവേശത്തിന് 'വലിയ ഇനം' എന്ന പദവി നല്കിയതിൽ അത്ഭുതമില്ല. എന്നാൽ, എല്ലാ അളവുകോലുകൾ വച്ചും ഒന്നാമത്തെ ഇനമായി അതു മാറ്റാത്തത് പഠനാർഹവുമാണ്.

*മാതൃഭൂമി*യുടെ പത്രപ്രവർത്തനസമീപനത്തിൽനിന്നാണ് ഈ തീരുമാനങ്ങൾ ഉണ്ടായതെന്നു കരുതണം. ആ പ്രസിദ്ധീകരണത്തിന്റെ പ്രൊഫഷനലിസം അതിനു പിന്നിലുണ്ടാകാം എന്നർത്ഥം. കോൺഗ്രസ്സിന്റെ നാവായി പുറത്തിറങ്ങുമ്പോഴും ആ രാഷ്ട്രീയകക്ഷിയുടെ രാഷ്ട്രീയമായ അനുശീലനങ്ങൾ യാന്ത്രികമായി പിന്തുടരുകയായിരുന്നില്ല *മാതൃഭൂമി*. ഈ സ്വാഭാവികപൂർവ്വനിശ്ചയം മുന്നിൽവച്ച് അക്കാര്യം അന്വേഷിക്കാവുന്നതാണ്.

### 3.2.1.1 പ്രാരംഭകാല*മാതൃഭൂമി*: പരസ്യങ്ങളുടെ പഠനം

ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ രാഷ്ട്രീയതീരുമാനങ്ങളെ അതിവർത്തിക്കുന്ന പ്രൊഫഷനലിസം *മാതൃഭൂമി*ക്കുണ്ടായിരുന്നോ എന്നതു കണ്ടെത്താനായി പരസ്യങ്ങളോട് *മാതൃഭൂമി* എടുത്ത സമീപനം പരിശോധിക്കാം. ഇതിന്നായി *ഭാഷാപോഷിണി*, *മംഗളോദയം*, (1930)

*മാതൃഭൂമി* (1932) എന്നിവയുടെ മാതൃകാലക്കങ്ങളിലെ പരസ്യങ്ങളുടെ വിശകലനത്തിലേയ്ക്കുപോകാം.

*ഭാഷാപോഷിണി*യിൽ രണ്ടു പരസ്യങ്ങളാണ് ഉള്ളത്.[35] *മംഗളോദയ*ത്തിൽ നാല്.[36] *മാതൃഭൂമി*യിൽ 12-ഉം.[37] *ഭാഷാപോഷിണി* നാലു ശതമാനവും *മംഗളോദയം* രണ്ടു ശതമാനവും *മാതൃഭൂമി* ഒമ്പതു ശതമാനവും അച്ചടിയിടം പരസ്യങ്ങൾക്കു നീക്കിവച്ചു (പട്ടിക 3.4.)

**താരതമ്യം :ആനുകാലികങ്ങളിലെ പരസ്യങ്ങൾ (1930 – 32)**

| **പ്രസിദ്ധീകരണം** | **പരസ്യങ്ങളുടെ എണ്ണം** | **പരസ്യങ്ങൾക്കുള്ള ഇടം** |
|---|---|---|
| *ഭാഷാപോഷിണി* | 02 | 04 % |
| *മംഗളോദയം* | 04 | 01 % |
| *മാതൃഭൂമി* | 12 | 09 % |

പട്ടിക 3.4.

*ഭാഷാപോഷിണി*യിലെ ആദ്യപരസ്യം 'ദി ഇന്ത്യൻ എജ്യുക്കേറ്റർ' എന്ന പ്രസിദ്ധീകരണത്തിന്റേതാണ്.[38] സാർവ്വദേശീയപ്രചാരമുള്ള ഒരു ഇംഗ്ലീഷ് ആനുകാലികം.[39] എങ്കിലും, *ഭാഷാപോഷിണി*യിൽ ഈ പരസ്യം പ്രത്യക്ഷപ്പെടുന്നത് ഇന്ത്യൻ എജ്യുക്കേറ്ററിന് തിരുവിതാംകൂറിൽ പ്രതിനിധിയുള്ളതിനാലാണ്.[40] പരസ്യദാതാക്കൾ *ഭാഷാപോഷിണി*യെ തേടിവന്നത് പ്രാദേശികവിപണിയിൽനിന്നാണ് എന്നർത്ഥം. *ഭാഷാപോഷിണി*യിലെ രണ്ടാമത്തെ പരസ്യം പ്രാദേശികമാണ്.[41]

*മംഗളോദയ*ത്തിലെ നാലു പരസ്യങ്ങളിൽ രണ്ടും *മംഗളോദയ*ത്തിന്റേതു തന്നെ.[42] ബാക്കിയുള്ള രണ്ടെണ്ണത്തിൽ ഒന്ന് കൊച്ചി രാജ്യത്തുനിന്നും[43] ഒന്ന് മലബാറിൽനിന്നും[44] ഉള്ളതും. പ്രസിദ്ധീകരിക്കുന്ന നാട്ടുരാജ്യത്തിന്റെ പരിധിക്കു

പുറത്തുനിന്ന് *മംഗളോദയ*ത്തിനു പരസ്യം ലഭിച്ചു. എന്നാൽ, മലയാളം സംസാരിക്കുന്ന പ്രദേശത്തുനിന്നായിരുന്നു അതെന്നതും ഒപ്പം ശ്രദ്ധേയം.

*മാതൃഭൂമി*യിലെ 12 പരസ്യങ്ങളിൽ രണ്ടെണ്ണം സ്വന്തം പരസ്യങ്ങളാണ്.[45] അഞ്ചെണ്ണം മലബാർ - കൊച്ചി പരസ്യങ്ങളും.[46] ഏഴെണ്ണം ദേശീയപരസ്യങ്ങളാണ്.[47] നാട്ടുഭാഷാ – പ്രാദേശിക പ്രസിദ്ധീകരണമായിട്ടും ദേശീയപരസ്യദാതാക്കളെ ആകർഷിക്കാൻ *മാതൃഭൂമി*ക്കു കഴിഞ്ഞു. ദേശീയപരസ്യങ്ങളിൽ ചിലതെങ്കിലും ദേശീയതയുയർത്തിപ്പിടിക്കുന്ന പ്രസിദ്ധീകരണം എന്ന നിലയ്ക്കാണ് *മാതൃഭൂമി*യെ തേടിയെത്തിയത്.[48] *മാതൃഭൂമി*യുടെ സദസ്സ് ദേശീയതയുടേതു കൂടിയാണെന്ന ധാരണ പരസ്യദാതാക്കൾക്കുണ്ടായിരുന്നുവെന്നു കാണാം.[49] അവിടെ *മാതൃഭൂമി*ക്ക് രാഷ്ട്രീയനിലപാടു തുണയായി. എന്നാൽ, സാധാരണക്കാരും[50] യാഥാസ്ഥിതികർപോലും[51] *മാതൃഭൂമി*വായനക്കാരിലുണ്ടെന്ന ധാരണയും പരസ്യദാതാക്കൾക്കുണ്ടായിരുന്നു. ആധുനികോന്മുഖഭാരതത്തിലെ മധ്യവർഗ്ഗത്തിന്റെ ഉത്കർഷേച്ഛയെ ലക്ഷ്യംവയ്ക്കുന്ന പരസ്യവും *മാതൃഭൂമി*യിൽ ഇടംപിടിക്കുന്നു.[52] രാഷ്ട്രീയനിലപാടുമൂലം വരാവുന്ന അസ്വീകാര്യത അവിടെ *മാതൃഭൂമി*യെ ബാധിച്ചില്ല. ഏറ്റവും ശ്രദ്ധേയം, മറുഭാഷാപ്രദേശങ്ങളിൽനിന്നുള്ള പരസ്യങ്ങളും *മാതൃഭൂമി*ക്കു കിട്ടി എന്നതാണ്.

മൂന്നു പ്രസിദ്ധീകരണങ്ങളുടെയും പരസ്യസമാഹരണരീതിയെ ഇങ്ങനെ താരതമ്യപ്പെടുത്താം:

1. *ഭാഷാപോഷിണി*യും *മംഗളോദയ*വും പ്രാദേശികപരസ്യവിപണിയിൽനിന്ന് കിട്ടിയ പരസ്യങ്ങൾ നല്കുകയായിരുന്നു.
2. *മാതൃഭൂമി* ദേശീയപരസ്യവിപണിയിൽനിന്നു പരസ്യം നേടി.
3. *മാതൃഭൂമി*യിലെ ദേശീയപരസ്യങ്ങളുടെ എണ്ണക്കൂടുതലും (7:5) ഉറവിടങ്ങളുടെ (ബോംബെ, കൽക്കത്ത) സവിശേഷതയും (വിദൂരത, മഹാനഗരസ്വഭാവം, മലയാളിസാന്നിദ്ധ്യം)

കണക്കിലെടുക്കുമ്പോൾ അവയുടെ സമാഹരണത്തിനു പിന്നിലെ ആസൂത്രണത്തിന്റെ സാന്നിദ്ധ്യം പ്രകടമാണ്.

പരസ്യത്തെ, പരസ്യവിപണിയെ, ബോധപൂർവ്വവും ആസൂത്രിതവുമായി ഉപയോഗിക്കുന്നത് കൊളോണിയൽ ആധുനികതയുടെ ഒരടയാളമായിക്കാണണം. അങ്ങനെയെങ്കിൽ, പരസ്യങ്ങൾ അളവുകോലായെടുക്കുമ്പോൾ *ഭാഷാപോഷിണി*യും *മംഗളോദയ*വും പ്രാചീനോന്മുഖതയും *മാതൃഭൂമി* ആധുനികോന്മുഖതയും പ്രകടിപ്പിക്കുന്നു എന്ന നിഗമനത്തിലെത്താം.

കോൺഗ്രസ് പ്രസിദ്ധീകരണമായിരുന്നിട്ടും പ്രസിദ്ധീകരണങ്ങളിൽ അധാർമ്മികം എന്നു കരുതപ്പെടുന്ന പരസ്യങ്ങൾ ഉപേക്ഷിക്കുക / ധാർമികമായി മാത്രം പരസ്യങ്ങൾ സ്വീകരിക്കുക എന്ന ഗാന്ധിജിയുടെ മാതൃക[53] *മാതൃഭൂമി* പിൻതുടർന്നില്ല. പരസ്യങ്ങളെക്കുറിച്ച് ഗാന്ധിജി പറഞ്ഞത് ചരിത്രത്തിനു മുന്നിലെന്ന പോലെ *മാതൃഭൂമി*ക്കു മുന്നിലും 1932-ൽ ഉണ്ടായിരുന്നു:

> "പരസ്യങ്ങൾ ചേർക്കുന്നതിന് തുടക്കം മുതലേ ഞാനെതിരായിരുന്നു. അതുകൊണ്ട്, എന്തെങ്കിലും തരക്കേടുണ്ടായതായി തോന്നിയിട്ടില്ല. പത്രത്തിന്റെ സ്വാതന്ത്ര്യം നിലനിർത്താൻ കഴിഞ്ഞു."[54]

ആത്മകഥയായ *എന്റെ സത്യാന്വേഷണപരീക്ഷക*ളിൽ 'നവജീവനും യംഗ് ഇന്ത്യയും' എന്ന ഭാഗത്താണ് ഈ പരാമർശം. *എന്റെ സത്യാന്വേഷണപരീക്ഷകൾ* പ്രസിദ്ധീകരിക്കുന്നത് 1925-ലാണ്. ആനുകാലികങ്ങളിൽ പരസ്യങ്ങൾ സ്വീകരിക്കുന്നതിനെതിരായ ഗാന്ധിജിയുടെ സങ്കല്പം പുറത്തുവന്ന് ഏഴു വർഷം കഴിഞ്ഞാണ് *മാതൃഭൂമി* ആഴ്ചപ്പതിപ്പ് പുറത്തിറങ്ങുന്നത് എന്നർത്ഥം. അതിനു മുമ്പും പത്രങ്ങളും പ്രസിദ്ധീകരണങ്ങളും പരസ്യങ്ങൾ സ്വീകരിക്കുന്നതിനെ സംബന്ധിച്ച

ഗാന്ധിജിയുടെ നയം രഹസ്യമായിരുന്നില്ല. ദക്ഷിണാഫ്രിക്കയിൽ *ഇന്ത്യൻ ഒപ്പീനിയൻ* പുറത്തിറക്കിയപ്പോഴും പ്രസിദ്ധീകരണങ്ങളിൽ പരസ്യങ്ങൾ നല്കുന്നതിനെ അനുകൂലിക്കുന്ന നിലപാടിലായിരുന്നില്ല ഗാന്ധിജി. എല്ലാ പരസ്യങ്ങളും സ്വീകരിക്കരുത് എന്ന അദ്ദേഹത്തിന്റെ നിലപാടുമൂലം *ഇന്ത്യൻ ഒപ്പീനിയ*നിൽ പരസ്യങ്ങൾ കുറയുന്നുണ്ട്.[55] ഉല്പാദകർ പരസ്യം നല്കുന്നതിനും ഗാന്ധിജി എതിരായിരുന്നു. പരസ്യങ്ങൾ 99 ശതമാനവും പ്രയോജനരഹിതമാണെന്നും പരസ്യങ്ങളില്ലെങ്കിൽ ഏതൊരുല്പന്നത്തിന്റെയും വില പകുതിയിൽത്താഴെയേ വരൂ എന്നും അദ്ദേഹം വിശ്വസിച്ചു. ഉപഭോക്തൃപക്ഷത്തും ഗ്രാമസ്വരാജ് സങ്കല്പത്തിലും നിന്നുകൊണ്ടാണ് ഗാന്ധിജി പരസ്യങ്ങളെ കണ്ടത്.

അവയൊന്നും പരസ്യങ്ങളോടുള്ള *മാതൃഭൂമി*യുടെ സമീപനത്തിൽ ഉൾച്ചേർന്നില്ല. *മാതൃഭൂമി*യിലെ പരസ്യങ്ങൾ കുട[56], ആനുകാലികങ്ങൾ[57], ആയുർവ്വേദ മരുന്ന്[58], ചിത്രകല[59], സ്റ്റേഷനറി[60], സുഗന്ധദ്രവ്യം[61], കടലാസ്[62], ജീവരക്ഷാധനച്ചാർത്ത്[63], ഫോട്ടോ സ്റ്റുഡിയോ[64] എന്നീ വിഭാഗങ്ങളിൽ വരുന്നവയാണ്. ഇവയിൽ, ഒരു പരസ്യമെങ്കിലും മൂന്നു കാരണങ്ങളാൽ ഗാന്ധിജിയുടെ പരസ്യസങ്കല്പങ്ങൾക്ക് നേരേ എതിരുമാണ്:

1. സുഗന്ധദ്രവ്യം ഒരു ആർഭാട വസ്തുവാണ്
2. അവ വാങ്ങിയാൽ വാച്ചുകൾ സൗജന്യമായി വാഗ്ദാനം ചെയ്യുകയാണ് ഭാരത് യൂണിയൻ ട്രേഡിംഗ് കമ്പനി ചെയ്യുന്നത്.
3. വില്പനവസ്തുവായ സുഗന്ധദ്രവ്യമല്ല സൗജന്യമായി നല്കുന്ന വാച്ചുകളാണ് പരസ്യപാഠത്തിൽ വാചാലമായി - ശീർഷകത്തിലും ചിത്രത്തിലും - പ്രതിപാദിക്കപ്പെടുന്നത് എന്ന അധാർമികത പരസ്യത്തിലുണ്ട്.[65]

### 3.2.1.2. പ്രാരംഭകാല*മാതൃഭൂമി*: പ്രൊഫഷനലിസം

ഒരു രാഷ്ട്രീയകക്ഷിയുടെ മുഖപ്രസിദ്ധീകരണമായി പുറത്തിറങ്ങിയപ്പോഴും *മാതൃഭൂമി* ആഴ്ചപ്പതിപ്പ് ഒരു മുഖ്യധാരാപ്രസിദ്ധീകരണത്തിന്റെ സവിശേഷതകൾ ഉൾക്കൊണ്ടിരുന്നു എന്നതാണ് ഈ പ്രത്യക്ഷങ്ങൾ മുന്നോട്ടുവയ്ക്കുന്ന നിഗമനം. ആദ്യകാല*മാതൃഭൂമി*യുടെ തനിമകളിലൊന്നായി അവരുടെ മാധ്യമസമീപനത്തെ – പ്രൊഫഷനലിസത്തെ - എണ്ണാം. ഈ പ്രൊഫഷനൽ സമീപനത്തിൽനിന്നാണ് ഗാന്ധിജിയുടെ ആമരണനിരാഹാര സമരത്തോടുള്ള *മാതൃഭൂമി*യുടെ പത്രാധിപസമീപനം പിറന്നത് എന്ന നിഗമനത്തിൽ എത്തുകയും ചെയ്യാം.

### 3.2.2. പ്രശ്നപഠനം 2: ബീനാ ദാസ്

സ്വാതന്ത്ര്യസമരസേനാനി ബീനാ ദാസ് (1911- 86) 1932 ഫെബ്രുവരിയിലാണ് ചരിത്രത്തിൽ ഇടംപിടിച്ചത്; കൽക്കത്ത സർവ്വകലാശാലയിൽ കോൺവൊക്കേഷൻ ഹാളിൽ നടന്ന ബിരുദദാനസമ്മേളനത്തിൽവച്ച് ബംഗാൾ ഗവർണർ സ്റ്റാൻലി ജാക്സനെ[66] വെടിവച്ചു കൊല്ലാൻ ശ്രമിച്ചതോടെ. ഫെബ്രുവരി ആറിനു നടന്ന ആ വധശ്രമത്തിൽനിന്ന് ഗവർണർ രക്ഷപ്പെട്ടു.[67] ബീനയുടേത് ഒരു ഒറ്റയാൾ ആക്രമണമായിരുന്നു. [68] ഗവർണർക്കു നേരേ നിറയൊഴിക്കുമ്പോൾ വൈസ് ചാൻസലർ ബീനയെ വട്ടം പിടിച്ചതുകൊണ്ടു കൂടിയാണ് ഗവർണർ രക്ഷപ്പെട്ടത്.[69] ഒരാഴ്ചകൊണ്ട് പ്രത്യേക ട്രൈബ്യൂണലിൽ നടപടി പൂർത്തിയാക്കി ആ യുവതിയെ ഒമ്പതു കൊല്ലത്തെ കഠിനതടവിനു ശിക്ഷിച്ചു.[70] കോടതിയിൽ ബീന പറഞ്ഞ വാക്കുകൾ ഏറെ വാർത്താ പ്രാധാന്യം നേടി.[71] 'അഗ്നികന്യ' എന്നാണ് അവർ അറിയപ്പെട്ടത്. ഏകാന്തതടവു ശിക്ഷയ്ക്കിരയാകുകയും ജയിലിലെ ക്രൂരതയ്ക്കെതിരേ നിരാഹാരം നടത്തുകയും ആൻഡമാനിലേയ്ക്ക് അയയ്ക്കപ്പെടുകയും ടാഗോറിന്റെ

ഇടപെടലിനെത്തുടർന്ന് ഇന്ത്യൻ ജയിലേയ്ക്കു തിരിച്ചയയ്ക്കപ്പെടുകയും ചെയ്ത് ബീന പിന്നെയും കുറേക്കാലം വാർത്തയിൽ നിറഞ്ഞുനിന്നു.[72]

*മാതൃഭൂമി*യിൽ 1932 ഫെബ്രുവരി 15-ന്റെ ലക്കത്തിൽ[73] ആണ് വധശ്രമം കടന്നുവരുന്നത്.[74] വാർത്തയുടെ വിന്യാസവിവരങ്ങൾ ഇങ്ങനെയാണ്:

1. വാർത്തയുടെ സ്ഥാനം 'വർത്തമാനച്ചുരുക്കം' പംക്തിയിൽ.
2. പംക്തിക്കുള്ളിലെ ഇടം 'ഭാരതം' എന്ന ഉപശീർഷകത്തിനു താഴെ.
3. വാർത്തയുടെ പദവി എട്ടാമത്തെ ഇനം എന്നത്.
4. കോളം വിന്യാസം - ഒറ്റ കോളം
5. വാർത്തയുടെ നീളം 15 സെന്റീ മീറ്റർ
6. ഫോട്ടോ ഇല്ല. [75]

പതിനാറുകൊല്ലത്തിനുശേഷം, 1946 ജനുവരി ആറിന്റെ[76] ലക്കത്തിൽ ഒരു ലേഖനമായി ബീനയുടെ കഥ വീണ്ടും *മാതൃഭൂമി*യിൽ വന്നു (7).[77] വിശദാംശങ്ങൾ ഇങ്ങനെ:

1. ഇടം വനിതാലോകത്തിൽ
2. പദവി മുഖ്യലേഖനം
3. തലക്കെട്ട് - 'അനീതികളോടുള്ള പ്രതിഷേധം. ബങ്കാൾ (ഗ്ര.പാ. ) ഗവർണ്ണരെ വെടിവെച്ച വീണാ (ഗ്ര. പാ.) ദാസ്'
4. സവിശേഷത – കോടതിപ്രസ്താവന കൊടുത്തിരിക്കുന്നു.

ആദ്യകാലത്ത് സ്വാതന്ത്ര്യസമരത്തിലെ സായുധസമരധാരയിലായിരുന്നു ബീന. വധശ്രമത്തിനു ശിക്ഷിക്കപ്പെട്ടു ജയിലിൽ കഴിഞ്ഞ അവർ 1939-ലാണ് ശിക്ഷ കഴിഞ്ഞു പുറത്തുവന്നത്. 1942-ൽ കോൺഗ്രസ്സിൽ ചേർന്നു. അതായത്, സായുധസമരപാത വിട്ട് സ്വാതന്ത്ര്യസമരത്തിന്റെ മുഖ്യധാരയിലേയ്ക്ക്. കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്തു. അങ്ങനെ വീണ്ടും 1942-45 കാലത്ത്

ജയിൽവാസമനുഭവിച്ചു. അതും കഴിഞ്ഞ് പുറത്തിറങ്ങിയതിനു പിന്നാലേയാണ് *മാതൃഭൂമി* ബീനാ ദാസിനെക്കുറിച്ചുള്ള രണ്ടാമത്തെ ഇനം പ്രസിദ്ധീകരിച്ചത്.

പ്രാരംഭകാല*മാതൃഭൂമി* കോൺഗ്രസ്സിന്റെ നാവായിരുന്നു. ഗാന്ധിജി ഉയർത്തിപ്പിടിച്ച അഹിംസയായിരുന്നു അതിന്റെ നിലപാട്. അതുകൊണ്ടാണ്, സ്വാതന്ത്ര്യസമരത്തിലെ അദ്ധ്യായമായിരുന്നിട്ടും, മറുനാടൻ ആധിപത്യത്തിനെതിരേ നടന്ന ധീരതയും ത്യാഗവും നിറഞ്ഞ ഒരു നടപടിയായിരുന്നിട്ടും, അതുണ്ടായത് ഒരു യുവതിയിൽ നിന്നായിട്ടുപോലും അതിനെ നിസ്സാരവത്കരിക്കാൻ *മാതൃഭൂമി* തയ്യാറായത് എന്ന വശം കാണാതിരുന്നു കൂടാ. എന്നാൽ, 1946-ലെ *മാതൃഭൂമി* ലേഖനത്തിൽ മുന്തിയ പരിഗണന നല്കിയത് കൽക്കത്താ ഗവർണറെ ആക്രമിച്ച പഴയ സംഭവത്തിനായിരുന്നു. 1946-ലെ ലേഖനമെഴുതുമ്പോൾ രണ്ടു ബീനാ ദാസുമാർ *മാതൃഭൂമി*യുടെ മുന്നിലുണ്ടായിരുന്നു. 1932-42 കാലത്തെ ബീനാ ദാസും 1942-45 കാലത്തെ ബീനാ ദാസും. സ്വന്തം പൈതൃകത്തിൽ ഉറച്ചു നിന്നിരുന്നെങ്കിൽ, രണ്ടാമത്തെ ബീനാ ദാസിനെ അംഗീകരിച്ചും ആദ്യത്തെ ബീനാ ദാസിനെ പരാമർശിച്ചും വേണ്ടിയിരുന്നു ലേഖനം. എന്നാൽ, *മാതൃഭൂമി* ചെയ്തത് തിരിച്ചാണ്. ആദ്യകാല ബീനാ ദാസിനെ കൂടുതൽ തിളക്കത്തോടെ വരച്ചുകാട്ടി. അവർ 1932-ൽ കോടതിയിൽ നല്കിയ പ്രസ്താവന ദീർഘമായി പ്രസിദ്ധീകരിച്ചു. *മാതൃഭൂമി*യെ സംബന്ധിച്ചിടത്തോളം 1932-ൽ ആ ഉള്ളടക്കത്തിന് കോൺഗ്രസ്സിനെ എതിർത്ത ഒരു രാഷ്ട്രീയധാരയുടെ പ്രചാരണോപാധി എന്ന 'ദോഷം' ഉണ്ടായിരുന്നു. 1946-ലെത്തിയപ്പോൾ, സ്വാതന്ത്ര്യസമരത്തിൽ കോൺഗ്രസ് മേല്ക്കൈ നേടിയിരുന്നു. സായുധസമരധാര നിലച്ചിരുന്നു. ബീനാ ദാസിന്റെ പഴയ വീരകഥയ്ക്ക് കോൺഗ്രസ്സിനെതിരായ പ്രചാരണമൂല്യമില്ലായിരുന്നു. അതിന്റെ ഐതിഹ്യസാധ്യത കോൺഗ്രസ്സിനനുകൂലമായി ഉപകാരപ്പെടുന്ന നിലയുമുണ്ടായിരുന്നു. തെളിയുന്നത് ഇതാണ്:

പ്രാരംഭകാല*മാതൃഭൂമി*,

1. സർവ്വവിഷയ*മാതൃഭൂമി*യും
2. *സാമൂഹികമാതൃഭൂമി*യും
3. പ്രൊഫഷനൽ*മാതൃഭൂമി*യും

ആയിരിക്കെത്തന്നെ

4. കക്ഷിരാഷ്ട്രീയ*മാതൃഭൂമി*യും ആയിരുന്നു.

ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ രാഷ്ട്രീയത്തിനനുസരണമായ ജാഗ്രതയോടെയാണ് പ്രാരംഭകാല*മാതൃഭൂമി* ഇനങ്ങൾ കൈകാര്യം ചെയ്തിരുന്നത്. ഇതിനെ ചരിത്രപരമായി കാണണം; ബിപൻ ചന്ദ്ര ചൂണ്ടിക്കാണിച്ചതുപോലെ "പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവുമായ അധീശത്വത്തിനായി ദേശീയപ്രസ്ഥാനത്തിലെ വിവിധധാരകൾ നടത്തിയ മത്സര"ത്തിന്റെ ഭാഗമായിക്കാണണം. [78]

### 3.2.3. പ്രശ്നപഠനം 3: പുന്നപ്ര-വയലാർ

പഴയ തിരുവിതാംകൂറിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന സമരമാണ് പുന്നപ്ര-വയലാർ സമരം എന്നു ചരിത്രത്തിൽ അറിയപ്പെടുന്നത്. സമരത്തെ നേരിടാൻ തിരുവിതാംകൂർ രാജാവും ദിവാനും ചേർന്ന് സൈന്യത്തെ നിയോഗിച്ചു. വെടിവയ്പും കൂട്ടമരണവും നടന്നു. അതു കൊണ്ടുകൂടിയാണ് സംഭവം ചരിത്രപ്രാധാന്യം നേടിയത്. 1946 ഒക്ടോബർ 24-26 ദിവസങ്ങളിലായിരുന്നു സമരവും വെടിവയ്പും കൂട്ടമരണവും ഉൾപ്പെട്ട പുന്നപ്ര-വയലാർ സംഭവം.

ഉത്തരവാദഭരണം ആവശ്യപ്പെട്ട് (ജനങ്ങളോട് ഉത്തരവാദിത്വമുള്ള രീതിയിൽ വേണം രാജാവ് ഭരിക്കേണ്ടത് എന്ന വാദം ഉയർത്തി) തിരുവിതാംകൂറിൽ സമരങ്ങൾ അരങ്ങേറിയ കാലമായിരുന്നു അത്. അക്കാലത്ത്, ബ്രിട്ടീഷ് ഇന്ത്യയിൽ മാത്രമേ ഇന്ത്യൻ നാഷനൽ കോൺഗ്രസ് ഉണ്ടായിരുന്നുള്ളൂ. തിരുവിതാംകൂറിൽ സ്റ്റേറ്റ് കോൺഗ്രസ്സാണ്

(കോൺഗ്രസ്സിന്റെ ഉപദേശ നിർദ്ദേശങ്ങളോടെ) പ്രവർത്തിച്ചിരുന്നത്. ഉത്തരവാദഭരണത്തിനു വേണ്ടിയുള്ള സമരത്തിൽ സ്റ്റേറ്റ് കോൺഗ്രസ് ഒരു ചുവടു പിന്നോട്ടു വയ്ക്കുന്ന സാഹചര്യമുണ്ടായി. അതായിരുന്നു, ആലപ്പുഴയിലെ കമ്യൂണിസ്റ്റ് സമരത്തിനു തൊട്ടുമുമ്പുള്ള തിരുവിതാംകൂറിലെ രാഷ്ട്രീയപശ്ചാത്തലം.[79]

ആലപ്പുഴപ്രദേശത്ത് കമ്യൂണിസ്റ്റ് പാർട്ടി സംഘടിപ്പിച്ച സമരമാണ് തുടക്കം. ജന്മിമാരുടെയും കയർ മുതലാളിമാരുടെയും അക്രമത്തിനെതിരേ തൊഴിലാളികൾ ക്യാമ്പുകൾ തുറന്നു. സെപ്തംബർ 24-ന് ആലപ്പുഴയിലെ തൊഴിലാളികൾ പണിമുടക്കി. പുന്നപ്രയിൽ ഏറ്റുമുട്ടലും വെടിവയ്പ്പുമുണ്ടായി. പോലീസ് ഇൻസ്പെക്ടറും ഏതാനും പോലീസുകാരും തൊഴിലാളികളും മരിച്ചു. ഗവണ്മെന്റ് പട്ടാളനിയമം പ്രഖ്യാപിച്ചു. ഏറ്റവും വലിയ തൊഴിലാളി ക്യാമ്പുണ്ടായിരുന്ന വയലാർ ദ്വീപ് പട്ടാളം വളഞ്ഞു. വാരിക്കുന്തവുമായി തൊഴിലാളികൾ പട്ടാളത്തെ നേരിട്ടു. വെടിവയ്പിൽ അസംഖ്യം പേർ മരിച്ചു.[80]

സംഭവം *മാതൃഭൂമി* കൈകാര്യം ചെയ്യുന്നത് 1946 നവംബർ മൂന്നിന്റെ ലക്കത്തിൽ.[81] രണ്ടിനങ്ങളാണ് വന്നത്:

1.

"തിരുവിതാംകൂർ മഹാരാജാവിന്റെ തിരുനാൾ സാഘോഷം സോപചാരം കൊണ്ടാടപ്പെട്ടതായി പത്രങ്ങളിൽ റിപ്പോർട്ടുണ്ട് – ചേർത്തലയിലും ആലപ്പുഴയിലും മാർഷ്യൽ നിയമം നടപ്പാക്കിയതായും."

2.

"രാജധാനിയിലാകട്ടെ, വൈദ്യുതദീപ പ്രളയത്തിൽ കൺ കുളിർപ്പിക്കും കാഴ്ചകൾ എഴുന്നെള്ളിപ്പുകൾ മധുമധുരമായ ഗാനങ്ങൾ ബാൻഡുമേളങ്ങൾ നാഗസ്വരങ്ങൾ രാജകീയാഡംബരത്തിന്റെ പളപളായമാനങ്ങൾ ഇവയുടെയെല്ലാം

വിശദവിവരങ്ങൾ. മറുഭാഗത്ത് എന്തെല്ലാമാണ് നടക്കുന്നതെന്ന് ശരിയായറിയാൻ കഴിയുന്നില്ലെന്ന് പത്രറിപ്പോർട്ടുണ്ട് (26.10.46) - ഏതായാലും മുൻ വിവരിച്ചത്ര സുഖകരമായിരിക്കില്ലെന്നൂഹിക്കാം."

*മാതൃഭൂമി* ഉള്ളടക്കത്തിന്റെ മൂല്യനിർണ്ണയം ഇങ്ങനെയാണ്:

1. ലഭിച്ച സ്ഥാനം – പതിമൂന്നാം പേജ്
2. ലഭിച്ച ഇടം – 'അലയൊലി' പംക്തി
3. ഇനങ്ങളുടെ എണ്ണം – രണ്ട്
4. മുൻഗണന –പത്താമിനം, പതിനൊന്നാമിനം
5. നീളം – മൂന്നു സെന്റീ മീറ്റർ, അഞ്ചു സെന്റീ മീറ്റർ
6. ലഭിച്ച അച്ചടിയിടം: ആഴ്ചപ്പതിപ്പിന്റെ 0.35%

വാർത്താശകലങ്ങളും കമന്റും നല്കുന്നതായിരുന്നു 'അലയൊലി' പംക്തി. 'എൻ' കൈകാര്യം ചെയ്തിരുന്നത്. ഈ രണ്ടേ രണ്ടിനങ്ങൾ മാത്രമേ പുന്നപ്ര - വയലാർ സംഭവത്തെ പരാമർശിച്ച് *മാതൃഭൂമി* നല്കിയിട്ടുള്ളൂ. ഈ പരോക്ഷപരാമർശമല്ലാതെ സമര-വെടിവയ്പ്പ് വാർത്ത *മാതൃഭൂമി* നേരിട്ട് കൈകാര്യം ചെയ്തിട്ടില്ല.

തൊട്ടടുത്തയാഴ്ചത്തെ വാരികയിൽ, നവംബർ 10-ന്റെ ലക്കത്തിൽ, രണ്ടിനങ്ങൾകൂടി കൊടുത്തിട്ടുണ്ട്.[82] അതും ഇതേ പംക്തിയിലാണ്. ഒന്നാമത്തേത് 22 സെന്റീ മീറ്റർ നീളമുള്ള കുറിപ്പ്. രണ്ടാമത്തേത്, 12 സെന്റീ മീറ്ററും. 'തിരുവിതാംകൂർ ലഹള' എന്നാണ് സംഭവത്തെ പംക്തീകാരൻ പരാമർശിക്കുന്നത്.

പുന്നപ്ര-വയലാർ സമരത്തിന്റെ ദീർഘപ്രതിഫലനമുള്ളത് *പ്രഭാതം*[83] വാരികയിലാണ്. വയലാറിൽ വെടിവയ്പു നടക്കും മുമ്പ് രണ്ടു ലക്കങ്ങളിലായി അര പേജ് വീതം സ്ഥലം അമ്പലപ്പുഴ-ചേർത്തല താലൂക്കിലെ സ്ഥിതി വിവരിക്കാൻ ഈ പ്രസിദ്ധീകരണം മാറ്റിവയ്ക്കുന്നു.[84] പ്രദേശത്തെ സമരത്തിന്റെ അഭൂതപൂർവ്വമായ നില ഇതിലുണ്ട്.[85] മാരാരിക്കുളത്തു നടന്ന

വെടിവയ്പ്പും *പ്രഭാതം* പരാമർശിക്കുന്നുണ്ട്.[86] എന്നാൽ, വയലാറിലെ വെടിവയ്പിനുശേഷം കുറിപ്പ് ചെറുതായി മാറി.[87] ഈ കുറിപ്പിലാകട്ടെ, ഏറ്റുമുട്ടലിനെക്കുറിച്ചോ വെടിവയ്പിനെക്കുറിച്ചോ കൂട്ടമരണത്തെക്കുറിച്ചോ പരാമർശമില്ല.[88] പുന്നപ്ര-വയലാർ പ്രശ്നം പരാമർശിക്കുന്ന മറ്റൊരു പ്രസിദ്ധീകരണം *മലയാളരാജ്യ*മാണ്.[89] സ്ഥിതിഗതികൾ സാധാരണനിലയിലാകുന്നുവെന്ന വാർത്തയായാണ് സംഭവം *മലയാളരാജ്യം* റിപ്പോർട്ട് ചെയ്തത്.[90] കോട്ടയത്തു നിന്നിറങ്ങിയിരുന്ന *കൈരളി* വാരിക[91] പുന്നപ്ര - വയലാർ സംഭവത്തെക്കുറിച്ച് പത്രാധിപക്കുറിപ്പുതന്നെ എഴുതി.[92] വയലാറിൽ വെടിവയ്പും കൂട്ടമരണവും ഉണ്ടായി എന്ന പരാമർശവുമുണ്ട് ഒരു പേജ് വരുന്ന ഈ കുറിപ്പിൽ.[93] തിരുവനന്തപുരത്തു നിന്നിറങ്ങിയിരുന്ന *ധർമ്മദേശം*[94] വാരികയിൽ സമരവാർത്ത പരാമർശിക്കുന്നുണ്ട്.[95] 'രാജധാനി' എന്ന തലക്കെട്ടിലുള്ള തലസ്ഥാന വാർത്താപംക്തിയിൽ പ്രത്യേകം തലക്കെട്ടുകളില്ലാതെ കൊടുത്ത വാർത്തകളിൽ പതിനേഴാമത്തെ ഇനമായാണ് ഇതു പ്രത്യക്ഷപ്പെടുന്നത്.[96] ഒറ്റക്കോളത്തിൽ അച്ചടിച്ച ഈ വാർത്തയിൽ ആറു വരികളാണുള്ളത്. 02.50 സെന്റീ മീറ്ററാണ് നീളം. മൊത്തം അച്ചടിയിടത്തിന്റെ 0.15 % സ്ഥലമാണ് വാരിക പുന്നപ്ര - വയലാർ സമരത്തിന് അനുവദിച്ചിട്ടുള്ളത്.

പുന്നപ്ര - വയലാർ സമരത്തിനു നാലു കൊല്ലം മുമ്പാണ് - 1942 ആഗസ്റ്റ് - ക്വിറ്റിന്ത്യാ സമരപ്രഖ്യാപനം നടന്നത്. 1942 ആഗസ്റ്റ് എട്ടിന് അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റിയുടെ ബോംബെ സമ്മേളനം ക്വിറ്റ് ഇന്ത്യാ പ്രമേയം പാസാക്കി. ബോംബെയിലെ ഗ്വാളിയർ ടാങ്ക് മൈതാനത്ത് ഗാന്ധിജിയുടെ 'ഡു ഓർ ഡൈ പ്രസംഗം' നടന്നു. ഒരു സ്വതന്ത്രരാഷ്ട്രമായി പെരുമാറാനും ബ്രിട്ടീഷുകാരുടെ ആജ്ഞകൾ അനുസരിക്കാതിരിക്കാനും ഗാന്ധിജി ജനങ്ങളെ ആഹ്വാനം ചെയ്തു. ബ്രിട്ടീഷുകാർ അദ്ദേഹത്തെ പുണെയിലെ ആഗാഖാൻ

കൊട്ടാരത്തിൽ തടവിലാക്കി. കോൺഗ്രസ് പ്രവർത്തകസമിതിയംഗങ്ങളെ മുഴുവൻ തടവിലടച്ചു. കോൺഗ്രസ് പാർട്ടിയെ നിരോധിച്ചു.

*മാതൃഭൂമി* 1942 ആഗസ്റ്റ് 9-ന്റെ ആഴ്ചപ്പതിപ്പിൽ വിവരം പരാമർശിക്കുന്നു.[97] 'ഭാരതം' എന്ന വാർത്താചുരുക്കപംക്തിയിലെ ആറാമത്തെയും[98] ഏഴാമത്തെയും[99] ഇനങ്ങളാണവ. നാലു കോളങ്ങളുള്ള പേജിൽ രണ്ടാം കോളത്തിലെ ഏറ്റവും താഴെയായി ചേർത്തിരിക്കുന്നു. ഒന്നിന് 1. 6 സെന്റീ മീറ്ററും രണ്ടാമത്തേതിന്, 2. 6 സെന്റീ മീറ്ററും ദൈർഘ്യം. ആ ലക്കത്തിലെ മൊത്തം ഉള്ളടക്കത്തിന്റെ 0.5 % ആണ് ക്വിറ്റ് ഇന്ത്യാ സമര പ്രഖ്യാപനത്തിന് നീക്കിവച്ചിട്ടുള്ളത്.

പുന്നപ്ര - വയലാർ സംഭവത്തെ *മാതൃഭൂമി* പകർത്തിയതിനെ ക്വിറ്റ് ഇന്ത്യാ സമരവുമായാണ് താരതമ്യപ്പെടുത്തേണ്ടത്. ക്വിറ്റ് ഇന്ത്യാ – സമരത്തെക്കുറിച്ചുള്ള ഇനങ്ങൾ നല്കുന്നതിനു വിലക്കുണ്ടായിരുന്നു.[100] ദേശീയപ്രസ്ഥാനത്തിനെതിരേ ബ്രിട്ടീഷ് ഗവണ്മെന്റ് കടുത്ത നിലപാടെടുത്ത സാഹചര്യത്തിൽ, നേരത്തേതന്നെ *മാതൃഭൂമി*പത്രവും നടപടി നേരിട്ടിരുന്നു.[101] ആ സാഹചര്യത്തിലാണ്, ദേശീയവാർത്താപംക്തിയിൽ ആറാമത്തെയും ഏഴാമത്തെയും ഇനങ്ങളായി വിവരം ജനങ്ങളെ അറിയിക്കാൻ *മാതൃഭൂമി* തീരുമാനിച്ചത്. അതവർ ചെയ്യുകയും ചെയ്തു.

പുന്നപ്ര-വയലാർ സംഭവത്തിന്റെ വാർത്തകൾക്ക് അത്തരം നിരോധനമില്ലായിരുന്നു. എന്നിട്ടുപോലും ഒരു നിരോധിതവാർത്തയുടെ നില അതിനു കൈവന്നു. ഒരു വാർത്താപംക്തിയിലേയ്ക്ക് അത് ഒതുക്കപ്പെട്ടു. ക്വിറ്റ് ഇന്ത്യാ സമരപ്രഖ്യാപനവാർത്ത തനി വാർത്താപംക്തിയിലാണു വന്നതെങ്കിൽ, പുന്നപ്ര-വയലാർ വാർത്ത ഒരു വാർത്താ-കമന്റ് പംക്തിയിലാണ് വന്നത്. കമന്റുകൾ ഹാസ്യാത്മകമായതിനാൽ ഇത് പ്രായോഗികമായി ഒരു ഹാസ്യപംക്തിയായിരുന്നു. ക്വിറ്റ് ഇന്ത്യാ സമരപ്രഖ്യാപനവാർത്തയ്ക്ക് പ്രത്യക്ഷപരാമർശം കിട്ടിയപ്പോൾ, പുന്നപ്ര-

വയലാർ സമരവാർത്തയ്ക്ക് പരോക്ഷപരാമർശമാണ കിട്ടിയത്. ക്വിറ്റിന്ത്യാ സമരപ്രഖ്യാപനവാർത്തയ്ക്ക് അന്നു കിട്ടിയ അച്ചടിയിടംപോലും പുന്നപ്ര-വയലാർ സമരവാർത്തയ്ക്കു കിട്ടിയില്ല.

സ്വാതന്ത്ര്യസമരവാർത്തകളോട് ബ്രിട്ടീഷ് സർക്കാർ കൈക്കൊണ്ട നിലപാട്, സ്വാതന്ത്ര്യസമരത്തിലെ കമ്യൂണിസ്റ്റ് കൈവഴിയോട് *മാതൃഭൂമി* കൈക്കൊണ്ടു. രാജഭരണം നിലവിലുണ്ടായിരുന്ന തിരുവിതാംകൂറിലെ രാജപക്ഷപത്രങ്ങൾ പകർത്തിയ തോതിൽപ്പോലും പുന്നപ്ര-വയലാർ സംഭവത്തിന്റെ തീവ്രത പകരാൻ *മാതൃഭൂമി* തയ്യാറായില്ല. പില്ക്കാലത്ത് സ്വാതന്ത്ര്യസമരമായി രാജ്യം, അംഗീകരിച്ച ഒരു സംഭവത്തിനാണ്, *മാതൃഭൂമി*യുടെ പത്രാധിപനിലപാടുമൂലം ഈ അനുഭവമുണ്ടായത്.

പുന്നപ്ര-വയലാർ സമരത്തിൽ ഉൾക്കൊണ്ടിരുന്ന ബലപ്രയോഗത്തിന്റെ അംശമായിരിക്കുമോ അഹിംസാസമരപാതയുടെ പൈതൃകമുള്ള *മാതൃഭൂമി*യെ ഈ നിലപാടെടുക്കാൻ പ്രേരിപ്പിച്ചിരിക്കുക എന്ന ചോദ്യം പ്രസക്തമാണ്. എന്നാൽ, ക്വിറ്റിന്ത്യാ സമരവും അഹിംസാ സമരമായിരുന്നില്ലെന്നത് പില്ക്കാലത്ത് അംഗീകരിക്കപ്പെട്ടിട്ടുണ്ട്.[102] ദേശീയതലത്തിൽ മാത്രമല്ല, കേരളത്തിലും ക്വിറ്റ് ഇന്ത്യാ സമരം അഹിംസാ സമരമായിരുന്നില്ല. സമരത്തോടനുബന്ധിച്ച് ഫറോക്ക് പാലം തകർക്കാൻ ബോംബു വച്ചതിന് ബ്രിട്ടീഷ് പോലീസ് കൊണ്ടുവന്ന കീഴരിയൂർ ബോംബ് കേസിലെ പ്രതികൾക്കുവേണ്ടി രംഗത്തുവന്നത് സ്വന്തം ചരിത്രത്തിലെ അഭിമാനകരമായ കാര്യമായാണ് *മാതൃഭൂമി* കാണുന്നത്.[103] ഈ സാഹചര്യത്തിൽ, അഹിംസാത്മകനിലപാടിന്റെ പ്രതിഫലനമല്ല പുന്നപ്ര-വയലാർസമരത്തോടുള്ള *മാതൃഭൂമി*യുടെ പ്രതികരണത്തെ നിർണ്ണയിച്ചതെന്നു വ്യക്തം.

### 3.3. ആദ്യകാല*മാതൃഭൂമി*: അറിയലുകൾ, അടയാളപ്പെടുത്തലുകൾ

ഈ അദ്ധ്യായത്തിന്റെ തുടക്കത്തിൽക്കണ്ടത്, പ്രാരംഭകാല*മാതൃഭൂമി* സാഹിത്യേതര*മാതൃഭൂമി*യാണ്, സാമൂഹിക*മാതൃഭൂമി*യാണ്, സർവ്വവിഷയ *മാതൃഭൂമി*യാണ്, പ്രൊഫഷനൽ *മാതൃഭൂമി*യാണ്, രാഷ്ട്രീയ*മാതൃഭൂമി*യാണ്, കക്ഷിരാഷ്ട്രീയ*മാതൃഭൂമി*യാണ്, അന്തിമമായി പ്രത്യയശാസ്ത്ര *മാതൃഭൂമി*യുമാണ് എന്നാണ്. എന്നാൽ, ആദ്യകാല*മാതൃഭൂമി*യെ ഒന്നിച്ചു പരിഗണിക്കുമ്പോൾ നിരീക്ഷണങ്ങൾ മാറുന്നു. ആദ്യകാലത്തിന്റെ അവസാന ഘട്ടത്തിലെത്തിയപ്പോൾ, 1950-കളിലെത്തിയപ്പോൾ, *മാതൃഭൂമി* സാഹിത്യ *മാതൃഭൂമി*യാണ്, സാമൂഹിക-സർവ്വവിഷയ *മാതൃഭൂമി*കളല്ലാതായിമാറിയ *മാതൃഭൂമി*യാണ്, രാഷ്ട്രീയ *മാതൃഭൂമി*യായി തുടരുകയാണെങ്കിലും കക്ഷിരാഷ്ട്രീയ*മാതൃഭൂമി* എന്ന പദവി കൂടുതൽ പ്രത്യക്ഷമാവുകയാണ്, ഇക്കാരണത്താൽ പ്രത്യയശാസ്ത്ര*മാതൃഭൂമി* എന്ന വിശേഷണം ദൃഢീകരിക്കപ്പെടുകയാണ് എന്നാണ് വ്യക്തമായത്.

സാമൂഹിക*മാതൃഭൂമി* അതിന്റെതന്നെ അപരമായ സാഹിത്യ*മാതൃഭൂമി*യായി രൂപാന്തരീകരണം നേടുമ്പോൾ സംഭവിക്കുന്നത് *മാതൃഭൂമി*സ്വത്വത്തിന്റെ, *മാതൃഭൂമി*ത്വത്തിന്റെതന്നെ മരണമാണ്. ഏതൊന്നിന്റെയും അപരം അതിന്റെ മറുവശമാണ് എന്നു വേണം തത്വശാസ്ത്രപരമായി വിശദീകരിക്കാൻ. ഏതൊന്നിന്റെയും സ്വത്വത്തിന്റെ അഭാവമാണ് അതിന്റെ അപരം. ഏതൊന്നിന്റെയും സ്വത്വത്തിന്റെ മരണം സംഭവിക്കുമ്പോഴാണ് അത് അതിന്റെ അപരമാവുക; ജീവനുള്ളത് ജീവനില്ലാത്തതാകുമ്പോൾ മരണമെന്ന അപരത്വത്തെ പുല്കുകയും ജഡമായി മാറുകയും ചെയ്യുന്നതുപോലെ. അതിനാൽ, *മാതൃഭൂമി* സ്വന്തം ജീവിതത്തിന്റെ ആദ്യഘട്ടം പിന്നിട്ട്, മൂന്നാം പതിറ്റാണ്ടിലെത്തിയപ്പോൾ, അതിന്റെ അപരമായി പരിണമിച്ചു എന്നതിനർത്ഥം പ്രാരംഭകാല*മാതൃഭൂമി* അത്രയും കാലം കൊണ്ട് മരിച്ചു എന്നുകൂടിയാണ്.

## പിൻകുറിപ്പുകൾ

[1]"ഇംഗ്ലീഷ് ഭാഷയും സാഹിത്യവുമായുള്ള പരിചയം സംസ്കാരസമ്പന്നതയുടെ ലക്ഷണമായി മാറുന്നത് പത്തൊമ്പതാം നൂറ്റാണ്ടിലാണ്. ഇതര കോളനി രാജ്യങ്ങളിലെന്നപോലെ ഭാരതത്തിലും പുതിയ അനുഭവലോകങ്ങളിലേയ്ക്കുള്ള വാതായനമായി ഈ കാലഘട്ടം മുതൽ ഇംഗ്ലീഷ് ഭാഷ മാറുന്നു." (രവീന്ദ്രൻ, പി. പി.. ഭാഷ, 'സംസ്കാരം, അധിനിവേശം'. *സംസ്കാരപഠനം ചരിത്രം, സിദ്ധാന്തം, പ്രയോഗം*. മലയാളപഠനസംഘം. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം 2011 329)

[2]"ഇംഗ്ലീഷ് ദേശീയസ്വത്വത്തിന്റെ അടയാളങ്ങളായി കോളനികളിൽ പ്രചരിച്ചത് ഇംഗ്ലണ്ടിന്റെ ദേശീയപതാകയോ ഇംഗ്ലീഷ് രാജ്ഞിയുടെ ചിത്രമോ ആയിരുന്നില്ല. മറിച്ച്, ഇംഗ്ലീഷ് ഭാഷയും സാഹിത്യവുമായിരുന്നു." (ibid 332)

[3]"സംസ്കാരം എന്നാൽ സംസ്കരിച്ചെടുക്കുന്നത് എന്നാണർത്ഥം. പാകപ്പെടുത്തുന്നത് എന്നുമാകാം. സ്വാഭാവികപ്രകൃതിയുടെ ഭാഗമായ വസ്തുക്കളെ നിശ്ചിതമായ ആവശ്യാർത്ഥം പാകപ്പെടുത്തിയെടുക്കുമ്പോൾ സംസ്കാരം രൂപപ്പെടുന്നു." (ഗണേഷ്, കെ. എൻ.. 'ചരിത്രവും സാംസ്കാരികചരിത്രവും'. *സംസ്കാരപഠനം ചരിത്രം, സിദ്ധാന്തം, പ്രയോഗം*. മലയാളപഠനസംഘം. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം 2011 490)

[4]മാർക്സിയൻ സാംസ്കാരികവിമർശപദ്ധതിയും അതിന്റെ തത്വചിന്താപരമായ വിപുലീകരണമായ സാംസ്കാരികപഠനങ്ങളുടെ കാഴ്ചപ്പാടും പിൻതുടരുമ്പോഴും ആധുനികാനന്തരചിന്തകളുടെ ആധുനികതാവിമർശത്തെ ഈ വിശദീകരണത്തിനായി പിൻപറ്റുന്നതിൽ അപാകതയുണ്ടെന്നു കരുതുന്നില്ല. മാർക്സിയൻ ചിന്തയുടെയും ആധുനികാനന്തരചിന്തകളുടെയും സൈദ്ധാന്തികസമീപനങ്ങൾ വിരുദ്ധമായിരിക്കെത്തന്നെ, ആധുനികതാവിമർശത്തിന്റെ പൊതുധാര ഇരു ചിന്താപദ്ധതികൾക്കുമുണ്ട്.

[5]*മാതൃഭൂമി ആഴ്ചപ്പതിപ്പ്*, 14 മാർച്ച് 1932

[6]*മാതൃഭൂമി ആഴ്ചപ്പതിപ്പ്*, 18 ജനുവരി 1932

[7](1) 'ഗംഗാനദി ഹരിദ്വാരത്തിനടുത്തെത്തുമ്പോൾ', ഫോട്ടോ,

(2) 'പാപം ചെയ്യാത്തവൻ കല്ലെറിഞ്ഞീടട്ടേ', കവിത, കുട്ടമത്ത് കുന്നിയൂര് കുഞ്ഞികൃഷ്ണക്കുറുപ്പ്,

(3) 'സാരനാഥത്തിലെ ബുദ്ധവിഹാരം', ഫോട്ടോ,

(4) 'നടന്നു; നടന്നില്ല', ചെറുകഥ, ബി. ഭാഗീരഥിയമ്മ,

(5) 'സാരനാഥത്തിലെ വിഹാരത്തിലെ ബുദ്ധവിഗ്രഹം', ഫോട്ടോ,

(6) 'ബ്രിട്ടീഷ് പ്രധാനമന്ത്രി കുട്ടിയെ കളിപ്പിക്കുന്നു', ഫോട്ടോ,

(7) 'തുഞ്ചത്തെഴുത്തച്ഛൻ', ലേഖനം, ചേലനാട്ട് അച്യുതമേനോൻ ബി. എ.,

(8) 'ഷാങ്ഹെയിലെ കടൽത്തീരം', ഫോട്ടോ,

(9) 'പടക്കപ്പലുകൾ വാങ്പൂ നദിയിൽ', ഫോട്ടോ. (*മാതൃഭൂമി ആഴ്ചപ്പതിപ്പ്*, 14 മാർച്ച് 1932)

[8]'പാപം ചെയ്യാത്തവൻ കല്ലെറിഞ്ഞീടട്ടേ' ക്രിസ്തുവിന്റെ ജീവിതരംഗം ചിത്രീകരിക്കുന്ന കവിതയാണ്. 'നടന്നു; നടന്നില്ല' ഒരു സ്ത്രീപക്ഷകഥയും. 'തുഞ്ചത്തെഴുത്തച്ഛൻ', എഴുത്തച്ഛന്റെ മഹാകവിത്വവും ആചാര്യത്വവും അടയാളപ്പെടുത്തുന്ന കുറിപ്പുമാണ്.

[9]ഈ ആറു ഫോട്ടോഗ്രാഫുകളിൽ, 'ഗംഗാനദി ഹരിദ്വാരത്തിനടുത്തെത്തുമ്പോൾ' എന്നത് പ്രകൃതിദൃശ്യമാണ്. 'സാരനാഥത്തിലെ ബുദ്ധവിഹാര'വും 'വിഹാരത്തിലെ ബുദ്ധവിഗ്രഹ'വും ഭൗമാടയാളദൃശ്യങ്ങളും. 'ബ്രിട്ടീഷ് പ്രധാനമന്ത്രി കുട്ടിയെ കളിപ്പിക്കു'ന്നത് ജീവിതരംഗചിത്രീകരണമാണ്. 'ഷാങ്ഹെയിലെ കടൽത്തീര'ത്തിന്റെയും 'വാങ്പൂ നദിയിലെ പടക്കപ്പലുക'ളുടെയും ഫോട്ടോകൾ രണ്ടു ഭൂപ്രകൃതിദൃശ്യത്തിന്റെ സമകാലപരിണതിയുടെ ഛായാരേഖകൾ. ഇവയത്രയും സർഗ്ഗാത്മകസൃഷ്ടികളായി ആഴ്ചപ്പതിപ്പിൽ പ്രത്യക്ഷപ്പെടുന്നതുകൊണ്ടാണ് സാഹിത്യയിനങ്ങളായി കണക്കാക്കുന്നത്.

[10]

(1) 'ഇന്ത്യൻ റെയിൽവെ ഭരണം', ലേഖനം, പി. നാരായണൻ നായർ,

(2) 'സ്വതന്ത്രചിന്ത', ലേഖനം, കുറ്റിപ്പുഴ പി. കൃഷ്ണപിള്ള,

(3) 'ശ്രീമതി പി. ഗൌരിയമ്മ', ഫോട്ടോ,

(4) 'സമുദായാഭിവൃദ്ധിയിൽ മതത്തിനു സ്ഥാനമുണ്ടോ?', ലേഖനം, കണ്ണന്തോടത്തു വേലായുധമേനോൻ,

(5) 'വർത്തമാനച്ചുരുക്കം',

(6) 'കേരളവാർത്തകൾ',

(7) 'പ്രതിവാരചിന്തകൾ',

(8) 'വിമാനയാത്ര', ലേഖനം, രാജഹംസം,

(9) 'മനുഷ്യവർജ്ജ്യങ്ങളായ മകാരത്രയങ്ങൾ', ലേഖനം, അംശി,

(10)'ശ്രീരാമകൃഷ്ണഗുരുകുലവിദ്യാമന്ദിരം', ലേഖനം, എ. കരുണാകരമേനോൻ,

(11)'വിവിധവിഷയങ്ങൾ'.

ഇവയിൽ 'ഗൌരിയമ്മയുടെ ഫോട്ടോ' ഒരു വ്യക്തിചിത്രവും വാർത്താചിത്രവുമാണ്; സർഗ്ഗാത്മകസൃഷ്ടി എന്ന നിലയ്ക്കുള്ള ഫോട്ടോഗ്രാഫ് അല്ല. അതുകൊണ്ട്, അതിനെ സാഹിത്യേതരയിനമായി സ്ഥാനനിർണ്ണയം ചെയ്യുന്നു. 'ഇന്ത്യൻ റെയിൽവെ ഭരണം', റെയിൽവെയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള ലേഖനമാണ്. 'സ്വതന്ത്രചിന്ത', ചിന്തയുടെ പ്രാധാന്യം അന്വേഷിക്കുന്ന പഠനം. 'സമുദായാഭിവൃദ്ധിയിൽ മതത്തിനു സ്ഥാനമുണ്ടോ?' എന്ന ലേഖനം മതത്തെക്കുറിച്ചുള്ള വിലയിരുത്തലാണ്. 'വർത്തമാനച്ചുരുക്കം', 'കേരളവാർത്തകൾ' എന്നിവ വാർത്താപംക്തികളും 'പ്രതിവാരക്കുറിപ്പുകൾ' പത്രാധിപക്കുറിപ്പുകൾക്കു സമാനമായ പ്രതികരണങ്ങളും 'വിവിധവിഷയങ്ങൾ' കൗതുകവാർത്തകളുമാണ്. 'വിമാനയാത്ര', വിമാനസഞ്ചാരക്കുറിപ്പുകളുടെ സ്വഭാവത്തിലുള്ള വിജ്ഞാനപംക്തിയും. 'മനുഷ്യവർജ്യങ്ങളായ മകാരത്രയങ്ങൾ' ആരോഗ്യവിഷയപംക്തിയിലെ കുറിപ്പാണ്. 'ശ്രീരാമകൃഷ്ണഗുരുകുലവിദ്യാമന്ദിരം' ആ സ്ഥാപനത്തെ പരിചയപ്പെടുത്തുന്ന കുറിപ്പും. ഇവ ഉള്ളടക്കം മുൻനിർത്തി സാഹിത്യേതരവിഭാഗത്തിൽ വരുന്നു. (*മാതൃഭൂമി ആഴ്ചപ്പതിപ്പ്*, 14 മാർച്ച് 1932)

[11]*മാതൃഭൂമി* ആഴ്ചപ്പതിപ്പ്, 1941 സപ്തംബർ 7, പുസ്തകം 19, ലക്കം 23

[12](1) 'ഭക്തകവികൾ നല്കിയ പ്രചോദനം', ലേഖനം, പി. ശങ്കുണ്ണി നമ്പ്യാർ,

(2) 'മൂർക്കോത്തു കുമാരൻ - പരാക്രമശാലിയായിരുന്ന ഒരു എഴുത്തുകാരൻ', ലേഖനം, വിദ്വാൻ എ. ഡി. ഹരിശർമ്മ,

(3) ഫോട്ടോകൾ ക്ഷണിച്ചുകൊണ്ടുള്ള അറിയിപ്പ്

(4) 'വാർദ്ധക്യത്തിൽ', ചെറുകഥ, തകഴി ശിവശങ്കരപ്പിള്ള,

(5) 'പൂക്കാലം', കവിത, ശ്രീ,

(6) 'സമയം തെറ്റി', കവിത, പി. കുഞ്ഞിരാമൻ നായർ,

(7) 'ത്രികോണബന്ധം', ലേഖനം, പരമേശ്വരൻ കുത്തിയതോട്,

(8) 'രഘുവംശാക്രമണം', ലേഖനം, കുട്ടികൃഷ്ണമാരാർ,

(9) 'ചരിത്രപ്രധാനമായ ഒരു രംഗം', ലേഖനം, എ. (*മാതൃഭൂമി* ആഴ്ചപ്പതിപ്പ്, 1941 സപ്തംബർ 7)

[13]ഈ നിരീക്ഷണങ്ങളിൽ ഒന്ന് എടുത്തുപറയേണ്ടതുണ്ട് - ഒരറിയിപ്പ്: "കേരളീയ ജീവിതത്തെയും കേരളത്തിന്റെ പ്രകൃതിസൗന്ദര്യത്തെയും ചിത്രീകരിക്കുന്ന ഫോട്ടോകൾ നന്ദിപൂർവ്വം സ്വീകരിക്കപ്പെടുന്നതാണ്" (പേജ് 7), *മാതൃഭൂമി*യുടേതുതന്നെയായ ഈ അറിയിപ്പ് സാഹിത്യയിനമായി എണ്ണിയിരിക്കുന്നു. അറിയിപ്പിന്റെ ഉള്ളടക്കം - സർഗ്ഗാത്മകസൃഷ്ടികളായ ഫോട്ടോകൾക്കുവേണ്ടിയുള്ളതാണ് അറിയിപ്പ് എന്നത് - പരിഗണിച്ചാണത്. 'ഭക്തകവികൾ നല്കിയ പ്രചോദനം' എന്ന ലേഖനം ഒരു ടാഗോർക്കവിതാപഠനമാണ്. 'മൂർക്കോത്തു കുമാരൻ, എന്ന ലേഖനം

ജീവചരിത്രക്കുറിപ്പും. ചെറുകഥയാണ് 'വാർദ്ധക്യത്തിൽ'. 'പൂക്കാലം' 'സമയം തെറ്റി'എന്നിവ കവിതകൾ. 'ത്രികോണബന്ധം' കലാസംബന്ധിയായ ലേഖനവും 'രഘുവംശാക്രമണം' രഘുവംശപഠനവും ആണ്. 'ചരിത്രപ്രധാനമായ രംഗം' എന്ന കുറിപ്പ്, ഓക്സ്ഫോർഡ് സർവ്വകലാശാല ടാഗോറിന് ഡോക്ടർ ബിരുദം നല്കുന്നതിനു നടത്തിയ ചടങ്ങിനെക്കുറിച്ചുള്ളതാണ്. ഇവയെയും, ഉള്ളടക്കം മുൻനിർത്തി സാഹിത്യയിനങ്ങളായി എണ്ണുന്നു.

[14](1) 'ആദർശവും പ്രായോഗികതയും', ലേഖനം, വി. കെ. ഗോപാലമേനോൻ, വിലങ്ങൻ,

(2) 'ടാഗോർ ഉദ്ധരണി',

(3) 'യുക്തിയും വിശ്വാസവും ആത്മാവിനെപ്പറ്റി ശാസ്ത്രജ്ഞന്മാർ', ലേഖനം, വക്കം എം. അബ്ദുൽ ഖാദർ, (4) 'ടാഗോർ സൂക്തികൾ',

(5) 'ഭാരതം',

(6) 'കേരളം',

(7) 'മദിരാശി ഗവർമ്മേണ്ട് മുഹമ്മദൻ കോളേജ് മലയാളസമാജത്തിന്റെ ഉദ്ഘാടനപ്രസംഗവേളയിൽ എടുത്ത ചിത്രം', ഫോട്ടോ,

(8 – 13 ) ആറു യുദ്ധ ചിത്രങ്ങൾ, ഫോട്ടോ,

(14) 'വിഷയവിവരം',

(15) 'ലോകം',

(16) 'യുദ്ധത്തിന്റെ ഗതി',

(17) 'ഉപഗ്രഹങ്ങൾ', ലേഖനം, പി. സി. കടലുണ്ടി,

(18) 'വിദ്യാഭ്യാസം – ഒരു ചിത്രപ്രശ്നം', ലേഖനം, മഹാദേവദേശായി,

(19) 'തെക്കേ അമേരിക്ക', ലേഖനം, എ. ബി. സി.,

(20) 'ഗംഗാമാതാവ്', ലേഖനം, കാക്കാകാലേല്ക്കർ. . (*മാതൃഭൂമി* ആഴ്ചപ്പതിപ്പ്, 1941 സപ്തംബർ 7)

[15]ഫോട്ടോകളുടെ വിഷയനിർണ്ണയമാണ് ആദ്യം വിശദീകരിക്കേണ്ടത്. മാതൃകാലക്കത്തിൽ ഒമ്പതു ഫോട്ടോകളാണുള്ളത്. എല്ലാം വാർത്താചിത്രങ്ങൾ. ഉള്ളടക്കത്തിൽ അവ പ്രത്യക്ഷപ്പെടുന്നത്, സർഗാത്മകസൃഷ്ടികളെന്ന നിലയ്ക്കല്ല; വാർത്തകളുടെ ദൃശ്യപ്രതിനിധാനങ്ങൾ എന്ന നിലയ്ക്കാണ്. അതുകൊണ്ട്, അവയെ സാഹിത്യയിനങ്ങളിൽ - സർഗ്ഗാത്മകരചനകളുടെ ഗണത്തിൽ - പെടുത്തുന്നില്ല. സാഹിത്യേതര ഉള്ളടക്കങ്ങളായെണ്ണുന്നു.

ഇവയ്ക്കു പുറമേ, മാതൃകാലക്കത്തിലെ ടാഗോർ ഉദ്ധരണികളെയും സാഹിത്യേതരവിഭവമായി പരിഗണിക്കുന്നു. മൂന്ന് ടാഗോർ ഉദ്ധരണികളാണുള്ളത്. ഒന്ന്, സാധു ഹിന്ദു എന്ന ഇന്ത്യക്കാരെക്കുറിച്ചുള്ള പരാമർശത്തെപ്പറ്റിയുള്ളതും രണ്ടാമത്തേത്,

രാഷ്ട്രീയക്കൊലപാതകങ്ങളെപ്പറ്റിയുള്ളതും മൂന്നാമത്തേത്, നിയമഭഞ്ജകർക്കെതിരായ ക്രൂരതയെക്കുറിച്ചുള്ളതും. മൂന്നും രാഷ്ട്രീയസ്വഭാവമുള്ളതാണെന്നർത്ഥം. അതുകൊണ്ടാണ് അവയെ സാഹിത്യേതരയിനങ്ങളിൽപ്പെടുത്തിയതും.

'ആദർശവും പ്രായോഗികതയും' എന്ന ലേഖനം ആദർശചർച്ചയാണ്. 'യുക്തിയും വിശ്വാസവും' എന്ന ലേഖനം ആത്മാവിനെപ്പറ്റി വിവിധ ശാസ്ത്രജ്ഞർ പറയുന്ന കാര്യങ്ങൾ ക്രോഡീകരിക്കുന്നു. 'ഭാരതം', 'കേരളം', 'ലോകം' എന്നിവ വാർത്താ പംക്തികളും 'യുദ്ധത്തിന്റെ ഗതി' ലോകയുദ്ധവാർത്താപംക്തിയുമാണ്. 'ഉപഗ്രഹങ്ങൾ' എന്ന കുറിപ്പ് ഉപഗ്രഹങ്ങളെക്കുറിച്ചു പറയുന്നു. 'വിദ്യാഭ്യാസം – ഒരു ചിത്രപ്രശ്നം' എന്ന ലേഖനം ഗാന്ധിയൻ വിദ്യാഭ്യാസദർശനത്തെക്കുറിച്ചും 'തെക്കേ അമേരിക്ക' എന്ന ലേഖനം ആ ഭൂഭാഗത്തെപ്പറ്റിയും പ്രതിപാദിക്കുന്നു. 'ഗംഗാമാതാവ്' ഗംഗാനദിയെപ്പറ്റിയുള്ള കുറിപ്പാണ്. ഇവയത്രയും, പ്രതിപാദ്യം മുൻനിർത്തി സാഹിത്യേതരയിനങ്ങളായി കണക്കാക്കുന്നു.

[16]*മാതൃഭൂമി* 1 ജനുവരി 1950

[17](1) 'തിരുവാതിര സ്ത്രീകളുടെ ഒരുത്സവം', ലേഖനം, കോഴിക്കോടൻ,
(2) 'കാലിച്ചന്തകൾ', ഫോട്ടോ ഫീച്ചർ,
(3) 'പ്രിൻസിപ്പാൾ പി. ശങ്കുണ്ണി', ലേഖനം, മംഗലാട്ട് രാഘവൻ,
(4) 'ടാഗോറിന്റെ ചിത്രകല', ലേഖനം, കെ. പത്മനാഭൻ തമ്പി,
(5) 'യുവജനസമക്ഷം', ചെറുകഥ, ഹനീഫ്,
(6) 'പുസ്തകാഭിപ്രായം', ജി. കെ. എൻ.,
(7) 'ഹൃദയഗീതം', കവിത, നാലാങ്കൽ,
(8) 'തമാശയുടെ സുവർണ്ണദശ നിശ്ശബ്ദചിത്രങ്ങളുടെ കാലത്തായിരുന്നു', ലേഖനം, അച്യുത്,
(9) 'ശാന്താ ആപ്തെ', ലേഖനം, എഴുതിയയാളിന്റെ പേരില്ല. (*മാതൃഭൂമി* 1 ജനുവരി 1950)

[18]'തിരുവാതിര സ്ത്രീകളുടെ ഒരുത്സവം' എന്ന ലേഖനം, തിരുവാതിരച്ചടങ്ങുകൾ പരിശോധിക്കുന്ന സാംസ്കാരികക്കുറിപ്പാണ്. അതിനാൽ, സാഹിത്യയിനങ്ങളിൽപ്പെടുത്തുന്നു. 'കാലിച്ചന്തകൾ' എന്ന ഫോട്ടോ ഫീച്ചറിന്റെ ഉള്ളടക്കം കീഴൂരിലും കൊയിലാണ്ടിയിലും നടന്ന കാലിച്ചന്തകളിൽനിന്നുള്ള മൂന്നു ഫോട്ടോകളാണ്. ഈ ഫോട്ടോകളെ സാംസ്കാരികവിഭവങ്ങളായി ആഴ്ചപ്പതിപ്പ് പരിഗണിച്ചു എന്നതിനാൽ സാഹിത്യയിനമായി എണ്ണുന്നു.

'പ്രിൻസിപ്പാൾ പി. ശങ്കുണ്ണി' എന്നത് അന്തരിച്ച പ്രഗത്ഭനായ ഒരു അദ്ധ്യാപകന്റെ ജീവചരിത്രക്കുറിപ്പാണ്. 'ടാഗോറിന്റെ ചിത്രകല' എന്ന ലേഖനം ടാഗോറിന്റെ ചിത്രങ്ങളെക്കുറിച്ചുള്ള നിരൂപണമാണ്. 'തമാശയുടെ സുവർണ്ണദശ'യും 'ശാന്താ ആപ്തെ'യും സിനിമകൾ മുൻനിർത്തിയുള്ള ചലച്ചിത്ര-വ്യക്തിപഠനങ്ങളാണ്. അതിനാൽ, അവയെയും സാഹിത്യയിനങ്ങളുടെ കൂട്ടത്തിൽപ്പെടുത്തുന്നു.

[19](1) 'ന്യൂയോർക്ക് ഹെറാൾഡ് ട്രിബ്യൂണിന്റെ ഫോറത്തിൽ പങ്കെടുക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികൾ', ഫോട്ടോ, (2) 'അർഹതയുള്ളത് അതിജീവിക്കും', ലേഖനം, പുത്തേഴത്തു രാമൻ മേനോൻ,

(3) 'സേവാഗ്രാമത്തിൽ', ലേഖനം, വി. എം. കൊറാത്ത്,

(4) 'ലോകവും ലോകരും',

(5) 'ഗാന്ധിയൻ വിപ്ലവം – അതിന്റെ വ്യാപ്തിയും നേട്ടങ്ങളും', ലേഖനം, ശങ്കരറാവുദേവ്,

(6) 'ഹിന്ദു (ഗ്ര. പാ.) കോഡ് ബിൽ', സംവാദം,

(7) 'നിക്കർ - കാലുറ', ലേഖനം, കെ. കല്യാണി അമ്മ,

(8) 'ഫോട്ടോകൾ', വനിതാലോകം,

(9) 'അത്ഭുതപ്രപഞ്ചം',

(10) 'ടൂക്കെയ്ൻ - ബ്രസീലിലെ മരംകേറി(ഗ്ര. പാ.)പ്പക്ഷി', കുറിപ്പ്, എം. ആർ.,

(11) 'കേരളവാർത്തകൾ'. (*മാതൃഭൂമി* 1 ജനുവരി 1950)

[20]ന്യൂയോർക്ക് ഹെറാൾഡ് ട്രിബ്യൂണിന്റെ ഫോറത്തിൽ പങ്കെടുക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികളുടെ ഫോട്ടോ വാർത്താ ചിത്രമായാണ് ആഴ്ചപ്പതിപ്പ് വിന്യസിച്ചിരിക്കുന്നത്. അതുകൊണ്ട്, സാഹിത്യേതരയിനമായി കണക്കാക്കുന്നു. 'അർഹതയുള്ളത് അതിജീവിക്കും' എന്ന ലേഖനം അതിജീവിക്കാനുള്ള അർഹതയെക്കുറിച്ചു നടത്തുന്ന ഒരു മതാത്മകചിന്തയാണ്. 'സേവാഗ്രാമത്തിൽ' എന്ന കുറിപ്പ് സേവാഗ്രാമത്തിൽ നടന്ന ശാന്തിസമ്മേളനത്തിന്റെ റിപ്പോർട്ടാണ്. 'ഗാന്ധിയൻ വിപ്ലവം' ഗാന്ധിചിന്തയും 'ഹിന്ദു കോഡ് ബിൽ' ആ വിഷയത്തെക്കുറിച്ചു നടന്ന റേഡിയോ ചർച്ചയുടെ ശബ്ദരേഖയുമാണ്. 'ലോകവും ലോകരും', 'അത്ഭുതപ്രപഞ്ചം', 'ടൂക്കെയ്ൻ', 'കേരള വാർത്തകൾ' എന്നിവ വാർത്താ-വിശേഷപംക്തികളാണ്. 'നിക്കർ - കാലുറ' എന്ന കുറിപ്പ് തയ്യൽ പാഠവും വനിതാ ലോകത്തിലെ ഫോട്ടോകൾ നേട്ടമുണ്ടാക്കിയ സ്ത്രീകളുടെ ചിത്രങ്ങളുമാണ്, അവയെല്ലാം സാഹിത്യേതരമായി വകയിരുത്തുന്നു.

[21]മേനോൻ, വി. ആർ. 364 – 65

[22]ibid 364

[23]“1932 സെപ്റ്റംബറിൽ തീണ്ടൽ ജാതിക്കാരുടെ വോട്ടവകാശനയത്തിൽ ബ്രിട്ടൻ കൈക്കൊണ്ട ക്രിപ്സ് ഫോർമുലയിൽ പ്രതിഷേധിച്ച് സെപ്റ്റംബർ 20ന് മഹാത്മാവ് ജയിലിൽ വച്ചുതന്നെ നിരാഹാരം തുടങ്ങി.” (സഹദേവൻ, കെ.. *ഗാന്ധിജി അറിഞ്ഞതും അറിയേണ്ടതും*. നൂറനാട്: ഉണ്മ 2004 278)

[24]‘ഗാന്ധിജിയുടെ ഉഗ്രമായ പ്രതിജ്ഞ. അധഃകൃതർക്കു വേണ്ടിയുള്ള ആത്മാർപ്പണം.’ (*മാതൃഭൂമി*. 19 സെപ്റ്റംബർ 1932 9)

[25]*മാതൃഭൂമി*. 19 സെപ്റ്റംബർ 1932 9

[26]*മാതൃഭൂമി*. 19 സെപ്റ്റംബർ 1932 9, 19, 21, 21

[27]“മാർച്ച് പതിനൊന്നാം തിയതി... ഇന്ത്യാ സെക്രട്ടറി സർ സാമുവൽ ഹോറിന് ഗാന്ധിജി ഒരു കത്തെഴുതി. ഹരിജനങ്ങൾക്കും അവശസമുദായങ്ങൾക്കും പ്രത്യേകനിയോജകമണ്ഡലമെന്നു സർക്കാർ നിശ്ചയിച്ചാൽ താൻ ആമരണം ഉപവസിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.” (ഉപാദ്ധ്യായ, ഹരിഭാവു. *ബാപ്പുവിന്റെ കഥ*. തിരുവനന്തപുരം: കേരള ഗാന്ധി സ്മാരകനിധി 1996 174)

[28]“ആറു ദിവസത്തിനകം ബ്രിട്ടൻ അവരുടെ തീരുമാനം ഉപേക്ഷിക്കുകയും സെപ്റ്റംബർ 26-ന് ഗാന്ധിജിയെ മോചിപ്പിക്കുകയും ചെയ്തു. നിരാഹാരസത്യാഗ്രഹം പിൻവലിച്ചതിന്റെ അടയാളമായി വിശ്വമഹാകവി രവീന്ദ്രനാഥടാഗോർ ഒരു ഗ്ലാസ് നാരങ്ങാവെള്ളം നല്കിക്കൊണ്ട് അദ്ദേഹത്തെ ഇപ്രകാരം വിശേഷിപ്പിച്ചു. “യാചകവേഷം ധരിച്ച മഹത്വമുള്ള ഒരാത്മാവ് ഉൾക്കൊള്ളുന്ന ശരീരത്തിന്റെ ഉടമയാണ് അങ്ങ്. അങ്ങയുടെ സേവനം ഇനിയും രാജ്യത്തിന് ആവശ്യമുണ്ട്.” ഈ മുഹൂർത്തത്തിൽത്തന്നെയാണ് അദ്ദേഹം മഹാത്മാവായി വാഴ്ത്തപ്പെട്ടത്.” (സഹദേവൻ 278)

[29]“പദ്ധതി അംഗീകരിച്ചു. അതനുസരിച്ച് അവശവിഭാഗങ്ങൾ പ്രത്യേക നിയോജകമണ്ഡലങ്ങൾക്കുവേണ്ടിയുള്ള അവകാശവാദം ഉപേക്ഷിച്ചു. സാധാരണഹിന്ദുക്കൾക്കുള്ള മണ്ഡലങ്ങൾകൊണ്ടു തൃപ്തിപ്പെട്ടു. സവർണ്ണഹിന്ദുക്കൾ അവർക്കുവേണ്ട സംരക്ഷണം പ്രദാനംചെയ്തു.” (ഉപാദ്ധ്യായ 175)

[30]കേശവൻ നായർ, കുറ്റിപ്പുറത്തു (ഗ്ര. പാ.) ‘വർഷാരംഭം’. *മാതൃഭൂമി*. 19 സെപ്റ്റംബർ 1932 3

[31]കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്. 'ഗാന്ധി അമ്മാമൻ, ഇംഗ്ലണ്ടിലെ കുട്ടികൾ ഗാന്ധിജിക്കു നല്കിയ പുതിയ പേര്'. 19 സെപ്റ്റംബർ 1932 4

[32]അച്യുതൻ നായർ (ചിങ്ങം 1106), കെ എൻ എഴുത്തച്ഛൻ (കന്നി 1106), ടി എം സി (തുലാം 1106), വി ആർ കൃഷ്ണപിള്ള (വൃശ്ചികം 1106), കെ എൻ എഴുത്തച്ഛൻ (ധനു 1106) എന്നിവരുടെ കവിതകൾ ഉദാഹരണം.

[33]ഉദാഹരണം, വള്ളത്തോൾ. 'ഗുരുനാഥന്റെ തുവൽ'. 1106 മിഥുനം

[34]കുട്ടമത്ത് (14 മാർച്ച് 1932), കെ. എസ്. എഴുത്തച്ഛൻ (28 മാർച്ച്), മിസിസ് വി. എം. (31 മാർച്ച്), കടത്തനാട്ട് കെ. മാധവിയമ്മ (4 ഏപ്രിൽ), കെ. കെ. രാജാ (11 ഏപ്രിൽ), കുട്ടമത്ത് (18 ഏപ്രിൽ), ടാഗോറിന്റെ കവിതയുടെ ഗദ്യത്തിലുള്ള സ്വതന്ത്രവിവർത്തനം (25 ഏപ്രിൽ) എന്നിങ്ങനെയായിരുന്നു അക്കാലത്തെ *മാതൃഭൂമി*യുടെ ഒന്നാമിനങ്ങൾ.

[35](1) The Indian Educator (*ഭാഷാപോഷിണി*. ചിങ്ങം 1106 39)

(2) സിദ്ധൗഷധങ്ങൾ, ആയുർവ്വേദം, മാത്തുള്ള മാപ്പിള, കോട്ടയം, (*ഭാഷാപോഷിണി*. ചിങ്ങം 1106 40)

[36](1) മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ (*മംഗളോദയം.* മിഥുനം 1105 839),

(2) മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ (*മംഗളോദയം.* മിഥുനം 1105 869),

(3) M. N. S. Ayurvedic Pharmacy, Trichur, (*മംഗളോദയം.* മിഥുനം 1105 870),

(4) കേരളസന്താനം ഡപ്പോ, ഗുരുവായൂർ, (*മംഗളോദയം.* മിഥുനം 1105 870).

[37](1) ശേട്ട് നാഗജി പുരുഷോത്തം ആന്റ് കമ്പനി, കോഴിക്കോട്, പേജ് 2,

(2) സൺഡേ അഡ്വക്കേറ്റ്, ബോംബെ (*മാതൃഭൂമി*. 14 മാർച്ച് 1932 2),

(3) *മാതൃഭൂമി* ആഴ്ചപ്പതിപ്പ്, കോഴിക്കോട് (*മാതൃഭൂമി*. 14 മാർച്ച് 1932 2),

(4) ബോംബെ ക്രോണിക്കിൾ, ബോബെ (*മാതൃഭൂമി*. 14 മാർച്ച് 1932 15),

(5) ഇമ്മട്ടി പി. ജോസെഫ്സ് (ഗ്ര. പാ.) ആയുർവ്വേദ ഔഷധശാല, തൃശ്ശിവപേരൂർ (*മാതൃഭൂമി*. 14 മാർച്ച് 1932 20),

(6) ആർട്ടിസ്റ്റ് കെ. രാമവാര്യർ, തൃശ്ശിവപേരൂർ (*മാതൃഭൂമി*. 14 മാർച്ച് 1932 24),

(7) എസ്. എച്ച്. ബാദ്ഷാ സാഹിബ് ആന്റ് കമ്പനി, കോഴിക്കോട് (*മാതൃഭൂമി*. 14 മാർച്ച് 1932 26),

(8) ഭാരത് യൂണിയൻ ട്രേഡിംഗ് കമ്പനി, കൽക്കത്ത (*മാതൃഭൂമി*. 14 മാർച്ച് 1932 26),

(9) ദി ടിറ്റാഘർ പേപ്പർ മിൽസ് കമ്പനി, കൽക്കത്ത (*മാതൃഭൂമി*. 14 മാർച്ച് 1932 27),

(10) ദി ഏഷ്യൻ അഷ്വറൻസ് കമ്പനി, ബോംബെ (*മാതൃഭൂമി*. 14 മാർച്ച് 1932 27),

(11) കൃഷ്ണൻ നായർ ബ്രദേഴ്സ്, കോഴിക്കോട് (*മാതൃഭൂമി*. 14 മാർച്ച് 1932 27),

(12) ദി *മാതൃഭൂമി* ഇലസ്ട്രേറ്റഡ് വീക്ക്ലി എഡിഷൻ, കോഴിക്കോട് (*മാതൃഭൂമി*. 14 മാർച്ച് 1932 27)

[38]The Indian Educator (*ഭാഷാപോഷിണി*, ചിങ്ങം 1106 39)

[39]"It has got subscribers in all parts of the world." (*ഭാഷാപോഷിണി*, ചിങ്ങം 1106 39)

[40]"For further particulars please apply to: Mr. K. P. Padmanabhan Thampi, Representative, "THE INDIAN EDUCATOR", "NEW LODGE", CHETTIKULANGARA, TRIVANDRUM POST, Travacore State, S. India." (*ഭാഷാപോഷിണി*, ചിങ്ങം 1106 39)

[41]"സിദ്ധൗഷധങ്ങൾ, ആയുർവ്വേദം, മാത്തുള്ള മാപ്പിള, മനോരമമന്ദിരം, കോട്ടയം, തിരുവിതാംകൂർ." (*ഭാഷാപോഷിണി*, ചിങ്ങം 1106 40)

[42](1) ബങ്കിമ(ഗ്ര. പാ.)ചന്ദ്ര ചാറ്റർജിയുടെ *ചഞ്ചലകുമാരി* നോവലിന്റെ പരസ്യം. (*മംഗളോദയം* മിഥുനം 1105 839),

(2) രവീന്ദ്രനാഥ ടാഗോറിന്റെ *മുഗ്ദ്ധരാഗം* നോവലിന്റെ പരസ്യം. (*മംഗളോദയം* മിഥുനം 1105 869)

[43] M. N. S. AYURVEDIC PHARMACY, TRICHUR. (*മംഗളോദയം* മിഥുനം 1105 870)

[44]കേരളസന്താനം ഡപ്പോ, ഗുരുവായൂർ, S. Malabar. (*മംഗളോദയം* മിഥുനം 1105 870)

[45](1) *മാതൃഭൂമി* ആഴ്ചപ്പതിപ്പ്, കോഴിക്കോട്. (*മാതൃഭൂമി*. 14 മാർച്ച് 1932 2),

(2) ദി *മാതൃഭൂമി* ഇലസ്ട്രേറ്റഡ് വീക്ക് ലി എഡിഷൻ. കോഴിക്കോട്. (*മാതൃഭൂമി*. 14 മാർച്ച് 1932 27)

[46](1) ശേട്ട് നാഗജി പുരുഷോത്തം ആന്റ് കമ്പനി, കോഴിക്കോട്. (*മാതൃഭൂമി*. 14 മാർച്ച് 1932 2).

(2) ഇമ്മട്ടി പി. ജോസെഫ്സ് ആയുർവ്വേദ ഔഷധശാല, തൃശ്ശിവപേരൂർ. (*മാതൃഭൂമി*. 14 മാർച്ച് 1932 20). (3) ആർട്ടിസ്റ്റ് കെ. രാമവാര്യർ, തൃശ്ശിവപേരൂർ. (*മാതൃഭൂമി*. 14 മാർച്ച് 1932 24).

(4) എസ്. എച്ച്. ബാദ്ഷാ സാഹിബ് ആന്റ് കമ്പനി, കോഴിക്കോട്. (*മാതൃഭൂമി*. 14 മാർച്ച് 1932 26).

(5) കൃഷ്ണൻ നായർ ബ്രദേഴ്സ്, കോഴിക്കോട്. (*മാതൃഭൂമി*. 14 മാർച്ച് 1932 27).

[47](1) സൺഡേ അഡ്വക്കേറ്റ്, ബോംബെ. (*മാതൃഭൂമി*. 14 മാർച്ച് 1932 2).

(2) *മാതൃഭൂമി* ആഴ്ചപ്പതിപ്പ്, കോഴിക്കോട്. (*മാതൃഭൂമി*. 14 മാർച്ച് 1932 2).

(3) ബോംബെ ക്രോണിക്കിൾ, ബോബെ. (*മാതൃഭൂമി*. 14 മാർച്ച് 1932 15).

(4) എസ്. എച്ച്. ബാദ്ഷാ സാഹിബ് ആന്റ് കമ്പനി, കോഴിക്കോട്. (*മാതൃഭൂമി*. 14 മാർച്ച് 1932 26).

(5) ഭാരത് യൂണിയൻ ട്രേഡിംഗ് കമ്പനി, കൽക്കത്ത. (*മാതൃഭൂമി*. 14 മാർച്ച് 1932 26).

(6) ദി ടിറ്റാഘർ പേപ്പർ മിൽസ് കമ്പനി, കൽക്കത്ത. (*മാതൃഭൂമി*. 14 മാർച്ച് 1932 27).

(7) ദി ഏഷ്യൻ അഷ്വറൻസ് കമ്പനി, ബോംബെ. (*മാതൃഭൂമി*. 14 മാർച്ച് 1932 27)

[48]"Use the Bombay Chronicle to carry your sales message to the 99% Nationalist Indians.", ബോംബെ ക്രോണിക്കിളിന്റെ പരസ്യം. (*മാതൃഭൂമി*. 14 മാർച്ച് 1932 15)

[49](1) "For Up-to-date Swadeshi Piece-goods.", ബാദ്ഷാ സ്റ്റോഴ്സിന്റെ പരസ്യം. (*മാതൃഭൂമി*. 14 മാർച്ച് 1932 26).

(2)"Ask for a genuine Indian made paper", ദി ടിറ്റാഘർ പേപ്പർ മിൽസ് കമ്പനിയുടെ പരസ്യം. (*മാതൃഭൂമി*. 14 മാർച്ച് 1932 27).

(3)"സ്വദേശിവ്യവസായത്തെ പോഷിപ്പിക്കുവിൻ", കൃഷ്ണൻ നായർ ബ്രദേഴ്സിന്റെ (ഫോട്ടോ സ്റ്റുഡിയോ) പരസ്യം. (*മാതൃഭൂമി*. 14 മാർച്ച് 1932 27)

[50]"3 ക. ക്കു 12 ഫയൽ വാങ്ങുന്നവർക്കു ഈ മൂന്നു യഥാർത്ഥ വാച്ചുകൾ സമ്മാനമായി കൊടുക്കുന്നതാണ്.". ഭാരത് യൂണിയൻ ട്രേഡിംഗ് കമ്പനിയുടെ പരസ്യം, (*മാതൃഭൂമി*. 14 മാർച്ച് 1932 26)

[51]"മഹാരാജാക്കന്മാർ, പ്രസിദ്ധ വൈദ്യന്മാർ ഇവരിൽനിന്നും അനേകം സർട്ടിഫിക്കറ്റുകളും സുവർണ്ണരജതകീർത്തിമുദ്രകളും സിദ്ധിച്ചിട്ടുള്ള ഈ ഔഷധശാലയിൽ...".ഇമ്മട്ടി പി. ജോസെഫ്സ് ആയുർവ്വേദ ഔഷധശാലയുടെ പരസ്യം. (*മാതൃഭൂമി*. 14 മാർച്ച് 1932 20)

[52]ജീവരക്ഷാധനച്ചാർത്തുകൾ വില്ക്കുന്ന ദി ഏഷ്യൻ അഷ്വറൻസ് കമ്പനിയുടെ പരസ്യം, (*മാതൃഭൂമി*. 14 മാർച്ച് 1932 27)

[53]"He (Gandhiji) published no advertisement; at the same time he did not want his newspapers to run at a loss." (Gupta, Prof. V. S. 'Mahatma Gandhi and Mass Media', *Employment News*, 29 September – 5 October 2001. Vol. XXVI)

[54]ഗാന്ധി, എം. കെ.. *എന്റെ സത്യാന്വേഷണപരീക്ഷകൾ*. കോട്ടയം: ഡി. സി. 2009 409

[55]"The number of advertisements in Indian Opinion, however, went down gradually. Questions about the nature of advertisements to be accepted arose. Rejecting unsuitable advertisements from supporters of satyagraha also became a problem." (Desai, Narayan. *My Life is My Message – I*. Hyderabad: Orient Blackswan 2009 378)

[56]ശേട്ട് നാഗജി പുരുഷോത്തം ആന്റ് കമ്പനി, സൂര്യമാർക്ക് കുടക്കച്ചവടം. (*മാതൃഭൂമി*. 14 മാർച്ച് 1932 2)

[57](1) Sunday Advocate, Page 2, (2) Bombay Chronicle. (*മാതൃഭൂമി*. 14 മാർച്ച് 1932 15)

[58]ഇമ്മട്ടി. പി. ജോസെഫസ് ആയുർവ്വേദ ഔഷധശാല. (*മാതൃഭൂമി*. 14 മാർച്ച് 1932 20)

[59]Artist K. Rama Warriar. (*മാതൃഭൂമി*. 14 മാർച്ച് 1932 24)

[60]Badsha Stores. (*മാതൃഭൂമി*. 14 മാർച്ച് 1932 26)

[61]Bharat Union Trading Co. (*മാതൃഭൂമി*. 14 മാർച്ച് 1932 26)

[62]The Titaghur Paper Mills Co. (*മാതൃഭൂമി*. 14 മാർച്ച് 1932 27)

[63]The Asian Assurance Company. (*മാതൃഭൂമി*. 14 മാർച്ച് 1932 27)

[64]കൃഷ്ണൻ നായർ ബ്രദേർസ്. (*മാതൃഭൂമി*. 14 മാർച്ച് 1932 27)

[65]"ഈ മൂന്നു യഥാർത്ഥ വാച്ചുകൾ സൗജന്യമായി കൊടുക്കുന്നതാണ്... ഓട്ടോ സുഗന്ധരാജ്... 3 ക. യ്ക്ക് 12 ഫയൽ വാങ്ങുന്നവർക്ക് ഈ മൂന്നു യഥാർത്ഥ വാച്ചുകൾ സൗജന്യമായി കൊടുക്കുന്നതാണ്.". (*മാതൃഭൂമി*. 14 മാർച്ച് 1932 26)

[66]Sir Francis Stanley Jackson (1870 – 1947), ഇംഗ്ലീഷ് ക്രിക്കറ്റർ, കൺസർവേറ്റീവ് പാർട്ടി നേതാവ്. https://en.wikipedia.org/wiki/Stanley_Jackson

[67]"1932 ഫെബ്രുവരി 6. രാവിലെ 10.30. കൽക്കട്ടാ യൂണിവേഴ്സിറ്റിയുടെ ബിരുദദാനച്ചടങ്ങ് കോൺവൊക്കേഷൻ ഹാളിൽ ഇന്നു രാവിലെ 10.30-നു നടക്കുന്നു... 10.15-നു തന്നെ ബിരുദദാനം നടത്തുന്ന ബംഗാൾ ഗവർണർ സർ സ്റ്റാൻലി ജാക്സൺ അധ്യക്ഷവേദിയിലെത്തിക്കഴിഞ്ഞു. കൽക്കട്ടാ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറും ജാക്സണാണ്... അധ്യക്ഷവേദിയുടെ മുന്നിലെ ബിരദാനന്തരബിരുദധാരികളുടെ ഇടയിലിരുന്ന ഒരു യുവതി എഴുന്നേറ്റ് തന്റെ ഗൗണിനുള്ളിൽനിന്ന് പിസ്റ്റൾ എടുത്ത് ജാക്സന്റെ നേരേ വെടി തുടങ്ങി." (ഗോപാലകൃഷ്ണൻ, ചേലങ്ങാട്ട്. *അറിയപ്പെടാത്ത വിപ്ലവകാരികൾ*. തിരുവനന്തപുരം: പ്രഭാത്. 2003 77)

[68]"FIVE SHOTS FIRED AT GOVERNOR. CALCUTTA OUTRAGE. SIR STANLEY JACKSON'S NARAOW ESCAPE. GIRL ASSAILANT ARRESTED. A girl graduate of Calcutta University fired five shots from close range at Sir Stanley Jackson, Governor of Bengal, while he was addressing the Convocation of the University on Saturday.". (*The Glasgow Herald*. 8 February 1932 11)

[69]"The Governor, who was not injured owed his escape to his own marvellous coolness and to the fact that the Vice-chancellor of the University promptly grappled with the assailant." (*The Glasgow Herald*. 8 February 1932 11)

[70]"GIRL, WOULD-BE ASSASIN, GETS NINE YEARS IN INDIA. Calcutta, Feb. 15 (AP) – Bina Das, Indian girl student who was accused of attempting to shoot Sir Stanley Jackson, British Governor, on Feb. 6, was sentenced today to nine years' impressionment at hard labour by a special tribunal." (*The Reading Eagle*, 15 Feb.1932 5)

[71]"I fired on the governor, impelled by love for my country, which is repressed," she said. "I sought only a way to death by offering myself at my country's feet and thus end my suffering. I invite the attention of all to the situation created by the measures of the government. This can upset even a frail woman like myself, brought up in all the best traditions of Indian womanhood. I can assure all that I have no personal feeling against the governor. As a man he

is as good as my father, but as governor of Bengal he represents a system which has kept enslaved 300,000,000 men and women of my country." (*The Reading Eagle*. 15 Feb.1932 5)

[72]"ജീവപര്യന്തം തടവിനു ശിക്ഷിച്ച ബീനയെ ഏകാന്തതടവുകാരുടെ ജയിലിലേയ്ക്കയച്ചു. പിന്നീട്, നിജാലി ജയിലിലേയ്ക്കുമാറ്റി. പകൽപോലും വെളിച്ചം കടക്കാത്ത ഇരുട്ടുള്ള ആറടി നീളവും നാലടി വീതിയുമുള്ള സെല്ലിൽ ഈ ◌ുന്നതബഹിരുദധാരി ഒരാളോടു മിണ്ടാൻപോലുമില്ലാതെ മൂന്നു വർഷം കിടന്നു. പിന്നീട്, മിഡ്നാപ്പൂർ ജില്ലയിലെ ഏകാന്തമുറിയിലേയ്ക്കു മാറ്റിയപ്പോൾ, ജയിലിലെ ക്രൂരതകളിൽ പ്രതിഷേധിച്ച് ബീന നിരാഹാരസമരമാരംഭിച്ചു. ഇതിനുള്ള ശിക്ഷയായി ബീനയെ ആൻഡമാൻ ജയിലിലെ ഏകാന്തതടവുമുറിയിലേയ്ക്കു മാറ്റി... ടാഗോർ... വൈസ്റോയ്ക്കും ഇന്ത്യയുടെ സുഹൃത്തായിരുന്ന സി. എഫ്. ആൻഡ്രൂസിനുമെഴുതി... ഒരാഴ്ചയ്ക്കകം ബീനയെ... മിഡ്നാപ്പൂർ ജയിലിലെ സാധാരണക്കാരുടെ മുറിയിലടച്ചു." (ഗോപാലകൃഷ്ണൻ, ചേലങ്ങാട്ട്. *അറിയപ്പെടാത്ത വിപ്ലവകാരികൾ*. തിരുവനന്തപുരം: പ്രഭാത്. 2003 77 79-80)

[73]പുസ്തകം 9, ലക്കം 5

[74]*മാതൃഭൂമി* 15 ഫെബ്രുവരി 1932 11

[75]*മാതൃഭൂമി* 15 ഫെബ്രുവരി 1932 11

[76]പുസ്തകം 23, ലക്കം 43

[77]"അനീതികളോടുള്ള പ്രതിഷേധം – ബംഗാൾ ഗവർണരെ വെടിവെച്ച വീണാ ദാസ്", കെ. ഡി., വനിതാലോകം പംക്തി. (*മാതൃഭൂമി*, 6 ജനുവരി 1946 7)

[78]"വൈവിധ്യമാകുന്ന രാഷ്ട്രീയവും ആശയപരവുമായ ധാരകൾക്ക് ഒരു ലക്ഷ്യമുള്ള, അതിവിശാലമായ ഒരു പ്രസ്ഥാനത്തിനകത്ത് എങ്ങനെ സഹവർത്തിക്കാമെന്നും പ്രവർത്തിക്കാമെന്നും ഉള്ളതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് ഒരുപക്ഷേ, ഇന്ത്യൻ ദേശീയപ്രസ്ഥാനം. അതേസമയം, ആ ധാരകളോരോന്നും അതിനകമേ പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവുമായ അധീശത്വത്തിന് മത്സരിക്കുകയും ചെയ്യുന്നുണ്ട്" (ചന്ദ്ര, ബിപൻ. 'ആമുഖം'. *ഇൻഡ്യയുടെ സ്വാതന്ത്ര്യ സമരം* മൂന്നാം പതിപ്പ്. ഒരുകൂട്ടം എഴുത്തുകാർ, കോട്ടയം: ഡി. സി. 2011 14)

[79]"ഉത്തരവാദഭരണമെന്ന ലക്ഷ്യം ആവർത്തിച്ചു പ്രഖ്യാപിക്കുകയും ദിവാന്റെ ഭീകരമർദ്ദനത്തെ അപലപിക്കുകയും രാജ്യത്തു നടന്ന ക്രൂരതകളെക്കുറിച്ച് ജൂഡീഷ്യൽ അന്വേഷണം നടത്തണമെന്നാവശ്യപ്പെടുകയും ചെയ്തുകൊണ്ട് സ്റ്റേറ്റ് കോൺഗ്രസ് തങ്ങളുടെ പരിപാടികൾ മുന്നോട്ടുകൊണ്ടുപോയി... സർ സി. പി.ക്കെതിരേ (തിരുവിതാംകൂർ ദിവാൻ, സി. പി. രാമസ്വാമി അയ്യർ) കോൺഗ്രസ് ഉന്നയിച്ച ആരോപണങ്ങൾ പിൻവലിക്കുവാൻ ഗാന്ധിജി... നിർബ്ബന്ധിച്ചു...

ആരോപണങ്ങൾ പിൻവലിക്കുന്നു എന്ന ഒരു പ്രസ്താവന സ്റ്റേറ്റ് കോൺഗ്രസ് പുറപ്പെടുവിച്ചു... ഈ സംഭവം ചെറുപ്പക്കാരായ ഒരു വിഭാഗത്തെ അസംതൃപ്തരാക്കി. യൂത്ത് ലീഗ് അംഗങ്ങൾ സ്റ്റേറ്റ് കോൺഗ്രസ്സിൽനിന്നു പിരിഞ്ഞു." (വാരിയർ, പി. എ.. *ഇന്ത്യൻ സ്വാതന്ത്ര്യസമരവും കേരളവും*. കോട്ടയം: ഡി. സി. 2009 106)

[80]പി. എ. വാരിയർ 106–108

[81]പുസ്തകം 24, ലക്കം 33

[82]പുസ്തകം 24, ലക്കം 34

[83]"Edited, Printed and Published by A.Thangal Kunju Musaliar at the Vignana Poshini Press, Quilon." (*പ്രഭാതം* വാരിക, 20 ഒക്ടോബർ 1946, പുസ്തകം 2, ലക്കം 31)

[84](1)'കമ്യൂണിസ്റ്റ് പാർട്ടി നിയമവിരുദ്ധമെന്ന് പ്രഖ്യാപിക്കപ്പെട്ടു', കുറിപ്പ്, (*പ്രഭാതം* വാരിക, 20 ഒക്ടോബർ 1946 7)
(2)'അമ്പലപ്പുഴ ചേർത്തല താലൂക്കുകളിൽ പട്ടാളനിയമം പ്രഖ്യാപിക്കപ്പെട്ടു'. (*പ്രഭാതം.* 27 ഒക്ടോബർ 1946 6)

[85]"വയലാർ, കളവംകോടം, ഒളതല എന്നീ സ്ഥലങ്ങളിൽ ലഹളക്കാർ ചില രഹസ്യസങ്കേതങ്ങൾ തുറപ്പിച്ചിരിക്കുന്നതായി അറിയുന്നു. ലെനിൻ ഗ്രാഡ്, സ്റ്റാലിൻ ഗ്രാഡ് എന്നിങ്ങനെയുള്ള സംജ്ഞകളിലാണ് ഈ സങ്കേതങ്ങൾ അവരുടെയിടയിൽ അറിയപ്പെടുന്നത്... സങ്കേതങ്ങളിൽ പരേഡും ആയുധാഭ്യാസവും നടന്നുവരുന്നതായി പറയപ്പെടുന്നു... ഓരോ വീടും ഓരോ ആയുധപ്പുരകളാക്കിത്തീർക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നതെന്നു പറയപ്പെടുന്നു." (*പ്രഭാതം.* 27 ഒക്ടോബർ 1946 6)

[86]"ആലപ്പുഴ-ചേർത്തല റോഡിലുള്ള ഒരു പാലം ലഹളക്കാർ ഇളക്കിയതായി അറിയുന്നു. തദവസരത്തിൽ പോലീസുകാർ വെടിവച്ചതായി സ്ഥിരീകരിക്കപ്പെടാത്ത റിപ്പോർട്ടുകളിൽ പറയുന്നു." (*പ്രഭാതം.* 27 ഒക്ടോബർ 1946 6)

[87]'ആലപ്പുഴയിലെ സ്ഥിതിഗതികൾ', (*പ്രഭാതം.* 3 നവംബർ 1946 7)

[88]"ആലപ്പുഴയിലെയും അമ്പലപ്പുഴയിലെയും സ്ഥിതിഗതികൾ അഭിവൃദ്ധിപ്പെട്ടിരിക്കുന്നു..." (*പ്രഭാതം.* 3 നവംബർ 1946 7)

[89]"Printed and Published by N. Chandrasekharan Nair at Sree Rama Vilas Press, Quilon." *മലയാളരാജ്യം*, 14 ആഗസ്റ്റ് 1946. പുസ്തകം 19, ലക്കം 10

[90]"ആലപ്പുഴ-ചേർത്തല വാർത്തകൾ. പട്രോൾ പ്രവർത്തനങ്ങൾ. 9 പേരെ തടവുകാരായി പിടിച്ചു. അപായമുളവാക്കുന്ന ആയുധങ്ങളും പിടിച്ചു. ഫാക്ടറികൾ പ്രവർത്തനമാരംഭിച്ചു." *മലയാളരാജ്യം*. 18 തുലാം 1122 9

[91]"Edited and Published by E. V. Ramamchandran Nair from Pauradhwani Press, Kottayam." *കൈരളി* വാരിക, 4 നവംബർ 1946. പുസ്തകം 2, ലക്കം 10

[92]ചേർത്തലയിലെ അനിഷ്ടസംഭവങ്ങൾ, (*കൈരളി* വാരിക, 4 നവംബർ 1946 8), കൈരളി വാരിക, 1946 നവംബർ 4, പുസ്തകം 2, ലക്കം 10

[93]"ലഹളബാധിത സ്ഥലങ്ങളിൽ പട്ടാളനിയമം നടപ്പിലാക്കുകയും ആയുധധാരികളായ സൈന്യ സംഘങ്ങൾ ലഹള രംഗങ്ങളിൽ എത്തുകയും ചെയ്തതോടുകൂടി, കലാപകാരികൾ കൂട്ടമായി ഉൾ പ്രദേശങ്ങളിലേയ്ക്കു വലിഞ്ഞു. ഒടുവിൽ, 'മോസ്കോ' എന്ന് അവരാൽ വിളിക്കപ്പെട്ടുവന്ന വയലാറ്റിൽ (ഗ്ര. പാ.) അവർ അന്ത്യ സമരത്തിനു തയ്യാറായി. സൈന്യവും ഇവരും തമ്മിൽ നല്ല ഒരു സംഘട്ടനംതന്നെ അവിടെ വച്ചുണ്ടായതായിട്ടാണറിയുന്നത്. പട്ടാളത്തിന്റെ വെടിയേറ്റ് ലഹളക്കാരിൽ കുറേപ്പേർ മരിക്കുകയും വളരെപ്പേർക്കു മുറിവേൽക്കുകയും ചെയ്തു." (*കൈരളി* വാരിക, 4 നവംബർ 1946)

[94]"Edited, Printed and Published by Pokkattu, K. Raghavan Pillai at Modern Press, Tvm." *ധർമ്മദേശം*, 2 ഡിസംബർ1946 12

[95]*ധർമ്മദേശം*, 2 ഡിസംബർ1946 4.

[96]"പട്ടം താണുപിള്ളയും പാർട്ടിയും ഇന്നു വൈകിട്ട് ചേർത്തലയിൽ നിന്നു തിരിച്ചെത്തി. ചേർത്തലയും ആലപ്പുഴയും ഉണ്ടായ ആൾനഷ്ടത്തിന്റെ കണക്ക് ഗവണ്മെന്റു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത് ശരിയാണെന്നുള്ള അഭിപ്രായം അദ്ദേഹം പ്രകടിപ്പിച്ചു."

[97]പുസ്തകം 20, ലക്കം 21

[98]"കോൺഗ്രസ് പുതിയ പ്രസ്ഥാനം തുടങ്ങിക്കഴിഞ്ഞാൽ ഉടൻ ഇന്ത്യയിലെ പത്രങ്ങളുടെ മേൽ ഗവർമേണ്ടു ചില പുതിയ നിബന്ധനകൾ ചുമത്തുന്നതായിരിക്കുമെന്നു പ്രസ്താവമുണ്ട്. കോൺഗ്രസിന്റെ പ്രസ്ഥാനത്തെ നേരിട്ടോ അല്ലാതെയോ സംബന്ധിക്കുന്ന എല്ലാ പ്രസ്താവനകളെയും ഗവർമേണ്ടു നിരോധിക്കുമത്രെ. ബോമ്പായിൽ കൂടുന്ന സർവ്വേന്ത്യാ കോൺഗ്രസ് കമ്മിറ്റി യോഗം കഴിഞ്ഞാൽ കോൺഗ്രസ്സിന്റെ പ്രസ്ഥാനത്തിന്റെ കാര്യ പരിപാടിയെ സംബന്ധിച്ച ചില വിവരങ്ങൾ ലഭിച്ചാൽ ഉടൻ പത്രങ്ങളുടെ മേൽ എന്തെല്ലാം നിരോധനങ്ങളാണു ചുമത്തേണ്ടതെന്ന് ഗവർമേണ്ട് ആലോചന തുടങ്ങീട്ടുണ്ടത്രെ." (പേജ് 8)

[99]"ബോമ്പായിൽ ചേർന്ന കോൺഗ്രസ് വർക്കിങ്ങ് കമ്മിറ്റി രാഷ്ട്രീയ സ്ഥിതി വീണ്ടും നിരൂപണം ചെയ്തുകൊണ്ടും, ബ്രിട്ടനോടും ഐക്യരാഷ്ട്രങ്ങളോടും കോൺഗ്രസ്സാവശ്യപ്പെടുന്ന കാര്യം സമ്മതിക്കാനാവശ്യപ്പെട്ടുകൊണ്ടും, ആ ആവശ്യം അനുവദിച്ചുകിട്ടാനുള്ള മാർഗ്ഗമെന്ന നിലയ്ക്ക് ഗാന്ധിജിയുടെ നേതൃത്വത്തിൽ വേണ്ടിവന്നാൽ അക്രമരഹിതമായ ബഹുജനസമരം തുടങ്ങാൻ നിശ്ചയിച്ചുകൊണ്ടും ഒരു പ്രമേയം പാസ്സാക്കി. ആയിരത്തോളം വാക്കുകളടങ്ങിയ ഈ പ്രമേയം ജൂലായ് 14-ലെ വാർധാപ്രമേയത്തിനു പകരം സർവ്വേന്ത്യാ കോൺഗ്രസ് കമ്മിറ്റിയുടെ അംഗീകാരത്തിനു സമർപ്പിക്കുന്നതാണ്." (പേജ് 8)

[100]തൊട്ടടുത്ത ആഴ്ച, 1942 ആഗസ്ത് 16-ന്റെ ലക്കത്തിലും ഈ സംഭവം പരാമർശിക്കപ്പെടുന്നു.

[100]പേജ് എട്ടിൽ 'ഭാരതം' കോളത്തിൽ വാരികയിലെ മൂന്നാം കോളത്തിൽ നാലാമത്തെ അതായത് അവസാനത്തെ ഇനം: "അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റിയുടെ പ്രവർത്തനങ്ങളെയോ അതിനെതിരായി ഗവർമെണ്ടെടുക്കുന്ന നടപടികളെയോ സംബന്ധിച്ച് അസോഷ്യേറ്റഡ് പ്രസ് ഓഫ് ഇന്ത്യ, യുണൈറ്റഡ് പ്രസ് ഓഫ് ഇന്ത്യ, ഓറിയന്റ് പ്രസ് ഓഫ് ഇന്ത്യ എന്നീ വാർത്താവിതരണസ്ഥാപനങ്ങൾ വഴിക്കോ ഗവർമെണ്ടു വഴിക്കോ അതാതു പത്രങ്ങൾ സ്ഥിരമായി ഏർപ്പെടുത്തീട്ടുള്ളവരും തങ്ങൾ പ്രവൃത്തിക്കുന്ന ജില്ലകളിലെ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ അടുക്കൽ തങ്ങളുടെ പേരുകൾ റജിസ്റ്റ്ര് ചെയ്തിട്ടുള്ളവരുമായ ലേഖകന്മാർ വഴിക്കോ കിട്ടീട്ടുള്ളവയൊഴികെ യാതൊരു വർത്തമാനവും പ്രസിദ്ധപ്പെടുത്തിക്കൂടെന്നു കേന്ദ്ര ഗവർമെണ്ട് ഒരു കല്പന പുറപ്പെടുവിച്ചിരിക്കുന്നു."

[101]"*മാതൃഭൂമി* ദിനപത്രം നിരോധിച്ചു. രാജ്യരക്ഷാനിയമപ്രകാരം 1942 ഫെബ്രുവരി 22-ാംനു മുതൽക്കുള്ള *മാതൃഭൂമി* ദിനപ്പതിപ്പിന്റെ പ്രസിദ്ധീകരണവും വിതരണവും നിരോധിച്ചു." *മാതൃഭൂമി*. 29 മാർച്ച് 1942 12

[102]"ഡോ. പട്ടാഭി സീതാരാമയ്യ രേഖപ്പെടുത്തി: "യോഗം ചേരുന്നതും ഘോഷയാത്ര നടത്തുന്നതും അധികൃതർക്ക് ലാത്തികൊണ്ട് അടിച്ചമർത്താനായില്ല. മറിച്ച് തോക്കുകളും യന്ത്രത്തോക്കുകളും യുദ്ധവിമാനങ്ങളിൽ വെടിയുണ്ട വർഷിച്ചുമാണ് അതിനെ നേരിട്ടത്. കോപാകുലരായ ജനങ്ങൾ ഭ്രാന്തന്മാരായിമാറി. അവർ തീവണ്ടികളും കാറുകളും റെയിൽവേ സ്റ്റേഷനുകളും മറ്റും കല്ലെറിഞ്ഞു നശിപ്പിച്ചു.  ഗവർമെണ്ട് ഗോഡൌണുകൾ തീയിട്ടു. പാലങ്ങൾ തകർക്കുകയും റെയിലുകൾ ഇളക്കുകയും ചെയ്തു... ആയതിനാൽ ക്വിറ്റിന്ത്യാ സമരം അക്രമരാഹിത്യസമരമായി പ്രഖ്യാപിക്കാൻ യോഗ്യമല്ല." (സഹദേവൻ 280-281)

[103]"കേസിന് ആസ്പദമായ സംഭവമുണ്ടായത്, 1943 മെയ് ഒന്നാം തിയതിയാണ്. എന്നാൽ, നാലാം തിയതിമാത്രമേ ഇതു സംബന്ധിച്ച് ഒരു ചെറിയ വാർത്ത അധികൃതർ പുറത്തു വിട്ടുള്ളൂ. പിറ്റേന്നാളത്തെ രണ്ടു പേജു മാത്രമുള്ള *മാതൃഭൂമി*യിൽ, ഫറൂക്കിലെ അറസ്റ്റുകൾ എന്ന് 14 പോയിന്റ് ശീർഷകത്തിൽ ആ കോഴിക്കോട് റിപ്പോർട്ട് ചേകത്തിരിക്കുന്നു." (സുകുമാരൻ നായർ, പി. സി. തുടങ്ങിയവർ. *മാതൃഭൂമി*യുടെ ചരിത്രം. മൂന്നാം വാല്യം. കോഴിക്കോട്: *മാതൃഭൂമി* 1998 120)

# അദ്ധ്യായം 4

## മധ്യകാല*മാതൃഭൂമി*

നാലാം അദ്ധ്യായത്തിൽ, 1960-കൾമുതൽ ഇരുപതാം നൂറ്റാണ്ടു തീരുന്നതുവരെയുള്ള കാലഘട്ടത്തിലെ *മാതൃഭൂമി* ആഴ്ചപ്പതിപ്പിന്റെ സാംസ്കാരികമായ വായനയാണ്. കൊല്ലക്കണക്കിൽപ്പറഞ്ഞാൽ, 1960 മുതൽ 1999 കൂടിയുള്ള 40 വർഷമാണ് പഠനകാലം. *മാതൃഭൂമി*യുടെ മധ്യകാലമായി ഈ അന്വേഷണത്തിൽ വിശേഷിപ്പിക്കുന്ന ഈ കാലഘട്ടത്തിന്റെ പഠനത്തിന് നാലു പടവുകളുണ്ട്:

1. 1960-കൾ, 70-കൾ, 80-കൾ, 90-കൾ എന്നീ പതിറ്റാണ്ടുകളിലെ *മാതൃഭൂമി*യുടെ സ്വഭാവനിർണ്ണയം
2. *മാതൃഭൂമി*യുടെ ഈ പതിറ്റാണ്ടുകളിലെ പെരുമാറ്റവും പ്രാരംഭകാല - ആദ്യകാലസ്വഭാവവുമായുള്ള താരതമ്യം
3. അടിയന്തരാവസ്ഥ, മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കൽ വിരുദ്ധസമരം, ബാബറി മസ്ജിദ് തകർക്കൽ എന്നീ ചരിത്രഘട്ടങ്ങളിലെ *മാതൃഭൂമി* ഉള്ളടക്കം മുൻനിർത്തിയുള്ള പഠനം.
4. മധ്യകാല*മാതൃഭൂമി*യുടെ സാംസ്കാരികവിമർശം.

### 4.1. മധ്യകാല*മാതൃഭൂമി*: വിശകലനത്തിന് ഒരാമുഖം

സാമൂഹിക ആഴ്ചപ്പതിപ്പായി ആനുകാലികദൌത്യം തുടങ്ങിയ *മാതൃഭൂമി,* അതിന്റെ ആദ്യകാലഘട്ടം പിന്നിടുമ്പോഴേയ്ക്കും സാഹിത്യ ആഴ്ചപ്പതിയി മാറി എന്നാണ് കഴിഞ്ഞ അധ്യായത്തിലെ അന്വേഷണം മുഖ്യമായും ഉപദർശനം ചെയ്തത്. ആ കണ്ടെത്തലിനെക്കുറിച്ചുള്ള സൈദ്ധാന്തികധാരണകളോടെ വേണം *മാതൃഭൂമി*യുടെ മധ്യകാല വായനയിലേയ്ക്കു കടക്കാൻ.

'കാലത്തിന്റെ ഭാവുകത്വം മാറിയതുകൊണ്ടാണ് *മാതൃഭൂമി*യുടെ ഈ വ്യതിയാനം സംഭവിച്ചത്' എന്ന്, പതിവു നിഗമനങ്ങളുടെ രീതിയിൽ ഇതിനെ

വിലയിരുത്താം. ലാവണ്യശീലങ്ങളുടെ സ്വാഭാവികപ്രതികരണമായി ഇത്തരം പ്രവണതകളെ എഴുതിത്തള്ളാൻ എളുപ്പമാണ്. എന്നാൽ, "എന്തിനെയും ചരിത്രവത്കരിക്കുക എന്ന ആഹ്വാനം മുഴക്കുന്ന മാർക്സിസ"ത്തെ തത്വശാസ്ത്രപരമായി അദ്ധ്യാഹരിച്ച സാംസ്കാരികപഠനങ്ങൾക്ക് ഈ പ്രത്യക്ഷത്തെയും ചരിത്രവത്കരിക്കാതെ വയ്യ.[1] *മാതൃഭൂമി*യുടെ ഈ ചരിത്രത്തിനും ഒരു സൈദ്ധാന്തികതയുണ്ടെന്ന് സാംസ്കാരികപഠനങ്ങളുടെ കാഴ്ചാരീതി വിളിച്ചുപറയും. "സിദ്ധാന്തബദ്ധമായ രീതിയിലല്ലാതെ ഒരു നിലയ്ക്കും ചരിത്രത്തിനു നിലനിൽക്കാനാവി"ല്ലെന്നും "സിദ്ധാന്തമില്ലാതെ ചരിത്രമി"ല്ലെന്നും ഉള്ള ധാരണകളുടെ പ്രയോഗവത്കരണമല്ലാതെ മറ്റൊന്നുമല്ല ഇവിടെ ചെയ്യേണ്ടത്.[2] അതിനാൽ, സാമൂഹിക*മാതൃഭൂമി* സാഹിത്യ*മാതൃഭൂമി*യായതിനെ ചരിത്രവത്കരിച്ചുകൊണ്ടും അതിൽനിന്ന് ഉത്ഭൂതമാകുന്ന ഉപദർശനങ്ങളെ ഉപജീവിച്ചുകൊണ്ടും മാത്രമേ *മാതൃഭൂമി*യുടെ അടുത്ത ചരിത്രഘട്ടത്തിലേയ്ക്കു കടന്നുചെല്ലാനാകൂ.

"പാശ്ചാത്യമുഖ്യധാരാചിന്തയിൽ" ഉടനീളം "യാഥാർത്ഥ്യം", "പദാർത്ഥവും ചൈതന്യവുമായി പിളർന്നുനില്ക്കുന്നു" എന്നു പറയാറുണ്ട്.[3] ഈ ചിന്താമൌലികത പിൻതുടരുന്ന ആശയകാലഘട്ടങ്ങളും ആശയധാരകളും ആളുകളും സാഹിത്യത്തെയും സാഹിത്യേതര എഴുത്തിനേയും വേറിട്ടുകണ്ടു സമീപിക്കും. കൊളോണിയൽ ആധുനികതയുടെ സൃഷ്ടികളും സ്രഷ്ടാക്കളുമായ ആദ്യകാല ആനുകാലികങ്ങളിൽ ആ പിഴവു സംഭവിച്ചെങ്കിൽ അത്ഭുതപ്പെടാനില്ല. അതാണ് *മാതൃഭൂമി*യുടെ രീതിമാതൃകാവ്യതിയാനത്തിനു പിന്നിലെ സൈദ്ധാന്തികതയെങ്കിൽ, അത് ആദ്യകാല *മാതൃഭൂമി*യിൽ അവസാനിക്കില്ല. ഈ പൂർവ്വധാരണ നിലനിർത്തിക്കൊണ്ടാണ് മധ്യകാല*മാതൃഭൂമി*യുടെ ആനുകാലിക ശേഖരത്തിലേയ്ക്ക് ഇവിടെ കടക്കുന്നത്.

### 4.1.1. മധ്യകാല*മാതൃഭൂമി*: 1960-കൾ

*മാതൃഭൂമി*യുടെ 1960-കളിലെ സാമ്പിൾ ലക്കമായി 1960 ജനുവരി മൂന്നിന്റെ ആഴ്ചപ്പതിപ്പ് എടുക്കുന്നു.[4] മൊത്തം 41 ഇനങ്ങളുണ്ട്. സാഹിത്യയിനങ്ങളുടെ എണ്ണം 20.[5] സർഗ്ഗാത്മകയിനങ്ങളെ സാഹിത്യയിനങ്ങളായി എണ്ണുന്ന പതിവു തുടരുകയാണ്.[6] 21 സാഹിത്യേതരയിനങ്ങളുണ്ട്.[7] സർഗ്ഗാത്മകവിഭവങ്ങളെന്ന മട്ടിലല്ലാതെ ആനുകാലികപ്രതലത്തിൽ ഇടംപിടിച്ചവയെ സാഹിത്യേതരയിനങ്ങളായി എണ്ണുന്ന വായനയിലെ മുൻ നിലപാട് ഈ ഘട്ടത്തിലും തുടരുന്നു.[8] ഈ നിലയ്ക്കു പരിശോധിക്കുമ്പോൾ, 1960-കളിലെ *മാതൃഭൂമി*യുടെ സാഹിത്യ-സാഹിത്യേതര മുൻഗണന ഇങ്ങനെയാണ്:

1. സാഹിത്യയിനങ്ങൾക്ക് ലഭിച്ചയിടം 62%.
2. സാഹിത്യേതരയിനങ്ങൾക്ക് 38%.

### 4.1.2. മധ്യകാല*മാതൃഭൂമി*: 1970-കൾ

1970-കളിൽ നിന്ന് 1975 ജനുവരി 5 എടുക്കുന്നു.[9] ഈ ലക്കത്തിൽ 20 ഇനങ്ങൾ. 16-ഉം സാഹിത്യയിനങ്ങളാണ്.[10] ഭാഷാസംബന്ധിയായവയും സംസ്കാരസംബന്ധിയായവയും സാഹിത്യവിഭവങ്ങളായി എണ്ണിയിരിക്കുന്നു.[11] നാലു സാഹിത്യേതരയിനങ്ങളുണ്ട്.[12] ഈ തരംതിരിവനുസരിച്ച് ഈ ലക്കത്തിലെ ഉള്ളടക്കച്ചേരുവ ഇങ്ങനെയാണ്:

1. സാഹിത്യയിനങ്ങളുടെ അച്ചടിയിടം 66%.
2. സാഹിത്യേതരയിനങ്ങളുടേത് 34%.

### 4.1.3. മധ്യകാല*മാതൃഭൂമി*: 1980-കൾ

1980-കളിൽനിന്ന് 1985 ഏപ്രിൽ 28 എടുക്കുന്നു.[13] സാഹിത്യയിനങ്ങൾ 19.[14] സാഹിത്യതയുടെ മാനദണ്ഡം മാറാതെ തുടരുകയാണ്.[15] സാഹിത്യേതരയിനങ്ങൾ10.[16] സാഹിത്യേതരത നിർണ്ണയിക്കുന്നതിൽ

സർഗ്ഗാത്മകതയുടെ അഭാവത്തിന്റെ മാനദണ്ഡം തുടരുന്നുണ്ട്.[17] ഈ ലക്കത്തിന്റെ വിശകലനം ഇങ്ങനെയാണ്:

1. സാഹിത്യയിനങ്ങൾക്ക് 79 % അച്ചടിയിടം
2. സാഹിത്യേതരയിനങ്ങൾക്ക് 21%.

### 4.1.4. മധ്യകാല*മാതൃഭൂമി*: 1990-കൾ

*മാതൃഭൂമി*യുടെ 1990-കളിൽനിന്നുള്ള സാമ്പിൾ ലക്കമായി 1990 ജനുവരി ഏഴ് എടുക്കുന്നു.[18] 42 ഇനങ്ങളാണുള്ളത്. 39-ഉം സാഹിത്യയിനങ്ങളാണ്.[19] സർഗ്ഗാത്മകത, സാഹിത്യയിനനിർണ്ണയത്തിലെ മാനദണ്ഡമായിത്തുടരുകയാണ്.[20] മൂന്നു സാഹിത്യേതരയിനങ്ങളുമുണ്ട്.[21] കലാസംബന്ധിയല്ലാത്തവയെല്ലാം സാഹിത്യേതരയിനം, എന്ന സമീപനരീതി ഇവിടെയും തുടരുന്നു.[22] ഉള്ളടക്കവിശകലനം ഇങ്ങനെ:

1. സാഹിത്യവിഷയകമായ ഇനങ്ങൾക്ക് 96 % അച്ചടിയിടം
2. സാഹിത്യേതരയിനങ്ങൾക്ക് 4 %

### 4.2. മധ്യകാല*മാതൃഭൂമി*: മനസ്സിലാക്കലിന് ഒരാമുഖം

മധ്യകാലത്ത് *മാതൃഭൂമി*യുടെ ഉള്ളടക്കത്തിലെ സാഹിത്യ-സാഹിത്യേതര മുൻഗണനയിലുണ്ടായ വ്യതിയാനം പട്ടിക 4.1 ൽ.

സാഹിത്യത്തിനുള്ള മുൻഗണന മധ്യകാല*മാതൃഭൂമി*യിൽ ക്രമമായി കൂടിവരുന്നതായാണു കാണുന്നത്. അതിനു സമാന്തരമായി സാഹിത്യേതരയിനങ്ങൾക്കുള്ള മുൻഗണന ക്രമത്തിൽ കുറയുകയും ചെയ്യുന്നു

സാഹിത്യ – സാഹിത്യേതരയിനങ്ങൾക്കു നല്കുന്ന മുൻഗണനയുടെ കാര്യത്തിൽ, പ്രാരംഭകാല – ആദ്യകാല – മധ്യകാല *മാതൃഭൂമി*കൾ തമ്മിലുള്ള താരതമ്യം പട്ടിക 4.2.- ൽ.

*മാതൃഭൂമി*യുടെ രണ്ടാം പതിറ്റാണ്ടായ, 1940-കൾ മുതലേതന്നെ, സാഹിത്യ ഉള്ളടക്കം കൂടുന്ന കാഴ്ചയാണ് കാണുന്നത്. ആ വർദ്ധന, ക്രമത്തിലുമാണ്. അപ്പുറത്ത്, സാഹിത്യേതര ഉള്ളടക്കം ക്രമമായി കുറയുകയും ചെയ്യുന്നു.

**താരതമ്യം :മധ്യകാല *മാതൃഭൂമി* (1980-കൾ മുതൽ 1900-കൾ വരെ)**

| **കാലം** | **സാഹിത്യം** | **സാഹിത്യേതരം** |
|---|---|---|
| 1960-കൾ | 62 % | 38 % |
| 1970-കൾ | 66 % | 34 % |
| 1980-കൾ | 79 % | 21 % |
| 1990-കൾ | 96 % | 04 % |

പട്ടിക 4.1.

. സാഹിത്യ-സാഹിത്യേതരചേരുവയുടെ കാര്യത്തിൽ, ഒന്നാംനിര മുഖ്യധാരാ ആനുകാലികമായിരുന്ന *ഭാഷാപോഷിണി*യുടെ (77:23) സാംസ്കാരികവിലോമമായാണ് 1932-ൽ *മാതൃഭൂമി* (18:82) അരങ്ങത്തു വന്നതെന്നു നേരത്തേ നിരീക്ഷിച്ചു. എന്നാൽ, 1980-കളിലെത്തിയപ്പോൾ സ്വന്തം പൈതൃകത്തിന്റെ (18:82) സാംസ്കാരികവിലോമമായി (79:21) *മാതൃഭൂമി* മാറി. 1990-കളിലേയ്ക്ക് എത്തിയപ്പോഴാകട്ടെ, സ്വന്തം ചരിത്രത്തിലെ ഏറ്റവും കൂടിയ സാഹിത്യാത്മകതയുമായി (96:04) *മാതൃഭൂമി* പുറത്തുവന്നു. 1950-കളിൽത്തന്നെ *മാതൃഭൂമി* പ്രായോഗികമായി സാഹിത്യവാരികയായി മാറിയിരുന്നുവെന്ന് കഴിഞ്ഞ അദ്ധ്യായത്തിൽത്തന്നെ നിരീക്ഷിച്ചിരുന്നു. 1990-കളോടെ, *മാതൃഭൂമി*യുടെ സാഹിത്യത, അവരുടെതന്നെ സാംസ്കാരികവിലോമത്തിന്റെ പ്രാരംഭകാലതനിമയ്ക്കും അപ്പുറത്തേയ്ക്കുപോയി എന്നാണ് ഈ ഘട്ടത്തിലെ കണ്ടെത്തൽ.

**താരതമ്യം :പ്രാരംഭകാല – ആദ്യകാല – മധ്യകാല *മാതൃഭൂമി*കൾ**

| കാലം | സാഹിത്യം | സാഹിത്യേതരം |
|---|---|---|
| 1932 | 18 % | 82 % |
| 1940-കൾ | 49 % | 51 % |
| 1950-കൾ | 55 % | 45 % |
| 1960-കൾ | 62 % | 38 % |
| 1970-കൾ | 66 % | 34 % |
| 1980-കൾ | 79 % | 21 % |
| 1990-കൾ | 96 % | 04 % |

പട്ടിക 4.2.

ഒരു സാമൂഹികോന്മുഖപ്രസിദ്ധീകരണം, അതിന്റെ പ്രാരംഭകാലത്ത് വാശിയോടെയും വീറോടെയും സാമൂഹികത ഉയർത്തിപ്പിടിക്കുന്ന സാംസ്കാരികക്കാഴ്ചയായാണ് പ്രാരംഭകാല*മംഗളോദയ*ത്തിന്റെ സാഹിത്യ-സാഹിത്യേതര മുൻഗണനയെ (02:98) നേരത്തേ ഈ പഠനം വിലയിരുത്തിയത്. അതിനു നേരേ വിപരീതമായ തോതിൽ, ഏകപക്ഷീയവും കേവലവുമായ സാഹിത്യാത്മകതയിലേയ്ക്ക് (96:04) 1990-കളിലെ *മാതൃഭൂമി* പോയി എന്നുകൂടിയാണ് ഈ ഘട്ടത്തിലെ കണ്ടെത്തൽ. 1900-ങ്ങളിലെ *മംഗളോദയ*ത്തിന്റെ സാംസ്കാരികവിലോമമായി 1990-കളിലെ *മാതൃഭൂമി* മാറി (02:98 X 96:04) എന്ന് മറ്റൊരു തരത്തിലും ഈ കണ്ടെത്തലിനെ

വിന്യസിക്കാം. ആദ്യകാലയോഗക്ഷേമസഭ സാമൂഹികപ്രശ്നങ്ങളെ അഭിമുഖീകരിച്ച തീക്ഷ്ണതയോടെ ഏതോ പ്രശ്നങ്ങളെ 1990-കളിലെ *മാതൃഭൂമി* നേരിട്ടു എന്നാണ് ഇതു സൂചിപ്പിക്കുന്നത്.

തീവ്രസാഹിത്യത ആനുകാലികത്താളുകളിൽ ഒരു തരം കാഴ്ചബംഗ്ലാവുസംസ്കാരത്തിന്റെ അധിനിവേശം കുറിക്കുന്നുണ്ട്.[23] സർവ്വവിഷയതയിൽ തുടങ്ങിയ മുഖ്യധാരാ ആനുകാലികങ്ങൾ സാഹിത്യതയിലേയ്ക്കു ചുവടു മാറുമ്പോൾ അവ കാഴ്ചബംഗ്ലാവുസംസ്കാരത്തിന് അടിപ്പെടുകയാണ്. ആ രൂപാന്തരീകരണം തീവ്രസാഹിത്യതയിലേയ്ക്ക് എത്തുമ്പോഴാകട്ടെ, ആനുകാലികം എന്ന സാംസ്കാരികകലാനിർമ്മിതി ഒന്നാകെത്തന്നെ ഒരു കാഴ്ചബംഗ്ലാവായി മാറുന്നു. സാമൂഹികതയുടെ ഇടവേളകളോ ഇടർച്ചകളോ ഇല്ലാത്ത, സാഹിത്യതയുടെ ദൃശ്യത്തുടർച്ചയായി ആനുകാലികവായന മാറുന്നു. സാഹിത്യത്തിൽ കടന്നുവരാവുന്ന സാമൂഹികത മാത്രമാണ് ഇതിനെതിരായ മുൻകരുതൽ. തീവ്രസാഹിത്യ ആനുകാലികങ്ങളിലെ സാഹിത്യത്തിലും സാമൂഹികത സന്നിഹിതമാകാതിരിക്കുന്നില്ല. എന്നാൽ, തീവ്രസാഹിത്യ ആനുകാലികങ്ങളുടെ സ്വഭാവവിശകലനം എളുപ്പമാക്കാനായി, അവയിലെ സാമൂഹികതയുടെ സാന്നിദ്ധ്യത്തെ തീർച്ചയില്ലാത്ത ഒരു സാധ്യതയായി ന്യൂനീകരിച്ചാൽ, അവയുടെ ഉള്ളടക്കം സാമൂഹികതയുടെ നിരാസമായി മാറും. തീവ്രസാഹിത്യ ആനുകാലികങ്ങളെല്ലാം തീവ്രസാമൂഹികതാനിരാസം പിന്തുടർന്നു എന്ന വിവക്ഷ ഈ വ്യാഖ്യാനത്തിലില്ല. അതിനുള്ള അപകടസാധ്യത, അവയിൽ നിലനില്ക്കുന്നു എന്ന വാസ്തവം അവഗണിക്കാനാവാത്തതാണ് എന്നതുമാത്രമാണു സൂചന. സാമൂഹികത ഒഴിവാക്കാൻ വേണ്ടിയാണ് സർവ്വവിഷയതയിൽ തുടങ്ങിയ ആനുകാലികങ്ങൾ സാഹിത്യതയിലേയ്ക്കു മാറിയത് എന്ന

നിരീക്ഷണത്തിന്റെ പശ്ചാത്തലത്തിൽക്കൂടിയാണ് ഈ കണ്ടെത്തൽ ജനിക്കുന്നത്.

തീവ്രമായ സാമൂഹികപങ്കാളിത്തത്തിന്റെ അടയാളങ്ങളുമായി പിറന്ന ഒരു ആനുകാലികത്തിലാണ് ഈ മാറ്റം. രാഷ്ട്രീയതീക്ഷ്ണമായ 1930-കളിൽ, രാഷ്ട്രീയദേശീയതയുടെ പ്രത്യയശാസ്ത്രത്തിന്റെ കർതൃത്വരൂപീകരണമേറ്റെടുത്തു രംഗത്തുവന്ന ഒരാനുകാലികമാണ് ഇതു പ്രകടിപ്പിച്ചത്. അതിനാൽത്തന്നെ, ഇതിനെ തത്വശാസ്ത്രപരമായും രാഷ്ട്രീയമായും വിശകലനം ചെയ്തുകൊണ്ടേ, പ്രത്യയശാസ്ത്രപരമായി വിശദീകരിച്ചുകൊണ്ടേ, ഈ ആനുകാലികത്തിന്റെ അടുത്തഘട്ടത്തിലെ ഉള്ളടക്കവിശകലനത്തിലേയ്ക്കു പോകാനാകൂ.

കൈയൊഴിഞ്ഞ സാമൂഹികതയെ *മാതൃഭൂമി* പകരംവച്ചത് സാഹിത്യതകൊണ്ടാണ്. സാഹിത്യം (അതിൽ ലാവണ്യസിദ്ധാന്തം അടിച്ചേല്പിച്ച എല്ലാ മായികതകളും അഴിച്ചുമാറ്റി നോക്കിയാൽ) ഒരു പ്രത്യയശാസ്ത്രഭാഷയാണ്. അതുകൊണ്ടുതന്നെ ഏതു മണ്ഡലത്തിലെയും സാഹിത്യപൂജ അതിന്റെ രാഷ്ട്രീയാർത്ഥങ്ങളോടെ തിരിച്ചറിയപ്പെടേണ്ടതും പ്രശ്നവത്കരിക്കപ്പെടേണ്ടതുമാണ്. സാഹിത്യപൂജ എന്നത് സാഹിത്യരതി, ലിറ്ററേച്ചർ ഫെറ്റിഷിസം തന്നെയാണ്. ഇത് എല്ലാ ജീവിത മേഖലയിലുമുണ്ട്. ഭാഷയുടെ മേഖലയിൽ വരുമ്പോൾ അതു സാഹിത്യഭാഷാരതിയായി മാറും. ഭാഷാപഠനം സാഹിത്യഭാഷാപഠനമായി മാറുന്നത് അപ്പോഴാണ്. ഇംഗ്ലീഷ് ഭാഷാപഠനം സാഹിത്യപഠനമായിപ്പോകുന്നു എന്നത് അഭിസംബോധന ചെയ്യപ്പെട്ടപ്പോഴാണ് സാംസ്കാരികപഠനങ്ങൾതന്നെ പിറന്നത്. മലയാളഭാഷാപഠനവും അങ്ങനെയൊരു പ്രതിസന്ധി നേരിടുന്നുണ്ടെന്ന ആശങ്ക കേരളത്തിൽ ശക്തമാണ്.[24] "മനുഷ്യപക്ഷത്തുനിന്നു നോക്കുമ്പോൾ ശാസ്ത്രമുൾപ്പെടെയുള്ള സർവ്വവും ഭാഷാപ്രയോഗങ്ങൾ തന്നെയാണ്" എന്നതുകൊണ്ടാണ് ഇത് ആശങ്കയുണർത്തുന്ന ഒരു സാംസ്കാരിക പ്രശ്നമായി

മാറുന്നത്.[25] ബഹുജനമാധ്യമങ്ങളും ആനുകാലികങ്ങളും ആത്യന്തികാർത്ഥത്തിൽ ഭാഷയാണ്. അതുകൊണ്ട്, ആനുകാലികങ്ങളുടെ പ്രസാധനം ഭാഷാപ്രയോഗംതന്നെ.

*മാതൃഭൂമി*യുടെ ആദ്യകാലഘട്ടത്തിലെ സാമൂഹികതാനിരാസം സംഭവിച്ചത് അവർക്ക് ഒഴിവാക്കാനുണ്ടായിരുന്ന സാമൂഹികപ്രവണതകളുടെ, അഹിതമായ രാഷ്ട്രീയസാന്നിദ്ധ്യങ്ങളുടെ, പശ്ചാത്തലത്തിലാണെന്നാണ് കഴിഞ്ഞ അദ്ധ്യായത്തിലെ പ്രശ്നപഠനങ്ങൾ തെളിയിച്ചത്. *മാതൃഭൂമി* മധ്യകാലം പിന്നിട്ടപ്പോഴാകട്ടെ അവരുടെ ചരിത്രത്തിലെ എന്നല്ല, കേരളത്തിലെ ആനുകാലികമുഖ്യധാരാചരിത്രത്തിലെതന്നെ ഏറ്റവും വലിയ സാമൂഹികതാനിരാസത്തിലേയ്ക്ക് അവരെത്തിയെന്ന് ഈ അദ്ധ്യായത്തിലെ സ്ഥൂലതലപഠനങ്ങൾ കാണിച്ചുതരുന്നു. ഈ മാറ്റത്തിനു പിന്നിലെ രാഷ്ട്രീയകാരണങ്ങളെ കണ്ടെത്തുക എന്ന ലക്ഷ്യം കൂടി മുന്നിൽക്കണ്ടുകൊണ്ടാണ് ഈ കണ്ടെത്തലിനെ ഇനി സൂക്ഷ്മതലവിശകലനത്തിനു വിധേയമാക്കുക. അതിനു ചരിത്രപരമായി ക്ഷമതയുള്ള സന്ദർഭങ്ങളിലേയ്ക്കാണ് പോവുന്നത്.

### 4.2.1. പ്രശ്നപഠനം 1: അടിയന്തരാവസ്ഥ

രാജ്യത്ത്, 1975 ജൂൺ 25-ന് ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ഇന്ത്യൻ നാഷനൽ കോൺഗ്രസ് നേതാവ് ഇന്ദിരാ ഗാന്ധി പ്രധാനമന്ത്രിയും അതേ രാഷ്ട്രീയകക്ഷിയുടെ പ്രതിനിധിയായ ഫക്രുദീൻ അലി അഹമ്മദ് രാഷ്ട്രപതിയുമായിരുന്നു. അടിയന്തരാവസ്ഥ, 1977 വരെ നീണ്ടു. ആ കൊല്ലം, ജനുവരി 23-ന് രാജ്യത്തു പൊതു തെരഞ്ഞെടുപ്പു പ്രഖ്യാപിച്ചു. അപ്പോഴും, അടിയന്തരാവസ്ഥയ്ക്ക് ഇളവു നൽകിയതേയുള്ളൂ. ഭരണകക്ഷിയായ കോൺഗ്രസ് തെരഞ്ഞെടുപ്പിൽ തോറ്റതിനെത്തുടർന്ന് 1977 മാർച്ച് 21-നു മാത്രമാണ് അടിയന്തരാവസ്ഥ പിൻവലിക്കപ്പെട്ടത്. ആദ്യമായാണ്, രാജ്യം മുഴുവൻ ബാധകമായ അടിയന്തരാവസ്ഥാ പ്രഖ്യാപനമുണ്ടായത്. സ്വതന്ത്ര

ഇന്ത്യയുടെ ചരിത്രത്തിലെതന്നെ നിർണ്ണായകഘട്ടമായാണ് അടിയന്തരാവസ്ഥ കണക്കാക്കപ്പെടുന്നത്.[26]

1975 ജൂണിൽ അടിയന്തരാവസ്ഥാപ്രഖ്യാപനമുണ്ടായിട്ടും പിന്നാലേയുള്ള *മാതൃഭൂമി* ആഴ്ചപ്പതിപ്പുകളിൽ അക്കാര്യം കടന്നുവന്നില്ല. സ്വാതന്ത്ര്യദിനപ്പതിപ്പാകാമായിരുന്ന 1975 ആഗസ്ത് 10[27] ലക്കത്തിൽപ്പോലും അടിയന്തരാവസ്ഥ പരാമർശിക്കപ്പെട്ടില്ല.[28] *മാതൃഭൂമിക്ക്* 1975 ആഗസ്റ്റ് 24-ന്റെ ലക്കം ഓണപ്പതിപ്പായിരുന്നു. ആ ലക്കം ഒരു ഒറ്റവിഷയലക്കമായാണ് പുറത്തിറങ്ങിയത്. 1975 അന്താരാഷ്ട്ര വനിതാവർഷവുമായിരുന്നു. അതു മുൻനിർത്തി, വനിതാവിഷയവുമായി ബന്ധപ്പെട്ട ലേഖനങ്ങൾമാത്രം ഉൾക്കൊള്ളിച്ചു അതിൽ.

*മാതൃഭൂമി* അടിയന്തരാവസ്ഥയെ നേരിട്ടു പരാമർശിക്കാൻ അരക്കൊല്ലം കഴിയേണ്ടിവന്നു. 1976 ജനുവരി 25-ന് പുറത്തിറക്കിയ റിപ്പബ്ലിക് പതിപ്പിലാണ് അതുണ്ടായത്.[29] ഈ ലക്കത്തിൽ രണ്ടിനങ്ങളിൽ അടിയന്തരാവസ്ഥ കടന്നുവന്നു: മുഖചിത്രത്തിലും വാർഷികാവലോകനലേഖനത്തിലും. ഈ ഇനങ്ങളുടെ സൂക്ഷ്മഘടകങ്ങൾ ഇങ്ങനെയാണ്:

1. മുഖചിത്രം – പ്രധാനമന്ത്രിയും രാഷ്ട്രപതിയും
2. മുഖചിത്രത്തിന്റെ അടിക്കുറിപ്പ് – സാരഥികൾ
3. ലേഖനത്തിന്റെ തലക്കെട്ട് – അരാജകത്വം അകലെ
4. തലക്കെട്ടിനുള്ള സവിശേഷത - വർണ്ണശീർഷകം
5. സഹതലക്കെട്ട് – '75-ലേയ്ക്ക് തിരിഞ്ഞുനോട്ടം
6. ആദ്യ ഉപശീർഷകം – അടിയന്തരാവസ്ഥ അച്ചടക്കത്തിന്
7. ലേഖനത്തുടക്കം-"അരാജകത്വത്തിൽ നിന്ന് അച്ചടക്കത്തിലേയ്ക്കുള്ള വഴി വളരെയൊന്നും സുഗമമല്ല. എന്നാൽ,

1975ൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾകൊണ്ട് ഈ വഴി ഏറെക്കുറെ താണ്ടുവാൻ കഴിഞ്ഞിട്ടുണ്ട്." 30

8. ലേഖനത്തിന്റെ പദവി – മുഖലേഖനം
9. ലേഖനത്തിന്റെ സ്ഥാനം – *മാതൃഭൂമി*യുടെ റിപ്പബ്ലിക് പതിപ്പുകളിൽ അക്കാലത്തു പതിവുള്ള വർഷാന്താവലോകനം
10. ലേഖനത്തിന്റെ ദൈർഘ്യം – ഏഴു പേജ്.

അടിയന്തരാവസ്ഥാസംബന്ധിയായ ഈ ആനുകാലിക ഉള്ളടക്കങ്ങളുടെ മൂല്യപരമായ വിലയിരുത്തൽ ഇങ്ങനെ സമാഹരിക്കാം:

1. റിപ്പബ്ലിക് ദിനപ്പതിപ്പിലെ, പതിവിനമായ വർഷാന്താവലോകനമാണ് ലേഖനം. ഈ സന്ദർഭം അതിനെ മുഖപ്രസംഗ പദവിയിലേയ്ക്കുയർത്തുന്നു. ലേഖനത്തിൽ അടിയന്തരാവസ്ഥയ്ക്കു നല്കിയ പിൻതുണ *മാതൃഭൂമി*യുടെ ഔദ്യോഗികാനുമതിതന്നെയാകുന്നു.
2. ലേഖനത്തിന്റെ തലക്കെട്ട് പ്രതീകാത്മകം. 'അരാജകത്വം അകലെ' എന്ന പ്രസ്താവം, അടിയന്തരാവസ്ഥ രാജ്യത്തെ അരാജകവാദികൾക്ക് എതിരേയാണെന്ന ഭരണകൂടഭാഷ്യവുമായി ഒത്തുപോകുന്നതായി.
3. ലേഖനത്തിലെ ആദ്യ ഉപശീർഷകമായ 'അടിയന്തരാവസ്ഥ അച്ചടക്കത്തിന്' എന്നത് 'അടിയന്തരാവസ്ഥ അച്ചടക്കത്തിന്റെ കാലം' എന്ന സർക്കാരിന്റെ മുദ്രാവാക്യംതന്നെയായിരുന്നു.
4. മുഖചിത്രത്തിന്റെ അടിക്കുറിപ്പായ 'സാരഥികൾ' എന്ന പ്രയോഗവും ലേഖനത്തിന്റെ ആമുഖവാക്യത്തിലെ 'അച്ചടക്കത്തിലേയ്ക്കുള്ള വഴി', 'ഈ വഴി ഏറെക്കുറെ താണ്ടുവാൻ കഴിഞ്ഞിട്ടുണ്ട്' എന്നീ പരാമർശങ്ങളും ഒരുമിച്ചു

പോകുന്നു. ഇന്ത്യ അച്ചടക്കത്തിലേയ്ക്കുള്ള വഴി താണ്ടുകയാണെന്നും ആ യാത്രയിലെ സാരഥികൾ പ്രധാനമന്ത്രിയും രാഷ്ട്രപതിയും ആണെന്നും സൂചിതം.

5. 'അച്ചടക്കത്തിലേയ്ക്കുള്ള വഴി വളരെയൊന്നും സുഗമമല്ല' എന്ന വാക്യഭാഗം, 'നാവടക്കൂ പണിയെടുക്കൂ' എന്ന അടിയന്തരാവസ്ഥയിലെ ഭരണകൂടഘോഷണത്തിന്റെ മൃദുഭാഷിതവുമായി.

*മാതൃഭൂമി* പത്രത്തിന്റെ ആദ്യപ്രതിയിൽ പത്രാധിപർ കെ. പി. കേശവമേനോൻ എഴുതിയ പ്രസ്താവന പത്രത്തിന്റെ മാത്രമല്ല, *മാതൃഭൂമി* പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനിയുടെതന്നെയും നയപ്രഖ്യാപനമായിപ്പറയാറുണ്ട്. *മാതൃഭൂമി* ആഴ്ചപ്പതിപ്പിന്റെ അടിയന്തരാവസ്ഥാവേളയിലെ പെരുമാറ്റത്തിന്റെ പശ്ചാത്തലത്തിൽ ആ പ്രസ്താവന വായിക്കുക പ്രസക്തമാണ്:

> "മനുഷ്യജീവിതം മഹാത്തായൊരു ബാധ്യതയാണ്. ആ ബാധ്യത നിറവേറ്റുന്നതിനുള്ള പൂർണ്ണസ്വാതന്ത്ര്യം എല്ലാ മനുഷ്യർക്കും ഉണ്ടായിരിക്കണം. അവരവരുടെ ബുദ്ധിക്കും പ്രാപ്തിക്കും അദ്ധ്വാനത്തിനും അനുസരിച്ചുള്ള ഫലം, യാതൊരു തടസ്സവും കൂടാതെ ആർക്കും അനുഭവിക്കാൻ സാധിക്കണം. അതിനെ കുറയ്ക്കുവാനോ ഇല്ലാതാക്കുവാനോ ഉള്ള ആചാര സമ്പ്രദായങ്ങളോ, നിബന്ധനകളോ മനുഷ്യവർഗ്ഗത്തിന്റെ അഭിവൃദ്ധിക്കു പറ്റാത്തതാകകൊണ്ട് അവയെ തീരെ അകറ്റണം. എന്നാൽ മാത്രമേ ലോകത്തിൽ സൌഖ്യവും സ്വാതന്ത്ര്യവും സമാധാനവും പൂർണ്ണമായി ഉണ്ടാകാൻ തരമുള്ളൂ എന്ന നയത്തെ അടിസ്ഥാനമാക്കി ഞങ്ങൾ മറ്റെല്ലാ വിഷയങ്ങളെയും പരിശോധിക്കുന്നതാകുന്നു."[31]

കേശവമേനോന്റെ പ്രസ്താവന, *മാതൃഭൂമി*യുടെ ലക്ഷ്യമായിരുന്ന ദേശീയസ്വാതന്ത്ര്യത്തിന്റെ പരിധിയും കഴിഞ്ഞ് മനുഷ്യജീവിതത്തിന്റെ പൂർണ്ണസ്വാതന്ത്ര്യം എന്ന കൂടുതൽ വലിയ ലക്ഷ്യത്തെയാണ് മുൻവയ്ക്കുന്നതെന്ന് *മാതൃഭൂമി*യുടെ ഔദ്യോഗികചരിത്രം വിശദീകരിക്കുന്നുണ്ട്. ദേശീയപ്രസ്ഥാനത്തിന്റെ രാഷ്ട്രീയനിർമ്മിതികളായാണ് ഇന്ത്യൻ ജനതയുടെ സ്വാതന്ത്ര്യവും ജനാധിപത്യവും ഉരുവംകൊണ്ടത്. അതിന്മേലുള്ള വെല്ലുവിളിയായിരുന്നു അടിയന്തരാവസ്ഥ. ആ ഘട്ടത്തിൽ *മാതൃഭൂമി* കൈക്കൊണ്ട നിലപാടിന്റെ മാധ്യമപാഠവിശകലനമാണ് നേരത്തേ കണ്ടത്.

### 4.2.1.1. അടിയന്തരാവസ്ഥയും *മലയാളനാടും*

പത്രപ്രവർത്തനത്തിന് വിലക്കുകളുള്ള കാലമായിരുന്നു അടിയന്തരാവസ്ഥ. ഏതെങ്കിലും തരത്തിൽ അടിയന്തരാവസ്ഥയെ എതിർക്കുന്ന ഒന്നും പ്രസിദ്ധീകരിക്കരുതെന്ന് പത്രങ്ങൾക്കും ആനുകാലികങ്ങൾക്കും ഉത്തരവുണ്ടായിരുന്നു. ആ വിലക്കിനെ മലയാളത്തിലെ ഒരാനുകാലികം സമീപിച്ച രീതി *മാതൃഭൂമി*യുടെ അടിയന്തരാവസ്ഥാനയത്തോടു ചേർത്തുവച്ചു കാണേണ്ടതാണ്.

*മലയാളനാട്* ആണ് ഇവിടെ ഉപപഠനവസ്തുവായി കടന്നുവരുന്ന ആനുകാലികം. കൊല്ലത്തുനിന്നു പുറത്തിറങ്ങിയിരുന്ന പ്രസിദ്ധീകരണമാണത്. അടിയന്തരാവസ്ഥാപ്രഖ്യാപനത്തിനു പിന്നാലേ ഒ. വി. വിജയന്റെ രാഷ്ട്രീയ ആക്ഷേപഹാസ്യ ആഖ്യായികയായ *ധർമ്മപുരാണ*ത്തിന്റെ പ്രസിദ്ധീകരണം *മലയാളനാട്* നീട്ടിവച്ചു. അത് അടിയന്തരാവസ്ഥാവിരുദ്ധസൂചനയോടെതന്നെ വായനക്കാരെ അറിയിക്കുകയും ചെയ്തു:

> "ഈ പുതിയ പരിതഃസ്ഥിതിയിൽ *ധർമ്മപുരാണ*ത്തിന്റെ പ്രസിദ്ധീകരണം അനിശ്ചിതകാലത്തേയ്ക്ക് മാറ്റിവെയ്ക്കേണ്ടി വന്നിരിക്കുന്നു"[32]

ഒപ്പം, വിജയന്റെ കത്തും വാരിക പ്രസിദ്ധീകരിച്ചു: 'പ്രിയപ്പെട്ട എസ്. കെ.' എന്ന് *മലയാളനാട്* പത്രാധിപർ എസ്. കെ. നായരെ പേരെടുത്തു സംബോധന ചെയ്യുന്ന വ്യക്തിപരമായ കത്തായിരുന്നു അത്. എന്നിട്ടും, അതിന്റെ നേർപകർപ്പ് *മലയാളനാട്* പ്രസിദ്ധീകരിച്ചു. *ധർമ്മപുരാണ*ത്തിന്റെ പ്രസിദ്ധീകരണം നീട്ടിവയ്ക്കുന്ന അറിയിപ്പു വന്നതിന്റെ എതിർത്താളിൽ വിജയന്റേതന്നെ കൈയക്ഷരത്തിൽ കത്ത് വന്നു:

> "ചരിത്രം നമ്മെ കടത്തിവെട്ടിയല്ലോ! *ധർമ്മപുരാണ*ത്തിന്റെ പ്രസിദ്ധീകരണം നീട്ടിവയ്ക്കുകയല്ലാതെ വേറേ വഴിയുണ്ടോ?"

ആഴ്ചപ്പതിപ്പിന്റെ ആമുഖത്താളുകളിൽ, മുഖാമുഖം നോക്കിനില്ക്കുന്ന ആ കത്തും പരസ്യവും ഒന്നുചേർന്ന് അടിയന്തരാവസ്ഥയ്ക്കെതിരേയുള്ള ഒരു ആനുകാലിക ഉള്ളടക്കമായി മാറി.

### 4.2.1.2. അടിയന്തരാവസ്ഥ: *മാതൃഭൂമിയും മലയാള*നാടും

അടിയന്തരാവസ്ഥ പിൻവലിച്ചപ്പോൾ, *മലയാളനാട്* നോവൽ പ്രസിദ്ധീകരിച്ചു. 1977 സെപ്തംബർ 11-നായിരുന്നു അത്. അതിനു മുന്നേ ഓണപ്പതിപ്പിൽ - 1977 ആഗസ്റ്റ് 17 - ഒന്നാം പേജിൽ ആഴ്ചപ്പതിപ്പ് അക്കാര്യം പരസ്യത്തിലൂടെ വായനക്കാരെ അറിയിച്ചു:

> "അടുത്ത ലക്കം മുതൽ *മലയാളനാ*ടിൽ വായിച്ചു തുടങ്ങുക. വർഷങ്ങളായി നിങ്ങൾ കാത്തിരുന്ന, അടിയന്തിരാവസ്ഥ മൂലം പ്രസിദ്ധീകരണം മുടങ്ങിയ, ഒ. വി. വിജയന്റെ *ധർമ്മപുരാണം*"

അടിയന്തരാവസ്ഥക്കാലത്ത് *മാതൃഭൂമിയും* *മലയാളനാടും* പ്രസിദ്ധീകരിച്ച രണ്ടു മാധ്യമപാഠങ്ങളെ മുഖാമുഖം നിർത്തി വിലയിരുത്തുന്നത് ഇവിടെ പ്രസക്തമാണ് (പട്ടിക 4.3.).

**താരതമ്യം :അടിയന്തരാവസ്ഥ *മാതൃഭൂമി* യും- *മലയാളനാടും***

| *മാതൃഭൂമി* | *മലയാളനാട്* |
|---|---|
| അരാജകത്വം | അനിശ്ചിതത്വം |
| സർക്കാർ നടപടി | ചരിത്രം |
| അച്ചടക്കം | പരിതഃസ്ഥിതി |
| താണ്ടൽ | നീട്ടിവയ്പ്പ്/മാറ്റിവയ്പ്പ് |
| സാരഥികൾ | നമ്മൾ |
| 2 ഫോട്ടോകൾ | 2 പേരുകൾ |
| 7 പേജ് + മുഖചിത്രപ്പേജ് | 2 പേജുകൾ |

പട്ടിക 4.3.

ഇരുപാഠങ്ങളും മുന്നോട്ടുവയ്ക്കുന്ന താക്കോൽപ്പദങ്ങളുടെ/ പ്രത്യയശാസ്ത്രപ്രതീകങ്ങളുടെ താരതമ്യം ശ്രദ്ധേയമാണ്.. അടിയന്തരാവസ്ഥ എന്നെങ്കിലും പിൻവലിക്കുമെന്ന ധാരണയോടെയാണ് *ധർമ്മപുരാണ*ത്തിന്റെ നിശ്ചിതപ്രസിദ്ധീകരണം ഒ. വി. വിജയനും *മലയാളനാടും* ഉപേക്ഷിച്ചത് എന്നു കരുതുക വയ്യ. പക്ഷേ, അങ്ങനെ ഒരു വിശ്വാസം *മലയാളനാടി*ന്റെ അറിയിപ്പിലും വിജയന്റെ കത്തിലുമുണ്ടെന്ന് കാണാം. *മലയാളനാടി*ന്റെ അറിയിപ്പ്, 'ഈ പുതിയ പരിതഃസ്ഥിതിയിൽ *ധർമ്മപുരാണ*ത്തിന്റെ പ്രസിദ്ധീകരണം അനിശ്ചിതകാലത്തേയ്ക്ക് **മാറ്റിവെയ്ക്കേണ്ടി** വന്നിരിക്കുന്നു' എന്നായിരുന്നു. 'മാറ്റിവയ്ക്കു'ന്നു എന്നാണ് പ്രയോഗം. പ്രസിദ്ധീകരണം 'മാറ്റിവച്ചിരിക്കുന്ന'തേയുള്ളൂ, 'ഉപേക്ഷിച്ചിരിക്കുക'യല്ല എന്ന ധ്വനി അതിലുണ്ട്. അതേ സൂചന വിജയന്റെ കത്തിലുമുണ്ട്. '*ധർമ്മപുരാണ*ത്തിന്റെ പ്രസിദ്ധീകരണം നീട്ടിവയ്ക്കുകയല്ലാതെ വേറേ വഴിയുണ്ടോ?' എന്നാണ് വിജയൻ *മലയാളനാടി*നോടുള്ള കത്തിൽ ചോദിച്ചത്. ആ 'മാറ്റിവയ്ക്കൽ', 'നീട്ടിവയ്ക്കൽ' പ്രയോഗങ്ങൾ പ്രവചനാത്മകമായി.

വിജയന്റെ കത്തിലെ മുഖ്യവാക്ക് പക്ഷേ, മറ്റൊന്നാണ്: 'ചരിത്രം'. കത്തു തുടങ്ങുന്നത് 'ചരിത്രം നമ്മെ കടത്തിവെട്ടിയല്ലോ!' എന്ന പരാമർശത്തോടെയാണ്. എല്ലാ സംഭവങ്ങളും ചരിത്രമാകും. എങ്കിലും, സംഭവങ്ങൾ നടക്കുമ്പോൾ അങ്ങനെ ധരിക്കുക, ചരിത്രമാണെന്നു കണ്ട് അതിലിടപെടുക, ചരിത്രത്തിനു വേണ്ടി അതിലെ വരുംവരായ്കകൾ നേരിടാൻ തയ്യാറെടുക്കുക – അതൊക്കെ, എല്ലാവർക്കും എല്ലായ്പോഴും കഴിയുന്നതല്ല. സംഭവങ്ങളെ വർത്തമാനമാണെന്നു കണ്ടാണ് എല്ലാ ഇടപെടലുകളും നടക്കുന്നത്. വിജയന്റെ ഇടപെടലും എസ്. കെ. നായരുടെ പ്രതികരണവും അടിയന്തരാവസ്ഥയെ ചരിത്രമായിത്തന്നെ കണ്ടുകൊണ്ടായിരുന്നു. വിജയന്റെ ചരിത്രപ്രയോഗം അതുകൊണ്ടുതന്നെ

ശ്രദ്ധേയമാവുകയും മാതൃഭൂമിയുടെ മാധ്യമപാഠത്തിലെ സമാനസ്ഥാനീയമായ 'സർക്കാർ നടപടി' എന്ന പദത്തിന് എതിരു നില്ക്കുകയും ചെയ്യുന്നു.

### 4.2.2. പ്രശ്നപഠനം 2: മണ്ഡൽ സമരം

പിന്നാക്കസമുദായങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാൻ 1978-ൽ മൊറാർജി ദേശായി സർക്കാർ (1977-1979) ആണ് ബി. പി. മണ്ഡൽ അധ്യക്ഷനായ കമ്മീഷനെ നിയോഗിച്ചത്. കമ്മീഷൻ ഡിസംബർ 30-ന് റിപ്പോർട്ട് നൽകി. മറ്റു പിന്നാക്ക സമുദായങ്ങൾക്ക് 27% സംവരണമാണ് ശുപാർശ ചെയ്തത്. ദീർഘകാലം കേന്ദ്രസർക്കാരിന്റെ കൈവശമിരുന്ന മണ്ഡൽ റിപ്പോർട്ട് നടപ്പാക്കാൻ വി. പി. സിംഗ് സർക്കാർ (1989 ഡിസംബർ 2 – 1990 നവംബർ 7) ശ്രമിച്ചു. മണ്ഡൽ റിപ്പോർട്ട് നടപ്പാക്കുമെന്ന് 1990 ആഗസ്റ്റ് ഏഴിന് പ്രധാനമന്ത്രി വി. പി. സിംഗ് പാർലമെന്റിൽ പ്രഖ്യാപിച്ചു.[33] അതോടെ, സർക്കാർ തീരുമാനത്തിനെതിരേ പ്രക്ഷോഭം തുടങ്ങി. സെപ്റ്റംബർ 19-ന് ദില്ലി യൂണിവേഴ്സിറ്റി വിദ്യാർത്ഥിയായ രാജീവ് ഗോസ്വാമി എന്ന ഇരുപതുകാരൻ ആത്മാഹുതിക്കു ശ്രമിച്ചു. ഒമ്പതു ദിവസത്തെ നിരാഹാരസമരത്തിനു ശേഷമായിരുന്നു അത്. പിന്നാലേ, ആത്മാഹുതീശ്രമപരമ്പരതന്നെ അരങ്ങേറി.[34]

രാജീവ് ഗോസ്വാമിയുടെ ആത്മാഹുതീശ്രമത്തിനു പിന്നാലേ വന്ന *മാതൃഭൂമി* ആഴ്ചപ്പതിപ്പുകളിൽ പ്രശ്നത്തെക്കുറിച്ചോ പ്രക്ഷോഭത്തെക്കുറിച്ചോ ഒന്നുമില്ല. സംഭവം കഴിഞ്ഞ് അഞ്ച് ആഴ്ചകൾക്കു ശേഷമാണ് ആദ്യയിനത്തിന്റെ പ്രസിദ്ധീകരണം. 1990 ഒക്ടോബർ 28-ന്റെ ലക്കത്തിലെ മണ്ഡൽ പ്രക്ഷോഭത്തെക്കുറിച്ചുള്ള ലേഖനം വന്നു.[35] 'പുരോഗതിയുടെ ചക്രം പിറകിലേയ്ക്കുരുളുന്നു'. ഡോ. കെ. വേലായുധൻ നായരുടെ ഈ ലേഖനം ഒരു സംവരണവിരുദ്ധയിനമായിരുന്നു.[36]

ഈ ലക്കത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആഴ്ചപ്പതിപ്പുവിഭവവുമായിരുന്നു ഇത്. ലക്കത്തിലെ മുഖലേഖനംതന്നെ ഇതായിരുന്നു. മുഖചിത്രത്താളിൽ ലേഖനത്തിന്റെ അറിയിപ്പു നല്കി. ആ അംഗീകാരം കിട്ടിയ ഈ ലക്കത്തിലെ ഏകവിഭവവും അതായിരുന്നു. ഉള്ളടക്കത്തിൽ ഒ. എം. അനുജന്റെ കവിത കഴിഞ്ഞ്, രണ്ടാമത്തെ ഇനമായാണ് ലേഖനത്തെ ഉൾക്കൊള്ളിച്ചിട്ടുള്ളത്. വിഷയവിവരപ്പേജിൽ ഒന്നാമത്തെ ബോക്സ് അറിയിപ്പു ലഭിച്ച ഇനം കൂടിയാണിത്. 3.3 പേജ് ആയിരുന്നു ദൈർഘ്യം. പിന്നാക്കസമുദായക്കാരെ തുണയ്ക്കുന്നു എന്ന പ്രതീതി ഉണർത്തുന്നതായിരുന്നു മുഖചിത്രത്തിലെ അറിയിപ്പ്: 'ചൂഷണം ചെയ്യപ്പെടുന്ന പിന്നാക്കവിഭാഗം' വിഷയവിവര പേജിൽ ബോക്സിൽ നല്കിയ അറിയിപ്പ്, പുറന്താൾ പരാമർശത്തിന്റെ വിശദീകരണമായിരുന്നു: "പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരെ പിന്നാക്കാവസ്ഥയിൽത്തന്നെ നിത്യമായി തളച്ചിടുന്നതാണോ നമ്മുടെ നാടിന്റെ പ്രഖ്യാപിതനയം?".[37]

ഈ ഇനത്തോടുള്ള പ്രതികരണങ്ങൾ രണ്ടു ലക്കങ്ങളിലായി കൊടുത്തിരിക്കുന്നു. 1990 നവംബർ 25-ലും[38] 1990 ഡിസംബർ 23-ലും.[39] നവംബർ 25-ന്റെ ലക്കത്തിൽ വായനക്കാർ എഴുതുന്നു പംക്തിയിൽ 11 കത്തുകൾ ഈ വിഷയത്തിലുള്ളതാണ്. ഒന്നാം കത്ത് ഡോ. കെ. വേലായുധൻ നായരുടെ ലേഖനത്തെ എതിർക്കുന്നതാണ്. ഇതടക്കം പ്രസ്തുതലേഖനത്തെ എതിർക്കുന്ന മൂന്നു കത്തുകൾ പ്രസിദ്ധീകരിച്ചു. അനുകൂലിക്കുന്ന എട്ടു കത്തുകളും. 1990 ഡിസംബർ 23-ന്റെ ലക്കത്തിൽ 'വായനക്കാർ എഴുതുന്നു' പംക്തിയിൽ രണ്ടു കത്തുകളാണുള്ളത്. ഇവ, 1990 നവംബർ 25-ന്റെ ലക്കത്തിൽ ഡോ. വേലായുധൻ നായരുടെ ലേഖനത്തെ എതിർത്തുകൊണ്ട് ഐ. എം. വേലായുധൻ എഴുതിയ കത്തിനോടുള്ള പ്രതികരണങ്ങളാണ്. അദ്ദേഹത്തെ എതിർക്കുന്ന, സവർണ്ണനിലപാടുള്ള കത്തിന് 24 സെന്റീ മീറ്ററും

അനുകൂലിക്കുന്ന കത്തിന് നാലു സെന്റീ മീറ്ററും അച്ചടിയിടങ്ങൾ ലഭിച്ചു. മാതൃഭൂമിയിലെ മണ്ഡൽ വിഭവങ്ങളുടെ താരതമ്യ പട്ടിക 4.4 ൽ

**മണ്ഡൽ സമര പ്രതിഫലനം:*മാതൃഭൂമി* (ലക്കം 34, 38, 42)**

| | എണ്ണം | സ്വഭാവം | | അച്ചടിയിടം പുറങ്ങൾ |
|---|---|---|---|---|
| സവർണ്ണാനുകൂല ഇനങ്ങൾ | 10 | മുഖലേഖനം | 1 | 3.6 |
| | | കത്തുകൾ | 9 | 1.5 |
| അവർണ്ണാനുകൂല ഇനങ്ങൾ | 4 | മുഖലേഖനം | ഇല്ല | 0 |
| | | കത്തുകൾ | 4 | 1.1 |

പട്ടിക 4.4.

രാജീവ് ഗോസ്വാമിയുടെ ആത്മാഹുതീശ്രമത്തിനു പിന്നാലേ പ്രക്ഷോഭം നടത്തുന്ന സവർണപക്ഷത്തിന് അനുകൂലമായി മുഖലേഖനമടക്കം പത്തിനവും പുറന്താളിലെയും വിഷയവിവരത്താളിലെയും പ്രാതിനിധ്യമടക്കം 5.1 പുറം അച്ചടിയിടവും പ്രതിരോധത്തിൽ നിൽക്കുന്ന അവർണപക്ഷത്തിന് അനുകൂലമായി *മാതൃഭൂമി* വായനക്കാരുടെ പ്രതികരണങ്ങളിൽ മാത്രം നാലിനവും 1.1 പുറവും നീക്കിവച്ചു എന്നു കാണാം.

മണ്ഡൽ സമരവേളയിൽ സവർണ്ണനിലപാടിൽനിന്ന് ഡോ. വേലായുധൻ നായർ എഴുതിയ ലേഖനത്തെ എതിർത്ത് 1990 നവംബർ 25-ന്റെ ലക്കത്തിൽ വായനക്കാരുടെ കത്ത് എഴുതിയിരിക്കുന്നത് പ്രമുഖ അദ്ധ്യാപകനും സാമൂഹികപ്രവർത്തകനും ഗാന്ധിയനുമായ ഐ. എം. വേലായുധൻ (1927 – 2008) ആണ്. സ്വാതന്ത്ര്യസമരസേനാനി, *വിവേകോദയം* മാസികയുടെ മുൻ

പത്രാധിപർ എന്നീ നിലകളിലും പ്രസിദ്ധനായിരുന്നു. മുൻ കെ. പി. സി. സി. അംഗം, 1965-ലെ നിലവിൽ വരാത്ത നിയമ സഭയിലേയ്ക്ക് കോൺഗ്രസ് പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തി എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.[40] എന്നിട്ടും, അദ്ദേഹത്തിന്റെ പ്രതികരണം വായനക്കാരുടെ കത്തിലാണ് ഉൾപ്പെട്ടത്. വായനക്കാരുടെ കത്തിലെ ഒന്നാം ഇനം എന്നതു മാത്രമാണ് ആ കത്തിനു ലഭിച്ച അനുകൂലപരിഗണന.

മണ്ഡൽ സമരവേളയിൽ *മാതൃഭൂമി* ഉള്ളടക്കത്തിൽക്കണ്ട സവർണ്ണാവർണ്ണ പ്രാതിനിധ്യം (പട്ടിക 4.5. ൽ)

**മണ്ഡൽ *മാതൃഭൂമി* : സവർണ്ണ – അവർണ്ണ പക്ഷനില**

| **പ്രത്യേകപരിഗണനകൾ** | **സവർണ്ണപക്ഷം** | **അവർണ്ണപക്ഷം** |
|---|---|---|
| മുഖ ലേഖന പദവി | ഉണ്ട് | ഇല്ല |
| ലേഖനപദവി | ഉണ്ട് | ഇല്ല |
| മുഖചിത്രത്താളിലെ ഇടം | ഉണ്ട് | ഇല്ല |
| വിഷയവിവരത്താളിലെപ്രത്യേക അറിയിപ്പ് | ഉണ്ട് | ഇല്ല |
| വലിയ അക്ഷരങ്ങളിലുള്ള മേലെഴുത്ത് | ഉണ്ട് | ഇല്ല |
| ഒന്നാം കത്ത് | ഉണ്ട് | ഉണ്ട് |

പട്ടിക 4.5.

. മണ്ഡൽ പ്രശ്നം തീക്ഷ്ണമാകുന്നതിനു മുമ്പുള്ള ആഴ്ചപ്പതിപ്പിന്റെ സമീപനവുമായി ഈ സമീപനം താരതമ്യപ്പെടുത്തുന്നതും ഇവിടെ പ്രസക്തമാണ് (പട്ടിക 4.6. ൽ).

**മണ്ഡൽ സമരപൂർവ്വ *മാതൃഭൂമി* ( '90 ജൂൺ - ജൂലൈ )**

| തിയതി | ലക്കം | ലേഖകൻ | ലേഖനപദവി | അച്ചടിയിടം | പക്ഷം |
|---|---|---|---|---|---|
| ജൂൺ 17 | 15/68 | വീരേന്ദ്രകുമാർ | മുഖലേഖനം | 3.6 പുറം | അവർണ്ണം |
| ജൂൺ 24 | 16/68 | ,, | ഉപലേഖനം | 4 പുറം | ,, |
| ജൂലൈ 1 | 17/68 | ഐ.വി. ദാസ് | ,, | 3.4 പുറം | ,, |
| ജൂലൈ 8 | 18/68 | ഡോ. കെ. വേലായുധൻ നായർ | ,, | ,, | സവർണ്ണം |
| ജൂലൈ 15 | 19/68 | പി. കെ. നാരായണ-പ്പണിക്കർ | ,, | 2.8 പുറം | സവർണ്ണം |

പട്ടിക 4.6.

മണ്ഡൽ പ്രശ്നം 1990 ജൂൺ 17-ന്റെ ലക്കം മുതൽ തുടർച്ചയായ അഞ്ചു ലക്കങ്ങളിൽ കൈകാര്യം ചെയ്തു. *മാതൃഭൂമി* മാനേജിംഗ് ഡയറക്ടർ കൂടിയായ എം. പി. വീരേന്ദ്രകുമാറിന്റെ മുഖലേഖനത്തിൽനിന്നു തുടങ്ങി.

വ്യത്യസ്താഭിപ്രായക്കാരായ വ്യക്തികളെ അണിനിരത്തിയുള്ള സംവാദമായാണ് ഈ ലേഖന പരമ്പര മുന്നോട്ടുപോയത്. വീരേന്ദ്രകുമാറിന്റെ

രണ്ടു ലേഖനങ്ങൾ കൊടുത്തുകൊണ്ട് *മാതൃഭൂമി* വിഷയത്തിലെ പത്രാധിപനിലപാട് ഉറപ്പിച്ചു. തുടർന്ന് ഒരു അവർണ്ണാനുകൂലലേഖനവും രണ്ട് സവർണ്ണാനുകൂലലേഖനങ്ങളും നല്കി. ആദ്യലേഖനത്തിന് മുഖലേഖനപദവി നല്കിയപ്പോൾ അതേ ലേഖകന്റെ രണ്ടാമത്തെ ലേഖനത്തിന് ഉൾത്താളിടമാണ് അനുവദിച്ചത്.[41] മറ്റു ലേഖകർക്കെല്ലാം രണ്ടാം ലേഖനപദവിയും മുൻതാളിടങ്ങളും നല്കി. അവർണ്ണാനുകൂലപക്ഷത്തുനിന്നു തുടങ്ങിയ സംവാദം *മാതൃഭൂമി* സവർണ്ണാനുകൂലപക്ഷത്ത് അവസാനിപ്പിച്ചു. എതിർപക്ഷത്തിന് സാന്നിദ്ധ്യം അനുവദിച്ചുകൊണ്ടുതന്നെ പത്രാധിപനിലപാടിന്, അവർണ്ണാനുകൂലപക്ഷത്തിന്, മുൻതൂക്കം നല്കുകയാണ് ആഴ്ചപ്പതിപ്പു ചെയ്തത്. അവർണ്ണപക്ഷത്തിനു 11 പുറവും സവർണ്ണപക്ഷത്തിന് 6.3 പുറവുമാണ് *മാതൃഭൂമി* അനുവദിച്ച അച്ചടിയിടം.

അവർണ്ണപക്ഷനിലപാടെടുത്ത, അപ്പോഴും താരതമ്യേന ജനാധിപത്യപരമായി സംഘടിപ്പിച്ച, ഈ സംവാദം അച്ചടിച്ചതിനു പിന്നാലേയാണ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുമെന്ന് ആഗസ്റ്റ് ഏഴിന് പ്രധാനമന്ത്രി വി. പി. സിംഗ് പ്രഖ്യാപിച്ചത്. അതിനുപിന്നാലേ രാജ്യമാകെ സവർണ്ണാനുകൂലമായ തീക്ഷ്ണസമരം പൊട്ടിപ്പുറപ്പെട്ടു. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാൻ വി. പി. സിംഗ് സർക്കാർ കളമൊരുക്കുമ്പോൾ, അതേക്കുറിച്ച് പ്രചാരണസമാനമായ ഒരു ചർച്ച നടത്തിയ *മാതൃഭൂമി*യിൽ അതോടെ ചർച്ച നിലയ്ക്കുന്നു. അഞ്ചാഴ്ച *മാതൃഭൂമി*യുടെ ആ മൌനം നീണ്ടു. അതിനും പിന്നാലേയാണ് അവർ വീണ്ടും വിഷയത്തിലേയ്ക്കു വന്നത്. അപ്പോഴാകട്ടെ പഴയ അവർണ്ണാനുകൂലനിലപാട് കൈവെടിഞ്ഞു. പുതിയ സവർണ്ണാനുകൂലപക്ഷപാതിത്വം നടപ്പാക്കി. അവർണ്ണാനുകൂലനിലപാടുണ്ടായിരിക്കെ, ആ നിലപാട് പത്രാധിപപക്ഷമായിരുന്നിട്ടും, എതിർപക്ഷത്തിന് അനുവദിച്ച ഇടവും

പരിഗണനയും സവർണ്ണാനുകൂലനിലപാടിൽ നിലയുറപ്പിച്ച രണ്ടാം ഘട്ടത്തിൽ *മാതൃഭൂമി*യിൽ നിന്ന് അവർണ്ണ പക്ഷത്തോട് ഉണ്ടായില്ല.

*മാതൃഭൂമി* ആഴ്ചപ്പതിപ്പ് പ്രഭവവേളയിൽ പ്രഖ്യാപിച്ചനയം ഈ ഘട്ടത്തിൽ സ്മരണീയമാണ്:

> "ഇന്ത്യയിലെ... അധഃകൃതവർഗ്ഗക്കാരുടെ സ്ഥിതി രാജ്യത്തിന്റെ ക്ഷേമത്തിന്നും, അവരുടെ അഭിമാനത്തിന്നും രാജ്യക്കാരുടെ ഐക്യതയ്ക്കും വലിയ പ്രതിബന്ധമായിരിക്കകൊണ്ട് അവരുടെ ഉദ്ധാരണത്തിലും ക്ഷേമത്തിലും ഞങ്ങൾ സദാ ജാഗരൂകരായിരിക്കും."[42]

*മാതൃഭൂമി* പത്രത്തിന്റെ ഒന്നാം ലക്കത്തിൽ അച്ചടിച്ച ഔദ്യോഗികപ്രസ്താവനയിൽനിന്ന് പത്രത്തിന്റെ ഔദ്യോഗികചരിത്രം ഉദ്ധരിക്കുന്നതാണിത്. എം. പി. വീരേന്ദ്രകുമാറിന്റെ ലേഖനത്തിലൂടെ പുറത്തുവന്ന ഒരു താത്കാലികനിലപാടു മാത്രമായിരുന്നില്ല *മാതൃഭൂമിക്ക്* അവർണ്ണപക്ഷനിലപാട് എന്നു ചുരുക്കം.

സംവരണവിരുദ്ധപ്രക്ഷോഭം നിലച്ചതിനുശേഷം, 1990 ഡിസംബർ മുതൽ 91 ജനുവരി വരെ, *മാതൃഭൂമി* വീണ്ടും മണ്ഡൽ ചർച്ചയിലേയ്ക്കു മടങ്ങിവന്നു. തുടർച്ചയായ നാലു ലക്കങ്ങളിൽ ലേഖനങ്ങൾ കൊടുത്തുകൊണ്ട് ഈ ദേശീയപ്രശ്നത്തിൽ അവർ ഇടപെട്ടു. ആ ഘട്ടത്തിലെ *മാതൃഭൂമി* നിലപാടിന്റെ അവലോകനം പട്ടിക 4.7.-ൽ

നാലു ലക്കങ്ങളിലെ സംവാദസമാനമായ ലേഖനങ്ങളുടെ തുടർപ്രസിദ്ധീകരണത്തിനു ശേഷം ഒരാഴ്ച കഴിഞ്ഞപ്പോൾ ഈ വിഷയത്തിലെ വായനക്കാരുടെ പ്രതികരണങ്ങളും *മാതൃഭൂമി* നല്കി. 1991 ജനുവരി 27 (ലക്കം 47), ഫെബ്രുവരി മൂന്ന് (ലക്കം 48) ലക്കങ്ങളിലായിരുന്നു അത്. ഈ രണ്ടു ലക്കങ്ങളിലുമായി ഏഴു കത്തുകളാണ് പ്രസിദ്ധീകരിച്ചത്.

അവയിൽ, മൂന്നു കത്തുകൾ അവർണ്ണപക്ഷത്തെയും നാലു കത്തുകൾ സവർണ്ണപക്ഷത്തെയും അനുകൂലിക്കുന്നതായിരുന്നു. ലേഖനപരമ്പരയിലും കത്തുകളിലുമായി 13.3 പുറം അവർണ്ണപക്ഷത്തിനും 9.6 പുറം സവർണ്ണപക്ഷത്തിനും കിട്ടി

**മണ്ഡൽ സമരാനന്തര *മാതൃഭൂമി* ( '90 ഡിസംബർ - '91 ജനുവരി)**

| തിയതി | ലക്കം | ലേഖകൻ | ലേഖനപദവി | അച്ചടിയിടം | പക്ഷം |
|---|---|---|---|---|---|
| ഡി. 23 | 42/68 | പവനൻ | മുഖലേഖനം | 4.7 പുറം | അവർണ്ണം |
| ജനു. 1 | 43/68 | എം.എൻ. കാരശ്ശേരി | ഉപലേഖനം | 4 പുറം | ,, |
| ജനു. 7 | 44/68 | ,, | ,, | 4.1 പുറം | ,, |
| ജനു. 13 | 45/68 | ഡോ. കെ. വേലായുധൻ നായർ | മുഖലേഖനം | 4.3 പേജ് | സവർണ്ണം |

പട്ടിക 4.7.

സമരപൂർവ്വഘട്ടത്തിൽ അവർണ്ണപക്ഷത്തിനും സമരഘട്ടത്തിൽ സവർണ്ണപക്ഷത്തിനും അനുകൂലമായി നിലപാടെടുത്ത *മാതൃഭൂമി* സമരാനന്തര ഘട്ടത്തിൽ വീണ്ടും അവർണ്ണപക്ഷത്തേയ്ക്കു വന്നു എന്നാണ് അച്ചടിയിടവിശകലനം തെളിയിക്കുന്നത്. അവർണ്ണപക്ഷത്തോടൊപ്പം നിന്ന രണ്ടു ഘട്ടത്തിലും സവർണ്ണപക്ഷത്തിന് ജനാധിപത്യപരമായ ഇടം അനുവദിച്ച *മാതൃഭൂമിക്ക്* സവർണ്ണപക്ഷത്തോടൊപ്പം നിന്നപ്പോൾ അതിനു

കഴിഞ്ഞില്ല. *മാതൃഭൂമി* സവർണ്ണപക്ഷത്തോടൊപ്പം നിന്നത് സവർണ്ണപക്ഷത്തിന്റെ സംവരണവിരുദ്ധസമരം ക്യാമ്പസ്സുകളെ ബാധിക്കുകയും ചെറുപ്പക്കാരെ ആത്മാഹുതിയിലേയ്ക്കു വിളിച്ചിറക്കുകയും ചെയ്ത ഒരു സന്ദർഭത്തിലായിരുന്നു. സവർണ്ണപ്രത്യയശാസ്ത്രം അക്രമാസക്തമായ സാമൂഹികനില കൈക്കൊള്ളുകയും അത് ആ പ്രത്യയശാസ്ത്രത്തിന്റെ അനുഗാമികളിൽ ആൾക്കൂട്ട സമ്മോഹനവിദ്യപോലെ പ്രവർത്തിക്കുകയും അവരെ ജനഗണവിഭ്രാന്തിയ്ക്കടിപ്പെടുത്തുകയും ചെയ്ത കാലമാണത്. ഇന്ത്യൻ രാജ്യതന്ത്രഘടന എത്രമാത്രം സവർണ്ണപക്ഷപാതിത്വമുള്ളതാണെന്ന് തെളിയിച്ച ഒരു സന്ദർഭമായാണ് ആ ഘട്ടം വിലയിരുത്തപ്പെട്ടിട്ടുള്ളത്. ആക്രമണോത്സുകമായ ആ പ്രത്യയശാസ്ത്രത്തിന്റെ പ്രഭാവമാണ് സ്വന്തം പ്രഭവകാലനിലപാടും പത്രാധിപനിലപാടും മാറ്റിവച്ചുകൊണ്ട് മണ്ഡൽ വിരുദ്ധ തീവ്രസമരത്തിന്റെ കാലത്ത് *മാതൃഭൂമി*യെക്കൊണ്ട് സവർണ്ണനിലപാടെടുപ്പിച്ചതും അതിന്റെ ജനാധിപത്യവിരുദ്ധമായ പ്രയോഗം നടപ്പാക്കിച്ചതും.

### 4.2.3. പ്രശ്നപഠനം 3: ബാബറി മസ്ജിദ്

അയോധ്യയിലുണ്ടായിരുന്ന ഒരു മുസ്ലീം പള്ളിയാണ് ബാബറി മസ്ജിദ്. ഉത്തർ പ്രദേശ് സംസ്ഥാനത്തെതന്നെ ഏറ്റവും വലിയ മുസ്ലീം ആരാധനാകേന്ദ്രങ്ങളിലൊന്നായിരുന്നു അത്. 1992 ഡിസംബർ ആറിന് ഹിന്ദുത്വവാദികൾ സംഘടിപ്പിച്ച ഒരു ജാഥയെത്തുടർന്ന് ജനക്കൂട്ടം പള്ളി തകർക്കുകയായിരുന്നു.[43] ഇത്, രാജ്യവ്യാപകമായ കലാപത്തിനു വഴി വച്ചു.

മുഗൾ ചക്രവർത്തി ബാബറുടെ നിർദ്ദേശപ്രകാരം 1525 – 29 കാലത്താണ് ഈ പള്ളി പണിതത്. അദ്ദേഹത്തിന്റെ പേരുചേർത്താണ് പള്ളി ബാബറി മസ്ജിദ് എന്നറിയപ്പെട്ടത്. വിഷ്ണുവിന്റെ പത്ത് അവതാരങ്ങളിലൊന്നായി വിശ്വസിക്കപ്പെടുന്ന *രാമായണ*ത്തിലെ നായകനായ ശ്രീരാമന്റെ

ജന്മസ്ഥാനത്ത്, രാമജന്മഭൂമിയിൽ, ഉണ്ടായിരുന്ന അമ്പലം തകർത്താണ് ബാബർ ഈ പള്ളി പണിയിച്ചതെന്ന വാദമാണ് അയോധ്യാപ്രശ്നമായി വളർന്നത്. തർക്കത്തിന് പത്തൊമ്പതാം നൂറ്റാണ്ടു മുതലുള്ള പഴക്കമുണ്ട്.

ഒരു വിശ്വാസപ്രശ്നമായല്ല, രാഷ്ട്രീയപ്രശ്നമായാണ് അയോദ്ധ്യാപ്രശ്നം ഇന്ത്യൻ ചരിത്രത്തിൽ സ്ഥാനംപിടിച്ചിട്ടുള്ളത്. പതിറ്റാണ്ടുകൾ ഉറങ്ങിക്കിടക്കുകയും ഇടയ്ക്കിടെ രാഷ്ട്രീയനടപടികളിലൂടെ വിളിച്ചുണർത്തപ്പെടുകയും ചെയ്യുന്ന പ്രശ്നമായിരുന്നു അത്. 1980-കളിൽ രാഷ്ട്രീയമായി പുനർജന്മം നേടിയപ്പോഴാണ് അത് പള്ളിയുടെ ഇടിച്ചു നിരത്തലിലേയ്ക്ക് എത്തിയത്.[44]

1992 ഡിസംബർ ആറിനു പള്ളി തകർക്കപ്പെട്ടെങ്കിലും 1993 ജനുവരി മൂന്നിന്റെ *മാതൃഭൂമി* ആഴ്ചപ്പതിപ്പു മുതലാണ് അത് ആനുകാലിക ഉള്ളടക്കമായി മാറുന്നത്.[45] ഈ മാസത്തെ അഞ്ചു ലക്കങ്ങളിലായി ബാബറി മസ്ജിദ് തകർക്കലുമായി ബന്ധപ്പെട്ട് 26 ഇനങ്ങൾ അച്ചടിച്ചുവന്നു.[46] മുഖലേഖനങ്ങൾ മുതൽ വായനക്കാരുടെ കത്തുവരെ ഇവയിലുണ്ട്. ഇവ മുഴുവൻ ബാബറി മസ്ജിദ് തകർത്തതിനെ എതിർക്കുന്നവയായിരുന്നു എന്നതാണ് ഏറ്റവും വലിയ സവിശേഷത. ഇന്ത്യൻ രാഷ്ട്രീയമണ്ഡലവും ജനതതന്നെയും രണ്ടായിപ്പിരിഞ്ഞ ഈ സംഭവത്തിൽ പള്ളി തകർത്തവരെ ന്യായീകരിക്കുന്ന ഒരു കത്തു പോലും പ്രസിദ്ധീകരിക്കാൻ *മാതൃഭൂമി* തയ്യാറായില്ല എന്നു ചുരുക്കം.

പ്രശ്നത്തോടു പ്രതികരിക്കാൻ ഒരു മാസം സമയമെടുത്തെങ്കിലും പ്രതികരണം എല്ലാ നിലയ്ക്കും ഒരു പ്രചാരണത്തിന്റെ സ്വഭാവത്തിലേയ്ക്കു പോയി. പ്രതികരണം ആരംഭിച്ച ജനുവരി മൂന്നിന്റെ ലക്കത്തിൽ മുഖചിത്രംതന്നെ ബാബറി മസ്ജിദ് തകർക്കലിനെതിരേ ഉപയോഗിച്ചിരിക്കയാണ്. ദാലിയുടെ പെയിന്റിംഗാണ് മുഖചിത്രമായി ഉപയോഗിച്ചിരിക്കുന്നത്. മുഖചിത്രശീർഷകം ഒരു 'അവബോധകം'തന്നെയാണ്: 'കുറ്റവാളികൾ നാംതന്നെ.' മുഖചിത്രത്താളിൽ

‘അയോധ്യ’ എന്ന തലക്കെട്ട്. ഇതോടൊപ്പമുള്ള കർസേവകരുടെ ഫോട്ടോയ്ക്ക് അടിക്കുറിപ്പ് ‘അസ്തമയത്തിന്റെ ആരംഭം’ എന്നാണ്. മുഖലേഖനത്തിന്റെ ചോദ്യരൂപത്തിലുള്ള തലക്കെട്ട്, ‘അയോദ്ധ്യ കുറ്റവാളികൾ ആരെല്ലാം?’എന്നത്, ബാബറി മസ്ജിദ് അക്രമികൾ തകർക്കുന്ന ഫോട്ടോവിൽ റിവേഴ്സിൽ എഴുതിയ നിലയിലാണ്. മുഖലേഖനത്തോടൊപ്പമുള്ള വിപുലീകൃതമുദ്രണം ചെയ്ത ആമുഖം ലഘുലേഖാശൈലിയിലേയ്ക്ക് എത്തുന്നു:

> “ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും ലജ്ജാകരവും ഭീകരവുമായ സംഭവമാണ് ഈയിടെ അയോദ്ധ്യയിൽ നടന്നത്... ഹിന്ദു വർഗ്ഗീയസംഘടനകൾക്കു മാത്രമല്ല ഇതിന്റെ ഉത്തരവാദിത്വം. വർഗ്ഗീയതയുടെ വക്താക്കളെ തള്ളിപ്പറയാൻ ധൈര്യമില്ലാതെ അവരുടെ വിരുന്നുണ്ട്, കൈയകലത്തിൽ നിർത്തിവന്ന ഒരു നേതൃത്വത്തിന്റെ പാരമ്പര്യവും പ്രതിക്കൂട്ടിലുണ്ട്.” [47]

ലേഖനങ്ങളെ സൈദ്ധാന്തികകളങ്ങളിൽ ഒതുക്കുന്നതു ശരിയല്ലെങ്കിലും അക്കാദമികമായ ഒരിടത്ത് വിശകലനാവശ്യത്തിന് അത് പ്രസക്തമാണ്. *മാതൃഭൂമി*യിലെ മസ്ജിദ് ലേഖനങ്ങളുടെ വിഷയസ്ഥലികൾ വൈവിധ്യപൂർണ്ണമാണ്:

1. രാഷ്ട്രീയം (മധു ലിമായെ, കെ. വേണു),
2. ചരിത്രം (ഡോ. രാജൻ ഗുരുക്കൾ, മുരളീധരൻ),
3. ഗാന്ധി ചിന്ത (ഡോ. കെ. പി. കരുണാകരൻ),
4. ധാർമ്മികത (എം. പി. വീരേന്ദ്രകുമാർ, ഡോ. കെ. വേലായുധൻ നായർ) എന്നിങ്ങനെ വ്യത്യസ്ത സമീപനങ്ങളിൽ പ്രശ്നത്തെ സമീപിക്കാൻ *മാതൃഭൂമി* തയ്യാറാകുന്നുണ്ട് എന്നു പറയാം.
5. മതേതരത (ഡോ. രാജൻ ഗുരുക്കൾ, മുരളീധരൻ, ഡോ. കെ. വേലായുധൻ നായർ),

6. അഹിംസ (ഡോ. കെ. പി. കരുണാകരൻ)

എന്നീ വ്യവഹാരതലങ്ങളിൽ മാത്രമല്ല

7. ശ്രീരാമസങ്കല്പം (എം. പി. വീരേന്ദ്രകുമാർ) ഉപയോഗിച്ചുപോലുമുള്ള വിശകലനവും ഈ ചർച്ചയുടെ പ്രകരണത്തിൽ നടക്കുന്നു.

8. ഹൈന്ദവവീക്ഷണകോണിൽ പ്രശ്നത്തെ സമീപിക്കുന്ന ഒരു ലേഖനവും, ഡോ. കെ. വേലായുധൻ നായരുടേത്, ഈ നിരയിലുണ്ട്. 'മതേതരത്വം പുലരണമെങ്കിൽ' എന്ന അദ്ദേഹത്തിന്റെ പ്രശ്നവിശകലനം, ന്യൂനപക്ഷപ്രീണനത്തെക്കൂടി എതിർക്കുന്നു. ഒപ്പം, "പള്ളി തകർക്കൽ ഹിന്ദുവിന്റെ തെറ്റായ **പ്രതിഷേധ**മാ"ണ് എന്നും വാദിക്കുന്നു.

*മാതൃഭൂമി* അതിന്റെ പ്രഭവകാലമൂല്യങ്ങളിലേയ്ക്കു തിരിച്ചുപോയ പ്രശ്നസന്ദർഭമായാണ് ഈ വിശകലനത്തിലൂടെ ബാബറി മസ്ജിദിന്റെ തകർക്കൽ വേള മാറുന്നത്. *മാതൃഭൂമി* പത്രത്തിൽ ഒന്നാം ദിവസം പത്രാധിപർ കെ. പി. കേശവമേനോൻ എഴുതിയത് ഇവിടെ സ്മരണീയമാണ്:

> "ഒരു രാജ്യം ഒരു ജാതിക്കാരുടേയോ മതക്കാരുടേയോ അല്ല. സകലജാതിമതസ്ഥർക്കും പൊതുവായുള്ളതാണ് ജന്മഭൂമി."[48]

ഇന്ത്യൻ രാഷ്ട്രീയസംവിധാനം 1990-കളിൽ നേരിട്ട രണ്ടു കടുത്ത പരീക്ഷണഘട്ടങ്ങളായിരുന്നു മണ്ഡൽ സമരകാലവും മസ്ജിദ് തകർക്കൽക്കാലവും. *മാതൃഭൂമി* ഈ രണ്ടു സന്ദർഭങ്ങളെയും എങ്ങനെ അഭിമുഖീകരിച്ചു എന്നതിന്റെ വിശകലനം ഈ പഠനം പിന്നിട്ടുകഴിഞ്ഞു. ഈ സന്ദർഭങ്ങളുടെ താരതമ്യം പട്ടിക 4.8.-ൽ.

*മാതൃഭൂമി* ഈ രണ്ടു ചരിത്രസംഭവങ്ങളെയും തീർത്തും വ്യത്യസ്തമായ രണ്ടു തരത്തിലാണ് കൈകാര്യം ചെയ്തത്. നിലപാടിന്റെയോ തീവ്രതയുടെയോ കാര്യത്തിൽ മാത്രമല്ല, മാധ്യമപ്രവർത്തനത്തിന്റെ ഊർജത്തിന്റെ കാര്യത്തിലും അതുണ്ടായി.

**മണ്ഡൽ മസ്ജിദ് മാതൃഭൂമികൾ**: (’90 **ഒക്ടോ**. – **ഡിസം**. : ’93 **ജനു**. )

| **മണ്ഡൽ സമരകാലം (14 ഇനം)** | | | | **മസ്ജിദ് തകർക്കൽക്കാലം (26 ഇനം)** | | | |
|---|---|---|---|---|---|---|---|
| സവർണ്ണപക്ഷം | | അവർണ്ണപക്ഷം | | ഹിന്ദുത്വപക്ഷം | | മതേതരപക്ഷം | |
| ഇനങ്ങൾ | 10 | ഇനങ്ങൾ | 4 | ഇനങ്ങൾ | 0 | ഇനങ്ങൾ | 26 |
| മുഖലേഖനം | 01 | മുഖലേഖനം | 0 | മുഖലേഖനം | 0 | മുഖലേഖനം | 03 |
| ലേഖനം | 00 | ലേഖനം | 0 | ലേഖനം | 0 | ലേഖനം | 03 |
| കത്തുകൾ | 09 | കത്തുകൾ | 4 | കത്തുകൾ | 0 | കത്തുകൾ | 20 |
| ആകെ | 10 | ആകെ | 4 | ആകെ | 0 | ആകെ | 26 |

പട്ടിക 4.8.

മണ്ഡൽസമരം തീവ്രമായി നില്ക്കെ, *മാതൃഭൂമി* അതേപ്പറ്റി 14 ഇനങ്ങൾ കൊടുത്തെങ്കിലും അവയിൽ ഒന്നു മാത്രമേ മുഖലേഖനമായി വന്നുള്ളൂ. ബാക്കി 13 ഇനങ്ങളും വായനക്കാരുടെ കത്തുകളായിരുന്നു. അതേസമയം, ബാബറി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ, കൊടുത്ത 26 ഇനങ്ങളിൽ ആറും ലേഖനങ്ങളായിരുന്നു. അവയിൽത്തന്നെ, മൂന്നെണ്ണം മുഖലേഖനങ്ങളായിരുന്നു. മണ്ഡൽ സമര വേളയിൽ *മാതൃഭൂമി*യുടെ

പ്രതികരണത്തേക്കാൾ തീവ്രമായിരുന്നു, മസ്ജിദ് സമര കാലത്തെ പ്രതികരണം എന്നു ചുരുക്കം. മണ്ഡൽ സമരകാലത്തെ മാതൃഭൂമിയുടെ പ്രതികരണം അതിന്റെ പ്രഖ്യാപിതനയങ്ങൾക്കും തൊട്ടുമുമ്പേ കൈക്കൊണ്ട നിലപാടിനും കടകവിരുദ്ധമായിരുന്നുവെന്ന് നേരത്തേ കണ്ടു. നേരേ മറിച്ച്, മസ്ജിദ് തകർത്ത വേളയിൽ *മാതൃഭൂമി* പ്രഭവകാലനിലപാടുകളുടെ അതേ ആശയക്ഷേത്രത്തിലാണ് നിലയുറപ്പിച്ചത്. ആദ്യത്തേതിൽ, നിലപാടുമാറ്റത്തിന്റെ മാന്ദ്യവും രണ്ടാമത്തേതിൽ, സ്വകീയനിലപാട് ഉയർത്തിപ്പിടിക്കുന്നതിന്റെ ഊർജ്ജവും *മാതൃഭൂമി*യുടെ ആനുകാലികദൌത്യനിർവഹണത്തെ സ്വാധീനിച്ചു എന്നു കാണാം.

ഈ രണ്ടു ഘട്ടങ്ങളിൽ *മാതൃഭൂമി* അഭിമുഖീകരിച്ചത്, ഹിന്ദുമതത്തിലെ സവർണ്ണാവർണ്ണവൈരുദ്ധ്യവും മതസഞ്ചയത്തിലെ ഹിന്ദുത്വ-ന്യൂനപക്ഷവൈരുദ്ധ്യവുമാണ് എന്ന് രാഷ്ട്രീയാപഗ്രഥനസൂക്ഷ്മതയോടെ വീക്ഷിച്ചാൽ കാണാവുന്നതാണ്. ഹിന്ദുത്വ-ന്യൂനപക്ഷ വൈരുദ്ധ്യത്തോട് നേരായി പ്രതികരിക്കാനായ *മാതൃഭൂമിക്ക്* സവർണ്ണാവർണ്ണവൈരുദ്ധ്യത്തിനു മുന്നിൽ അതിനു കഴിയാതെ പോയതെന്ത് എന്ന ചോദ്യം പ്രസക്തമാണ്.

അധിനിവേശാനന്തരവിമർശനത്തിൽ ഉഭയത്വം, സങ്കരത്വം എന്നുള്ള പരികല്പനകളിലൂടെ വിശദീകരിക്കുന്ന പ്രതികരണസങ്കീർണതയെന്ന ജ്ഞാനപരമായ ഒരു പരിമിതിയുണ്ട്. മാതൃഭൂമിയുടെ ഇരട്ടമുഖത്തെ വിശകലനം ചെയ്യാൻ അതു വെളിച്ചം വീശും.[49]

“കൊളോണിയലിസത്തിന്റെ സാസ്കാരികപ്രത്യാഘാതങ്ങളെക്കുറിച്ച് ഘടനാവാദാനന്തരചിന്തയുടെ വെളിച്ചത്തിൽ നടത്തുന്ന വിശകലന”മാണ് അധിനിവേശാനന്തരവിമർശനം. “ആഗോളവത്കരണത്തിന്റെ ഏകമുഖത്വം” ലോകത്തെ ഒരു “പുനർകോളനീകരണത്തിലേയ്ക്കു നയിക്കുമോ എന്ന ഭീതി” നിലനിർത്തുന്ന ഇന്നത്തെക്കാലത്ത് അധിനിവേശാനന്തരവിമർശനത്തിന്റെ രാഷ്ട്രീയത സാംസ്കാരികപഠനങ്ങളുടെ ധാരയിലേയ്ക്ക്

ഉൾച്ചേരുന്നതാണ്.[50] അധിനിവേശകാലത്ത് അധിനിവേശത്തിന്റെ ചില ഇരകൾ അധിനിവേശകർക്കൊപ്പം നിലയുറപ്പിക്കുമെന്ന് അധിനിവേശാനന്തരവിമർശനം ഓർമ്മിപ്പിക്കുന്നു. അവരിൽ, ഇരട്ടപ്രതികരണത്തിന്റേതായ പരിമിതികൾ വരും. അധിനിവേശത്തിന്റെ പ്രയോഗസന്ദർഭത്തിൽമാത്രമല്ല, ഏതു ജ്ഞാനസന്ദർഭത്തിനും ഇത്തരം പ്രതിബദ്ധതാപ്രതിസന്ധി ബാധകമാണ്. രാഷ്ട്രീയമായ പരിമിതികൾ നേരിടുന്ന ഇന്ത്യയിലെ മേധാവിത്വപ്രത്യയശാസ്ത്രകർതൃത്വത്തിന്റെതന്നെ പ്രതിസന്ധിയാണ് *മാതൃഭൂമി*യുടെ നിലപാടുകളിലെ വൈരുദ്ധ്യങ്ങളിലൂടെ പുറത്തുവന്നത് എന്ന് ആ നോട്ടപ്പാടിലൂടെ കണ്ടെത്താവുന്നതാണ്. ഹിന്ദുത്വ-ന്യൂനപക്ഷവൈരുദ്ധ്യത്തിന്റെ രാഷ്ട്രീയസന്ദർഭത്തിൽ *മാതൃഭൂമി* മതേതരപക്ഷത്താണ്. പിന്നാക്കസമുദായക്കാരുടെ പ്രശ്നത്തിലും പൊതുസന്ദർഭങ്ങളിൽ പിന്നാക്കാനുകൂല നിലപാടെടുക്കാൻ *മാതൃഭൂമി*ക്കു കഴിയും. പക്ഷേ, പിന്നാക്കക്കാരുടെ പ്രശ്നം ഏറ്റവും തീക്ഷ്ണമായി രംഗത്തുവരുമ്പോൾ, രാഷ്ട്രവും ജനതയും രണ്ടായിപ്പിളരും വിധം അത് കൺമുമ്പിൽ വന്നുനില്ക്കുമ്പോൾ, *മാതൃഭൂമി*യുടെ പ്രത്യയശാസ്ത്രം അവരെ നയിക്കും. അത് അവർണ്ണവിരുദ്ധതയും സവർണ്ണാനുകൂലതയുമായി വെളിപ്പെടും.

### 4.3. മധ്യകാല*മാതൃഭൂമി*: മനസ്സിലാക്കലുകൾ, മനനങ്ങൾ

മധ്യകാല*മാതൃഭൂമി*യുടെ സ്ഥൂല-സൂക്ഷ്മതലപഠനമാണ് ഇവിടെ പൂർത്തിയാകുന്നത്. പ്രഭവകാലത്തെ സർവ്വവിഷയ*മാതൃഭൂമി* സർവ്വവിഷയത കൈയൊഴിഞ്ഞ് സാഹിത്യ*മാതൃഭൂമി*യായി എന്നാണ് ആദ്യകാല*മാതൃഭൂമി*യുടെ വിശകലനത്തിലൂടെ കഴിഞ്ഞ അധ്യായത്തിൽക്കണ്ടത്. മധ്യകാല*മാതൃഭൂമി*യുടെ പ്രതിപാദന - പ്രതിപാദ്യ വിശകലനങ്ങളിലൂടെ ഇപ്പോൾ കണ്ടെത്തുന്നത് പിറന്നുവീണ് ആറുപതിറ്റാണ്ടു പിന്നിടുമ്പോൾ ആദ്യകാലഘട്ടത്തിന്റെ അന്ത്യത്തിലെ സാഹിത്യ*മാതൃഭൂമി*

തീവ്രസാഹിത്യ*മാതൃഭൂമി*യായിമാറി എന്നാണ്. കൈവിട്ട സാമൂഹികത കൈയേല്ക്കേണ്ടി വരുമ്പോൾ *മാതൃഭൂമി* അനുഭവിക്കേണ്ടിവരുന്ന രാഷ്ട്രീയസ്വത്വപ്രതിസന്ധിയാണ് അടിയന്തരാവസ്ഥാ*മാതൃഭൂമി*യുടെയും മണ്ഡൽ വിരുദ്ധ സമരകാല *മാതൃഭൂമി*യുടെയും മസ്ജിദ് തകർക്കൽ കാല *മാതൃഭൂമി*യുടെയും പ്രമേയാധിഷ്ഠിതവിശകലനം സ്പഷ്ടീകരിച്ചത്.

തീവ്രസാഹിത്യതയിലേയ്ക്കുള്ള *മാതൃഭൂമി*യുടെ രീതിമാതൃകാവ്യതിയാനത്തിനുപിന്നിൽ ആനുകാലികപ്രസിദ്ധീകരണമെന്ന പ്രത്യയശാസ്ത്രപ്രരൂപത്തിന്റെ ജന്മപ്രശ്നംതന്നെയാണുള്ളത്. സ്വന്തം ചരിത്രത്തിലെ മധ്യകാലം പിന്നിടുമ്പോൾ, 1990-കളിലെത്തുമ്പോൾ *മാതൃഭൂമി* കാഴ്ചവയ്ക്കുന്നത് സാഹിത്യരതിതന്നെയാണ്. അത്, ഒരു സാംസ്കാരികരോഗലക്ഷണവുമാണ്.

“സാഹിത്യേതരം എന്നുപറയാവുന്ന” ഒട്ടേറെ “വ്യവഹാര”ങ്ങൾ നമുക്കുണ്ട്. അവ കൂടി ഉൾച്ചേർന്നതാണ് ജീവിതം. അവകൂടി പരിഗണിക്കുമ്പോഴേ സംസ്കാരത്തിന്റെ യാഥാർത്ഥ്യബോധത്തോടെയുള്ള നോക്കിക്കാണലാകൂ. എന്നാൽ, അവയെ “സാഹിത്യത്തിന്റെ മാനദണ്ഡങ്ങൾകൊണ്ട്” മാത്രം “അളക്കാനുള്ള പ്രവണത” സജീവമാണ്. പ്രത്യേകിച്ച് “കേരളത്തിലെ അക്ഷരമണ്ഡല”ത്തിൽ. ഇതിനൊരു ഉറവിടവുമുണ്ട്: “ആധുനികതയുടെ ലോകവീക്ഷണം”. അതിന്റെ പ്രഭാവത്തിൽ “കേരളത്തിൽ രൂപംകൊണ്ട”താണ് ഈ പ്രവണത.[51] ഇതുതന്നെയാണ്, *മാതൃഭൂമി* അതിന്റെ മധ്യകാലത്തിന്റെ അന്ത്യത്തിൽ പ്രകടിപ്പിച്ച തീവ്രസാഹിത്യതയുടെ പിന്നിൽ.

*മാതൃഭൂമി*യുടെ നിർദ്ദിഷ്ടകാലത്തുള്ള ഒരു പ്രവണതയായിമാത്രം ഇതിനെ ചുരുക്കിക്കാണാനുമാകില്ല. കേരളത്തിലെ ആനുകാലികപഠനങ്ങളിൽ ഉണ്ടെന്ന് നേരത്തേ ഈ പഠനം കണ്ടെത്തിയ രോഗവും ഇതുതന്നെയായിരുന്നു. ഇതേ പ്രശ്നംതന്നെ ഇവിടത്തെ

പൊതുമണ്ഡലത്തിലുമുണ്ടെന്നും നേരത്തേ കണ്ടിരുന്നു. ആനുകാലിക സാഹിത്യപൂജയായാണ്, ആദ്യകാല ആനുകാലികങ്ങളുടെ പഠന സന്ദർഭത്തിൽ അതിനെ കണ്ടത്. പ്രമുഖമായ അർവാചീനകാല ആനുകാലികമായ *മാതൃഭൂമി*യുടെ പ്രത്യയശാസ്ത്രത്തിലും സാഹിത്യപൂജയുണ്ട് എന്നാണ് ഇപ്പോഴത്തെ കണ്ടെത്തൽ. ആ പ്രശ്നങ്ങളുടെയെല്ലാം അടിയിലുള്ളത് സാഹിത്യരതി എന്ന സാംസ്കാരികരോഗമാണെന്ന ലക്ഷണനിർണ്ണയമാണ് ഇപ്പോൾ ഈ പഠനത്തിൽ ഉത്ഭവിച്ചിരിക്കുന്നത്.

## പിൻകുറിപ്പുകൾ

[1]ഷാനവാസ്, പി. പി. 'ചരിത്രകാരന്റെ പണിപ്പുര' (ആമുഖം). *കൊളോണിയലിസം സംസ്കാരം പാരമ്പര്യബുദ്ധിജീവികൾ.* തിരുവനന്തപുരം: ചിന്ത 2006 7

[2]"സിദ്ധാന്തബദ്ധമായ രീതിയിലല്ലാതെ ഒരുകാലത്തും ചരിത്രജ്ഞാനത്തിനു നിലനില്ക്കാനാവില്ല... സിദ്ധാന്തമില്ലാതെ ചരിത്രമില്ലെന്ന (no theory no history) വീക്ഷണഗതി ചരിത്രരചനയിൽ... പ്രബലമാവുകയുമാണ്. സ്വയം സംസാരിക്കുന്ന വസ്തുതകളിലൂടെ വെളിപ്പെട്ടുവരുന്ന ശുദ്ധചരിത്രത്തെക്കുറിച്ചുള്ള (റാങ്കെ സ്കൂളിന്റെ) പ്രതീക്ഷകൾക്ക് ഇപ്പോൾ ചരിത്രവിജ്ഞാനത്തിന്റെ കാഴ്ചപ്പുരകളിൽമാത്രമേ സ്ഥാനമുള്ളൂ." (സുനിൽ പി. ഇളയിടം. *ചരിത്രം പാഠരൂപങ്ങളും പ്രത്യയശാസ്ത്രവും.* കോഴിക്കോട്: *മാതൃഭൂമി* 2004 11)

[3]"പ്ലേറ്റോ മുതൽ ഹെഗൽ വരെയുള്ള പാശ്ചാത്യമുഖ്യധാരാകലാചിന്ത അടിസ്ഥാനപരമായി പ്രതിനിധാനാത്മകമാണ് (representational). കലയിൽ സംഭവിക്കുന്നതു യാഥാർത്ഥ്യത്തിന്റെ പ്രവർത്തനമല്ല പ്രതിഫലനമാണ് എന്ന സങ്കല്പത്തെ ആധാരമാക്കുന്ന ചിന്തകളാണവ എന്നർത്ഥം. പാശ്ചാത്യമുഖ്യധാരാചിന്തയിലുടനീളം യാഥാർത്ഥ്യം പദാർത്ഥവും ചൈതന്യവുമായി പിളർന്നുനില്ക്കുന്നതിന്റെ ഒഴിവാക്കാനാവാത്ത ഫലമാണിത്." (രാജീവൻ, ബി. *ജൈവരാഷ്ട്രീയവും ജനസഞ്ചയവും.* കോഴിക്കോട്: റാസ്ബെറി 2013 30)

[4]*മാതൃഭൂമി* ആഴ്ചപ്പതിപ്പ്, 3 ജനുവരി 1960. പുസ്തകം 37, ലക്കം 2

[5](1) 'വയലിന്റെ രോമാഞ്ചം', മുഖചിത്രം, ഫോട്ടോഗ്രാഫറുടെ പേരില്ല,

(2) 'കഥകളിപരിഷ്കരണം', കത്ത്,

(3) 'ജെ. സി. കുമരപ്പ', ലേഖനം, വി. എം. ചന്ദ്രശേഖരൻ,

(4) 'കാറ്റും വെളിച്ചവും', കവിത, ഇടശ്ശേരി,

(5)' അപരിചിതമിത്രം', ചെറുകഥ, സി. ബി. കുമാർ,

(6)' ഇരുമ്പുരുണ്ട്', കവിത, ഒ. എം. അനുജൻ,

(7) 'അടുക്കളപ്പള്ളിക്കൂടം', ആത്മകഥ, വേദ് മേത്ത,

(8) 'ഒരു ദുർവൃത്തന്റെ ദുരന്തം', ഓർമ്മക്കുറിപ്പുകൾ, കെ. കേശവമേനോൻ,

(9) 'കവിത ചിത്രത്തിൽ', കാർട്ടൂൺ സ്ട്രിപ്പ്, ഒ. വി. വിജയൻ,

(10) 'കാളപൂട്ട്', ഫോട്ടോ ഫീച്ചർ, ഫോട്ടോ ഗ്രാഫറുടെ പേരില്ല,

(11) 'സരോരുഹാസനജായേ', സംഗീതപാഠം,

(12) 'അമ്പിളി', കവിത, കെ. ടി. കൃഷ്ണവാരിയർ,

(13)' യാനൈ വളർത്ത വാനമ്പാടി', സിനിമ, സുലൈഖാ ബീവി,

(14) 'നവദമ്പതികൾ', ചെറുകഥ, നന്തനാർ,

(15) 'എന്നെ ഏറ്റവും ആകർഷിച്ച വ്യക്തി', ലേഖനം, കുട്ടേട്ടൻ,

(16) 'കുളിർകാറ്റിനോട്", കവിത, പൂന്തൂർ കെ. കരുണാകരൻ,

(17)' പനിനീർപ്പൂക്കൾ', ചെറുകഥ, വി. ടി. വാസുദേവൻ,

(18) 'ശാസ്ത്രസാഹിത്യം', ലേഖനം, ഭാസ്കരപ്പണിക്കർ,

(19) 'വിശറിനൃത്തം', ഫോട്ടോ,

(20) 'കൈപ്പറ്റി', പുസ്തകവാർത്ത. (*മാതൃഭൂമി* ആഴ്ചപ്പതിപ്പ്, 3 ജനുവരി 1960)

[6]'കഥകളി പരിഷ്കരണം' കലാരൂപത്തെക്കുറിച്ചുള്ള കത്തായതിനാലും 'കവിത ചിത്രത്തിൽ' എന്ന ഒ. വി. വിജയന്റെ കാർട്ടൂൺ സ്ട്രിപ്പ് സർഗ്ഗാത്മകരചനയായതിനാലും സാഹിത്യയിനമായി കണക്കാക്കുന്നു. 'വയലിന്റെ രോമാഞ്ചം' എന്ന മുഖത്താൾ ഫോട്ടോയും 'കാളപൂട്ട്' ഫോട്ടോ ഫീച്ചറിലെ ഫോട്ടോകളും 'വിശറിനൃത്തം' ഫോട്ടോയും സർഗ്ഗാത്മകരചനകളായാണ് കാണപ്പെടുന്നത്. അതിനാൽ, അവയെ സാഹിത്യയിനങ്ങളായി എണ്ണുന്നു. 'സംഗീതപാഠം', ശാസ്ത്രീയസംഗീതം പഠിപ്പിക്കാനുള്ള പംക്തിയാണ്. ഇതും സർഗ്ഗാത്മകാവിഷ്കാരത്തിനുള്ള ശ്രമമെന്ന നിലയ്ക്ക് സാഹിത്യയിനമായി പരിഗണിക്കുന്നു. 'കൈപ്പറ്റി' പുസ്തകസംബന്ധിയായ ഉള്ളടക്കമായതിനാലും സാഹിത്യയിനമായിക്കൂട്ടുന്നു.

[7](1) 'ജന്മം, ജീവിതം, ജീവനം', കത്ത്

(2) 'ഒരു തിരുത്ത്", കത്ത്

(3)' കൃഷി അമേരിക്കയിൽ', ലേഖനം, എൻ. വി. കൃഷ്ണവാരിയർ,

(4) 'ഡോക്ടർ ജോൺ മത്തായിയുടെ നിര്യാണത്തിൽ അനുശോചനം', ഫോട്ടോ,

(5) കാണ്ടാമൃഗം, ലേഖനം, എം. എസ്. പിള്ള,

(6) 'ഷിക്കാഗോ സർവ്വകലാശാലയിൽ ഉപരിപഠനത്തിനു പോയ സി. എം. ജോസഫ്', ഫോട്ടോ,

(7) 'സംഗീതത്തിൽ എം. ലിറ്റ് നേടിയ മിസിസ് വിജയരാഘവൻ', ഫോട്ടോ,

(8) 'അണുശക്തിയെ കീഴടക്കാമോ?', ലേഖനം, ജോർജ്ജ് ഗാമോ,

(9) 'വിവാഹവേദി', ഫോട്ടോകൾ,

(10) 'പാപ്പാ മെമ്മോറിയൽ ബാഡ്മിന്റൺ ടൂർണമെന്റ് വിജയികൾ', ഫോട്ടോ,

(11) 'കാമുകിയും കടക്കാരും' നാടകസംഘം, ഫോട്ടോ,

(12) 'പൊടിക്കൈ' നാടകസംഘം, ഫോട്ടോ,

(13) 'മനുഷ്യസ്നേഹികൾ' നാടകസംഘം, ഫോട്ടോ,

(14) കുട്ടികളുടെ ഫോട്ടോകൾ,

(15) ബാലംസംഘം – പേരും നമ്പറും,

(16)' ശിശുദിന സ്റ്റാമ്പ്', ഫോട്ടോ,

(17)' അമേരിക്കയിൽ ഉപരിപഠനത്തിനുപോകുന്ന കുമാരി വി. സുഭദ്രനായർ', ഫോട്ടോ,

(18) 'പാരച്യൂട്ടിൽ വിമാനത്തിൽനിന്നു ചാടിയ ആദ്യത്തെ ഇന്ത്യക്കാരി', ഫോട്ടോ,

(19) 'അന്നാ ചാണ്ടിക്ക് യാത്രയയപ്പ്', ഫോട്ടോ.

(20) 'കളരി സംഘം', ഫോട്ടോ,

(21) 'റിട്ടയഡായി' നാടകസംഘം, ഫോട്ടോ. (*മാതൃഭൂമി* ആഴ്ചപ്പതിപ്പ്, 3 ജനുവരി 1960)

[8]അനുസ്മരിച്ചോ അനുമോദിച്ചോ ഒക്കെ നല്കിയ വ്യക്തികളുടെ ഫോട്ടോകൾ സർഗ്ഗാത്മകയിനങ്ങളായല്ല ആഴ്ചപ്പതിപ്പിൽ ഇടംപിടിച്ചത് എന്നതിനാൽ സാഹിത്യേതരവിഭവങ്ങളായി പരിഗണിക്കുന്നു.

[9]*മാതൃഭൂമി* ആഴ്ചപ്പതിപ്പ്, 5 ജനുവരി 1975. പുസ്തകം 52, ലക്കം 42

[10](1) 'മലയാളം ടൈപ്പ് റൈറ്റർ', കത്ത്,

(2) 'കൃഷ്ണമേനോൻ', കത്ത്,

(3) 'തങ്കത്തകിടും താളിയോലയും', കത്ത്,

(4) 'ഭാരതീയസാഹിത്യങ്ങളുടെ താരതമ്യപഠനം', ലേഖനം, ഡോ. കെ. എം. ജോർജ്ജ്,

(5) 'കുത്തൊഴുക്കിന്റെ ഉത്ഭവസ്ഥാനങ്ങൾ', നോവൽ, നരേന്ദ്രപ്രസാദ്,

(6) 'ഹോ ചിമിന്റെ നാട്ടിൽ', യാത്രാവിവരണം, ടെ. ജെ. എസ്. ജോർജ്ജ്,

(7) 'തുടുത്ത മുല്ലപ്പൂക്കൾ', കവിത, കെ. വി. രാമകൃഷ്ണൻ,

(8) 'സാക്ഷി', കുറ്റാന്വേഷണകഥ, പൂവത്തുങ്കൽ,

(9) 'അനുയായി', ചെറുകഥ, എം. സുകുമാരൻ,

(10) 'സർവജിത്തിന്റെ സമുദ്രസഞ്ചാരം', കുട്ടികൾക്ക് ഒരു നീണ്ടകഥ, മാലി,

(11) 'റേഷൻ', കവിത, ജാതവേദൻ,

(12) 'ബുള്ളും സ്ളേയറും', കഥ, മാന്നാർ കെ. വി. ശങ്കർ,

(13) 'പ്രജ്ഞ, കവിത', രഘുനാഥൻ കണ്ടോത്ത്,

(14) 'നീയും ഞാനും', കവിത, ജാതവേദൻ,

(15) 'പടക്കം', കവിത, എം. കെ. ശശികുമാർ,

(16) 'അത്ഭുതമനുഷ്യൻ', ചിത്രകഥ, സോമനാഥൻ. (*മാതൃഭൂമി* ആഴ്ചപ്പതിപ്പ്, 5 ജനുവരി 1975)

[11]'മലയാളം ടൈപ്പ് റൈറ്റർ' ഭാഷാപുരോഗതി വിഷയമാക്കുന്ന കത്താണ്. 'കൃഷ്ണമേനോൻ' വി. കെ. കൃഷ്ണമേനോന്റെ ജീവചരിത്രം സംബന്ധിച്ച കത്തും. 'തങ്കത്തകിടും താളിയോലയും' സംസ്കാരവിഷയിയായ കത്തുമാണ്. അതിനാൽ, 'വായനക്കാർ എഴുതുന്നു' എന്ന പംക്തിയിലെ ഈ മൂന്നിനങ്ങളും സാഹിത്യവിഭാഗത്തിൽ പെടുത്തുന്നു. 'അത്ഭുതമനുഷ്യൻ' എന്ന ചിത്രകഥാപംക്തി സർഗ്ഗാത്മകയിനമായതിനാൽ സാഹിത്യവിഷയകമായി കണക്കുകൂട്ടുന്നു.

[12](1) ഉള്ളടക്കം,

(2) 'അടുക്കളതൊട്ടു വ്യവസായകേന്ദ്രങ്ങൾവരെ', ലേഖനം, ഫ്രെഡറിക് ഐ. ഓഡ് വേ,

(3) 'ഇലക്ട്രോണിക് വ്യവസായം ഇന്ത്യയിൽ', ലേഖനം, പയ്യഴി കുമാരനുണ്ണി,

(4) 'ശബ്ദംകൊണ്ടു പ്രവർത്തിക്കുന്ന കൈകൾ', കുറിപ്പ്. (*മാതൃഭൂമി* ആഴ്ചപ്പതിപ്പ്, 5 ജനുവരി 1975)

[13]*മാതൃഭൂമി* ആഴ്ചപ്പതിപ്പ്, 28 ഏപ്രിൽ 1985. പുസ്തകം 63, ലക്കം 7

[14](1) 'മാധവിക്കുട്ടിയുടെ കവിത', കത്ത്,

(2) 'നല്ല രണ്ടു ലേഖനങ്ങൾ', കത്ത്,

(3) 'സ്ത്രീപർവം', കവിത, ബി. ഉണ്ണികൃഷ്ണൻ,

(4) 'തായാട്ട് ശങ്കരന്റെ പൈതൃകം', ലേഖനം, പി. ഗോവിന്ദപ്പിള്ള,

(5) 'ഇന്നലെയുടെ ബാക്കി', നോവൽ, കെ. എൻ. മോഹനവർമ്മ,

(6) 'സുവർണ്ണലത', നോവൽ, ആശാപൂർണ്ണാദേവി,

(7) 'ഈ ചരിത്രത്തിൽ ഈ പ്രകൃതിയിൽ', ലേഖനം, സച്ചിദാനന്ദൻ,

(8)' ചുവന്ന പൂവ്', ചെറുകഥ, എൻ. പി. ഹാഫിസ് മുഹമ്മദ്,

(9) 'ആദിരൂപവും സിദ്ധരൂപവും', ലേഖനം, കളർകോട് വാസുദേവൻ നായർ,

(10) 'രക്തപരിശോധന', ചെറുകഥ, പി. ആർ. നാഥൻ,

(11) 'മൃച്ഛകടികം', കത്ത്-1,

(12) 'മൃച്ഛകടികം', കത്ത്-2,

(13) 'കുഞ്ചുപിള്ള സ്മാരക അവാർഡ്', അറിയിപ്പ്,

(14) അറിയിപ്പ് (തലക്കെട്ടില്ല), കുട്ടേട്ടൻ,

(15) 'ലോകാവസാനം', കഥ, പത്മജ പി. ജി.,

(16) 'കൃഷ്ണകഥ മണ്ണും വിണ്ണും', കവിത, വി. എ. കേശവൻ നമ്പൂതിരി,

(17) 'മരക്കുതിര', കവിത, രവീന്ദ്രൻ പുലാക്കാട്ട്,

(18) 'ഒരു മഞ്ഞുതുള്ളി', കഥ, കെ. പ്രമോദ്,

(19) 'നിഷ്കളങ്കതയുടെ പൂവ്, കഥ, എസ്. കുമാർ, ബോംബെ. (*മാതൃഭൂമി* ആഴ്ചപ്പതിപ്പ്, 28 ഏപ്രിൽ 1985)

[15]'വായനക്കാർ എഴുതുന്നു' എന്ന പംക്തിയിലെ മാധവിക്കുട്ടിയുടെ കത്ത് മാധവിക്കുട്ടിയുടെ കവിതാത്മകമായ കുറിപ്പുകളെക്കുറിച്ചാണ്. 'നല്ല രണ്ട് ലേഖനങ്ങൾ' എന്ന കത്ത് വി. പി. ശിവകുമാറിന്റെ ലേഖനങ്ങളെക്കുറിച്ചുള്ളതും. ഉള്ളടക്കം പരിഗണിച്ച് അവ സാഹിത്യയിനങ്ങളായി കണക്കാക്കുന്നു. 'മൃച്ഛകടികം' എന്ന പേരിലുള്ള കത്തുകൾ രണ്ടും, ആ പേരിലുള്ള നാടകം വിഷയമാക്കുന്ന ലേഖനങ്ങളെക്കുറിച്ചാണ്. 'കുഞ്ചുപിള്ള സ്മാരക അവാർഡ്' അന്തരിച്ച യുവകവിയുടെ പേരിലുള്ള സാഹിത്യ അവാർഡിന്റെ അറിയിപ്പും. അതിനാൽ, അവയെയും സാഹിത്യയിനങ്ങളിൽപ്പെടുത്തുന്നു.

[16](1) ഉള്ളടക്കം,

(2) 'ചോരമണക്കുന്ന ലങ്ക', കത്ത്-1,

(3)' ചോരമണക്കുന്ന ലങ്ക', കത്ത്-2,

(4) 'ചോരമണക്കുന്ന ലങ്ക', കത്ത്-3,

(5)' ചോരമണക്കുന്ന ലങ്ക', കത്ത്-4,

(6) 'വിമോചനം', കത്ത്,

(7)' നിർദ്ദേശം', കത്ത്,

(8) 'സ്പോർട്സ് കോളം', കത്ത്,

(9) 'സൈക്കോ അനാലിസിസിന് നൂറു തികയുന്നു', ലേഖനം, നിത്യചൈതന്യയതി,

(10) 'കുട്ടികളുടെ ഫോട്ടോകൾ', ബാലപംക്തി. (*മാതൃഭൂമി* ആഴ്ചപ്പതിപ്പ്, 28 ഏപ്രിൽ 1985)

[17]ബാലപംക്തിയിലെ കുട്ടികളുടെ ഫോട്ടോകൾ, കലാപരതയുടെ പ്രതിനിധാനങ്ങളായല്ല ആഴ്ചപ്പതിപ്പിൽ ഉപയോഗിക്കപ്പെട്ടത് എന്നതുകൊണ്ട് സാഹിത്യേതരവിഭവങ്ങളായി പരിഗണിക്കുന്നു.

[18]*മാതൃഭൂമി* ആഴ്ചപ്പതിപ്പ്. 7 ജനുവരി 1990 പുസ്തകം 67, ലക്കം 44

[19](1) 'മലയാളത്തിന്റെ ഭാവി', ആമുഖം, എം. ടി.,

(2) 'രാധയെപ്പറ്റി', കത്ത്,

(3) അതേവിഷയം, തലക്കെട്ടില്ല, കത്ത്,

(4) 'ആശാന്റെയോ ശ്രീ നാരായണ ഗുരുവിന്റെയോ?', കത്ത്,

(5) 'അവതാരങ്ങൾ', കത്ത്,

(6) 'അരങ്ങുകാണാത്ത നടൻ', കത്ത്,

(7) 'അതേ വിഷയം', തലക്കെട്ടില്ല, കത്ത്,

(8) 'ആശ്രമത്തിലേയ്ക്ക്', കത്ത്,

(9) 'ഈ കലാകാരനെ മനസ്സിലാക്കു', ലേഖനം, എം. കൃഷ്ണൻ നായർ,

(10) 'കാർട്ടൂണിസ്റ്റ് ശങ്കർ', ലേഖനം, കെ. രാമകൃഷ്ണൻ,

(11)' അപ്പുണ്ണിസ്സാമി', ആത്മകഥ, തിക്കോടിയൻ,

(12)' ചാവേർ', നോവൽ, വത്സല,

(13)' യാത്രയിൽ ഒരു നിമിഷം', കവിത, കെ. എൽ. ശ്രീകൃഷ്ണദാസ്,

(14) 'മധുരക്കിനാവ്', കവിത, കടവനാട് കുട്ടിക്കൃഷ്ണൻ,

(15) 'കരുണാലയം', നോവൽ, കെ. സുരേന്ദ്രൻ,

(16) 'മേമ്പൊടി', കാർട്ടൂൺ, അബു,

(17) 'അനശ്വരമായ ചിരി', ലേഖനം, ബി. എം. ഗഫൂർ,

(18) 'ഗ്രാമവിഡ്ഢി', കഥ, കാമിലോ ഹോസെ,

(19) 'തലക്കാവേരി തീർത്ഥോത്സവം', ലേഖനം, കെ. പി. ആന്റണി,

(20) 'ദൂരദർശിനി', നോവൽ, ശീർഷേന്ദു മുഖോപാധ്യായ,

(21) 'മലമുകളിലെ തീർത്ഥക്കരയിൽ', ലേഖനം, ബി. സുരേന്ദ്രൻ,

(22) 'സൂര്യന താഴെ അനാഥർ', ചെറുകഥ, എൻ. പി. ഹാഫിസ് മുഹമ്മദ്,

(23) 'അന്വേഷണം', കവിത, ഏവൂർ പരമേശ്വരൻ,

(24) 'മഴവിൽക്കാവടി', സിനിമാനിരൂപണം, കോഴിക്കോടൻ,

(25) ''തുമ്പ', കവിത, കെ. വി. ബേബി,

(26) 'ഒറ്റവരിക്കവിത', തലക്കെട്ടില്ല, കുട്ടേട്ടൻ,

(27)' കുട്ടനും മുത്തശ്ശിയും', കഥ, ആസാദ് ഹരിപ്പാട്,

(28)' ക്വിസ്', കഥ, ഹരിദാസൻ പി.,

(29) 'ചിക്കു അറിയാൻ', കഥ, രജിതൻ കണ്ടാണശ്ശേരി,

(30) 'യാത്രാദാഹം', കവിത, കെ. വി. രാമകൃഷ്ണൻ,

(31) 'തിരിച്ചുവരാത്ത കപ്പൽ', ക.വി.,

(32) 'മലമുത്തിയുടെ മക്കൾ', നോവൽ, ആര്യൻ കണ്ണനൂർ,

(33) 'ഖലീഫ എന്ന മുക്കുവൻ', കാർട്ടൂൺ, പ്രദീപ് കുമാർ,

(34) 'ചെറുകഥയെപ്പറ്റി', കത്ത്,

(35) 'കഥയെപ്പറ്റി', കത്ത്,

(36) 'അക്ഷരപൂജ', കെ. വി. ആർ.,

(37) 'കഥയിലെ കണ്ണനീരും ചിരിയും', ലേഖനം, മാമ്പുഴ കുമാരൻ,

(38) 'കൈപ്പറ്റി', പുസ്തകപ്പട്ടിക,

(39)' പാലാട്ട് കോമൻ', ചിത്രകഥ, പി. കൃഷ്ണമൂർത്തി. (*മാതൃഭൂമി* ആഴ്ചപ്പതിപ്പ് 7 ജനുവരി 1990).

[20]'പാലാട്ട് കോമൻ' ചിത്രകഥയായതിനാൽ സാഹിത്യയിനമായിക്കണക്കാക്കുന്നു. 'കൈപ്പറ്റി' പുസ്തകസംബന്ധിയായതിനാൽ സാഹിത്യസംബന്ധി എന്നു നിർണ്ണയിക്കുന്നു.

[21](1) 'കൊളസ്ലറോൾ', കത്ത്,

(2) 'കുട്ടികളുടെ ഫോട്ടോകൾ',

(3) 'ഫോട്ടോ – പോസ്റ്റർ മത്സരം', കത്ത്. (*മാതൃഭൂമി* ആഴ്ചപ്പതിപ്പ് 7 ജനുവരി 1990)

[22]കുട്ടികളുടെ ഫോട്ടോകൾ കലാസൃഷ്ടിയായല്ല ആനുകാലിക ഉള്ളടക്കത്തിൽ പരിഗണിക്കപ്പെട്ടിരിക്കുന്നത് എന്നതുകൊണ്ട് സാഹിത്യേതരവിഭവമായി നിർണ്ണയിക്കുന്നു.

[23]കാഴ്ചബംഗ്ലാവു സംസ്കാരത്തെ ഡോ. സി. രാജേന്ദ്രൻ ഇങ്ങനെ വിശദമാക്കുന്നു: "മ്യൂസിയം, കലാശില്പത്തെ അതു രൂപമെടുത്ത ചുറ്റുപാടിൽനിന്ന് അടർത്തിയെടുത്ത് ഒരു കാഴ്ച വസ്തുവാക്കിമാറ്റുന്നു. ജീവിതധാരയിൽ ആമഗ്നമായ അവസ്ഥയിലല്ല കലാശില്പം തിരിച്ചറിയപ്പെടുന്നത്. അതു കൃത്രിമമായൊരു 'ദൃശ്യപരിസരത്തിൽ' ആഖ്യാനാത്മകമായ ക്രമീകരണത്തിലെ ഒരു കണ്ണിയായി നോക്കപ്പെടുകയാണ്." (രാജേന്ദ്രൻ, (ഡോ.) സി. *സൌന്ദര്യശാസ്ത്രം*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2000 100)

[24]"മലയാളവകുപ്പുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർ വിജ്ഞാനഭാഷയെന്ന നിലയിൽ മലയാളം അനുഭവിക്കുന്ന പ്രതിസന്ധി തൊട്ടറിഞ്ഞത്, സാഹിത്യത്തിന്റെ സാമ്പ്രദായികമായ അതിർവരമ്പുകൾ ഭേദിച്ച് ഭാഷാപഠനം ഇങ്ങനെ നീങ്ങിയപ്പോഴാണ് (സംസ്കൃതസർവ്വകലാശാലയിൽ സാംസ്കാരികപഠനങ്ങൾ ഏർപ്പെടുത്തിയപ്പോൾ). മലയാളം സാഹിത്യഭാഷയായി ചുരുങ്ങിക്കൊണ്ടിരിക്കുകയാണെന്ന അസുഖകരമായ അറിവായിരുന്നു അത്. ഉന്നതവിദ്യാഭ്യാസത്തിലുൾപ്പെടെ പഠനഭാഷ ഇംഗ്ലീഷായിരിക്കുമ്പോൾ വിജ്ഞാനഭാഷയെന്ന നിലയിൽ മലയാളം അനുഭവിക്കുന്ന മുരടിപ്പ് വ്യക്തമാക്കപ്പെട്ടു.സാമ്പത്തിക സാമൂഹ്യ രാഷ്ട്രീയ രംഗത്തെ തുറന്ന സംഘർഷത്തിൽ പങ്കാളിയായി, അതുമായി ബന്ധപ്പെട്ട ആഴത്തിലുള്ള വിശകലനത്തിൽനിന്നും ഭാഷ നേടിയെടുക്കേണ്ട പരിണാമോർജ്ജം മലയാളത്തിനു നഷ്ടമാകുന്നതു വ്യക്തമായി. മലയാളഭാഷയുടെ ഈ നഷ്ടം **മലയാളിയുടെ ബോധപരിണാമത്തിന്റെ പൊതുനഷ്ടമാണെന്നു** തിരിച്ചറിയപ്പെട്ടു." (മലയാളപഠനസംഘത്തിനുവേണ്ടി ദിലീപ്കുമാർ, കെ. വി.

തുടങ്ങിയവർ. 'ആമുഖം'. *സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം*. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം 2011 11)

[25]"മനുഷ്യപക്ഷത്തു നിന്നു നോക്കുമ്പോൾ ശാസ്ത്രമുൾപ്പെടെയുള്ള സർവവും ഭാഷാപ്രയോഗങ്ങൾ തന്നെയാണ്... കേരളീയന്റെ ബൌദ്ധികലോകത്തെ മലയാളം ഒരു ഭാഷയെന്ന നിലയിൽ പ്രതിനിധീകരിക്കുന്നില്ല... മലയാളഭാഷയെന്നാൽ മലയാളസാഹിത്യമെന്ന ചുരുക്കെഴുത്തായിരിക്കുന്നു... മലയാളഭാഷയെന്നാൽ തത്വശാസ്ത്രത്തിന്റെയോ ചരിത്രശാസ്ത്രത്തിന്റെയോ സാമ്പത്തികശാസ്ത്രത്തിന്റെയോ ഭൌതികശാസ്ത്രത്തിന്റെയോ മണ്ഡലങ്ങളിലെ മലയാളമല്ലെന്നു വരുന്നു. അതുകൊണ്ടുതന്നെ മലയാളിയുടെ ലോകം സാഹിത്യത്തിൽമാത്രം പരിമിതപ്പെടുകയും മലയാളിബുദ്ധിജീവി സാഹിത്യബുദ്ധിജീവി മാത്രമായിരിക്കുകയും ചെയ്യുന്നു... അതിനാൽ, മലയാളഭാഷ അനുഭവിക്കുന്ന ഈ പ്രതിസന്ധി... കേരളീയരുടെ പ്രതിസന്ധിയാണ്." (ibid 12)

[26]"അർദ്ധരാത്രിയാണ് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്. ദേശീയ നേതാക്കളെ മണിക്കൂറുകൾക്കകം തുറുങ്കിലടച്ചു... ഡൽഹിയിലെ പത്രങ്ങൾ പുറത്തു വരാതിരിക്കാൻ അവയ്ക്കുള്ള വൈദ്യുതിബന്ധം ഛേദിച്ചു. പൌരാവകാശങ്ങൾ എടുത്തുകളഞ്ഞു... 26 സംഘടനകളെ നിരോധിച്ചു. പത്ര സ്വാതന്ത്ര്യത്തിനു നിരോധനമേർപ്പെടുത്തി. മിസ (ആഭ്യന്തരസുരക്ഷിതത്വനിയമം), ഡി. ഐ. ആർ. (രാജ്യരക്ഷാനിയമം) എന്നിവ നിരങ്കുശം പ്രയോഗിച്ചു തുടങ്ങി. ഭാരതമാകെ ഒരു തടവറയായിമാറി." (രാമൻപിള്ള, കെ. *അടിയന്തരാവസ്ഥയുടെ അന്തർദ്ധാരകൾ*. കോഴിക്കോട്: പ്രണവം 2000 5)

[27]പുസ്തകം 53, ലക്കം 21

[28]ഇരുപത്തിയെട്ടാം സ്വാതന്ത്ര്യദിനത്തിന് വായനക്കാരുടെ കൈയിലെത്തിയ ആ *മാതൃഭൂമി* ആഴ്ചപ്പതിപ്പ്, ഒരു സാധാരണ ലക്കമായി മാറി. സ്വാതന്ത്ര്യദിനത്തെയോ അടിയന്തരാവസ്ഥയെയോ പരാമർശിക്കാത്ത ആ ആഴ്ചപ്പതിപ്പിന്റെ മുഖചിത്രം ബെൽബോട്ടം പാന്റ്സും ടോപ്പുമിട്ട് തള്ളവിരൽ കടിച്ചുനിൽക്കുന്ന ഒരു യുവതിയുടേതായിരുന്നു. വാസു, വടകരയുടെ ഈ ഫോട്ടോയ്ക്ക് *മാതൃഭൂമി* നല്കിയ അടിക്കുറിപ്പ്, 'മധുരസ്മരണകൾ' എന്നായിരുന്നു.

[29]പുസ്തകം 53, ലക്കം 45

[30] പേജ് 39

[31]മേനോൻ 1998 58

[32]*മലയാളനാട്.* 13 ജൂലായ് 1975 2

[33]"V. P. Singh announced the implementation of the Mandal report in August 1990." (Jafferelot, Christophe ed. *Hindu Nationalism A Reader*. Ranikhet: Permanent Black 2007 280)

[34]Jaffrelot 347)

[35]പുസ്തകം 68, ലക്കം 34

[36]പേജ് 6 മുതൽ 9 വരെ

[37]പേജ് 3

[38]പുസ്തകം 68 ലക്കം 38

[39]പുസ്തകം 68. ലക്കം 42

[40]http://imvelayudhanmaster.blogspot.in/p/brief-life-sketch.html) 2016 മാർച്ച് 4-ന് പകർത്തിയത്

[41]പേജുകൾ 28 – 39

[42]മേനോൻ 1998 61

[43]"The Babri Masjid was today razed to the ground. Hundreds of volunteers who had come here for *kar seva* stormed the disputed Ramajanmabhumi – Babri Masjid edifice and destroyed the over 450-year-old structure (From *The Hindu*, 7 December 1992)

[44]"The issue was revived just before another election, in 1989… under the impulse of L. K. Advani (who succeeded Vajpayee as (Bharatiya Janata) party president) joined the movement… All components of the Sangh Parivar embarked on a new programme, the Ram Shila Pujans. The B.J.P. benefitted from this Hindu mobilization and the polarization of the election through violence. The party won 88 seats (as against 2 in 1984) and become part of the coalition supporting the V. P. Singh government. Soon after V. P. Singh announced the implementation of the Mandal report in August 1990, L. K. Advani to the lead in a 10,000 km procession which was intended to mobilize the Hindus… in favour of the Rama Mandir in Ayodhya. This Rath Yatra and a final attack of the Babri Masjid by Hindu nationalist militants… once again triggered Hind – Muslim riots all over India. The Chief Minister of UP, Mulayam Singh Yadav, had saved the mosque from such assailants in 1990, his successor, a BJP man

who had won the state elections in 1991, Kalyan Singh could not, or did not try to." (Jafferelot 2007 280)

[45]പുസ്തകം 70, ലക്കം 44

[46](1) 'അയോദ്ധ്യ കുറ്റവാളികൾ ആരെല്ലാം', മധുലിമായെ, മുഖലേഖനം. (3 ജനുവരി 1993).
(2) ' രാമന്റെ ദുഃഖം', എം പി വീരേന്ദ്രകുമാർ, ലേഖനം. (10 ജനുവരി 1993).
(3) 'മതേതരത്വം പുലരണമെങ്കിൽ', ഡോ. കെ വേലായുധൻ നായർ, ലേഖനം. (10 ജനുവരി, 1993).
(4) 'മതവിദ്വേഷത്തിന് ചരിത്രത്തിൽ വേരില്ല', ഡോ. രാജൻ ഗുരുക്കൾ, മുരളീധരൻ, മുഖലേഖനം. (17 ജനുവരി 1993).
(5 - 7) മൂന്നു കത്തുകൾ. (17 ജനുവരി 1993).
(8) 'അയോദ്ധ്യാകാണ്ഡത്തിനു ശേഷം', കെ. വേണു, മുഖലേഖനം. (24 ജനുവരി 1993).
(9 - 16) എട്ട് കത്തുകൾ. (24 ജനുവരി 1993).
(17) 'അയോധ്യയിൽ ഗാന്ധിജിയുടെ പ്രസക്തി', ഡോ. കെ. പി കരുണാകരൻ, ലേഖനം. (31 ജനുവരി 1993). (18 - 26) ഒമ്പതു കത്തുകൾ. (31 ജനുവരി 1993).

[47]"ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും ലജ്ജാകരവും ഭീകരവുമായ സംഭവമാണ് ഈയിടെ അയോദ്ധ്യയിൽ നടന്നത്. ഇന്ദ്രപ്രസ്ഥത്തിൽ അധികാരസ്ഥാനത്ത് എത്തിപ്പെടാൻവേണ്ടി സാമാന്യജനങ്ങളുടെ വൈകാരികദൗർബല്യങ്ങളെ ചൂഷണം ചെയ്യാനും ചോരപ്പുഴകളൊഴുക്കാനും തയ്യാറായ ഹിന്ദു വർഗ്ഗീയസംഘടനകൾക്കു മാത്രമല്ല ഇതിന്റെ ഉത്തരവാദിത്വം. വർഗ്ഗീയതയുടെ വക്താക്കളെ തള്ളിപ്പറയാൻ ധൈര്യമില്ലാതെ അവരുടെ വിരുന്നുണ്ട്, കൈയകലത്തിൽ നിർത്തിവന്ന ഒരു നേതൃത്വത്തിന്റെ പാരമ്പര്യവും പ്രതിക്കൂട്ടിലുണ്ട്." (*മാതൃഭൂമി* 3 ജനുവരി 1993)

[48]മേനോൻ 1998 60

[49]അധിനിവേശാനന്തരവിമർശനത്തിന്റെ രാഷ്ട്രീയപ്രതിബദ്ധതയോടെയുള്ള ഉറവിടകാലചിന്തനം സാംസ്കാരികപഠനങ്ങൾ കൂടി പങ്കിടുന്നതാണ്. എഡ്വേർഡ് സയ്യിദ് ഓറിയന്റലിസം (1978) പോലുള്ള പുസ്തകത്തിലൂടെ വളർത്തിയെടുത്ത ഈ ചിന്താപദ്ധതി, പ്രാച്യദേശം-പൌര്യസ്ത്യദേശം എന്ന ദ്വന്ദ്വത്തെ മാത്രമല്ല, ഏതു സാംസ്കാരികദ്വന്ദ്വങ്ങളെയും നോക്കിക്കാണാനും വിശകലനം ചെയ്യാനുമുള്ള തത്വശാസ്ത്രപരവും രാഷ്ട്രീയവുമായ കരുക്കൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. 'ജനങ്ങൾ തമ്മിലുള്ള സാമൂഹികവ്യത്യാസങ്ങളെ വിഗണിക്കുന്നതും സത്താപരമായ അനുസ്യൂതി ഉള്ളതുമായ ഒരു പോസ്റ്റ് കൊളോണിയൽ സാഹിത്യം' ഉണ്ട് എന്ന ലാവണ്യസിദ്ധാന്തത്തിന്റെ സാമൂഹികമായ അപരംതന്നെയാണ്, വ്യതിരിക്തതകളില്ലാതെ ഒരു ജനതയെ ഒരുമിച്ചു കാണാൻ ഒരു

രാഷ്ട്രീയവീക്ഷണത്തിനു കഴിയും എന്ന *മാതൃഭൂമി* പ്രതിനിധാനംചെയ്യുന്ന രാഷ്ട്രീയദേശീയതയുടെ പ്രത്യയശാസ്ത്രനാട്യവും.

[50]രവീന്ദ്രൻ, പി. പി. *വീണ്ടെടുപ്പുകൾ സാഹിത്യം സംസ്കാരം ആഗോളത*. കോട്ടയം: ഡി. സി. 2006 32

[51]രവീന്ദ്രൻ, പി. പി. *സംസ്കാരപഠനം ഒരു ആമുഖം*. കോട്ടയം: ഡി. സി. 2002 17

## അദ്ധ്യായം 5

## നവകാല*മാതൃഭൂമി*

ഇരുപത്തൊന്നാം നൂറ്റാണ്ടിലെ *മാതൃഭൂമി* ആഴ്ചപ്പതിപ്പിന്റെ സ്വഭാവനിർണ്ണയമാണ് ഈ അദ്ധ്യായത്തിൽ. പഠനകാലം 2000-ങ്ങളും 2010-കളും. പഠനത്തിന്റെ ഈ ഭാഗം നാലു ഘട്ടങ്ങളിലൂടെ മുന്നോട്ടുപോകുന്നു:

1. 2000-ങ്ങളിലെയും 2010-കളിലെയും *മാതൃഭൂമി* ആഴ്ചപ്പതിപ്പിന്റെ സ്വഭാവനിർണ്ണയം.
2. നവകാല*മാതൃഭൂമി*യുടെ സ്വഭാവത്തിന് പ്രാരംഭകാല-ആദ്യകാല-മധ്യകാല *മാതൃഭൂമി*കളുടെ തനിമയുമായുള്ള താരതമ്യം.
3. മുത്തങ്ങ സമരം, ചുംബനസമരം, *ചെമ്മീൻ* സിനിമാ സുവർണ്ണജൂബിലി എന്നീ സന്ദർഭങ്ങളോടുള്ള *മാതൃഭൂമി* ആഴ്ചപ്പതിപ്പിന്റെ പ്രതികരണങ്ങളുടെ വിശകലനം.
4. നവകാല*മാതൃഭൂമി* പ്രത്യയശാസ്ത്രപരമായി എങ്ങനെ നിർമ്മിതമായി എന്ന കണ്ടെത്തൽ.

### 5.1. നവകാല*മാതൃഭൂമി*: നോട്ടങ്ങൾ, നോട്ടപ്പാടുകൾ

*മാതൃഭൂമി* ആഴ്ചപ്പതിപ്പ് സർവ്വവിഷയത എന്ന പൈതൃകവുമായി രംഗത്തുവന്നുവെന്നും ആ പൈതൃകത്തിന്റെ വേലിയിറക്കം കാഴ്ചവച്ചുകൊണ്ട് മുന്നോട്ടുപോയി എന്നുമാണ് മൂന്ന്, നാല് അദ്ധ്യായങ്ങളിലെ മുഖ്യമായ ഉപലബ്ധികൾ. സ്വന്തം ചരിത്രത്തിലെ പ്രാരംഭകാലഘട്ടത്തിൽത്തന്നെ (ആദ്യ രണ്ടു പതിറ്റാണ്ടുകൊണ്ടുതന്നെ) സർവ്വവിഷയ*മാതൃഭൂമി* സാഹിത്യ*മാതൃഭൂമി*യായെന്നും മധ്യകാലഘട്ടത്തിൽ (അടുത്ത നാലു പതിറ്റാണ്ടുകൊണ്ട്) തീവ്രസാഹിത്യ*മാതൃഭൂമി*യായെന്നും ഈ അദ്ധ്യായങ്ങൾ ദർശിച്ചു.

*മാതൃഭൂമി*യ്ക്കുണ്ടായ ഈ മാറ്റത്തെ – ആദ്യം സാഹിത്യ ആനുകാലികം എന്ന നിലയിലേയ്ക്കും പിന്നീട് തീവ്രസാഹിത്യ ആനുകാലികം എന്ന

സ്വഭാവത്തിലേയ്ക്കുമുള്ള ഉള്ളടക്കവ്യതിയാനത്തെ – പത്രാധിപ വ്യക്തിത്വങ്ങളോടും അവരുടെ വ്യക്തിഗതപ്രതിഭയോടും (എൻ. വി. കൃഷ്ണവാരിയർ - വൈജ്ഞാനികോന്മുഖമായ സാഹിത്യത, എം. ടി. വാസുദേവൻ നായർ - സാംസ്കാരികസമ്പന്നമായ സാഹിത്യത എന്നിങ്ങനെ) ബന്ധപ്പെടുത്തി വിശദീകരിക്കാനുള്ള ശ്രമമാണ് പലപ്പോഴും നടന്നിട്ടുള്ളത്.[1] എന്നാൽ, ഒരു സാമൂഹികപ്രക്രിയയെയും അങ്ങനെ വ്യക്തിനിഷ്ഠമായി, വ്യക്തികളുടെ മനീഷയിൽ നിന്നുത്ഭവിക്കുന്ന സംഭൃതിയായി, മനസ്സിലാക്കാനാവില്ല. ഏതെങ്കിലും പ്രതിഭാസത്തെക്കുറിച്ച് അത്തരത്തിൽ ചെയ്യുന്ന ഏതു വ്യാഖ്യാനവും അസ്ഥാനത്താവുകയും ചെയ്യും. സാഹിത്യതയെ അടിസ്ഥാനപ്പെടുത്തി വ്യവഹരിക്കപ്പെടുന്ന സംസ്കാരത്തിന്റെ കാര്യത്തിലും മറ്റൊന്നല്ല വസ്തുത:

> "സംസ്കാരം ചരിത്രപരമായ പ്രക്രിയയാണ്. അതിന്റെ പഠനം വ്യക്തികളുടെയും സംഭവങ്ങളുടെയും പഠനമാക്കി ചുരുക്കാവുന്നതല്ല." [2]

ചരിത്രകഥാപാത്രങ്ങളുടെ ജീവിതകഥ എഴുതിവച്ചാൽ ചരിത്രമാകില്ല. അതുപോലെ, സാംസ്കാരികവ്യക്തിത്വങ്ങളുടെ സംഭാവനകൾ അടുക്കിവച്ചാൽ സംസ്കാരചരിത്രമാവുകയുമില്ല. രചനാസമുച്ചയങ്ങളുടെ പിറവി, സ്ഥാപനങ്ങളുടെ വരവ്, പ്രസ്ഥാനങ്ങളുടെ ഒത്തുകൂടൽ, ഭാവുകത്വങ്ങളുടെ തകർച്ചയും ഉയർച്ചയും എന്നിങ്ങനെ സാംസ്കാരികസംഭൃതികളായി കരുതപ്പെടുന്ന വിശേഷസംഭവങ്ങളുടെ വ്യക്തിനിഷ്ഠങ്ങളല്ലാത്ത - പ്രതിഭാസാസ്പദങ്ങളായ - രേഖീയാഖ്യാനംപോലും സാംസ്കാരികചരിത്രത്തിനു പകരംവയ്ക്കാനാവില്ല. ഓരോ ഉണ്മയും ഉരുവംകൊള്ളുന്നത് ചരിത്രപരവും സാമൂഹികവും സാമ്പത്തികവും മനഃശാസ്ത്രപരവും രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ ഒട്ടേറെ വ്യവഹാരങ്ങളുടെ ബലതന്ത്രത്തിലാണ്. അതിനെ വിഗണിക്കുന്ന

ഒരാഖ്യാനശ്രമവും സാധുവാകില്ല. സംസ്കാരനായകരെന്നു വ്യവഹരിക്കപ്പെടുന്ന ആരുടെയും, അവർ ആരുതന്നെയാകട്ടെ, സാംസ്കാരികമുൻകൈയുകൾ എന്നു വിലയിരുത്തപ്പെടുന്ന ഏതു സംരംഭത്തെയും, അവ എന്തുതന്നെയുമാകട്ടെ, വിലയിരുത്തുമ്പോൾ ഇതു പ്രസക്തമാണ്.[3] അതുകൊണ്ടുതന്നെ,

1. *മാതൃഭൂമി*യെ വൈജ്ഞാനികോന്മുഖമായ സാഹിത്യതയിലേയ്ക്ക് നയിച്ചത് എൻ. വി.യുടെ പ്രതിഭയാണോ?
2. *മാതൃഭൂമി*യെ തീവ്രസാഹിത്യ ആനുകാലികമാക്കിയത് എം.ടി.യുടെ സാംസ്കാരികതയാണോ?

എന്നിങ്ങനെയുള്ള ചോദ്യങ്ങളെ ഈ പഠനം അത്തരത്തിൽ സമീപിക്കുന്നില്ല.

3. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ *മാതൃഭൂമിക്ക്*, തൊട്ടുമുമ്പിലത്തെ *മാതൃഭൂമി*യെ അപേക്ഷിച്ച് സാഹിത്യപരമായ ശോഷണം സംഭവിച്ചു

എന്ന വിമർശത്തെയും അമ്മട്ടിലേ ഇവിടെ നോക്കിക്കാണുന്നുള്ളൂ. അതിനു പിന്നിൽ

4. പത്രാധിപരുടെ മരണം എന്ന പ്രതിഭാസമുണ്ടോ?
5. പത്രാധിപർക്കു പകരം ഉള്ളടക്കനിർമ്മാതാവായി ആനുകാലികാധിപർ മാറിയിട്ടുണ്ടോ?

എന്നീ ചോദ്യങ്ങളുടെ കാര്യത്തിലും അതേ സമീപനമാണ് ഇവിടെയുള്ളത്. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലെയും ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലെയും *മാതൃഭൂമി*കളുടെ വ്യത്യാസങ്ങൾ എം. ടി. വാസുദേവൻ നായർ, വി. ആർ. ഗോവിന്ദനുണ്ണി... / കെ. കെ. ശ്രീധരൻ നായർ, കമൽ റാം സജീവ്... തുടങ്ങിയ ദ്വന്ദ്വ(?)ങ്ങളുടെ പ്രതിഭ/അപ്രതിഭകളിൽ തിരയുന്ന പ്രവണതകളെയും ഇവിടെ പിൻപറ്റുന്നില്ല. ഇരുപത്തൊന്നാം നൂറ്റാണ്ടിലെ രണ്ടു പതിറ്റാണ്ടുകളിലെ *മാതൃഭൂമി*യുടെ സാംസ്കാരിക-പഠനങ്ങളുടെ കാഴ്ചപ്പാടിലുള്ള വായനയിലൂടെ എന്തുകിട്ടുന്നു എന്ന

അന്വേഷണം മാത്രമേ ഇവിടെ നടത്തുന്നുള്ളൂ. പ്രതിഭകളെയല്ല, പ്രതിഭാസങ്ങളെയാണ് ഇവിടെ തേടുന്നത്. സാഹിത്യമൂല്യമാണോ ആനുകാലികങ്ങളുടെ മൂല്യം നിർണ്ണയിക്കേണ്ട ഘടകം, അതിൽ ഇതര ഘടകങ്ങൾക്കു കൂടി ഇടമില്ലേ, മാനുഷ്യകത്തിന്റെ പലയിനം ആവിഷ്കൃതികളിൽ ഒന്ന് എന്ന പരിഗണനയല്ലേ കലയ്ക്കും സാഹിത്യത്തിനും നൽകേണ്ടത് എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം മറ്റു തരത്തിൽ ഈ പഠനം തേടുന്നുണ്ട് എന്നത് അപ്പോഴും അവശേഷിക്കും.

### 5.1.1. നവകാല*മാതൃഭൂമി*: 2000-ങ്ങൾ

*മാതൃഭൂമി*യുടെ 2000-ങ്ങളിലെ ലക്കങ്ങളിൽനിന്ന് പഠനമാതൃകയായി 2000 ജനുവരി 16[4] എടുക്കുന്നു. മൊത്തം 42 ഇനങ്ങളുണ്ട്. 34 എണ്ണം സാഹിത്യയിനങ്ങളാണ്.[5] ഇത്രയും ഇനങ്ങളെ സാഹിത്യ വിഭവങ്ങളായെണ്ണുന്നത്, അവയിലെ (സാഹിതീയത മുൻനിർത്തിത്തന്നെ), ചോദ്യംചെയ്യപ്പെടാം. ഈ കാലത്തോടെ *മാതൃഭൂമി*യിൽ സാഹിത്യയിനങ്ങൾക്ക് - കവിത, കഥ തുടങ്ങിയ സാഹിത്യാഖ്യാനങ്ങൾക്ക് – ഇടംകുറഞ്ഞു എന്ന വിമർശം ഉയർന്നു വരുന്നുണ്ട്. എന്നാൽ, ഫോട്ടോഗ്രാഫി, കാർട്ടൂൺ, സിനിമാപഠനം, സിനിമാപ്പാട്ടുപഠനം എന്നിങ്ങനെയുള്ള പുതിയ ആവിഷ്കാരത്തുറകളെ സർഗാത്മകത കണ്ടെത്തി. അവയൊക്കെയും സാഹിത്യേതരയിനങ്ങളുടെ അച്ചടിയിടത്തിൽ അവയെ പകരംവയ്ക്കുന്ന ആനുകാലിക ഉള്ളടക്കങ്ങളായി മാറി. കവിത, കഥ, നോവൽ, അത്തരം ലിഖിതരൂപങ്ങളുടെ പഠനങ്ങൾ, ആസ്വാദനങ്ങൾ എന്നിവപോലുള്ള പഴയ സാഹിത്യരൂപങ്ങളെ അപേക്ഷിച്ച് അവ കൂടുതൽ സാമൂഹികത ഉൾക്കൊണ്ടു എന്നതു വസ്തുതയാണ്. പക്ഷേ, സാമൂഹികതയെ ആവഹിക്കുന്ന സർഗ്ഗാത്മകാവിഷ്കൃതികളായിരുന്നിട്ടും സാമൂഹികതയുടെ നിരാസത്തിന്റെ ഉപകരണങ്ങളായി അവ ആനുകാലികങ്ങളിൽ ഉപയോഗിക്കപ്പെട്ടു. പ്രത്യക്ഷവും തീക്ഷ്ണവുമായ പ്രശ്നസംവേദനത്തിൽനിന്ന് ആനുകാലിക-

വായനക്കാരെ വഴിതിരിച്ചുവിടുകയായിരുന്നു ആഴ്ചപ്പതിപ്പുതാളുകളിലെ അവയുടെ ദൗത്യം. അതിനാൽ, അവയെയത്രയും സാഹിത്യ-രചനകളായിത്തന്നെയാണ് ഈ പഠനം വകയിരുത്തുന്നത്. സർഗ്ഗാത്മകമായ എല്ലാ ആവിഷ്കാരവും സാഹിത്യയിനത്തിൽപ്പെടുത്തണം എന്ന ഈ പഠനത്തിലുടനീളം പുലർത്തുന്ന നിഷ്ഠയ്ക്ക് ഇവിടെ പുതിയ സാധ്യതകളുണ്ടാകുന്നുമുണ്ട്.[6] ഈ കാഴ്ചപ്പാടിൽ നോക്കുമ്പോൾ, സാഹിത്യേതരയിനങ്ങൾ എട്ടെണ്ണമാണ്.[7] വിഭവവിഭജനം ഇങ്ങനെയാണ്:

1. സാഹിത്യയിനങ്ങൾക്ക് കിട്ടിയ അച്ചടിയിടം 85%.
2. സാഹിത്യേതരയിനങ്ങൾക്ക് 15 %.

### 5.1.2. നവകാല*മാതൃഭൂമി*: 2010-കൾ

2010-കളിൽ നിന്ന് 2010 മാർച്ച് 14 എടുക്കുന്നു. [8] ഈ പതിറ്റാണ്ടായപ്പോൾ സാഹിത്യതയുടെ പരിധി പിന്നെയും വിശാലമാക്കേണ്ട സാഹചര്യമാണ് ഉരുത്തിരിഞ്ഞിട്ടുള്ളത്.[9] ആ നോട്ടപ്പാടിൽ സാഹിത്യയിനങ്ങൾ 26.[10] സാഹിത്യേതരയിനങ്ങളുടെ നിർണ്ണയത്തിലും വായനയുടെ ഉത്തരവാദിത്വം കൂട്ടുന്ന പ്രവണതകൾ വളർന്നുവന്നിട്ടുണ്ട്.[11] ആ പരിഗണനയോടെ വായിക്കുമ്പോൾ സാഹിത്യേതരയിനങ്ങൾ 12.[12] *മാതൃഭൂമി*യുടെ 2010-കളിലെ ഉള്ളടക്കമുൻഗണന പ്രാതിനിധ്യലക്കം മുൻനിർത്തി ഇങ്ങനെയാണ്:

1. സാഹിത്യം 76 %
2. സാഹിത്യേതരം 24 %

## 5.2. നവകാല*മാതൃഭൂമി*: നവവായനയുടെ നാന്ദി

നവകാല*മാതൃഭൂമി* മധ്യകാല*മാതൃഭൂമി*യുടെ തുടർച്ചയെന്നനിലയിൽ, സാഹിത്യ*മാതൃഭൂമി*യായി തുടരുകയാണ് എന്ന് മാതൃകാലക്കങ്ങളുടെ സാഹിത്യ-സാഹിത്യേതര മുൻഗണ പരിഗണിക്കുമ്പോൾ ഒറ്റനോട്ടത്തിൽ ത്തന്നെ വ്യക്തമാകുന്നു. എന്നാൽ, സാഹിത്യത കൂടിവരുന്ന

മധ്യകാല*മാതൃഭൂമി*യുടെ പ്രവണതയിൽ വന്ന മാറ്റം പുതിയ നൂറ്റാണ്ടിൽ ദൃശ്യം. പകരം, പഠനത്തിന്റെ ഈ ഘട്ടത്തിൽ കടന്നുവരുന്ന രണ്ടു കലണ്ടർ പതിറ്റാണ്ടുകളിൽ *മാതൃഭൂമി*യുടെ സാഹിത്യത കുറഞ്ഞുവരികയാണ്.

*മാതൃഭൂമി* പിന്നിട്ട എല്ലാ പതിറ്റാണ്ടുകളിലെയും ഉള്ളടക്കതാരതമ്യം ഒറ്റനോട്ടത്തിൽ പട്ടിക 5.1.ൽ

**_താരതമ്യം:മാതൃഭൂമി_ ആഴ്ചപ്പതിപ്പ് 1932 – 2010-കൾ**

| **കാലം** | **സാഹിത്യം** | **സാഹിത്യേതരം** |
|---|---|---|
| 1932 | 18 % | 82 % |
| 1940-കൾ | 49 % | 51 % |
| 1950-കൾ | 55 % | 45 % |
| 1960-കൾ | 62 % | 38 % |
| 1970-കൾ | 66 % | 34 % |
| 1980-കൾ | 79 % | 21 % |
| 1990-കൾ | 96 % | 04 % |
| 2000-ങ്ങൾ | 85 % | 15 % |
| 2010-കൾ | 76 % | 24 % |

പട്ടിക 5.1.

നിഗമനങ്ങൾ:

1. *മാതൃഭൂമി*യിൽ 1930-കൾ മുതൽ 1990-കൾ വരെ ക്രമമായി കൂടിവന്ന സാഹിത്യയിനങ്ങളുടെ അച്ചടിയിടം 2000-ങ്ങൾ മുതൽ കുറയാൻ തുടങ്ങുന്നു.
2. സമാന്തരമായി, 1930-കൾ മുതൽ 1990-കൾ വരെ ക്രമമായി കുറഞ്ഞുവന്ന സാഹിത്യേതരയിനങ്ങളുടെ പ്രാതിനിധ്യം 2000-ങ്ങൾ മുതൽ കൂടാനും തുടങ്ങുന്നു.

1930-കളുടെ തുടക്കത്തിലെ *ഭാഷാപോഷിണി*യുടെ തനിമയും 1932-ൽ രംഗപ്രവേശം ചെയ്ത *മാതൃഭൂമി*യുടെ തനിമയും പിൽക്കാലപതിറ്റാണ്ടുകളിൽ *മാതൃഭൂമി* പിന്തുടർന്ന തനിമയുടെ തുടർച്ച-ഇടർച്ചകളുമായുള്ള താരതമ്യം പട്ടിക 5.2. -ൽ

നിരീക്ഷണങ്ങൾ:

1. *മാതൃഭൂമി* രംഗത്തുവന്നത് അക്കാലത്തെ *ഭാഷാപോഷിണി*യുടെ സാംസ്കാരികവിലോമമായാണ്.
2. ഏത് സാഹിത്യ-സാഹിത്യേതര അംശബന്ധത്തിന്റെ (77%:23%) നിഷേധമായി രംഗത്തു വന്നോ, അതേ ഉള്ളടക്ക മുൻഗണനയിലേയ്ക്കാണ് എട്ടു പതിറ്റാണ്ടു പിന്നിട്ടപ്പോൾ, 2010-കളിൽ, (76%:24%) *മാതൃഭൂമി* എത്തിയത്.
3. 1932-ലെ *മാതൃഭൂമി*യുടെ സാംസ്കാരികവിലോമമാണ് 2010-കളിലെ *മാതൃഭൂമി*.

*മാതൃഭൂമി* ആഴ്ചപ്പതിപ്പിനുണ്ടായതായി സ്ഥൂലതലപഠനങ്ങൾ സൂചിപ്പിക്കുന്ന ഈ വൻരീതിമാതൃകാവ്യതിയാനത്തെ സൂക്ഷ്മതലപഠനങ്ങളാൽ എതിർപരിശോധനനടത്തുന്നതിലേയ്ക്കാണ് ഇനി പോകുന്നത്.

**താരതമ്യം: *ഭാഷാപോഷിണി- മാതൃഭൂമി***

| **ആനുകാലികം** | **കാലം** | **സാഹിത്യം** | **സാഹിത്യേതരം** |
|---|---|---|---|
| *ഭാഷാപോഷിണി* | 1930 | 77 % | 23 % |
| *മാതൃഭൂമി* | 1932 | 18 % | 82 % |
| ,, | s<br>1940-കൾ | 49 % | 51 % |
| ,, | 1950-കൾ | 55 % | 45 % |
| ,, | 1960-കൾ | 62 % | 38 % |
| ,, | 1970-കൾ | 66 % | 34 % |
| ,, | 1980-കൾ | 79 % | 21 % |
| ,, | 1990-കൾ | 96 % | 04 % |
| ,, | 2000-ങ്ങൾ | 85 % | 15 % |
| ,, | 2010-കൾ | 76 % | 24 % |

പട്ടിക 5.2.

### 5.2.1. പ്രശ്നപഠനം 1: മുത്തങ്ങ സമരം

മുത്തങ്ങ വെടിവയ്പുണ്ടായത് 2003 ഫെബ്രുവരി മൂന്നിനാണ്. വയനാട് ജില്ലയിലെ മുത്തങ്ങ വനമേഖലയിൽ ഭൂമികൈയേറി സമരംചെയ്ത ആദിവാസികളെ ഒഴിപ്പിക്കാനുള്ള പോലീസിന്റെ നീക്കം വെടിവയ്പിൽ കലാശിക്കുകയായിരുന്നു. ആദിവാസികളും സർക്കാരും തമ്മിലുണ്ടായ ധാരണ നടപ്പാകാത്ത സാഹചര്യത്തിൽ 2003 ജനുവരി അഞ്ചിനാണ് മുത്തങ്ങ വനഭൂമിയിൽ ആദിവാസികൾ കുടിൽ കെട്ടി സമരം തുടങ്ങിയത്. സി. കെ. ജാനുവായിരുന്നു അവരുടെ നേതാവ്. 45 ദിവസം കഴിഞ്ഞപ്പോഴായിരുന്നു പോലീസിന്റെ നടപടി.

ഒരു മാസത്തോളം കഴിഞ്ഞ്, 2003 മാർച്ച് രണ്ടിന്റെ ലക്കത്തിലാണ് *മാതൃഭൂമി* സമരം പരാമർശിക്കുന്നത്. 68 പേജുകളുള്ള ഈ ലക്കത്തിൽ അവസാനത്തെ ലേഖനമായി 'ആദിവാസിസമരം: അടയുന്ന വാതിലുകൾ' എന്ന തലക്കെട്ടിൽ കുറിപ്പ്.[13] എഴുതിയത് സി. സുരേന്ദ്രനാഥ്. ആദിവാസിസമരത്തെ അനുകൂലിക്കുന്ന കുറിപ്പാണിത്. വിഷയവിവരപേജിൽ പ്രത്യേകപരാമർശമില്ല.[14] ഫോട്ടോകളും ലാർജ് സെറ്റ് ഇൻട്രോകളും ഉണ്ട്. മൊത്തം മൂന്നു പുറം. ഇതേ ലക്കത്തിൽത്തന്നെ 'മറുകാഴ്ച' പംക്തിയിൽ 'കലാപത്തിനുപിന്നിൽ ആദിവാസികളോ?' എന്ന തലക്കെട്ടിൽ ഒ. കെ. ജോണിയുടെ ഒരു പേജ് ലേഖനം. ഇത് ആദിവാസിസമരത്തെ എതിർക്കുന്നതാണ്. 2003 മാർച്ച് ഒമ്പതിന്റെ ലക്കത്തിൽ, ആദിവാസിസമരത്തെ അനുകൂലിക്കുന്ന രണ്ട് ഉള്ളടക്കങ്ങൾ. മുഖചിത്രത്തിൽത്തന്നെ ഈ ലേഖനങ്ങൾ ഇടംപിടിക്കുന്നു. 'ദൈവത്തിന്റെ സ്വന്തം നാട്ടിൽ ജനാധിപത്യത്തിന്റെ പൂക്കാലം' എന്ന പുനത്തിൽ കുഞ്ഞബ്ദുള്ളയുടെയും 'മുത്തങ്ങയിൽ സംഭവിച്ചത്' എന്ന മഞ്ചേരി സുന്ദർരാജിന്റെയും ലേഖനങ്ങളാണ് വന്നിട്ടുള്ളത്. വിഷയവിവരപേജിലും ഈ രണ്ടു ലേഖനങ്ങൾക്കും പ്രത്യേകമായി സചിത്രപരാമർശമുണ്ട്.[15] 2003 മാർച്ച്

16-ന്റെ ലക്കത്തിൽ 'വായനക്കാർ എഴുതുന്നു' പംക്തിയിൽ സമരത്തെ അനുകൂലിക്കുന്ന ഒരു പ്രതികരണം. 2003 മാർച്ച് 23-ന്റെ ലക്കത്തിൽ ഇതേ പംക്തിയിൽ സമരത്തെ അനുകൂലിക്കുന്ന ഒരു ലേഖനം. 2003 മാർച്ച് 30-ന് രണ്ട് ലേഖനങ്ങൾ. ഇതിൽ, 'ആദിവാസിയുടെ മണ്ണ്' എന്ന വി. എച്ച്. ദിരാറിന്റെ ലേഖനം ഈ ലക്കത്തിലെ മുഖലേഖനം കൂടിയാണ്. ഇത് സമരത്തെ അനുകൂലിക്കുന്നു. കവർ സ്റ്റോറിയായി വന്ന 'അവന്റെ സമരവും നാം തട്ടിയെടുത്തിരിക്കുന്നു' എന്ന കെ. അനൂപ് രാജിന്റെ ലേഖനം ആദിവാസിസമരങ്ങളെ അനുകൂലിച്ചുള്ള സമരങ്ങളെ എതിർക്കുന്നതാണ്. 2003 ഏപ്രിൽ ആറിന്റെ ലക്കത്തിൽ സമരത്തെ അനുകൂലിക്കുന്ന രണ്ടിനങ്ങളുണ്ട്. 'കേരളം ആദിവാസികളെ ഏല്പിക്കുക' എന്ന സി. ആർ. നീലകണ്ഠൻ നമ്പൂതിരിയുടെ ലേഖനവും[16] 'വായനക്കാർ എഴുതുന്നു' എന്ന പംക്തിയിലെ ഒരു കത്തും.[17] രണ്ടും ആദിവാസികളെ പിൻതുണയ്ക്കുന്നതാണ്.

***മാതൃഭൂമി*: മുത്തങ്ങപ്രതികരണം (2003 മാർച്ച് 9 – ഏപ്രിൽ 2)**

| വിഭാഗം | ആദിവാസികൾക്ക് അനുകൂലം | ആദിവാസികൾക്ക് എതിര് |
|---|---|---|
| മുഖലേഖനം | 1 | 1 |
| ലേഖനം | 4 | 1 |
| കത്ത് | 2 | 0 |
| ആകെ | 7 | 2 |

പട്ടിക 5.3.

മുത്തങ്ങ സമരത്തിലെ *മാതൃഭൂമി* പ്രതികരണം ആദിവാസികൾക്ക് അനുകൂലമായിരുന്നു (പട്ടിക 5.3.). മുത്തങ്ങ വെടിവയ്പുണ്ടായി ഒരു മാസം കഴിഞ്ഞാണ് *മാതൃഭൂമി* പ്രശ്നത്തിൽ പ്രതികരിക്കുന്നത്. 2003 മാർച്ച് ഒമ്പതു മുതൽ ഏപ്രിൽ രണ്ടു വരെ അഞ്ചാഴ്ചകളിൽ പ്രതികരണങ്ങൾ നീണ്ടു. ഇതിനിടെയുള്ള നാലാഴ്ചകളിലും മുത്തങ്ങ സംഭവം പരാമർശിച്ചുകൊണ്ടാണ് ആഴ്ചപ്പതിപ്പു പുറത്തിറങ്ങിയത്. ആദ്യ പ്രതികരണംമുതൽ തന്നെ ആഴ്ചപ്പതിപ്പുള്ളടക്കം ആദിവാസികൾക്ക് അനുകൂലമായി വിന്യസിക്കപ്പെട്ടു. മാർച്ച് ഒമ്പതിന്റെ ലക്കത്തിൽ ഒരു ലേഖനവും ഒരു പംക്തിക്കുറിപ്പുമാണ് വന്നത്. ലേഖനം ആദിവാസികളെ പിന്തുണച്ചപ്പോൾ കുറിപ്പ് അവരെ എതിർത്തു. മാർച്ച് 16-ന്റെയും 23-ന്റെയും ലക്കങ്ങളിൽ പ്രതികരണം ഓരോ കത്തിൽ ഒതുങ്ങി. രണ്ടും സമരത്തെ അനുകൂലിച്ചു. മാർച്ച് 30-ന്റെ ലക്കം രണ്ട് മുഖലേഖനങ്ങളുമായി വന്നു. ഒന്നാം മുഖലേഖനം ആദിവാസികളെ അനുകൂലിച്ചപ്പോൾ രണ്ടാമത്തേത് ആദിവാസികളെ പിന്തുണച്ചുള്ള സമരങ്ങളെ എതിർത്തു. ഏപ്രിൽ ആറിന്റെ ലക്കത്തിൽ രണ്ടു മുത്തങ്ങ ഇനങ്ങൾ: ഒരു ലേഖനവും ഒരു കത്തും. രണ്ടും ആദിവാസികളെ അനുകൂലിച്ചു.

ശ്രദ്ധേയമായ കാര്യം, *മാതൃഭൂമി*യുടെ മുത്തങ്ങ ഇടപെടൽ പൊതുവേ ആദിവാസികൾക്ക് അനുകൂലമായിരുന്നെങ്കിലും ഏകപക്ഷീയമായിരുന്നില്ല എന്നതാണ്. മുഖ്യ ഉള്ളടക്കങ്ങൾ വന്ന മാർച്ച് ഒമ്പത്, 30 ലക്കങ്ങളിൽ രണ്ട് ലേഖനങ്ങളിൽ ഓരോന്ന് ഓരോ വിഭാഗത്തെയും തുണയ്ക്കും വിധമായിരുന്നു. ഓരോ കത്തു മാത്രം വന്ന മാർച്ച് 16, 23 ലക്കങ്ങളിലും ഒരു ലേഖനവും ഒരു കത്തും വന്ന ഏപ്രിൽ ആറിനും മാത്രമാണ് വന്ന വിഭവങ്ങൾ മുഴുവൻ ആദിവാസികളെ അനുകൂലിക്കുന്നു എന്ന നില കണ്ടത്. മുത്തങ്ങ വിഷയത്തിൽ, ആദിവാസികൾക്കനുകൂലമായ ഇനങ്ങൾക്കു മുൻതൂക്കം കൊടുത്തപ്പോഴും *മാതൃഭൂമി* മറുപക്ഷത്തെയും പരിഗണിച്ചു എന്നർത്ഥം.

മുൻ പതിറ്റാണ്ടിലെ മണ്ഡൽ - മസ്ജിദ് ഘട്ടങ്ങളുമായി ഒരു താരതമ്യത്തിനുള്ള അവസരം ഈ ഘട്ടം മുന്നോട്ടുവയ്ക്കുന്നുണ്ട്.

**മണ്ഡൽ - മസ്ജിദ് – മുത്തങ്ങ *മാതൃഭൂമി* പ്രതികരണങ്ങൾ**

| | **മണ്ഡൽ (14)** | | **മസ്ജിദ് (26)** | | **മുത്തങ്ങ (9)** | |
|---|---|---|---|---|---|---|
| **പക്ഷം** | **സവർണ്ണം** | **അവർണ്ണം** | **ഹിന്ദുത്വം** | **മതേതരം** | **ആദിവാസി അനുകൂലം** | **ആദിവാസി വിരുദ്ധം** |
| ഇനം | 10 | 4 | 0 | 26 | 7 | 2 |
| മുഖലേഖനം | 01 | 0 | 0 | 03 | 1 | 1 |
| ലേഖനം | 00 | 0 | 0 | 03 | 4 | 1 |
| കത്ത് | 09 | 4 | 0 | 20 | 2 | 0 |
| ആകെ | 10 | 4 | 0 | 26 | 7 | 2 |

പട്ടിക 5.4.

മണ്ഡൽ - മസ്ജിദ് – മുത്തങ്ങ പ്രശ്നങ്ങൾ *മാതൃഭൂമി* പകർത്തിയതിലെ താരതമ്യം ഇങ്ങനെയാണ്. മസ്ജിദ് തകർന്ന സംഭവമാണ് *മാതൃഭൂമി* തീവ്രമായ വിധത്തിൽ ആനുകാലിക ഉള്ളടക്കത്തിലേയ്ക്ക് പകർത്തിയത്. മുത്തങ്ങ സംഭവത്തിനാണ് രണ്ടാമത്തെ വലിയ പ്രതികരണം കാഴ്ചവച്ചത്. മണ്ഡൽ റിപ്പോർട്ട് നടപ്പാക്കൽ വിരുദ്ധസമരവേളയിലാണ് താരതമ്യേന കുറഞ്ഞ പങ്കാളിത്തം *മാതൃഭൂമി*യിൽ നിന്നുണ്ടായത്.

1. മസ്ജിദിൽ മതേതരപക്ഷത്തിനും
2. മണ്ഡലിൽ സവർണ്ണപക്ഷത്തിനും

3. മുത്തങ്ങയിൽ ആദിവാസി പക്ഷത്തിനും

ഒപ്പമായിരുന്നു *മാതൃഭൂമി*.

1. മസ്ജിദിൽ ഹിന്ദുത്വ പക്ഷത്തിന്റെ വാദങ്ങളെ തീരെ ഒഴിവാക്കി മതേതരാനുകൂലപ്രചാരണത്തിലേയ്ക്ക് ആഴ്ചപ്പതിപ്പ് നീങ്ങി.
2. മണ്ഡലിൽ സവർണപക്ഷത്തിനൊപ്പം നിന്ന് അവർണപക്ഷത്തിന് ചെറിയ പ്രാതിനിധ്യം നല്കി.
3. മുത്തങ്ങയിലാകട്ടെ ആദിവാസികൾക്കൊപ്പം നിന്നെങ്കിലും ആദിവാസിവിരുദ്ധവാദങ്ങൾക്ക്, മണ്ഡൽ വേളയിൽ അവർണപക്ഷത്തിനു നല്കിയതിനേക്കാൾ പ്രാതിനിധ്യം അനുവദിച്ചു.

മണ്ഡൽ-മസ്ജിദ് ഘട്ടങ്ങളിൽ *മാതൃഭൂമി* അഭിമുഖീകരിച്ചത്, ഹിന്ദുമതത്തിലെ സവർണ്ണാവർണ്ണവൈരുദ്ധ്യവും മതസഞ്ചയത്തിലെ ഹിന്ദുത്വ-ന്യൂനപക്ഷവൈരുദ്ധ്യവുമാണ് എന്ന് കഴിഞ്ഞ അദ്ധ്യായത്തിൽ കണ്ടതാണ്. ഹിന്ദുത്വ-ന്യൂനപക്ഷവൈരുദ്ധ്യത്തോട് നേരായി പ്രതികരിക്കാനായ *മാതൃഭൂമിക്ക്* സവർണ്ണാവർണ്ണവൈരുദ്ധ്യത്തിനു മുന്നിൽ അതിനു കഴിയാതെ പോയി എന്ന് ആ ഘട്ടങ്ങളുടെ പരിശോധന വെളിപ്പെടുത്തുകയും ചെയ്തു. പുതിയ പതിറ്റാണ്ടിലേയ്ക്കെത്തിയപ്പോൾ, ഹിന്ദുമതത്തിലെ ഗോത്ര-ഗോത്രേതര വൈരുദ്ധ്യമാണ് *മാതൃഭൂമിക്ക്* അഭിമുഖീകരിക്കേണ്ടി വന്നത്. മുൻ പതിറ്റാണ്ടിൽ സവർണ്ണാവർണ്ണവൈരുദ്ധ്യത്തിനു മുന്നിൽ സ്വന്തം പൈതൃകവും മുൻനിലപാടും കൈവെടിഞ്ഞ് സവർണ്ണപക്ഷത്തിനൊപ്പം നിന്ന *മാതൃഭൂമി* പുതിയ ഘട്ടത്തിൽ ആദിവാസികൾക്കൊപ്പം നില്ക്കുന്നതു കണ്ടു. എന്നാൽ, മണ്ഡലിൽ അവർണർക്കു കൊടുത്തതിനേക്കാൾ പരിഗണന ആഴ്ചപ്പതിപ്പ് മുത്തങ്ങയിൽ ആദിവാസിവിരുദ്ധർക്കു നല്കി. മസ്ജിദ്

തകർക്കലിനെപ്പോലെ എതിരാളിക്ക് ഇടം കൊടുക്കാതെ എതിർക്കേണ്ട പ്രശ്നങ്ങളായി മണ്ഡലും മുത്തങ്ങയും *മാതൃഭൂമി* കണ്ടില്ല.

*മാതൃഭൂമി* നേരിടുന്ന പ്രതികരണസങ്കീർണതയെന്ന പരിമിതിയാണ് മണ്ഡൽ - മസ്ജിദ് സന്ദർഭങ്ങളിലെ നിലപാടുകളിലെ വൈരുദ്ധ്യത്തിനു പിന്നിൽ എന്നാണ് കഴിഞ്ഞ അദ്ധ്യായത്തിൽ വിലയിരുത്തിയത്. രാഷ്ട്രീയദേശീയതയുടെ, അതിന്റെ പിറവിക്കു വഴിയൊരുക്കിയ ദേശീയപ്രസ്ഥാനത്തിന്റെയും ആധുനികതയുടെയും രാഷ്ട്രീയപ്രതിബദ്ധതയുടെ, പ്രതിസന്ധി *മാതൃഭൂമി*യിൽത്തുടരുകയാണ്. ഏറ്റുമുട്ടുന്ന സാമൂഹികദ്വന്ദ്വങ്ങൾക്കിടയിൽ നീതികിട്ടേണ്ടവരോടൊപ്പം നിലയുറപ്പിക്കാനുള്ള പ്രതിബദ്ധതയെ സൃഷ്ടിക്കുന്ന സൃഷ്ട്യുന്മുഖമായ രാഷ്ട്രീയമല്ല *മാതൃഭൂമി*യുടേത്. ആധുനികതയുടെ കർതൃത്വമേറ്റെടുത്ത യൂറോപ്യനെപ്പോലെ, രാഷ്ട്രീയദേശീയതയുടെ ഉടയോനാകുന്ന നിർമിത ഇന്ത്യക്കാരനെപ്പോലെ, ആത്മകേന്ദ്രിതമായ യാന്ത്രികരാഷ്ട്രീയതയുടെ പ്രത്യയശാസ്ത്രമാണ് *മാതൃഭൂമി*യുടേത്. ഒന്ന് മൂന്നാം ലോകക്കാരനെ ആധുനികനാക്കാൻ നിലകൊള്ളുന്നു. മറ്റൊന്ന് പിന്നോക്കക്കാരനെയും ദലിതനെയും ആദിവാസിയെയും പ്രാദേശിയെയും ഗ്രാമീണനെയും രാഷ്ട്രീയദേശീയനായി മാനകീകരിക്കാൻ നിലകൊള്ളുന്നു. നോവലിൽ ആധുനികനും ഭാഗപ്രശ്നത്തിൽ അനാധുനികനുമായിപ്പെരുമാറിയ ഒ ചന്തുമേനോന്റെ ആനുകാലികപ്രതിനിധാനമാണ് *മാതൃഭൂമി.* ആ വൈരുദ്ധ്യബുദ്ധി ഒരു മസ്ജിദിൽ രണോത്സുകമായ മതേതരനിലപാടെടുക്കും. ഒരു മണ്ഡലിൽ രണഭീരുതനിറഞ്ഞ സവർണ്ണനിലപാടിലേയ്ക്കുമാറും. ഒരു മുത്തങ്ങയിൽ കരുണനിറഞ്ഞ ആദിവാസിപക്ഷനിലപാടുമെടുക്കും. നടുവിൽ നിന്നു ചാഞ്ചാടുന്നതാണ് അതിന്റെ രാഷ്ട്രീയ-സാമൂഹികബുദ്ധി. പൈതൃകത്തിലേയ്ക്കും പരിണതിയിലേയ്ക്കുമുള്ള (ഇടത്തോട്ടും വലത്തോട്ടുമുള്ള) അതിന്റെ ചുവടുമാറ്റങ്ങളോ, പാളിച്ചകളും.

### 5.2.2. പ്രശ്നപഠനം 2: ചുംബനസമരം

2014 നവംബർ രണ്ടിനാണ് കേരളത്തിൽ വിവിധയിടങ്ങളിൽ 'ചുംബനസമരം' നടന്നത്. സദാചാരപോലീസിംഗിനെതിരേയായിരുന്നു സമരം. കോഴിക്കോട്ട്, കമിതാക്കൾക്ക് പരസ്യമായി ചുംബിക്കാൻ അവസരമൊരുക്കുന്നു എന്ന പരാതി ഉയർത്തി 'ഡൗൺ ടൗൺ കഫേ' എന്ന കോഫീ ഷോപ്പ് യുവമോർച്ച പ്രവർത്തകർ അടിച്ചുതകർത്തതായിരുന്നു സമരം രൂപപ്പെടാനുണ്ടായ അടിയന്തരസാഹചര്യം. സ്നേഹചുംബനം എന്ന അർത്ഥത്തിൽ 'കിസ് ഓഫ് ലൗ', എന്നും സമരത്തിന് പേരുണ്ട്.[18] ആ പേരിൽ രൂപംകൊണ്ട ഫെയ്സ് ബുക് കൂട്ടായ്മയാണ് സമരത്തിന് ആഹ്വാനം നല്കിയത്. 2014 നവംബർ 2-ന് കൊച്ചി മറൈൻ ഡ്രൈവിൽ ഒത്തുചേരാനും പരസ്പരം ചുംബിച്ച് സദാചാരപോലീസിംഗിനെതിരേ പ്രതീകാത്മകസമരം നടത്താനുമായിരുന്നു ആഹ്വാനം. 1,42,000 പേർ ആഹ്വാനം ലൈക്ക് ചെയ്തു. സമരം സംഘപരിവാർ സംഘടനകളുടെ എതിർപ്പിനിരയായി. സംഘപരിവാർ സംഘടനകൾ സമരവേളയിൽ രംഗത്തുവരികയും സമരം ചെയ്യുന്നവരെ ആക്രമിക്കുകയും ചെയ്തു. [19]

ചുംബനസമരം *മാതൃഭൂമി*യിൽ ഇടംപിടിക്കുന്നത് 2014 നവംബർ 16-ന്റെ ലക്കത്തിലാണ്. ഈ ലക്കം മുഴുവൻ ചുംബനസമരത്തിനായി മാറ്റിവയ്ക്കുന്നു *മാതൃഭൂമി.* അതായത്, ഇത് അപ്രഖ്യാപിത ചുംബനസമരപ്പതിപ്പായി വാരിക പുറത്തിറക്കി. ഈ ലക്കത്തിലെ 27 ശതമാനം അച്ചടിയിടം *മാതൃഭൂമി* ഈ വിഷയത്തിനായി നീക്കിവച്ചു. മുഖചിത്രത്താൾ മുതൽ ഇരുപത്തഞ്ചാം താൾ വരെ തുടർച്ചയായി ചുംബനസമരവിഭവങ്ങൾ മാത്രം നിരത്തി.[20] ഒരു ലേഖനം മാത്രമേ ഈ തുടർച്ചയിൽനിന്നു മാറ്റി വിന്യസിച്ചുള്ളൂ.[21] എല്ലാ താളിലും മുകളിൽ ഒരു മുദ്രാനാട നല്കിയിരുന്നു. 'ശരീരവും സ്വാതന്ത്ര്യവും' എന്നായിരുന്നു അതിലെ വാക്കുകൾ. ടെലിവിഷനുകളിലെ സ്ട്രിപ്പുകളുടെ അനുവർത്തനമായിരുന്നു ഈ

അലങ്കാരം. ഇത് ചുംബനസമരയിനങ്ങൾ വന്ന എല്ലാ പുറങ്ങളിലെയും ഉള്ളടക്കത്തെ ഒരു അനുസ്യൂതിയാക്കി മാറ്റി. രൂപത്തിൽ മാറ്റമല്ല, ഉള്ളടക്കത്തിലുമുണ്ടായിരുന്ന ആ ഒറ്റച്ചരടുതുടർച്ച. ഈ താളുകളിൽ വന്ന വിഭവങ്ങളെല്ലാം സമരത്തെ അനുകൂലിക്കുന്നതായിരുന്നു. മുഖചിത്രത്താലും വിഷയവിവരത്താലും ചുംബനസമരയിനങ്ങളായി പരിവർത്തിപ്പിച്ചു കൊണ്ടായിരുന്ന ആഴ്ചപ്പതിപ്പിന്റെ കലാകല്പന. ഫ്രാങ്ക് ഡിക്സീയുടെ *റോമിയോവും ജൂലിയറ്റും* എന്ന എണ്ണച്ചായചിത്രമാണ് മുഖചിത്രമാക്കിയത്. വില്യം ഷേക്സ്പിയറുടെ അതേ പേരുള്ള നാടകത്തിലെ ചുംബനരംഗമാണ് ഡിക്സീ ചിത്രീകരിച്ചത്. മുഖചിത്രത്തിൽത്തന്നെ *റോമിയോവും ജൂലിയറ്റും* നാടകത്തിലെ പ്രസിദ്ധമായ ഒരു വാക്യം എടുത്തെഴുതിയിരുന്നു.[22] ചുംബനസമരലേഖനങ്ങൾ എഴുതിയവരുടെ പേരുകളും മുഖചിത്രത്താളിൽത്തന്നെ കൊടുത്തിരുന്നു.[23] വിഷയവിവരത്താൾ ചുംബനസമരവിഭവമായി സംവിധാനം ചെയ്യപ്പെട്ടത് ഖജുരാഹോയിലെ രതിശില്പത്തിന്റെ ഫോട്ടോയും 'ഓരോ ചുംബനവും ഒരു കവിത' എന്ന സച്ചിദാനന്ദന്റെ ലേഖനത്തിൽ നിന്നുള്ള ഉദ്ധരണിയും ഉപയോഗിച്ചാണ്.[24] ഇതിനുപിറകേയാണ്, അഞ്ചു ചുംബനസമരലേഖനങ്ങൾ തുടർച്ചയായി വിന്യസിക്കപ്പെട്ടത്.[25] ഈ 32 താളുകൾക്കിടയിൽ, ഏറ്റവും അവസാനത്തെപ്പുറത്തുമാത്രമാണ് മറ്റേതെങ്കിലുമൊരിനം കടന്നുവരുന്നത്. [26] അതും ചുംബനസമരവിഭവങ്ങളുടെ ആ അനുസ്യൂതി തീർന്നതിനു ശേഷം.[27] പേജുകൾ അലങ്കരിക്കാൻ ചുംബനസമരദൃശ്യങ്ങൾക്കൊപ്പം ഖജുരാഹോ രതിശില്പ ഫോട്ടോകളും ഉപയോഗിച്ചു. പോലീസ് അറസ്റ്റ് ചെയ്ത ചുംബനസമരവളണ്ടിയർമാർ പോലീസ് വാഹനത്തിൽ ചുംബിക്കുന്ന ഫോട്ടോ ഇവയിൽ പ്രധാനപ്പെട്ടവയാണ്. ഈ ലക്കത്തിൽ ഉപയോഗിച്ച എല്ലായിനങ്ങളും ചുംബനസമരത്തെ അനുകൂലിക്കുന്നതായിരുന്നു എന്നതിന്റെ ഭാഗമായി, ചുംബനസമരത്തിനെതിരേ പ്രകടനം നടത്തിയവർ സമര

വളണ്ടിയർമാരെ ആക്രമിക്കുന്ന ദൃശ്യം പോലും സമരാനുകൂലയിനമായാണ് വിന്യസിക്കപ്പെട്ടത്.

തുടർന്ന്, *മാതൃഭൂമി* ആഴ്ചപ്പതിപ്പ് ഒന്നരമാസം ചുംബനസമരം കൈകാര്യം ചെയ്തു (പട്ടിക 5.5.).

**_മാതൃഭൂമി_: ചുംബനസമരവേളയിലെ പ്രതികരണം**

| | **മുഖലേഖനങ്ങൾ** | | **ലേഖനങ്ങൾ** | | **കത്തുകൾ** | |
|---|---|---|---|---|---|---|
| | **സമരാനുകൂലം** | **പ്രതികൂലം** | **അനുകൂലം** | **പ്രതികൂലം** | **അനുകൂലം** | **പ്രതികൂലം** |
| ന.16 | 1 | 0 | 5 | 0 | 0 | 0 |
| ന.23 | 0 | 0 | 1 | | 8 | 4 |
| ന. 30 | 0 | 0 | 2 | 0 | 3 | 6 |
| ഡി.7 | 0 | 0 | 1 | 0 | 0 | 0 |
| ഡി. 21 | 0 | 0 | 2 | 0 | 5 | 0 |
| ഡി. 28 | 0 | 0 | 1 | 0 | 1 | 0 |
| **ആകെ** | **1** | **0** | **12** | **0** | **17** | **10** |

പട്ടിക 5.5.

ഈ ഒന്നര മാസത്തിനിടയ്ക്ക് ആറ് ആഴ്ചപ്പതിപ്പുകളിറങ്ങി. ഡിസംബർ 14-ന്റെ ലക്കം സംസ്ഥാനചലച്ചിത്രോത്സവപ്പതിപ്പായിരുന്നു.

അതൊഴിച്ച് എല്ലാ ലക്കങ്ങളിലും ചുംബനസമരവിഭവങ്ങളുണ്ടായിരുന്നു. മൊത്തം 40 ഇനങ്ങൾ വന്നു. മുപ്പതും ചുംബനസമരത്തെ പിന്തുണയ്ക്കുന്നത്. അവയിൽ ഒരു മുഖലേഖനവും 12 ലേഖനങ്ങളും 17 കത്തുകളുമുണ്ട്. ചുംബനസമരത്തെ എതിർക്കുന്ന പത്തിനങ്ങളും വായനക്കാരുടെ കത്തുകളാണ്. *മാതൃഭൂമി* ആഴ്ചപ്പതിപ്പ് ചുംബനസമരത്തിന് വൻ പ്രചാരണം നല്കി എന്നാണ് ഈ വിശകലനം വ്യക്തമാക്കുന്നത്.

സാമൂഹികശ്രദ്ധയാകർഷിക്കുന്ന സംഭവങ്ങളിലെ *മാതൃഭൂമി*യുടെ മുൻ ഇടപെടലുകളുമായി ചുംബനസമരസന്ദർഭത്തെ താരതമ്യപ്പെടുത്തുന്നത് പ്രസക്തമായിരിക്കും (പട്ടിക 5.6.)

***മാതൃഭൂമി*: വിവിധസന്ദർഭങ്ങളിലെ പ്രതികരണം (1990-2014)**

| **ഇനങ്ങൾ** | **മണ്ഡൽ (14ഇനം)** | | **മസ്ജിദ് (26 ഇനം)** | | **മുത്തങ്ങ (9 ഇനം)** | | **ചുംബനസമരം (40 ഇനം)** | |
|---|---|---|---|---|---|---|---|---|
| | **സവർണം** | **അവർണം** | **ഹിന്ദുത്വ** | **മതേതര** | **ആദിവാസി** | **ആദിവാസി വിരുദ്ധം** | **സമരാനുകൂലം** | **സമരവിരുദ്ധം** |
| മുഖലേഖനം | 1 | 0 | 0 | 3 | 1 | 1 | 1 | 0 |
| ലേഖനം | 0 | 0 | 0 | 3 | 4 | 1 | 10 | 0 |
| കത്ത് | 9 | 4 | 0 | 20 | 2 | 0 | 17 | 10 |
| ആകെ | 10 | 4 | 0 | 26 | 7 | 2 | 30 | 10 |

പട്ടിക 5.6.

മണ്ഡൽ - മസ്ജിദ് – മുത്തങ്ങ-ചുംബനസമര പ്രശ്നങ്ങളോടുള്ള *മാതൃഭൂമി*യുടെ പ്രതികരണം ഇങ്ങനെ താരതമ്യം ചെയ്യാം:

1. ഇതുവരെ കണ്ട ഏറ്റവും തീവ്രമായ *മാതൃഭൂമി* പ്രതികരണം 1992-ലെ മസ്ജിദ് തകർന്ന വേളയിലേതായിരുന്നു.
2. 2014-ലെ ചുംബനസമരത്തിന്റെ പ്രതികരണത്തിലെ ചില സവിശേഷതകൾ അതിനെ മറികടന്നു.
3. അഞ്ചുലക്കങ്ങളിലായി 26 ഇനങ്ങളാണ് *മാതൃഭൂമി* മസ്ജിദ് തകർന്ന അവസരത്തിൽ നല്കിയത്.
4. ഏഴ് ലക്കങ്ങളിലായി 40 ഇനങ്ങൾ കൊടുത്ത് ചുംബനസമരത്തെ *മാതൃഭൂമി* കൂടിയ തോതിൽ രേഖപ്പെടുത്തി.
5. ആറു ലേഖനങ്ങളും 20 കത്തുകളുമാണ് മസ്ജിദിൽ *മാതൃഭൂമി* കൊടുത്തത്.
6. ചുംബനത്തിൽ 13 ലേഖനങ്ങളും 17 കത്തുകളുമായി.

എന്നാൽ, മസ്ജിദിൽ സ്വീകരിച്ച ഏകപക്ഷീയമായ പിന്തുണയുടെ നിലപാട് ചുംബനത്തിൽ ഉണ്ടായില്ല. മസ്ജിദിൽ, പള്ളി തകർത്തതിനെ പിന്തുണയ്ക്കുന്ന ഒരു കത്തുപോലും കൊടുക്കാൻ *മാതൃഭൂമി* തയ്യാറായില്ല. ചുംബനത്തിലാകട്ടെ, ചുംബനസമരത്തെ എതിർക്കുന്ന പത്തിനങ്ങൾ നല്കി. പക്ഷേ, എതിർപ്പുകാരെ മുഴുവൻ വായനക്കാരുടെ നിരയിലേയ്ക്കൊതുക്കി. അപ്പോഴും, *മാതൃഭൂമി*യുടെ സമരപക്ഷപാതം പ്രകടമായിരുന്നു. വായനക്കാരുടെ കത്തുകളിലെ വിതരണംപോലും'17 സമരാനുകൂലക്കത്തുകൾ x10സമരവിരുദ്ധക്കത്തുകൾ'എന്നിങ്ങനെയായിരുന്നു. ലേഖനങ്ങളിലേയ്ക്കു കടക്കുമ്പോൾ ആറ് സമരാനുകൂല ലേഖനങ്ങൾക്കു ബദലയായി ഒരു സമരവിരുദ്ധലേഖനവുമില്ല എന്ന തീവ്രപക്ഷപാതത്തിന്റെ നിലപാടിലേയ്ക്ക് *മാതൃഭൂമി* പോയി.

മസ്ജിദ്-ചുംബന താരതമ്യത്തിന്റെ നീക്കിബാക്കി ഇതാണ്:

1. 1992-ൽ ബാബറി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ കൈക്കൊണ്ടതുപോലെ ഒരു തീക്ഷ്ണപ്രതികരണത്തിലേയ്ക്കാണ് 2014-ൽ ചുംബനസമരം അരങ്ങേറിയപ്പോൾ *മാതൃഭൂമി* പോയത്.
2. ആകെയുള്ള വ്യത്യാസം, എതിർപക്ഷത്തെ 1992-ൽ വിഗണിച്ചപ്പോൾ 2014-ൽ പേരിനു പരിഗണിച്ചു എന്നതാണ്.

ഏറ്റവും ശ്രദ്ധേയമായ വസ്തുത മസ്ജിദിലെ പ്രതിനായകപക്ഷം തന്നെയാണ് സൂക്ഷ്മാർത്ഥത്തിൽ ചുംബനസമരത്തിലും പ്രതിനായകപക്ഷത്തു നിന്നിരുന്നത് എന്നാണ്. മസ്ജിദ് തകർക്കൽ അരങ്ങേറിയത് കേവലഹിന്ദുത്വശക്തികളായിരുന്നു. ചുംബനസമരത്തെ എതിർത്തത് അവരടങ്ങുന്ന ഒരു വിശാലപ്രത്യയശാസ്ത്രക്കൂട്ടായ്മയായിരുന്നു എന്ന വ്യത്യാസമുണ്ടായിരുന്നു എന്നുമാത്രം.

മസ്ജിദിൽ ഹിന്ദുത്വപക്ഷത്തിനും മണ്ഡലിൽ അവർണ്ണപക്ഷത്തിനും മുത്തങ്ങയിൽ ആദിവാസിവിരുദ്ധപക്ഷത്തിനും എതിരേയായിരുന്നു *മാതൃഭൂമി*. ചുംബനസമരത്തിലാകട്ടെ, ഒരിക്കൽക്കൂടി ഹിന്ദുത്വശക്തികൾ മുന്നിലുള്ള ഒരു പ്രത്യയശാസ്ത്രചേരിക്കെതിരേ *മാതൃഭൂമി* നിലപാടു കൈക്കൊണ്ടു.

*മാതൃഭൂമി*യുടെ ഈ നിലപാടുകളിൽ മറ്റൊന്നുകൂടി ശ്രദ്ധേയമാണ്. മസ്ജിദിൽ മാത്രമാണ് അവർ എതിർപക്ഷത്തെ തൃണവൽഗണിച്ചത്. മണ്ഡലിൽ സവർണപക്ഷത്തിനൊപ്പം നിന്നപ്പോൾ അവർണപക്ഷത്തിന് ചെറിയ പ്രാതിനിധ്യം നല്കിയതുപോലെ, മുത്തങ്ങയിൽ ആദിവാസികൾക്കൊപ്പം നിന്നപ്പോൾ ആദിവാസിവിരുദ്ധവാദങ്ങൾക്ക് ഇടം കൊടുത്തതുപോലെ, ചുംബനത്തിൽ സമരവിരുദ്ധർക്കും പ്രാതിനിധ്യം അനുവദിച്ചു. മസ്ജിദിൽ *മാതൃഭൂമി* അഭിമുഖീകരിച്ചത് ഹിന്ദുത്വ-ന്യൂനപക്ഷവൈരുദ്ധ്യമാണ്. അപ്പോഴാണ്, ഹിന്ദുത്വത്തെ തൃണവൽഗണിക്കാൻ അവർക്കായത്. ചുംബനസമരത്തിനാധാരമായ

പ്രശ്നത്തെ ഹിന്ദുത്വ-ഹിന്ദുത്വവിരുദ്ധ വൈരുധ്യമായല്ല *മാതൃഭൂമി* കണ്ടത്. ആധുനികതയും ആധുനികേതരതയും തമ്മിലുള്ള വൈരുദ്ധ്യമായാണ്. ആധുനികതയുടെ കർതൃത്വമേറ്റ യൂറോപ്യനെപ്പോലെ, രാഷ്ട്രീയദേശീയതയുടെ കർമ്മിത്വമേറ്റ ആധുനികേന്ത്യനെപ്പോലെ, ആത്മകേന്ദ്രിതമായ യാന്ത്രികരാഷ്ട്രീയതയുടെ പ്രത്യയശാസ്ത്രമാണ് *മാതൃഭൂമി*യുടേത് എന്നു നേരത്തേ വിലയിരുത്തിയതാണ്. യൂറോപ്യൻ ആധുനികത മൂന്നാം ലോകക്കാരെ ആധുനികരാക്കാൻ നിലകൊള്ളുന്നതുപോലെ, രാഷ്ട്രീയദേശീയത പിന്നോക്കക്കാരെയും ദലിതരെയും ആദിവാസികളെയും പ്രാദേശികളെയും ഗ്രാമീണരെയും രാഷ്ട്രീയദേശീയരായി മാനകീകരിക്കാൻ നിലകൊള്ളുന്നതുപോലെ, ദേശീയാധുനികത അനാധുനികരെ ആധുനികരാക്കാനും നിലകൊള്ളും. ആ ആധുനികബുദ്ധിയുടെ പ്രത്യയശാസ്ത്രമാണ് *മാതൃഭൂമി*യെക്കൊണ്ട് ചുംബനസമരത്തിനു തീവ്രപിന്തുണനല്കിച്ചത്. ആ നിലപാടിലെ രാഷ്ട്രീയത്തിന്റെ അഭാവമാണ്, ബാബറി മസ്ജിദ് തകർത്ത വേളയിലെപ്പോലെ എതിരാളികളെ തൃണവൽഗണിച്ച് മുന്നോട്ടുപോകാൻ ചുംബനസമരവേളയിൽ *മാതൃഭൂമിക്ക* ധൈര്യം കൊടുക്കാതിരുന്നത്. രാഷ്ട്രീയത്തിന്റെ അഭാവത്തിലെ ധൈര്യത്തിന്റെ അഭാവമാണത്.

ചരിത്രവിജ്ഞാനത്തിന്റെ നിശ്ശബ്ദപരാമർശിതം എപ്പോഴും യൂറോപ്പാണ് എന്നു പറയാറുണ്ട്. ചരിത്രവിജ്ഞാനത്തിനു മാത്രമല്ല, ജ്ഞാനത്തിനുപോലുമല്ല, പ്രത്യയശാസ്ത്രമായി വിശദീകരിക്കാവുന്ന ആധുനികതയിൽ വേരുള്ള ഉന്നതസംസ്കാരത്തിനാകെ ബാധകമാണ് ആ പരാമർശസ്ഥലി. രാഷ്ട്രീയത്തിന്റെ അഭാവത്തിന്റെ വിളംബരമായി മാറിയ, ചുംബനസമരകാല*മാതൃഭൂമി*, ഓർമ്മിപ്പിക്കുന്നത്. അതിന്റെയും രഹസ്യ പരാമർശിതം യൂറോപ്പാണെന്നാണ്; പ്രത്യയ ശാസ്ത്ര യൂറോപ്പ്.

### 5.2.3. പ്രശ്നപഠനം 3: *ചെമ്മീൻ* സുവർണ്ണ ജൂബിലി

*ചെമ്മീൻ* സിനിമ റിലീസ് ചെയ്തത് 1965-ലാണ്. തകഴി ശിവശങ്കരപിള്ളയുടെ *ചെമ്മീൻ* നോവലിനെ ആശ്രയിച്ച് രാമു കാര്യാട്ട് ചെയ്ത സിനിമയാണത്.1965 ആഗസ്ത് 19 ആണ് റിലീസിംഗ് തീയതിയെങ്കിലും ചിത്രം തിയറ്ററുകളിലെത്തിയത് 1966-ലാണ്. അത് അക്കൊല്ലത്തെ ഓണച്ചിത്രങ്ങളിലൊന്നായിരുന്നു. ഏറെ പ്രസിദ്ധമായ നോവലിനെക്കുറിച്ചുള്ള ഏറെ പ്രസിദ്ധമായ സിനിമയായിരുന്നു *ചെമ്മീൻ*. സിനിമയുടെ അമ്പതാം വാർഷികം 2015-ൽ കേരളം കൊണ്ടാടി.

*മാതൃഭൂമി* 2015 ഏപ്രിൽ 19-ന്റെ ലക്കം *ചെമ്മീൻ* സുവർണ്ണ ജൂബിലിക്കായി സമർപ്പിച്ചു. [28] ഇതിൽ എട്ടു *ചെമ്മീൻ* വിഭവങ്ങളാണ് ഉള്ളത്.[29] കവർ അടക്കം നൂറു പേജുള്ള ആഴ്ചപ്പതിപ്പിൽ 68 പേജുകളിലായി അത്രയും വിഭവങ്ങൾ നിരന്നു. അവയ്ക്കെല്ലാം കൂടി, ഇടയ്ക്കുള്ള അഞ്ചു പരസ്യങ്ങൾ ഒഴിവാക്കിയാൽ, ആഴ്ചപ്പതിപ്പിന്റെ മൊത്തം അച്ചടിയിടത്തിന്റെ 69 ശതമാനം സ്ഥലമാണ് *മാതൃഭൂമി* നീക്കിവച്ചത്. [30]

*മാതൃഭൂമി* അഭൂതപൂർവ്വമായ ഒരു സാംസ്കാരികാഘോഷമാക്കിയ ഈ സന്ദർഭത്തിന്റെ സവിശേഷതകൾ അവിടെയും തീരുന്നില്ല:

1. എട്ടു *ചെമ്മീൻ* ഇനങ്ങൾക്കും കവർ സ്റ്റോറി പരിഗണന
2. ആഴ്ചപ്പതിപ്പിന്റെ ആദ്യപകുതിയിൽ ഇടവിടാതെ *ചെമ്മീ*നിനങ്ങൾ മാത്രം
3. എട്ടു *ചെമ്മീൻ* ലേഖനങ്ങൾക്കും വർണ്ണശീർഷകം
4. കവർ ചിത്രമടക്കം 58 ഫോട്ടോകളോടെ വിന്യാസം
5. വലിയ അക്ഷരത്തിലുള്ള 45 അവതരണ ഖണ്ഡികകൾ
6. *ചെമ്മീൻ* ഇനങ്ങൾ വന്ന എല്ലാ താളിലും മേൽപ്പട്ടയും, അവതരണശീർഷകവും

തലേവർഷം ചുംബനസമരത്തിന് *മാതൃഭൂമി* നല്കിയ വൻപ്രാധാന്യമാണ് ഇതിനു തൊട്ടുമുമ്പു വിലയിരുത്തിയത്. *മാതൃഭൂമി*യുടെ ചുംബനസമര-*ചെമ്മീൻ* സുവർണ്ണ ജൂബിലി ലക്കങ്ങൾ തമ്മിലുള്ള ഒരു താരതമ്യം ഇവിടെ പ്രസക്തമാണ്:

1. ചുംബനസമരപ്പതിപ്പിൽ ഒരു മുഖലേഖനമടക്കം ആറു ലേഖനങ്ങൾ.
2. *ചെമ്മീൻ* പതിപ്പിൽ ആമുഖലേഖനമടക്കം എട്ടു ലേഖനങ്ങൾ.
3. ചുംബനസമര ലക്കത്തിൽ ആദ്യത്തെ 25 പേജുകളിൽ ചുംബന സമരയിനങ്ങൾ തുടർച്ചയായി.
4. *ചെമ്മീൻ* ലക്കത്തിൽ ആദ്യത്തെ 49 പേജുകൾ തുടർച്ചയായി.
5. ചുംബനത്തിന് 26 പുറം അച്ചടിയിടം.
6. *ചെമ്മീ*ന് 66.2 പേജും.
7. ചുംബനത്തിനു കിട്ടിയത് ആഴ്ചപ്പതിപ്പിലെ മൊത്തം അച്ചടിയിടത്തിന്റെ 29 ശതമാനം.
8. *ചെമ്മീ*ന് കിട്ടിയത് 69 ശതമാനം.

*ചെമ്മീ*ന് അതിന്റെ അമ്പതാം വയസ്സിൽ *മാതൃഭൂമി* നല്കിയ ഈ സമാദരം ആനുകാലികപ്രവണതകളെ സാംസ്കാരികമായി വിശദീകരിക്കാനു പയോഗിക്കാവുന്ന മികച്ച പഠനസാമഗ്രിയാണ്. ഇതിനെ വിശകലനം ചെയ്യാനുള്ള എതിർസാമഗ്രിയായി *ചെമ്മീൻ* സിനിമ പുറത്തിറങ്ങിയപ്പോൾ ആ സിനിമയെ *മാതൃഭൂമി* വിലയിരുത്തിയ രീതി തന്നെ പുനരാനയിക്കാനാണ് ഉദ്ദേശിക്കുന്നത്.

*ചെമ്മീൻ* സിനിമയുടെ കൊട്ടകപ്രവേശവേള *മാതൃഭൂമി* ആനുകാലികത്തിൽ രേഖപ്പെടുത്തിയത് 1966 സെപ്തംബർ 14-നാണ്.[31] *ചെമ്മീൻ* എന്ന തലക്കെട്ടിൽ 'ചിത്രശാല' എന്ന സിനിമാ പംക്തിയിൽ സിനിമാപഠനം എഴുതിയത് സിനിക്ക്.[32]

ഈ പഠനത്തിന് *മാതൃഭൂമി*യിൽ ലഭിച്ചത് രണ്ടു പേജ് സ്ഥലമാണ്. സാധാരണ അച്ചടിയക്ഷരങ്ങൾ നിരത്തി ചുവപ്പിലടിച്ച തലക്കെട്ടാണ് ഉള്ളത്. ആർട്ടിസ്റ്റ് കൈകൊണ്ടെഴുതി ബ്ലോക്ക് എടുത്ത് തലക്കെട്ട് കൊടുക്കുന്ന രീതി സ്വീകരിച്ചിട്ടില്ല. സാധാരണ ആനുകാലിക ഉള്ളടക്കത്തിനുള്ളതിൽക്കവിഞ്ഞ എന്തെങ്കിലും വിന്യാസസവിശേഷത *ചെമ്മീൻ* പഠനത്തിന് നല്കിയിട്ടുമില്ല. സാധാരണ 'ചിത്രശാല' പംക്തി അച്ചടിച്ചു വരുന്ന ആഴ്ചപ്പതിപ്പിന്റെ അവസാന പേജുകളിൽത്തന്നെയാണ് ഇനം ഉൾക്കൊള്ളിച്ചത്. പുറം 35-ൽ. സത്യനും ഷീലയും ഉൾക്കൊള്ളുന്ന ഒരു രണ്ടുകോളം സ്റ്റിൽ സഹിതമാണ് പഠനം വന്നത്. മൊത്തം അച്ചടിയിടം നാലു ശതമാനം.

സിനിക്ക് *ചെമ്മീൻ* സിനിമയെ വിലയിരുത്തുന്നത് ഇങ്ങനെ:

> "ആഗോളപ്രശസ്തി നേടിക്കഴിഞ്ഞ തകഴിയുടെ *ചെമ്മീൻ* വെള്ളിത്തിരയിൽ പകർത്താനുറച്ച രാമുകാര്യാട്ട് മൂലകൃതിയുടെ അന്തസ്സിനൊത്തുയരാൻ തികച്ചും തയ്യാറെടുത്താണ് ഏതൽകൃത്യം നിർവ്വഹിക്കാൻ മുതിർന്നത്. ഒരുത്കൃഷ്ടകലാശില്പം വാർത്തെടുക്കാൻ വേണ്ട കരുക്കളത്രയും അത്യന്തനിഷ്കർഷയോടെ സംഭരിച്ച സംവിധായകൻ അവ വഴിപോലെ ഉപയോഗപ്പെടുത്തി മലയാളസിനിമക്കിന്നേവരെ നേടാനൊക്കാത്ത സൗഭാഗ്യം നേടിയെന്നതിൽ ഇന്നാട്ടിലെ സിനിമാപ്രേമികളുടെയെല്ലാം അകമഴിഞ്ഞ അനുമോദനമർഹിക്കുന്നു...സർവ്വാംഗസുന്ദരമായ ഒരുൽകൃഷ്ടമലയാളചിത്രം കണ്ടു കണ്ണും കാതും കുളിർപ്പിക്കാൻ കൊല്ലങ്ങൾ പലതായ് കാത്തിരിക്കുന്ന കേരളത്തിലെ ഉത്തമചലച്ചിത്രാസ്വാദകനു ചിരകാലപ്രതീക്ഷിതമായ ആ അസുലഭാവസരം ഇതാ കൈവന്നിരിക്കുന്നു."[33]

സിനിമാക്കഥ വിസ്തരിച്ച് നിരീക്ഷണങ്ങൾ കൂട്ടിക്കലർത്തി എഴുതിയിരിക്കുന്ന കുറിപ്പാണിത്. അന്നത്തെ മലയാളസിനിമാപഠനത്തിന്റെ രീതി അതാണ്. സിനിക്കിന്റെ സ്വകീയശൈലിയും അങ്ങനെയായിരുന്നു. 'കടലിന്റെ കഥ', 'മൂലകൃതിയോടു നീതി', 'വിശുദ്ധമായ പ്രേമം', 'അഭിനയം' എന്നിങ്ങനെയുള്ള ഉപശീർഷകങ്ങൾ തന്നെ പഠനത്തിന്റെ ഉള്ളടക്കവും സമീപനരീതിയും വ്യക്തമാക്കുന്നു. സിനിമയിലെ ഗാനങ്ങൾ, ക്യാമറ, എഡിറ്റിംഗ് എന്നിവയെക്കുറിച്ച് കുറിപ്പിൽ എടുത്തു പറയുന്നുമുണ്ട്.

ഇത് ഏത് സിനിമയ്ക്കും അന്ന് ആഴ്ചപ്പതിപ്പു നല്കുന്ന പരിഗണന മാത്രമാണ് എന്നു കാണാം:

1. *കൂട്ടുകാർ* (1966 ആഗസ്റ്റ് 7)
2. *ആസ്മാൻ മഹൽ* (ആഗസ്റ്റ് 14)
3. *ആർസൂ* (ആഗസ്റ്റ് 21)
4. *കാട്ടുമല്ലിക* (ആഗസ്റ്റ് 28)
5. *കല്യാണരാത്രിയിൽ* (സെപ്റ്റംബർ 4)
6. *കായങ്കുളം കൊച്ചുണ്ണി* (സെപ്റ്റംബർ 11)

എന്നിവയാണ് *ചെമ്മീനു* തൊട്ടുമുമ്പു ചിത്രശാല പംക്തിയിൽ ഇടംകിട്ടിയ സിനിമകൾ. ആ സിനിമകൾക്കും ഏതാണ്ട് ചെമ്മീനു ലഭിച്ച പരിഗണനയാണ് നല്കിയത്. ഇതു വ്യക്തമാക്കുന്ന സൂചകങ്ങൾ പട്ടിക 5.7. ൽ.

*ചെമ്മീൻ* റിവ്യൂ വന്നതിന് തൊട്ടുമുമ്പും പിമ്പും 'ചിത്രശാല'യിൽ വന്ന ഈരണ്ട് ആസ്വാദനങ്ങളാണ് *ചെമ്മീൻ* ആസ്വാദനവുമായി ഇവിടെ താരതമ്യപ്പെടുത്തിയിരിക്കുന്നത്. ചെമ്മീന് സ്ഥലലഭ്യതയുടെ കാര്യത്തിൽ മറ്റു നാലു സിനിമകളെക്കാളും പരിഗണന കിട്ടി. എന്നാൽ, ചിത്രത്തിന്റെ കാര്യത്തിൽ, എല്ലാ ചിത്രങ്ങൾക്കും കിട്ടുന്ന പരിഗണനയേ ലഭിച്ചുള്ളൂ.

ഇക്കാര്യത്തിൽ *തട്ടങ്കൾ തിറക്കപ്പെട്ടും* എന്ന തമിഴ് ചിത്രമാണ് കൂടുതൽ പരിഗണിക്കപ്പെട്ടത്.

**1966-ൽ *മാതൃഭൂമി* ചെമ്മീന് നല്കിയ പരിഗണന:സൂചിക**

| ലക്കം | സിനിമ | അച്ചടിയിടം | ഫോട്ടോകൾ |
|---|---|---|---|
| 66 ജൂലൈ 31 | *തട്ടങ്കൾ, തിറക്കപ്പെട്ടും* | 1.75 പേജ് | 2 |
| 66 ആഗ 07 | *കൂട്ടുകാർ* | 1.75 പേജ് | 1 |
| 66 ആഗ 14 | *ചെമ്മീൻ* | 2.00 പേജ് | 1 |
| 66 ആഗ 21 | *ആർസു* | 1.75 പേജ് | 1 |
| 66 ആഗ 28 | *കാട്ടുമല്ലിക* | 1.50 പേജ് | ഇല്ല |

പട്ടിക 5. 7.

റിവ്യൂവിന്റെ ഉള്ളിലേയ്ക്കു കടന്നാൽ സിനിക്ക് *ചെമ്മീ*ന് താരതമ്യേന നല്ല പരിഗണന നല്കിയെന്നും കാണാം. *ചെമ്മീൻ* "മലയാളസിനിമക്കിന്നേവരെ നേടാനൊക്കാത്ത സൗഭാഗ്യം നേടി" എന്നത് അദ്ദേഹത്തിന്റെ വിലയിരുത്തൽ തന്നെയായിക്കാണാം. "ഒരുത്കൃഷ്ടകലാശില്പം വാർത്തെടുക്കാൻ വേണ്ട കരുക്കൾ" രാമുകാര്യാട്ട് "'വഴിപോലെ ഉപയോഗപ്പെടുത്തി" എന്ന സിനിക്കിന്റെ നിരീക്ഷണം *ചെമ്മീ*ന്റെ സാങ്കേതികവും കലാപരവുമുള്ള മികവിനുള്ള അംഗീകാരമാണ്. "മൂലകൃതിയുടെ അന്തസ്സിനൊത്തുയരാൻ" നടത്തിയ "'തയ്യാറെടു"പ്പിനെക്കുറിച്ചുള്ള പരാമർശം ദേശീയപ്രതിഭകളെ കൂട്ടിയിണക്കാൻ

കാര്യാട്ടും ബാബു സേട്ടും കാണിച്ച സംഘാടനമികവിനുള്ള അംഗീകാരമായും വകയിരുത്താം. "സർവ്വാംഗസുന്ദരമായ ഒരുൽകൃഷ്ടമലയാളചിത്ര"മാണ് ചെമ്മീനെന്നും അങ്ങനെയൊന്നിന് "കൊല്ലങ്ങൾ പലതായ്" കാക്കുന്ന കേരളത്തിലെ "ഉത്തമചലച്ചിത്രാസ്വാദകനു" ലഭിച്ച "അസുലഭാവസര"മാണ് *ചെമ്മീൻ* പിറവി എന്നുമുള്ള വിലയിരുത്തലിൽ അക്കാലം *ചെമ്മീ*നെക്കണ്ട കാഴ്ചയത്രയും ഉണ്ടെന്നും നിശ്ചയിക്കാം.

*ചെമ്മീൻ* തിയറ്ററുകളിലെത്തിയ സാഹചര്യം കൂടി ചരിത്രപരമായി പുനഃസൃഷ്ടിക്കേണ്ടതുണ്ട്. *ചെമ്മീൻ* ഏറ്റവും നല്ല കഥാചിത്രമായി തെരഞ്ഞെടുക്കപ്പെട്ടതും രാഷ്ട്രപതിയുടെ സ്വർണ്ണമുദ്ര നേടിയതും തിയറ്ററുകളിലെത്തും മുമ്പേയാണ്. ആ നേട്ടം, മൃണാൾ സെന്നിന്റെയും (*ആകാശ് കുസും*) ഋത്വിക് ഘട്ടക്കിന്റെയും (*സുവർണ്ണരേഖ*) അഭ്രരചനകളോടു മത്സരിച്ചായിരുന്നു. അവ യഥാക്രമം ഒന്നാമത്തെയും രണ്ടാമത്തെയും ബംഗാളി പ്രാദേശികചിത്രങ്ങളായി. മലയാളത്തിൽനിന്ന് *കാവ്യമേള*യും (എം. കൃഷ്ണൻ നായർ) *ഓടയിൽനിന്നും* (കെ. എസ്. സേതുമാധവൻ) *മുറപ്പെണ്ണും* (എ. വിൻസെന്റ്) മത്സരത്തിനുണ്ടായിരുന്നു. അവയ്ക്ക് അതേക്രമത്തിൽ മികച്ച മലയാള പ്രാദേശിക ചിത്രങ്ങൾക്കുള്ള സമ്മാനം കിട്ടുകയും ചെയ്തു. മാത്രവുമല്ല, 1965-ൽ തന്നെ *ചെമ്മീൻ* സിനിമ വാർത്തയായിട്ടുണ്ട്. 1965-ലെ *കൗമുദി* ഓണം വിശേഷാൽ പ്രതിയിൽ *ചെമ്മീന്റെ* പരസ്യം മൂന്നാം പേജിൽ, കവർ കഴിഞ്ഞുള്ള ആദ്യ പേജിൽ വന്നിട്ടുണ്ട്. "മലയാളചലച്ചിത്രലോകത്തെ ലോകരംഗത്തേയ്ക്കു കൊണ്ടുപോകുന്ന ഈസ്റ്റ് മാൻ കളർ ചിത്രം" എന്നാണ് പരസ്യവാക്യം.[34] കേരളത്തിൽ നിന്ന് ഒരന്താരാഷ്ട്രനിലവാരമുള്ള ചിത്രം എന്ന നിലയ്ക്ക് (*ചെമ്മീൻ* പ്രവർത്തകരുടെ പരസ്യ വാക്യത്തിലൂടെയാണെങ്കിലും) *ചെമ്മീൻ* അറിയപ്പെട്ടിരുന്നു. *ചെമ്മീൻ* എന്ന തകഴിയുടെ പുസ്തകം അതിലും നേരത്തേ ഹിറ്റ് ആയിരുന്നു.

ഈ സാഹചര്യത്തിൽ തിയറ്ററുകളിലെത്തിയ *ചെമ്മീൻ* സിനിമയെ ഈ രീതിയിൽ 1966-ലെ കേരളം തിരിച്ചറിഞ്ഞുവോ, ഇല്ലെന്നല്ലേ *മാതൃഭൂമി* അന്ന് ചെമ്മീനെ അടയാളപ്പെടുത്തിയ വിധം തെളിയിക്കുന്നത്, ചെമ്മീനെ ഇക്കാലം കാണുംപോലെ അക്കാലം കാണാതിരുന്നതെന്തേ എന്നീ ചോദ്യങ്ങൾക്ക് സാംസ്കാരികചരിത്രത്തിൽ ഇടമില്ല. പക്ഷേ, സാംസ്കാരികപഠനത്തിലോ, അത്തരം ചോദ്യങ്ങളിൽനിന്നാണ് ആ ജ്ഞാനശാഖയിലെ പല കണ്ടെത്തലുകളും പിറക്കുന്നതുപോലും.

*ചെമ്മീൻ* കാഴ്ചയ്ക്ക് കാലാകാലങ്ങളിൽ വന്ന രൂപാന്തരീകരണത്തെക്കുറിച്ചുള്ള പഠനം തന്നെയാണ് അതിനു വേണ്ടത്. ആനുകാലികങ്ങളിൽ മിതമായ പ്രശംസയാണ് കിട്ടിയതെങ്കിലും കൊട്ടകയിൽ *ചെമ്മീൻ* വിജയമായി. 'സാമ്പത്തികമായും വൻ വിജയമായിരുന്നു' *ചെമ്മീൻ* എന്നു സിനിമാ ചരിത്രം രേഖപ്പെടുത്തി.[35] '*ചെമ്മീൻ* നേടിയത് മലയാള സിനിമാ ചരിത്രത്തിൽ അസാധാരണമായ വിജയമാ'ണെന്നുവരെ വിലയിരുത്തപ്പെട്ടു.[36]

പിൽകാലത്ത്, *ചെമ്മീ*ന്റെ പിറവി നിരൂപകരും അടയാളപ്പെടുത്തി. *ചെമ്മീൻ*

1. 'കേരളത്തെ ലോകത്തിന് പരിചയപ്പെടുത്തി'. [37]
2. കാര്യാട്ട് പിന്തുടർന്ന "ഡേവിഡ് ലീൻ ശൈലിയുടെ വിജയ"മാണ് *ചെമ്മീനിൽ*ക്കണ്ടത്.[38]
3. *ചെമ്മീൻ* "മലയാളത്തിന്റെ സാന്നിധ്യം ഇന്ത്യയുടെ ഭൂപടത്തിൽ ജനിപ്പിച്ച് അടയാളപ്പെടുത്തി".[39]
4. "ഇന്ത്യയാകെ ശ്രദ്ധിക്കപ്പെട്ട" ചിത്രം. [40]

എന്നിങ്ങനെ നീളുന്നു അവ.

ദേശീയബഹുമതിക്കു പിറകേ, ഷിക്കാഗോ അന്താരാഷ്ട്ര ചലച്ചിത്ര മേളയിലെ മെറിറ്റ് സർട്ടിഫിക്കറ്റും *ചെമ്മീൻ* നേടി. കാൻ ചലച്ചിത്രമേളയിൽ

നല്ല ഛായാഗ്രാഹകനുള്ള സ്വർണ്ണ മെഡൽ *ചെമ്മീനി*ലൂടെ മാർക്കസ് ബർട്‌ളി നേടുകയും ചെയ്തു.

എന്നാൽ, സമാന്തരമായി *ചെമ്മീൻ* ഏറെ വിമർശിക്കപ്പെടുകയും ചെയ്തു. വിജയകൃഷ്ണൻ പറഞ്ഞു:

> "വിശ്വചലച്ചിത്രാവബോധമാർജ്ജിച്ച പ്രേക്ഷകർക്ക് രസപ്രദമാവാൻ പ്രയാസമുള്ള പല രംഗങ്ങളും *ചെമ്മീനിൽ*ക്കാണാം. ഷോട്ടുകളുടെ രൂപീകരണത്തിലും തിരക്കഥയുടെ വികാസഘട്ടങ്ങളിലും മലയാളസിനിമയുടെ ഗതാനുഗതികത്വത്തിൽനിന്ന് രക്ഷപ്പെടാൻ ഈ ചിത്രത്തിന് കഴിഞ്ഞിട്ടില്ല."[41]

രാമു കാര്യാട്ടിനെ ''നല്ല മലയാള സിനിമയ്ക്കുമുമ്പ് ചില ചലനങ്ങളുണ്ടാക്കിയ ചലച്ചിത്രകാരൻ'' എന്ന നിലയ്ക്കേ ആർട്ട് സിനിമയുടെ വക്താക്കളായി അരങ്ങത്തുവന്ന സിനിമാനിരൂപകർ വകയിരുത്തിയിട്ടുള്ളൂ എന്നതുകൊണ്ടാണ് ഇത്തരം വിലയിരുത്തലുകൾ ചെമ്മീന്റെ ജനപ്രീതിക്കും വിജയങ്ങൾക്കും സമാന്തരമായി എഴുന്നുനിന്നത്.[42] എന്നാൽ, കച്ചവട സിനിമ എന്ന വിളിക്കപ്പെട്ട ജനപ്രിയസിനിമയോട് അക്കാരണംകൊണ്ടുമാത്രം മുഖംതിരിച്ചുനില്ക്കാത്ത ആദ്യതലമുറ നിരൂപകരും ചെമ്മീനെ (അത് നേടിയ ശ്രദ്ധയുടെയും പ്രീതിയുടെയും തോത് വകയിരുത്തിയതല്ലാതെ) ആദരിച്ചിരുന്നില്ല. 2001-ൽ മലയാളസിനിമയിലെ എക്കാലത്തെയും മികച്ച 10 ചിത്രങ്ങൾ തെരഞ്ഞെടുത്തപ്പോൾ കോഴിക്കോടൻ *ചെമ്മീനെ* ഉൾപ്പെടുത്തിയില്ല. ഈ നൂറ്റാണ്ടിന്റെ തുടക്കത്തോടെയാണ്, *ചെമ്മീ*നെ മറ്റൊരു തരത്തിൽക്കാണുന്ന പ്രവണത നിരൂപകരിലും പഠിതാക്കളിലും ദൃശ്യമാകുന്നത്. 2000-ൽ *ഇന്ത്യാ ടുഡേ* മികച്ച പത്തു മലയാള ചിത്രങ്ങൾ തെരഞ്ഞെടുത്തു. സിനിമാപ്രവർത്തകരെക്കൊണ്ടായിരുന്നു തെരഞ്ഞെടുപ്പ്. *ചെമ്മീനാ*യിരുന്നു കൂടുതൽ എൻട്രി. പൊതുജനദൃഷ്ടിയിൽ *ചെമ്മീനു*ള്ള

സ്ഥാനവും താമസിയാതെ അളന്നെടുക്കപ്പെട്ടു. 2009-ൽ, *മലയാള മനോരമ* വാർഷികപ്പതിപ്പ് വായനക്കാരെക്കൊണ്ട് പ്രിയപ്പെട്ട മൂന്നു സിനിമകൾ തെരഞ്ഞെടുപ്പിച്ചപ്പോൾ ഒന്നാം സ്ഥാനം *ചെമ്മീൻ* നേടി. ഇതിനു സമാന്തരമായാണ് *ചെമ്മീനെ*ക്കുറിച്ച് പുതിയ വിലയിരുത്തലുകൾ അക്കാദമിക് തലത്തിലും ഉണ്ടായിവരുന്നത്. "കേരളീയജീവിതം സിനിമയിലെത്തിച്ച" *ചെമ്മീൻ* "സാമൂഹികപരമായ ഉള്ളടക്കമുള്ള സിനിമയാ"ണെന്ന മട്ടിലുള്ള കണ്ടെത്തലുകൾ ഗവേഷകരിലും പഠിതാക്കളിലും നിന്നുണ്ടായി.[43] പിന്നാലേ, *ചെമ്മീനോ*ടുള്ള മുൻ കാലനിരൂപകരുടെ നിലപാട് ചോദ്യം ചെയ്യപ്പെട്ടു. "മികച്ച സാഹിത്യകൃതികളുടെ ചലച്ചിത്രാവിഷ്കാരങ്ങളുടെ പട്ടികയിലാണ് *ചെമ്മീനെ* മലയാളനിരൂപകർ കണ്ടത്" എന്ന് വിലയിരുത്തപ്പെട്ടു.[44] *ചെമ്മീന്* "നിരൂപകപിന്തുണ കിട്ടാതെ പോയത് ആ ചിത്രത്തെ ആർട്ട് പടങ്ങളുടെ ഗണത്തിൽ പെടുത്താനാകാത്തതാകാം" എന്നും ചൂണ്ടിക്കാണിക്കപ്പെട്ടു.[45] "ദേശീയമായ വിഭവങ്ങളെ അവയുടെ വൈവിദ്ധ്യത്തോടെ പ്രാദേശികീകരിക്കു"ന്ന സംരംഭത്തെക്കുറിച്ച് ചിന്തിക്കാനും "വൻ മുതൽമുടക്കിന്റെ പിന്തുണയോടെ അത് യാഥാർത്ഥ്യമാക്കാ"നും മലയാളസിനിമ "തുനിഞ്ഞിറങ്ങിയത് *ചെമ്മീനോ*ടെയാ"ണെന്നും മലയാള സിനിമാ ചരിത്രത്തിലെ "കൾട്ട് സിനിമ എന്നു വിശേഷിപ്പിക്കാവുന്ന സിനിമയാണ"തെന്നും വിലയിരുത്തലുണ്ടായി. "ചരിത്ര-ദേശീയസിനിമ"യെന്ന "വ്യവഹാരപ്പെരുമയിൽ *ചെമ്മീ*നും ഉൾപ്പെട്ടു"മെന്ന നിരീക്ഷണവുമുണ്ടായി.[46] ഇതിനും പിന്നാലേയാണ്, ചെമ്മീന്റെ സുവർണ്ണജൂബിലി വന്നതും അത് മഹോത്സവമായി മാറിയതും *മാതൃഭൂമി*യെപ്പോലൊരു ആനുകാലികം തങ്ങളുടെ ഒരു ലക്കം പ്രത്യേക *ചെമ്മീൻ* പതിപ്പുപോലെ പുറത്തിറക്കിയതും. *മാതൃഭൂമി* 1966-ൽ കണ്ട ചെമ്മീനെയല്ല 2015-ൽ കണ്ടത് പട്ടിക 5.8.

***മാതൃഭൂമി ചെമ്മീൻ* അടയാളപ്പെടുത്തൽ താരതമ്യം 1966 – 2015**

| | **1965** | **2015** |
|---|---|---|
| വിഭവങ്ങൾ | 1 | 8 |
| ഫോട്ടോകൾ | 1 | 58 |
| സ്ഥല ഓഹരി | 4 % | 67 % |
| പരിഗണന | സിനിമാപംക്തി | ലക്കത്തിലെ മുഖ്യവിഷയം |

പട്ടിക 5.8.

കേരളത്തിൽ ഏറ്റവും ശക്തമായ സാംസ്കാരിക ആധികാരികതയുള്ള *മാതൃഭൂമി* ഒരേ സിനിമയെക്കുറിച്ച് രണ്ടു കാലത്ത് മുന്നോട്ടുവയ്ക്കുന്ന ഈ മാധ്യമപ്രതീതികൾക്ക് എന്താണ് അർത്ഥം? 1966-ൽ കേരളം കാത്തിരുന്ന ഒരു നല്ല ചിത്രമായിമാത്രം അടയാളപ്പെടുത്തപ്പെട്ട *ചെമ്മീൻ* എങ്ങനെ 2016-ൽ ഒരാഴ്ചവട്ടത്തിലെ മറ്റെല്ലാ പ്രശ്നങ്ങളും മാറ്റിവച്ച് പഠിക്കേണ്ട പ്രതിഭാസമായി? 1966-ലെ കാഴ്ചയോ 2015-ലെ കാഴ്ചയോ, ഏതാണ് ന്യൂനീകരിക്കപ്പെട്ടത്, ഏതാണ് പർവ്വതീകരിക്കപ്പെട്ടത്, ഏതാണ് സമതുലിതമായിട്ടുള്ളത്, ഏതാണ് അസന്തുലിതമായിമാറിയത്, അല്ലെങ്കിൽ ഏതാണ് സത്യം, ഏതാണ് അസത്യം? അത്തരം ചോദ്യങ്ങൾക്ക വിധിയെഴുതൽ അസാധ്യവും അനാവശ്യവും അശാസ്ത്രീയവുമാണ്. *മാതൃഭൂമി*യുടെ രണ്ടു കാലത്ത് ചെമ്മീനെക്കുറിച്ച് ആവിഷ്കരിച്ച രണ്ടു പ്രതീതികളുടെയും പ്രശ്നവത്കരണത്തിന് പ്രസക്തിയുണ്ട് എന്നതാണ് കാര്യം.

സിനിമയെന്നല്ല, ഏതു സാംസ്കാരികസംഭൃതിയെക്കുറിച്ചും ഒരു കാലത്ത് ഒരാനുകാലികം ആവിഷ്കരിക്കുന്ന പ്രതീതി അതിന്റെ വാസ്തവികമായ വിലയിരുത്തലാകണമെന്നില്ല, മറ്റൊരു കാലത്ത്, മറ്റൊരു പരിതസ്ഥിതിയിൽ അതേ ആനുകാലികം അതേ സംഭവത്തിലേയ്ക്കു തിരിഞ്ഞു നോക്കുമ്പോൾ മറ്റൊരു പ്രതീതിപോലും പിറക്കാം. അതാണ്, *മാതൃഭൂമി*യുടെ *ചെമ്മീൻ* അടയാളപ്പെടുത്തലുകളുടെ സാംസ്കാരികമായ വിശകലനം ഓർമ്മിപ്പിക്കുന്നത്.

ഭൂതകാലത്തെക്കുറിച്ച് ഏതു കാലത്തുമുണ്ടാകുന്ന ഏതു പരാമർശവും വർത്തമാനകാലത്തിന്റെ വ്യവഹാരത്തിലാണ് രൂപമെടുക്കുന്നത് എന്ന കാഴ്ചപ്പാട് ഈ പഠനത്തിൽ വീണ്ടും വീണ്ടും അനുസ്മരിക്കപ്പെടുന്ന ചരിത്രസിദ്ധാന്തമാണ്. അതിനാൽത്തന്നെ, 2015-ലെ ആഴ്ചപ്പതിപ്പിന്റെ കാഴ്ച 2015-ലെ സൗന്ദര്യസങ്കല്പങ്ങളുടെയും സാംസ്കാരികധാരണകളുടെയും ബലതന്ത്രത്തിന്റെ പ്രത്യയശാസ്ത്രപരമായ ഉല്പന്നമാണ്. അതേ ചിന്താഭൂമികയിൽനിന്നു നോക്കുമ്പോൾ 1966-ലെ കാഴ്ചയ്ക്കും അതേ ബന്ധങ്ങളും ബന്ധനങ്ങളും പ്രത്യയശാസ്ത്രനിഷ്ഠതയും ബാധകമാണ്. മേല്ക്കോയ്മയുള്ള ആശയസംഹിതകളുടെ, പ്രത്യയശാസ്ത്രത്തിന്റെ പ്രരൂപങ്ങളാണ് ആനുകാലികങ്ങൾ. *മാതൃഭൂമി*യുടെ 1966-ലെ *ചെമ്മീൻ*കാഴ്ച ആ കാലത്തിന്റെ പ്രത്യയശാസ്ത്രത്തിന്റെ കണ്ണിലൂടെയുള്ള കാഴ്ചയാണ്. അതേ ആനുകാലികത്തിന്റെ 2015-ലെ *ചെമ്മീൻ* കാഴ്ച ഇക്കാലത്തെ പ്രത്യയശാസ്ത്രത്തിന്റെയും. ആനുകാലികവസ്തുക്കളെ സാമൂഹികമായും സാംസ്കാരികമായും രാഷ്ട്രീയമായും – കൂടുതൽ കൃത്യമായിപ്പറഞ്ഞാൽ പ്രത്യയ ശാസ്ത്രപരമായി – നോക്കിക്കാണേണ്ടതുണ്ടെന്നാണ് ആത്യന്തികമായി ഈ പ്രശ്നപഠനം ഓർമ്മിപ്പിക്കുന്നത്.

### 5.3. നവകാല*മാതൃഭൂമി*: നിഷ്ടകൾ, നിലപാടുകൾ.

*മാതൃഭൂമി*യുടെ സാംസ്കാരികവായനകളുടെ പരിസമാപ്തിവേളയിൽ ആനുകാലികരീതികളെക്കുറിച്ച് ഈ ദൃഷ്ടാന്തപഠനങ്ങളിൽക്കണ്ട ചിലത് എടുത്തുനോക്കേണ്ടതുണ്ട്. നവകാല*മാതൃഭൂമി*യിൽക്കണ്ട ഒരു പ്രത്യേകത, അത് അനുവാചകരിലേയ്ക്കു പകരാൻ ശ്രമിക്കുന്ന അനുസ്യൂതിയാണ്.

ചുംബനസമര*മാതൃഭൂമി*യും *ചെമ്മീൻ* സുവർണ്ണ ജൂബിലി *മാതൃഭൂമി*യും ആ പ്രവണത കാണിച്ചു. ആ പ്രത്യക്ഷങ്ങൾ ഒറ്റനോട്ടത്തിൽ ഇങ്ങനെയാണ്. *ചെമ്മീൻ* സുവർണ്ണ ജൂബിലി, *മാതൃഭൂമി* കടലാസിൽ അച്ചടിച്ച സിനിമയാണ്. വിരലനക്കം കൊണ്ടുമാത്രം കാണാനാകുന്ന ടെലിവിഷനുമാണത്. കവർ സിനിമാപോസ്റ്റർ പോലെ. ഈസ്റ്റ്മാൻ കളറിനെ ഓർമ്മിപ്പിക്കുന്ന വർണ്ണവിനിയോഗം. കവറും വിഷയവിവരപ്പേജും ചേർന്ന് ഒരു സിനിമയുടെ ടൈറ്റിലിനും ടിവി പരിപാടിയുടെ ഓപ്പണിംഗ് മൊണ്ടാഷിനും പകരം നില്ക്കുന്നു. പിന്നെ വരുന്ന 46 തുടർപേജുകൾ സിനിമാഗാത്രമോ, ടിവിപരിപാടിയുടെ ആദ്യഖണ്ഡമോ ആകുന്നു. എല്ലാ പേജിലും *ചെമ്മീൻ* ഫോട്ടോകളുണ്ട്. വിസ്താരശരീരികളായ വർണ്ണ ഫോട്ടോകൾ. ആഴ്ചപ്പതിപ്പു താളുകൾ അപ്പോൾ വെള്ളിത്തിരയാകുന്നു. ഒപ്പം, ഓരോ *ചെമ്മീൻ* പേജിലും '*ചെമ്മീൻ* (50)' എന്നും '*ചെമ്മീൻ*.ആദ്യത്തെ അമ്പതുവർഷങ്ങൾ', എന്നും എഴുതിയ വർണ്ണപ്പട്ടകൾ. നിങ്ങൾ കാണുന്നത് *ചെമ്മീ*നാണ് എന്നവ ഓർമ്മിപ്പിക്കുന്നു. ആഴ്ചപ്പതിപ്പ് താൾ അപ്പോൾ മിനി സ്ക്രീനാകുന്നു.

പിന്നെ വരുന്ന എട്ടു കവിതാപേജുകൾ ഇടവേളയുടെ ധർമ്മം നിറവേറ്റുന്നു. വീണ്ടും 12 പേജിന്റെ *ചെമ്മീൻ* വിഭവം, പിന്നെ ആറു പേജിന്റെ പംക്തികൾ, ഒരിക്കൽക്കൂടി രണ്ടു പേജിന്റെ *ചെമ്മീൻ* അനുഭൂതി, വീണ്ടും ഒരു ശുഭം കാർഡിന്റെയോ ക്ലോസിംഗ് മൊണ്ടാഷിന്റെയോ ഓർമ്മയുണർത്തുന്ന പംക്തികളിലേയ്ക്കു പോയി *ചെമ്മീൻമാതൃഭൂമി*യുടെ വിവിധകലാപരിപാടി പൂർത്തിയാകുന്നു.

ആധുനികതയുടെ കാലത്ത് അച്ചടി മാധ്യമങ്ങൾ സൃഷ്ടിച്ച അർത്ഥങ്ങളെ ടെലിവിഷൻ പുനർനിർമ്മിക്കുന്നു എന്നു പറയാറുണ്ട്. ടെലിവിഷന്റെ അർത്ഥനിർമ്മിതീചര്യയെ അച്ചടിമാദ്ധ്യമങ്ങൾ പിൻപറ്റാറുമുണ്ട് എന്നുകൂടി അതിനോടു ചേർക്കണം.

ടെലിവിഷൻപഠനത്തിൽ റെയ്മണ്ഡ് വില്യംസ് നിരീക്ഷിച്ചത് ടെലിവിഷൻ നിലവിലിരുന്ന ആശയവിനിമയരൂപങ്ങളുടെ ചേർച്ചയും വളർച്ചയും ആയിരുന്നു എന്നാണ്.[47] പത്രങ്ങൾ, നാടകവേദി എന്നിവയുടെ സംലയനം ആനുകാലികങ്ങളിൽക്കാണാമെന്നും അദ്ദേഹം പറഞ്ഞു. ടെലിവിഷനു മാത്രമല്ല ആനുകാലികങ്ങൾക്കും ചേരും ആ നിരീക്ഷണം. ടെലിവിഷനുകൾക്കു മുമ്പേ പിറന്ന ആനുകാലികങ്ങൾ ടെലിവിഷന്റെ പ്രഭാവകാലത്ത് ടെലിവിഷനെ പകർത്തുന്നു എന്ന നിലയ്ക്കു മാത്രം കാണേണ്ടതല്ല അത്. ഏറ്റവും ജനപ്രിയമായ വിനോദമാധ്യമമായ സിനിമയെ അനുകരിക്കാനുള്ള ശ്രമം എന്ന നിലയ്ക്കും അതിനെ ന്യൂനീകരിക്കാനാവില്ല. അനുകരണമല്ല ആത്മാവിഷ്കാരംതന്നെയാണത്. ആ ആത്മാവിഷ്കാരത്തിന്റെ വസ്തുനിഷ്ഠരീതി മാതൃകകൾ വിനോദ വിപണിയിൽനിന്ന് ആനുകാലികങ്ങൾ സ്വായത്തമാക്കിയെന്നേയുള്ളൂ. അത്തരം, സ്വാംശീകരണങ്ങൾ തിരിച്ച് ടെലിവിഷനും സിനിമതന്നെയും നടത്തുന്നുമുണ്ട്.

ആദ്യകാലത്ത് സാമൂഹികതയോടെ പിറന്ന മുഖ്യധാരാ ആനുകാലികമായ *ഭാഷാപോഷിണി* സാഹിത്യതയെ പുൽകിയത്, പിന്നാലേ പുതിയ നൂറ്റാണ്ടിൽ കൂടിയ സാമൂഹികതയോടെയും ഒരു സാമൂഹികപ്രസ്ഥാനത്തിന്റെ പിന്തുണയോടെയും വന്ന *മംഗളോദയം* അതേ വഴി പിൻപറ്റിയത്, പിന്നാലേ മറ്റൊരു ചരിത്രഘട്ടത്തിൽ രാഷ്ട്രീയനിഷ്ഠമായ ഉറവിടത്തിൽ നിന്നു പിറന്നിട്ടും *മാതൃഭൂമി*യും അതേ പരിണാമത്തിനു വിധേയമായത് എന്നിവയോടു ചേർത്തുകാണണം, മറ്റൊരു നൂറ്റാണ്ടിൽ

*മാതൃഭൂമി* സിനിമാ-ടെലിവിഷൻ മാധ്യമങ്ങളുമായി പുലർത്തുന്ന രീതിപരമായ ബന്ധത്തെയും. ആനുകാലികങ്ങളുടെ വശ്യതയ്ക്കുപിന്നിൽ അവയുടെ ഉള്ളടക്കമല്ല; രൂപമാണ് എന്നാണ് ഈ നിരീക്ഷണങ്ങൾ ഓർമ്മിപ്പിക്കുന്നത്.[48]

## 5.4. കണ്ടെത്തലുകൾ: ഒരു പുനർവായന

*മാതൃഭൂമി*യെ സാംസ്കാരികമായി വിലയിരുത്തിയപ്പോൾ ഈ പഠനത്തിലൂടെ തെളിഞ്ഞുവന്ന ഒരു കാര്യം അതതുകാലത്തെ പ്രത്യയശാസ്ത്രം, മേല്ക്കോയ്മയുള്ള ആശയസഞ്ചയം, ആനുകാലികങ്ങൾക്കു മേൽ പ്രവർത്തിക്കുന്നു എന്നാണ്. എന്നാൽ, ആനുകാലികങ്ങളും പ്രത്യയശാസ്ത്രവുമായുള്ള ബന്ധം യാന്ത്രികമല്ല എന്ന സൂചനകളും ഈ അന്വേഷണത്തിൽ കണ്ടുകിട്ടി. അവയിൽ, ഏറ്റവും പ്രധാനപ്പെട്ട രണ്ടെണ്ണം ഇവയാണ്.

(1) ആദ്യകാല *ഭാഷാപോഷിണി*യിൽനിന്നുള്ള ആകസ്മിക മാതൃകാലക്കമായി കണ്ടെടുത്ത 1106 ചിങ്ങം ലക്കത്തിൽ ഒരു കാര്യം നിരീക്ഷിച്ചിരുന്നു. ദേശീയപ്രസ്ഥാനത്തിന് ഒരിടവും കൊടുക്കാത്ത ആ പ്രസിദ്ധീകരണം, ദേശീയപ്രസ്ഥാനത്തെ തുണയ്ക്കുന്ന ഒരു കവിത ആ ലക്കത്തിൽ ഉൾപ്പെടുത്തി.

ആ കാലത്തെ രാഷ്ട്രീയഘട്ടത്തെ പ്രതീകവത്കൃതമായി ആവിഷ്കരിക്കുന്ന രചനയാണ് ജി. ശങ്കരക്കുറുപ്പിന്റെ 'പ്രഭാതവാതം'. പുലരിക്കാറ്റിനെ രാഷ്ട്രീയംതന്നെയായാണ് കവി ചിത്രീകരിക്കുന്നത്:

"ചരാചരങ്ങൾക്കറിയാം ഭവാന്റെ
ചാതുര്യമേറും സുകുമാരഭാഷ;
അല്ലായ്കിലാസേതുഹിമാചലാന്ത-
മാവിർഭവിക്കില്ലിതുപോലിളക്കം.
അകന്നു തൻ 'മാസ്മര'വിദ്യയാലി-

ങ്ങാലസ്യമുണ്ടാക്കിയൊരന്ധകാരം.

പുണ്യപ്പുളപ്പാർന്ന പുരാണദേശം

പകർന്നുവീണ്ടും പുതുപൊൽപ്രകാശം."

തന്നെയുമല്ല, ദേശീയപ്രസ്ഥാനത്തിനായി ജീവൻ കൊടുക്കുന്നവരെ – ഒരു പക്ഷേ, ദേശീയപ്രസ്ഥാനത്തിലെ സായുധസമരധാരയെത്തന്നെ – കവിത അടയാളപ്പെടുത്തുന്നുണ്ട്:

"എറിഞ്ഞിടുന്നു നിജജീവിതങ്ങ-

ളെൻ നാട്ടിലെപ്പൂക്കൾ ഭവാന്റെ മുന്നിൽ."

ജി. യുടെ ഈ കവിതയുമായി *ഭാഷാപോഷിണി* പുറത്തിറങ്ങുമ്പോൾ ഭഗത് സിംഗ് പ്രതിയായ ലാഹോർ ഗൂഢാലോചനാക്കേസിൽ വിചാരണ നടക്കുകയാണ്. ജയിലിൽ നിരാഹാരം നടത്തി ജതീന്ദ്രദാസ് ജീവനൊടുക്കിയിട്ട് ഒരാണ്ട് തികയാറായിരുന്നു അക്കാലത്താണ് അതേപ്പറ്റി മൗനം പാലിച്ചിരുന്ന *ഭാഷാ പോഷിണി*യുടെ താളിൽ "എറിഞ്ഞിടുന്നു നിജജീവിതങ്ങളെൻ നാട്ടിലെപ്പൂക്കൾ ഭവാന്റെ മുന്നിൽ" എന്ന ജി.യുടെ കവിത അച്ചടിച്ചു വന്നത്. ആ വരികൾ മൂന്നു മാസം മുമ്പ് സ്വാതന്ത്ര്യ സമരത്തിൽ ജീവനൊടുക്കിയ നരസയ്യ നായിഡു എന്ന അഹിംസാ സമരഭടനെയുമാകാം സൂചിപ്പിക്കുന്നത്. അപ്പോഴും, സ്വാതന്ത്ര്യ സമരത്തിലെ മുഖ്യധാരയ്ക്കുപോലും ഇടമില്ലാതിരുന്ന *ഭാഷാപോഷിണി*യിലാണ് അത് അച്ചടിച്ചു വന്നതെന്ന വൈരുധ്യം ബാക്കി നിൽക്കും.

ത്രിവർണ്ണപതാകയെ ചിത്രീകരിച്ചുകൊണ്ടാണ് ജി.യുടെ കവിത സമാപിക്കുന്നത്:

"ചുവന്നു, പച്ചച്ചു, വെളുത്തു മേലേ-

ച്ചുറ്റിപ്പറക്കുന്നു മുകിൽപ്പതാക

ഉന്മേഷദായിൻ, മമ ജന്മഭൂമി-

യുണർന്നു തച്ഛായയിൽ നിന്നിടാവൂ.

(2) അടിയന്തരാവസ്ഥയെ ഔദ്യോഗികമായി പിൻതുണയ്ക്കുന്ന ഉള്ളടക്കം *മാതൃഭൂമി* നൽകി എന്ന് പ്രശ്നപഠനത്തിൽ തെളിഞ്ഞിരുന്നു. എന്നാൽ, അതേ *മാതൃഭൂമി* അടിയന്തരാവസ്ഥയെ എതിർക്കുന്ന സാഹിത്യ ഉള്ളടക്കങ്ങളും നൽകിയിരുന്നു; തീർച്ചയായും, അടിയന്തരാവസ്ഥയെ പിന്തുണയ്ക്കുന്ന സാഹിത്യ ഉള്ളടക്കങ്ങൾക്കൊപ്പം.

1975-ൽ അടിയന്തരാവസ്ഥയ്ക്കെതിരായ സൂചനകളുമായി *മാതൃഭൂമി*യിൽ വന്ന രചനകൾ മൂന്നെണ്ണമാണ്: (1) ഉണങ്ങിയ മൃഗങ്ങൾ, കഥ, എം. പി. നാരായണപിള്ള,[49] (2) അവരുടെ ഗാനം, കഥ, എം. സുകുമാരൻ, രണ്ടു ലക്കങ്ങളിലായി. [50] (3) കാലത്തിന്റെ ദുരന്തം, കവിതാത്മകമായ കുറിപ്പ്, വി. ബി. ജ്യോതിരാജ്.[51] ഇതേ കാലത്തുതന്നെ അടിയന്തരാവസ്ഥയെ അനുകൂലിക്കുന്ന സ്വഭാവത്തിലുള്ള മൂന്നു സാഹിത്യയിനങ്ങളും *മാതൃഭൂമി* കൊടുത്തു: (1) കാളിമാതാവ്, [52] വെണ്ണിക്കുളം, കവിത,[53] (2) സംവേദനം, [54] സുഗുണൻ, കവിത,[55] (3) ഭാരതത്തിന്റെ നവപ്രഭാതം, പി., കവിത.[56]

സർവ്വവിഷയതയുടെ പാരമ്പര്യത്തിൽ തുടങ്ങിയ മുഖ്യധാരാ ആനുകാലികങ്ങളുടെ സാഹിത്യ ആനുകാലികങ്ങളായുള്ള പരിവർത്തനത്തിൽ സാമൂഹികത ഒഴിവാക്കാനുള്ള പ്രവണതയുണ്ട് എന്നാണ് ഈ പഠനം നേരത്തേ നിരീക്ഷിച്ചിരുന്നത്. ആ നിരീക്ഷണത്തെ സാഹിത്യത്തിൽനിന്നുള്ള രണ്ടു സന്ദർഭപഠനങ്ങളിലൂടെ എതിർപരിശോധന നടത്തുകയാണ് ഇവിടെ. സാമൂഹികയിനങ്ങളുടെ പ്രാധാന്യം കുറയ്ക്കാനുള്ള ആനുകാലികങ്ങളുടെ പ്രചോദനം സാമൂഹികതയ്ക്കെതിരായ നിലപാടുകളായിരിക്കാം. പക്ഷേ, സാഹിത്യം അതിന്റെ ജൈവികതകൊണ്ട്, സാമൂഹികതയെ അധ്യാഹരിക്കും എന്നാണ് ഇവിടെ തെളിയുന്നത്. ആനുകാലികങ്ങൾ മേധാവിത്വമുള്ള പ്രത്യയശാസ്ത്രത്തെ നേരിട്ടു പകർത്തുകയല്ല. അവയ്ക്ക് പ്രത്യയശാസ്ത്രത്തോടുള്ളത് വൈരുദ്ധ്യാത്മകബന്ധമാണ് എന്നുകൂടി ഈ ഉദാഹരണങ്ങൾ തെളിയിക്കുന്നു.

ആധുനികതയുടെ തെറ്റായ ലാവണ്യബോധത്തിന്റെ പ്രതിഫലനം കൂടിയാണ് മുഖ്യധാരാ ആനുകാലികങ്ങളിലെ സാഹിത്യരതി എന്നും നേരത്തെ നിരീക്ഷിച്ചിരുന്നു. ആ നിലപാടിലെ വൈരുദ്ധ്യം ആനുകാലികങ്ങളെ ബാധിക്കുന്ന വേളകൾ കൂടിയാണിത്. "കലയെ ആത്മനിഷ്ഠതയുടെ"യും "കലേതര കാര്യങ്ങളെ വസ്തുനിഷ്ഠതയുടെ"യും മേഖലകളിലേയ്ക്ക് "പിളർത്തി മാറ്റുന്ന"തിലൂടെ ആധുനികത പിഴവിലെത്തുകയാണ്. "ചിന്തയും വികാരവും മനുഷ്യശരീരം ചുറ്റുപാടുകൾക്കൊത്തു പ്രവർത്തിക്കുന്ന"തിന്റെ, "പ്രതികരിക്കുന്ന"തിന്റെ "രണ്ടു വ്യത്യസ്തരീതി"കളാണ്. "വസ്തുയാഥാർത്ഥ്യവും ഭാവനയും യാഥാർത്ഥ്യത്തിന്റെ രണ്ടു വ്യത്യസ്താവസ്ഥക"ളാണ്. "പ്രത്യക്ഷയാഥാർത്ഥ്യത്തിന്റെയും പരോക്ഷയാഥാർത്ഥ്യത്തിന്റെയും രണ്ടു ഭിന്നാവസ്ഥക"ളാണ്.[57] ഈ ചിന്ത പങ്കിടാത്ത ആധുനികതയുടെ കലാചിന്തയുടെ പിഴവ് നമ്മുടെ ആനുകാലികങ്ങൾക്കും ബാധിക്കുന്നു. സാഹിത്യതയെ പുൽകി ക്കൊണ്ട് അവ പുറത്തു നിർത്താൻ ശ്രമിച്ച സാമൂഹികത സാഹിത്യയിനങ്ങളിലൂടെ ആനുകാലിക ഉള്ളടക്കങ്ങളിലേയ്ക്ക് നുഴഞ്ഞുകയറുന്നു.

സാഹിത്യത്തെ, കലയെ കുറിച്ചുള്ള, ഒരു സത്യദർശനം കൂടി ഇവിടെ സാധ്യമാകുന്നുണ്ട്:

> "കലാസൃഷ്ടികൾ, മനുഷ്യർ അവരുടെ ചരിത്രത്തിലും ജീവിതത്തിലും നിന്നു സൃഷ്ടിക്കുന്നവയായതുകൊണ്ട് അവ ജീവിതത്തിന്റെ ശക്തികളുടെ സൂക്ഷ്മതീവ്രയാഥാർത്ഥ്യങ്ങൾ കൊണ്ടു നിർമിക്കപ്പെടുന്ന യന്ത്രങ്ങളാണ്. യന്ത്രം എന്നു പറയുമ്പോൾ കലാസൃഷ്ടികൾ യാന്ത്രികമായ (Mechanical)വയാണെന്നു ധരിക്കരുത്. യാന്ത്രികമായ യന്ത്രം അതിനുള്ളിൽത്തന്നെ ഒതുങ്ങുന്ന ഒരു അടഞ്ഞ ഘടനയാണ്. കലാസൃഷ്ടികൾ യന്ത്രാത്മക(Machinic)മായ യന്ത്രങ്ങളാണ്.

കലാസൃഷ്ടികൾ മനുഷ്യജീവിതത്തോടു ഘടിപ്പിക്കുന്നതിലൂടെ സ്വയം പ്രവർത്തിക്കുന്ന തുറന്ന അറ്റങ്ങളുള്ള യന്ത്രങ്ങളാണ്...ജീവിതത്തോടു ഘടിപ്പിക്കുന്നതിലൂടെ അനുക്ഷണം നൂതനമായി പ്രവർത്തിക്കുന്ന കലാസൃഷ്ടികൾ ജീവിതത്തെത്തന്നെയാണ് അനുക്ഷണം നവീകരിക്കുന്നത്. ജീവിതം, സ്വന്തം ശക്തികൾ നിരന്തരം നവീകരിക്കപ്പെടുന്നതുകൊണ്ടുമാത്രം നിലനില്ക്കാൻ കഴിയുന്ന ഒരു പ്രതിഭാസമാണ്... മനുഷ്യജീവിതത്തിന്റെ ശക്തികൾ അവയുടെ സ്വയം നവീകരണത്തിനും പുറത്തേയ്ക്കുള്ള പുതിയ കുതിപ്പുകൾക്കും വേണ്ടി കണ്ടെത്തിയ ഉപാധിയും ഉപലബ്ധിയുമാണ് കല".[58]

സാംസ്കാരികപഠനങ്ങൾ എന്നും ഉയർത്തിപ്പിടിക്കുന്ന ഒരു നിലപാടിന്റെ സാധൂകരണം കൂടിയാണിത്. "ഓരോ സർഗ്ഗപ്രക്രിയയും അതു നില നിൽക്കുന്ന ഭൗതികതയുടെ സൃഷ്ടിയാ"ണെന്ന നിലപാട് സംസ്കാര പഠനം മുന്നോട്ടുവയ്ക്കുന്നു.[59]

സംസ്കാരം എന്ന സമൂഹത്തിൽ അറിയപ്പെടുന്നത് ഉന്നത സംസ്കാരമാണെന്നും അതു പ്രത്യയശാസ്ത്രമാണെന്നുമുള്ള ഒരു പൂർവധാരണ മുന്നിൽ വച്ചാണ് ഈ പഠനം നടത്തിയത്. *മാതൃഭൂമി*യുടെ സാംസ്കാരിക വായന ആ പൂർവധാരണയെ സ്ഥിരീകരിച്ചു. പഠനത്തിന്റെ രണ്ടാമത്തെ പൂർവധാരണ, ആനുകാലികങ്ങൾ പ്രത്യയ ശാസ്ത്രപ്രരൂപങ്ങളാണ് എന്നായിരുന്നു. പഠനം അതു സ്ഥിരീകരിച്ചുവെങ്കിലും പ്രത്യയശാസ്ത്രത്തെ യാന്ത്രികമായി പകർത്തുകയല്ല ആനുകാലികങ്ങൾ എന്ന ഉപദർശനം കൂടി അതിനോട് ചേർത്തു വച്ചിരിക്കുകയുമാണ്.

## പിൻകുറിപ്പുകൾ

---

[1]"എൻ.വി.ക്കു പിറകേ വന്ന എം.ടി.വാസുദേവൻ നായരുടെ കാലം ആഴ്ചപ്പതിപ്പിന്റെ സുവർണ്ണകാലമായിരുന്നു. വിശേഷിച്ചും കഥയുടെ കാര്യത്തിൽ." (സച്ചിദാനന്ദൻ. 'ആഴ്ചപ്പതിപ്പെന്നാൽ മാതൃഭൂമി'. *മാതൃഭൂമി* ദിനപത്രം. 6 ജനുവരി 2014 12)

[2] ഗണേഷ്, കെ. എൻ. *ചരിത്രവും സംസ്കാരചരിത്രവും.* 2011 494

[3]"കൊട്ടാരക്കരത്തമ്പുരാൻ രാമനാട്ടം ആവിഷ്കരിച്ചു എന്ന സംഭവം തനതായ വസ്തുതയല്ല. അത് ഒരു സൂചകമാണ്. ആട്ടം എന്ന രൂപം എങ്ങനെ വളർന്നുവന്നു എന്ന പ്രശ്നമുണ്ട്. രാമായണകഥ എന്നാണ് ആട്ടമാക്കിയത് എന്നും കൊട്ടാരക്കരത്തമ്പുരാൻ എന്തുകൊണ്ട് പങ്കാളിയായി എന്നും മറ്റുമുള്ള നിരവധിചോദ്യങ്ങൾ ഉയർന്നുവരുന്നു." (ഗണേഷ് 2011 494)

[4]*മാതൃഭൂമി* ആഴ്ചപ്പതിപ്പ് 2000 ജനുവരി 16 പുസ്തകം 77 ലക്കം 47

[5](1) 'മുഖചിത്രം',

(2) 'കാലത്തിന്റെ സ്പന്ദനങ്ങൾ', കത്ത്,

(3) 'മേമ്പൊടി', കാർട്ടൂൺ, അബു,

(4) 'ചരിത്രം അവർക്കു മാപ്പു നല്കില്ല', കത്ത്,

(5) 'പുതുമന', കത്ത്,

(6) 'തമിഴകമലയാളൻ', കത്ത്,

(7) 'വി.ടി.യുടെ പ്രസക്തി', കത്ത്,

(8) 'സഫലമായ ധർമനിഷ്ഠ', കത്ത്,

(9) ''ജ്ഞാനപീഠം', കത്ത്,

(10)' സദയം വെറുതേ വിടുക', ലേഖനം, സി. രാധാകൃഷ്ണൻ,

(11) 'സംഗീതത്തിന്റെ ദേവഗാംഭീര്യം', ലേഖനം, കൈതപ്രം,

(12) 'അക്ഷയശബ്ദധാര', ലേഖനം, എം. ജി. രാധാകൃഷ്ണൻ,

(13) 'ഡിസംബറിന്റെ നഷ്ടം?', ലേഖനം, സുലോചന,

(14) 'ഹസ്തിനപുരം', കവിത, അപ്പൻ തച്ചേത്ത്,

(15) 'വിധി', നോവൽ, ആശാപൂർണ്ണാദേവി,

(16) 'ഐ.ബി.യും സി.ബി.ഐ.യും', ഓർമ്മക്കുറിപ്പുകൾ, കെ. മാധവൻ,

(17)' കലവറയില്ലാതെഴുതാൻ', പറയാൻ, കവിത, തുക്കൊടിത്താനം ഗോപിനാഥൻ നായർ,

(18) 'കിഴക്കേടത്ത് വീട്ടിലെ ശ്രീദേവി', ചെറുകഥ, എം. രാഘവൻ,

(19)' പൂക്കളുടെ താഴ്‌വര', കവിത, ദേവി,

(20) 'ആണ്ടാൾപുരം പോകും വഴി', നോവൽ, എൻ. എൻ. പിഷാരോടി,

(21) 'മില്ലെന്യം, ചെറുകഥ', ബാലകൃഷ്ണൻ,

(22) 'തണൽ, കുട്ടികളുടെ നോവൽ', ജി. ബാലചന്ദ്രൻ,

(23) 'നെരിപ്പോട്', ആത്മകഥ, ഒ. ഭരതൻ,

(24) 'വെടിമുഴക്കം', കവിത, ശാന്തി കെ. സി.,

(25) 'പൂർണ്ണവിരാമം', കഥ, തുഷാര ആർ.,

(26) 'ഉയിർത്തെഴുന്നേല്പ്', കവിത, കുക്കു കൃഷ്ണൻ,

(27) 'മരണം', കവിത, അജയൻ കാരാടി,

(28) 'എന്റെ ചക്കരേ', കഥ, എം. അജയകുമാർ,

(29) 'സാമൂഹ്യപാഠം', കാർട്ടൂൺ, ബിനു എച്ച്.,

(30) 'ഉടലിന്റെ കലിയും ചിരിയും', ലേഖനം, പി. കെ. രാജശേഖരൻ,

(31) 'ബ്രിഗേഡിയറും സാധാരണകഥകളും', ലേഖനം, സി. സേതുമാധവൻ,

(32) കൈപ്പറ്റി', പുസ്തകവാർത്ത,

(33) 'ദേശീയരേഖ, കാർട്ടൂൺ', രജീന്ദ്രകുമാർ.

(34) 'വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും', സിനിമാപഠനം, അശ്വതി. (*മാതൃഭൂമി* ആഴ്ചപ്പതിപ്പ് 2000 ജനുവരി 16)

[6]പുതിയ രൂപത്തിലും ഭാവത്തിലുമുള്ള സംഗീതപഠനം ഈ കാലത്തോടെ പ്രത്യക്ഷപ്പെടുന്നുണ്ട്. അതിനെ, മനുഷ്യന്റെ ഒരു സർഗ്ഗാത്മകാവിഷ്കൃതിയുടെ സർഗ്ഗാത്മകവായന എന്ന നിലയിലാണ് ഇവിടെ വിലയിരുത്തുന്നത്. അതിനാൽ കൈതപ്രത്തിന്റെ ലേഖനത്തെ സാഹിത്യയിനമായി കണക്കു കൂട്ടുന്നു.

[7](1)' ഉള്ളടക്കം',

(2) 'മാറുമറയ്ക്കാനുള്ള അവകാശം പുരുഷനുണ്ട്', കത്ത്,

(3) 'ഏകാകിയുടെ കർമ്മകാണ്ഡം', കത്ത്,

(4) 'ആര്യഭടീയവും ജ്യോതി:ശാസ്ത്രവും', ലേഖനം, എം. ആർ. രാജേഷ്,

(5) 'പ്രകൃതിയുടെ സംതുലിതാവസ്ഥയും മനുഷ്യന്റെ ഇടപെടലും', ലേഖനം, കെ. വിൻസെന്റ് പോൾ,

(6) 'ഇന്ത്യ അഞ്ചുസ്ഥാനം കയറിയത് എങ്ങനെ?', ലേഖനം, വിംസി,

(7) 'കുട്ടികളുടെ ഫോട്ടോകൾ',

(8)' ദശപുഷ്പം', ലേഖനം, വി. എസ്. അജിത്.( *മാതൃഭൂമി* ആഴ്ചപ്പതിപ്പ് 2000 ജനുവരി 16)

[8] *മാതൃഭൂമി* ആഴ്ചപ്പതിപ്പ് 2010 മാർച്ച് 14. പുസ്തകം 88 ലക്കം 1

[9] ഫോട്ടോ എഴുത്ത്, സർഗ്ഗാത്മകപ്രയോഗത്തിന്റെ കൂടുതൽ സാധ്യതകൾ ഉപയോഗപ്പെടുത്തുന്ന പുതിയതായ ഓർമ്മയെഴുത്ത്, കൂടുതൽ ആത്മനിഷ്ഠമായ പാട്ടെഴുത്തിന്റെ പുതിയൊരു രൂപം എന്നിവ രൂപം കൊള്ളുന്നു. ഇവിടെ സാഹിത്യയിനങ്ങളുടെ നിർണ്ണയം ഒരേ സമയം പ്രതിപാദ്യാധിഷ്ഠിതമായും പ്രതിപാദനനിഷ്ഠമായുമുള്ള വായനയുടെ ഉല്പന്നമാണ്.

[10] (1) മുഖചിത്രം,

(2) 'കാകോകവിയുടെ ചരിത്രം', കത്ത്,

(3) 'ബി. ഉണ്ണികൃഷ്ണന്റെ മറുപടി', കത്ത്,

(4) 'അത്രയേ ഉള്ളൂ', കവിത, സച്ചിദാനന്ദൻ,

(5) 'എനിക്ക് പരാതികളില്ല', അഭിമുഖം, ആർ. സുകുമാരൻ/ജെ. ആർ. പ്രസാദ്,

(6) 'ആ ഫോട്ടോയ്ക്കു പിന്നിൽ', ലേഖനം, മധുരാജ്,

(7)' ഇ.എം.എസ്സും പെൺകുട്ടിയും', കഥ, ബെന്യാമിൻ,

(6) 'എന്റെ ഗായകാ, എന്നോടു പൊറുക്കുക', ലേഖനം, സക്കറിയ,

(7) 'പലതരം വിശപ്പുകളെ ശമിപ്പിച്ച അരൂപി', ലേഖനം, കെ. കണ്ണൻ,

(8) 'വയനാട്ടുകുലവന്റെ തോക്കും ഏണസ്റ്റോ ചെ ഗുവേരയും', ലേഖനം, ഇ. ഉണ്ണികൃഷ്ണൻ,

(9) 'ഒ'രു മിഹ്റാജ് രാവിന്റെ ഓർമ്മയ്ക്ക്', ലേഖനം, പി. പി. ഷാനവാസ്,

(10) 'മനുഷ്യന് ഒരു ആമുഖം', നോവൽ, സുഭാഷ് ചന്ദ്രൻ,

(11) 'അഴീക്കോടിന്റെ ആത്മകഥ', സുകുമാർ അഴീക്കോട്,

(13) 'നേത്രോന്മീലനം', ഓർമ്മ, കെ. ആർ. മീര,

(14) 'പ്രകാശവർഷങ്ങൾ', ലേഖനം, രവി മേനോൻ,

(15) 'പെണ്ണെഴുത്തിന്റെ പിന്നെഴുത്തുകൾ', ലേഖനം, കുമാരപുരം സുന്ദരേശ്വരൻ,

(16) 'അതിരുകൾ മായ്ക്കുമ്പോൾ വരും വേറെ അതിർത്തികൾ!', ലേഖനം, വി. എം. ഗിരിജ,

(17)' കണ്ണുമടച്ച് പ്രാർത്ഥിക്കാൻ ഡൽഹിയിൽ പോകണോ?', ലേഖനം, സുശീൽകുമാർ പി. പി.,

(18) 'പുസ്തകക്കുറിപ്പുകൾ', കുറിപ്പുകൾ,

(19) 'നോവൽ: അകവും പുറവും', ലേഖനം, ഡോ. പി. കെ. തിലക്,

(20) 'വാർധക്യപുരാണം', കവിത, ഗോപിക എസ്. എൻ.,

(21) 'ഡെഡ് ലൈൻ', കവിത, അനുപമ പി.,

(22) 'ആളൊഴിഞ്ഞ ഇടം', കവിത, ദിവ്യ ജോർജ്ജ്,

(23)' ഭംഗി', കവിത, മാളവിക ജെ. പി.,

(24) 'വിളയാട്ടം', 'പൂന്തോട്ടം', കവിതകൾ, ശ്രീ പാർവ്വതി എം.

(25) 'ഓർമ്മയിലെ ജൂൺ', ഓർമ്മ, കെ. വിജയലക്ഷ്മി,

(26) 'പാവം പ്രേക്ഷകൻ പറയുന്ന കഥ', ലേഖനം, പി. കെ. ശ്രീകുമാർ. (*മാതൃഭൂമി* ആഴ്ചപ്പതിപ്പ് 2010 മാർച്ച് 14)

[11]കേവല വസ്തുനിഷ്ഠത ആനുകാലിക രചനകളിൽ കുറയുന്ന പ്രതിഭാസം ഉടലെടുക്കുന്നുണ്ട്. ഒരു പരിസ്ഥിതിലേഖനം പോലും ആത്മനിഷ്ഠമായ വസ്തുനിഷ്ഠതയോടെയാണ് ആനുകാലികത്താളിലേയ്ക്ക് പകരുന്നത്. ഈ സാഹചര്യത്തിൽ, പല ഉദാഹരണങ്ങളിലും, അടിസ്ഥാനപരമായി വസ്തുനിഷ്ഠമാണെങ്കിൽ സാഹിത്യേതരമായിക്കാണുക എന്നുറച്ചുകൊണ്ടാണ് വിധിതീർപ്പ് നടത്തിയിട്ടുള്ളത്.

[12] (1)' ഉള്ളടക്കം',

(2) 'ഒരു സംശയവും വേണ്ട, മതം ഇല്ലാതാകും', കത്ത്,

(3) 'ഇടമറുക് തകർത്ത പ്രസ്ഥാനം', കത്ത്,

(4) 'യു. കലാനാഥൻ യുക്തിവാദിയോ?', കത്ത്,

(5) 'തലക്കെട്ടില്ലാതെ', കത്ത്,

(6) ഡി.ടി.പി.യുടെ കഥ', കത്ത്,

(7) 'പച്ചക്കറി വാസുപിള്ളയോട് ഫാസിസം കാട്ടരുത്", ലേഖനം, പുരുഷൻ ഏലൂർ,

(8) 'ആഗോളവത്കരണം സ്ത്രീവിമോചനം', അഭിമുഖം, കെ. വേണു/കരുണാകരൻ,

(9) 'സ്പന്ദനമാപിനി', ലേഖനം, ഡോ. ഖദീജാ മുംതാസ്,

(10) ''Who is afraid of Exams!', ലേഖനം, പി. കെ. ജയരാജ്,

(11) 'സുവർണ്ണശലഭം', ലേഖനം, ഡോ. അബ്ദുള്ള പാലേരി,

(12)' ഒന്നേകാൽ കോടി മലയാളികൾക്ക് ഒരു ഭാഷ – ഒരു ഭാവി, ഒരു ഭരണം', ലേഖനം, എം. ജയരാജ്. (*മാതൃഭൂമി* ആഴ്ചപ്പതിപ്പ് 2010 മാർച്ച് 14)

[13]*മാതൃഭൂമി* 2 മാർച്ച് 2003 47

[14]*മാതൃഭൂമി* 2 മാർച്ച് 2003 3

[15]*മാതൃഭൂമി* 9 മാർച്ച് 2003 3

[16]*മാതൃഭൂമി* 6 ഏപ്രിൽ 2003 12

[17]*മാതൃഭൂമി* 6 ഏപ്രിൽ 2003 5

[18]"സദാചാര പോലീസിൻറെ നയങ്ങൾക്കെതിരെ 2014 നവംബർ 2ന് കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിച്ച വ്യത്യസ്തമായൊരു പ്രതിഷേധസമര രീതിയാണ് ചുംബനസമരം. സംസ്ഥാനത്തെ പുരോഗനമ യുവജന കൂട്ടായ്മയാണ് ഈ സമരരീതിയിലൂടെ തങ്ങളുടെ പ്രതിഷേധം രേഖപെടുത്തിയത്." (ലേഖനം, വിക്കിപീഡിയ)

[19]"സദാചാര പോലീസിന്റെ പ്രവർത്തങ്ങൾക്കെതിരെ കേരളത്തിൽ തുടക്കം കുറിച്ച് , ഇന്ത്യയിലെ മറ്റു ഭാഗങ്ങളിലേക്ക് പ്രചരിച്ച പ്രതീകാത്മക പ്രതിഷേധം ആണ് കിസ്സ് ഓഫ് ലവ് അഥവാ സ്നേഹ ചുംബനം. 2014 നവംബർ രണ്ടിന് , കൊച്ചി മറൈൻ ഡ്രൈവിൽ സദാചാര പോലീസിന്റെ പ്രവർത്തനങ്ങൾക്കെതിരെ ഒരു ഒത്തു ചേരൽ കേരളയുവത്വത്തിനോട് ആഹ്വാനം ചെയ്തു കൊണ്ട്, കിസ്സ് ഓഫ് ലവ് എന്ന പേരിൽ രൂപപ്പെട്ട ഒരു ഫേസ്ബുക്ക് പേജിലൂടെയാണ് ഈ വ്യത്യസ്ത തരം സമര മുറ രൂപം കൊണ്ടത് .1,42,000 ലൈക്കുകൾ ആ പേജിനു ലഭിക്കുകയും ചെയ്തു . കൊച്ചിയിലെ ആദ്യത്തെ പ്രധിഷേധ സമരം കഴിഞ്ഞു ഇന്ത്യയിലെ മറ്റു പല പ്രധാന നഗരങ്ങളിലും സമാന്തരപ്രതിക്ഷേധ പ്രകടനകൾ സംഘടിക്കപ്പെടുകഉണ്ടായി . ഭാരതിയ ജനത യുവമോർച്ച , എസ്. ഡി. പി. ഐ. , വിശ്വഹിന്ദു പരിഷദ് , ശിവസേന , ഹിന്ദുസേന, തുടങ്ങിയ മത രാഷ്ടയീയ സംഘടകനകളുടെ പ്രകടമായ എതിർപ്പുകളും ഇവക്കുമേൽ ഉണ്ടായിരുന്നു." (https://ml.wikipedia.org/wiki/ചുംബന_സമരം)

[20]*മാതൃഭൂമി* 16 നവംബർ 2014 4 – 25

[21]*മാതൃഭൂമി* 16 നവംബർ 2014 68 – 71

[22]"Let lips do what hands do." (ഷേക്സ്പിയർ 116)

[23]"സച്ചിദാനന്ദൻ, കല്പറ്റ നാരായണൻ, ഉണ്ണി ആർ., എം. ബി. രാജേഷ്, എം. സുൽഫത്ത്."

[24]*മാതൃഭൂമി* 16 നവംബർ 2014 3

[25](1) 'ഓരോ ചുംബനവും ഒരു കവിത', സച്ചിദാനന്ദൻ,

(2) 'പ്രതീകങ്ങളെ കല്ലെറിയരുത്', കല്പറ്റ നാരായണൻ,

(3)' ആൾക്കൂട്ടശരീരത്തിന്റെ ശുദ്ധിയും അശുദ്ധിയും', ഉണ്ണി ആർ.,

(4) 'ഏതു സംസ്കാരത്തെക്കുറിച്ചാണ് നിങ്ങൾ പറയുന്നത്?,' എം. ബി. രാജേഷ്,

(5) വെർച്വലല്ല, റിയൽ ആയിരുന്നു ഈ ഉമ്മകൾ', വരുൺ രമേഷ്,

(6) 'ചുംബനത്തിനും പീഡനത്തിനും ഇടയിൽ ഒരദ്ധ്യാപിക', എം. സുൽഫത്ത്.

[26]ഡി. സി. ബുക്സിന്റെയും പൂർണ്ണ ബുക്സിന്റെയും പരസ്യങ്ങൾ.

[27]*മാതൃഭൂമി* 16 നവംബർ 2014 25

[28]പുസ്തകം 93. ലക്കം 5

[29](1) 'ചെമ്മീൻ ആദ്യത്തെ 50 വർഷങ്ങൾ', സി. എസ്. വെങ്കിടേശ്വരൻ,
(2) 'സംഘാടകന്റെ സർഗ്ഗസ്മരണ', ടി. കെ. വാസുദേവൻ/ഐ. ഷണ്മുഖദാസ്,
(3)' ഞാൻ പരീക്കുട്ടിയായ കഥ', മധു,
(4) 'കടലിലെ ഓളവും കരളിലെ മോഹവും', രവിമേനോൻ,
(5) 'ഋഷി ദാ കൂട്ടിച്ചേർത്ത ആ എന്തോ ഒന്ന്!', ജോൺ പോൾ,
(6)' ആ അന്ധവിശ്വാസത്തിൽ എന്താണ് തെറ്റ്?', മധു ഇറവങ്കര,
(7)' കറുത്തമ്മയുടെയും ചെമ്മീനിന്റെയും മാർക്കറ്റ്,' മീന ടി. പിള്ള,
(8) 'മാനസ മൈനേ വരൂ മധുരം നുള്ളി തരൂ...', വി. കെ. ശ്രീരാമൻ. (*മാതൃഭൂമി* 19 ഏപ്രിൽ 2015)

[30](1) ഗ്രീൻ ബുക്സ്,
(2) ചിന്ത പബ്ളിഷേഴ്സ്,
(3) നാഷണൽ ബുക്ക് സ്റ്റാൾ,
(4) റീഡ് പ്രസ്,
(5) *മാതൃഭൂമി* ബുക്സ്. (*മാതൃഭൂമി* 19 ഏപ്രിൽ 2015)

[31]പുസ്തകം 44 ലക്കം 27
[32]പേജ് 35.
[33]പേജ് 35.
[34]ഓണം വിശേഷാൽ പ്രതി, *കൗമുദി*, 1965 3.
[35]ശ്രീകുമാർ, പി. എൻ. *കണ്ണാടകളും കാഴ്ചകളും*. തിരുവനന്തപുരം: സെഡ് ലൈബ്രറി 2005: 46
[36]വിജയകൃഷ്ണൻ. 2008 25

[37]സലാം കാരശ്ശേരി. 1986 111

[38]മധു,.ഇറവങ്കര 1999 103

[39]സലാം കാരശ്ശേരി. 2001 7

[40]കോഴിക്കോടൻ. 2001 12

[41]വിജയകൃഷ്ണൻ. 2008 28

[42]വിജയകൃഷ്ണൻ.1991 32,33

[43]ജോണി, ഒ. കെ. 2001 15

[44]വെങ്കിടേശ്വരൻ, സി. എസ്. 2011 198

[45]രാധാകൃഷ്ണൻ, പി. എസ്. 2010, 54

[46]പോക്കർ, പി. കെ. 'ആമുഖം'. *ദേശ്യഭാവനയുടെ ഹർഷമൂല്യങ്ങൾ*. തിരുവനന്തപുരം: 2010 ii

[47]Williams 39

[48]സിസെക്കിന്റെ ഉള്ളടക്ക-രൂപ ദർശനം ഇവിടെ പ്രസക്തമാണ്. മാർക്സിന്റെ ചരക്കുവിശകലവും ഫ്രോയ്ഡിന്റെ സ്വപ്നവിശകലനവും സമാനമാണ് എന്ന് നിരീക്ഷിച്ചുകൊണ്ട് ആ വിശകലനരീതിശാസ്ത്രത്തെ എല്ലാ വിശകലനങ്ങളിലേയ്ക്കുമായി സിസെക് അതിവർത്തിപ്പിക്കുന്നുണ്ട്. വിശകലനം പുറത്തുകൊണ്ടുവരേണ്ടത് രൂപം കൊണ്ടു മറയ്ക്കുന്ന ഉള്ളടക്കത്തിന്റെ രഹസ്യമല്ല മറിച്ച് രൂപത്തിന്റെ രഹസ്യമാണ് എന്നാണ് സിസെക് പറയുന്നത്.

[49]*മാതൃഭൂമി* 14 സെപ്തംബർ, 1975 80

[50]14 സെപ്തംബർ 1975 18,  21 സെപ്തംബർ 1975 18

[51]30 നവംബർ 1975 34

[52]9 നവംബർ 1975

[53]"ഇല്ല കേൾക്കുവാൻ വീരവാദങ്ങളും

ശല്യമേകുന്ന ഘോഷങ്ങളും
ആരുമില്ല തടയുവാനംബ നിൻ
ധീരശാന്തപുരോയാനവിപ്ലവം.” (9)

[54]16 നവംബർ 1975 19

[55]“ദേവി, നിൻ പീഡനം തന്നെയനുഗ്രഹം,
മേഘകവാടം വലിച്ചു തുറക്കെ
തകർന്നു നുറുങ്ങി തെറിക്കിലുമെ-
ന്തർക്കകോടിപ്രഭവസംയോഗ-
മണഞ്ഞു സാഫല്യം നുകർന്നതില്ലല്ലീ.”

[56]23 നവംബർ 1975 6

[57]രാജീവൻ 2013 31

[58]ibid. 33-34

[59]Millner and Brovit 1

## ഉപദർശനങ്ങൾ

ആനുകാലികങ്ങളെ, സാംസ്കാരികമായി വായനയ്ക്കു വിധേയമാക്കുകയാണ് ഈ പഠനത്തിൽ ചെയ്തത്. സംസ്കാരവും ആനുകാലികങ്ങളും തമ്മിലുള്ള ബന്ധമെന്ത് എന്നതായിരുന്നു ഗവേഷണപ്രശ്നം. സംസ്കാരമെന്നു പൊതുവേ വ്യവഹരിക്കപ്പെടുന്നത് ഉന്നതസംസ്കാരമാണെന്നും അത് പ്രത്യയശാസ്ത്രംതന്നെയാണെന്നും ആനുകാലികങ്ങൾ പ്രത്യയശാസ്ത്രപ്രരൂപങ്ങളാണെന്നും ഉള്ള പൂർവ്വധാരണകൾ മുന്നിലുണ്ടായിരുന്നു. ഒരേയൊരു ആനുകാലികത്തെ പഠനവസ്തുവാക്കിയ സൂക്ഷ്മപഠനത്തിൽ *മാതൃഭൂമി* ആഴ്ചപ്പതിപ്പിനെ വായിച്ചു. സാംസ്കാരികപഠനങ്ങളുടെ പരിപ്രേക്ഷ്യവും രീതിശാസ്ത്രവുമായിരുന്നു വഴികാട്ടി.

### സൂക്ഷ്മതല ഉപദർശനങ്ങൾ

1. മലയാളത്തിലെ ആദ്യകാലമുഖ്യധാരാ ആനുകാലികങ്ങളായ *ഭാഷാപോഷിണി*, *മംഗളോദയം* എന്നിവയുടെ തുടക്കം സർവ്വവിഷയ ആനുകാലികങ്ങൾ എന്ന നിലയ്ക്കായിരുന്നു. ആനുകാലികചരിത്രം ഇവയെ സാഹിത്യ ആനുകാലികങ്ങൾ എന്നു തെറ്റായി വിളിച്ചു.

*ഭാഷാപോഷിണി, മംഗളോദയം* എന്നിവയുടെ ഉള്ളടക്ക വിശകലനത്തിലൂടെയാണ് ഇതു തെളിഞ്ഞത്. ആദ്യകാല*ഭാഷാപോഷിണി* സർവ്വവിഷയ ആനുകാലികമായിരിക്കെത്തന്നെ സാഹിത്യത്തിനു മികച്ച പരിഗണന നല്കി. സാഹിത്യയിനങ്ങളെ തീരെ അവഗണിച്ച തീവ്ര സാമൂഹിക ആനുകാലികമായിരുന്നു ആദ്യകാല*മംഗളോദയം*. സാഹിത്യ ആനുകാലികങ്ങൾ എന്നു തെറ്റായി വിളിക്കപ്പെട്ടതു മൂലം, ഇവ സാഹിത്യ ആനുകാലികങ്ങളാണെന്ന പൊതുബോധം നിലവിൽ വന്നു.

2. പ്രാരംഭകാല *ഭാഷാപോഷിണി*യേക്കാൾ സാഹിത്യമാസികയായിരുന്നു പ്രാരംഭകാല*കേസരി*. ആനുകാലികങ്ങളുടെ സ്വഭാവനിർണ്ണയത്തെ വസ്തുതകളല്ല പൊതുബോധ്യമാണ് നയിക്കുന്നതെന്നാണ് ഇതിനർത്ഥം.

പ്രരംഭകാല*ഭാഷാപോഷിണി* 36 ശതമാനം അച്ചടിയിടമാണ് സാഹിത്യയിനങ്ങൾക്കു കൊടുത്തത്. എന്നിട്ടും *ഭാഷാപോഷിണി* സാഹിത്യമാസികയാണെന്ന് ആനുകാലികപഠനങ്ങൾ വിധിച്ചു. പ്രാരംഭകാല*കേസരി*യാകട്ടെ അച്ചടിയിടത്തിന്റെ 47 ശതമാനം സാഹിത്യയിനങ്ങൾക്കു നീക്കിവച്ചു. എന്നിട്ടും, *കേസരി*യെ പ്രക്ഷോഭ ആനുകാലികമായാണ് ആനുകാലിക ചരിത്രം സ്ഥാനപ്പെടുത്തിയത്. പ്രത്യക്ഷങ്ങളല്ല, പ്രതീതികളാണ് ആനുകാലികങ്ങളുടെ സ്വഭാവനിർണ്ണയത്തിനു പിന്നിൽ.

3. സർവ്വവിഷയത വെടിഞ്ഞ് *ഭാഷാപോഷിണി*യും *മംഗളോദയ*വും പിന്നീട് സാഹിത്യ ആനുകാലികങ്ങളായി. പുതിയ കാലത്തോടു രാഷ്ട്രീയമായി പ്രതികരിക്കാൻ കഴിയാതിരുന്നതുകൊണ്ടായിരുന്നു ഈ രൂപാന്തരീകരണം.

1930-ലെ രാഷ്ട്രീയസാഹചര്യം പശ്ചാത്തലമാക്കി നടത്തിയ ആനുകാലിക ഉള്ളടക്കങ്ങളുടെ ചരിത്രപരമായ വായനയിലൂടെയാണ് ഇത് തെളിഞ്ഞത്. ഭഗത് സിംഗിനെ തൂക്കിക്കൊന്ന സംഭവം *ഭാഷാപോഷിണി*യും *കേസരി*യും ആനുകാലിക ഉള്ളടക്കമാക്കിയ രീതി താരതമ്യപ്പെടുത്തിയതാണ് ഇതിലെ സവിശേഷപഠനം. ആദ്യകാല ആനുകാലികങ്ങൾ സാമൂഹികത വെടിഞ്ഞ് സാഹിത്യതയെ പുല്കിയതിനുപിന്നിൽ 'രാഷ്ട്രീയേതരമായതാണ് സംസ്കാരം' എന്ന ക്ലാസിക് കാല ചിന്ത പങ്കുവഹിച്ചു എന്നതാണ് ഈ ഘട്ടത്തിലെ കണ്ടെത്തൽ.

4. ആദ്യകാല മുഖ്യധാരാ ആനുകാലികങ്ങളുടെ രൂപാന്തരീകരണം കൃത്യമായി നിരീക്ഷിക്കാൻ ആനുകാലികചരിത്രരചയിതാക്കൾക്കു കഴിയാതെ പോയതിന് രണ്ടു കാരണങ്ങളുണ്ട്: ഒന്ന് പ്രായോഗികവും രണ്ട് പ്രത്യയശാസ്ത്രപരവും.

ആനുകാലികചരിത്രരചനയുടെ കാലമെത്തിയപ്പോഴേയ്ക്കും *ഭാഷാപോഷിണി*യും *മംഗളോദയ*വും സാഹിത്യ ആനുകാലികങ്ങളായി മാറിയിരുന്നു. ആ സമകാലധാരണ അവയുടെ ഭൂതകാലത്തെക്കുറിച്ചുകൂടിയുള്ള തെറ്റായ വിലയിരുത്തലായി മാറി - ഇതാണ് ആനുകാലികചരിത്രരചനയിലെ വഴിതെറ്റലിന്റെ പ്രായോഗികകാരണം. ഇതിലേയ്ക്കു നയിച്ചത് ചരിത്രരചനയിൽ അന്തർഭവിച്ച സമകാലബാധയുടെ പ്രശ്നമാണ്. സാഹിത്യ ആനുകാലികങ്ങളായിരുന്നു എന്നു തെറ്റിദ്ധരിക്കപ്പെട്ട മൂന്നോ നാലോ പ്രസിദ്ധീകരണങ്ങളുടെ സാഹിത്യസംഭാവനകൾക്ക്, സാഹിത്യേതര ആനുകാലികങ്ങളുടെ സേവനങ്ങളേക്കാൾ ആനുകാലികചരിത്രരചയിതാക്കൾ വില നല്കി - ഇതാണ് വഴിതെറ്റലിന്റെ ആശയപരമായ ഉറവിടം. ഇതിലേയ്ക്കു നയിച്ചത് കാനോനികവത്കരണം എന്ന പ്രശ്നമാണ്.

5. കാനോനികവത്കരണം, ആനുകാലികചരിത്രരചനയെ മാത്രമല്ല മലയാളികളുടെ പൊതുമണ്ഡലത്തെ ആകെത്തന്നെ ബാധിച്ചിട്ടുണ്ട്. ഇതിനു പിന്നിലുള്ളത് സാഹിത്യരതി, ലിറ്ററേച്ചർ ഫെറ്റിഷിസം, ആണ്.

യൂറോപ്യൻ ആധുനികതയുടെ പ്രത്യയശാസ്ത്രത്തിന്റെ സ്വാധീനമാണ് സാഹിത്യരതിക്കു പിന്നിലുള്ളത്. പല സാംസ്കാരികമേഖലയിലും നിലനില്ക്കുന്ന ഈ പ്രവണതയുടെ ആനുകാലികമണ്ഡലത്തിലെ പ്രത്യക്ഷമാണ് സാഹിത്യ ആനുകാലികങ്ങളോടുള്ള ആദരവ്. 'ആനുകാലികം = സാഹിത്യ ആനുകാലികം' എന്ന തെറ്റായ സാംസ്കാരികസമവാക്യം മലയാളിയുടെ പൊതുബോധ്യത്തിലുണ്ട്.

6. *മാതൃഭൂമി* ആഴ്ചപ്പതിപ്പും സർവ്വവിഷയ ആനുകാലികമായാണ് ആരംഭിച്ചത്. പിന്നീട് സാഹിത്യ ആനുകാലികമായി മാറുകയും ചെയ്തു.

*ഭാഷാപോഷിണി* പുലർത്തിയ സാഹിത്യ – സാഹിത്യേതര അംശബന്ധത്തിന് നേരേ എതിരായ ചേരുവയുമായാണ് *മാതൃഭൂമി* രംഗത്തു വന്നത്. തുടർന്ന് സാഹിത്യേതര ഉള്ളടക്കം കുറഞ്ഞുവന്നു. രണ്ടു പതിറ്റാണ്ടുകൊണ്ട് സാഹിത്യ ആനുകാലികമായി മാറി. പ്രാരംഭകാല*മാതൃഭൂമി* സർവ്വവിഷയ*മാതൃഭൂമി*യും സാമൂഹിക*മാതൃഭൂമി*യും പ്രൊഫഷനൽ*മാതൃഭൂമി*യും പ്രത്യക്ഷരാഷ്ട്രീയ*മാതൃഭൂമി*യും ആയിരുന്നു. പിറന്നുവീണ മൂന്നാം പതിറ്റാണ്ടിലെത്തുമ്പോൾ, സ്വന്തം ചരിത്രത്തിലെ ആദ്യകാലഘട്ടം പിന്നിടുമ്പോൾ *മാതൃഭൂമി* സാഹിത്യ*മാതൃഭൂമി*യും സാമൂഹികേതര*മാതൃഭൂമി*യും തീവ്രരാഷ്ട്രീയ*മാതൃഭൂമി*യും ആയി. *മാതൃഭൂമി*യുടെ മാറ്റങ്ങൾ രാഷ്ട്രീയകാരണങ്ങളാലാണ്. ഇതാണ്, വ്യതിയാനത്തിനു കാരണമായത്. ഈ കാലഘട്ടത്തിൽനിന്നു കണ്ടെത്തിയ സ്വാതന്ത്ര്യ സമരത്തിലെ മൂന്നു ധാരകളിൽപ്പെട്ട

1. ഗാന്ധിജിയുടെ 1932-ലെ നിരാഹാരം,
2. ബീനാ ദാസ് കൽക്കത്താ ഗവർണർക്കു നേരേ നടത്തിയ വധശ്രമം,
3. പുന്നപ്ര-വയലാർ സമരം

എന്നിവയോട് ഒരേ സമീപനമായിരുന്നില്ല *മാതൃഭൂമിക്ക്* എന്നത് ചരിത്രപരമായി കണ്ടെടുത്തു. രാഷ്ട്രീയത്തിലെ മാനകീകരണചിന്ത *മാതൃഭൂമി*യെ നയിച്ചു. കൊളോണിയൽ ആധുനികത എല്ലാ രംഗത്തും നടത്തുന്ന മാനകീകരണം രാഷ്ട്രീയരംഗത്തും നടപ്പാകാതെ വയ്യെന്നും ആനുകാലികങ്ങളുടെ രാഷ്ട്രീയനിരാസത്തിന് അങ്ങനെ ഒരർത്ഥം

കൂടിയുണ്ടെന്നും ആദ്യകാല *മാതൃഭൂമി*യുടെ പ്രത്യയശാസ്ത്രീകരണത്തിലൂടെ വ്യക്തമായി

7. *മാതൃഭൂമി*യിലെ സാഹിത്യേതര ഉള്ളടക്കം 1960-കൾ മുതൽ 1990-കൾ വരെയുള്ള കാലത്തു വീണ്ടും കുറഞ്ഞു. 1990-കളിലെത്തിയപ്പോൾ ഈ ആഴ്ചപ്പതിപ്പ് തീവ്രസാഹിത്യ*മാതൃഭൂമി*യായി മാറി.

1932-ൽ കാഴ്ചവച്ച സാഹിത്യ - സാഹിത്യേതര അംശബന്ധത്തിന്റെ നേരേ വിപരീതത്തിലുള്ള ഉള്ളടക്കച്ചേരുവയോടെ 1980-കളിലെത്തിയപ്പോൾ *മാതൃഭൂമി* പുറത്തുവന്നു. ഇതുവഴി, 1932-ലെ *മാതൃഭൂമി*യുടെ സാംസ്കാരികവിലോമമായി 1980-കളിലെ *മാതൃഭൂമി* മാറി. ഈ പ്രവണത കൂടി വന്ന്, 1990-കളിൽ *മാതൃഭൂമി* തീവ്രസാഹിത്യവാരികയായി. 1990-കളിൽ സ്വന്തം ചരിത്രത്തിലെ ഏറ്റവും കൂടിയ സാഹിത്യ ഉള്ളടക്കമാണ് *മാതൃഭൂമി* കാഴ്ചവച്ചത്. ആദ്യകാല *മംഗളോദയ*ത്തിന്റെ സാഹിത്യ – സാഹിത്യേതര അംശബന്ധത്തിന്റെ നേർവിപരീതമായ ഉള്ളടക്കച്ചേരുവയാണ് 1990-കളിലെ *മാതൃഭൂമി*ക്കുണ്ടായിരുന്നത്. സാഹിത്യത്തെ തീരേ അവഗണിച്ച പ്രാരംഭകാല*മംഗളോദയ*ത്തിന്റെ സാംസ്കാരികവിലോമമായി 1990-കളിലെ *മാതൃഭൂമി* മാറി. തീവ്രസാമൂഹികതാനിരാസത്തിന്റെ *മാതൃഭൂമി*ക്കാലമായി അത്. 1960-കൾക്കും 1990-കൾക്കും ഇടയിലുള്ള *മാതൃഭൂമി*യുടെ വ്യതിയാനത്തിന്റെ ആശയപരിസരം മനസ്സിലാക്കാൻ നടത്തിയ മൂന്നു ദൃഷ്ടാന്തപഠനങ്ങളിലൂടെ,

1. *മാതൃഭൂമി* അടിയന്തരാവസ്ഥയെ അനുകൂലിച്ചു.
2. മണ്ഡൽ പ്രശ്നത്തിൽ സവർണ്ണ പക്ഷത്തെ തുണച്ചു.
3. ബാബറി പ്രശ്നകാലത്ത് മതേതര പക്ഷത്ത് ഉറച്ചുനിന്നു

എന്നീ കണ്ടെത്തലുകളുണ്ടായി. പൈതൃകത്തിൽ നിന്നു മാറുക, ചിലപ്പോൾ പൈതൃകത്തിനു ചേരും വിധം ഉറച്ച നില സ്വീകരിക്കുക, ഒരേ വിഷയത്തിൽത്തന്നെ അടിക്കടി നിലപാടു മാറ്റുക എന്നിങ്ങനെയുള്ള ചാഞ്ചാട്ടം ഇവയിൽ ദൃശ്യമായി. ഇന്ത്യയിലെ മേധാവിത്വ പ്രത്യയശാസ്ത്ര

കർതൃത്വത്തിന്റെതന്നെ പ്രതിസന്ധിയായി *മാതൃഭൂമി*യുടെ സന്ദിഗ്ധതയെ ഈ പഠനം വിലയിരുത്തി. പ്രഭവകാല*മാതൃഭൂമി* സർവ്വവിഷയ *മാതൃഭൂമി*യും സാമൂഹിക *മാതൃഭൂമി*യും പ്രത്യക്ഷരാഷ്ട്രീയ *മാതൃഭൂമി*യും ആയിരുന്നിടത്തുനിന്ന് ആദ്യകാല*മാതൃഭൂമി* സാഹിത്യ *മാതൃഭൂമി*യും സാമൂഹികേതര *മാതൃഭൂമി*യും തീവ്രരാഷ്ട്രീയ *മാതൃഭൂമി*യും ആയെങ്കിൽ മധ്യകാല*മാതൃഭൂമി* തീവ്രസാഹിത്യ*മാതൃഭൂമി*യും ചാഞ്ചാട്ടരാഷ്ട്രീയ*മാതൃഭൂമി*യും ആവുകയും നിശ്ചിതഘട്ടങ്ങളിൽ തീവ്രരാഷ്ട്രീയത വെളിപ്പെടുത്തുകകയും ചെയ്തു.

8. 2000-ങ്ങളിലും 2010-കളിലും *മാതൃഭൂമി*യുടെ സാമൂഹികത കൂടുകയാണ്. സാഹിത്യത കുറയുകയുമാണ്.

1990-കളിലെ തീവ്രസാഹിത്യ*മാതൃഭൂമി* 2000-ങ്ങളിലും 2010-കളിലും എത്തിയപ്പോൾ തീവ്രസാഹിത്യതാമുക്ത*മാതൃഭൂമി*യും സാഹിത്യ*മാതൃഭൂമി*യും ആയി. 2010-കളിലെത്തിയപ്പോൾ *മാതൃഭൂമി* 1930-കളിലെ *ഭാഷാപോഷിണി*യുടെ ഉള്ളടക്ക മുൻഗണനയിലേക്കെത്തി. ഇതോടെ, ജന്മവേളയിൽ, 1932-ൽ, *മാതൃഭൂമി* തന്നെ പ്രകടിപ്പിച്ച ഉള്ളടക്കച്ചേരുവയുടെ വിപരീതത്തിലേയ്ക്കും *മാതൃഭൂമി* എത്തി. അങ്ങനെ, പ്രാരംഭകാല *മാതൃഭൂമി*യുടെ സാംസ്കാരികവിലോമമായി 2010-കളിലെ *മാതൃഭൂമി* മാറി. ഈ കാലത്തെ നിലപാടുകളെ വിശകലനം ചെയ്യാൻ നടത്തിയ സന്ദർഭ പഠനങ്ങളിലൂടെ

1. മുത്തങ്ങ പ്രശ്നത്തിൽ *മാതൃഭൂമി* ആദിവാസികൾക്കൊപ്പം നിന്നു
2. ചുംബനസമരത്തിന് വൻ പിന്തുണ കൊടുത്തു

എന്ന് നിർണ്ണയിക്കപ്പെട്ടു. ബാബറി മസ്ജിദ് കാലത്ത് മതേതരതയോടു കാട്ടിയ പ്രതിബദ്ധതയോടെയല്ല മുത്തങ്ങ – ചുംബന സമരങ്ങളെ *മാതൃഭൂമി* പിന്തുണച്ചത്. രാഷ്ട്രീയപ്രശ്നങ്ങൾ കൈക്കൊള്ളുമ്പോഴുള്ള സന്ദിഗ്ധത *മാതൃഭൂമി*യിൽ തുടരുകയാണ്.

9. *ചെമ്മീൻ* സിനിമ പുറത്തിറങ്ങിയപ്പോഴും *ചെമ്മീൻ* സുവർണ്ണ ജൂബിലി വേളയിലും രണ്ടു പ്രസിദ്ധീകരണങ്ങളെപ്പോലെയാണ് *മാതൃഭൂമി* പെരുമാറിയത്. ഇത് ആനുകാലികം എന്ന ബഹുജന മാധ്യമ രൂപത്തിനു വന്ന രൂപാന്തരങ്ങൾ പഠിക്കാനുള്ള മാധ്യമപാഠമാണ്.

*മാതൃഭൂമി*യുടെ നവകാലം വായിച്ചപ്പോൾ പഠിച്ച ഒരു പ്രശ്നസന്ദർഭം *ചെമ്മീൻ* സിനിമാ സുവർണ്ണ ജൂബിലി വേളയായിരുന്നു. *ചെമ്മീൻ* സിനിമയോട് അതു പുറത്തിറങ്ങിയപ്പോഴും അതിന്റെ സുവർണ്ണ ജൂബിലി വേളയിലും പ്രതികരിച്ചത് രണ്ടു വിധത്തിലായിരുന്നു. രണ്ടു *മാതൃഭൂമി*കളല്ല, രണ്ടു കാലഘട്ടത്തിലെ മാനകീകൃതമായ സൗന്ദര്യശാസ്ത്രധാരണകളാണ്, രണ്ടു പ്രത്യയശാസ്ത്രങ്ങളാണ് എന്നായിരുന്നു ഇതിന്റെ സാംസ്കാരികവായന.

**സൂഥലതല ഉപദർശനങ്ങൾ**

1. ആനുകാലികങ്ങൾ അച്ചടിമാധ്യമങ്ങളാണെങ്കിലും ദൃശ്യമാധ്യമകാല അച്ചടി മാധ്യമങ്ങളായി മാറിയിരിക്കുന്നു. അവയുടെ രൂപപരമായ രൂപാന്തരീകരണവും ഉള്ളടക്കപരമായ രൂപാന്തരീകരണം പോലെ പ്രത്യയശാസ്ത്രപരമായ ഒരു നിർമ്മിതിയാണ്.

ആനുകാലികങ്ങൾ അച്ചടിമുതലാളിത്തത്തിന്റെ കൂത്തമ്പലങ്ങളും തിയറ്ററുകളും ടെലി വിഷനുകളുമാണ്. അവ ഉന്നതസംസ്കാരത്തിന്റെ പ്രവാഹികളായ പ്രത്യയശാസ്ത്രപ്രരൂപങ്ങളുമാണ്.

ആനുകാലികങ്ങൾ പൂർവ്വസിദ്ധമായ സ്വത്വത്തോടെ പിറക്കുന്നില്ല. (സർവ്വവിഷയ ആനുകാലികങ്ങൾക്ക് പിന്നീട് ചേരിമാറി സാഹിത്യ ആനുകാലികങ്ങളാകാം; ദേശീയ പ്രസ്ഥാനത്തിൽ പിറന്ന ആനുകാലികത്തിന് പിന്നീട് ആ രാഷ്ട്രീയധാരയുടെ മൂല്യങ്ങൾ വലിച്ചെറിയാം.) പരിണാമിയായ

സ്വത്വമാണ് അവയ്ക്കുള്ളത്. അവ നിശ്ചലതയല്ല, പ്രക്രിയയാണ്. ആനുകാലികങ്ങൾ ഉള്ളടക്കത്തെ (അതെന്തായാലും) വശ്യമാക്കുന്ന രൂപങ്ങളാണ്. രൂപത്തിലാണ്, ഉള്ളടക്കത്തിലല്ല, ആനുകാലികങ്ങളുടെ മായികത.

2. സാമൂഹികതയെ നിരസിക്കാൻ ആനുകാലികങ്ങൾ വരവേറ്റ സാഹിത്യയിനങ്ങൾ ആനുകാലികപ്രതലത്തിലേയ്ക്ക് സാമൂഹികതയെത്തന്നെ ആവാഹിക്കുന്നുണ്ട്. ആനുകാലികങ്ങൾ, പ്രത്യയശാസ്ത്രത്തെ യാന്ത്രികമായി ആവഹിക്കുന്ന യന്ത്രങ്ങളല്ല.

ഭഗത് സിംഗിനെ തൂക്കിക്കൊന്ന സംഭവം ആനുകാലിക ഉള്ളടക്കമാക്കാൻ മടിക്കുന്ന *ഭാഷാപോഷിണി*, സ്വാതന്ത്ര്യസമരത്തിലെ സായുധധാരയെ വരെ അടയാളപ്പെടുത്തുന്ന പ്രതീതി സംവഹിക്കുന്ന ജി.യുടെ കവിത പ്രസിദ്ധീകരിച്ചു. അടിയന്തരാവസ്ഥയെ അനുകൂലിച്ച *മാതൃഭൂമി*യിൽ അടിയന്തരാവസ്ഥയെ എതിർക്കുന്ന സാഹിത്യരചനകളും വന്നു. പ്രത്യയശാസ്ത്രവും ആനുകാലികങ്ങളും തമ്മിലുള്ള ബന്ധം യാന്ത്രികമല്ല എന്നതിന്റെ തെളിവാണിത്. ഉന്നതസംസ്കാരം, പ്രത്യയശാസ്ത്രംതന്നെ എന്ന പൂർവ്വധാരണയെ പഠനം സ്ഥിരീകരിച്ചു. ഒപ്പം, ആനുകാലികങ്ങൾ പ്രത്യയശാസ്ത്രപ്രരൂപങ്ങളാണ് എന്ന പൂർവ്വധാരണയും സ്ഥിരീകരിക്കപ്പെട്ടെങ്കിലും, ആനുകാലികങ്ങളും പ്രത്യയശാസ്ത്രവും തമ്മിലുള്ള ബന്ധം വൈരുദ്ധ്യാത്മകമാണ് എന്നാണ്, പക്ഷേ, പഠനത്തിന്റെ അന്തിമോപലബ്ധി. പ്രത്യയശാസ്ത്രത്തെ, മേല്ക്കൊയ്മയുള്ള ആശയത്തെ, ഉന്നതസംസ്കാരത്തെ, സാധൂകരിക്കുകയും ആവർത്തിക്കുകയും പ്രചരിപ്പിക്കുകയും നിലനിർത്താൻ സഹായിക്കുകയും ചെയ്യുന്ന ഉള്ളടക്കം മാത്രമല്ല ആനുകാലികങ്ങളിൽ വരുന്നത്. പ്രത്യയശാസ്ത്രത്തിൽ മേല്ക്കോയ്മ കിട്ടാനായി വിവിധ ആശയധാരകൾ തമ്മിൽ നടക്കുന്ന

ഏറ്റമുട്ടലും ആന്തകാലികങ്ങളിൽ കടന്നുവരും. അതിനാൽ, പ്രത്യയശാസ്ത്രത്തിന്റെ സമരവേദികളാണ് ആന്തകാലികങ്ങൾ.

------------

## ഉറവിടസൂചി

### മലയാളപുസ്തകങ്ങൾ


1. ഇ. എം. എസ്., ഗോവിന്ദപ്പിള്ള, പി. *ഗ്രാംഷിയൻ വിചാരവിപ്ലവം*. അഞ്ചാം പതിപ്പ്. തിരുവനന്തപുരം: ചിന്ത 2008.
2. ഉപാദ്ധ്യായ, ഹരി ഭാവു. *ബാപ്പുവിന്റെ കഥ.* തിരുവനന്തപുരം: കേരള ഗാന്ധി സ്മാരക നിധി 1996.
3. ഒരു സംഘം ലേഖകർ. *കേരള സംസ്കാരപഠനങ്ങൾ.* എഡി. പന്മന രാമചന്ദ്രൻ നായർ. കോട്ടയം: കറന്റ് 2011.
4. ,, ,, ,, *മാധ്യമങ്ങളും മലയാളസാഹിത്യവും*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2002.
5. കൊടുങ്ങല്ലൂർ, കെ. എ. *സ്വാതന്ത്ര്യത്തിന്റെ ബലിപീഠം*. കോഴിക്കോട്: പി. കെ. ബ്രദേഴ്സ് 1999.
6. കോഴിക്കോടൻ. *ചലച്ചിത്രജാലകം*. കോഴിക്കോട്: മാതൃഭൂമി 1985.
7. ,, ,, ,, മലയാളസിനിമയിലെ എക്കാലത്തെയും ഏറ്റവും മികച്ച പത്തു ചിത്രങ്ങൾ. കോഴിക്കോട്: പൂർണ്ണ 2001.
8. ഗണേഷ്, കെ. എൻ. *കേരളസമൂഹപഠനങ്ങൾ.* രണ്ടാം പതിപ്പ്. പത്തനംതിട്ട: പ്രസക്തി 2002.
9. ഗാന്ധി, എം. കെ. *എന്റെ സത്യാന്വേഷണപരീക്ഷകൾ.* കോട്ടയം: ഡി. സി. 2009.
10. ഗോപാലകൃഷ്ണൻ, ചേലങ്ങാട്ട്. *അറിയപ്പെടാത്ത വിപ്ലവകാരികൾ.* തിരുവനന്തപുരം: പ്രഭാത് 2003.
11. ഗോവിന്ദപ്പിള്ള, പി. *സംസ്കാരവും നവോത്ഥാനവും.* തിരുവനന്തപുരം: ചിന്ത 2011.
12. ജയരാജ്, എം. *മലയാള അച്ചടിമാധ്യമം ഭൂതവും വർത്തമാനവും.* കോഴിക്കോട്: മാതൃഭൂമി 2013.
13. ജെഫ്രി, റോബിൻ. *ഇന്ത്യയിലെ പത്രവിപ്ലവം: മുതലാളിത്തം, രാഷ്ട്രീയം, ഭാരതീയ ഭാഷാ പത്രങ്ങൾ, 1977 – 99.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2004.

14. ജോണി, ഒ. കെ. *സിനിമയുടെ വർത്തമാനം*. കോഴിക്കോട്: പാപ്പിയോൺ 2001.

15. തോമസ് ഐസക്, ടി. എം., ചന്ദ്രശേഖരൻ, എൻ. പി. *വ്യാജസമ്മതിയുടെ നിർമ്മിതി മാധ്യമവിമർശനം 2000-2009*. തിരുവനന്തപുരം: ചിന്ത 2010.

16. ഥാപ്പർ, റൊമീല. *ഭൂതകാലവും മുൻവിധികളും*. തിരുവനന്തപുരം: ചിന്ത 2007.

17. നായർ, എൻ. പി. *ക്വിറ്റ് ഇന്ത്യാ സമരം*. കോട്ടയം: ഡി. സി. 1993.

18. പരമേശ്വരൻ നായർ, പി. കെ. *മഹാത്മാ ഗാന്ധി*. കോട്ടയം: എൻ. ബി. എസ്.1949.

19. മധു ഇറവങ്കര. *മലയാളസിനിമയും സാഹിത്യവും*. കോട്ടയം: ഡി. സി. 1999.

20. മധു, ടി. വി. *ഞാൻ എന്ന (അ)ഭാവം*. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി 2011.

21. മലയാളപഠനസംഘം. *സംസ്കാരപഠനം ചരിത്രം, സിദ്ധാന്തം, പ്രയോഗം*. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം 2011.

22. മുരളി, പിരപ്പൻകോട്. *ഭഗത് സിംഗിന്റെ കനൽവഴികൾ*. തിരുവനന്തപുരം: കേരളഗ്രന്ഥശാലാസഹകരണസംഘം 2009.

23. മേനോൻ, വി. ആർ. *മാതൃഭൂമിയുടെ ചരിത്രം*: *ഒന്നാം വാല്യം*. രണ്ടാം എഡിഷൻ. കോഴിക്കോട്: മാതൃഭൂമി 1998.

24. രവീന്ദ്രൻ പി. പി. *വീണ്ടെടുപ്പുകൾ സാഹിത്യം സംസ്കാരം ആഗോളത*. കോട്ടയം: ഡി. സി. 2006.

25. ,, ,, ,, *സംസ്കാരപഠനം ഒരു ആമുഖം*. കോട്ടയം: ഡി. സി. 2002.

26. രാഘവൻ, പുതുപ്പള്ളി. *കേരളപത്രപ്രവർത്തനചരിത്രം*. തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി 2008.

27. രാജീവൻ, ബി. *ജൈവരാഷ്ട്രീയവും ജനസഞ്ചയവും*, കോഴിക്കോട്: റാസ്ബെറി 2013.

28. ,, ,, ,, വാക്കുകളും വസ്തുക്കളും. രണ്ടാം പതിപ്പ്. കോട്ടയം: ഡി. സി. 2011

29. രാജേന്ദ്രൻ, സി. *സൗന്ദര്യശാസ്ത്രം*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. 2000.

30. രാധാകൃഷ്ണൻ, പി. എസ്. *ചരിത്രവും ചലച്ചിത്രവും ദേശ്യഭാവനയുടെ ഹർഷമൂല്യങ്ങൾ*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2010.

31. രാമൻ പിള്ള, കെ. *അടിയന്തരാവസ്ഥയുടെ അന്തർധാരകൾ*. കോഴിക്കോട്: പ്രണവം. 2000.

32. വാരിയർ, പി. എ. *ഇന്ത്യൻ സ്വാതന്ത്ര്യസമരവും കേരളവും*. കോട്ടയം: ഡി. സി. 2009.

33. വിജയകൃഷ്ണൻ. *കാലത്തിൽ കൊത്തിയ ശില്പങ്ങൾ*. കോഴിക്കോട്: ബോധി 1991.

34. ,, ,, ,, *മറക്കാനാവാത്ത മലയാളസിനിമകൾ*. തിരുവനന്തപുരം: ചിന്ത 2008.

35. വെങ്കിടേശ്വരൻ, സി. എസ്. മലയാള സിനിമാ പഠനങ്ങൾ. കോട്ടയം: ഡി. സി. 2011.

36. ശ്രീകമാർ, പി. എൻ. *കണ്ണടകളും കാഴ്ചകളും*. സെഡ് ലൈബ്രറി. തിരുവനന്തപുരം. 2005.

37. ശ്രീധരമേനോൻ, എ. *കേരളവും സ്വാതന്ത്ര്യസമരവും*. കോട്ടയം: ഡി. സി. 2012.

38. ,, ,, ,, *പുന്നപ്രവയലാറും കേരള ചരിത്രവും*. കോട്ടയം: ഡി. സി. 1991.

39. ഷിബു മുഹമ്മദ്. *ചരിത്രത്തിന്റെ മുദ്രണങ്ങൾ മലയാളപത്രപ്രവർത്തനത്തിന്റെ വികാസവും പരിണാമവും*. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2007.

40. ഷീബ എം. കര്യൻ. *റെയ്മണ്ട് വില്യംസ്*. തിരുവനന്തപുരം: ചിന്ത 2012.

41. ഷേക്സ്പിയർ, വില്യം. *ഷേക്സ്പിയർ സമ്പൂർണ്ണകൃതികൾ വാല്യം 3.* കോട്ടയം: ഡി. സി. 2000.

42. സലാം കാരശ്ശേരി. *ഇന്ത്യൻ സിനിമ*. കോട്ടയം: എൻ. ബി. എസ്. 1986.

43. സഹദേവൻ, കെ. *ഗാന്ധിജി: അറിഞ്ഞതും അറിയേണ്ടതും*. നൂറനാട്: ഉണ്മ. 2004.

44. സാം, എൻ. *മലയാളപത്രപ്രവർത്തനം പത്തൊൻപതാം നൂറ്റാണ്ടിൽ*. കോട്ടയം: ഡി. സി., 2003.

45. സുകമാരൻ നായർ, പി. സി., ഉത്തമക്കുറുപ്പ്, സുധാകരൻ പി. എം. *മാതൃഭൂമിയുടെ ചരിത്രം: മൂന്നാം വാല്യം*. കോഴിക്കോട്: മാതൃഭൂമി 1998.

46. സുകമാരൻ, വി. *മാർക്സിയൻ സൗന്ദര്യശാസ്ത്രം* നവസിദ്ധാന്തങ്ങൾ. ചിന്ത, തിരുവനന്തപുരം. 2009.

47. സുനിൽ പി. ഇളയിടം. *ചരിത്രം പാഠരൂപങ്ങളും പ്രത്യയശാസ്ത്രവും*. കോഴിക്കോട്: മാതൃഭൂമി 2004.

48. സെബാസ്റ്റ്യൻ കാപ്പൻ. *മാർക്സിയൻ ദർശനം*. കോട്ടയം: എൻ. ബി. എസ്. 2012.

49. സെൻഗുപ്ത, പത്മിനി. *സരോജിനി നായിഡു*. ന്യൂ ദൽഹി: സാഹിത്യ അക്കാദമി 1989.

**മലയാളം ലേഖനങ്ങൾ**

50. കാരശ്ശേരി, എം. എൻ. 'അവതാരിക', *കുഞ്ഞുണ്ണിക്കൃതികൾ*, ഒന്നാം വാല്യം, കോട്ടയം: ഡി. സി. 2006 11

51. കാർത്തികേയൻ നായർ, വി. 'മുഖവുര'. *ജയിൽക്കുറിപ്പുകൾ ചരിത്രം, സമൂഹം, ദർശനം*. തിരുവനന്തപുരം: മൈത്രി 2007.

52. ഗണേഷ്, കെ. എൻ. 'ചരിത്രവും സാംസ്കാരികചരിത്രവും'. *സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം*. മലയാളപഠനസംഘം. ശുകപുരം:വള്ളത്തോൾ വിദ്യാപീഠം 2011.

53. ഗുപ്തൻ നായർ, എസ്. 'നമ്മുടെ വാരികകളും സാഹിത്യനിലവാരവും'. *പത്രപ്രവർത്തനം ഭിന്നമുഖങ്ങൾ*. കൊച്ചി: കേരള പ്രസ് അക്കാദമി 1987.

54. ഗോവിന്ദപ്പിള്ള പി. 'സാംസ്കാരികപഠനം: പുതുമ, പഴമ, പ്രസക്തി.' *സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം*. മലയാളപഠനസംഘം. ശുകപുരം:വള്ളത്തോൾ വിദ്യാപീഠം 2011.

55. ചന്ദ്ര, ബിപൻ. 'ആമുഖം'. *ഇൻഡ്യയുടെ സ്വാതന്ത്ര്യസമരം*. മൂന്നാം പതിപ്പ്. ഒരു കൂട്ടം എഴുത്തുകാർ. കോട്ടയം: ഡി. സി. 2011.

56. പത്മനാഭൻ, ടി. 'പ്രകാശം പരത്തിയ ബന്ധം'. *മാതൃഭൂമി ദിനപത്രം*. 6 ജനുവരി 2014.

57. പണിക്കർ, കെ. എൻ. 'അന്തോണിയോ ഗ്രാംഷി: ഒരാമുഖം' *ജയിൽക്കുറിപ്പുകൾ ചരിത്രം, സമൂഹം, ദർശനം*. തിരുവനന്തപുരം: മൈത്രി 2007.

58. പോക്കർ, പി. കെ. 'അവസാനമില്ലാത്ത പ്രത്യയശാസ്ത്രം'. *പ്രത്യയശാസ്ത്രം*. ലൂയി അൽത്തൂസർ. കോഴിക്കോട്: പ്രോഗ്രസ്, 2010.

59. ,, ,, ,, 'ആമുഖം'. *ദേശ്യഭാവനയുടെ ഹർഷമൂല്യങ്ങൾ*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2010.

60. പ്രിയദർശനൻ, ജി. 'അച്ചടിയും ആദ്യകാലപത്രമാസികകളും'. *മാധ്യമങ്ങളും മലയാളസാഹിത്യവും*. ഒരു സംഘം ലേഖകർ. തിരുവനന്തപുരം:.ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. 2002.

61. മധു, ടി. വി. 'മാർക്സ് വായനകളിൽ തെളിയുന്നതും മറയുന്നതും'. *മാർക്സ് വായനകൾ*, എഡി. ടി. വി. മധു. കോഴിക്കോട്: റാസ്ബെറി 2015.

62. രാമചന്ദ്രൻ നായർ, പന്മന. 'ആമുഖം'. *കേരളസംസ്കാരപഠനങ്ങൾ*. എഡി. പന്മന രാമചന്ദ്രൻ നായർ. കോട്ടയം: കറന്റ് 2011.

63. വസന്തൻ, എസ്. കെ. 'പ്രസ്താവന'. *സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം*. ശുകപുരം:വള്ളത്തോൾ വിദ്യാപീഠം 2011.

64. ഷാജി ജേക്കബ്. 'മാധ്യമങ്ങളുടെ സാംസ്കാരികരാഷ്ട്രീയം.' *സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം*. ശുകപുരം:വള്ളത്തോൾ വിദ്യാപീഠം 2011.

65. ,, ,, ,, 'മാധ്യമപഠനത്തിന്റെ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ' *മീഡിയ.* ഒക്ടോബർ 2014

66. ,, ,, ,, മാർക്സിസവും മാധ്യമപഠനവും, മീഡിയ, ഏപ്രിൽ 2016.

67. ഷാനവാസ്, പി. പി. 'ചരിത്രകാരന്റെ പണിപ്പുര' (ആമുഖം). *കൊളോണിയലിസം സംസ്കാരം പാരമ്പര്യബുദ്ധിജീവികൾ*. തിരുവനന്തപുരം: ചിന്ത 2006.

68. സച്ചിദാനന്ദൻ. 'ആഴ്ചപ്പതിപ്പെന്നാൽ മാതൃഭൂമി'. *മാതൃഭൂമി ദിനപത്രം* 6 ജനുവരി 2014.

69. സലാം കാരശ്ശേരി. 'അവതാരിക'. മലയാളസിനിമയിലെ എക്കാലത്തെയും മികച്ച പത്തു ചിത്രങ്ങൾ. കോഴിക്കോട്: പൂർണ്ണ 2001.

**മലയാളം ആനുകാലികങ്ങൾ**

70. *കേസരി.* സെപ്റ്റംബർ 1930.

71. ,, ,, ,, .മാർച്ച് 1935.

72. *കൈരളി* 4 നവംബർ 1946.

73. *കൗമുദി* ഓണം വിശേഷാൽ പ്രതി *1965.*

74. *ധർമ്മദേശം.* 2 ഡിസംബർ1946.

75. *പ്രഭാതം.* 20 ഒക്ടോബർ1946.

76. ,, ,, ,, . 27 ഒക്ടോബർ 1946.

77. ,, ,, ,, .3 നവംബർ 1946.

78. *ഭാഷാപോഷിണി* . കന്നി 1072.

79. ,, ,, ,, .മേടം 1093.

80. ,, ,, ,, . ചിങ്ങം 1106.

81. ,, ,, ,, . ചിങ്ങം 1106.

82. ,, ,, ,, . കന്നി 1106.

83. ,, ,, ,, . തുലാം 1106.

84. ,, ,, ,, . വൃശ്ചികം 1106.

85. ,, ,, ,, . ധനു 1106.

86. ,, ,, ,, . മീനം 1106.

87. ,, ,, ,, . കർക്കടകം 1106.

88. *മലയാളനാട്* 13 ജൂലൈ 1975.

*89.* ,, ,, ,,. . 11 സെപ്റ്റംബർ 1977.

*90.* ,, ,, ,, . 17 ആഗസ്റ്റ് 1977.

91. *മലയാളരാജ്യം* . 14 ആഗസ്റ്റ് 1946.

92. ,, ,, ,, . 3 നവംബർ 1946.

93. *മാതൃഭൂമി.* 18 ജനുവരി 1932

94. ,, ,, ,,. 15 ഫെബ്രുവരി 1932.

95. ,, ,, ,,. 14 മാർച്ച് 1932.

96. ,, ,, ,,. 28 മാർച്ച് 1932.

97. ,, ,, ,,. 31 മാർച്ച് 1932.

98. ,, ,, ,,. 4 ഏപ്രിൽ 1932

99. ,, ,, ,,. 11 ഏപ്രിൽ 1932.

100.,, ,, ,,. 18 ഏപ്രിൽ 1932.

101.,, ,, ,,. 25 ഏപ്രിൽ 1932.

102.,, ,, ,,. 19 സെപ്തംബർ 1932.

103.,, ,, ,,. 29 മാർച്ച് 1942.

104.,, ,, ,,. 9 ആഗസ്റ്റ് 1942.

105.,, ,, ,,. 16 ആഗസ്റ്റ് 1942.

106.,, ,, ,,. 6 ജനുവരി 1946.

107.,, ,, ,,. 3 ജനുവരി 1960.

108.,, ,, ,,. 31 ജൂലൈ 1966.

109.,, ,, ,,. 7 ആഗസ്റ്റ് 1966

110.,, ,, ,,. 14 ആഗസ്റ്റ് 1966.

111.,, ,, ,,. 21 ആഗസ്റ്റ് 1966.

112.,, ,, ,,. 28 ആഗസ്റ്റ് 1966.

113.,, ,, ,,. 4 സെപ്തംബർ 1966.

114.,, ,, ,,. 11 സെപ്തംബർ 1966.

115.,, ,, ,,. 5 ജനുവരി 1975.

116.,, ,, ,,. 10 ആഗസ്റ്റ് 1975.

117.,, ,, ,,. 24 ആഗസ്റ്റ് 1975.

118.,, ,, ,,. 14 സെപ്തംബർ 1975.

119.,,   ,,   ,,. 21 സെപ്തംബർ 1975.

120.,,   ,,   ,,. 9 നവംബർ 1975.

121.,,   ,,   ,,. 16 നവംബർ 1975.

122.,,   ,,   ,,. 23 നവംബർ 1975.

123.,,   ,,   ,,. 30 നവംബർ 1975.

124.,,   ,,   ,,. 25 ജനുവരി 1976.

125.,,   ,,   ,,. 28 ഏപ്രിൽ 1985.

126.,,   ,,   ,,. 7 ജനുവരി 1990.

127.,,   ,,   ,,. 17 ജൂൺ 1990.

128.,,   ,,   ,,. 24 ജൂൺ 1990.

129.,,   ,,   ,,. 1 ജൂലൈ 1990.

130.,,   ,,   ,,. 8 ജൂലൈ 1990.

131.,,   ,,   ,,. 15 ജൂലൈ 1990.

132.,,   ,,   ,,. 25 നവംബർ 1990.

133.,,   ,,   ,,. 23 ഡിസംബർ 1990.

134.,,   ,,   ,,. 1 ജനുവരി 1991.

135.,,   ,,   ,,. 7 ജനുവരി 1991.

136.,,   ,,   ,,. 13 ജനുവരി 1991.

137.,,   ,,   ,,. 3 ജനുവരി 1993.

138.,,   ,,   ,,. 16 ജനുവരി 2000.

139.,,   ,,   ,,. 2 മാർച്ച് 2003.

140.,,   ,,   ,,. 9 മാർച്ച് 2003.

141.,,   ,,   ,,. 16 മാർച്ച് 2003.

142.,,   ,,   ,,. 23 മാർച്ച് 2003.

143.,,   ,,   ,,. 30 മാർച്ച് 2003.

144.,,  ,,  ,,. 6 ഏപ്രിൽ 2003.

145.,,  ,,  ,,. 14 മാർച്ച് 2010.

146.,,  ,,  ,,. 16 നവംബർ 2014.

147.,,  ,,  ,,. 23 നവംബർ 2014.

148.,,  ,,  ,,. 30 നവമ്പർ 2014.

149.,,  ,,  ,,. 7 ഡിസംബർ 2014.

150.,,  ,,  ,,. 21 ഡിസംബർ 2014.

151.,,  ,,  ,,. 28 ഡിസംബർ 2014.

152.,,  ,,  ,,. 19 ഏപ്രിൽ 2015.

153.*മംഗളോദയം.* വൃശ്ചികം 1084.

154. ,,  ,,  ,,. മിഥുനം 1105

155.,,  ,,  ,,. മിഥുനം 1106.

**മലയാളം ദിനപത്രം**

156.*മാതൃഭൂമി* ദിനപത്രം 6 ജനുവരി 2014

157. ,,  ,,  ,,  8 ജൂൺ 2016.

**ഇംഗ്ലീഷ് പുസ്തകങ്ങൾ**

158.Althusser, Louis. *Essays on Ideology*. London: Verso. 1993.

159.Anderson, Benedict. *Imagined Communities Reflections on the origin and spread of Nationalism*. London: Verso. 2006.

160.Barry, Peter. *Beginning Theory: An Introduction to Literary and Cultural Theory*. Third Edn. New Delhi: Viva 2012.

161.Blackburn, Simon. *Dictionary of Philosophy*. New Delhi: Oxford. 2006.

162.Bowker, Julian. *Looking at Media Studies*. UK: Hodder & Stoughton. 2003.

163.Buckingham, D. *Media Education: Literacy, Learning and Contemporary Culture*. London: Polity 2003.

164.Campbell, A. *The Blair Years*. London: Hutchson 2007.

165.Carey, James W. ‘Overcoming Resistance to Cultural Studies’ in *What Cultural Studies? A Reader*, 4th ed. John Storey. London: Edward Arnold. year

166.Christopher, K. W. *Rethinking Cultural Studies*. Jaipur: Rawat 2005.

167.Cudon, J. A. *Dictionary of Literary Terms & Literary Theory*. (Revised by Preston, C. E.). New Delhi: Penguin India 2010.

168.Danesi, Marcel. *Dictionary of Media and Communications*. U. S. A.: M. E. Sharpe 2009.

169.Desai, Narayan. My Life is My Message – I. Hyderabad: Orient Blackswan 2009.

170.Eagleton, Terry. *Ideology: an introduction*, London: Verso 1991.

171.Eagleton, Terry. *The Idea of Culture.* Massachusetts: Blackwell 2000.

172.Eagleton, Terry. *After Theory*. London: Penguin 2004.

173.Faucault, Michel. *The Archaeology of Knowledge*. London: Routledge 2002.

174.Gupta, Neelanjana. *Approaches in Literary Theory*. Delhi: Worldview 2004.

175.Hall, S. ‘Encoding/Decoding’ in S. Hall, D. Hobson, A. Lowe and P. Willis (eds.) *Culture, Media, Language*. London: Hutchison 1980.

176.Herman S. Edward and Chomsky Noam, *Manufacturing consent: The Political Economy of the Mass Media*. London: Vintage1994.

177.Jafferelot, Christophe (ed). *Hindu Nationalism A Reader*. Ranikhet: Permanent Black 2007.

178.Jaffrelot, Christophe. *India’s Silent Revolution – The Rise of the Lower Castes in North India*. London: C Hurst & Co. 2003.

179.Latham, Sean and Scholes, Robert. "*The Rise of Periodical Studies*" USA: PMLA 2006.

180.Laughey, D. *Key Themes in Media Theory*. Maidenhead: Open University Press. 2007.

181.Lewis, Jeff. *Cultural Studies: The Basics*. London:Sage 2008.

182.Miller and Brovit. *Contemporary Cultural Theory*. Delhi: Rawat 2003.

183.Nayar, Pramod K. An Introduction to Cultural Studies, Viva, New Delhi. 2009.

184.Noorani, A. G. (ed). *The Babri Msjid Question 1528 – 2003. A Matter of National Honour, Vol. II,* New Delhi: Tulika 2003.

185.Press, A. and Williams, B. The New Media Environment: An Introduction. Oxford 2010.

186.Ministry of Information and Broadcasting, Government of India. *Press in India – 2013-14*. 58th Annual Report of News Papers.

187.Morrish, John and Bradshaw, Paul. *Magazine Editing in Print and Online*. Routledge. New York. 2012:

188.Roadman, G. B. *Why Cultural Studies*. U. K.: Wiley Blackwell 2015.

189.Sarder, Z. and Van Loon, B. *Introducing Media Studies*. New York: Totum 2000.

190.Shakespeare, William. *Complete Works*. Great Briton: Collins 1979.

191.Sica, Alan. *Social Thought: From the Enlightenment to the Present*. Boston MA: Person 2005.

192.Sim, Stuart. *Post-Marxism An Intellectual History*. London and New York: Routledge, 2000.

193.Storey, John. *Cultural Theory and Popular Culture: An Introduction*. Noida: Pearson. 2014.

194.Tucker, Robert. C *The Marx-Engels Reader*. Norton. 1978.

195.Turner, Graeme. *British Cultural Studies: An Introduction. 3rd Edn*. London: Routledge, 2003.

196.Venugopal, Rajitha, Krishnanand A. etc. *What About Theory?*. Kalyany Vallath Ed. Thiruvananthapuram: TES 2011 115

197.Watson, J. and Hill, A. *A Dictionary of Communication and Media Studies*. London: Hodder Arnold. 2003.

198.Williams, Raymond. Keywords: A Vocabulary of Culture and Society. New York: Oxford 1983.

199.Williams, Raymond. *Television: Technology and Cultural Form.* First Indian Reprint. London: Routledge 2004.

200.Zizek, Slavoj. *The Sublime Object of Ideology*. London: Verso 1989.

**ഇംഗ്ലീഷ് ലേഖനങ്ങൾ**

201.Dennett, D. 'The Self as a Centre of Narrative Gravity' in *Self and Consciousness: Multiple Perspecives*, eds., F. S. Kessel etc.: Erlbaum Associates 1992.

202.Gupta, Prof. V. S. 'Mahatma Gandhi and Mass Media', *Employment News*, 29 September – 5 October Vol. XXVI 2001..

203.Pilger, J. 'The Crusaders', *New Internationalist* 2001.

204.Rajeevan, B. 'Cultural Formation of Kerala'. *Essays on the Cultural Formation of Kerala Literature, Art, Architecture, Music, Theatre and Cinema*. Vol. IV. Part

II. Ed. Dr. P. J. Cherian. Kerala State Gazetteers Department. Thiruvananthapuram 1999.

### ഇംഗ്ലീഷ് പത്രങ്ങൾ

205. *The Glasgow Herald*. 8 February 1932

206. *The Hindu*. 7 December 1992.

207. *The Reading Eagle*. 15 February 1932.

### ഇന്റർനെറ്റ് ലേഖനങ്ങൾ

208. https://en.wikipedia.org/wiki/Mathrubhumi Retrieved on 02.01.2015

209. https://en.wikipedia.org/wiki/Mathrubhumi_Azhchappathippu. Retrieved on 02.01.2015

210. http://www.satyagrahafoundation.org/gandhis-salt-march-campaign-contemporary-dispatches-12/ Retrieved on 2.2.2015

211. https://ml.wikipedia.org/wiki/ചുംബന_സമരം

212. http://imvelayudhanmaster.blogspot.in/p/brief-life-sketch.html

213. en.wikipedia.org/wiki/Frank_Luther_Mott

214. en.wikipedia.org/wiki/History_of_the_book

215. https://en.wikipedia.org/wiki/Stanley_Jackson

216. en.wikipedia.org/wiki/History_of_the_book

# പദസൂചി

| | |
|---|---|
| അതിനിർണ്ണയം | Over Determination |
| അധികാരബന്ധങ്ങൾ | Power Relations |
| അധ്യാലേഖനം | Extrapolate |
| അന്തർവിഷയി | Interdisciplinary |
| അപനിർമ്മിതി | Deconstruction |
| അപരം | Other |
| അർത്ഥം | Meaning |
| അർവാചീനം | Posterior |
| ആകസ്മികമാതൃകാപഠനം | Random Sample Study |
| ആഖ്യാനം | Narrative |
| ആനുകാലികങ്ങൾ | Periodicals |
| ആശയം | Idea |
| ഉന്നതസംസ്കാരം | High Culture |
| എതിർപരിശോധന | Cross Checking |
| കർത്താവ് | Agent |
| കർതൃത്വം | Agency |
| കലാനിർമ്മിതി | Artefact |

| | |
|---|---|
| കാനോനികത | Canonic |
| കാഴ്ചബംഗ്ലാവുസംസ്കാരം | Museum Culture |
| കുലീനസംസ്കാരം | Elite Culture |
| ഘട്ടവാദം | Stagism |
| ജനപ്രിയസംസ്കാരം | Popular Culture |
| ജ്ഞാനോദയം | Enlightenment |
| താക്കോൽപ്പാഠം | Key Text |
| ദമനം | Repression |
| ദേശത | Nation-ness |
| ദേശീയത | Nationality |
| ദൃഷ്ടാന്തപഠനം | Case Study |
| നവമുതലാളിത്തം | Neo Capitalism |
| നവോത്ഥാനം | Renaissance |
| നിരൈതിഹ്യവത്കരണം | Demythification |
| നിർമ്മിതം | Produced |
| പരാമർശിതം | Referent |
| പില്ക്കാലമുതലാളിത്തം | Late Capitalism |
| പുനഃസൃഷ്ടി | Reconstruction |
| പൗരസമൂഹം | Civil Society |

| | |
|---|---|
| പ്രത്യക്ഷം | Appearance |
| പ്രത്യയശാസ്ത്രീകരണം | Ideologize |
| പ്രത്യയശാസ്ത്രം | Ideology |
| പ്രമേയം | Theme |
| പ്രവണത | Tendency |
| ബഹുജനമാധ്യമങ്ങൾ | Mass Media |
| മാധ്യമപഠനങ്ങൾ | Media Studies |
| മാധ്യമപാഠം | Media Text |
| മാർക്സിസാനന്തരലോകം | Post Marxist World |
| മേല്ക്കോയ്മ | Hegemony |
| മൂല്യം | Value |
| രാഷ്ട്രീയദേശീയത | Political Nationality |
| രാഷ്ട്രീയാപായസാധ്യത | Political Risk |
| രാഷ്ട്രീയസമൂഹം | Political Society |
| രീതി | Mode |
| രേഖീയം | Linear |
| ലാക്ഷണികവായന | Symptomatic Reading |
| വിചാരമാതൃകാവ്യതിയാനം | Paradigm Shift |
| വിമർശവിശകലനം | Critical Analysis |

| | |
|---|---|
| വിലപേശൽ | Negotiation |
| വിലോമം | Opposite |
| വിശിഷ്ടരചന | Classic |
| വിഷയി | Subject |
| വിഷയം | Object |
| വൈരുധ്യാത്മകചിന്ത | Dialectical Thought |
| വംശധാര | Pedigree |
| വ്യവഹാരം | Discourse |
| സ്ഥാപകപാഠം | Founding Text |
| സംസ്കാരം | Culture |
| സംസ്കാരവ്യവസായം | Culture Industry |
| സാമ്പത്തിക നിർണ്ണയവാദം | Economic Determinism |
| സാംസ്കാരികകലാനിർമ്മിതി | Cultural Artefact |
| സാംസ്കാരികപഠനങ്ങൾ | Cultural Studies |
| സാംസ്കാരികപരിണാമം | Cultural Transformation |
| സാംസ്കാരികഭൗതികവാദം | Cultural Materialism |
| സാംസ്കാരികവിലോമം | Cultural Opposite |
| സാമ്രാജ്യത്വം | Imperialism |

## അനുബന്ധം 1

### ഡോ. കെ. എൻ. പണിക്കർ: അഭിമുഖം

1. മലയാളിയുടെ സംസ്കാരത്തിന്റെ തനിമ എന്താണ്? കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കം മുതൽ ഇതുവരെയുള്ള കാലത്ത് ആ തനിമയിൽ എന്തൊക്കെ പരിവർത്തനം വന്നു?

മലയാളികളുടെ തനിമ എന്നു പറയുന്നത് ചില വിശേഷണങ്ങളോടുകൂടിയായിരിക്കണം. മലയാളിത്തനിമ എന്നു പറയാവുന്ന ഒന്നുണ്ടോ? വ്യത്യസ്തമായ സാമൂഹികവിഭാഗങ്ങൾക്ക് – അവ തമ്മിൽ തൊട്ടുകൂടാത്തതാണ് എന്നല്ല പറയുന്നത് – അത്തരമൊരു സ്ഥിതിയുണ്ട്; അവരുടേതായ സാംസ്കാരികതിരിച്ചറിവുകളുണ്ട്. തനിമ എന്നു വിശേഷിപ്പിക്കുമ്പോൾ, സാമൂഹികമായ ഒരു കാഴ്ചപ്പാട് ആവശ്യമാണ്. ഈ പരിപ്രേക്ഷ്യത്തിൽ, മലയാളിത്തനിമ എന്നു പറയുന്നതിന് ഒരു consensual character (പൊതുസമ്മതസ്വഭാവം – അഭിമുഖകാരൻ) ആണുള്ളത്. അത് ഒരു കാലയളവിലാണ് രൂപീകരിച്ചിട്ടുള്ളത്. എങ്കിലും, ആധുനികകാലത്ത് അതിനൊരു പുതിയ മാനം സിദ്ധിക്കുകയുണ്ടായി. 'ഞാൻ ആരാണ്' എന്ന ചോദ്യം കൂടുതൽ ചോദിക്കാൻ തുടങ്ങിയത് ഈ കാലത്താണ്. അതിന് ഉത്തരം പല തരത്തിലാണ് ഓരോരുത്തർക്കും കിട്ടിയത്. അത്, അവനവന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിലും പരിതസ്ഥിതിയുടെ അടിസ്ഥാനത്തിലും ഒക്കെയാണ്. അവയിൽ ഒന്നു മാത്രമാണ് മലയാളിത്തം. അത്, ഏകവും നിർണ്ണായയകവുമാണോ എന്നതിനെക്കുറിച്ച് അഭിപ്രായവ്യത്യാസമുണ്ടാകാം. പക്ഷേ, തനിമ എന്നത് ഏകരൂപമായി നോക്കിക്കാണുന്നതിൽ അപര്യാപ്തതയുണ്ടെന്നാണ് എനിക്കു തോന്നുന്നത്. പല വർഗ്ഗ-സ്വത്വബന്ധങ്ങളുടെയും ആകെത്തുകയാണ് മലയാളി. തനിമ എന്നത് അങ്ങനെ നോക്കിക്കാണണം.

**2.** കേരളത്തിന്റെ ആധുനികത യൂറോപ്യൻ നവോത്ഥാനത്തിന്റെ ആവർത്തനമല്ല എന്ന് മാഷ് പറയാറുണ്ട്. നമ്മൾ നമ്മുടേതായ ഒരു നവോത്ഥാനം കണ്ടെത്തുകയായിരുന്നു, അതിന്റെ നേട്ടങ്ങളോടെയും കോട്ടങ്ങളോടെയും എന്നു കൂട്ടിച്ചേർക്കാറുമുണ്ട്. ഒന്നു വിശദമാക്കാമോ?

ആദ്യം, യൂറോപ്യൻ renaissance-ഉം ആയിട്ടുള്ള താരതമ്യം: യൂറോപ്യൻ നവോത്ഥാനം ഉണ്ടാകുന്നത്, വളരെ അടിസ്ഥാനപരമായ മാറ്റങ്ങൾ സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സമയത്താണ്. ആ മാറ്റങ്ങളുടെ ഒരു ആശയബഹിർസ്ഫുരണമാണ് അവിടെ സംഭവിച്ചത്. വാസ്തവത്തിൽ, നമ്മുടെ നവോത്ഥാനവും യൂറോപ്യൻ നവോത്ഥാനവുമായി വലിയ ബന്ധമൊന്നുമില്ല. നമ്മുടെ മൂല്യനവോത്ഥാനം ഇവിടെയുള്ള വളരെ സങ്കീർണ്ണവും മാനവികവിരുദ്ധവുമായ സാമൂഹികവ്യവസ്ഥയോടുള്ള ഒരു പ്രതികരണമാണ്. ആ നവോത്ഥാനത്തിന് രണ്ടു മൂന്നു മുഖ്യസ്വഭാവങ്ങളുണ്ട്. ഒന്ന്, ഇതിന്റെ

അടിസ്ഥാനപ്രചോദനമായിക്കാണുന്നത് humanism ആണ്. ആ മാനവികത വാസ്തവത്തിൽ യൂറോപ്യൻ മാനവികതയുടെ നേർപ്പകർപ്പൊന്നുമല്ല. മനുഷ്യന്റെ ജീവിതപരിതസ്ഥിതികളോടുള്ള ഒരു reaction ആണ്. അതിനുവേണ്ടി, പല കാഴ്ചപ്പാടുകളും വികസിക്കുകയും ചെയ്തിട്ടുണ്ട്; മതപരിഷ്കാരംമുതൽ വ്യക്തിപരമായ ബന്ധങ്ങൾവരെ. വളരെ വിപുലമായ അന്വേഷണങ്ങൾ നടന്നു. അന്നു പക്ഷേ, നവോത്ഥാനം അത്ര ശക്തമല്ലായിരുന്നു. അതുകൊണ്ട്, ജീവിതത്തിന്റെ എല്ലാ തുറകളിലേയ്ക്കും – സമൂഹത്തിന്റെ എല്ലാ തട്ടുകളിലേയ്ക്കും - നവോത്ഥാനം കടന്നുചെന്നില്ല. വൈകിവന്ന കേരളനവോത്ഥാനത്തിൽ ചില വ്യത്യാസങ്ങൾ ഉണ്ടായിരുന്നു എന്നത് നാം വിസ്മരിക്കുന്നില്ല. നാരായണ ഗുരുവും അയ്യൻ കാളിയും പണ്ഡിറ്റ് കറുപ്പനുമൊക്കെ നമ്മുടെ നവോത്ഥാനനായകന്മാരാണല്ലോ. എങ്കിലും, മതവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ചില പരിഷ്കാരങ്ങൾ വരുത്തുക, നമ്മുടെ സാമൂഹികാചാരങ്ങളിൽ പരിഷ്കാരങ്ങൾ വരുത്തുക എന്നതിൽ നവോത്ഥാനം അടങ്ങിനിന്നു. ഇതിന്, വളരെ പരിമിതികൾ ഉണ്ടായിരുന്നു. സാമൂഹികസേവനം, അല്ലെങ്കിൽ സാമൂഹികപ്രശ്നങ്ങളോട് പ്രതികരിക്കുക എന്നതിൽ കൂടുതൽ ആയിട്ട് ഒരു ബൗദ്ധികതലത്തിൽ സമൂഹത്തെ വിശകലനം ചെയ്യാനുള്ള പ്രവണത കുറവായിരുന്നു എന്നു തോന്നുന്നു. ഉണ്ടായിരുന്നില്ല എന്നല്ല പറയുന്നത്. നാരായണ ഗുരു സ്വാമികൾ ഉന്നതമായ ആശയങ്ങളെ സരളമായി വ്യാഖ്യാനിച്ച വ്യക്തിയായിരുന്നു. പൊതുവിൽ നമ്മുടെ നവോത്ഥാനം ഒരു ശക്തിയായ ധൈഷണികപ്രവാഹമായിരുന്നില്ല. അതുണ്ടായിട്ടില്ല. ഉണ്ടാകാത്തതിന് ഒരുപാടു കാരണങ്ങൾ ഉണ്ടാകാം. ഒന്ന്, നവോത്ഥാനം ഒരതിർത്തിവരെ മധ്യവർഗ്ഗത്തിൽ മാത്രം ഒതുങ്ങിനിന്ന ഒന്നായിരുന്നു. സമൂഹത്തിൽ ആകെ അതിന്റെ വേരോടിയില്ല. അത്, എല്ലാ നവോത്ഥാനങ്ങൾക്കും ബാധകമാണ്. യൂറോപ്പിലും അങ്ങനെതന്നെയാണ് ഉണ്ടായിട്ടുള്ളത്. ഇന്ത്യൻ നവോത്ഥാനത്തിന്റെ പ്രാധാന്യം, വാസ്തവത്തിൽ അതിന്റെ വ്യാപ്തി, അതു വിതച്ച വിത്തുകൾ ആണ്. അത് ഭാവിയിൽ മുളച്ചേക്കാവുന്ന വിത്ത് പാകുകയാണ് ചെയ്തത്. നമ്മുടെ ഭാവിലോകം എന്താകണം എന്നതിനെക്കുറിച്ച ദൂരദർശനം. അതിന് അസാധാരണമായ ആകർഷണമുണ്ടായിരുന്നു. അത് സമൂഹത്തെ ഇളക്കിമറിച്ചു എന്നു പറയാം. അത് എല്ലാവരുടെയും അടുത്തേയ്ക്ക് എത്തിയിട്ടില്ല എന്ന ഒരാരോപണം ഉണ്ടെങ്കിൽക്കൂടി, സമുദായത്തിൽ ഒരു കോളിളക്കം സൃഷ്ടിച്ചു. അതിന് ആശയപരമായ മാനവികത എന്നതുപോലെത്തന്നെ സാർവ്വലൗകികത്വവും വളരെ പ്രധാനപ്പെട്ട ഘടകമാണ്. വാസ്തവത്തിൽ, നമ്മുടെ സെക്കുലറിസത്തിന്റെ അടിത്തറ അതാണ്. അത്, മധ്യകാലത്തുണ്ടായിട്ടുള്ള ഭക്തിപ്രസ്ഥാനത്തിന്റെ ഒരു ആവർത്തനമാണ്; ചരിത്രസന്ദർഭവും പ്രവർത്തനരീതികളും വ്യത്യസ്തമാണെങ്കിൽക്കൂടി. ഭക്തിപ്രസ്ഥാനത്തിന്റെതന്നെ കൈവഴികൾ പത്തൊമ്പതാം നൂറ്റാണ്ടിലും എത്തിനില്ക്കുന്നു; ഭക്തിപ്രസ്ഥാനത്തെ അനുകരിക്കുന്നില്ല എങ്കിൽക്കൂടി.

**3.** അപ്പോൾ, യൂറോപ്യൻ നവോത്ഥാനത്തിന്റെ പകർപ്പാണ് ഇവിടെയുണ്ടായത് എന്നാണ് പൊതുവേ പറയാറ്, അതു ശരിയല്ല, ഭക്തിപ്രസ്ഥാനത്തിൽ വേരുള്ള ഒരു oriental നവോത്ഥാനം തന്നെയാണ്

ഇവിടെ ഉണ്ടായത് എന്നാണോ? ആധ്യാത്മികത, ആധ്യാത്മികതയുടെ പുതുവ്യാഖ്യാനം, അദ്വൈതത്തിന്റെ പുതുവ്യാഖ്യാനം അവയൊക്കെത്തന്നെയാണോ അതിന്റെ വേരുകളായി മാറിയത്?

അതാണ് ഒരു പ്രധാന ഘടകം. ഹിന്ദുപരിഷ്കർത്താക്കൾ മിക്കവാറും അദ്വൈതവാദികൾ തന്നെയായിരുന്നു. നാരായണ ഗുരുവടക്കം. ആധുനിക ഇന്ത്യയുടെ പിതാവായി പരിഗണിക്കപ്പെടുന്ന റാം മോഹൻ റായ് വേദങ്ങളും ഉപനിഷത്തുക്കളും വിവർത്തനം ചെയ്യുകയും പ്രചരിപ്പിക്കുകയും ചെയ്ത വ്യക്തിയായിരുന്നു. പാശ്ചാത്യസംസ്കാരത്തിന്റെ സ്വാധീനമാണ് ഒരു ചെറിയവിഭാഗത്തെ സാമൂഹികപ്രശ്നങ്ങളെ critical ആയി നോക്കിക്കാണാൻ പ്രേരിപ്പിച്ചത്. ഈ രണ്ടു ധാരകളുടെയും സമന്വയമാണ് നവോത്ഥാനത്തിനു തുടക്കം കുറിക്കുന്നത്. അവർ ഇന്ത്യൻ സാമൂഹികജീവിതത്തിൽ വളരെയധികം കുറവുകൾ കണ്ടെത്തി. അതിനു പരിഹാരം കാണാൻ പാശ്ചാത്യസംസ്കാരമോ പരമ്പരാഗത ഇന്ത്യൻ സംസ്കാരമോ മാത്രം സഹായകമായില്ല. ഞാൻ ഒരു ഉദാഹരണം പറഞ്ഞുതരാം; വിദ്യാസാഗർ. ഒരു വലിയ പണ്ഡിതനായിരുന്നു. കൽക്കത്താ സംസ്കൃതം കോളേജിന്റെ പ്രിൻസിപ്പൽ ആയിരുന്നു. സംസ്കൃതപഠനം ദേശീയഭാഷകളെ സമ്പന്നമാക്കാനാകണം എന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം. അദ്ദേഹം ഒരു സിലബസ് ഉണ്ടാക്കുകയുണ്ടായി. സംസ്കൃതത്തിന്. സിലബസിന്റെ രണ്ടു പേപ്പറുകൾ നിർബ്ബന്ധമായിട്ടും ഇംഗ്ലീഷും ആയി ബന്ധപ്പെട്ടതാകണമെന്ന് അദ്ദേഹം ശഠിച്ചു. പിന്നീട് പലയിടുത്തും അത് ആവർത്തിക്കപ്പെട്ടു. അപ്പോൾ, ഇന്ത്യയിലെ നവോത്ഥാനം, കേരളത്തിലെ നവോത്ഥാനം, പാരമ്പര്യത്തിൽ മാത്രം അടങ്ങിയതായിരുന്നില്ല. മറ്റു പല സ്വാധീനവും അതിനു വഴിയൊരുക്കിയിട്ടുണ്ട് എന്നർത്ഥം.

**4.** കേരളത്തിൽ പുതിയ തരം സാമ്പത്തികവിതരണം ഉണ്ടായതു വഴി ഒരു പുതിയ സാമ്പത്തികവിഭാഗം – ഇടത്തരക്കാർ - ഉയർന്നുവന്നതു മൂലമാണ് നമ്മുടെ നവോത്ഥാനം സംഭവിച്ചത് എന്നു പറയാറുണ്ട്. ഉദാഹരണത്തിന്, കേരളത്തിൽ നാരായണ ഗുരുവിനെപ്പോലെ പല ആധ്യാത്മികാചാര്യന്മാർ ഉണ്ടായിരുന്നുവെന്നും അവരിൽ ഗുരു പ്രാമാണികനായി ഉയർന്നുവന്നത് അദ്ദേഹത്തെ സാമ്പത്തികമായും സംഘടനാപരമായും പിന്തുണയ്ക്കാൻ ഒരു പുതിയ സാമ്പത്തികവർഗം ഉണ്ടായതുകൊണ്ടാണെന്നും പറയാറുണ്ട്. ഇതുവച്ച് നമ്മുടെ നവോത്ഥാനത്തിന്റെ സാമ്പത്തികവും വർഗ്ഗപരവുമായ ഉറവിടങ്ങൾ കണ്ടെത്താനാവുമോ?

ഇത് എല്ലാ പ്രസ്ഥാനങ്ങൾക്കും ബാധകമാണ്. ഒരു പ്രസ്ഥാനവും സാമ്പത്തികശക്തികളുടെ പിൻബലമില്ലാതെ വളർന്നുവരില്ല. അങ്ങനെ ഉണ്ടായില്ലെങ്കിൽ നവോത്ഥാനം മാത്രമല്ല ഏതു പ്രസ്ഥാനവും പരാജയപ്പെടും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ എല്ലാ പ്രസ്ഥാനങ്ങൾക്കും ഒരു സാമ്പത്തികവർഗ്ഗാടിത്തറയുണ്ട്. ഇന്ത്യൻ നവോത്ഥാനം എടുക്കുമ്പോഴും, കേരളനവോത്ഥാനം എടുക്കുമ്പോഴും, അതിന്റെ സാമൂഹികമായ അടിത്തറ മധ്യവർഗ്ഗമാണ്. അത് നവോത്ഥാനത്തിന്റെ

ശക്തിയും ദൗർബ്ബല്യവുമാണ്. ശക്തി എന്നു പറയാൻ കാരണം, പുതുതായി വളർന്നുവരുന്ന ഒരു വർഗ്ഗത്തിന്റെ എല്ലാ പ്രതീക്ഷകളും ഭാവിയിലാണ്. അതിനുവേണ്ടി, സമുദായത്തെ, സമൂഹത്തെ കരുപ്പിടിപ്പിക്കുക എന്നതാണ് അവരുടെ കാഴ്ചപ്പാട്. അതുപോലെത്തന്നെ അവർക്ക് ഒരു പ്രതിസന്ധി അനുഭവപ്പെടുന്നുണ്ട്. കേരളത്തിലെ മധ്യവർഗ്ഗവും ഒരു പ്രതിസന്ധി നേരിടുന്നു. അത് സാംസ്കാരികമായ ഒരു പ്രതിസന്ധിയാണ്. സാംസ്കാരികമായി ഒരുപാടു മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ, സാമ്പത്തികമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ, ആണ് ഈ പ്രതിസന്ധി അനുഭവപ്പെടുന്നത്. അതിനെ നേരിടാനാണ് 'ഞാനാരാണ്' എന്ന ചോദ്യം ഉന്നയിക്കപ്പെടുന്നത്. ആ പ്രതിസന്ധിയിൽനിന്ന് എങ്ങനെ പുറത്തുകടക്കും? നവോത്ഥാനം വാസ്തവത്തിൽ ഇത്തരം ഒരു ചിന്തയുടെ സന്തതിയാണ്. സാമുദായികമായ കാര്യങ്ങളെക്കുറിച്ചുള്ള ചർച്ചകൾ അതോടെ ആരംഭിക്കുന്നു. ഉദാഹരണമായി, ബ്രഹ്മസമാജത്തിന്റെ തലവനായിരുന്ന ദേവേന്ദ്ര നാഥ ടാഗോറിന്റെ അച്ഛൻ മരിച്ചപ്പോൾ, 1830കളിലാണ് ഇതു സംഭവിക്കുന്നത്. ബ്രഹ്മസമാജം സ്ഥാപിച്ചു കഴിഞ്ഞ സമയമാണ്. പരിഷ്കരണത്തിന്റെ കാര്യത്തിൽ വളരെ വിവാദങ്ങൾ നടക്കുന്ന സമയവുമാണ്. വീട്ടിൽ മൃതദേഹം കൊണ്ടുവന്ന സമയത്ത്, ആചാരവിധികൾ എന്താണ് വേണ്ടതെന്ന ചോദ്യം ഉന്നയിക്കപ്പെട്ടു. ഹിന്ദുക്കളുടെ ആചാരങ്ങൾ സ്വീകരിക്കാൻ വയ്യ. പക്ഷേ, അതേ സമയത്ത് പകരംവയ്ക്കാൻ വേറെ ഒന്നും ഇല്ലതാനും. അപ്പോഴാണ് ദേവേന്ദ്ര നാഥ ടാഗോർ ബ്രഹ്മസമാജത്തിന് മരണാനന്തരക്രിയയുടെ വിധി തയ്യാറാക്കിക്കൊടുക്കുന്നത്. എങ്ങനെയാണ് ശവസംസ്കാരം വേണ്ടത് എന്ന്. പരിവർത്തനത്തിന്റെ ഭാഗമായിട്ടുള്ള ഒരു ആവശ്യം ആയിരുന്നു അത്. പുതിയ അനുഷ്ഠാനങ്ങൾ സൃഷ്ടിക്കപ്പെടുക എന്നർത്ഥം. അതോടു കൂടി ഒരു പുതിയ അവബോധത്തിനു തുടക്കമിടുന്നു.

**5.** നവോത്ഥാനത്തിന് ശേഷമുള്ള കേരളത്തെ നമുക്ക് സംസ്കാരത്തിന്റെ അടിസ്ഥാനത്തിൽ വിവിധഘട്ടങ്ങളായിട്ട് തിരിക്കാൻ കഴിയുമോ? ഉദാഹരണത്തിന് ആധുനികതയിലേയ്ക്ക് മലയാളി വളർന്നുകൊണ്ടിരിക്കുന്ന ഒരു കാലം, ആധുനികതയുടെ ആശയപരിസരത്തിലേയ്ക്ക് മലയാളി പൂർണ്ണമായി പ്രവേശിച്ച ഒരു കാലം (സ്വാതന്ത്ര്യപ്രാപ്തിയോ മറ്റോ വച്ചിട്ട്), globalization ഒക്കെ വന്നതിനു ശേഷം മറ്റൊരു കാലം (ഉത്തരാധുനിക കാലം) എന്നൊക്കെ തരംതിരിക്കാറുണ്ട്: ആധുനികപൂർവ്വഘട്ടം, ആധുനികതയുടെഘട്ടം, ഉത്തരാധുനികഘട്ടം. പഠനസൗകര്യത്തിനൊക്കെ വേണ്ടിയുള്ള അങ്ങനെ ഒരു തരംതിരിക്കൽ എത്ര മാത്രം ആശാസ്യമാണ്? അങ്ങനെ ചെയ്യാമെങ്കിൽ, മലയാളികളുടെ സംസ്കാരത്തിൽ നടപ്പാക്കാവുന്ന ഘട്ടവിഭജനം മാഷ്ടെ കാഴ്ചപ്പാടിൽ എന്തായിരിക്കും?

ആദ്യമായിട്ട് ഘട്ടവിഭജനം വളരെ തൃപ്തികരമല്ലാത്ത ഒരു പദ്ധതിയാണ്. ഇതു വളരെയേറെ ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണ്. സമൂഹത്തെ വളർച്ചയുടെ അടിസ്ഥാനത്തിൽ നോക്കിക്കാണുകയാണെങ്കിൽ, ഘട്ടങ്ങൾ വലിയ പ്രാധാന്യമില്ലാത്തതാണെന്ന് തിരിച്ചറിയാൻ കഴിയും.

ഒരു വ്യവസ്ഥയിലും അതിന്റേതു മാത്രമായ ആശയങ്ങൾ നിലനില്ക്കുന്നില്ല. ഇന്നത്തെ കേരളസമൂഹത്തിൽ അത്യാധുനികന്മാരുണ്ട്, ആധുനികന്മാരുണ്ട്, ഫ്യൂഡൽ സ്വഭാവമുള്ളവരുണ്ട്, ഈ വിവിധവിഭാഗത്തിൽപ്പെട്ടവർ തമ്മിലുള്ള സംഘർഷമാണ് വാസ്തവത്തിൽ കേരളത്തിന്റെ സ്വഭാവത്തെ അടയാളപ്പെടുത്തുന്നത്. അതിൽ ആർക്ക് മേൽക്കൈ കിട്ടുന്നുവോ അതനുസരിച്ചായിരിക്കും സ്വഭാവനിർണ്ണയം. ഇന്നത്തെ സംസ്കാരത്തെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നത് ഏറ്റവും മുകളിലുള്ള ഒരു ചെറിയ ശതമാനത്തിന്റെ സംസ്കാരമാണ്. ആ സംസ്കാരം എല്ലാവരുടെയും ഇടയിൽ വളർന്നുവരികയാണ്. ജീവിതത്തിന്റെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്തവർകൂടി മുതലാളിത്ത ഉത്പാദനസംസ്കാരത്തിന്റെ മേൽക്കോയ്മയ്ക്ക് അടിമപ്പെട്ടുകൊണ്ടിരിക്കുന്നു. ടെലിവിഷൻ വേണമെന്ന് ആഗ്രഹിക്കുന്നു. ഇത് ഏറ്റവും കൂടുതൽ ദൃശ്യമാകുന്നത് കേരളത്തിലാണ്. അതുകൊണ്ട്, ഘട്ടങ്ങൾ നോക്കേണ്ട ആവശ്യമില്ല എന്നല്ല ഞാൻ പറയുന്നത്. പക്ഷേ, സമൂഹത്തെ ഘട്ടങ്ങളായി തിരിക്കുന്നതിന്റെ പരിധി ചൂണ്ടിക്കാണിക്കുകയാണ്. സമൂഹത്തിന്റെ ഓരോ ഘട്ടത്തിലെയും ഘടനയെന്താണ് എന്നതിനോടൊപ്പം ആശയങ്ങൾ എന്താണ്, ideology എന്താണ്, എന്നതുകൂടി പരിഗണിക്കണം. ഇന്ന് വാസ്തവത്തിൽ ഏറ്റവും അധികം ചിന്തിക്കേണ്ടത് കേരളത്തിൽ ഉള്ള ആശയമേൽക്കോയ്മ എന്താണ് എന്നതാണ്.

**6.** പക്ഷേ, ഇങ്ങനെ പ്രവണതകൾ പലതും നില നിൽക്കുമ്പോഴും അവയെ പൊതുവാക്കൽ - കേവലവത്കരിക്കൽ - വേണ്ടി വരാറുണ്ട്. അങ്ങനെയാണെങ്കിൽ, മലയാളിയുടെ സംസ്കാരം, നവോത്ഥാനത്തിനു ശേഷം എങ്ങനെ പരിവർത്തനം ചെയ്തു വന്നു എന്നു നിരീക്ഷിക്കാമോ?

നവോത്ഥാനത്തിന്റെ കാര്യം രണ്ട് മറ്റു കാര്യങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്നു .

1. മലയാളിയുടെ ആധുനികവത്കരിക്കാനുള്ള പ്രവണത.
2. സാമ്പത്തികമായ മാറ്റങ്ങൾ. അതുമായി ബന്ധപ്പെട്ട സാമൂഹിക മാറ്റങ്ങളും.

അങ്ങനെ നോക്കുകയാണെങ്കിൽ ആധുനികവത്കരണത്തിന്റെ സമയത്ത് പല പുതിയ പ്രവണതകളും വരുന്നതായിക്കാണാം. ഈ പ്രവണതകളൊക്കെ തുടങ്ങിവയ്ക്കുന്നത്, ഒരു പുതിയ സ്ഥാനം നേടാൻ വേണ്ടി ശ്രമിക്കുന്ന മധ്യവർഗ്ഗത്തിന്റെ ഇച്ഛയാണ്. അതുകൊണ്ട് ഒരു പുതിയ സാംസ്കാരികപരിസ്ഥിതി സൃഷ്ടിക്കപ്പെട്ടു. ഈ സാംസ്കാരികപരിസ്ഥിതിയിൽ പല ആശയങ്ങളുമുണ്ട്. സമൂഹത്തിൽ സംഘർഷത്തിനു വഴിതുറക്കുന്നുണ്ട്. അതുകൊണ്ടാണല്ലോ, ഇവിടെ തൊള്ളായിരത്തി മുപ്പതുകളാകുമ്പോഴേയ്ക്കും കാർഷികപ്രശ്നങ്ങളും കാർഷികസമരങ്ങളും തൊഴിലാളിസമരങ്ങളും ഉയർന്നുവരുന്നത്. അതിനൊക്കെ legitimacy കിട്ടുകയും ചെയ്തു. അത് സംസ്കാരത്തിന്റെ ഭാഗമായിട്ട് മാറുന്നു. സാംസ്കാരികപരിപ്രേക്ഷ്യത്തിൽ ഉണ്ടായിട്ടുള്ള ഒരു വലിയ മാറ്റം അതാണ്. അതിന്റെ ഫലമായാണ്, ഒരതിർത്തിവരെ നമ്മൾ feudal സമൂഹത്തിൽനിന്നു മുക്തിനേടിയത്.

സമകാലീനകേരളത്തിൽ ഒരുപാട് സംഘർഷങ്ങൾ നടക്കുന്നുണ്ട് എന്നാണ് എനിക്കു തോന്നുന്നത്. സാംസ്കാരികമായ സംഘർഷം. ഇവിടെ ഞാൻ സംസ്കാരം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ജീവിതരീതി എന്നു തന്നെയാണ്. അതിൽ മാറ്റം വരുന്നുണ്ട്. അതിൽ ഒരു പൊള്ളത്തരവും ഉണ്ട്. നേരിടുന്ന യാഥാർത്ഥ്യങ്ങളെ മുഴുവൻ സ്വാംശീകരിക്കാൻ സാധിക്കാതെ വരുമ്പോഴുള്ള പൊരുത്തക്കേടുകൾ ഉണ്ടല്ലോ, അതു വളരെ പ്രധാനപ്പെട്ടതായി വരുന്നു.

**7.** എന്താണ് സംസ്കാരം? അത്, പ്രത്യയശാസ്ത്രംതന്നെയാണെന്ന് മാഷ് എനിക്കുതന്നെ കഴിഞ്ഞ കേരളപ്പിറവിയോടനുബന്ധിച്ച് അനുവദിച്ച അഭിമുഖത്തിൽ നിരീക്ഷിച്ചിരുന്നു. അങ്ങനെയാണെങ്കിൽ അതിനെ എങ്ങനെ വിശദീകരിക്കും?

ജീവിതം ഒരർത്ഥത്തിൽ ഒരു വ്യക്തിക്ക് അവനവന്റെ സ്വയം തിരിച്ചറിവിനുള്ള അവസരമാണ് നൽകുന്നത്. ആ തിരിച്ചറിവിലൂടെ മുന്നോട്ടുപോകുന്നതാണ് ഒരു വ്യക്തിയുടെ സ്വത്വം. ഈ തിരിച്ചറിവ് എങ്ങനെയാണ് വളർന്നുവരുന്നത് എന്നതാണ് സംസ്കാരം. ഈ അർത്ഥത്തിൽ, കേരളസമൂഹം ശക്തമായ ഒരു പ്രത്യയശാസ്ത്രപരിതസ്ഥിതി നേരിടുന്നു. ഇത് വാസ്തവത്തിൽ പ്രത്യയശാസ്ത്രത്തിന് കൂടുതൽ ശക്തി സിദ്ധിച്ച കാലമാണ്. എല്ലാ കാലങ്ങളിലും പ്രത്യയശാസ്ത്രം സമൂഹത്തിൽ സജീവമാണ്. പക്ഷേ, ഇന്ന് കേരളത്തിൽ, ഇന്ത്യയിൽത്തന്നെ, അത് ശക്തമായി നമ്മുടെ ജീവിതത്തെ സ്വാധീനിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ കാഴ്ചപ്പാടിൽ, അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരംശം കമ്പോളമാണ്. ഇന്ന് കമ്പോളം നമ്മുടെ സാംസ്കാരികജീവിതം എന്താകണമെന്ന് തീരുമാനിക്കുന്നു. സിനിമ കാണുകയാണെങ്കിലും പച്ചക്കറി വാങ്ങുകയാണെങ്കിലും അവിടെ മൂലധനത്തിന്റെ സ്വാധീനമുണ്ട്. കമ്പോളം സ്വതന്ത്രമാണെന്നു വിശ്വസിക്കുന്നുവെങ്കിൽക്കൂടി അവിടെ നമുക്കു സ്വാതന്ത്ര്യമില്ല. ഞാൻ എന്തുവാങ്ങണമെന്നു നിശ്ചയിക്കുന്നത് ഒരു അദൃശ്യശക്തിയാണ്. ഞാനെന്തു കഴിക്കണമെന്നു തീരുമാനിക്കുന്നത് അവരാണ്. പ്രത്യയശാസ്ത്രത്തിന്റെ ഒരു അതിപ്രസരമുള്ള കാലഘട്ടമാണിത്. സംസ്കാരം, പ്രത്യയശാസ്ത്രത്തിന്റെ സ്വാധീനം വളരെയധികമുള്ള മേഖലയാണ്. അതുകൊണ്ട് സംസ്കാരത്തെപ്പറ്റി പഠിക്കാതെ, സാംസ്കാരികപ്രശ്നങ്ങളെപ്പറ്റി മനസ്സിലാക്കാതെ, വാസ്തവത്തിൽ ഇന്നു സമൂഹത്തെ മനസ്സിലാക്കാൻ സാധിക്കുകയില്ല. അത് ഒരു ദേശീയമായ പ്രശ്നമല്ല, അന്തർദ്ദേശീയമായ പ്രശ്നമാണ്.

**8.** പ്രത്യയശാസ്ത്രത്തെ നമ്മൾ ഒരു ഭരണകൂട ഉപകരണം എന്ന നിലയ്ക്ക് കാണുന്നുണ്ട്. സംസ്കാരം ഒരു പ്രത്യയശാസ്ത്രപരമായ ഭരണകൂട ഉപകരണമാണ്. പക്ഷേ, ചരിത്രപരമായ ഭൗതികവാദപ്രകാരം ഭരണകൂടം ഉണ്ടാകുന്നതിനു മുമ്പുള്ള അവസ്ഥയിൽപ്പോലും ചെറിയ നിലയ്ക്കെങ്കിലും പ്രത്യയശാസ്ത്രത്തിന്റെ സാന്നിദ്ധ്യം ഉണ്ടാകില്ലേ? ആ കാലത്തെ പ്രത്യയശാസ്ത്രമോ?

സംസ്കാരത്തിന്റെ പ്രത്യയശാസ്ത്രസ്വഭാവം മനുഷ്യബന്ധങ്ങൾ ആരംഭിച്ചതുമുതലുള്ള ഒന്നാണ്. വ്യക്തികൾ തമ്മിലുള്ള ബന്ധത്തിൽ വരെ പ്രത്യയശാസ്ത്രപ്രശ്നമുണ്ട്. പ്രത്യയശാസ്ത്രസ്വാധീനമുണ്ട്. അങ്ങനെ നോക്കുമ്പോൾ, ആദ്യകാലം മുതൽ ഇന്നുവരെയുള്ള സാമൂഹികമാറ്റത്തിൽ പ്രത്യയശാസ്ത്രം വളരെ പ്രധാനപ്പെട്ട ഒരു പങ്കാണ് വഹിച്ചിട്ടുള്ളത്. ഇന്ന് നമ്മൾ നമ്മുടെ സമൂഹത്തിൽ കാണുന്നത് സംസ്കാരം സമൂഹത്തിലെ പ്രത്യയശാസ്ത്രത്തെ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നതാണ്. ഇതിന്റെ ഒരു പ്രധാനവശം സംസ്കാരം ഒരു ചെറുത്തുനില്പിന്റെ കൂടി ഭാഗമാണ് എന്നുള്ളതാണ്. ചെറുത്തുനില്പിന്റെ ഭാഗമായിട്ട് കാണുക എന്നു പറയുമ്പോൾ, സംസ്കാരം പ്രതിരോധവുമാണ് ആധീശത്വവുമാണ് എന്നു മറന്നുകൂടാ. രണ്ടുമുണ്ട്. ഈ രണ്ടിനെയും കണക്കിലെടുക്കാതെ പ്രത്യയശാസ്ത്രത്തെ സങ്കല്പിക്കാൻ വയ്യ. പ്രത്യയശാസ്ത്രത്തെ അധികാരത്തിന്റെ ഭാഗമായിക്കാണണം. എവിടെയൊക്കെ അധികാരമുണ്ടോ അവിടെയൊക്കെ പ്രത്യയശാസ്ത്രം ഉണ്ട്. ഏതുവിധത്തിലുള്ള അധികാരമായാലും ശരി. രാഷ്ട്രീയത്തിൽ നോക്കിയാൽ ഭരണകൂടത്തിന് ഒരു പ്രത്യയശാസ്ത്രസാന്നിദ്ധ്യം ഉണ്ട്. ഭരണകൂടത്തെ സ്വീകരിക്കുമ്പോൾ മാത്രമാണ്, അല്ലെങ്കിൽ ഭരണകൂടം പ്രതിനിധാനം ചെയ്യുന്ന കാര്യങ്ങളെ സ്വീകരിക്കുമ്പോൾ മാത്രമാണ്, ഒരു സാമ്രാജ്യം നിലനില്ക്കുന്നത്. സാമ്രാജ്യത്വത്തിന്റെ ചരിത്രംതന്നെ നോക്കിയാൽ, ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ, അതിന്റെ നിലനില്പ് അതു പ്രതിനിധാനം ചെയ്ത 'പുരോഗതി'യുമായി ബന്ധപ്പെട്ടുകൊണ്ടാണ്. പതിനേഴാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും പതിനെട്ടാം നൂറ്റാണ്ടിലും ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ ആദർശവത്കരിക്കുകയാണ് ഇന്ത്യക്കാർ ചെയ്തത്. സെയിദ് അഹമ്മദ്ഖാന്റെ ഇംഗ്ലണ്ടിലേയ്ക്കുള്ള യാത്രയുടെ വിവരണം ഉദാഹരണം മാത്രം. സാമ്രാജ്യത്വത്തിന്റെ 'ആധുനികവികസനസ്വഭാവം' മൂലം പാശ്ചാത്യരെ അനുകരിക്കാനുള്ള ഇച്ഛ സൃഷ്ടിക്കപ്പെടുന്നു. അധികാരമുള്ള എല്ലായിടങ്ങളിലും പ്രത്യയശാസ്ത്രം പ്രത്യക്ഷപ്പെടുന്നത് സ്വാഭാവികമാണ്. അധികാരം നിലനിർത്താനുള്ള ഉപകരണമാണത്. ഇന്ന് നമ്മൾ സ്വയം ആധുനികവ്യവസ്ഥയുടെ മുതലാളിത്തസംസ്കാരത്തെ സ്വീകരിക്കുകയാണ്. മുതലാളിത്ത ആധുനികത സമൂഹത്തിൽ മേൽക്കോയ്മ നേടിയിരിക്കുന്നു എന്നതു തന്നെ കാരണം.

**9.** റെയ്മണ്ട് വില്യംസ്, ചരിത്രപരമായ ഭൗതികവാദം ഉപയോഗിച്ച് സംസ്കാരത്തെ പഠിക്കുന്ന ശാഖയെ സാംസ്കാരികമായ ഭൗതികവാദം എന്നാണ് വിളിച്ചത്. അതേ രീതിയിൽ, ചരിത്രപരമായ ഭൗതികവാദം ഉപയോഗിച്ച് പ്രത്യയശാസ്ത്രത്തെ പഠിക്കുന്ന ശാഖയെ പ്രത്യയശാസ്ത്രപരമായ ഭൗതികവാദം എന്ന് വിളിക്കാമോ?

ഞാൻ വളരെ ചിന്തിച്ചിട്ടുള്ള ഒരു കാര്യമാണിത്. പ്രത്യയശാസ്ത്രം എനിക്ക് പ്രത്യേകതാൽപര്യമുള്ള വിഷയമാണ്. സംസ്കാരത്തെപ്പറ്റി എഴുതിയിട്ടുമുണ്ട്. എന്റെ അടുത്തിറങ്ങിയ ഒരു പുസ്തകത്തിന്റെ പേരു വരെ 'സാംസ്കാരികഭൗതികം' എന്നാണ്. പ്രത്യയശാസ്ത്രത്തിന് ഭൗതികപ്രക്രിയയുമായി ബന്ധമുള്ളതുകൊണ്ട്, ഇത്, സ്വീകരിക്കാവുന്നതാണ്. (29-09-2014)

**അനുബന്ധം 2**

**മലയാളത്തിലെ ആദ്യകാല സാഹിത്യ ആനുകാലികങ്ങൾ**

**പത്തൊമ്പതാം നൂറ്റാണ്ട്**

1. *വിദ്യാവിലാസിനി*
2. *വിദ്യാവിനോദിനി*
3. *ജനരഞ്ജിനി*
4. *കവനോദയം*
5. *ഭാഷാപോഷിണി*

**ഇരുപതാം നൂറ്റാണ്ട്**

6. *രസികരഞ്ജിനി*
7. *കവനകൗമുദി*
8. *മംഗളോദയം*
9. *ഭാരതി*
10. *സരസ്വതി*
11. *രസികരത്നം*
12. *സഹൃദയം*
13. *വിജ്ഞാനരത്നാകരം*
14. *പ്രതിഭ*
15. *സാഹിത്യവിനോദിനി*
16. *കേരളവ്യാസൻ*
17. *കേരളപാണിനി*
18. *കവിതാവിലാസിനി*
19. *സാഹിത്യചിന്താമണി*
20. *രാമാനുജൻ*
21. *രാജരാജൻ*
22. *ആത്മപോഷിണി*
23. *ചക്രവാളം*
24. *വഞ്ചിരാജ്യം*
25. *ഉദയം*
26. *നായർ*
27. *ജനശക്തി*
28. *യുവകേരളം*
29. *കൈരളി*
30. *നവയുഗം*
31. *സാഹിത്യകാഹളം*
32. *കേരളക്ഷേമം*
33. *കേരളോദയം*
34. *രാജർഷി*
35. *വസുമതി*
36. *ചിത്രഭാനു*
37. *നവോദയം*
38. *സാഹിത്യപരിഷത്ത്*

(ഉറവിടം: ജയരാജ്, എം. *മലയാള അച്ചടിമാധ്യമം ഭൂതവും വർത്തമാനവും*. കോഴിക്കോട്: മാതൃഭൂമി 2013 89-97)

# അനുബന്ധം 3.1



മാതൃഭൂമി ആഴ്ചപ്പതിപ്പ് — 11 — 1932 ഫിബ്രവരി 15

വർത്തമാനച്ചുരുക്കം.

ഭാരതം

ബോംബേയിൽ നിന്നും പുറപ്പെടുന്ന "ഫ്രീപ്രസ്ജർണ്ണലി"ന്റെ അധിപരായ മിസിസ് എസ്. സദാനന്ദനോടും പ്രിൻററായ മിസ്റ്റർ കെ. ശ്രീനിവാസനോടും ...

... കാശി ററിഞ്ഞു സർവ്വകലാശാലക്കാർ മഹാകവി ടാഗോർ, സർ പി. സി. റായി, സർ സി. വി. രാമൻ സർ ജെ. സി. ബോസ് എന്നിവർക്ക് ഡോക്ടർ എന്ന സ്ഥാനം നൽകുവാൻ നിശ്ചയിച്ചിരിക്കുന്നു.

* * *

... എന്നാൽ ഈ അഭിപ്രായം ഇപ്പോൾ നടപ്പിൽ വരുവാൻ ഇടയില്ലെന്നാണ് കാണുന്നത്. ഡൽഹിയിൽ വേനൽക്കാലത്തേക്ക വലുതായ പല ഏർപ്പാടുകളുംചെയ്തതിനു ശേഷമേ 'സിംലാ'പ്രയാണം വേണ്ടെന്നു വെക്കുവാൻ നിവൃത്തിയുള്ളുവത്രെ.

* * *

ബംഗാളിൽ പ്രക്ഷോഭജനകമായ സംഭവം ഇതാ ഒന്നുംകൂടിയുണ്ടായിരിക്കുന്നു. ബംഗാൾ ഗവർണ്ണറായ സർ സ്റ്റെൻലി ജാക്സനെ സർവ്വകലാശാലാ ബിരുദധാരിണിയായ ഒരു യുവതിയാണെന്നു പറയപ്പെടുന്നു, വെടിവെച്ചു കൊല്ലുവാൻ ശ്രമിക്കുകയുണ്ടായി. ഗവർണ്ണർ കൽക്കത്തയിലെ സർവ്വകലാശാലാ ഹാളിൽ വെച്ചു ബിരുദദാനപ്രസംഗം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ബിരുദദാനാർഹരുടെ ഇടയിലിരുന്നിരുന്ന ഒരു യുവതി പെട്ടെന്നു ബെഞ്ചിന്നുള്ളിൽനിന്നു ഒരു റിവാൾവർ എടുത്തു ഗവർണ്ണരുടെ നേരെ വെടിവെച്ചു. തുടരെത്തുടരെ അഞ്ചാറ് വെടികൾ പൊട്ടി. ഗവർണ്ണർ പെട്ടെന്നു മാറിനിന്നതിനാൽ അപകടമൊന്നും പററിയില്ല. വൈസ് ചാൻസലരും മററു ചിലരും ഈ യുവതിയുടെ സമീപത്തേക്കു കുതിച്ചു അവരെ ബന്ധനത്തിലാക്കി. വീണാദാസ് എന്നുപേരായ ഈ യുവതി ബി. എ. പാസ്സായിട്ടുണ്ട്. ഇവർ ചിററഗോങ്ങ് സ്വദേശിയാണ്. ഈ യുവതിയുടെ മൂത്ത സഹോദരി ഇപ്പോൾ സിവിൽനിയമലംഘനപ്രസ്ഥാനം സംബന്ധിച്ചു ജയിൽവാസമനുഭവിക്കുകയാണ്.

* * *

**ഫോട്ടോ 1:** ബീനാ ദാസ് *മാതൃഭൂമി*യിൽ (15 ഫെബ്രുവരി 1932 പേജ് 11)

# അനുബന്ധം 3.2



# അരാജകത്വം

ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തിൽ 1975 പ്രധാനപ്പെട്ട ഒരു നാഴികക്കല്ലാണെന്ന് പറയുന്നതും ഇതുകൊണ്ടാണ്. ജനാധിപത്യം ധ്വംസിക്കപ്പെട്ട എന്ന പ്രയോഗികം കുറ്റം ചുമത്തുമ്പോഴും ജനാധിപത്യത്തിൽ ഉറച്ച വിശ്വാസമാണെന്നാണ് ഭരണത്തിലിരിക്കുന്നവർ പറയുന്നത്.

'75–ൽ ആദ്യത്തെ മൂന്നുനാലു മാസക്കാലം ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന ... നിഷ്പക്ഷമായി വീക്ഷിച്ചിരുന്ന ഒരാരം നാട് അരാജകത്വത്തിലേക്കും അഴിമതിയിലേക്കുമാണോ നീങ്ങുന്നതെന്ന സംശയിച്ചിരുന്നുവെങ്കിൽ അത്ഭുതപ്പെടാനവകാശമില്ല. അന്നത്തെ റെയിൽവേ മന്ത്രിയായിരുന്ന ലളിത് നാരായണൻ മിശ്രയുടെ വധത്തിനു വഴിവെച്ച സമസ്തിപൂർ ബോമ്പ് സ്ഫോടനം ഉണ്ടായതു പുതുവർഷപ്പുലരിയുടെ രണ്ടാം പക്കമായിരുന്നല്ലോ. ദൽഹിയിൽ ഇന്ത്യയിലെ ചീഫ് ജസ്റ്റിസ് എ. എൻ. റേയുടെ നേരെ ബോംബാക്രമണം നടന്നത് അധികം ദിവസം കഴിയുന്നതിനു മുമ്പായിരുന്നു. ബീഹാറിൽ നടന്നുവന്ന പ്രക്ഷോഭം അതിവേഗത്തിൽ അക്രമാസക്തമായി തിരിയുന്നതായി സൂചനകൾ ഉണ്ടായിരുന്നു. നമ്മുടെ നിയമനിർമ്മാണസഭാ വേദിയിൽ നടന്നിരുന്നതു് അവയിൽനിന്നു സാധാരണ പ്രതീക്ഷിക്കുന്ന നടപടികൾ ഒന്നുമായിരുന്നില്ല.

എന്നാൽ ജൂൺ 26–ാംനു-യോടെ സ്ഥിതിഗതികൾ അപ്പാടെ മാറി. ...

### അടിയന്തരാവസ്ഥ അച്ചടക്കത്തിന്

...

'കാശ്മീർ സിംഹം' തിരിച്ചു വരുന്നു. ഫെബ്രുവരിയിൽ കാശ്മീർ മുഖ്യമന്ത്രിസ്ഥാനമേറ്റെടുത്ത ഷേക്ക് അബ്ദുള്ള

**സ്വാതന്ത്ര്യത്തിനു ശേഷമുള്ള ഇന്ത്യയുടെ ചരിത്രത്തിൽ പല തുകൊണ്ടും അവിസ്മരണീയമായ നിരവധി സംഭവങ്ങൾ രേഖപ്പെടുത്തിയ 1975--ലേയ്ക്കു ഒരു തിരിഞ്ഞുനോട്ടം**

**ശ്രീകുമാർ**


### തിരഞ്ഞെടുപ്പ് വിധി

...

# അകലെ

**ഫോട്ടോ 2:** അടിയന്തരാവസ്ഥ *മാതൃഭൂമി*യിൽ (25 ജനുവരി 1976 പേജ് 39)

# അനുബന്ധം 3.3




ഒരു സുപ്രധാന അറിയിപ്പ്

ഈ പുതിയ പരിതസ്ഥിതിയിൽ ധർമ്മപുരാണത്തിന്റെ പ്രസിദ്ധീകരണം അനിശ്ചിതകാലത്തേക്കു് മാററിവെക്കേണ്ടി വന്നിരിക്കുന്നു. വായനക്കാർ ഞങ്ങളോടു് ക്ഷമിക്കാനപേക്ഷ.

—പത്രാധിപസമിതി.

**ഫോട്ടോ 3:** അടിയന്തരാവസ്ഥ *മലയാളനാ*ട്ടിൽ (13 ജൂലൈ 1975 പേജ് 2)

## അനുബന്ധം 3.4



വിജയൻ

ഡെൽഹി
[illegible]/6/75

പ്രിയപ്പെട്ട എസ്.കെ.

ചരിത്രം നമ്മെ കടത്തിവെട്ടിയല്ലോ! ധർമ്മപുരാണത്തിന്റെ പ്രസിദ്ധീകരണം നീട്ടിവെയ്ക്കുകയല്ലാതെ വേറെ വഴിയുണ്ടോ? ഞാൻ മൂന്നാം തിയതി മദിരാശിക്ക് പോകുന്നു. മറുപടി (ഒന്നാം തിയതിക്ക് ശേഷം) c/o Hindu അയയ്ക്കുക.

സ്നേഹം വഴിയെ

നിന്റെ
സ്വന്തം
വിജയൻ

**ഫോട്ടോ 4:** അടിയന്തരാവസ്ഥ *മലയാളനാട്ടിൽ* (13 ജൂലൈ 1975 പേജ് 3)

# അനുബന്ധം 3.5




**ഫോട്ടോ 5:** *ചെമ്മീൻ* പിറവി *മാതൃഭൂമി*യിൽ 14 സെപ്റ്റംബർ (1966 പേജ് 35)

## അനുബന്ധം 3.6




**ഫോട്ടോ 6:** *ചെമ്മീൻ* 50 *മാതൃഭൂമി*യിൽ (19 ഏപ്രിൽ 2015 മുഖചിത്രം)